# കെ. ദാമോദരൻ
# സമ്പൂർണ്ണകൃതികൾ
## വാല്യം എട്ട്

Glorious Years
60
1952-2012
PRABHATH BOOK HOUSE

*(Malayalam)*
**K. DAMODARAN SAMBOORNAKRITHIKAL VOL - 8**

*By* **K. DAMODARAN**

*First Edition : October 2011*
*Type Setting :* Swabin Computers, Statue, Thiruvananthapuram

*Printing :* Swabin Offset, Thiruvananthapuram-1

*Cover :* Udayakumar

Rights Reserved.

*Publishers :*
**Prabhatham Printing & Publishing Co. (P) Ltd.**
Thiruvananthapuram - 695 035, Kerala, India.
Email-prabhathbooks@gmail.com, prabhathbooks@yahoo.com

*Sales Department:*
**PRABHATH BOOK HOUSE**
Thiruvananthapuram, Kollam, Alappuzha,
Eranakulam, Thrissur, Palakkad, Kozhikode, Kannur.

PBH - SL -

**₹ 250/-**

ISBN - 81- 7705- 188-1

# കെ. ദാമോദരൻ
# സമ്പൂർണ്ണകൃതികൾ
## വാല്യം എട്ട്

**കെ. ദാമോദരൻ**

**പ്രഭാത് ബുക്ക് ഹൗസ്**
തിരുവനന്തപുരം
**വില: ₹ 250.00**

## എഡിറ്റോറിയൽ കമ്മിറ്റി

ആന്റണി തോമസ്
സി.എൻ. ജയദേവൻ
എം.പി. അച്യുതൻ
ഐ.വി. ശശാങ്കൻ
ഡോ. വള്ളിക്കാവ് മോഹൻദാസ്

## പ്രസാധകക്കുറിപ്പ്

കെ. ദാമോദരൻ സമ്പൂർണ്ണകൃതികളുടെ ഏട്ടാം വാല്യമാണ് ഇത്. കേരള ചരിത്രമാണ് ഈ വാല്യത്തിന്റെ പ്രതിപാദ്യവിഷയം. ചരിത്രം അദ്ദേഹത്തിന് വളരെ താല്പര്യമുള്ള വിഷയമായിരുന്നു, പ്രത്യേകിച്ച് കേരളചരിത്രം.

ചരിത്രാധിഷ്ഠിതമായ ഭൗതികവാദം അടിസ്ഥാന സമീപനമായി സ്വീകരിച്ച് കേരള ചരിത്ര ഗവേഷണം ബോധപൂർവ്വം നടത്തിയിട്ടുള്ള ചുരുക്കം ചരിത്രകാരന്മാരിലൊരാളായിരുന്നു ദാമോദരൻ. 1969 ൽ കേരള ചരിത്ര പാഠ്യ പദ്ധതി തയ്യാറാക്കുവാൻ വേണ്ടി ചരിത്ര പഠനബോർഡ് തുനിഞ്ഞപ്പോൾ ദാമോദരന്റെ കേരള ചരിത്രം എന്ന ഗ്രന്ഥം അവർക്ക് വഴികാട്ടിയായിരുന്നു. കൃസ്തുവർഷാരംഭം വരെയുള്ള കേരള ചരിത്രമാണ് ഇതിൽ അദ്ദേഹം പ്രതിപാദിച്ചിട്ടുള്ളത്.

സമഗ്രമായ ഒരു കേരള ചരിത്രം രചിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. പല ചരിത്ര പണ്ഡിതന്മാരുമായും ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ മരിക്കുന്നതിനുമുമ്പ് തന്റെ ആഗ്രഹം നിറവേറ്റാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. തന്റെ ചരിത്രഗ്രന്ഥത്തിന്റെ പരിമിതികളെക്കുറിച്ച് ദാമോദരൻ തികച്ചും ബോധവാനായിരുന്നു. എന്നാൽ, കേരളചരിത്രത്തെ മാർക്സിസ്റ്റ് വീക്ഷണത്തിൽ പരിശോധിക്കാനുള്ള പ്രഥമശ്രമം ദാമോദരന് അവകാശപ്പെട്ടതുതന്നെയാണ്.ഈ പുസ്തകത്തിന്റെ ഒന്നാംഭാഗത്തുനിന്നും നമ്മൾക്ക് അത് മനസ്സിലാകും.

രണ്ടാം ഭാഗം കേരളത്തിലെ ഭരണയന്ത്രങ്ങളെക്കുറിച്ചുള്ള ചരിത്രപരമായ അവലോകനമാണ്. ഗോത്രവ്യവസ്ഥ ഛിന്നഭിന്നമായി പട്ടണങ്ങൾ ആവിർഭവിക്കുകയും വ്യാപാരത്തിനെത്തിയ വിദേശ ശക്തികൾ ക്രമേണ തങ്ങളുടെ രാഷ്ട്രീയാധിപത്യം സ്ഥാപിക്കുകയും ചെയ്തതു വരെയുള്ള ചരിത്രം ഈ ഭാഗത്ത് ചുരുക്കത്തിൽ വിവരിക്കുന്നു.

മൂന്നാം ഭാഗത്ത് മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്ന മലബാറും വ്യത്യസ്തനാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂറും കൊച്ചിയും കൂടിച്ചേർന്ന കേരള സംസ്ഥാനത്തിന്റെ ചരിത്രം സംക്ഷിപ്തമായി രചിച്ചിരിക്കുന്നത് വളരെയേറെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ്. ദാമോദരൻ ഇക്കാര്യത്തിൽ തികച്ചും ബോധവാനായിരുന്നു.

**പ്രസാധകർ**

# കെ. ദാമോദരൻ

രാഷ്ട്രീയ-സാമൂഹിക-സാംസ്ക്കാരിക-സാഹിത്യരംഗങ്ങളിൽ നിറഞ്ഞുനിന്ന പ്രതിഭാധനനായ കമ്മ്യൂണിസ്റ്റ് നേതാവാണ് കെ. ദാമോദരൻ. സ്വാതന്ത്ര്യസമരത്തിലും കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിലും അദ്ദേഹം നിസ്തുലമായ പങ്കുവഹിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാക്കന്മാരിലൊരാളാണ് ദാമോദരൻ.

തിരൂരിലെ പ്രശസ്തമായ കീഴേടത്തു തറവാട്ടിൽ 1912 ഫെബ്രുവരി 25 നാണ് ദാമോദരൻ ജനിച്ചത്. അച്ഛൻ തുപ്രൻ നമ്പൂതിരിപ്പാട്. അമ്മ നാരായണിക്കുട്ടി. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായ ദാമോദരൻ 1931-ൽ നിയമലംഘന സമരത്തിൽ പങ്കെടുത്തു. കോഴിക്കോട് കടപ്പുറത്ത് ഉപ്പുനിയമം ലംഘിച്ചതിന് അറസ്റ്റുചെയ്യപ്പെട്ട അദ്ദേഹത്തെ 23 മാസത്തെ ജയിൽശിക്ഷക്ക് വിധിച്ചു. കോഴിക്കോട് സാമൂതിരി കോളേജ് വിദ്യാർത്ഥിയായിരുന്നു ദാമോദരൻ. ജയിലിൽ നിന്നും തിരിച്ച് എത്തിയപ്പോൾ കോളേജിൽ തുടർന്നു പഠിക്കാൻ അധികൃതർ അനുമതി നിഷേധിച്ചു. തുടർന്ന് അദ്ദേഹം കാശിവിദ്യാപീഠത്തിൽ ചേർന്നു. കോയമ്പത്തൂർ ജയിലിലെയും കാശിവിദ്യാപീഠത്തിലെയും ജീവിതം ഒരു വഴിത്തിരിവായിരുന്നു. ജയിലിലെ സഹതടവുകാരിൽ പലരും കമ്മ്യൂണിസ്റ്റുകാരായിരുന്നു. മാർക്സിസത്തെക്കുറിച്ചുള്ള ചില ഗ്രന്ഥങ്ങൾ പഠിക്കാൻ ജയിലിൽ അദ്ദേഹത്തിന് അവസരം ലഭിച്ചു. കാശിവിദ്യാപീഠത്തിലെ ഗ്രന്ഥാലയത്തിലും മാർക്സിസവുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങളുണ്ടായിരുന്നു. വിഖ്യാതസാഹിത്യകാരനായ പ്രേംചന്ദ് ഉൾപ്പെടെ നിരവധി പുരോഗമന ആശയക്കാരുമായി അവിടെവെച്ച് അദ്ദേഹം ബന്ധപ്പെട്ടു. നാടിന്റെയും ജനങ്ങളുടെയും വിമോചനം ഗാന്ധിയൻ ആശയങ്ങളിലൂടെയാണെന്ന ദാമോദരന്റെ ധാര

ണയിൽ മാറ്റം വരാൻ തുടങ്ങി. കോൺഗ്രസ്സിലെ ഇടതുപക്ഷവുമായും കമ്യൂണിസ്റ്റുകാരുമായും അദ്ദേഹം കൂടുതൽ അടുത്തു. മാർക്സിസം ലെനിനിസമാണ് ശരിയായ വിമോചനമാർഗ്ഗമെന്ന് തിരിച്ചറിഞ്ഞ ദാമോദരൻ നാട്ടിൽ തിരിച്ചെത്തി, തൊഴിലാളികളെ സംഘടിപ്പിക്കുകയും ഇടതുപക്ഷ ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളിൽ മുഴുകി. ഫറൂക്കിൽ ഓട്ടുകമ്പനി തൊഴിലാളികൾ നടത്തിയ പണിമുടക്കിന്റെ പ്രചാരണപ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുത്തു.

1938-ൽ പൊന്നാനിയിലെ ബീഡിത്തൊഴിലാളി സമരത്തിന്റെ നായകൻ കെ. ദാമോദരനായിരുന്നു. ദാമോദരനെ അറസ്റ്റു ചെയ്യാൻ എത്തിയ പോലീസിനെ തടയാൻ ആയിരക്കണക്കിനാളുകളാണ് മുന്നോട്ടുവന്നത്. ദാമോദരനെ പോലീസ് മർദ്ദിച്ചു എന്ന വാർത്ത കേട്ട് ക്ഷുഭിതരായ ജനക്കൂട്ടത്തെ ശാന്തരാക്കാൻ അവസാനം പോലീസിന് അദ്ദേഹത്തിന്റെ തന്നെ സഹായം തേടേണ്ടിവന്നു.

തിരുവിതാംകൂറിലെ ഉത്തരവാദഭരണപ്രക്ഷോഭത്തിലും ആലപ്പുഴയിലെ തൊഴിലാളി സമരങ്ങളിലും ദാമോദരൻ നേതൃത്വപരമായ പങ്കു വഹിച്ചു. 1938 ആഗസ്റ്റിൽ തിരുവനന്തപുരത്തു തമ്പാനൂരിൽ യൂത്ത് ലീഗിന്റെ പൊതുയോഗത്തിൽ പ്രസംഗിച്ചതിന് ദാമോദരനെ അറസ്റ്റു ചെയ്ത പോലീസ് അദ്ദേഹത്തെ ലോക്കപ്പിലിട്ട് ക്രൂരമായി മർദ്ദിച്ചു. 1938 -ലെ ചരിത്രപ്രസിദ്ധമായ ആലപ്പുഴ തൊഴിലാളി പണിമുടക്കിനു തീരുമാനമെടുത്ത യോഗത്തിൽ അധ്യക്ഷം വഹിച്ചത് ദാമോദരനായിരുന്നു.

കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിൽ പ്രവർത്തിക്കുമ്പോൾ തന്നെ ദാമോദരൻ കമ്മ്യൂണിസ്റ്റ് ആശയങ്ങളിൽ ആകൃഷ്ടനാവുകയും കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ മുഴുകുകയും ചെയ്തു. 1937-ൽ എസ്സ്.വി. ഘാട്ടെ കോഴിക്കോട്ടുവന്നപ്പോൾ അദ്ദേഹവുമായി ബന്ധപ്പെട്ടവരിൽ ഒരാൾ ദാമോദരനായിരുന്നു. പി. കൃഷ്ണപിള്ള, ഇ.എം.എസ്., എൻ.സി. ശേഖർ, ദാമോദരൻ എന്നിവർ ഒന്നിച്ചുകൂടി ചർച്ചകൾ നടത്തി. തുടർന്നാണ് 1939-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള ഘടകത്തിന്റെ രൂപീകരണ സമ്മേളനം പിണറായിയിൽ ചേർന്നത്.

കെ.പി.സി.സി. സെക്രട്ടറി, എ.ഐ.സി.സി. അംഗം, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മലബാർ കമ്മിറ്റി സെക്രട്ടറി, പാർട്ടി സ്റ്റേറ്റ് എക്സിക്യൂട്ടീവ് അംഗം, ദേശീയ എക്സിക്യൂട്ടീവ് അംഗം തുടങ്ങിയ നിലകളിലെല്ലാം ദാമോദരൻ പ്രവർത്തിച്ചു.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതിന് ഏഴുവർഷക്കാലം ദാമോദരൻ ജയിലിൽ കഴിഞ്ഞു.

മാർക്സിസം ലെനിനിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ ഏറ്റവും ലളിതമായി അവതരിപ്പിക്കാൻ അസാധാരണമായ പാടവമുണ്ടായിരുന്ന നേതാവായിരുന്നു ദാമോദരൻ. അദ്ദേഹം രചിച്ച എണ്ണമറ്റ ലേഖനങ്ങളും ലഘുലേഖകളും പുസ്തകങ്ങളും 1930-കളുടെ മദ്ധ്യം മുതൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് ആശയപ്രചാരണത്തിൽ നിർണ്ണായക പങ്ക് വഹിച്ചു.

ഇന്ത്യയുടെ ആത്മാവ്, ഭാരതീയ ചിന്ത, കേരള ചരിത്രം, മനുഷ്യൻ തുടങ്ങിയ ഗ്രന്ഥങ്ങൾ ഭാരതീയ തത്വചിന്തയിലും ചരിത്രത്തിലുമുള്ള ദാമോദരന്റെ അഗാധപാണ്ഡിത്യത്തിന്റേയും ശാസ്ത്രീയ അപഗ്രഥനപാടവത്തിന്റെയും തെളിവുകളാണ്.

സർഗാത്മകസാഹിത്യത്തിലും ദാമോദരന്റെ സംഭാവനകൾ വിലപ്പെട്ടതാണ്. നാടകം, കവിത, ചെറുകഥ എന്നിവയെല്ലാം ദാമോദരൻ രചിച്ചു. മലയാളനാടകചരിത്രത്തിലെ നാഴികക്കല്ലായ 'പാട്ടബാക്കി'യുടെ രചയിതാവ് ദാമോദരനാണ്.

ഒന്നാംതരം പത്രപ്രവർത്തകൻ കൂടിയായിരുന്നു ദാമോദരൻ. 1934-ൽ ഷൊർണ്ണൂരിൽനിന്നും പ്രസിദ്ധീകരണം തുടങ്ങിയ 'പ്രഭാത' ത്തിന്റെ പത്രാധിപസമിതിയിൽ ദാമോദരൻ അംഗമായിരുന്നു. 'കമ്മ്യൂണിസ്റ്റ്' 'മുന്നോട്ട്', 'മാർക്സിസ്റ്റ്' തുടങ്ങിയ മാസികകളുടെ പ്രവർത്തനങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. 'നവയുഗ'ത്തിന്റെ പത്രാധിപരായി ദീർഘകാലം ദാമോദരൻ സേവനമനുഷ്ഠിച്ചു.

1964-ൽ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതോടെ ദാമോദരന്റെ പ്രവർത്തനരംഗം ഡൽഹിയായി. ജവഹർലാൽ നെഹ്റു സർവകലാശാലയിൽ പി.സി. ജോഷിയോടൊപ്പം ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രഗവേഷണത്തിൽ അദ്ദേഹം മുഴുകി.

1976 ജൂലൈ മൂന്നിന് ഡൽഹിയിൽ വെച്ച് ദാമോദരൻ അന്തരിച്ചു.

ഭാര്യ: പത്മം ദാമോദരൻ, മക്കൾ : മോഹൻ (സിങ്കപ്പൂർ യൂണിവേഴ്സിറ്റിയിലെ ലിംഗ്വിസ്റ്റിസ് പ്രൊഫസർ), ഉഷ, മധു, രഘു, ശശി (ചലച്ചിത്ര സംവിധായകൻ).

# അവതാരിക

സ്വാതന്ത്ര്യസമര സേനാനി, കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാക്കന്മാരിലൊരാൾ, ഭാരതീയ തത്വചിന്തയിലും മാർക്സിസം ലെനിനിസത്തിലും അഗാധപാണ്ഡിത്യമുണ്ടായിരുന്ന ദാർശനികൻ, എഴുത്തുകാരൻ, പ്രക്ഷോഭകാരി തുടങ്ങിയ നിലകളിൽ അതുല്യമായ സംഭാവനകൾ നൽകിയ കമ്മ്യൂണിസ്റ്റ് നേതാവാണ് കെ. ദാമോദരൻ.

വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു ജയിലിൽ പോയ ദാമോദരൻ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനായിരുന്നു. ഗാന്ധിജിയുടെ ആശയങ്ങൾ അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചിരുന്നു. എന്നാൽ ഇന്ത്യയുടെയും ജനങ്ങളുടെയും യഥാർത്ഥ വിമോചനമാർഗ്ഗം ഗാന്ധിയൻ ആശയങ്ങളല്ലെന്ന് അധികം വൈകാതെ അദ്ദേഹം തിരിച്ചറിഞ്ഞു. കോൺഗ്രസ്സിൽ ഇടതുപക്ഷ വിഭാഗം ശക്തിപ്പെട്ടുവരുന്ന ഘട്ടമായിരുന്നു അത്. ഇടതുപക്ഷചിന്താഗതിക്കാർ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ ദാമോദരൻ അതിന്റെ സജീവ പ്രവർത്തകനായി. സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്നവരുടെയെല്ലാം ഒരു പൊതുവേദിയായിരുന്നു അക്കാലത്ത് കോൺഗ്രസ്സ്. കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരുമെല്ലാം, തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുകയും സംഘടനാ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുമ്പോൾ തന്നെ കോൺഗ്രസ്സിൽ അംഗങ്ങളായി തുടർന്നു. ദാമോദരൻ കെ.പി.സി.സി. സെക്രട്ടറിയും എ.ഐ.സി.സി. അംഗവുമായിട്ടുണ്ട്.

ദാമോദരനെ കമ്മ്യൂണിസ്റ്റ് ആശയങ്ങളിലേക്ക് അടുപ്പിച്ചത് അദ്ദേഹത്തിന്റെ പരന്ന വായനയാണ്. കാശിവിദ്യാപീഠത്തിൽ പഠിക്കാൻ പോയപ്പോൾ ശാസ്ത്രീയസോഷ്യലിസവുമായി ബന്ധപ്പെട്ട ഒട്ടേറെ ഗ്രന്ഥങ്ങൾ വായിക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. നാട്ടിൽ തിരിച്ചുവന്ന ദാമോദരൻ തൊഴിലാളികളെ സംഘടിപ്പിക്കുകയും അവരുടെ സമരങ്ങൾ

നയിക്കുകയും ചെയ്യാൻ തുടങ്ങി. ഫറൂക്കിലെ ഓട്ടു തൊഴിലാളികളുടെയും പൊന്നാനിയിലെ ബീഡി തൊഴിലാളികളുടെയും സമരങ്ങളിൽ ദാമോദരൻ നേതൃത്വപരമായ പങ്കുവഹിച്ചു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടക്കുന്ന ഘട്ടമായിരുന്നു അത്. എസ്.വി. ഘാട്ടെ കോഴിക്കോട്ട് വന്നു. ഘാട്ടെയുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ പങ്കെടുത്തവരിലൊരാൾ ദാമോദരനായിരുന്നു. പി. കൃഷ്ണപിള്ള, ഇ.എം.എസ്സ്, എൻ.സി. ശേഖർ എന്നിവരായിരുന്നു അതിൽ പങ്കെടുത്ത മറ്റു നേതാക്കൻമാർ. 1939-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള ഘടകത്തിന്റെ രൂപീകരണത്തിനു വേദിയായ പിണറായി പാറപ്പുറം സമ്മേളനത്തിന്റെ സംഘാടകരിലൊരാളും ദാമോദരനായിരുന്നു.

ഒന്നാംതരം പ്രക്ഷോഭകാരിയായ ദാമോദരന് എഴുത്തിലും പ്രസംഗത്തിലും ലളിതമായ ഭാഷയിൽ മൂർച്ചയോടെ, യുക്തിഭദ്രമായി വിഷയങ്ങൾ അവതരിപ്പിക്കാൻ ഉണ്ടായിരുന്ന കഴിവ് അനിതരസാധാരണമാണ്. 1938 ആഗസ്റ്റിൽ തിരുവനന്തപുരത്ത് തമ്പാനൂരിൽ യൂത്ത് ലീഗിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ ദാമോദരൻ നടത്തിയ പ്രസംഗം കോളിളക്കം തന്നെ സൃഷ്ടിച്ചു. നിരോധനം ലംഘിച്ചാണ് ദാമോദരൻ പ്രസംഗിച്ചത്. പ്രസംഗം കേട്ട് ആവേശംകൊണ്ട്, സർ സി.പി.യോടുള്ള രോഷം പ്രകടിപ്പിക്കാൻ പ്രവർത്തകർ പിരിഞ്ഞുപോകുമ്പോൾ വഴിനീളെ വിളക്കു കാലുകൾപോലും തല്ലിത്തകർത്തു.

കേരളത്തിൽ മാർക്സിസം- ലെനിനിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ പ്രചരിപ്പിക്കുന്നതിൽ ദാമോദരൻ നിസ്തുലമായ പങ്കാണ് വഹിച്ചത്. കമ്മ്യൂണിസം എന്ത്, എന്തിന്? ഇന്ത്യയും സോഷ്യലിസവും, സോഷ്യലിസവും കമ്മ്യൂണിസവും, മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ, കമ്മ്യൂണിസവും ക്രിസ്തുമതവും തുടങ്ങിയ പുസ്തകങ്ങളിലും ലഘുലേഖകളിലും മാർക്സിസത്തിന്റെ ബാലപാഠങ്ങൾ ഏറ്റവും ലളിതമായി അദ്ദേഹം അവതരിപ്പിച്ചു. സാധാരണക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന തരത്തിൽ വളച്ചുകെട്ടില്ലാതെ വിഷയങ്ങൾ അവതരിപ്പിക്കുകയായിരുന്നു ദാമോദരന്റെ ശൈലി.

കമ്മ്യൂണിസ്റ്റ് വിരുദ്ധരുടെ പ്രചരണങ്ങളെ ഫലപ്രദമായി നേരിടാനും ഖണ്ഡിക്കാനും അദ്ദേഹത്തിന് പ്രത്യേകം കഴിവുണ്ടായിരുന്നു. "യേശുക്രിസ്തു മോസ്കോവിൽ' എന്ന ലഘുലേഖ ഇതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ്.

പാർട്ടി പ്രവർത്തകരെ ആശയപരമായി ആയുധമണിയിക്കാൻ പാർട്ടി ക്ലാസ്സുകളെയും ദാമോദരൻ ഫലപ്രദമായി ഉപയോഗപ്പെടുത്തി.

കേരളത്തിലെ കമ്മ്യൂണിസ്റ്റുകാരുടെ ആദ്യതലമുറകളെ മാർക്സിസ ത്തിന്റെ അടിസ്ഥാനതത്വങ്ങൾ പഠിപ്പിച്ചവരിൽ പ്രധാനിയാണ് ദാമോദ രൻ.

ചരിത്രത്തിലും ഭാരതീയദർശനങ്ങളിലും അഗാധപണ്ഡിതനായി രുന്നു ദാമോദരൻ. "ഇന്ത്യയുടെ ആത്മാവും" "ഭാരതീയ ചിന്തയും" ഭാര തത്തിന്റെ സമ്പന്നമായ പൈതൃകം വായനക്കാരെ ബോധ്യപ്പെടുത്തും. ഭൗതിക വാദവും നിരീശ്വരവാദവും ഉൾപ്പെടെ പൗരാണിക ഭാരതത്തിൽ തഴച്ചു വളർന്ന ദർശനങ്ങളെക്കുറിച്ചുള്ള വസ്തുനിഷ്ഠവിവരണങ്ങൾ ഈ ഗ്രന്ഥങ്ങളിലുണ്ട്. ഭാരതത്തിന്റെ പൈതൃകത്തെ ദുർവ്യാഖ്യാനം ചെയ്യാൻ ഹിന്ദുത്വ വാദികൾ നടത്തുന്ന ശ്രമങ്ങൾ തുറന്നു കാട്ടാൻ സഹായിക്കുന്നവയാണ് ദാമോദരന്റെ രചനകൾ. ഭൂമിയുടെ ഉത്ഭവവും മനുഷ്യന്റെ പിറവിയും മുതലുള്ള ചരിത്രമാണ് 'മനുഷ്യൻ' എന്ന ഗ്രന്ഥ ത്തിൽ വിവരിക്കുന്നത്. കേരളത്തിന്റെ ചരിത്രത്തെ ശാസ്ത്രീയമായി സമീപിക്കുന്ന അപൂർവ്വഗ്രന്ഥങ്ങളിലൊന്നാണ് ദാമോദരന്റെ 'കേരള ചരിത്രം'. സാമ്പത്തിക വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുന്നതാണ് ഉറുപ്പിക, നാണയപ്രശ്നം, ധനശാസ്ത്ര പ്രവേശിക, ഇന്ത്യയുടെ സാമ്പ ത്തിക പ്രശ്നങ്ങൾ തുടങ്ങിയ രചനകൾ.

വൈജ്ഞാനിക മേഖലകൾക്കുപുറമെ സർഗാത്മകസാഹിത്യരം ഗത്തും ദാമോദരൻ കടന്നുചെന്നിരുന്നു. ആദ്യകാലത്ത് ചെറുകഥകളും കവിതകളുമാണ് എഴുതിയിരുന്നത്. കർഷകപ്രസ്ഥാനത്തിന്റെ പ്രക്ഷോ ഭങ്ങളെ സഹായിക്കാനായി രചിച്ച 'പാട്ടബാക്കി' മലയാള നാടകചരി ത്രത്തിലെ തന്നെ നാഴികക്കല്ലാണ്. പൊന്നാനിയിൽ നടന്ന കർഷകസ മ്മേളനത്തിലാണ് 'പാട്ടബാക്കി' ആദ്യമായി അവതരിപ്പിച്ചത്. പ്രമേയ ത്തിലും അവതരണത്തിലുമെല്ലാം അന്നുവരെ പരിചിതമായതിൽ നിന്നും തീർത്തും ഭിന്നമായ ജീവിതഗന്ധിയായ കലാസൃഷ്ടിയായിരുന്നു 'പാട്ട ബാക്കി'. ജൻമിത്വത്തെ തുറന്നു കാട്ടുന്ന 'പാട്ടബാക്കി' അക്കാലത്ത് ഇരുന്നൂറിലധികം വേദികളിൽ അവതരിപ്പിച്ചു. നാടകത്തിൽ ദാമോദരൻ അഭിനയിക്കുകയും ചെയ്തു. 'രക്തപാനം' എന്ന നാടകം കൂടി ദാമോദ രൻ രചിച്ചെങ്കിലും 'പാട്ടബാക്കി'ക്കു കിട്ടിയ പ്രചാരം അതിനു ലഭിച്ചിരു ന്നില്ല.

1964-ൽ രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ദാമോദരൻ നല്ലൊരു പാർലമെന്റേറിയനായിരുന്നു. വിഷയങ്ങൾ നന്നായി പഠിച്ചു അവതരി പ്പിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ഡൽഹിയിലെ താമസം പഠനത്തിനും ഗവേ ഷണത്തിനുമാണ് അദ്ദേഹം ഉപയോഗിച്ചത്. ജവഹർലാൽ നെഹ്റു

സർവ്വകലാശാലയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തെക്കുറിച്ചായിരുന്നു ദാമോദരൻ ഗവേഷണം നടത്തിയിരുന്നത്.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മലബാർ കമ്മിറ്റി സെക്രട്ടറി, സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ദേശീയ കൗൺസിൽ അംഗം തുടങ്ങിയ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചു. പാർട്ടിക്കകത്ത് സ്വന്തം അഭിപ്രായങ്ങൾ തുറന്നുപറയാനും അതിനുവേണ്ടി വാദിക്കാനും അദ്ദേഹം ഒരിക്കലും മടികാണിച്ചിരുന്നില്ല. ദാമോദരന്റെ നിലപാടുകളോട് വിയോജിക്കുന്നവർ പോലും അദ്ദേഹത്തിന്റെ ആർജവവും ആത്മാർത്ഥതയും അംഗീകരിച്ചിരുന്നു.

കേരളത്തിൽ കമ്മ്യൂണിസ്റ്റ് ആശയപ്രചാരണത്തിൽ ദാമോദരൻ വഹിച്ച പങ്ക് അദ്വിതീയമാണ്. തലമുറകൾക്ക് മാർക്സിസത്തിന്റെ ബാലപാഠങ്ങൾ പകർന്നു നൽകിയ താത്വികാചാര്യനാണ് ദാമോദരൻ. അദ്ദേഹത്തിന്റെ രചനകൾ സമാഹരിച്ച് പ്രസിദ്ധീകരിക്കാൻ മുന്നോട്ടു വന്ന പ്രഭാത് ബുക്ക് ഹൗസ് അഭിനന്ദനമർഹിക്കുന്നു.

ജനുവരി 2009 **വെളിയം ഭാർഗ്ഗവൻ**

# ഉള്ളടക്കം

പേജ്

## ഭാഗം I


| | | |
|---|---|---|
| 1. | കേരള ചരിത്രത്തിന്റെ തുടക്കം | 15 |
| 2. | കേരളത്തിലെ ശിലായുഗ മനുഷ്യർ | 28 |
| 3. | മഹാശിലാസംസ്ക്കാരം | 42 |
| 4. | ഗോത്രസമുദായങ്ങൾ | 51 |
| 5. | സംഘംകൃതികൾ | 62 |
| 6. | ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക് | 78 |
| 7. | മൂവരചരും ചിറ്ററചരും | 91 |
| 8. | സംഘംകൃതികളിലെ ചേരരാജാക്കന്മാർ | 101 |
| 9. | തൊഴിലും ജാതിയും | 114 |
| 10. | പ്രാചീനകേരളത്തിലെ കുടുംബബന്ധങ്ങൾ | 137 |
| 11. | സംഘം കൃതികളിലെ സാമൂഹ്യജീവിതം | 168 |
| 12. | മതവും ദൈവവും | 180 |
| 13. | പ്രാചീനകേരളത്തിലെ വ്യാപാരബന്ധങ്ങൾ | 199 |
| 14. | മലയാള ഭാഷയുടെ ഉൽഭവം | 213 |
| 15. | ഫ്യൂഡലിസത്തിലേക്ക് | 240 |


## ഭാഗം II


| | | |
|---|---|---|
| 1. | ചരിത്രപരമായ ഒരവലോകനം | 253 |

## ഭാഗം III

| | | |
|---|---|---|
| 1. | സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം | 275 |
| 2. | ബ്രിട്ടീഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ | 278 |
| 3. | കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും | 283 |
| 4. | മലബാർ ലഹള | 289 |
| 5. | നിസ്സഹകരണത്തിൽനിന്ന് നിയമലംഘനത്തിലേയ്ക്ക് | 298 |
| 6. | നിയമലംഘന പ്രസ്ഥാനം | 307 |
| 7. | ഗുരുവായൂർ സത്യാഗ്രഹം | 319 |
| 8. | വീണ്ടും നിയമലംഘനം | 324 |
| 9. | സ്വാതന്ത്ര്യസമരം പുതിയ ഘട്ടത്തിൽ | 328 |
| 10. | രണ്ടാം ലോകമഹായുദ്ധം | 336 |
| 11. | ആഗസ്റ്റ് സമരം | 341 |
| 12. | സ്വാതന്ത്ര്യത്തിലേയ്ക്ക് | 347 |
| 13. | ഐക്യകേരളം | 351 |

# ഭാഗം ഒന്ന്

# കേരള ചരിത്രം

## അദ്ധ്യായം ഒന്ന്

## കേരളചരിത്രത്തിന്റെ തുടക്കം

'എങ്കിലോ പണ്ടു കൃത ത്രേതാ ദ്വാപര കലി എന്നിങ്ങനെ നാലു യുഗത്തിങ്കലുമനേകമനേകം രാജാക്കൻമാർ ഭൂമി വഴിപോലെ വാണു രക്ഷിച്ചതിന്റെ അനന്തരം ക്ഷത്രിയകുലത്തിങ്കൽ ദുഷ്ട രാജാക്കൻമാരുണ്ടായവരെ മുടിച്ചുകളവാനായിക്കൊണ്ടു ശ്രീനാരായണൻ ശ്രീപരശുരാമാനായവതരിച്ചു. എങ്കിലോ പണ്ടു ശ്രീപരശുരാമൻ ഇരുപത്തൊന്നു വട്ടം മുടിയ ക്ഷത്രിയൻമാരെക്കൊന്ന വീരഹത്യാദി ദോഷം പോക്കേണമെന്നു കൽപ്പിച്ചു. കർമ്മം ചെയ്‌വാൻ തക്കവണ്ണം ഗോകർണ്ണം പുക്കു കൽമല മേലിരുന്നു തപസുചെയ്തു വരണനെ സേവിച്ചു വാരാന്നിധിയെ നീക്കം ചെയ്തു ഭൂമിദേവിയെ വന്ദിച്ചു നൂററുപതുകാതം ഭൂമിയുണ്ടാക്കി, മലയാളം ഭൂമിക്കു രക്ഷവേണമെന്നു കൽപ്പിച്ചു നൂറെറട്ട് ഈശ്വരപ്രതിഷ്ഠ ചെയ്തു. എന്നിട്ടും ഭൂമിക്ക് ഇളക്കം മാറിയില്ലെന്നു കണ്ടതിന്റെ ശേഷം അനന്തരം ശ്രീപരശുരാമൻ കേരളത്തിൽ ബ്രാഹ്മണരെയുണ്ടാക്കി പല ദിക്കീന്നും ബ്രാഹ്മണരെ കൊണ്ടുവന്നു വച്ചതിന്റെശേഷം അവരാരുമുറച്ചിരുന്നില്ല. അവരൊക്കെ തന്റെ ദിക്കിൽതന്നെ പൊയ്ക്കളഞ്ഞു. അതിന്റെ ഹേതു കേരളത്തിങ്കൽ സർപ്പങ്ങൾ വന്നു നീങ്ങാതെയായിപ്പോയി. അവരുടെ പീഡകൊണ്ടാർക്കും ഉറച്ചു നിൽപ്പാൻ വശമില്ലാഞ്ഞു അവരൊക്കെ താന്താന്റെ ദിക്കിൽതന്നെ പോയിക്കളഞ്ഞതിന്റെശേഷം കുറേക്കാലം നാഗത്താൻമാർ തന്നെ കേരളം രക്ഷിച്ചു. തന്റെ പ്രയത്നം

നിഷ്ഫലമായി വരരുതെന്ന് കൽപ്പിച്ചു ശ്രീപരശുരാമൻ ഉത്തരഭൂമിയിങ്കൽ ചെന്ന് ആര്യപുരത്തിങ്കേന്ന് ആര്യബ്രാഹ്മണരെകൊണ്ടു പോന്നു.'[1]

## ഐതിഹ്യം ചരിത്രമല്ല

ഏതാണ്ടു മുന്നൂറു കൊല്ലങ്ങൾക്കുമുമ്പു രചിക്കപ്പെട്ട ഒരു പ്രാചീന മലയാള പുസ്തകത്തിൽ നിന്നാണ് മുകളിൽ കൊടുത്ത ഭാഗം ഉദ്ധരിച്ചിട്ടുള്ളത്. കേരളപ്പഴമ, കേരളമാഹാത്മ്യം തുടങ്ങിയ പ്രാചീന കൃതികളിലും ഇത്തരത്തിലുള്ള കഥകൾ കാണാം. കൊല്ലവർഷം 984 ൽ രചിക്കപ്പെട്ടതും ചേലനാട്ട് അച്യുതമേനോൻ പ്രസാധനം ചെയ്തതുമായ 'കേരളോൽപ്പത്തി' എന്ന പുസ്തകത്തിൽ പറയുന്നു:

'പരശുരാമൻ വെൺമഴുകൊണ്ട് പടിഞ്ഞാറെ സമുദ്രത്തിൽ വടക്കോട്ട് എറിഞ്ഞാറെ ഗോകർണ്ണത്തുചെന്നു വീഴുകയും ചെയ്തു. നൂറു യോജന നീളം പത്തുയോജന വീതിയോടുകൂടി ഭൂമി ഉണ്ടായി. പരശുരാമൻ സന്തോഷിച്ചിരിക്കുന്ന സമയത്തു ആകാശത്തു നിന്നും ദേവകൾ പരശുരാമന്റെ ശിരസിൽ പുഷ്പംകൊണ്ടു വർഷിച്ചു സന്തോഷിച്ചു.'[2]

ഇരുപത്തൊന്നുപ്രാവശ്യം ക്ഷത്രിയവംശങ്ങളെ വെട്ടിയൊതുക്കിയ പരശുരാമൻ വീരഹത്യാദോഷത്തിന് പ്രായശ്ചിത്തം ചെയ്യുവാൻ വേണ്ടി സമുദ്രരാജാവായ വരുണനിൽനിന്ന് കുറേ ഭൂമി വീണ്ടെടുത്ത് ബ്രാഹ്മണർക്ക് ദാനം ചെയ്തുവെന്നും, അങ്ങനെ കടലിൽ നിന്നും പൊങ്ങി വന്ന ഭൂവിഭാഗത്തിന് ശ്രീപരശുരാമൻ കേരളമെന്ന് പേരിട്ടുവെന്നും, ബ്രാഹ്മണരെ രക്ഷിക്കാൻവേണ്ടി പരശുരാമൻ 64 ഗ്രാമങ്ങളുണ്ടാക്കിയെന്നും ഓരോ ഗ്രാമത്തിലും ശ്രീനാരായണനേയും ഭഗവതിയേയും മറ്റും പ്രതിഷ്ഠിച്ചുവെന്നുമാണ് കഥ. എന്നിട്ടും ബ്രാഹ്മണഭക്തനായ പരശുരാമമഹർഷിക്ക് തൃപ്തിയായില്ല. 'അവിടെനിന്നും പരശുരാമൻ പരദേശത്തു ചെന്നാറെ ഒരു ക്ഷത്രിയനെക്കണ്ടു കോപിച്ചു കൊല്ലുവാനായിട്ട് വെൺമഴുവും കൈയിലെടുത്തു. അതിന്റെശേഷം കണ്ടു ഭയപ്പെട്ടുചെന്നു പറയുന്ന വചനം.' പരശുരാമമഹാരാജാവേ, അങ്ങ് ഏറിയൊരു ക്ഷത്രിയൻമാരെ കൊന്നതുപോലെ എന്നേയും കൊല്ലരുത്. എന്റെ സ്ത്രീയ്ക്ക് ഗർഭമായിരിക്കുന്നു. അങ്ങു പറയുന്നതിനെ കേട്ടു ഇരുന്നുകൊള്ളാമെന്നും പറഞ്ഞു കാൽക്കൽ നമസ്ക്കരിച്ചതിന്റെ ശേഷം 'പറയുന്നതിനെ കേട്ടിരിക്കാമെങ്കിൽ ദയവ് വിചാരിച്ച് നിനക്കു ഒരു ജീവിതമുണ്ടാക്കി

1. കേരളചരിത്രം: കെ. മഹാദേവശാസ്ത്രി പരിശോധിച്ച് തിരുവിതാംകൂർ (കേരള) യൂനിവേഴ്സിറ്റി പ്രസിദ്ധം ചെയ്തത്. പേജ് 1.

2 കേരളോൽപ്പത്തി: ചേലനാട്ട് അച്യുതമേനോൻ പരിശോധിച്ച് മദ്രാസ് യൂനിവർസിറ്റി പ്രസിദ്ധം ചെയ്തത്. പേജ് 9

ത്തരാ'മെന്നും പറഞ്ഞു ഔഷധങ്ങളൊക്കെയും പറിച്ചു ധാന്യങ്ങളുടെ വിത്തുകളും പശു, കാള, എരുമ, പക്ഷിമൃഗാദി പലവിധത്തിലുള്ള വാഴ മുതലായ കറിസാധനങ്ങളുടെ വിത്തുകളും, മാവു മുതലായ വൃക്ഷങ്ങളും പരദേശത്തു നിന്നും തോണിയിൽ കൊണ്ടുവന്നുവച്ചു ഇരുപത്തെട്ടുപ്രാവശ്യം ക്ഷത്രിയൻമാരേയും കൊണ്ടുവന്നു ഏറിയൊരു ശൂദ്രൻമാരേയും ചണ്ഡാളൻമാരേയും ആശാരി, കൊല്ലൻ, തട്ടാൻ ചെമ്പുപണിക്കാരൻ, പാണ്ഡിയൻ, ദാസികൾ ദാസൻമാരും, ക്ഷൌരവൻ, കുശവൻ ഇങ്ങനെയുള്ള ആളുകളേയും, സസ്യാദികളേയും, നവധാന്യങ്ങളെയും തോണിയിൽ കൊണ്ടുവന്നുവച്ചു. പരശുരാമൻ പരദേശത്തു നിന്നും തോണിവഴിക്കു കേരളത്തിൽ വന്നു. ആളുകളെ ഒക്കെയും ഓരോ ദിക്കിലിരുത്തി നവധാന്യങ്ങൾ ഒക്കെയും ഓരോസ്ഥലത്തു സ്ഥാപിക്കുകയും ചെയ്തു.[3]

പ്രത്യക്ഷത്തിൽത്തന്നെ അശാസ്ത്രീയവും അന്ധവിശ്വാസ ജടിലവുമായ ഇത്തരം ഐതിഹ്യങ്ങളുടെ കരിയിലകൾ ഇരുപതാം നൂറ്റാണ്ടിന്റെ നട്ടുച്ചയ്ക്കുപോലും വാടിക്കൊഴിയാതെ നിലനിൽക്കുകയും അവ ഒട്ടനവധി പണ്ഡിതൻമാരിൽ വമ്പിച്ച സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നത് അത്ഭുതകരമായി തോന്നുന്നു. നഗ്നങ്ങളും പ്രാകൃതങ്ങളുമായ അന്ധവിശ്വാസങ്ങളെ അതേപടി ആവർത്തിക്കാനിഷ്ടപ്പെടാത്തവർപോലും പരശുരാമ കഥയ്ക്കു പിന്നിൽ ചരിത്രത്തിന്റെ ചില അംശങ്ങളെങ്കിലുമുണ്ടായിരിക്കണമെന്ന് അനുമാനിക്കുന്നു. ഉദാഹരണത്തിന്, 'ഒരാദിപരശുരാമനുണ്ടായിരിക്കണമെന്നും അദ്ദേഹത്തിന്റെ വംശത്തിലോ നേതൃത്വത്തിലോ പെട്ടവരാണ് കേരളത്തിൽ പിന്നീട് കുടിയേറിപ്പാർത്തവരെന്നും ഇപ്പോൾ ചില പണ്ഡിതൻമാരുടെ ഇടയ്ക്കുള്ള വിശ്വാസം സമാദരണീയമാണെന്ന് തോന്നുന്നു' എന്ന് ഡോക്ടർ എസ്. കെ. നായർ വാദിക്കുന്നു[4] 'കേരളത്തിൽ ബ്രാഹ്മണപ്രതിഷ്ഠ നടത്തിയത് പരശുരാമനാണെന്നുള്ള സംഗതിയിൽ ഈ വക ഐതിഹ്യങ്ങൾ തെളിവായിരിക്കുന്നുണ്ട്' എന്നും 'ഏതായാലും ഈ പരശുരാമനുമായുള്ള ബന്ധം വഴിക്കാണ് കേരളത്തിന് ഭാർഗവക്ഷേത്രം എന്ന പേരു ലഭിച്ചതെന്നുള്ളതിനെപ്പറ്റി യാതൊരു സംശയവുമില്ല' എന്നും എം.ആർ. ബാലകൃഷ്ണവാര്യർ അഭിപ്രായപ്പെടുന്നു.[5] ശൂരനാട് കുഞ്ഞൻപിള്ള പറയുന്നതിങ്ങനെയാണ്: 'മഴുവെറിഞ്ഞു സമുദ്രത്തിൽ നിന്ന് വീണ്ടെടുത്തതാണ് കേരളമെന്നും അവിടെയാണ് ഭാർഗവൻ ബ്രാഹ്മണരെക്കൊണ്ടുവന്ന് താമസിപ്പിച്ചതെന്നുമുള്ളതിന്, കേരളം ഒരു കാലത്ത് സമുദ്രത്തിൽ

3. കേരളോൽപ്പത്തി: പേജ് 16-17.
4. കേരളോൽപ്പത്തി, അവതാരിക, പേജ് XVIII
5. എം. ആർ. ബാലകൃഷ്ണവാര്യർ: പ്രാചീനകേരളം, പേജ് 26-28

മുങ്ങിക്കിടന്നിരുന്നുവെന്നും, പിന്നീട് ഭൂകമ്പം കൊണ്ടോ മറ്റോ ഉയർന്നു വന്നെന്നും അങ്ങനെയുള്ള ഈ നാട്ടിൽ പരശുരാമൻ ബ്രാഹ്മണരെകൊണ്ടുവന്നു താമസിപ്പിച്ചു എന്നും മാത്രമേ അർത്ഥമുള്ളു. ബ്രാഹ്മണരും ക്ഷത്രിയരുമായുള്ള വർഗീയമൽസരത്തെയാണ് രാമന്റെ ക്ഷത്രിയവധ കഥ സൂചിപ്പിക്കുന്നത്. ഇരുപത്തൊന്നുവട്ടം ക്ഷത്രിയരെ കൊന്നെന്നും മറ്റുമുള്ള അതിശയോക്തികൾ, അലങ്കാരപ്രിയൻമാരും, സ്വമാഹാത്മ്യ സ്ഥാപനത്തിന് നൃഗനെ ഓന്താക്കി കിണറ്റിൽ തള്ളാൻപോലും മടിക്കാത്തവരുമായ ബ്രാഹ്മണ കവികളുടെ സ്വന്തമാണെന്നേ പറയാൻ നിവൃത്തിയുള്ളു. ആയുധവിദ്യാനിപുണനായ പരശുരാമൻ ക്ഷത്രിയരോടുള്ള മൽസരത്തിൽ ക്ഷത്രിയമേധാവിത്വം സഹിക്കവയ്യാതെ കൂട്ടാളികളുമൊത്ത് ഉത്തരഭാരതത്തിൽ നിന്ന് കേരളത്തിൽ വന്നു കുടിയേറിപ്പാർത്തെന്നുള്ളതായിരിക്കാം വാസ്തവം... അന്ന് കേരളത്തിൽ നിവസിച്ചിരുന്ന ജനതയിൽ മേധാവികൾ നായൻമാരായിരുന്നുവെന്നതിനുവേണ്ട ലക്ഷ്യങ്ങളുണ്ട്.'[6] പരശുരാമകഥ വെറും ബാലിശമാണെന്ന് കരുതാൻ പാടില്ലെന്നും, സത്യത്തിന്റെ ഒരംശം അതിലടങ്ങിയിട്ടുണ്ടെന്നും, നൂറ്റാണ്ടുകൾക്കു മുമ്പ് ഭൂഗർഭശക്തികളുടെ പ്രവർത്തനം കാരണം കടലിന്നടിയിൽനിന്ന് പൊങ്ങിവന്ന ഒരു ഭൂപ്രദേശമാണ് മലയാളക്കര എന്ന വസ്തുതയെക്കുറിച്ചുള്ള ഒരു കവിസങ്കൽപ്പം മാത്രമാണതെന്നും കെ.പി. പത്മനാഭമേനോൻ പോലും വാദിക്കുന്നു.[7]

'കേരളം പരശുരാമന്റെ ആവിർഭാവത്തിനു വളരെക്കാലംമുമ്പ് പ്രകൃതിക്ഷോഭം നിമിത്തം കടൽനീങ്ങി കരയായ ഒരു ദേശമാണെന്നുള്ള ഭൂഗർഭശാസ്ത്രജ്ഞൻമാരുടെ മതം സർവ്വഥാ അംഗീകാര്യമാകുന്നു.[8] എന്ന് ഉറപ്പിച്ചു പറയുന്ന മഹാകവി ഉള്ളൂരാകട്ടെ, പരശുരാമകഥയുടെ കാതലായ ഭാഗത്തേ ഒരു ചരിത്രവസ്തുതയായിട്ടാണ് കണക്കാക്കുന്നത്: 'ആര്യാവർത്തത്തിൽനിന്ന് ദക്ഷിണാപഥത്തിൽ ആദ്യമായി വന്നുചേർന്ന ബ്രഹ്മർഷിമാരിൽ എല്ലാം കൊണ്ടും പ്രഥമഗണനീയനാണ് ശ്രീപരശുരാമൻ. അദ്ദേഹത്തിന്റെ അനുചരൻമാരായിരുന്നു നമ്പൂരിമാരുടെ പൂർവികൻമാർ. പരശുരാമൻ ആര്യാവർത്തം വിട്ടു തന്റെ അനുയായികളോടുകൂടി ഉദ്ദേശം ക്രി. മുമ്പ് 12-ാം ശതകത്തിൽ വിന്ധ്യാപർവ്വതത്തിനു തെക്കു കടന്നതായി വിചാരിക്കാവുന്നതാണ്. പ്രാചീന ഭാരതചരിത്രത്തിൽ പല രാജ്യങ്ങളിലും ബ്രാഹ്മണരെ ആദ്യമായി അധിനിവേശം ചെയ്യിച്ചത് പരശുരാമനാണെന്നു കാണുന്നു. അതിന്റെയെല്ലാം വസ്തുസ്ഥിതി എങ്ങ

6. ശൂരനാട് കുഞ്ഞൻപിള്ള: പ്രാചീന കേരളം, പേജ് 2, 3.
7 K.P. Padmanabha Menon: History of Kerala Vol: 1 P. 22.
8. ഉള്ളൂർ: കേരള സാഹിത്യചരിത്രം, ഒന്നാംവാല്യം, പേജ് 34

നെയായിരുന്നാലും കേരളത്തിൽ അവരെ കൊണ്ടുവന്നത് ഒരു പരശുരാമനാണെന്നുള്ളതിനെപ്പറ്റി സംശയിക്കേണ്ടതില്ല.[9]

## കേരളത്തിന്റെ പഴക്കം

ശാസ്ത്രീയമായ ചരിത്ര നിർമ്മാണത്തിന് ഇത്തരം വാദഗതികൾ ഉതകുമെന്ന് തോന്നുന്നില്ല. ചരിത്രത്തിനു പിടികിട്ടാത്ത വിദൂരമായ ഒരു കാലഘട്ടത്തിൽ - എന്നുവച്ചാൽ, ലക്ഷക്കണക്കിന് വർഷങ്ങൾക്കുമുമ്പ് ഭൂകമ്പംകൊണ്ടോ, കടൽക്ഷോഭംകൊണ്ടോ ഭൂഗർഭശാസ്ത്രപരമായ മറ്റേതെങ്കിലും കാരണംകൊണ്ടോ കടലിന്നടിയിൽ നിന്ന് പൊങ്ങിവന്നുണ്ടായ ഒരു ഭൂപ്രദേശമായിരിക്കാം ഇന്നത്തെ ഈ കേരളക്കര എന്ന് സമ്മതിച്ചാൽപോലും അതിനെ പരശുരാമകഥയുമായി ബന്ധപ്പെടുത്തുന്നതെങ്ങനെയാണ്? വാസ്തവത്തിൽ, ഈ പരശുരാമകഥയുടെ പിന്നിൽ ബന്ധപ്പെട്ടുനിൽക്കുന്ന വടക്കെ ഇന്ത്യയിലെ ബ്രാഹ്മണമതം ഉരുപ്പിടിക്കുന്നതിന്നെത്രയോമുമ്പ് തന്നെ കേരളം നിലനിന്നിരുന്നു എന്നതിനു അനിഷേധ്യമായ തെളിവുകളുണ്ട്.

ആര്യൻമാരുടെ വരവിനു മുമ്പുതന്നെ ഏറെക്കുറെ ഉയർന്ന നിലവാരത്തിലെത്തിയ ഒരു പ്രാചീന സംസ്ക്കാരം ഇന്ത്യയിലുണ്ടായിരുന്നുവെന്ന് മോഹൻജദാരോ, ഹാരപ്പ തുടങ്ങിയ പല സ്ഥലങ്ങളിൽനിന്നും ലഭിച്ച ചരിത്രാവശിഷ്ടങ്ങൾ തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്. ക്രി.മു. 1500-മാണ്ടോടുകൂടിയാണ് ആര്യൻമാർ ഇന്ത്യയിലെത്തിയത്. സിന്ധൂനദീതട സംസ്ക്കാരമാകട്ടെ, ക്രി. മു. 3000 മുതൽ 1500 വരെ നിലനിന്നുപോന്നു. ഈ പ്രാചീന സംസ്ക്കാരത്തോട് മല്ലിട്ടുകൊണ്ടാണ് ആര്യൻമാരുടെ അപരിഷ്കൃത ഗണങ്ങൾ ആദ്യം സിന്ധൂനദീതടത്തിലും പിന്നീട് ഗംഗാനദീതടങ്ങളിലും സ്ഥിരവാസമുറപ്പിച്ചത്. ആദ്യകാലത്ത് അവരുടെ ഇടയിൽ വർഗവ്യത്യാസങ്ങളോ വർണ്ണവ്യത്യാസങ്ങളോ ഉണ്ടായിരുന്നില്ല. ഏതാനും നൂറ്റാണ്ടുകൾക്കുശേഷമാണ്, അതായത് ക്രി. മു. 10-ാം നൂറ്റാണ്ടിനും 7-ാം നൂറ്റായണ്ടിനുമിടയിലാണ് ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ വിഭജനങ്ങളോടുകൂടിയ വർണ്ണാശ്രമ വ്യവസ്ഥ രൂപം കൊണ്ടത്. അവർ ഉത്തരേന്ത്യയിലെ വിവിധ ഭാഗങ്ങളിൽ ചെറിയ ചെറിയ രാജ്യങ്ങൾ സ്ഥാപിക്കുകയും അങ്ങനെ തങ്ങളുടെ ആധിപത്യമുറപ്പിക്കുകയും ചെയ്തത്, ഏതാണ്ടീകാലത്താണ്.

പക്ഷേ, പിന്നേയും, വളരെക്കാലത്തേക്ക് വിന്ധ്യാപർവതനിരകൾക്കിപ്പുറം കടക്കാൻ അവർക്കു സാധിച്ചിരുന്നില്ലെന്നും ആര്യാവർത്തം ഉത്തരേന്ത്യയിൽ മാത്രമാണ് ഒതുങ്ങിക്കിടന്നിരുന്നതെന്നും ചരിത്രകാരൻമാർ

9. ഉള്ളൂർ: കേരളസാഹിത്യചരിത്രം, ഒന്നാംവാല്യം, പേജ് 36.

അംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അതിനാൽ പരശുരാമൻ എന്ന ഒരു മഹർഷി തന്റെ അനുചരൻമാരായ ബ്രാഹ്മണരോടുകൂടി ക്രി. മു. 12-ാം നൂറ്റാണ്ടിൽ വിന്ധ്യാപർവ്വതം കടന്ന് കേരളത്തിൽ കുടിയേറിപ്പാർത്തുവെന്ന മഹാകവി ഉള്ളൂരിന്റെ സിദ്ധാന്തത്തിന് യഥാർത്ഥ കേരളചരിത്രവുമായി വിദൂരബന്ധം പോലുമുണ്ടെന്ന് കരുതാൻ വയ്യ.

എങ്കിലും, ക്രിസ്തുവർഷം ആരംഭിക്കുന്നതിനു ഏതാനും നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ വടക്കേ ഇന്ത്യയിലെ ആര്യൻമാർ ഇന്ത്യയുടെ തെക്കേ അറ്റത്തു കിടക്കുന്ന കേരളത്തെപ്പറ്റി കേട്ടിട്ടുണ്ടായിരുന്നുവെന്ന് പ്രാചീന സംസ്കൃത കൃതികളിൽനിന്ന് മനസ്സിലാക്കാം. ഉദാഹരണത്തിന്, ക്രി. മു. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കാത്യായനും ക്രി. മു. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പതഞ്ജലിയും കേരളത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. പതഞ്ജലിയുടെ മഹാഭാഷ്യമനുസരിച്ച് തെക്കേ ഇന്ത്യയിൽ പാണ്ഡ്യം, ചോളം കേദാരം, കേരലം എന്നിങ്ങനെ നാലു ജനപതങ്ങളുണ്ടായിരുന്നു. മഹാഭാരതത്തിൽ ഒന്നിലധികം സ്ഥലങ്ങളിൽ കേരളത്തെപ്പറ്റിയുള്ള പരാമർശങ്ങളുണ്ട്.[10] രാമായണം കിഷ്കിന്ധകാണ്ഡത്തിൽ, സുഗ്രീവൻ, സീതാന്വേഷണത്തിനു പുറപ്പെട്ട വാനരസൈന്യങ്ങൾക്ക് ആര്യാവർത്തത്തിന്റെ തെക്കുഭാഗത്ത് ജീവിച്ചിരുന്ന കേരളീയർ, ചോളർ, പാണ്ഡ്യർ, ആന്ധ്രക്കാർ തുടങ്ങിയ ജനസമൂഹങ്ങളെപ്പറ്റി പറഞ്ഞു കൊടുക്കുന്നുണ്ട്.[11] വായുപുരാണം, മൽസ്യപുരാണം, മാർക്കണ്ഡേയ പുരാണം മുതലായ പുരാണങ്ങളിലും കേരളത്തെപ്പറ്റിയുള്ള പ്രസ്താവങ്ങൾ കാണാം.

പക്ഷേ, ഇവപോലും ചരിത്ര ഗ്രന്ഥങ്ങളല്ല. രാമായണമഹാഭാരതാദികൾ രചിക്കപ്പെട്ട കാലത്ത് ചേര ചോള പാണ്ഡ്യദേശങ്ങളുണ്ടായിരുന്നു എന്നേ മനസ്സിലാക്കേണ്ടതുള്ളു. ഉത്തരേന്ത്യക്കാർ കേരളത്തിലോ മറ്റേ

---

10. തതസ്സമുദ്രതീരേണ വംഗാൻ പുൺഡ്രാൻ സകേരളാൻ
തത്ര തത്ര ച ഭൂരീണി മ്ലേച് ഛസൈന്യാന്യനേകശഃ
(അശ്വമേധപർവ്വം, അധ്യായം 83)
പാണ്ഡവായ ദദൌ പാണ്ഡ്യശ്ശംഖാംസ്താവത ഏവച
ചന്ദനാഗുരുചാനന്തം മുക്താ വൈഡൂര്യചിത്രിതാഃ
ചോളശ്ചകേരളശ്ചോഭൌ ദദതുഃ പാണ്ഡവായവൈ.
(സഭാപർവ്വം, അധ്യായം 78)

11. നദീ ഗോദാവരിംചൈവ സർവ്വമേവാനുപശ്ചത,
തഥൈവാന്ധ്രാംശ്ച പുൺഡ്രാംശ്ച
ചോലാൻ പാണ്ഡ്യാംശ്ച കേരളാൻ
(സർഗ്ഗം 41, ശ്ലോകം 12)

തെങ്കിലും ദക്ഷിണേന്ത്യൻ രാജ്യത്തിലോ കുടിയേറിപ്പാർക്കാൻ തുടങ്ങി എന്നോ, ആര്യസംസ്ക്കാരം തെക്കോട്ട് വ്യാപിച്ചുകഴിഞ്ഞുവെന്നോ അവ സൂചിപ്പിക്കുന്നില്ല. ദക്ഷിണേന്ത്യൻ രാജ്യങ്ങളേയും സിംഹളരാജ്യത്തേയും ആക്രമിച്ചു കീഴടക്കിയ ആര്യരാജാക്കൻമാരുടെ വീരപരാക്രമങ്ങളെയാണ് രാമായണം ചിത്രീകരിക്കുന്നത് എന്നും മറ്റുമുള്ള അഭിപ്രായങ്ങൾക്ക് ചരിത്രയാഥാർത്ഥ്യങ്ങളുമായി ബന്ധമൊന്നുമില്ല.

പ്രാചീന സംസ്കൃത ഗ്രന്ഥങ്ങളിലെവിടെയെങ്കിലും ഇങ്ങനെ ദക്ഷിണേന്ത്യൻ രാജ്യങ്ങളെപ്പറ്റി എന്തെങ്കിലും പ്രസ്താവം കണ്ടാൽ ഉടനെ തന്നെ ആര്യൻമാർ തെക്കേ ഇന്ത്യയിൽ കുടിയേറിപ്പാർത്തുവെന്നതിന്റെ സൂചനയാണതെന്ന് വ്യാഖ്യാനിക്കാനുള്ള ഒരു വാസന ചില ചരിത്രകാരൻമാർക്കിടയിലുണ്ട്. ഉദാഹരണത്തിന്, കെ.കെ. പിള്ള എഴുതുന്നതു നോക്കുക.

“ദസ്യുക്കളെന്നും ചിത്രീകരിക്കപ്പെട്ടിട്ടുള്ള ആന്ധ്രൻമാർ, പുന്ദ്രൻമാർ, ശബരൻമാർ, പുളിയൻമാർ, മുനിബൻമാർ എന്നിവരെല്ലാം തന്നെ വിശ്വാമിത്രന്റെ അമ്പതു പുത്രൻമാരുടെ പിന്തുടർച്ചക്കാരാണെന്ന് ഐതരേയബ്രാഹ്മണം പ്രസ്താവിക്കുന്നു.”

ഇവരെല്ലാം താമസിച്ച പ്രദേശങ്ങളിലേക്ക് ആര്യൻമാർ കുടിയേറി പാർത്തതിനെ അവ്യക്തമായി പരാമർശിക്കുകയാണോ ഈ പ്രസ്താവമെന്ന് തീർത്തുപറഞ്ഞുകൂടാ. ഉത്തരേന്ത്യയുടെ ഭൂമിശാസ്ത്രം വിശദമായി ഗ്രഹിച്ചിരുന്ന പാണിനി (ക്രി. മു. 600) നർമ്മദയ്ക്കു തെക്ക് കലിംഗത്തെ മാത്രമേ നിർദ്ദേശിക്കുന്നുള്ളുവെന്ന ശ്രദ്ധേയമായ വസ്തുത ആര്യൻമാർ തെക്കോട്ടുനീങ്ങിയത് പില്ക്കാലത്താണെന്നതിനെ സൂചിപ്പിക്കുന്നു. നേരെമറിച്ച്, ക്രി. മു. 4-ാം നൂറ്റാണ്ടിലെ വൈയാകരണനായ കാത്യായനനാകട്ടെ കൂറെക്കൂടി തെക്കുള്ള രാജ്യങ്ങളെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ടുതാനും. ക്രി. മു. 6-ാം നൂറ്റാണ്ടിനപ്പുറത്താകണം തെക്കേ ഇന്ത്യയിലേക്കുള്ള ആര്യൻമാരുടെ അധിനിവേശം ആരംഭിച്ചത്.”[12]

## ആര്യന്മാരുടെ ആഗമനം

എന്നാൽ മൗര്യവംശത്തിന്റെ ആവിർഭാവത്തിനുമുമ്പ് ആര്യൻമാർ തെക്കേ ഇന്ത്യയിൽ കുടിയേറിപ്പാർത്തിരുന്നുവെന്നതിനു ചരിത്രപരമായ യാതൊരു തെളിവുമില്ല. വടക്കേ ഇന്ത്യയിൽതന്നെ മേച്ചിൽസ്ഥലങ്ങളും ഫലപുഷ്ടിയുള്ള കൃഷിസ്ഥലങ്ങളും ധാരാളമുണ്ടായിരുന്നതുകൊണ്ട് ഉപജീവനമാർഗമന്വേഷിച്ച് ദക്ഷിണേന്ത്യയിലേക്കിറങ്ങിവരേണ്ട യാതൊരാവശ്യവും അവർക്കുണ്ടായിരുന്നില്ലതാനും.

12. കെ.കെ. പിള്ള: ദക്ഷിണ ഇന്ത്യാചരിത്രം, പേജ് 48-49.

ക്രി.മു. ഏഴാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും വടക്കേ ഇന്ത്യയിൽ അംഗ, മഗദ, കാശി, കോസല, ചേതി, കുരു, പാഞ്ചാല, അവന്ധി, ഗാന്ധാര എന്നിങ്ങനെ ഒട്ടനവധി ചെറിയ ചെറിയ രാജ്യങ്ങൾ ആവിർഭവിച്ചു കഴിഞ്ഞിരുന്നു. ഈ ഘട്ടത്തിലാണ് ഉത്തരേന്ത്യയിൽ ബ്രാഹ്മണമേധാവിത്വവും ചാതുർവർണ്ണ്യമെന്ന പേരിലറിയപ്പെടുന്ന അടിമത്ത വ്യവസ്ഥയും ശക്തിപ്പെടാൻ തുടങ്ങിയത്.

സാമൂഹ്യ സാമ്പത്തിക പുരോഗതിക്ക് ചാതുർവ്വർണ്യം ആവശ്യമായിരുന്നു. ചാതുർവ്വർണ്യത്തിന്റെ അടിസ്ഥാനത്തിലാണ് പ്രാചീന ഭാരതത്തിൽ ഉല്പാദനശക്തികൾ വളരാനും കൃഷിയും കൈത്തൊഴിലും മറ്റും അഭിവൃദ്ധിപ്പെടാനും തുടങ്ങിയത്. എന്നാൽ, അതോടൊപ്പം തന്നെ പുരോഹിതവൃത്തിയിലേർപ്പെട്ട് ആത്മീയവും മതപരവുമായ നേതൃത്വം നല്കിക്കൊണ്ടും യാഗങ്ങൾ മുതലായ ചടങ്ങുകൾ വഴിയായി പിടിപ്പതു സ്വത്തുക്കൾ സമ്പാദിച്ചുകൊണ്ടും ചാതുർവ്വർണ്യത്തിന്റെ തലപ്പത്തിരുന്നു ആ കാലഘട്ടത്തിലെ ഏറ്റവും വലിയ സ്ഥാപിത താല്പര്യങ്ങളായി മാറി.

എന്നാൽ, ക്രമേണ ചെറിയ ചെറിയ രാജ്യങ്ങളുടെ ഒറ്റതിരിഞ്ഞുള്ള നിലനിൽപ്പ് കൃഷിയുടെയും കൈവേലകളുടെയും കച്ചവടത്തിന്റെയും മറ്റും അഭിവൃദ്ധിക്ക് തടസമായിത്തീർന്നു. ഈ അഭിവൃദ്ധിയാകട്ടെ ബ്രാഹ്മണപൗരോഹിത്യത്തിന്റെ തൽപ്പര്യങ്ങൾക്കെതിരുമായിരുന്നു. അതുകൊണ്ട് ബ്രാഹ്മണമേധാവിത്വത്തിനെതിരായ സമരങ്ങൾ ചരിത്രത്തിന്റെ ഒരാവശ്യമായി മാറി. ആശയപരമായി ബ്രാഹ്മണമതത്തെ എതിർത്തുകൊണ്ടുയർന്നുവന്ന ജൈന ബുദ്ധമതങ്ങളും, രാഷ്ട്രീയമായി, ചെറിയ ചെറിയ രാജ്യങ്ങളെയെല്ലാം വെട്ടിപ്പിടിച്ച് വലിയൊരു സാമ്രാജ്യം കെട്ടിപ്പടുത്ത മൗര്യ ചക്രവർത്തിമാരുമാണ് വടക്കേ ഇന്ത്യയിൽ അക്കാലത്ത് ചരിത്രത്തിന്റെ ഈ ആവശ്യം നിർവ്വഹിച്ചത്.

ക്രി. മു. നാലാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ചന്ദ്രഗുപ്തന്റെ നേതൃത്വത്തിൽ മൗര്യവംശത്തിന്റെ ഭരണമാരംഭിച്ചത്. ചന്ദ്രഗുപ്തന്റെ പുത്രനായ അശോകന്റെ കാലത്ത് (ക്രി.മു. 273 – 232) മൗര്യഭരണം പടിഞ്ഞാറ് കത്തിയാവാർവരേയും  കിഴക്ക് കലിംഗവരേയും വ്യാപിച്ചു. വടക്കേ ഇന്ത്യ, മുഴുവനും മാത്രമല്ല, ആന്ധ്രയും ഇന്നത്തെ മൈസൂറിന്റെ വടക്കൻ ഭാഗങ്ങളുമുൾപ്പെടെ തെക്കെ ഇൻഡ്യയിലെ വിപുലമായ പല പ്രദേശങ്ങളും മൗര്യസാമ്രാജ്യത്തിന്റെ അധീനത്തിലായിത്തീർന്നു. പക്ഷേ, തെക്കെ അറ്റത്തു കിടക്കുന്ന കേരള ചോളപാണ്ധ്യരാജ്യങ്ങൾ മൗര്യസാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്നില്ല. അവ മൗര്യസാമ്രാജ്യത്തിന്റെ അയൽരാജ്യങ്ങൾ മാത്രമായിരുന്നു. അശോകചക്രവർത്തിയുടേതന്നെ ശിലാശാസനങ്ങൾ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.  ഉദാഹരണത്തിന്, ഗിർനാറിലെ ഒരു ശിലാശാസനത്തിൽ പറയുന്നത് നോക്കുക.

'ദേവപ്രിയനും, പ്രിയദർശിയുമായ രാജാവിന്റെ ആധിപത്യത്തിലുള്ള സർവ്വദേശങ്ങളിലും, അതുപോലെതന്നെ തെക്ക് താമ്രപർണ്ണിവരെ അയൽരാജ്യക്കാരായ ചോഴർ, പാണ്ഡ്യർ, സത്യപുത്രർ, കേരളപുത്രർ എന്നിവരുടെ രാജ്യങ്ങളിലും യവനരാജാവായ ആന്റിയോക്കയുടെയും പ്രസ്തുത ആന്റിയോക്കയുടെ അയൽക്കാരായ രാജാക്കൻമാരുടെയും അധീനത്തിലുള്ള പ്രദേശങ്ങളിലും എല്ലായിടത്തും ദേവപ്രിയനായ പ്രിയ ദർശിരാജാവ് രണ്ടുതരം ചികിത്സാക്രമങ്ങൾ ഏർപ്പാടുചെയ്തിരിക്കുന്നു. അതായത് മനുഷ്യർക്കുള്ള ചികിത്സയും, മൃഗങ്ങൾക്കുള്ള ചികിത്സയും. മനുഷ്യർക്കും മൃഗങ്ങൾക്കും ഉപയോഗമുള്ള മരുന്നുചെടികൾ ഇല്ലാത്ത സ്ഥലങ്ങളിലെല്ലാം അവ അന്യപ്രദേശങ്ങളിൽ നിന്നും വരുത്തി നട്ടുവ ളർത്തിയിരിക്കുന്നു. ഫലമൂലാദികൾ കിട്ടാത്ത സ്ഥലങ്ങളിലെല്ലാം അവ പുറമെനിന്ന് കൊണ്ടുവന്നു കൃഷിചെയ്യിച്ചിട്ടുണ്ട്. മൃഗങ്ങളുടെയും മനു ഷ്യരുടെയും ഉപയോഗത്തിനുവേണ്ടി റോഡുകൾക്കരികിൽ കിണറുകൾ കുഴിപ്പിക്കുകയും വൃക്ഷങ്ങൾ നടുവിക്കുകയും ചെയ്തിട്ടുണ്ട്.'[13]

കേരളീയരും, ചോഴൻമാർ, പാണ്ഡ്യൻമാർ മുതലായ മറ്റു ദ്രാവിഡ ജനവിഭാഗങ്ങളും അശോകചക്രവർത്തിയുടെ ഭരണത്തിൻകീഴിലായിരു ന്നില്ലെന്നാണല്ലോ ഇതു കാണിക്കുന്നത്. അതേസമയത്തു തന്നെ ഈ ദക്ഷിണേന്ത്യൻ രാജ്യങ്ങൾക്ക് മൗര്യസാമ്രാജ്യവുമായി ഉറ്റ സമ്പർക്ക ങ്ങളും സൗഹാർദ്ദബന്ധങ്ങളുമുണ്ടായിരുന്നു. മതം പ്രചരിപ്പിക്കാനും വ്യാപാരങ്ങൾ പുഷ്ടിപ്പെടുത്താനും, വിദ്യാഭ്യാസം, ആരോഗ്യം മുതലായ കാര്യങ്ങളിൽ നാട്ടുകാരെ സഹായിക്കാനും വേണ്ടി അശോകചക്രവർത്തി യുടെ മിഷനറിമാർ കേരളത്തിൽ വരികയുണ്ടായി. ഈ കാലത്തായിരി ക്കണം (അതായത് ക്രി.മു. 3 -ാം നൂറ്റാണ്ടിൽ) ആര്യൻമാർ ആദ്യമായി കേരളക്കരയിൽ വന്നു പാർക്കാൻ തുടങ്ങിയത്. പക്ഷേ, ആ ആര്യൻമാർ ഭൂരിപക്ഷവും ബ്രാഹ്മണൻമാരായിരുന്നില്ല. ബൗദ്ധരും ജൈനരുമായി രുന്നു.

ക്രി.മു. 3-ാം നൂറ്റാണ്ടോടുകൂടി തെക്കേ ഇന്ത്യയിൽ ആര്യ ബ്രാഹ്മ ണരുടെ സംഘടിതമായ അധിനിവേശം ഉണ്ടായി എന്നും അവർ ഭര ണാധികാരികളായ രാജാക്കൻമാരുടെ പിന്തുണ നേടിക്കൊണ്ട് ഉയർന്ന പുരോഹിതൻമാരും രാജാക്കൻമാരുടെ ആചാര്യൻമാരും രാജസദസ്സുക ളിലെ അഗ്രഗണ്യൻമാരുമായിത്തീർന്നുവെന്നും കെ.പി.പിള്ള പ്രസ്താ വിക്കുന്നു.[14] എന്നാൽ ബുദ്ധമതത്തിന് പ്രാബല്യമുണ്ടായിരുന്ന ഒരു ഘട്ട ത്തിൽ അതിന്റെ ശത്രുക്കളായ ബ്രാഹ്മണർക്ക് ഇത്ര വലിയ സ്ഥാന ങ്ങൾ നേടാൻ കഴിഞ്ഞതെങ്ങനെ എന്ന് അദ്ദേഹം വ്യക്തമാക്കുന്നില്ല.

13. Dr. D.C. Sirkar: Inscriptions of Asoka P.40.
14. കെ.പി. പിള്ള ദക്ഷിണ ഇന്ത്യാ ചരിത്രം, പേജ് 51, 52.

ഏതായാലും ചരിത്രപരമായ തെളിവുകൾ അദ്ദേഹത്തിന്റെ അഭിപ്രായത്തെ ന്യായീകരിക്കുന്നില്ല. ഉത്തരേന്ത്യയിലെ ബ്രാഹ്മണ പുരോഹിതൻമാർ പ്രാചീന ചേരചോഴപാണ്ഡ്യ രാജാക്കൻമാരുടെ ആചാര്യൻമാരും രാജസദസ്സുകളിലെ അഗ്രഗണ്യന്മാരുമായിത്തീർന്നുവെന്നതിന്റെ സൂചനകൾ സംഘം കൃതികളിലോ മറ്റു പ്രാചീന രേഖകളിലോ കണ്ടെത്താൻ കഴിയില്ല. നേരെമറിച്ച്, പ്രാചീന കേരളീയർ ഉത്തരേന്ത്യയിലെ ആര്യൻമാരുടേതിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു സാമൂഹ്യജീവിതമാണ് നയിച്ചിരുന്നത് എന്നാണ് അവ വ്യക്തമാക്കുന്നത്. സംഘംകൃതികളിൽ പ്രത്യേകിച്ചും ആദ്യകാല സംഘം കൃതികളിൽ ആര്യസമ്പർക്കത്തിന്റെ സൂചനകൾ വളരെ വിരളമാണ്. പക്ഷേ, ബുദ്ധമതത്തിന്റെ സ്വാധീനശക്തിയിൽ നിന്ന് ഏറെക്കാലം ഒഴിഞ്ഞുമാറി നിൽക്കുക ദക്ഷിണേന്ത്യാക്കാർക്ക് സാധ്യമായിരുന്നില്ല. ചിലപ്പതികാരം, മണിമേഖല തുടങ്ങിയ പ്രാചീന തമിഴ് കാവ്യങ്ങളിൽ ബുദ്ധജൈനമതങ്ങളുടെ സ്വാധീനം കാണാം. ഈ സ്വാധീനം ക്രിസ്ത്വാബ്ദം അഞ്ചാംനൂറ്റാണ്ടുവരെയോ ആറാം നൂറ്റാണ്ടുവരെയോ വളരെ പ്രബലമായും നിർബാധമായും നിലനിന്നുപോന്നിട്ടുണ്ടെന്ന് കരുതാൻ ന്യായമുണ്ട്. ആര്യബ്രാഹ്മണരും കുറേപേർ വന്നിട്ടുണ്ടാവാം. പക്ഷേ, ബുദ്ധജൈനമതങ്ങൾ ക്ഷയിക്കാൻ തുടങ്ങുന്നതുവരെ അവർക്ക് കേരളക്കരയിൽ പറയത്തക്ക സ്ഥാനമൊന്നുമുണ്ടായിരുന്നില്ല. ചാതുർവർണ്യത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവൃത്തിവിഭജനമോ ജാതിവിഭജനമോ അല്ല കേരളത്തിലുണ്ടായിരുന്നത്. 'നമ്പൂതിരി', 'നായർ' എന്നീ പദങ്ങൾപോലും അക്കാലത്ത് പ്രചാരത്തിലുണ്ടായിരുന്നില്ല. ക്രിസ്ത്വാബ്ദം 8-ാം നൂറ്റാണ്ടിനുശേഷം മാത്രമാണ് നമ്പൂതിരിമാർ കേരളത്തിൽ കുറേശേക്കുറേശയായി ആധിപത്യം നേടാൻ തുടങ്ങിയത്. അതേപ്പറ്റി നമുക്ക് പിന്നീട് പരിശോധിക്കാം. പ്രാചീനകാലം മുതൽക്കുതന്നെ കേരളത്തിൽ ആര്യബ്രാഹ്മണർക്കും ഹിന്ദുമതത്തിനും സ്ഥാനമുണ്ടായിരുന്നു എന്നും മറ്റുമുള്ള വാദങ്ങൾ ശരിയായിരിക്കാനിടയില്ലെന്നും, വടക്കേ ഇന്ത്യയിലെ ആര്യൻമാരുടേതിൽ നിന്നും വിഭിന്നമായ ഒരു സംസ്ക്കാരവും ജീവിതരീതിയും രാഷ്ട്രീയ ഭരണക്രമവുമാണ് തെക്കെ ഇന്ത്യയിൽ തഴച്ചുവളർന്നത് എന്നും കാണിക്കാനാണ് ഇവിടെ ഇത്രയും പറഞ്ഞുവച്ചത്.

## പ്രാചീനബന്ധങ്ങൾ

പക്ഷേ, ഇതിന്റെ അർത്ഥം കേരളവും മറ്റു ദക്ഷിണേന്ത്യൻ രാജ്യങ്ങളും അന്യനാടുകളുമായി യാതൊരുബന്ധവുമില്ലാതെ ഒറ്റപ്പെട്ടുകിടക്കുകയായിരുന്നു എന്നല്ല. അതിപ്രാചീനകാലം മുതൽക്കുതന്നെ ഇന്ത്യയിലെ മറ്റുരാജ്യങ്ങളുമായും പാശ്ചാത്യരാജ്യങ്ങളുമായും കേരള

ത്തിന് വ്യാപാരബന്ധങ്ങളുമുണ്ടായിരുന്നുവെന്നും സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ കേരളീയ നാവികകലയിൽ പ്രശസ്തമായ വൈദഗ്ധ്യം നേടിക്കഴിഞ്ഞിരുന്നുവെന്നും അനുമാനിക്കാൻ ന്യായമുണ്ട്. ക്രി.മു. 10 -ാം നൂറ്റാണ്ടിൽ ഭരണം നടത്തിയിരുന്ന സോളമൻ ചക്രവർത്തിയുടെ കാലത്ത് കേരളവും പാലസ്തീനും തമ്മിൽ വാണിജ്യബന്ധങ്ങളുണ്ടായിരുന്നുവെന്നും, അതിനുമെത്രയോ മുമ്പ് പ്രാചീന ജൂതൻമാരുടെ മതച്ചടങ്ങുകളിൽ വലിയൊരു പങ്കുവഹിച്ചിരുന്ന ലവങ്ഗവും കറുവപ്പട്ടയും മറ്റും കേരളത്തിൽ നിന്ന് കയറ്റി അയയ്ക്കപ്പെട്ടവയായിരുന്നെന്നും ലോഗൻ അഭിപ്രായപ്പെടുന്നു.[15] ക്രി.മു. 3000ത്തിനും 1500 നുമിടയ്ക്ക് കേരളത്തിൽ നിന്ന് ഈജിപ്തിലേക്ക് കരിന്താളിത്തടികളും ധാന്യങ്ങളും ആനക്കൊമ്പുകൊണ്ടുള്ള പലതരം സാമഗ്രികളും കയറ്റി അയച്ചിരുന്നുവെന്ന് പി.ടി. ശ്രീനിവാസയ്യങ്കർ പ്രസ്താവിക്കുന്നു.[16] ക്രിസ്ത്വാബ്ദത്തിന് മൂവായിരം കൊല്ലങ്ങൾക്ക് മുമ്പ്, ഐക്യബാബിലോണിയയിൽ ഉർബഗാസ് എന്ന രാജാവ് ഭരണം നടത്തിക്കൊണ്ടിരുന്ന കാലത്ത് ഇന്ത്യയും ബാബിലോണിയയും തമ്മിൽ കച്ചവടബന്ധങ്ങളുണ്ടായിരുന്നുവെന്നും ഔർനഗരത്തിന്റെ പ്രാചീനാവശിഷ്ടങ്ങളുടെ കൂടെ തേക്കിൻതടികൊണ്ട് നിർമ്മിക്കപ്പെടുന്ന ചില വസ്തുക്കൾ കണ്ടെടുക്കപ്പെട്ടിട്ടുള്ളത് ഇതിന് തെളിവാണെന്നുംപ്രൊഫസർ സെയ്സ് ചൂണ്ടിക്കാട്ടുന്നു.[17] തേക്കിൻതടികൾ മലബാർ തീരത്തുനിന്ന് കയറ്റി അയയ്ക്കപ്പെട്ടവയായിരിക്കാനെ ഇടയുള്ളു എന്ന് ഹെവിറ്റ് വാദിക്കുന്നു. മോഹൻജദോരാവിൽ നിന്നും ഹരപ്പയിൽ നിന്നും കണ്ടുകിട്ടിയിട്ടുള്ള ചില തെളിവുകളെ ആധാരമാക്കിക്കൊണ്ട് ക്രിസ്ത്വാബ്ദത്തിന് മൂവായിരം കൊല്ലങ്ങൾക്കു മുമ്പുതന്നെ വടക്കേ ഇന്ത്യയിലെ സിന്ധുതടനിവാസികളും തെക്കേ ഇന്ത്യയിലെ ജനങ്ങൾ തമ്മിൽ വ്യാപാരമുണ്ടായിരുന്നുവെന്ന് ഗോർഡൻചൈൽഡ് പ്രസ്താവിക്കുന്നു.[18]

പ്രഗത്ഭരായ ഈ ഗവേഷകൻമാർ ഹാജരാക്കുന്ന തെളിവുകൾ നിസ്സാരങ്ങളല്ല. എന്നിരിക്കിലും അവരുടെ നിഗമനങ്ങളെല്ലാം ചരിത്രപരമായി തെളിയിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നവയാണെന്ന് പറയാൻവയ്യ. അവയിൽ അനുമാനത്തിന്റെയും അഭ്യൂഹത്തിന്റെയും അംശങ്ങൾ കൂടിക്കലർന്നു കിടക്കുന്നുണ്ടെന്നു കാണാം. ഉദാഹരണത്തിന്, ഏതെങ്കിലും ഒരു വിദേശരാജ്യത്തിലെ പുരാവസ്തു ഗവേഷണത്തിനിടയിൽ കണ്ടെ

15. William Logon: Malabar Vo1.I.P.245
16. P.T. Sreenivas Iyengar, History of the Tamils.
17. Sayee: Hilbert Lectures. 1887, P.137-38
18. Childe: New Light on the most Ancient, East, P.176-77

ടുക്കപ്പെട്ട തേക്കിൻതടികളോ ആനക്കൊമ്പുകളോ കേരളക്കരയിൽ നിന്ന് കയറ്റി അയയ്ക്കപ്പെട്ടവയാണെന്ന് ഉറപ്പിച്ചുപറയുന്നതെങ്ങനെയാണ്? സിന്ധുനദീതട നിവാസികൾക്ക് മെസപ്പെട്ടോമിയയുമായും ദക്ഷിണേന്ത്യയുമായും വ്യാപാരബന്ധങ്ങളുണ്ടായിരുന്നുവെന്ന് മിക്കവാറും തെളിഞ്ഞുകഴിഞ്ഞിട്ടുണ്ടെന്നുള്ളത് ശരിതന്നെ. പക്ഷെ, കേരളവും മോഹൻജദോരാവും തമ്മിൽ കൊള്ളകൊടുക്കുകളുണ്ടായിരുന്നു എന്ന് അനിഷേധ്യമാംവിധം തെളിഞ്ഞുകഴിഞ്ഞിട്ടില്ല.

എന്നാൽ ക്രിസ്തുവിന് അഞ്ചോ ആറോ നൂറ്റാണ്ടുകൾക്ക് മുമ്പ് കേരളം മറ്റു ദേശങ്ങളുമായി വ്യാപാരബന്ധം പുലർത്തിയിരുന്നുവെന്ന് നിസംശയമാംവിധം തെളിയിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നും കണ്ടെടുക്കപ്പെട്ടിട്ടുള്ള പ്രാചീന നാണയങ്ങൾ ഇരുളടഞ്ഞു കിടക്കുന്ന ആ പ്രാചീനചരിത്രത്തിലേക്ക് ധാരാളം വെളിച്ചം വീശുന്നവയാണ്. തൃശ്ശൂർ ജില്ലയിലെ ഇയ്യാൽ എന്ന സ്ഥലത്തുനിന്ന് കിട്ടിയ 33 പ്രാചീനനാണ്യങ്ങളിൽ, മൗര്യകാലത്തിനുമുമ്പുണ്ടായിരുന്ന 10 നാണ്യങ്ങളും, മൗര്യകാലത്തെ 14 നാണ്യങ്ങളും ഉൾപ്പെടുന്നു.[19] കോട്ടയം മുതലായ മറ്റു ചില സ്ഥലങ്ങളിൽ നിന്നും ഇത്തരം നാണ്യങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. കേരളവും ഉത്തരേന്ത്യൻ രാജ്യങ്ങളും തമ്മിലുണ്ടായിരുന്ന പ്രാചീനബന്ധങ്ങളുടെ മായാത്ത കണ്ണികളാണിവ.

എന്നാൽ ഉത്തരേന്ത്യൻ രാജ്യങ്ങളുമായി മാത്രമല്ല, പാശ്ചാത്യരാജ്യങ്ങളുമായും കേരളത്തിനു വ്യാപാരബന്ധങ്ങളുണ്ടായിരുന്നു. കോഴിക്കോട്, കണ്ണൂർ, കോട്ടയം തുടങ്ങിയ, പല സ്ഥലങ്ങളിൽ നിന്നും ഒട്ടധികം പഴയ റോമൻനാണ്യങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. കൂടുതലായി ലഭിച്ചിട്ടുള്ളത് ക്രി.മു. 27 മുതൽ ക്രി.പി. 117 വരെയുള്ള കാലത്തെ നാണ്യങ്ങളാണ്. തിരുവനന്തപുരത്ത് മഹാരാജാവിന്റെ കൊട്ടാരത്തിൽ സൂക്ഷിച്ചുവെയ്ക്കപ്പെട്ട റോമൻനാണ്യങ്ങളിൽ അഗസ്തസിന്റെ 9 നാണ്യങ്ങളും ടിബൈരീയസിന്റെ 28 നാണ്യങ്ങളും ക്ലോസിയസിന്റെ 16 നാണ്യങ്ങളും നീരോലിന്റെ 16 നാണ്യങ്ങളും ഉൾപ്പെടുന്നുവെന്ന് നാഗമയ്യ ചൂണ്ടിക്കാട്ടുന്നു.[20] മലബാർ കരയിൽ നിന്നു ലഭിച്ച മുപ്പതുതരം റോമൻ നാണ്യങ്ങളിൽ ഏറ്റവും പഴക്കം ചെന്നവ അഗസ്തസ് ചക്രവർത്തിയുടെ നാണ്യങ്ങളാണെന്ന് ബിഷപ്പ് കാൾഡ് വെൽ വെളിപ്പെടുത്തുകയുണ്ടായി.[21]

---

19. P. Anujan Achan: Administration Report of the Archeological Department, Cochin state 123 ME (1947-48)
20. V.Nagam Aiya: The Travancore State manual (1906), P.231.
21. Ibid P.231

നാണ്യങ്ങൾക്കു പുറമെ ഇറ്റലിയിൽ നിർമ്മിക്കപ്പെട്ട ചില പഴയ പാത്രങ്ങളും കൂജകളും പിഞ്ഞാണങ്ങളും മറ്റും കണ്ടുകിട്ടിയിട്ടുണ്ട്. മദിരാശിയിലേയും തിരുവനന്തപുരത്തേയും കാഴ്ചബംഗ്ലാവുകളിൽ സൂക്ഷിച്ചുവയ്ക്കപ്പെട്ടിട്ടുള്ള ഈ പുരാതനവസ്തുക്കൾ, ചുരുങ്ങിയത് രണ്ട് സഹസ്രാബ്ദങ്ങൾക്ക് മുമ്പുമുതൽക്കെങ്കിലും കേരളത്തിന് റോമാസാമ്രാജ്യവുമായി വാണ്യജ്യബന്ധങ്ങളുണ്ടായിരുന്നു എന്നതിന്റെ തെളിവുകളാണ്. പ്ലീനി, ടോളമി, തുടങ്ങിയ പാശ്ചാത്യലേഖകൻമാരുടെ ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ ഗ്രന്ഥങ്ങളും സംഘംകൃതികളിലെ പഴയ പാട്ടുകളും മറ്റും ഈ തെളിവുകളെ ശരിവയ്ക്കുകയും ചെയ്യുന്നു. പ്രാചീന കേരളീയരുടെ ആ സുദൃഢമായ വൈദേശികബന്ധത്തിന്റെ വിവിധവശങ്ങളെപ്പറ്റി മറ്റൊരദ്ധ്യായത്തിൽ നമുക്ക് പരിശോധിക്കാം. ക്രിസ്തുവിനുമുമ്പും ക്രിസ്തുവിനുശേഷമുള്ള ആദ്യനൂറ്റാണ്ടുകളിൽത്തന്നെ കേരളത്തിന്റെ സംസ്കാരം എത്രമാത്രം വളർന്നുകഴിഞ്ഞുവെന്നും കേരളത്തിലെ കാർഷികവിളകളും മറ്റുൽപ്പന്നങ്ങളും വിദൂരങ്ങളായ വിദേശങ്ങളിൽപ്പോലും എത്രമാത്രം പ്രശസ്തിയാർജ്ജിച്ചിരുന്നുവെന്നും അപ്പോൾ നമുക്കു മനസ്സിലാവും.

അന്യനാടുകളുമായുള്ള വാണിജ്യബന്ധങ്ങൾ പരിഷ്കൃതമായ ഒരു നാഗരിക ജീവിതത്തെയാണല്ലോ പ്രതിഫലിപ്പിക്കുന്നത്. എന്നാൽ, ഈ പരിഷ്കൃതജീവിതം പെട്ടെന്നൊരു ദിവസം കൊണ്ട് പൊന്തിവന്നതാവാനിടയില്ല. വ്യാപാരബന്ധങ്ങളാവിർഭവിക്കണമെങ്കിൽ അതിനു മുമ്പായി കൃഷിയും കൊത്തൊഴിലുകളും സാമൂഹ്യജീവിതവും ഒരു നിശ്ചിതാതിർത്തിവരെ വളർന്നിട്ടുണ്ടായിരിക്കണം. കൃഷിയും കൈത്തൊഴിലുകളുമാകട്ടെ, സഹസ്രാബ്ദങ്ങളായുള്ള മനുഷ്യസമുദായത്തിന്റെ വളർച്ചയുടെ ഫലവുമാണ്.

അപ്പോൾ കേരളത്തിലെ ജനങ്ങളുടെ ചരിത്രമാരംഭിക്കുന്നത് വെറും രണ്ടായിരമോ രണ്ടായിരത്തഞ്ഞൂറോ കൊല്ലങ്ങൾക്കു മുമ്പല്ല; അതിനുമെത്രയോ സഹസ്രാബ്ദങ്ങൾക്ക് മുമ്പാണ്. നമ്മുടെ അതി പ്രാചീനരായ പൂർവ്വികൻമാർ ഏതുതരത്തിലുള്ള ജീവിതമാണ് നയിച്ചിരുന്നത് എന്നു മനസ്സിലാക്കാൻ എന്താണ് മാർഗം? സാഹിത്യഗ്രന്ഥങ്ങളോ ശിലാശാസനങ്ങളോ സാഹസികരായ വിദേശികളുടെ യാത്രാവിവരണങ്ങളോ ഒന്നുമില്ല നമ്മെ സഹായിക്കാൻ. എന്തെന്നാൽ, എഴുത്തും വായനയും മറ്റുമാരംഭിക്കുന്നതിനു മുമ്പുള്ള ഒരു കാലഘട്ടമാണത്. പിന്നെയെന്താണ് വഴി? ഇരുളടഞ്ഞുകിടക്കുന്ന ആ ചരിത്രാതീതകാലത്തേയ്ക്കെത്തിനോക്കണമെങ്കിൽ ഒരൊറ്റവഴിയേയുള്ളു; ഭൂഗർഭശാസ്ത്രജ്ഞൻമാരുടേയും പുരാതന വസ്തുഗവേഷകൻമാരുടേയും നരവംശശാസ്ത്രജ്ഞൻമാരുടേയും സഹായം തേടുക. കേരളീയ ജീവിതത്തിന്റെ പ്രാരംഭഘട്ടത്തെപ്പറ്റി പഠിക്കാൻ മറ്റു വഴിയൊന്നുമില്ല.

## അധ്യായം രണ്ട്

# കേരളത്തിലെ ശിലായുഗ മനുഷ്യർ

ഒരു ലക്ഷമോ അതിലധികമോ കൊല്ലങ്ങൾക്കു മുമ്പുതന്നെ ഇന്ത്യയിൽ മനുഷ്യരുണ്ടായിരുന്നെന്ന് ഭൂഗർഭശാസ്ത്രജ്ഞൻമാർ ഉറപ്പിച്ചുപറയുന്നുണ്ട്. പക്ഷേ, ആ അതിപുരാതന മനുഷ്യരുടെ അശ്മാകവശിഷ്ടങ്ങളോ അവരുടെ ജീവിതത്തെപ്പറ്റി പഠിക്കാൻ സഹായിക്കുന്ന മറ്റെന്തെങ്കിലും രേഖകളോ ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും, അവർ വിട്ടുംവച്ചുപോയ പ്രാകൃതങ്ങളായ ശിലായുധങ്ങളുടെ സഹായത്തോടുകൂടി ഇന്ത്യാചരിത്രത്തിന്റെ പ്രാരംഭഘട്ടത്തെപ്പറ്റി നമുക്ക് കുറെയൊക്കെ ഊഹിച്ചു മനസ്സിലാക്കാൻ സാധിക്കും. ഭക്ഷണം, പാർപ്പിടം മുതലായവ ഉത്പാദിപ്പിക്കുവാൻ സഹായിച്ച ഇത്തരം ആയുധങ്ങളും ഉപകരണങ്ങളുമാണ് മറ്റു രാജ്യങ്ങളിലെന്നപോലെ ഇന്ത്യയിലേയും ആധിമമനുഷ്യരുടെ ജീവിതരീതിയേയും സാമൂഹ്യസമ്പ്രദായങ്ങളെയും നിർണ്ണയിച്ചത്. കഴിക്കാൻ ഭക്ഷണം, കുടിക്കാൻ വെള്ളം, പാർക്കാനിടം, ഉടുക്കാൻ തുണി, മുതലായവയാണല്ലോ ജീവസന്ധാരണത്തിനാവശ്യമായ പ്രാഥമികോപാധികൾ. അതിനാൽ മനുഷ്യചരിത്രത്തിന്റെ ഒന്നാമത്തെ പ്രവൃത്തി ഈ ഭൗതികാവശ്യങ്ങളെ നേടാൻ പറ്റിയ ഉപകരണങ്ങൾ നിർമ്മിക്കുകയാണ്. മറ്റൊരുവിധം പറഞ്ഞാൽ, മനുഷ്യന്റെ യഥാർത്ഥജീവിതത്തെ രൂപവൽക്കരിക്കുന്ന ഉപകരണങ്ങളുടെ ഉൽപ്പാദനത്തോട് കൂടിയാണ് മനുഷ്യചരിത്രം തന്നെ ആരംഭിക്കുന്നത്. മാർക്സ് എഴുതുകയുണ്ടായി:

'പ്രവൃത്തിക്കുള്ള ഉപകരണങ്ങളുണ്ടാക്കി ഉപയോഗിക്കുന്ന ഏർപ്പാട് പലതരം ജന്തുക്കൾക്കിടയിൽ ബീജരൂപത്തിൽ കാണാമെങ്കിലും, മനുഷ്യപ്രയത്നത്തിന്റെ സവിശേഷമായ ഒരു പ്രത്യേകയാണത്. അതു

കൊണ്ടാണ് ഫ്രാങ്ക്ലിൻ മനുഷ്യനെ പണിയായുധങ്ങളുണ്ടാക്കുന്ന മൃഗം എന്ന് നിർവ്വഹിച്ചത്. നാമാവശേഷമായിത്തീർന്ന ചിലതരം ജന്തുക്കളുടെ സ്വരൂപം നിർണ്ണയിക്കാൻ മണ്ണടിഞ്ഞ എല്ലിൻകഷണങ്ങൾ എത്രമാത്രം ഉപകരിക്കുമോ അത്രതന്നെ പ്രാധാന്യമേറിയതാണ് നാമവിശേഷമായി ത്തീർന്ന സമുദായങ്ങളുടെ സാമ്പത്തിക സ്വരൂപം നിർണ്ണയിക്കുന്ന കാര്യ ത്തിൽ കഴിഞ്ഞുപോയ കാലത്തെ മനുഷ്യരുടെ പണിയായുധങ്ങൾ പരി ശോധിക്കുക എന്നത്. ഏതെല്ലാം സാധനങ്ങളുണ്ടാക്കപ്പെടുന്നത് എന്നു ള്ളതല്ല, അവയെ എങ്ങനെ, ഏതു പണിയായുധങ്ങളുപയോഗിച്ചുണ്ടാ ക്കുന്നു എന്നുള്ളതാണ് വിവിധ സാമ്പത്തികദശകളെ വേർതിരിച്ചറിയാൻ നമ്മെ സഹായിക്കുന്നത്. മനുഷ്യപ്രയത്നത്തിനു നേടാൻ കഴിഞ്ഞിട്ടുള്ള അഭിവൃദ്ധിയുടെ നിലവാരം അളന്നുനോക്കാൻ പണിയായുധങ്ങൾ ഒരു മാനദണ്ഡമായിത്തീരുന്നു. മാത്രമല്ല, ഏതേതു സാമൂഹ്യപരിസ്ഥിതിക ളിലാണ് മനുഷ്യപ്രയത്നം നടത്തപ്പെട്ടിട്ടുള്ളത് എന്നുകൂടി ഈ പണി യായുധങ്ങൾ ചൂണ്ടിക്കാട്ടിത്തരുന്നു.[1]

## മൂന്നു ശിലായുഗങ്ങൾ

ഭൂഗർഭശാസ്ത്രജ്ഞൻമാരുടെയും പുരാതനവസ്തുഗവേഷകന്മാരു ടേയും അശ്രാന്തപരിശ്രമങ്ങളുടെ ഫലമായി കല്ലുകൾകൊണ്ടും ലോഹ ങ്ങൾക്കൊണ്ടും നിർമ്മിക്കപ്പെട്ട പ്രാകൃതങ്ങളായ പലതരം ഉപകരണ ങ്ങളും ആയുധങ്ങളും ഭൂമിക്കടിയിൽ നിന്നും കുഴിച്ചെടുക്കപ്പെട്ടിട്ടുണ്ട്. ആദ്യം കാടുപ്രദേശങ്ങളിലും ഗുഹകളിലും മലയോരങ്ങളിലും, പിന്നീട് ഫലപുഷ്ടിയുള്ള സമതലപ്രദേശങ്ങളിലും മെരുങ്ങാൻ കൂട്ടാക്കാത്ത ദുർഗ്രഹങ്ങളായ പ്രകൃതി ശക്തികളോടു മല്ലിട്ടു ജീവിച്ചിരുന്ന പ്രാചീന മനുഷ്യരുടെ ഉപകരണങ്ങളും ആയുധങ്ങളുമാണവ. അവയുടെ ആകൃ തി, സ്വഭാവം, പഴക്കം മുതലായവ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ശാസ്ത്രജ്ഞൻമാർ ചരിത്രാതീതകാലത്തിന് ശിലായുഗം, ചെമ്പുയുഗം, പിത്തളയുഗം എന്നൊക്കെ പേരിട്ടിരിക്കുന്നു. ആരംഭത്തിൽ മരംകൊണ്ടും കല്ലുകൊണ്ടുമുള്ള ഉപകരണങ്ങൾ മാത്രമാണുണ്ടായിരുന്നത്. ലോഹ ങ്ങൾ കണ്ടുപിടിക്കപ്പെട്ടത് വളരെ വളരെ സഹസ്രാബ്ദങ്ങൾക്കുശേഷ മാണ്. ലോഹയുഗമാരംഭിക്കുന്നതിന് മുമ്പ് ശിലായുഗത്തിലാണ് മനു ഷ്യർ ജീവിച്ചിരുന്നത്. ശിലായുഗം തന്നെ പ്രാചീന ശിലായുഗം, മധ്യശി ലായുഗം, നവീനശിലായുഗം എന്നിങ്ങനെ മൂന്നുഘട്ടങ്ങളായി വേർതിരി ക്കപ്പെട്ടിരിക്കുന്നു.

1. Marx Capital: Vol .1

ഏറ്റവും അപരിഷ്കൃതവും ചെത്തിമിനുക്കാത്തവയുമായ പരുപരുത്ത കല്ലിൻകഷണങ്ങളും വടിക്കഷണങ്ങളുമായി പ്രാകൃതമനുഷ്യൻ കാട്ടുമൃഗങ്ങളേയും പ്രകൃതിശക്തികളേയും എതിർത്തുകൊണ്ട് ജീവിച്ചിരുന്ന അതിപ്രാചീന കാലമാണ് പ്രാചീനശിലായുഗം. കുടിക്കാൻ വെള്ളവും ആയുധങ്ങൾക്കുപറ്റിയ കല്ലുകളും ധാരാളം കിട്ടുന്ന നദീതീരങ്ങളിൽ നിന്ന് വളരെ ദൂരെയല്ലാത്ത ഗുഹകളിലോ പർവ്വതപ്രദേശങ്ങളിലോ കാട്ടുമൃഗങ്ങൾക്ക് പിടിയെത്താത്തമറ്റു സുരക്ഷിത സ്ഥാനങ്ങളിലോ ആണ് അന്ന് മനുഷ്യർ ജീവിച്ചിരുന്നത്. കാട്ടുമൃഗങ്ങളിൽ നിന്നു കിട്ടുന്ന കായ്കനികളും എറിഞ്ഞുകൊല്ലപ്പെടുന്ന പക്ഷിമൃഗാദികളുടെ മാംസവും ആയിരുന്നു അവരുടെ പ്രധാനഭക്ഷണം. മൃഗങ്ങളെ പോറ്റിവളർത്താനോ ധാന്യങ്ങളും മറ്റും കൃഷിചെയ്യാനോ അന്നവർക്ക് കഴിഞ്ഞിരുന്നില്ല. ലോഹങ്ങളുടെ ഉപയോഗംതന്നെ അജ്ഞാതമായിരുന്നു. കൂർത്ത കല്ലിൻ കഷണങ്ങൾ, വടികൾ ഇവയല്ലാതെ മറ്റായുധങ്ങളൊന്നുമില്ല. ഇതാണ് പ്രാചീനശിലായുഗം. പ്രാചീനശിലായുഗത്തിലെ പ്രാകൃതമനുഷ്യർ തങ്ങളുടെ നീണ്ടകാലത്തെ അനുഭവങ്ങളിലൂടെ കല്ലുകൾ കൊത്തിത്തേച്ചുകൂർപ്പിക്കാനും അവകൊണ്ട് മഴു, വാൾ, ചുറ്റിക, ഉളി എന്നിങ്ങനെയുള്ള പലതരം ആയുധസാമഗ്രികളുണ്ടാക്കാനും പഠിച്ചു. കൂടുതലെളുപ്പത്തിൽ മൃഗങ്ങളെ വേട്ടയാടാൻ ഇതവരെ സഹായിച്ചു. ഈ ഘട്ടമാണ് നവീനശിലായുഗം. പ്രാചീനശിലായുഗത്തിനും നവീനശിലായുഗത്തിനും ഇടയിലുള്ള കാലഘട്ടത്തെ മദ്ധ്യശിലായുഗമെന്നു വിളിക്കുന്നു.

പ്രാചീനശിലായുഗത്തിന്റെ അവസാനഘട്ടം ക്രി.മു 50,000 മുതൽ 10,000 വരെയും നവീനശിലായുഗം ക്രി.മു. 10,000 മുതൽ 5,000 വരെയുമാണ് നിലനിന്നിരുന്നതെന്നും അതിനുശേഷമുള്ള കാലഘട്ടത്തെ ലോഹയുഗമെന്ന് വിളിക്കാമെന്നും ചില ശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. യാതൊരു നീക്കുപോക്കുമില്ലാത്ത ഒരു കാലനിർണ്ണയമാണിതെന്ന് കരുതേണ്ടതില്ല. ഓരോ യുഗവും ശരിക്കു ഏതുകൊല്ലം മുതൽ ഏതു കൊല്ലം വരെയാണ് നിലനിന്നിരുന്നതെന്ന് കൃത്യമായി കണക്കുകൂട്ടി പറയുക സാധ്യമല്ല.

ക്രി. 1863 – ൽ റോബർട്ട് ബ്രൂസ്ഫൂട്ടെ എന്ന ഭൂഗർഭശാസ്ത്രജ്ഞനാണ് തമിഴ്നാട്ടിലെ പല്ലാവാരത്തുനിന്ന് ആദ്യമായി ചില പ്രാചീന ശിലായുധങ്ങൾ കണ്ടുപിടിച്ചത്. അതിനെ തുടർന്ന് ഫൂട്ടോയുടെതന്നെയും മറ്റു ഗവേഷകരുടെയും ഇടവിടാത്ത പരിശ്രമങ്ങളുടെ ഫലമായി ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നും ശിലായുഗമനുഷ്യരുപയോഗിച്ചിരുന്ന പലതരം ഉപകരണങ്ങൾ കണ്ടുകിട്ടുകയുണ്ടായി. പ്രാചീന ശിലായുഗത്തിലെ ഇരുപത്തഞ്ചുതരം പരുക്കൻ ആയുധോപകരണങ്ങളുടേയും,

നവീനശിലായുഗത്തിലെ തേച്ചുമിനുക്കിയ നാൽപതുതരം ആയുധോപ കരണങ്ങളുടെയും സവിസ്തരമായ പട്ടികകൾ ഫൂട്ടോതന്നെ പ്രസിദ്ധം ചെയ്തിട്ടുണ്ട്.[2] കല്ലുകൊണ്ടുള്ള കൈക്കോടാലി, കൺമഴു, വെട്ടുകത്തി, ചുരണ്ടി, തോലുളി, കൊത്തുളി എന്നിങ്ങനെയുള്ള വിവിധോപകരണ ങ്ങൾ അവയിലുൾപ്പെടുന്നു.

ഇന്ത്യയിൽ നിന്നുകിട്ടിയ പ്രാചീന ശിലായുധങ്ങളെ സാമാന്യേന 'സോഹൻ വ്യവസായങ്ങൾ', 'മദിരാശി വ്യവസായങ്ങൾ' എന്നിങ്ങനെ രണ്ടായി തരംതിരിച്ചിട്ടുണ്ട്. ഒന്നാം വിഭാഗത്തിൽപെട്ടവ പ്രധാനമായും സിന്ധുവിന്റെ ഒരു പോഷകനദിയായ സോഹൻനദിയുടെ തീരങ്ങളിൽ നിന്നാണ് കിട്ടിയിട്ടുള്ളത്. കല്ലിന്റെ ഒരു ഭാഗം മാത്രം ചെത്തി വായ്ത്ത ലയാക്കിയ ഈ പ്രാകൃതോപകരണങ്ങൾ ഏകമുഖായുധങ്ങളെന്ന പേരി ലാണറിയപ്പെടുന്നത്. മദിരാശിക്കടുത്തുനിന്ന് കിട്ടിയ ഇറച്ചിക്കത്തി, കൈമഴു മുതലായ ഉപകരണങ്ങൾ രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നു. ഇരുതലയും ചെത്തിയ ഈ ഉപകരണങ്ങളെ ദ്വിമുഖായുധങ്ങൾ എന്നാണ് പറയുന്നത്.[3] പഞ്ചാബ്, രാജസ്ഥാൻ, ഗുജറാത്ത്, മദ്ധ്യേന്ത്യ, ദക്ഷി ണേന്ത്യ എന്നിങ്ങനെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ഈ രണ്ടു വിഭാഗത്തിലും പെട്ട ഒട്ടനവധി ആയുധശേഖരങ്ങൾ ലഭിച്ചുകഴിഞ്ഞിട്ടു ണ്ട്. മദ്ധ്യേന്ത്യയിലും ദക്ഷിണേന്ത്യയിലും നദീതീരങ്ങളിൽ ധാരാളമായി കാണപ്പെടുന്ന കൈമഴു, ഇറച്ചിക്കത്തി തുടങ്ങിയ പ്രാചീനശിലായുധ ങ്ങൾ മിക്കവയും ദീർഘവൃത്താകൃതിയിലുള്ളവയാണ്. അതായത്, 'മദി രാശി വ്യവസായ'ത്തിൽപ്പെട്ട ദ്വിമുഖായുധങ്ങളാണ്. നീണ്ട സഹസ്രാ ബ്ദങ്ങളോളം നമ്മുടെ പൂർവ്വികൻമാർ ഇത്തരം ആയുധങ്ങളാണുപയോ ഗിച്ചിരുന്നത്.

തെക്കെ ഇന്ത്യയിലെ കടപ്പ, ഗോദാവരി, ചിങ്കൽപേട്ട, വടക്ക നാർക്കാട്, നെല്ലൂർ, കണ്ണല്ലൂർ, ബ്രഹ്മഗിരി, ഹൈദരാബാദ്, തെക്കൻകർണ്ണാടകം മുതലായ സ്ഥലങ്ങളിൽ നിന്നാണ് ശിലായുധങ്ങൾ ധാരാളമായി കണ്ടുകിട്ടിയിട്ടുള്ളത്. അവയിലധികവും കൂഴാംകല്ല് അല്ലെ ങ്കിൽ വെള്ളാരംകല്ലുകൊണ്ട് നിർമ്മിക്കപ്പെട്ടവയാണ്. ഈ പ്രദേശങ്ങളി ലെല്ലാം പ്രാചീനശിലായുഗം മുതൽക്കുതന്നെ ജനങ്ങൾ ജീവിച്ചിരുന്നു എന്നു വിളിച്ചുപറയുന്നു.

നവീന ശിലായുഗമാരംഭിക്കുന്നതിനു മുമ്പ് മദ്ധ്യേന്ത്യയിലും ദക്ഷി ണേന്ത്യയിലും ചെറുശിലായുധങ്ങളെന്ന പേരിലറിയപ്പെടുന്ന പുതിയൊ

2. R.Bruce Foote: The Indian Pre-historic and Protohistoric Antiquities.
3. V.D. Krishna Swami: Stone Age in India.

രുതരം ഉപകരണങ്ങൾ പ്രചാരത്തിലുണ്ടായിരുന്നുവെന്നതിന് തെളിവുകളുണ്ട്. ഉദാഹരണത്തിന്, നർമ്മദാനദിയുടെ തീരത്തുള്ള മഹേശ്വർ, ഗോദാവരിയുടെ ഒരുപനദിയായ പ്രവരയുടെ തീരത്തുള്ള നെവാസ എന്നിവിടങ്ങളിൽ നിന്ന് ചെറുതും കൂടുതൽ ഭംഗിയുള്ളതുമുള്ള ചുരണ്ടികൾ, കൊത്തുളികൾ മുതലായവ കണ്ടുകിട്ടുകയുണ്ടായി. ഇവ ദീർഘാകൃതിയിലുള്ള ദ്വിമുഖായുധങ്ങളേക്കാൾ വളരെക്കാലത്തിനുശേഷം മാത്രമുണ്ടായവയാണെന്ന് പാറയട്ടി ക്രമത്തിലുള്ള തെളിവുകൾ കാണിക്കുന്നു.[4] പ്രാചീനശിലാകാലത്തിനും നവീനശിലാകാലത്തിനുമിടയിലുള്ള ഒരു മധ്യശിലാഘട്ടത്തെയാണ് ഇവിടെ കുറിക്കുന്നത്. എന്നാൽ, നവീനശിലായുഗത്തേയും ചെറുശിലായുഗത്തേയും വേർതിരിക്കുക എളുപ്പമല്ല. രണ്ടും ഇടകലർന്നാണ് പലപ്പോഴും കാണപ്പെടുന്നത്.

## പ്രാകൃത മനുഷ്യന്റെ പുരോഗതി

നവീന ശിലായുഗത്തിനു മുമ്പുതന്നെ പ്രാകൃത മനുഷ്യൻ ചക്കിക്കല്ല് (തീപിടിപ്പിക്കാനുപയോഗിക്കുന്ന കല്ല്) ഉരച്ച് തീയുണ്ടാക്കാൻ പഠിച്ചുകഴിഞ്ഞിരുന്നു. തീയുടെ ഉപയോഗം മനുഷ്യന്റെ വികാസക്രമത്തിലെ അതിപ്രധാനമായ ഒരു ഘട്ടത്തെയാണ് കുറിക്കുന്നത്. കൊന്നുകിട്ടുന്ന മത്സ്യമൃഗാദികളെ വേവിച്ചുതിന്നാനും, ആയുധോപകരണങ്ങളെ കൂടുതൽ പരിഷ്ക്കരിക്കാനും അതികഠിനമായ ശൈത്യത്തിന്റെ ആക്രമണത്തിൽ നിന്ന് രക്ഷപ്പെടാനും, ചുട്ടെടുത്ത മൺപാത്രങ്ങളും ഇഷ്ടികകളും മറ്റും നിർമ്മിച്ച് ജീവിതകാഠിന്യം ലഘൂകരിക്കാനും അതു സഹായിച്ചു. നവീനശിലായുഗത്തിലെ മുഖ്യമായ ഒരു കണ്ടുപിടിത്തുമാണ് മൺപാത്രം. നവീനശിലായുഗങ്ങളുടെകൂടെ കറുപ്പുനിറത്തിലോ ചാരനിറത്തിലോ ഉള്ള പലതരം പരുക്കൻ മൺപാത്രങ്ങൾ കുഴിച്ചെടുക്കപ്പെട്ടിട്ടുണ്ട്. ശിലായുഗമനുഷ്യർ ഭക്ഷണം പാകംചെയ്യാനോ വെള്ളം കുടിക്കാനോ വീട്ടുസാമഗ്രികൾ സൂക്ഷിച്ചുവയ്ക്കാനോ വേണ്ടി ഉപയോഗിച്ച പാത്രങ്ങളാണിവ. ഇന്ത്യയിൽ ചൂളയ്ക്കുവച്ച മൺപാത്രങ്ങളാവിർഭവിച്ചതും ക്രി.മു. 3000ത്തിന് മുമ്പാവാനിടയില്ലെന്ന് ചിലർ അഭിപ്രായപ്പെടുന്നു.[5]

നവീനശിലായുഗ മനുഷ്യർ കല്ലുകൊണ്ടുള്ള ആയുധങ്ങളെയോ മൺപാത്രങ്ങൾ തുടങ്ങിയ മറ്റു സാമഗ്രികളെയോ മാത്രമല്ല ആശ്രയിച്ചിരുന്നത്. മുളക്കൊമ്പോ കാട്ടുചൂരലോ വളച്ചുപിടിച്ച് രണ്ടുതലയ്ക്കലും ഉറപ്പുള്ള ഏതെങ്കിലും വള്ളിയുടെ അറ്റങ്ങൾ കെട്ടിപ്പിടിപ്പിച്ച് വില്ലുണ്ടാ

4. അമലാനന്ദഘോഷ്: ഇന്ത്യൻ പുരാതന വസ്തുവിജ്ഞാനം പേജ് 16.

5. Sir. Mortimal Wheeler: Early India And Pakisthan. Page -72

ക്കാനും കരിവേല മരത്തിന്റെയോ മറ്റോ മുള്ളുകൾ അസ്ത്രങ്ങളായി ഉപയോഗിക്കാനും അവർ പഠിച്ചുകഴിഞ്ഞിരുന്നു. കടുപ്പമുള്ള അമ്പിൻമുനകൾ അറബികടൽത്തീരത്തിലെ മീൻപിടുത്തക്കാരായ നവീനശിലായുഗമനുഷ്യർ ധാരാളം ഉപയോഗിച്ചിരുന്നു എന്ന് ഫൂട്ടേ ചൂണ്ടിക്കാണിക്കുന്നു.[6]

പി.ടി. ശ്രീനിവാസയ്യങ്കാർ എഴുതുന്നു.

'തെക്കേ ഇന്ത്യയിലെ കുറിഞ്ചിപ്രദേശങ്ങളിൽ അതായത് പർവ്വത പ്രദേശങ്ങളിൽ മുളകൾ ധാരാളമായി വളരുന്നു. ആ പ്രദേശങ്ങളിൽ ജീവിച്ചിരുന്ന കുറവർ തുടങ്ങിയ ആദിവാസികൾ മുളകഷണങ്ങളെ എളുപ്പത്തിൽ വളയ്ക്കാൻ കഴിയുമെന്ന് ബുദ്ധിപൂർവ്വം കണ്ടുപിടിച്ചു. അവർ അവയെ വളച്ചുപിടിച്ച് രണ്ടുതലയ്ക്കലും ഉണങ്ങിയ നീണ്ടവള്ളിയുടെ അറ്റങ്ങൾ കെട്ടിപ്പിടിപ്പിക്കുകയും അതിൻമേൽ നീണ്ടമുള്ളുകൾ വച്ച് എയ്യുകയും ചെയ്തു. ഇതാണ് വില്ലിന്റെ ഉത്ഭവം'[7]

ആദ്യകാലത്ത് കല്ലുകൊണ്ടുള്ള അപരിഷ്കൃതോപകരണങ്ങളുടെ സഹായത്തോടുകൂടിയാണ് വന്യമൃഗങ്ങളെ വേട്ടയാടിയിരുന്നത്. എന്നാൽ അമ്പുംവില്ലും ഉപയോഗിക്കാൻ പഠിച്ചതോടുകൂടി കാട്ടുമൃഗങ്ങളെ കൂടുതലെളുപ്പത്തിൽ വേട്ടയാടിപ്പിടിക്കാമെന്നായി. പ്രാകൃതസമൂഹത്തിലാകെ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തിയ ഒരു കണ്ടുപിടുത്തമായിരുന്നു ഇത്. എന്നാൽ പക്ഷിമൃഗാദികളെ ദൂരത്തുനിന്നും എയ്തുകൊല്ലാനും കൊല്ലാതെതന്നെ പിടിച്ചുകൊണ്ടുവരാനും ഇത് സഹായകമായിത്തീർന്നു. അങ്ങനെ പിടികിട്ടുന്ന മൃഗങ്ങളെ അന്നന്ന് കൊന്നുതിന്നാതെ ഭാവിയിലേയ്ക്കുള്ള കരുതലായി പോറ്റിവളർത്താമെന്നായി. വേട്ടയാടുന്ന മനുഷ്യർ, മൃഗങ്ങളെ പോറ്റിവളർത്തുന്ന മനുഷ്യരായി മാറി. മൃഗങ്ങളെ മെരുക്കി വളർത്താൻ തുടങ്ങിയപ്പോൾ കൂടുതൽ സ്ഥിരമായി മാംസം ലഭിക്കുന്നതിനുള്ള ഒരു മാർഗം തുറന്നുകിട്ടി. മാംസാഹാരം മനുഷ്യന്റെ ശാരീരികശക്തിയെ മാത്രമല്ല, മാനസികശക്തിയേയും ഗണ്യമായതോതിൽ വർദ്ധിപ്പിച്ചു. ഏംഗെൽസ് ചൂണ്ടിക്കാണിക്കുന്നതുപോലെ, മാംസാഹാരത്തിന്റെ ഏറ്റവും സത്തായ ഫലമുണ്ടായത് മസ്തിഷ്കത്തിനാണ്. അതിന്റെ പോഷണത്തിനും വളർച്ചയ്ക്കും ആവശ്യമായ സാധനങ്ങൾ മുമ്പത്തെക്കാളും ധാരാളം ലഭിക്കുവാൻ തുടങ്ങി. അങ്ങനെ ഓരോ തലമുറ കഴിയുന്തോറും മസ്തിഷ്കത്തിന് കൂടുതൽ വേഗത്തിലും കൂടുതൽ പൂർണ്ണമായും വികസിക്കാൻ സാധിച്ചു.[8]

---

6. R.Bruce Foote: The Indian Pre-historic and Protohistoric Antiqutes. P. 22
7. T.Sreenivas Iyenkar: History of the Tamils.
8. ഏംഗെൽസ്, മനുഷ്യന്റെ വളർച്ചയും അദ്ധ്വാനവും. പേജ് 17.

കന്നുകാലികളെ പോറ്റിവളർത്താൻ പറ്റിയ മേച്ചിൽ സ്ഥലങ്ങളന്വേഷിച്ചുകൊണ്ട് നമ്മുടെ പൂർവ്വികൻമാർ മെല്ലെമെല്ലെ കാട്ടുപ്രദേശങ്ങളിൽനിന്നും സമതലപ്രദേശങ്ങളിലേയ്ക്കിറങ്ങിവന്നു. ഈ ഘട്ടത്തിലാണ് അവർ തങ്ങളുടെ ആയുധോപകരണങ്ങളെ കൂടുതൽ പരിഷ്ക്കരിച്ച്, ഫലപുഷ്ടിയുള്ള ഭൂപ്രദേശങ്ങളിൽ സ്ഥിരവാസമാരംഭിച്ച്, ധാന്യങ്ങളും പഴങ്ങളും മറ്റും കൃഷിചെയ്യാൻ തുടങ്ങിയത്. കൃഷിചെയ്യാൻ പറ്റിയ സ്ഥലങ്ങൾ പരിമിതമായിരുന്നു. കാട്ടുപ്രദേശങ്ങളായിരുന്നു കൂടുതൽ. അതുകൊണ്ട് നമ്മുടെ മുൻഗാമികളായ നവീന ശിലായുഗമനുഷ്യർ കൂട്ടംകൂട്ടമായി കൻമഴുവെടുത്ത് കാടുവെട്ടിത്തെളിക്കാൻ മുതിർന്നു. ഇവിടെയും തീ വലിയൊരു പങ്കാണ് വഹിച്ചത്. തീയുടെ സഹായത്തോടുകൂടിയാണ് പ്രാചീനമനുഷ്യർ ഒട്ടനവധി കാട്ടുപ്രദേശങ്ങളെ കൃഷിസ്ഥലങ്ങളാക്കി മാറ്റിയത്.

കൃഷിയും നായാട്ടും സാമൂഹ്യജീവിതത്തിൽ പല പരിഷ്ക്കാരങ്ങളുമുണ്ടാക്കി. പാൽ, വെണ്ണ, ഇറച്ചി, പഴം, ധാന്യങ്ങൾ മുതലായവയുടെ ഉൽപ്പാദനം വർദ്ധിച്ചു. ആടുമാടുകൾ, വിലപിടിച്ച സ്വത്തുക്കളായിത്തീർന്നു. വിവിധങ്ങളായ വീട്ടുസാമഗ്രികൾ പ്രചാരത്തിൽ വന്നു. പരുത്തികൊണ്ടും ആട്ടിൻരോമങ്ങൾ കൊണ്ടും മറ്റുമുള്ള വസ്ത്രങ്ങൾ നെയ്യാൻ തുടങ്ങിയതും ഈ ഘട്ടത്തിലാണ്. എന്നാൽ, നവീനശിലായുഗത്തിന്റെ അവസാനത്തിലാണ് ലോഹപൂർവ്വവും ത്വരിതവുമായ പുരോഗതി കൈവന്നത്. ഒന്നിനുശേഷം മറ്റൊന്നായി, ചെമ്പ്, പിത്തള, ഓട്, സ്വർണ്ണം, ഇരുമ്പ് എന്നീ ലോഹങ്ങൾ കൊണ്ടുള്ള പലതരം ഉപകരണങ്ങളും പ്രചാരത്തിൽ വന്നു. അങ്ങനെ പ്രാചീന മനുഷ്യർ അഭിവൃദ്ധിയുടെ പുതിയൊരു ഘട്ടത്തിലേക്ക് കാലെടുത്തുവച്ചു.

## ലോഹയുഗം

ക്രി.മു. ഒന്നാം സഹസ്രാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിൽ തെക്കെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നവീനശിലായുഗ മനുഷ്യരാണ് ജീവിച്ചിരുന്നത് എന്ന് ചില പുരാവസ്തുഗവേഷകൻമാർ പ്രസ്താവിക്കുന്നുണ്ട്. സാരാംശത്തിൽ നവീനശിലായുഗത്തിന്റേതായ ഒരു സംസ്കാരം ക്രി.മു. ഒന്നാംസഹസ്രാബ്ദത്തിന്റെ മധ്യകാലംവരെയും നിലനിന്നുപോന്നുവെന്നും, അതിനുശേഷം മദ്ധ്യപ്രദേശിയെ നാഗപ്പൂർ മുതൽ കന്യാകുമാരി വരെ തെക്കെ ഇന്ത്യയിലൊട്ടുക്കും ഇരുമ്പ് ധാരാളമായി ഉപയോഗിക്കപ്പെടാൻ തുടങ്ങി എന്നുമാണ് ഗോർഡൻ പ്രസ്താവിക്കുന്നത്.[9]

9. D.H. Gorden. The Pre-historic Background of Indian Culture, p. 170-71

എന്നാൽ നർമ്മദ, തുംഗഭദ്ര, ഗോദാവരി തുടങ്ങിയ നദികളുടെ താഴ്വരകളിൽ നിന്ന് നവീനശിലായുധങ്ങൾ, ചെറുശിലായുധങ്ങൾ, ചാരനിറത്തിലും കറുത്ത ചായപ്പണിയോടുകൂടി ചുവപ്പുനിറത്തിലുമുള്ള മൺപാത്രങ്ങൾ, വെൺകല്ലുകൾ, ചെമ്പുകൊണ്ടുള്ള പലതരം സാമഗ്രികൾ എന്നിവയെല്ലാമടങ്ങിയ ഒരു താമ്രശിലാസംസ്കാരത്തിന്റെ തെളിവുകൾ ലഭിച്ചിട്ടുണ്ട്. ചെമ്പുകൊണ്ടുള്ള ഉപകരണങ്ങൾ വളരെക്കുറച്ചേ കണ്ടുകിട്ടിയിട്ടുള്ളു. അധികവും വിവിധതരത്തിലുള്ള ശിലായുധങ്ങളാണ്. എങ്കിലും വളരെ നീണ്ടകാലത്തോളം നിലനിന്നുപോന്ന ചെറുശിലാസംസ്കാരത്തിനു ശേഷം ചുരുങ്ങിയ കാലമെങ്കിലും സങ്കീർണ്ണമായ ഒരു താമ്രയുഗം നിലനിന്നിട്ടുണ്ടാവും. പക്ഷേ, ചെമ്പുകൊണ്ടുള്ള ഉപകരണങ്ങളും ശിലോപകരണങ്ങളും കൂട്ടിക്കലർന്നാണ് എല്ലായിടത്തും കാണപ്പെട്ടിട്ടുള്ളത്. കെട്ടിപ്പിണഞ്ഞ ഈ താമ്രശിലാസംസ്കാരം ക്രി.മു. രണ്ടാം സഹസ്രാബ്ദത്തിന്റെ ഉത്തരാർദ്ധത്തിലും ഒന്നാം സഹസ്രാബ്ദത്തിന്റെ പൂർവ്വാർദ്ധത്തിലുമാണ് നിലനിന്നിരുന്നത് എന്നു കണക്കാക്കപ്പെടുന്നു.[10] അതിനുമുമ്പായിരിക്കാം ശുദ്ധമായ ശിലായുഗം നിലനിന്നത്.

ഇരുമ്പുകൊണ്ടുള്ള ഉപകരണങ്ങൾ പ്രചാരത്തിൽ വന്നതോടെ ശിലായുഗത്തിലെ ഉപകരണങ്ങൾ അന്തർദ്ധാനം ചെയ്യുകയുണ്ടായി. ലോഹം കൊണ്ടുള്ള ഉപകരണങ്ങളോടൊപ്പം കൻമഴു തുടങ്ങിയ ശിലായുധങ്ങളും മൺപാത്രങ്ങളും മരംകൊണ്ടുള്ള ഗദ, ഉരൽ മുതലായവയും നിലനിന്നുപോന്നു. ഭൂഗർഭശാസ്ത്രജ്ഞൻമാർ ഉൽഖനനം ചെയ്ത പല പ്രദേശങ്ങളിലും കല്ലുകൊണ്ടും ലോഹംകൊണ്ടുമുള്ള ഉപകരണങ്ങൾ ഇടകലർന്ന് ഒന്നിച്ചു കിടക്കുന്നതായി കാണപ്പെട്ടിരിക്കുന്നു.

ഇരുമ്പ് കണ്ടുപിടിക്കപ്പെട്ടതോടെ അതിന്റെ ഉപയോഗം സാർവത്രികമായിത്തീർന്നു എന്നു ധരിക്കരുത്. ചില പ്രദേശങ്ങളിൽ ഇരുമ്പുകൊണ്ടുള്ള ഉപകരണങ്ങൾക്ക് പ്രാധാന്യം ലഭിച്ചപ്പോൾ മറ്റു ചില പ്രദേശങ്ങളിലെ ജനങ്ങൾ നവീനശിലായുഗത്തിൽ തന്നെ ജീവിക്കുന്നുണ്ടായിരുന്നു. സാമൂഹ്യവളർച്ച അസമമായിട്ടായിരുന്നു. ഇരുമ്പിന്റെ ഉപയോഗം പരന്നുപിടിച്ചതിനുശേഷവും തെക്കെ ഇന്ത്യയുടെ പല ഭാഗങ്ങളിലും ശിലോപകരണങ്ങൾ മാത്രമുപയോഗിച്ചു ജീവിച്ചിരുന്ന ജനങ്ങളുണ്ടായിരുന്നു. ആധുനികകാലത്തുപോലും നമ്മുടെ ഗിരിവർഗ്ഗക്കാർക്കിടയിൽ അത്തരം അപരിഷ്കൃത ജനങ്ങളെ കണ്ടെത്താൻ കഴിയും.

10. അമലാനന്ദഘോഷ്: ഇന്ത്യൻ പുരാവസ്തു വിജ്ഞാനം, പേജ് 20.

## കേരളവും ശിലായുഗവും

കേരളക്കരയിൽ നിന്ന് പറയത്തക്ക പ്രാചീനശിലായുധങ്ങളൊന്നും ഇതുവരെ കണ്ടുകിട്ടിയിട്ടേയില്ല. നവീനശിലായുധങ്ങളും കുറവാണ്. കേരളത്തിലെ ജനങ്ങൾ ശിലായുഗത്തിൽ ജീവിച്ചിരുന്നില്ല എന്നാണോ ഇതിൽ നിന്ന് അനുമാനിക്കേണ്ടത്? തെക്കേ ഇന്ത്യയിലെ മറ്റു പ്രദേശങ്ങളിലെ ശിലായുഗമനുഷ്യർക്ക് തങ്ങളുടെ പ്രാകൃതോപകരണങ്ങൾ കൊണ്ട് കേരളക്കരയിൽ തിങ്ങിനിറഞ്ഞുനിന്നിരുന്ന കാടുകൾ വെട്ടിത്തെളിക്കാൻ സാധിച്ചില്ലെന്നും അതുകൊണ്ട് അവർ സഹ്യാദ്രിക്കപ്പുറത്തുതന്നെ കഴിച്ചുകൂട്ടി എന്നുമാണ് ചിലർ പറയുന്നത്. പ്രാകൃതശിലോപകരണങ്ങൾക്കു പറ്റിയ കൂഴാംകല്ലോ, നവീനശിലായുധങ്ങൾക്കുപറ്റിയ അടുക്കുപാറകളോ കേരളത്തിലില്ലെന്നാണ് മറ്റുചിലരുടെ വാദം. കിഴക്കൻ ജില്ലകളിൽ 'കാർഷികവിപ്ലവ'ത്തിനുശേഷം വർദ്ധിച്ച ജനസംഖ്യയുടെ സമ്മർദ്ദം നിമിത്തം കൃഷിചെയ്യാൻ പറ്റിയ പുതിയ നിലങ്ങളന്വേഷിച്ചുകൊണ്ട് ജനങ്ങൾ പശ്ചിമഘട്ടം കടന്ന് കേരളത്തിലെ താഴ്വാരങ്ങളിലും കടൽത്തീരങ്ങളിലും വന്നുചേർന്നതാനാവാനാണിടയുള്ളതെന്ന് എ.അയ്യപ്പൻ അഭിപ്രായപ്പെടുന്നു.[11] ഏതാണ്ടിതേ അഭിപ്രായമാണ് ഫൂട്ടോയ്ക്കുമുള്ളത്. കേരളക്കരയിൽ തിങ്ങിനിറഞ്ഞ കാടുകൾ വെട്ടിത്തെളിച്ച് വൻതോതിൽ കൃഷിപ്പണിയാരംഭിച്ചത്, ഇരുമ്പ് കണ്ടുപിടിച്ചതിനുശേഷമാണ് എന്നദ്ദേഹം അഭിപ്രായപ്പെടുന്നു.[12]

പക്ഷേ, ഈ അഭിപ്രായങ്ങൾ അതേപടി ശരിയായിക്കൊള്ളണമെന്നില്ല. ഒന്നാമതായി കേരളക്കരയിൽ നിന്ന് ശിലായുഗജീവിതത്തിന്റെ യാതൊരു തെളിവും ഇതേവരെ കണ്ടുകിട്ടിയിട്ടില്ലെന്നു പറഞ്ഞുകൂടാ. കോഴിക്കോട്ടിനപ്പുറത്തുനിന്നു കണ്ടുകിട്ടിയ കൂഴാംകല്ലുകൊണ്ടുള്ള ചില ചെറുശിലായുധങ്ങൾ നവീനശിലായുഗത്തിലേതായിരിക്കുമെന്ന് അയ്യപ്പൻതന്നെ സമ്മതിക്കുന്നുണ്ട്.[13] ഫിലിപ്പിലേക്ക് പാലക്കാട് ചുരം സർവ്വേ ചെയ്യുന്നതിനിടയ്ക്ക് കണ്ടെടുത്ത ഒരു നവീനശിലോപകരണത്തിന്റെ ചിത്രം ഫോട്ടോയുടെ ശേഖരത്തിൽ മൂന്നാംപ്ലേറ്റ് 89-ാം നമ്പറായി പ്രസിദ്ധം ചെയ്തിട്ടുണ്ട്. അപ്പോൾ കേരളത്തിൽ പ്രാചീനശിലായുഗ മനുഷ്യരുണ്ടായിരുന്നില്ലെങ്കിൽപ്പോലും നവീനശിലായുഗമനുഷ്യരുണ്ടായിരുന്നെന്ന് അനുമാനിച്ചുകൂടേ?

---

11. A.Ayappan: Pre-historic and Proto historic Kerala in Kerala Desam. P. 50.
12. Footes Collections P. 48.
13. A.Ayyappan: Kerala Darsaen P.50

രണ്ടാമത് പ്രാചീനശിലായുഗ മനുഷ്യരുടെ മുഖ്യമായ ജീവിത മാർഗം കൃഷിയല്ല, മൃഗവേട്ടയാണ്. ഇതിന് കാടുകൾ തടസ്സമാവുന്നതെങ്ങനെയാണ്?

മൂന്നാമത്, ഇരുമ്പുയുഗത്തിലല്ല, ഇരുമ്പുമഴു വരുന്നതിനുമുമ്പുള്ള നവീനശിലായുഗത്തിലാണ്, കൃഷി ആരംഭിച്ചത് എന്ന് തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. മുകളിൽ വ്യക്തമാക്കിയതുപോലെ കന്മഴുവിന്റെയും തീയിന്റെയും സഹായത്തോടുകൂടിയാണ് പ്രാചീന മനുഷ്യർ കാടുവെട്ടിത്തെളിയിച്ച് കൃഷിസ്ഥലങ്ങളാക്കി മാറ്റിയത്. അതുകൊണ്ട് സഹ്യാദ്രിക്കപ്പുറത്ത് 'കാർഷികവിപ്ലവം' നടന്നതിനുശേഷമാണ് ജനങ്ങൾ കേരളത്തിൽ കുടിയേറിപ്പാർത്തത് എന്ന വാദം ശരിയാവാനിടയില്ല.

നാലാമത്, പശ്ചിമഘട്ട പ്രദേശങ്ങളിൽ തിങ്ങിനിറഞ്ഞ കാടുകളുണ്ടായിരുന്നുവെങ്കിലും മറ്റു വഴികളിലൂടെ കേരളത്തിലേയ്ക്കു പ്രവേശിക്കുക അസാധ്യമായിരുന്നില്ല. ഉദാഹരണത്തിന്, പാലക്കാട് ചുരം അന്നുമവിടെയുണ്ടായിരുന്നു. മാത്രമല്ല പ്രാകൃതരായ കാടൻമാർ കാടുകളെ പേടിച്ച് ഒഴിഞ്ഞുമാറുകയായിരുന്നില്ല താനും.

അഞ്ചാമത്, കേരളത്തിലെ കടലോരപ്രദേശങ്ങളിലെങ്കിലും കാടുകളില്ലാത്ത സമതലപ്രദേശങ്ങൾ കുറെ ചതുരശ്രനാഴികയെങ്കിലുമുണ്ട്.

ആറാമത്, തെക്കൻ കർണ്ണാടകത്തിലെ കടലോരപ്രദേശങ്ങളിൽ പ്രാചീനശിലായുഗമനുഷ്യർ ജീവിച്ചിരുന്നുവെന്നതിന്റെ തെളിവുകൾ ലഭിച്ചു കഴിഞ്ഞിട്ടുണ്ട്.[14] തെക്കൻ കർണ്ണാടകത്തിലെ കടലോരപ്രദേശങ്ങളിൽ നിന്നും കേരളം അത്രയധികം ഒറ്റപ്പെട്ടാണ് കിടന്നിരുന്നത് എന്ന് കരുതാൻ വയ്യ.

അപ്പോൾ പറയത്തക്ക പ്രാചീന ശിലായുഗാവശിഷ്ടങ്ങളൊന്നും കേരളക്കരയിൽ നിന്ന് കണ്ടുകിട്ടാതിരുന്നതിനുള്ള കാരണം ഖനനഗവേഷണങ്ങളുടെ അഭാവമോ അപര്യാപ്തതയോ ആയിക്കൂടെ? അങ്ങനെയാവാനാണ് ഇടയുള്ളത് എന്നാണ് വി.വി. കൃഷ്ണസ്വാമിയുടെ അഭിപ്രായം. പടിഞ്ഞാറൻകരയിൽ രത്നഗിരി മുതൽ മലബാർ വരെ ചതുർത്ഥഹിമയുഗത്തിന്റേതായ പ്രാചീനശിലകൾ കാണപ്പെട്ടിട്ടുണ്ടെന്നും മലബാർകരയിൽ പ്രാചീനശിലായുഗത്തിലെ ഉപകരണങ്ങൾ ഇനിയും കണ്ടുകിട്ടാത്തതു ഗവേഷണത്തിന്റെ കുറവുകൊണ്ടുമാത്രമാണെന്ന കാര്യത്തിൽ സംശയമില്ലെന്നും അദ്ദേഹം തീർത്തുപറയുന്നു.[15]

ഏതായാലും ഒരു കാര്യം പരക്കെ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ക്രി.മു. ഒന്നാം സഹസ്രാബ്ദത്തിന്റെ പൂർവ്വാർദ്ധം മുതൽക്ക് കൃഷിചെ

14. Ancient India. No. 3: P.35.

15. V.D.Krishnaswamy, Ancient India, 3. December 1947.

യ്തും അന്യനാടുകളുമായി വ്യാപാരബന്ധങ്ങൾ പുലർത്തിയും ഏറെക്കുറെ പരിഷ്കൃതരായി കഴിഞ്ഞുകൂടിയിരുന്ന ഒരു ജനസമുദായം കേരളത്തിലുണ്ടായിരുന്നു. ഈ വസ്തുതയെ ആരും നിഷേധിക്കുന്നില്ല. പക്ഷേ, ഒരു ഞൊടിയിടകൊണ്ട് ഇരുമ്പുമഴുവെടുത്ത് കാടുവെട്ടിത്തെളിച്ച് മറ്റുരാജ്യങ്ങളുമായി വ്യാപാരം സ്ഥാപിക്കാൻ സാധിക്കുമോ? കാടത്തത്തിൽ നിന്ന് പരിഷ്ക്കാരത്തിന്റെ യുഗത്തിലേക്ക് അത്ര പെട്ടെന്ന് ചാടിക്കടക്കാൻ കഴിയുമോ? ഇല്ല. തീർച്ചയായും അത് നീണ്ടകാലത്തെ പുരോഗതിയുടെ ഫലമാകാനേ തരമുള്ളൂ. അതുകൊണ്ട്, ഇരുമ്പുയുഗമാരംഭിക്കുന്നതിനു മുമ്പുതന്നെ ശിലായുധങ്ങളുമായി പ്രകൃതിയോടും കാട്ടുമൃഗങ്ങളോടും മല്ലിട്ടുകൊണ്ട് അപരിഷ്കൃത ജീവിതം നയിച്ച ഒരു ജനസമുദായം കേരളത്തിലുണ്ടായിരുന്നുവെന്ന് അനുമാനിക്കുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല. കേരളത്തിന്റെ നാനാഭാഗത്തുനിന്നും കണ്ടുകിട്ടിയിട്ടുള്ള മഹാശിലാസംസ്ക്കാരത്തിന്റെ അവശിഷ്ടങ്ങളും നരവംശശാസ്ത്രജ്ഞൻമാരുടെ ഗവേഷണഫലമായി ലഭിച്ചിട്ടുള്ള അനിഷേധ്യമായ തെളിവുകളും ഈ വിശ്വാസത്തെ ദൃഢീകരിക്കുകയാണ് ചെയ്യുന്നത്.

ആദ്യമായി കേരളത്തിലെ പൂർവ്വികൻമാരുടെ ജീവിതത്തെക്കുറിച്ച് നരവംശശാസ്ത്രജ്ഞൻമാർ തരുന്ന തെളിവുകളെ, നമുക്കൊന്നും പരിശോധിക്കാം.

## കേരളത്തിലെ ഗിരിവർഗ്ഗക്കാർ

കേരളത്തിലെ പർവ്വതപ്രദേശങ്ങളിൽ ജീവിക്കുന്ന ഗോത്രവർഗ്ഗക്കാരുടെ സ്വഭാവവിശേഷങ്ങളും ഭക്ഷ്യോത്പാദനരീതികളും ജീവിതസമ്പ്രദായങ്ങളും വിവാഹസമ്പ്രദായങ്ങളും ശവം മറവുചെയ്യുന്ന രീതിയും മറ്റു ആചാരസമ്പ്രദായങ്ങളും ചരിത്രത്തിന്റെ ഇരുളടഞ്ഞുകിടക്കുന്ന ഭൂതകാലപ്രശ്നങ്ങളിലേയ്ക്ക് വെളിച്ചംവീശുന്നവയാണത്രെ. ഉദാഹരണത്തിന്, കേരളക്കരയിൽ ഇപ്പോഴും നാമാവശേഷമായിക്കഴിഞ്ഞിട്ടില്ലാത്ത മലപണ്ഡാരങ്ങൾ, കാണിക്കാർ, മലപ്പുലയൻമാർ, അരനാടൻമാർ തുടങ്ങിയ ഗിരിവർഗ്ഗക്കാർ വേട്ടയാടിക്കഴിഞ്ഞിരുന്ന പ്രാകൃതമനുഷ്യരുടെ പല സ്വഭാവസവിശേഷങ്ങളും നിലനിർത്തിപ്പോരുന്നുണ്ട്. വന്യമൃഗങ്ങളെ വേട്ടയാടിക്കൊണ്ടും കാട്ടിൽനിന്നു കിട്ടുന്ന ഫലമൂലങ്ങൾ ശേഖരിച്ചുകൊണ്ടുമാണ് അടുത്തകാലം വരെയും അവർ ഉപജീവനം കഴിച്ചുപോന്നത്.

പറമ്പിക്കുളത്തും പരിസരങ്ങളിലുമുള്ള പ്രാകൃതജനങ്ങൾക്ക് സ്ഥിരവാസമാരംഭിച്ച് കൃഷിചെയ്യാനറിഞ്ഞുകൂടെന്നും കാട്ടുമൃഗങ്ങളെ വേട്ട

യാടിയും ഫലമൂലങ്ങൾ ശേഖരിച്ചും കഴിച്ചുകൂട്ടിയിരുന്ന പ്രാകൃതാവസ്ഥയിൽ നിന്നാണ് അവർ കാട്ടിലെ കൂലിക്കാരായി മാറ്റപ്പെട്ടത് എന്നും ഡോ. എ.അയ്യപ്പൻ പറയുന്നു. മലയർ, ഇരുളർ, കാണിക്കാർ, മലപ്പുലയൻ തുടങ്ങിയ ഗിരിവർഗ്ഗക്കാരിലും കാട്ടുവേടൻമാരുടെ ജീവിതരീതിയും സ്വഭാവവിശേഷങ്ങളുമാണ് മുന്തിനിൽക്കുന്നത്. നിലമ്പൂരിന്റെ പരിസര പ്രദേശങ്ങളിലുള്ള അരനാടൻമാർ അല്ലെങ്കിൽ ഏർനാടൻമാർ അടുത്ത കാലം വരെയും കുരങ്ങുകളെ കൊല്ലാൻ അമ്പും വില്ലും ഉപയോഗിച്ചിരുന്നുവെന്നും കുരങ്ങിന്റെ ഇറച്ചിയാണ് അവർക്കേറ്റവും പ്രിയപ്പെട്ടതെന്നും അയ്യപ്പൻ ചൂണ്ടിക്കാണിക്കുന്നു. അദ്ദേഹം എഴുതുന്നു: എനിക്കറിയാവുന്ന ഇന്ത്യയിലെ പ്രാകൃതവിഭാഗങ്ങളിൽ ഏറ്റവും കുറഞ്ഞ പുരോഗതിയുള്ളവർ അരനാടൻമാരാണെന്നു തോന്നുന്നു. സിലോണിലെ ദൈവദൂതൻമാരെപ്പോലെ അവരും കഴിഞ്ഞ നൂറ്റാണ്ടിലോ അതിനു തൊട്ടുമുമ്പോ മാത്രമാണ് തങ്ങളുടെ പഴയ പാറക്കൽ ഗുഹകളുപേക്ഷിച്ച് വീടുകളിൽ പാർക്കാൻ തുടങ്ങിയത്. ഭക്ഷ്യോൽപാദനത്തിന്റെ പ്രാഥമിക പാഠങ്ങൾ പോലും അവർക്കറിഞ്ഞുകൂടാ. അവർ ഭക്ഷണത്തിനു പ്രധാനമായും കാടുകളെയാണ് ആശ്രയിക്കുന്നത്. ഭാഗ്യത്തിന്, ഈ പ്രദേശത്തെ കാടുകളിൽ ഭക്ഷിക്കാൻ പറ്റിയ കായ്കനികളും ചെറുമൃഗങ്ങളും ധാരാളമുണ്ട്. സ്ത്രീകളും പുരുഷൻമാരും പകൽ മുഴുവനും കാടുകളിൽ ചുറ്റിത്തിരിഞ്ഞ് ഫലമൂലാദികൾ ശേഖരിയ്ക്കുകയും വേട്ടമൃഗങ്ങളെ കെണിവെച്ചു പിടിക്കുകയും ചെയ്യുന്നു. കിട്ടുന്നതിന്റെ ഒരു ഭാഗം അവിടെവച്ചുതന്നെ പാകംചെയ്തു ഭക്ഷിക്കുന്നു. ബാക്കിയുള്ളത് സമതല പ്രദേശങ്ങളിലെ കൃഷിക്കാരുടെയും കച്ചവടക്കാരുടെയും കീഴിൽ പണിയെടുക്കാൻ പോകുന്ന മറ്റുള്ളവർക്കുവേണ്ടി വീടുകളിലേയ്ക്കുകൊണ്ടു പോകുന്നു.[16]

വയനാട് മുതൽ കന്യാകുമാരി വരെ നീണ്ടുകിടക്കുന്ന പശ്ചിമഘട്ട നിരകളിലാണ് ഇന്ത്യയിലിന്നവശേഷിച്ചിട്ടുള്ളവരിൽ ഏറ്റവും പ്രാകൃതരായ ആദിവാസികളുള്ളത് എന്ന് ബി.എസ്. ഗുഹ ചൂണ്ടിക്കാണിക്കുന്നു.[17] ഹൈമൻ ഡോർഫിന്റെ അഭിപ്രായത്തിൽ ഇന്നത്തെ ഗിരിവർഗ്ഗക്കാർ നവീനശിലായുഗത്തെ മാത്രമല്ല പ്രാചീനശിലായുഗത്തേയും പ്രതിനിധാനം ചെയ്യുന്നവരാണ്. വയനാട്ടിലെ ഇരുളർ, പണിയർ, കറുമ്പർ മുതലായവരുടെയും കൊച്ചി, തിരുവിതാംകൂർ, മലകളിലെ കാടർ, കാണിക്കാർ, മലപ്പണ്ടാരം മുതലായവരുടെയും ജീവിതരീതികൾ പരിശോധിച്ചാൽ ബോധ്യമാവും. അവർ ശിലായുഗജീവിതത്തിൽ നിന്ന് ഇനിയും

16. A. Ayappan. Kerala Darsan. P-154.
17. B.S.Guha. Adivasis. P.15.

പൂർണ്ണമായി വേറിട്ടുകഴിഞ്ഞിട്ടില്ല. പ്രകൃതിയിൽ നിന്ന് കിട്ടുന്ന ഫല മൂലാദികളും കെണിവെച്ചു പിടിക്കപ്പെടുന്ന കാട്ടുമൃഗങ്ങളുമായിരുന്നു അടുത്തകാലംവരെ അവരുടെ മുഖ്യമായ ഭക്ഷ്യസാമഗ്രികൾ.

കാടരെപ്പറ്റി എഹരൻഫെൽസ് ഇങ്ങനെ എഴുതുന്നു:

'പഴയകാലത്ത് കാട്ടിലെ ഉൽപ്പന്നങ്ങൾ ശേഖരിച്ചും വേട്ടയാടിയുമാണ് കാടർ തങ്ങളുടെ ഉപജീവനം നേടിയിരുന്നത്. ഇപ്പോഴും അവരുടെ പ്രധാനസമ്പാദ്യം ഇതുതന്നെയാണ്. കാടരിൽ ബഹുഭൂരിപക്ഷവും ഇപ്പോഴും കാട്ടിലെ ഉൽപ്പന്നങ്ങൾ ശേഖരിച്ചുകൊണ്ടാണ് ജീവിക്കുന്നത്. അതുമുഴുവൻ തങ്ങളുടെ മാത്രം ആവശ്യത്തിനായി വിരളമായേ സൂക്ഷിച്ചുവയ്ക്കുന്നുള്ളു. തങ്ങൾ ശേഖരിച്ച വിഭവങ്ങളുടെ ഒരു ഭാഗം കൺട്രാക്ടറുടെ കടയിൽ നിന്ന് വാങ്ങുന്ന അരി, മുളക്, കറുപ്പ്, ചാരായം, തുണി, തുന്നിപ്പെടുത്തിയ ഉടുപ്പുകൾ എന്നിവയ്ക്ക് പകരമായി കൈമാറ്റംചെയ്യപ്പെടുന്നു.'[18]

ഗിരിവർഗ്ഗക്കാരിൽ നിന്ന് ലഭിക്കുന്ന തെളിവുകൾ കൊണ്ടുമാത്രം ശിലായുഗജീവിത സമ്പ്രദായങ്ങളെപ്പറ്റി പഠിക്കുക എളുപ്പമല്ലെന്നാണിതു കാണിക്കുന്നത്. എന്തെന്നാൽ, 19-ാം നൂറ്റാണ്ടിൽ യൂറോപ്യൻമാർ റബ്ബർ -കാപ്പി-തേയിലതോട്ടങ്ങൾ സ്ഥാപിച്ചതിനുശേഷം കാട്ടുജാതിക്കാരുടെ ജീവിതക്രമങ്ങളിൽ വളരെയധികം മാറ്റങ്ങൾ വന്നുചേർന്നിട്ടുണ്ട്. മലപ്പണ്ടാരങ്ങൾ, പണിയർ, മുതലായ പല ജനവിഭാഗങ്ങളും തോട്ടമുടമകളും പിന്നീട് കുടിയേറി ഭൂമി തട്ടിയെടുത്ത ജന്മികളുടെയും കൂലിവേലക്കാരായി മാറിക്കഴിഞ്ഞിട്ടുണ്ട്. ചുറ്റിലുമുള്ള പരിഷ്കൃതജീവിതത്തിന്റെ സ്വാധീനശക്തിക്ക് ഒട്ടുംതന്നെ വിധേയരാവാതെ പഴയപടി ജീവിതം തുടരുക അവർക്ക് സാദ്ധ്യമല്ലാതായി.

ജീവിതരീതിയിൽ മാത്രമല്ല, ഉൽപ്പാദനോപകരണങ്ങളിൽത്തന്നെയും മാറ്റങ്ങളുണ്ടായിട്ടുണ്ട്. എങ്കിലും പഴയ ഉപകരണങ്ങൾ അപ്പടി ഉപേക്ഷിക്കപ്പെട്ടിട്ടില്ല. മലപ്പണ്ടാരങ്ങൾ, മലവേടൻമാർ മുതലായവർ കിഴങ്ങുകൾ കുഴിച്ചെടുക്കാൻ ഇപ്പോഴും പാരക്കോലുപയോഗിക്കാറുണ്ട് എന്നും കാണിക്കാർ, മുത്തുവൻ, ഉരളി, ഉള്ളാടൻ മുതലായ ജനവിഭാഗങ്ങൾ ഇന്നും മൃഗങ്ങളെ കൊല്ലാൻ വില്ലും അമ്പുമാണ് ഉപയോഗിക്കുന്നത് എന്നും നായാട്ട് വളരെയധികം ഇഷ്ടപ്പെടുന്ന കുറിച്ചിയരും ഏർനാടരും അമ്പെയ്യുന്നതിൽ വിദഗ്ധൻമാരാണെന്നും കൃഷ്ണയ്യർ ചൂണ്ടിക്കാണിക്കുന്നു.[19] കനിക്കിഴങ്ങ്, നറുക്കിഴങ്ങ്, ചന്ദനക്കിഴങ്ങ്, വെറ്റിലക്കിഴങ്ങ് മുതലായ കിഴ

18. U.R.Eheranels: Kadar of Cochin. P. 24-26.
19. L.A.Krishna Iyer. Kerala and Her People. P. 73-74.

ങ്ങുകൾ കുഴിച്ചെടുക്കാൻ വേണ്ടി കാടർ ഉപയോഗിക്കുന്ന ആയുധത്തെ പ്പറ്റിയുള്ള എഹരൻഫൈെൽസിന്റെ വിവരണം ശ്രദ്ധേയമാണ്.[20] നിലം കുത്തിക്കുഴിക്കുന്നതിന് ഉപയോഗിക്കത്തവിധം ഒരറ്റത്ത് ചെത്തിക്കൂർപ്പിച്ച കരിങ്കൽക്കഷണത്തിന്റെ സ്ഥാനത്ത് അവർ മൂർച്ചയുള്ള ഇരുമ്പുകഷണം വെച്ചുപിടിപ്പിക്കുന്നു. എങ്കിലും തങ്ങളുടെ പഴയ ഉപകരണങ്ങളെപ്പറ്റി കാടർ ഇപ്പോഴും ഓർമ്മിക്കുന്നുണ്ട്. വില്ലും അമ്പും ഒരുകാലത്ത് സാർവ്വ ത്രികമായി ഉപയോഗിക്കപ്പെട്ടിരുന്നുവെന്നും വനം ഡിപ്പാർട്ട്മെന്റുകാർ നായാട്ട് നിരോധിച്ചതിന്റെ ഫലമായി അത് അപ്രത്യക്ഷമായതാണെന്നും, എങ്കിലും കാടരുടെ കുട്ടികൾ ഇപ്പോഴും ചെറുതരം വില്ലും അമ്പുമുപ യോഗിച്ച് പക്ഷികളെ പിടിക്കാറുണ്ടെന്നും എഹരൻ ഫെൽസ് ചൂണ്ടി ക്കാണിക്കുന്നു.[21] വിവിധ നാമങ്ങളിലറിയപ്പെടുന്ന ഈ ആദിവാസിക ളെല്ലാം മറ്റെവിടെയോ നിന്ന് ലോഹായുഗാരംഭത്തിനുശേഷം മാത്രം നമ്മുടെ കാടുകളിലും മലകളിലും വന്നു കുടിയേറിപ്പാർത്തവരാവാൻ തരമില്ല. നേരെ മറിച്ച്, അവർ സഹസ്രാബ്ദങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന പ്രാചീനശിലായുഗ മനുഷ്യരുടെ പിൻഗാമികളായിരിക്കണം. നരവംശ ശാസ്ത്രജ്ഞരുടെ ഗവേഷണങ്ങൾ ഇക്കാര്യം സംശയത്തിനിടയില്ലാത്ത വിധം വ്യക്തമാക്കിയിട്ടുണ്ട്. ശിലായുഗം മുതൽക്കുതന്നെ കേരളക്കര യിൽ ജനങ്ങൾ ജീവിക്കാൻ തുടങ്ങിയിരുന്നു എന്നതിന് പല സ്ഥലങ്ങ ളിൽ നിന്നും കണ്ടുകിട്ടിയിട്ടുള്ള മഹാശിലാസംസ്കാരത്തിന്റെ അവശി ഷ്ടങ്ങളും സാക്ഷ്യം പറയുന്നുണ്ട്.

20. U.R.Eherenpels, Kadar of Cochin, P. 26-27.
21. Ibid.

# അധ്യായം മൂന്ന്

# മഹാശിലാസംസ്കാരം

ആദ്യം ബ്രഹ്മഗിരിയിലും പിന്നീട് തെക്കേ ഇന്ത്യയിലെ മറ്റു ചില സ്ഥലങ്ങളിലും നടത്തപ്പെട്ട പുരാതന വസ്തുഗവേഷണങ്ങളുടെ ഫലമായി നവീനശിലായുഗാവശിഷ്ടങ്ങളുടെ മുകൾത്തട്ടിൽ മഹാശിലാ സംസ്കാരമെന്ന പേരിൽ അറിയപ്പെടുന്ന മറ്റൊരു സംസ്കാരത്തിന്റെ അവശിഷ്ടങ്ങളും കണ്ടുമുട്ടുകയുണ്ടായി. ക്രി.മു. ഒന്നാം സഹസ്രാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ ഈ സംസ്കാരം തെക്കെ ഇന്ത്യയിലൊട്ടുക്കും വ്യാപിച്ചുകിടന്നതായി  കാണുന്നു.

മഹാശിലാ സംസ്കാരത്തിന് ശ്മശാനശിലാ സംസ്കാരമെന്നും പറയാം. എന്തെന്നാൽ, മരിച്ചുപോയ കാരണവൻമാരുടെയോ, കുലത്തലവൻമാരുടെയോ ഭൗതികാവശിഷ്ടങ്ങൾ അടക്കം ചെയ്ത ശവകുടീരങ്ങളെയാണ് അവ പ്രതിനിധീകരിക്കുന്നത്. പ്രാചീനകാലത്ത് മരിച്ചുപോയവരുടെ അസ്ഥിക്കഷണങ്ങളോടൊപ്പം ഭക്ഷണധാന്യങ്ങൾ, പാത്രങ്ങൾ, ആഭരണങ്ങൾ, ആയുധസാമഗ്രികൾ എന്നിവ അടക്കം ചെയ്ത ചെപ്പുകളോ, മൺകുടങ്ങളോ ശവക്കുഴികളിൽ നിക്ഷേപിക്കാറുണ്ടായിരുന്നു. മനുഷ്യൻ മരിച്ചുകഴിഞ്ഞാലും അവന്റെ ആത്മാവ് നിലനിൽക്കുമെന്ന വിശ്വാസത്തിൽ നിന്നാവാം ഇത്തരം ആചാരങ്ങൾ ഉടലെടുത്തത്.

കേരളത്തിന്റെ നാനാഭാഗങ്ങളിലായി ഇങ്ങനെ നാലോ അഞ്ചോ തരത്തിലുള്ള ഒട്ടനവധി പ്രാചീന  ശവകുടീരങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. മരിച്ചവരുടെ ഓർമ്മയ്ക്കായി കുത്തിനിർത്തിയ നീണ്ടുപരുക്കനായ നടുക്കല്ലുകൾ അല്ലെങ്കിൽ ഏകശിലാസ്തംഭങ്ങളാണ് കൂടുതലായി കാണപ്പെടുന്നത്. ദേവികുളത്തിനടുത്ത് ഒരു ഏകശിലാസ്തംഭത്തിനടുത്തുനിന്ന്

മൂന്ന് ഉടഞ്ഞ മൺപാത്രങ്ങളും ഒരു ചട്ടിയും ഒരു ഇരുമ്പുകോടാലിയും കിട്ടുകയുണ്ടായി. അതേ പ്രദേശത്തുതന്നെ ഏതാണ്ട് അതേമാതിരിയുള്ള മറ്റു കണ്ടുപിടുത്തങ്ങളും ഉണ്ടായിട്ടുണ്ട്. ഡോ. അനന്തകൃഷ്ണയ്യർ, തൃശ്ശൂർ താലൂക്കിൽ നിന്നുമാത്രം മൂന്ന് സ്തംഭങ്ങൾ കണ്ടുപിടിക്കുകയുണ്ടായി. തൃശ്ശൂരിനടുത്തുള്ള ആനപ്പാറയിലെ കരിങ്കല്ലുകൊണ്ടുള്ള പ്രാചീനസ്തംഭത്തിന് 12 അടി പൊക്കമുണ്ട്. പാലക്കാട് കല്ലടിക്കോട് മലയിൽ ഒന്നോ രണ്ടോ വാര ഇടവിട്ട് വൃത്താകാരത്തിൽ കെട്ടിപ്പൊക്കിയ ഏതാനും ഏകശിലാസ്തംഭങ്ങളും അവയ്ക്കിടയിൽ മൺപാത്രങ്ങളുൾപ്പെടെ ഏതാനും പ്രാകൃത സാമഗ്രികളും കണ്ടുകിട്ടുകയുണ്ടായെന്ന് ലോഗൻ പ്രസ്താവിക്കുന്നു. ഇങ്ങനെ കുത്തനെ കല്ലുകൾ ആഴ്ത്തി വൃത്താകാരത്തിൽ നിർമ്മിക്കപ്പെട്ട സ്മാരകശിലകൾ 'കുത്തുകൽമണ്ഡപം' എന്ന് മണ്ഡപം പറയുന്നു.

മൂന്നോ നാലോ കൽപ്പലകകൾ കുത്തനെ നാട്ടി അവയുടെ മീതെ ഒരു തൊപ്പിക്കല്ലും വച്ച് അറകളുടെ രൂപത്തിൽ നിർമ്മിക്കപ്പെട്ട മറ്റൊരു തരം സ്മാരകങ്ങളുണ്ട്. അവയ്ക്ക് 'കല്ലുമേശകൾ' എന്നു പറയുന്നു. ഇത്തരം കല്ലറകളിൽ ചിലതിന് 20 അടി മുതൽ 140 അടി വരെ വ്യാസമുണ്ട്. ചില പ്രദേശങ്ങളിൽ കൽപലകകൾ കൊണ്ട് വലയംചെയ്യപ്പെട്ട ഒരു വൃത്തത്തിനുള്ളിൽതന്നെ ഒന്നിലധികം ശവക്കല്ലറകൾ കാണാം. ചില കല്ലറകൾ ചതുരാകാരത്തിലാണ്. കുഴിച്ചുനോക്കപ്പെട്ട പല ശവക്കല്ലറകളിൽ നിന്നും മൺപാത്രങ്ങളും ആയുധോപകരണങ്ങളും മറ്റും ലഭിക്കുകയുണ്ടായി.

ഭൂമിക്കടിയിൽ കല്ലുകൊണ്ടുള്ള ശവപ്പെട്ടികൾ വച്ച് മണ്ണുമൂടി അതിനുമുകളിൽ നടുക്കല്ലുകളോകൽമേശകളോ നാട്ടിവെച്ചുണ്ടാക്കിയ മറ്റൊരുതരം സ്മാരകവും ഉണ്ട്. വയനാട്ടിൽ കാണപ്പെട്ട ഇത്തരമൊരു സ്മാരകത്തിന്റെ മുകൾഭാഗത്തുള്ള കൽവലയത്തിന് 32 അടിയും, പാലക്കാട്ട് പല്ലാവൂരിൽ കണ്ടെത്തിയ മറ്റൊരു കൽവലയത്തിന് 33 അടിയും വ്യാസമുണ്ട്.

കണ്ണൂരിലെ നടുവിൽ അംശത്തിലും, അടൂർ താലൂക്കിലെ പൂതംകരയിലും പട്ടംകോളണിയിലെ കല്ലാറിലും തൊടുപുഴയിലെ ഉടുമ്പന്നൂരിലും മഹാശിലാസംസ്കാരത്തിന്റെ ഇത്തരം അവശിഷ്ടങ്ങൾ കാണപ്പെട്ടിട്ടുണ്ട്. വണ്ടിപ്പെരിയാറിൽ കാണപ്പെട്ട ശവക്കല്ലറകൾക്ക് ഒൻപതരയടി നീളവും ഏഴടിയോളം വീതിയും ഉണ്ട്. അവയ്ക്കിടയിൽ നിന്ന് ചില പഴയ മൺപാത്രങ്ങൾ കണ്ടുകിട്ടിയിട്ടുമുണ്ട്. ഗുരുവായൂരിൽ നിന്നും ഏകദേശം മൂന്നുനാഴിക കിഴക്ക് അരിയന്നൂർ എന്ന സ്ഥലത്തുള്ള ചില കുടക്കല്ലുകളെ ഞാൻ തന്നെ പരിശോധിക്കുകയുണ്ടായി. അടുത്തടുത്തായി

യാതൊരു കേടുപാടുമില്ലാത്ത അഞ്ചു കുടക്കല്ലുകളുണ്ടവിടെ. എങ്ങനെയോ പൊട്ടിത്തകർന്ന രണ്ടുമൂന്നെണ്ണത്തിന്റെ അവശിഷ്ടങ്ങളും കാണാം. അടിഭാഗം വീതികൂടി, മുകൾ ഭാഗം കൂർത്തുചെത്തി മിനുസപ്പെടുത്തിയ നാലു കല്ലുകൾ വീതം വൃത്താകൃതിയിൽ അടുക്കിവച്ച് അതിനുമുകളിൽ ഉൾഭാഗം വലിയൊരു കുമ്പാരക്കല്ല് കമഴ്ത്തിവച്ചിരിക്കുകയാണ്. ഈ കുടക്കല്ലുകളെല്ലാം ഒരേ വലിപ്പത്തിലുള്ളവയല്ല. പക്ഷേ, ആകൃതിക്കു വ്യത്യാസമില്ല. ഏറ്റവും വലിയതിന്റെ മുൻഭാഗത്തുള്ള കുമ്പാരക്കല്ലിന് ഏകദേശം പത്തുവാര ചുറ്റളവുണ്ട്. മറ്റുള്ളവയുടെ ചുറ്റളവ് അൽപം കുറവാണ്. കുന്നിൻ പ്രദേശത്ത് കുറ്റിക്കാടുകൾക്കിടയിൽ സ്ഥിതിചെയ്യുന്ന ഈ കുടക്കല്ലുകൾക്കടുത്തെത്തിയാൽ ആദ്യം തന്നെ ഒരു ശ്മശാനത്തിന്റെ പ്രതീതിയാണുണ്ടാവുക. ഇതുപോലെ കുടക്കല്ല്, തൊപ്പിക്കല്ല്, മുതുമക്കച്ചാടി, പാണ്ഡവക്കുഴി, കൽമേശ, നന്നങ്ങാടികൾ എന്നിങ്ങനെ പലതരത്തിലുള്ളവയും പല പേരുകളിലറിയപ്പെടുന്നവയുമായ പ്രാകൃത ശവക്കല്ലറകൾ കേരളക്കരയുടെ നാനാഭാഗത്തും സുലഭമായി കണ്ടെത്തപ്പെട്ടിട്ടുണ്ട്.

ഈ പ്രാചീന ശവക്കല്ലറകളിൽ പലതിനും ഭക്ഷണധാന്യങ്ങൾ, അസ്ഥികൾ, ചാരം, ജപമണികൾ, അമ്പ്, കുന്തം, ഇരുമ്പുകൊണ്ടുള്ള മറ്റ് ചില ആയുധോപകരണങ്ങൾ മുതലായവ കാണപ്പെടുകയുണ്ടായി. കോയമ്പത്തൂർ ജില്ലയിലെ സുലൂർ എന്ന സ്ഥലത്ത് കണ്ടെത്തിയ ഒരു പ്രാചീന ശവകുടീരത്തിൽ ക്രി.മു. മൂന്നാം നൂറ്റാണ്ടിലെ ഒരു നാണ്യമുണ്ടായിരുന്നു.[1] കേരളത്തിലെ ശവകുടീരങ്ങളിൽ നിന്ന് നാണ്യങ്ങൾ കിട്ടിയതായി അറിവില്ല.

ഈ ശ്മശാന ശിലാ സംസ്കാരം നവീനശിലായുഗത്തിലേതാണെന്ന് ചില ഗവേഷകൻമാർ പ്രസ്താവിക്കുന്നു.[2] പക്ഷേ, ഒരു വിഷമമുണ്ട്. ചില മുതുമക്കച്ചാടികളിൽ ഇരുമ്പുകൊണ്ടുള്ള ഉപകരണങ്ങളടങ്ങിയിരിക്കുന്നു. ഇരുമ്പുപകരണങ്ങളാകട്ടെ, ക്രി.മു. 5-ാം നൂറ്റാണ്ടോടുകൂടി മാത്രമാണ് പ്രചാരത്തിൽ വന്നത്. അതുകൊണ്ട് പ്രസ്തുത ഉപകരണങ്ങൾ ക്രി.മു. 5-ാം നൂറ്റാണ്ടിനു ശേഷം ഒരു പക്ഷെ ക്രി.മു. 3-ാം നൂറ്റാണ്ടിനും എ.ഡി. 1-ാം നൂറ്റാണ്ടിനുമിടയ്ക്ക് നിർമ്മിക്കപ്പെട്ടവയാണെന്ന് മറ്റു ചില ഗവേഷകൻമാർ അഭിപ്രായപ്പെടുന്നുണ്ട്.

1. Mass.XXX. No.10, P. 172 (October 1930)
2. L.A. Krishna Iyer, Kerala, Past and Present.

തിരുവിതാംകൂർ പ്രദേശത്ത് ആദ്യമായി ഉൽഖനനം നടത്തിയ വാർഡും കോണറും മഹാശിലാസംസ്കാരാവശിഷ്ടങ്ങളെ മൂന്നായി തരം തിരിക്കുന്നു.[3]

1. ശിലായുഗത്തിലെ ശവക്കല്ലറകൾ: ഇവയാണ് ഏറ്റവും പുരാതന മായവ. ദഹിപ്പിക്കാത്ത ശവങ്ങളുടെ അവശിഷ്ടങ്ങളും, കല്ലുകൊണ്ടും മരംകൊണ്ടുമുള്ള പദാർത്ഥങ്ങളും മാത്രം അടക്കം ചെയ്തത്.

2. പിത്തളയുഗത്തിലെ ശവക്കല്ലറകൾ: ദഹിപ്പിക്കപ്പെട്ട ശവങ്ങളുടെ അവശിഷ്ടങ്ങൾ, മൺപാത്രങ്ങൾ, മറ്റുപകരണങ്ങൾ, ആഭരണങ്ങൾ എന്നിവ അടക്കം ചെയ്തത്.

3. ഇരുമ്പുയുഗത്തിലെ ശവക്കല്ലറകൾ: ഏറ്റവും പഴക്കം കുറഞ്ഞ ഈ ശവക്കല്ലറകളിൽ ഇരുമ്പുകൊണ്ടുള്ള ഉപകരണങ്ങൾ, കുന്തങ്ങൾ, വാളുകൾ, നല്ലപോലെ തേച്ചുമിനുക്കിയ പാത്രങ്ങൾ മുതലായവയെല്ലാ മടങ്ങുന്നു.

ഇവയിൽ ഒന്നാമത്തെ തരത്തിൽപ്പെട്ട, ശിലായുഗത്തെ പ്രതിനിധീ കരിക്കുന്നതും ഉപകരണങ്ങളൊന്നുമില്ലാത്തതുമായ ഒരു ശവക്കല്ലറ തിരുവിതാംകൂറിലെ ചൊക്കനാട്ടിൽ വാർഡ് കണ്ടെത്തുകയുണ്ടായി. കൊച്ചിയിൽ കണ്ടതിലധികവും മൂന്നാമിനത്തിൽപ്പെട്ടവയാണ്.

ഏതായാലും കേരളക്കരയിൽ ശിലായുഗമനുഷ്യർ ഉണ്ടായിരുന്നു വെന്നും, ഇരുമ്പുപകരണങ്ങളോടുകൂടിയ മഹാശിലാസംസ്കാരം ശിലാ യുഗത്തിന്റെ അവസാനഘട്ടത്തിലാണ് ആവിർഭവിച്ചതെന്നും കരുതുന്ന തിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല.

മുതുമക്കച്ചാടികൾക്കു പുറമെ പാറ കൊത്തിയുണ്ടാക്കിയ ഒട്ടനവധി പ്രാചീന ഗുഹകളും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടെത്തിയി ട്ടുണ്ട്. ഏതാണ്ട് ഒന്നര നൂറ്റാണ്ടിനു മുമ്പ് 1819 ൽ ബാബിങ്ടൺ ബോംബെ യിലെ ലിറ്റററി സൊസൈറ്റിയിൽ വായിച്ച ഒരു പ്രബന്ധത്തിൽ കണ്ണൂരി നടുത്തുള്ള രണ്ടു ഗുഹകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുകയു ണ്ടായി.[4] അതിനെ തുടർന്ന് മറ്റു പല ഗവേഷകൻമാരും അതുപോലുള്ള മറ്റു ഗുഹകൾ കണ്ടെത്തി. മലബാറിൽ മാത്രം 160 ഓളം ഗുഹകൾ ഉള്ള തായി സെവൽ പ്രസ്താവിക്കുന്നു.[5] ചില ഗുഹകളിൽ ഇരുഭാഗങ്ങളിലും പാറകൊത്തിയുണ്ടാക്കിയവയും 6 ഇഞ്ച് മുതൽ 2 അടി വരെ ഉയരവു

3. L.A. Krishna Iyer, The TranvancoreTribes and castes, Vol.111. P.59.
4. J.Babington: Pre-historic Antiquieties.
5. R.Sewell: Pre-historic Antiquarian Remains in the Presidency of Madras (Madras 1882) P. 240.

മുള്ളവയുമായ ഈ രണ്ടു ബഞ്ചുകളുണ്ട്. മറ്റു ചില ഗുഹകളിൽ ഒരു ബഞ്ചേയുള്ളു. മരിച്ചുപോയവരുടെ അവശിഷ്ടങ്ങൾ വെയ്ക്കുവാൻ വേണ്ടി ഉയർത്തിയുണ്ടാക്കപ്പെട്ടവയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ബെഞ്ചില്ലാത്ത ഗുഹകളും കണ്ടെത്തിയിട്ടുണ്ട്. ഇയ്യാൽ, കാട്ടുകമ്പാല എന്നീ സ്ഥലങ്ങളിൽ നിന്നും കണ്ടുകിട്ടിയ പാറക്കൽ ഗുഹകളിൽ ചതുരാകൃതിയിലുള്ള ഒന്നിലധികം അറകൾ കാണാം.

മുകളിൽ പ്രസ്താവിക്കപ്പെട്ട അരിയന്നൂരിലെ കടക്കല്ലുപറമ്പിൽ നിന്ന് ഒന്നുരണ്ടു ഫർലോങ്ങ് ദൂരെ, മാറ്റം–കണ്ടാണിശ്ശേരി റോഡിനരികിലായി സ്ഥിതിചെയ്യുന്നതും നാട്ടുകാർ മുനിമട എന്നുവിളിക്കുന്നതുമായ ഒരു പ്രാചീനഗുഹ ഞാൻ പരിശോധിക്കുകയുണ്ടായി. ശരിക്കുപറഞ്ഞാൽ, അതൊരിരട്ട ഗുഹയാണ്. എന്നുവെച്ചാൽ, പ്രധാന ഗുഹയിലേക്ക് കടക്കണമെങ്കിൽ, ആദ്യമായി ഏകദേശം 6 അടി ആഴവും 6 അടി നീളവും 4 അടി വീതിയുമുള്ള ഒരു കുഴിയിലേക്കിറങ്ങണം. ഇറങ്ങാൻ കൽപ്പടികളുണ്ട്. ഈ പാർശ്വഗുഹയിൽ നിന്ന് പ്രധാന ഗുഹയിലേക്ക് കടക്കാൻ ഏതാണ്ട് രണ്ടടി സമചതുരത്തിലുള്ള ഒരു പ്രവേശനദ്വാരമുണ്ട്. അതിലൂടെ അൽപ്പം ഞെരുങ്ങിയാണെങ്കിലും അകത്തു കടക്കാം. പാരക്കൽ കൊത്തിയുണ്ടാക്കിയ പ്രധാനഗുഹയ്ക്ക് ഏതാണ്ട് പത്തടി വ്യാസവും ഏഴടിയോളം ആഴവുമുണ്ട്. താഴെ നിലത്ത്, വിട്ട് വിട്ട് മൂന്ന് കൽത്തിണ്ണകൾ കാണാം. കഷ്ടിച്ച് ഒരടിയോളമേ അവയ്ക്കുയരമുള്ളു. പക്ഷേ, മൂന്നടി വീതിയും ആറടിയോളം നീളവുമുണ്ട്. ഗുഹയുടെ ഒത്ത മുകളിലായി വൃത്താകൃതിയിൽ മൂന്നടിയിൽ താഴെ വ്യാസമുള്ള ഒരു ദ്വാരമുണ്ട്. ഒരു കല്ലടപ്പുകൊണ്ടു അതടച്ചു പൂട്ടിയിടാം.

അരിയന്നൂരിൽ നിന്ന് ഏതാണ്ട് ഒരു നാഴിക വടക്കുമാറ്റി കൂനംമൂച്ചിക്കടുത്തുള്ള പയ്യൂർ എന്ന സ്ഥലത്തും ഏതാണ്ടിതേ മാതിരിയുള്ള രണ്ടു ഗുഹകൾ കാണാം. അടുത്തകാലത്ത് നാട്ടുകാർ കല്ലുവെട്ടുന്നതിനിടയിൽ കണ്ടുപിടിച്ച ഈ ഗുഹകളിൽ നിന്ന് പലതരത്തിലുള്ള മുപ്പതിൽപ്പരം മൺപാത്രങ്ങളും ഇരുമ്പുകൊണ്ടുള്ള ഏതാനും ഉപകരണങ്ങളും ലഭിക്കുകയുണ്ടായി. അവയെല്ലാം അധികൃതർ എടുത്തുകൊണ്ടുപോയി എന്നല്ലാതെ കൂടുതൽ ഗവേഷണങ്ങളൊന്നും അവിടെ നടന്നതായറിയില്ല. അരിയന്നൂർ ഗുഹയ്ക്കെന്നപോലെ പയ്യൂർ ഗുഹയ്ക്കും ഏതാണ്ട് രണ്ടടി സമചതുരമുള്ള ഒരു പ്രവേശനദ്വാരമുണ്ട്. പക്ഷേ, അതിപ്പോൾ കൽപ്പലക കൊണ്ട് അടച്ച നിലയിലാണ് കാണുന്നത്. മുകളിലെ ദ്വാരവും മൂടിക്കിടക്കുകയാണ്. രണ്ടു ഗുഹകൾ തൊട്ടുതൊട്ടാണ് കിടക്കുന്നത്. ഏതാനും ദൂരത്തായി മറ്റൊരു ഗുഹ കൂടിയുണ്ട്. അതു തുറന്നുനോക്കിയപ്പോൾ അകത്ത് ചതുരാകൃതിയിലുള്ള നാലറകൾ കണ്ടതായി നാട്ടുകാർ പറയുന്നു. ഏതായാലും ഇപ്പോളതും മണ്ണുമൂടി കിട

ക്കുകയാണ്. എങ്കിലും പുറത്തുനിന്നു നോക്കിയാൽ തന്നെ ചാണേപ്പൊറ എന്ന ഉറപ്പുകുറഞ്ഞ ഒരു തരം കരിങ്കൽപ്പലകകൾകൊണ്ടു നിർമ്മിക്കപ്പെട്ട ആ അറകളുടെ ചില സൂചനകൾ കാണാം. ഈ മൊട്ടപ്പറമ്പിൽതന്നെ ഗുഹകളുടെ സമീപത്തായി നാട്ടുകാർ കുഴുതാളി എന്നു വിളിക്കുന്ന സിമന്റുതൊട്ടിയുടെ ആകൃതിയിലുള്ള ധാരാളം നന്നാങ്ങാടികളും അവിടവിടെയായി കാണാനുണ്ട്. മാളേർകാവ് എന്നപേരിലറിയപ്പെടുന്ന ഒരു പ്രാചീന ഭഗവതിക്ഷേത്രത്തിന്റെ സമീപത്താണിതെല്ലാം.

ഇങ്ങനെ കേരളത്തിന്റെ പല ഭാഗങ്ങളിലുമായി പലതരത്തിലുമുള്ള ഒട്ടനവധി ഗുഹകൾ ഇതിനകം തന്നെ കണ്ടുകിട്ടിയിട്ടുണ്ട്. അവയിൽ പലതും പുരാവസ്തു ഗവേഷകൻമാരുടെ പരിശോധനയ്ക്ക് ഇനിയും വിധേയമായിട്ടില്ല.

വൈ.ഡി. ശർമ്മ കേരളത്തിലെ ഗുഹകളെ മൊത്തത്തിൽ നാലായി തരംതിരിച്ചിരിക്കുന്നു:

- നടുക്കു തൂണുകളോടുകൂടിയ ഗുഹകൾ
- തൂണില്ലാത്ത ഗുഹകൾ
- മുകളിൽ അടപ്പുള്ളവ
- ഒന്നിലധികം അറകളുള്ളവ

## ബൗദ്ധ ഗുഹകളോ ശവക്കല്ലറകളോ

ഈ പ്രാചീനഗുഹകളെപ്പറ്റി പലരും വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ ബുദ്ധജൈനമതങ്ങൾ പ്രചാരത്തിലുണ്ടായിരുന്ന കാലത്തെ സന്യാസിമാരുടെ വാസസ്ഥലങ്ങളായിരുന്നു അവയെന്ന് അനുജൻ അച്ഛൻ അഭിപ്രായപ്പെടുന്നു.[6] എ. അയ്യപ്പൻ, എൽ.എം. കൃഷ്ണയ്യർ മുതലായവരും ഈ അഭിപ്രായത്തോട് യോജിക്കുന്നു. എന്നാൽ അവ ബൗദ്ധഗുഹകളോ, ജൈനഗുഹകളോ അല്ലെന്നാണ് ശർമ്മയുടെ വാദം.[7] ബൗദ്ധരുടെ ഏറ്റവും പഴക്കമുള്ള സുദാമ ഗുഹകൾക്കുപോലും അവയുടെ ഘടനയിലും നിർമ്മാണരീതിയിലും കേരളത്തിലെ ഗുഹകളേക്കാൾ പരിഷ്ക്കരിച്ചവയാണെന്നും ബുദ്ധമതം കൂടുതൽ വളർന്നതിനുശേഷം പ്രാകൃതരീതിയിലുള്ള ഗുഹകൾ നിർമ്മിക്കുക അസ്വാഭാവികമാണെന്നുമാണ് അദ്ദേഹം പറയുന്നത്. ശർമ്മയുടെ അഭിപ്രായമാണ് കൂടുതൽ ശരിയെന്ന് തോന്നുന്നു. വി.നാരായണപിള്ള ചൂണ്ടി

6. Administration Report of the Archeological Department, Cochin State, 1102, ME, 1926, 27
7. Y.D. Sarma: Ancient India, No, 12, 1956.

ക്കാണിക്കുന്നതുപോലെ, ബുദ്ധമതം കേരളത്തിന്റെ ചില ഭാഗങ്ങളിൽ മാത്രമേ പ്രചാരത്തിലുണ്ടായിരുന്നുള്ളു; ഗുഹകൾക്കാകട്ടെ ഒരു സാർവ്വ ത്രിക സ്വഭാവമാണുള്ളത്.

കേരളത്തിലെ വിവിധ ഭാഗങ്ങളിൽ കണ്ടെത്തിയിട്ടുള്ള പ്രാചീന ഗുഹകൾക്ക് ഘടനയിലും ഉള്ളടക്കത്തിലും മഹാശിലാ സ്മാരകങ്ങളു മായി വളരെയധികം സാമ്യമുണ്ട്. അതുകൊണ്ട് അവ പ്രാചീനകാലത്തെ ശവകുടീരങ്ങളായിരിക്കാനാണിടയുള്ളത്. പിന്നീട് ഒരുപക്ഷേ സന്യാസി മാർ അവയെ ഉപയോഗപ്പെടുത്തിയിട്ടുണ്ടാവാമെന്ന് ശർമ്മ പറയുന്നുണ്ട്. എന്നാൽ അരിയന്നൂർ, പയ്യൂർ മുതലായ സ്ഥലങ്ങളിൽ കണ്ടെത്തപ്പെട്ട ഗുഹകൾ തപസിനോ, പ്രാർത്ഥനക്കോ പറ്റിയവയല്ല, തീർച്ച. ചുമർഭി ത്തിയിലെ പ്രവേശനദ്വാരവും മുകൾഭാഗത്തെ ദ്വാരവും കൽപ്പലകകൾ കൊണ്ടു മൂടിയാൽ പിന്നെ അകത്തിരിക്കുന്ന ആൾക്ക് ശ്വാസം കഴിക്കാൻ സാധിക്കില്ല. ഈ ഗുഹകൾ, ഒറ്റനോട്ടത്തിൽതന്നെ ശവസംസ്കാരത്തി നുവേണ്ടി നിർമ്മിക്കപ്പെട്ടവയാണെന്നേ തോന്നൂ.

മഹാശിലാസംസ്കാരത്തിലെ ചില ശവക്കല്ലറകൾക്ക് മുകളിൽ വൃത്താകാരത്തിൽ നാട്ടിയ കൽപ്പലകകൾ കാണാമെന്ന് പറഞ്ഞുവല്ലോ. ബാബിങ്ടൻ കണ്ടുപിടിച്ച ഒരു ഗുഹയ്ക്കു മുകളിലും അതുപോലുള്ള കൽപ്പലകകളുണ്ട്. പോർക്കുളത്ത് രണ്ടേക്കറോളം വിസ്താരത്തിൽ നിര വധി കുടക്കല്ലുകളുണ്ട്. കൽവലയങ്ങളോടുകൂടിയ ശവകുടീരങ്ങളുടെ സമീപത്തുതന്നെ പാറക്കൽ ഗുഹകളും കണ്ടെത്തിയിട്ടുണ്ട്. രണ്ടും ഏതാണ്ടൊരേകാലത്തു നിർമ്മിക്കപ്പെട്ടവയും ഒരേ സംസ്ക്കാരത്തെ പ്രതിനിധാനം ചെയ്യുന്നവയുമാണെന്നാണ് ശർമ്മ പറയുന്നത്. കേരള ത്തിലെ നാനാഭാഗങ്ങളിലും കണ്ടെത്തിയ ഗുഹകളിലും മഹാശിലാ സംസ്ക്കാരങ്ങളിലും അടക്കംചെയ്യപ്പെട്ട മൺപാത്രങ്ങളുടെയും മറ്റും സ്വഭാവം പരിശോധിച്ചാലും ഈ രണ്ട് സംസ്കാരങ്ങളും തമ്മിലുള്ള ബന്ധം വ്യക്തമാകുമെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.[8]

എല്ലാ വാദഗതികളേയും വസ്തുനിഷ്ഠമായി പരിശോധിച്ചാൽ കേര ളത്തിലെ മഹാശിലാസംസ്കാരവും പ്രാചീന ഗുഹാസംസ്കാരവും രണ്ടും ബുദ്ധമതത്തിന്റെ ആധിപത്യത്തിനുമുമ്പാണ് നിലനിന്നിരുന്നത് എന്നു കരുതേണ്ടിവരും.

## മഹാശിലയുടെ കാലം

ബ്രാഹ്മഗിരിയിലെ കണ്ടുപിടുത്തങ്ങളെ വിലയിരുത്തിക്കൊണ്ട് ക്രി. മു. 200 നും ക്രി.പി. 50 നുമിടയ്ക്ക് മഹാശിലാസംസ്കാരവും അതിനു

8. Ibid

മുമ്പു നവീനശിലായുഗവുമാണ് മൈസൂരിൽ നിലനിന്നിരുന്നത് എന്നു വീലർ അഭിപ്രായപ്പെടുന്നു. ബ്രഹ്മഗിരിയിൽ കണ്ടുകിട്ടിയ മഹാശിലാ സംസ്കാരാവശിഷ്ടങ്ങൾ ക്രി.മു. രണ്ടാം നൂറ്റാണ്ടിലേതാണെങ്കിലും ആ സംസ്കാരം അതിനും ഏതാണ്ടു നൂറ്റാണ്ടുകൾക്ക് മുമ്പ് ആരംഭിച്ചിട്ടു ണ്ടാവണമെന്നാണ് ടി.എൻ. രാമചന്ദ്രൻ പറയുന്നത്.[9]

മഹാശിലാസംസ്കാരം നിലനിന്നിരുന്നത് ക്രി.മു. 300 മുതൽ ക്രി. പി. 200 വരെയാണെന്ന് മറ്റു ചില പുരാതനവസ്തു ഗവേഷകൻമാരും അഭിപ്രായപ്പെടുന്നു. പക്ഷേ, ബ്രഹ്മഗിരിക്കു സമീപം അശോകന്റെ ചില ശിലാശാസനങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ലോഹങ്ങളുടെ ഉപയോഗം മന സ്സിലാകാത്ത അപരിഷ്കൃതരായ ശിലായുഗ മനുഷ്യർക്കുവേണ്ടിയാണ് അശോകൻ തന്റെ ശാസനങ്ങൾ കൊത്തിച്ചത് എന്നു കരുതാൻ വിഷമ മുണ്ട്. അതുകൊണ്ട് അശോകന്റെ കാലത്തിനുമുമ്പുതന്നെ ഇരുമ്പിന്റെ ഉപയോഗവും മഹാശിലാസംസ്കാരവും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടാവണം. ക്രി.മു. 700 നും 400 നുമിടയ്ക്കുതന്നെ ദക്ഷിണേന്ത്യാക്കാർ ഇരുമ്പ് ഉപ യോഗിക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നുവെന്നാണ് ഗോർഡൻ പ്രസ്താവി ക്കുന്നത്. ഏതായാലും ക്രി.മു. 500 ഓടുകൂടി ഇരുമ്പുകൊണ്ടുള്ള ഉപക രണങ്ങൾ ധാരാളം പ്രചരിക്കാൻ തുടങ്ങിയെന്നു കണക്കാക്കാവുന്നതാ ണ്. മഹാശിലാസംസ്കാരത്തിന്റെ കാലം അതിനുശേഷമല്ലാതെ, മുമ്പാ യിരിക്കാനിടയില്ല.

## സംഘകൃതികളുടെ മഹാശിലാസംസ്കാരം

ഒരുപക്ഷേ, അശോകന്റെ ശിലാശാസനങ്ങളിലും പ്രാചീന സംഘം കൃതികളിലും പ്രതിപാദിക്കപ്പെടുന്ന ചേരചോഴ പാണ്ഡ്യരാജ്യങ്ങളിലെ ജനങ്ങളായിരിക്കാം മഹാശിലാസംസ്ക്കാരത്തിന്റെ നിർമാതാക്കൾ. ഗവേ ഷകൻമാർ കണ്ടെടുത്തിട്ടുള്ള മഹാശിലാസംസ്കാരാവശിഷ്ടങ്ങളും സംഘംകൃതികളിൽ വർണ്ണിക്കപ്പെടുന്ന ശവസംസ്കാരരീതികളും തമ്മിൽ വളരെയേറെ സാമ്യമുണ്ട് എന്ന വസ്തുത ഈ അനുമാനത്തിനു ശക്തിക്കൂട്ടുന്നു. ഉദാഹരണത്തിന് സംഘംകൃതികളിലെ കിള്ളവ ഇവൻ എന്ന ചോഴരാജാവ് മരിച്ചപ്പോൾ ഐയർമുടവനാർ എന്ന കവി പാടിയ 'കലം ചെയ്കോവേ, കലം ചെയ്കോവെ' എന്ന മനോഹരഗാനം ഒന്നു പരിശോധിച്ചു നോക്കുക. അത്രയും മഹാനായ ഒരു രാജാവിന്റെ ശവമ ടക്കംചെയ്യാൻ പറ്റിയ കലശം എങ്ങനെ നിർമ്മിക്കാൻ കഴിയുമെന്ന് കവി ഒരു കുംഭാരനോടു ചോദിക്കുകയാണ്.

9. T.N. Ramachandran: Presidential Address, Indian History Congress, Agra, 1956

'ഇത്രയും ഉൽകൃഷ്ടനായ ഒരു ചക്രവർത്തിയുടെ ശവസംസ്കാരത്തിന് വളരെ വിസ്താരമുള്ള വായോടുകൂടിയ ഒരു കലശമാണാവശ്യം. വിശാലമായ ഭൂമിയെ ചക്രമായും ഉത്തുംഗമായ പർവ്വതത്തെ കളിമണ്ണായും ഉപയോഗിക്കുക എന്നതിൽ കുറഞ്ഞ ഏന്തെങ്കിലും നിനക്ക് ചെയ്യാനാവുമോ?' സംഘം കൃതികളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള കലശങ്ങൾ പല്ലവരം തുടങ്ങിയ പല സ്ഥലങ്ങളിൽ നിന്നും കുഴിച്ചെടുക്കപ്പെട്ട മഹാശിലാകാലത്തെ കലശങ്ങളോട് സാമ്യമുള്ളവയാണ് എന്നും കലശങ്ങളിൽ കാണുന്ന പുരാതനവസ്തുക്കളുടെ അവശിഷ്ടങ്ങൾക്ക് സംഘകാലത്തെ ആചാരങ്ങളുമായി ബന്ധമുണ്ടെന്നും മദിരാശി ഗവൺമെന്റിന്റെ പുരാതന വസ്തു ഗവേഷണ ഡിപ്പാർട്ട്മെന്റിന്റെ റിക്കാർഡുകൾ വ്യക്തമാക്കുന്നു.[10]

ഇവിടെയാണ് പുരാതന വാസ്തുഗവേഷണവും പ്രാചീന സാഹിത്യവും തമ്മിലുള്ള ബന്ധം കിടക്കുന്നത്. ഒന്നു മറ്റേതിന്റെ പൂരകമായിത്തീരുന്നു. മ്യൂസിയങ്ങളിൽ സൂക്ഷിച്ചുവെയ്ക്കപ്പെട്ടിട്ടുള്ള മഹാശിലാസംസ്കാരാവശിഷ്ടങ്ങളുടെ ഉടമസ്ഥൻമാർ ഏതുതരത്തിലാണ് ജീവിച്ചിരുന്നത് എന്നും അവരുടെ ആശയാഭിലാഷങ്ങൾ എന്തൊക്കെയായിരുന്നുവെന്നും മനസ്സിലാക്കാൻ സംഘംകൃതികൾ നമ്മെ സഹായിക്കുന്നു. അതുപോലെത്തന്നെ സംഘം കൃതികളുടെ കാലത്ത് കേരളീയർ ഏതുതരത്തിലുള്ള ആയുധോപകരണങ്ങളും പാത്രങ്ങളും മറ്റുമാണുപയോഗിച്ചിരുന്നത് എന്നു മനസ്സിലാക്കാൻ മഹാശിലാസംസ്കാരത്തിന്റെ അവശിഷ്ടങ്ങളും പ്രയോജനപ്പെടുന്നു.

പ്രാചീന സാഹിത്യകൃതികളിൽ മാത്രമല്ല, മൺമറഞ്ഞുപോയിട്ടില്ലാത്ത പ്രാകൃതരായ ചില ഗിരിവർഗ്ഗക്കാർക്കിടയിലും മഹാശിലാസംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ കാണാം. ഉദാഹരണത്തിന്, മലയരയൻമാർ, കുറുമ്പൻമാർ മുതലായ ചില ഗോത്രസമുദായങ്ങളിൽ മഹാശിലാസംസ്കാരം, ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ, ഇന്നും നിലനിന്നുവരുന്നുണ്ട്.[11] രണ്ടായിരത്തിലധികം കൊല്ലങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന കേരളീയരുടെ ആചാരസമ്പ്രദായങ്ങൾ കുറേയൊക്കെ മനസ്സിലാക്കാൻ ഇത് നമ്മെ സഹായിക്കുന്നു.

---

10. G.M.Soma Sundaran Pillai: Two Thousand Years of Tamil Literature, p-45.
11. L.A. Krishna Iyer and L.K.Bala Ratnam: Anthrapology in India. p.77.

# അധ്യായം നാല്

# ഗോത്രസമുദായങ്ങൾ

പ്രാചീന ശിലായുഗത്തിലെയും നവീനശിലായുഗത്തിലെയും ജനങ്ങളുടെ ഉൽപ്പാദനായുധങ്ങളെപ്പറ്റിയും അവർ ഉപയോഗിച്ച് വിട്ടുംവെച്ചുപോയ മറ്റു ജീവനോപകരണങ്ങളെപ്പറ്റിയും അവരുടെ ഉൽപാദനസമ്പ്രദായങ്ങളെപ്പറ്റിയും അവർ ജീവിച്ചിരുന്ന കാലഘട്ടങ്ങളെപ്പറ്റിയും പഠിക്കാൻ പുരാതന വാസ്തുഗവേഷകൻമാരുടെ കണ്ടുപിടുത്തങ്ങൾ പ്രയോജനപ്പെടുന്നു. പക്ഷേ, അവകൊണ്ടു മാത്രം അവരുടെ സാമൂഹ്യജീവിതത്തെപ്പറ്റിയും ആചാരങ്ങളെപ്പറ്റിയും ആശയഗതികളെപ്പറ്റിയും മനസ്സിലാക്കുക സാദ്ധ്യമല്ല. ഈ വിടവുനികത്താൻ നരവംശശാസ്ത്രജ്ഞൻമാരുടെയും സാമൂഹ്യശാസ്ത്രജ്ഞൻമാരുടെയും കണ്ടുപിടുത്തങ്ങൾ ആണ് നമ്മെ സഹായിക്കുന്നത്.

## കാടത്തത്തിൽ നിന്ന് സംസ്ക്കാരത്തിലേക്ക്

നമ്മൾ കണ്ടുകഴിഞ്ഞതുപോലെ, പ്രാകൃതോപകരണങ്ങളിലുണ്ടായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ പ്രാചീനശിലായുഗം, നവീനശിലായുഗം, ലോഹയുഗം എന്നിങ്ങനെയാണ് പുരാതനവസ്തു ഗവേഷകൻമാർ ചരിത്രത്തെ വിഭജിക്കുന്നത്. നരവംശശാസ്ത്രജ്ഞാൻമാരാകട്ടെ നേരെ മറിച്ച്, കാടത്തത്തിന്റെ യുഗം, അപരിഷ്കൃതത്തിന്റെ യുഗം, സംസ്കാരത്തിന്റെ യുഗം എന്നിങ്ങനെ സാമൂഹ്യജീവിതത്തിലുണ്ടായ മാറ്റങ്ങളുടെ അടിസ്ഥാനത്തിലാണ് മനുഷ്യസമുദായത്തെ പരിശോധിക്കുന്നത്. ഒരു നൂറ്റാണ്ടിനു മുമ്പ് അമേരിക്കയിലെ ആദിമനിവാസികൾക്കിടയിൽ വളരെകൊല്ലങ്ങളോളം കഴിച്ചുകൂട്ടിയ ലൂയിമോർഗൻ എന്ന ശാസ്ത്രജ്ഞ

നാണ് തന്റെ സ്വന്തം അനുഭവങ്ങളുടെയും ശാസ്ത്രീയ വീക്ഷണത്തിന്റെയും വെളിച്ചത്തിൽ ആദ്യമായി ഇത്തരമൊരു വിഭജനം നടത്തിയത്.

കാടൻമാരുടെ യുഗം മനുഷ്യസമുദായത്തിന്റെ ശൈശവദശയുടെ കാലമാണ്. പ്രാകൃതമനുഷ്യർ കല്ലുകൊണ്ടുള്ള ആയുധങ്ങളുപയോഗിച്ച് മൃഗങ്ങളെ വേട്ടയാടാനും തീയുപയോഗിച്ച് മത്സ്യമാംസാദികൾ വേവിച്ചുതിന്നുവാനും പഠിച്ചത് ഈ കാലത്താണ്. വില്ലും അമ്പും ഉപയോഗിച്ച് മൃഗങ്ങളെ കൂടുതലെളുപ്പത്തിൽ വേട്ടയാടിപ്പിടിക്കാൻ തുടങ്ങിയതോടുകൂടി കാടത്തയുഗം അവസാനിക്കുകയും അപരിഷ്കൃതയുഗം ആരംഭിക്കുകയും ചെയ്തു. അപരിഷ്കൃതയുഗത്തിന്റെ ആരംഭത്തിലാണ് മൺപാത്രങ്ങളുടെ ഉപയോഗം കണ്ടുപിടിക്കപ്പെട്ടത്. മൃഗങ്ങളെ പോറ്റിവളർത്താനും സ്ഥിരവാസമാരംഭിച്ച് ധാന്യങ്ങളും ഫലവർഗ്ഗങ്ങളും മറ്റും കൃഷിചെയ്യാനും തുടങ്ങിയത് അപരിഷ്കൃതയുഗത്തിലാണ്. ഈ യുഗത്തിന്റെ അവസാനത്തിൽ ലോഹങ്ങൾ കണ്ടുപിടിക്കപ്പെട്ടു.

ഇരുമ്പുരുക്കി പണിയായുധങ്ങളുണ്ടാക്കാനും കൈത്തൊഴിലുകളിലേർപ്പെടാനും ഇരുമ്പുകലപ്പയുപയോഗിച്ച് കൃഷി അഭിവൃദ്ധിപ്പെടുത്താനും തുടങ്ങിയതോടുകൂടി അപരിഷ്കൃതയുഗം അവസാനിക്കുകയും സംസ്ക്കാരത്തിന്റെ യുഗമാരംഭിക്കുകയും ചെയ്തു. ആശയവിനിമയത്തിന് അക്ഷരമാലയുപയോഗിക്കാൻ തുടങ്ങിയതോടുകൂടിയാണ് സംസ്ക്കാരത്തിന്റെ യുഗം ആരംഭിച്ചത്. അതുമുതൽക്കിന്നുവരെയുള്ള കാലം സംസ്ക്കാരത്തിന്റെ യുഗമാണ്.

മോർഗന്റെ വിശകലനത്തെ ഏംഗൽസ് ഇങ്ങനെ സംഗ്രഹിക്കുന്നു:

'കാടത്തയുഗം'– ഉപയോഗത്തിനുതകുംവിധം പ്രകൃതിയിൽ നിന്നു കിട്ടാവുന്ന ഉൽപ്പന്നങ്ങൾ സമ്പാദിക്കലിനാണ് ഈ ഘട്ടത്തിൽ ഏറ്റവുമധികം പ്രാധാന്യം. പ്രകൃതിവിഭവങ്ങൾ ഏളുപ്പത്തിൽ സമ്പാദിക്കാനാവശ്യമായ ഉപകരണങ്ങളെയാണ് മനുഷ്യൻ പ്രധാനമായും ഉൽപ്പാദിപ്പിച്ചിരുന്നത്.

'അപരിഷ്കൃതയുഗം' കന്നുകാലി വളർത്തലിനെക്കുറിച്ചും കൃഷിയെക്കുറിച്ചും അറിവുനേടിയ കാലം. മനുഷ്യന്റെ പ്രവർത്തനം വഴി പ്രകൃതിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തിയത് ഈ കാലത്താണ്.

'സംസ്ക്കാരയുഗം' – പ്രകൃതിവിഭവങ്ങളെത്തന്നെ പുതുക്കിപ്പണിയുന്നതിനെക്കുറിച്ചും വ്യവസായം, കല എന്നിവയെക്കുറിച്ചും അറിവുനേടിയ കാലം.[1]

1. Engels: Origin of Family, Private Property and the State, p. 46

പ്രാചീന സമുദായങ്ങളെല്ലാം സാമൂഹ്യവളർച്ചയുടെ ഒരേഘട്ടത്തിലല്ല ജീവിക്കുന്നത് എന്ന് മോർഗൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. ചില ജനവിഭാഗങ്ങൾ കാടത്തത്തിൽ കഴിച്ചുകൂട്ടുമ്പോൾ മറ്റു ചില വിഭാഗങ്ങൾ അപരിഷ്കൃതയുഗത്തിലും, ഇനിയും ചില വിഭാഗങ്ങൾ സംസ്കാരത്തിന്റെ യുഗത്തിലും ജീവിക്കുന്നു. എങ്കിലും സാമൂഹ്യവളർച്ചയുടെ അനുക്രമമായ ഘട്ടങ്ങൾ അവയെ പരസ്പരം ബന്ധപ്പെടുത്തുന്നു. മോർഗന്റെ ഈ വിശകലനങ്ങൾ സാരാംശത്തിൽ ഇന്നും ശരിയാണെന്ന് ആധുനിക നരവംശശാസ്ത്രജ്ഞൻമാരുടെ ഗവേഷണ ഫലങ്ങൾ തെളിയിക്കുന്നു.

## സാങ്കേതിക വളർച്ചയും സാമൂഹിക ജീവിതവും

പുരാതന വസ്തു ഗവേഷകൻമാരുടെയും നരവംശശാസ്ത്രജ്ഞൻമാരുടെയും ഗവേഷണങ്ങളെ പൊരുത്തപ്പെടുത്താനും കൂട്ടിയോജിപ്പിക്കാനുമുള്ള മഹത്തായ ഒരു പരിശ്രമമാണ് ഗോർഡൻ ചൈൽഡ് തന്റെ 'സോഷ്യൽ എവല്യൂഷൻ' എന്ന ഗ്രന്ഥത്തിലൂടെ നടത്തിയിട്ടുള്ളത്. നവീനശിലായുഗത്തിനു മുമ്പുള്ള കാലഘട്ടത്തെ കാടത്തത്തിന്റെ യുഗമായും നവീനശിലായുഗത്തെ അപരിഷ്കൃതത്തിന്റെ യുഗമായും മൊത്തത്തിൽ തരംതിരിക്കാമെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നു.

നരവംശശാസ്ത്രജ്ഞൻമാരുടെ കണ്ടുപിടുത്തങ്ങൾക്കും പുരാതന വാസ്തുഗവേഷകൻമാരുടെ കണ്ടുപിടുത്തങ്ങൾക്കും തമ്മിൽ പറയത്തക്ക വൈരുദ്ധ്യമൊന്നുമില്ല. എന്നല്ല, ഒന്നു മറ്റേതിനെ സഹായിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു. എന്തെന്നാൽ, ഉപകരണങ്ങളിലുണ്ടാകുന്ന സാങ്കേതിക പരിഷ്ക്കാരങ്ങളാണ് സാമൂഹ്യജീവിതത്തിലുണ്ടാകുന്ന മാറ്റങ്ങളുടെ അടിസ്ഥാനം. ഉദാഹരണത്തിന്, കല്ലുകൊണ്ടുള്ള പരുക്കൻ ആയുധങ്ങളുടെ സ്ഥാനത്ത് വില്ലും അമ്പും ഉപയോഗിക്കാൻ തുടങ്ങിയപ്പോഴാണ് മൃഗങ്ങളെ പോറ്റിവളർത്തുകയെന്ന പുതിയ ജീവിതക്രമം ആവിർഭവിച്ചത്. അതുപോലെ, ലോഹങ്ങൾ പ്രചാരത്തിൽ വന്നപ്പോളാണ് കലപ്പ കൊണ്ട് നിലമുഴുത് കൃഷിചെയ്യുന്ന ജീവിതരീതി നിലവിൽ വന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ; ഉൽപ്പാദനോപകരണങ്ങളിലും ഉൽപാദനരീതിയിലുമുണ്ടാകുന്ന മാറ്റങ്ങൾക്കനുരൂപമായിട്ടാണ് മനുഷ്യന്റെ സാമൂഹിക ജീവിതക്രമങ്ങൾ മാറുകയും അഭിവൃദ്ധിപ്പെടുകയും ചെയ്തിട്ടുള്ളത്.[2]

2. Marx: Critique of Political economy p.8

## കൂട്ടായ ജീവിതം

കല്ലുകൊണ്ടുള്ള പരുക്കൻ ആയുധങ്ങളുമായി കാട്ടുമൃഗങ്ങളോടും പ്രകൃതിശക്തികളോടും മല്ലിട്ടുകൊണ്ടു ജീവിച്ചിരുന്ന അതിപ്രാചീനരായ പൂർവ്വനിവാസികളുടെ കാലത്ത് കേരളക്കരയിൽ ജന്മികളോ മുതലാളികളോ ഉണ്ടായിരുന്നില്ലെന്ന് പറയേണ്ടതില്ലല്ലോ. ഭക്ഷണം കിട്ടിയാൽ കിട്ടി. ഇല്ലെങ്കിൽ പട്ടിണി. ഭാവിയ്ക്കുവേണ്ടി സൂക്ഷിച്ചുവയ്ക്കാനോ 'എന്റേത്' 'നിന്റേത്' എന്നു പങ്കിടാനോ യാതൊരു സ്വത്തുമുണ്ടായിരുന്നില്ല. അതുകൊണ്ട് ഉള്ളവനെന്നും ഇല്ലാത്തവനെന്നുമുള്ള വ്യത്യാസവും അജ്ഞാതമായിരുന്നു. എല്ലാ മനുഷ്യരും സമൻമാരായിരുന്നു. മർദ്ദകനും മർദ്ദിതനുമില്ല. രാജാവും പ്രജയുമില്ല. അദ്ധ്വാനിക്കുന്ന ഓരോ മനുഷ്യനും തന്റെ ആവശ്യമുള്ളതു കഴിച്ചു മിച്ചമുണ്ടാക്കുവാൻ കഴിയത്തക്കവണ്ണം ഉൽപ്പാദനശക്തികൾ വളർന്നുകഴിഞ്ഞിരുന്നില്ല. ഈ സാഹചര്യത്തിൽ മറ്റുള്ളവരുടെ അധ്വാനഫലത്തെ ചൂഷണം ചെയ്തു ജീവിക്കുക സാധ്യമായിരുന്നില്ല. പാട്ടം, പലിശ, ലാഭം എന്നിവയെപ്പറ്റി സ്വപ്നം കാണാൻപോലും അക്കാലത്ത് ആർക്കും കഴിയുമായിരുന്നില്ല. സ്വകാര്യസ്വത്ത് തലപൊക്കി കഴിഞ്ഞിരുന്നില്ല. എല്ലാം എല്ലാവരുടേയും കൂടിയായിരുന്നു. എല്ലാവരും കൂട്ടായി പണിയെടുക്കും. അധ്വാനിച്ചുകിട്ടുന്ന വിഭവങ്ങൾ എല്ലാവരും കൂടി പങ്കിട്ടെടുക്കും.

ആളുകൾ അന്നൊക്കെ കൂട്ടംകൂട്ടമായിട്ടാണ് ജീവിച്ചിരുന്നത്. ഒറ്റയ്ക്കൊറ്റയ്ക്ക് മറ്റുള്ളവരുമായി സഹകരിക്കാതെ, ജീവിതായോധനം നടത്തുക സാധ്യമായിരുന്നില്ല. കല്ലുകൊണ്ടുള്ള ആയുധങ്ങളോ വില്ലുമമ്പുമോ ഉണ്ടായതുകൊണ്ടുമാത്രം ഒറ്റയ്ക്ക് കാട്ടുമൃഗങ്ങളോടും പ്രകൃതിശക്തികളോടും പൊരുതിജീവിക്കുന്നതെങ്ങനെയാണ്? ഹിംസ്രജന്തുക്കൾക്ക് സ്വയം ഇരയാകാതെ കഴിയാനും, പക്ഷിമൃഗാദികളെ വേട്ടയാടിപ്പിടിച്ച് ദൈനംദിന ജീവിതം കഴിച്ചുകൂട്ടാനും, പിന്നീട് കാടുവെട്ടിത്തെളിച്ച് കൃഷിചെയ്തുപജീവനം കഴിക്കാനും ഈ കൂട്ടായ സാമൂഹ്യജീവിതം അത്യാവശ്യമായിരുന്നു. പ്രാകൃതങ്ങളായ ഉൽപ്പാദനോപകരണങ്ങൾക്കനുയോജ്യമായ ഒരു സാമൂഹ്യക്രമമായിരുന്നു അത്. മാർക്സ് ചൂണ്ടിക്കാണിച്ചതുപോലെ, 'പൊതുവായ ഭാഷ, ആചാരങ്ങൾ, രക്തബന്ധം മുതലായവയുടെ അടിസ്ഥാനത്തിലുള്ള പ്രാകൃതജനങ്ങളുടെ ഗണങ്ങൾ, അല്ലെങ്കിൽ കൂട്ടങ്ങൾ ആയിരുന്നു ജീവിതാവശ്യങ്ങൾ നേടുന്നതിനുള്ള ഒന്നാമത്തെ ഉപാധി. ഇടയൻമാർ, വേടൻമാർ തുടങ്ങിയ പ്രാചീന ജനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും അതു ഒഴിച്ചുകൂടാൻ വയ്യാത്തതായിരുന്നു. പണിയായുധങ്ങളും പണിചെയ്യാനുള്ള മറ്റു ഭൗതികസാമഗ്രികളും സപ്ലൈ ചെയ്യുന്ന വലിയൊരു പരീക്ഷണശാല

യായിരുന്നു ഭൂമി. ഭൂമിയായിരുന്നു സമുദായത്തിന്റെ അടിത്തറ. ഈ ഘട്ടത്തിൽ ജനങ്ങൾ ഭൂമിയെ കാണുന്നത് അധ്വാനത്തിലൂടെ ഉൽപ്പാദനവും പുനരുൽപ്പാദനവും നടത്താനുള്ള സമുദായത്തിന്റെ കൂട്ടുസ്വത്തെന്ന നിലയ്ക്കാണ്. സമുദായത്തിലെ ഒരംഗമെന്ന നിലയ്ക്കുമാത്രമേ വ്യക്തിക്ക് ഈ സ്വത്തിൽ പങ്കുള്ളു. ആ നിലയ്ക്കുമാത്രമേ അയാൾ ഭൂമിയുടെ ഉടമസ്ഥനും ഭൂമിയിൽ സ്ഥിരവാസം ചെയ്യുന്നവനും ആകുന്നുള്ളു. ഈ പ്രാഥമികോപാധികളുടെ അടിസ്ഥാനത്തിലാണ് അധ്വാനത്തിലൂടെ ഭൗതികാവശ്യങ്ങൾ സമ്പാദിക്കപ്പെടുന്നത്. ഈ പ്രാഥമികോപാദികളാകട്ടെ, അധ്വാനത്തിന്റെ ഫലമെന്ന നിലയ്ക്കല്ല, മറിച്ച്, അധ്വാനത്തിന്റെ പിന്നിലുള്ള പ്രകൃതിസഹജവും ദിവ്യവുമായ അടിത്തറയെന്ന നിലയ്ക്കാണ് പ്രത്യക്ഷപ്പെടുന്നത്.'

## ഭരണകൂടമില്ലാത്ത ഭരണം

കൂട്ടത്തിലെ ജനങ്ങളെല്ലാം ഒരേ പൂർവ്വികന്റെ പിൻഗാമികളാണെന്നായിരുന്നു വിശ്വാസം. ജനസംഖ്യ വർദ്ധിച്ചതോടുകൂടി അവർ വെവ്വേറെ തായ്‌വഴികളായിത്തിരിഞ്ഞ് തറവാടുകളിൽ താമസിക്കാൻ തുടങ്ങി. പക്ഷേ, അതിനു ശേഷവും, രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള കുലങ്ങളും ഗോത്രങ്ങളുമായിട്ടാണ് അവർ ജീവിച്ചത്. ഏറ്റവും പ്രായം കൂടിയ ആൾ എന്ന നിലയ്ക്ക് കൂട്ടത്തിലെ കാരണവർ, അല്ലെങ്കിൽ മൂപ്പർ, ബഹുമാനിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്തുപോന്നു. തറവാട്ടുകാരണവൻമാരുടെ കൂട്ട(സഭ)മാണ് ഗോത്രത്തിന്റെ ഭരണകാര്യങ്ങളെല്ലാം നിർവ്വഹിച്ചിരിക്കുന്നത്. ഉൽപ്പാദനക്രമത്തിൽ എല്ലാവരും പരസ്പരം സഹകരിക്കുകയും സഹായിക്കുകയും ചെയ്തിരുന്നു. രാജാവോ, പട്ടാളം, ജെയിൽ തുടങ്ങിയ മർദ്ദനോപകരണങ്ങളോ ആവശ്യമുണ്ടായിരുന്നില്ല. പരമ്പരാഗതങ്ങളായ ആചാരങ്ങൾ, കാരണവൻമാരോടുള്ള ആദരവും ബഹുമാനവും, കാരണവൻമാരുടെ സ്വാധീനശക്തിയും പ്രാമാണികത്വവും, കൂട്ടായ തീരുമാനങ്ങളിലുള്ള വിശ്വാസം - ഇവയാണ് സാമൂഹ്യജീവിതത്തെ നിയന്ത്രിച്ചിരുന്നത്.

നവീനശിലായുഗത്തിൽ കാടുവെട്ടിത്തെളിച്ച് കൃഷിചെയ്യാൻ തുടങ്ങിയപ്പോഴും കൂട്ടായ ജീവിതം നിലനിന്നു. ശങ്കരമേനോൻ എഴുതുന്നു:[3]

'കേരളത്തിലെ ജനങ്ങൾ കുലങ്ങളായി സംഘടിപ്പിക്കപ്പെട്ടിരുന്നു. ഓരോ കുലത്തിനും നേതാവായി ഒരു തലവനുണ്ടായിരുന്നു. ഈ തലവൻ തരിശുഭൂമികൾ വെട്ടിത്തെളിച്ചും ഉടമസ്ഥൻമാരെ ആട്ടിയോടിച്ചും അടിമപ്പെടുത്തിയും ഭൂമികൾ കൈവശപ്പെടുത്തുന്നു. ഭൂമി വെട്ടിത്തെളി

3. M.Sankara menon, Census, 1901

ക്കാനും ശത്രുവിനെ കീഴ്പ്പെടുത്താനും സഹകരിച്ച ഗോത്രങ്ങൾക്കും ചെറുജനവിഭാഗങ്ങൾക്കും അയാൾ ഈ ഭൂമി പങ്കിട്ടുകൊടുക്കുന്നു. സ്വന്ത മായി കൃഷിഭൂമിയില്ലാത്ത ഗോത്രങ്ങൾ മറ്റുള്ളവരെ പലവിധേനയും സഹായിച്ചുകൊണ്ട് ഉപജീവനം നേടുന്നു. ഏതായാലും ഭരണം കാര ണവൻമാരുടെ – അല്ലെങ്കിൽ കുടുംബത്തലവൻമാരുടെ കൈകളിലാണ്. രാജകീയ ഭരണവ്യവസ്ഥയുടെ യാതൊരു തെളിവും അവശേഷിച്ചുകാ ണുന്നില്ല.'

## ഗിരിവർഗ്ഗക്കാരുടെ ഭരണവ്യവസ്ഥ

കേരളത്തിലിന്നും നാമാവശേഷമായിട്ടില്ലാത്ത ഗിരിവർഗ്ഗക്കാരുടെയിട യിൽ ഈ പ്രാകൃതമായ സാമൂഹ്യഘടനയുടെ അത്ഭുതാവഹമായ അവ ശിഷ്ടങ്ങൾ മാഞ്ഞുപോകാതെ നിലനിൽക്കുന്നുണ്ട്. കാണിക്കാർ, മല ങ്കുറവൻമാർ, മലപണ്ടാരങ്ങൾ, ഉള്ളാടൻമാർ, മലയരയൻമാർ തുടങ്ങിയ കാട്ടുജാതിക്കാർക്കിടയിൽ ഇപ്പോഴും പ്രാചീന ഗോത്രസംഘടനയുടെ അവശിഷ്ടങ്ങൾ കാണാം. അവരിപ്പോഴും രക്തബന്ധത്തിന്റെ അടിസ്ഥാ നത്തിൽ കൂട്ടംകൂട്ടമായിട്ടാണ് ജീവിക്കുന്നത്. അവരുടെ സാമൂഹ്യജീവി തത്തെ നിയന്ത്രിക്കുന്നത് ഗോത്രങ്ങളുടെ തലവൻമാരും കാരണവൻമാ രുടെ കമ്മിറ്റികളുമാണ്. ഉദാഹരണത്തിന് മലയൻമാരെപ്പറ്റി കൃഷ്ണ യ്യർ എഴുതുന്നത് നോക്കുക:

'മലയൻമാർക്ക് ഇരുപതോ മുപ്പതോ വീടുകളടങ്ങിയ ഒരു ഗ്രാമ ത്തിലും ഓരോ മൂപ്പനുണ്ട്. അദ്ദേഹമാണ് എല്ലാ ആഘോഷങ്ങളുടെയും അദ്ധ്യക്ഷത വഹിക്കുന്നത്. വയസൻമാരുടെ ഒരു കൗൺസിലിന്റെ സഹാ യത്തോടുകൂടി അദ്ദേഹം സമുദായത്തിലുണ്ടായ കശപിശകൾ പരിഹ രിക്കുകയും കുറ്റക്കാരെ പിഴ ചുമത്തിയോ ഭ്രഷ്ട് കൽപ്പിച്ചോ ശിക്ഷി ക്കുകയും ചെയ്യുന്നു. കുലത്തിന്റെയാകെ തലവന് പണിക്കൻ എന്ന സ്ഥാനമാണുള്ളത്. അവർ യാതൊരു നിയമങ്ങളെ അവലംബിക്കേണ്ട ആവശ്യവും അവർക്കു നേരിടാറില്ല.'

ഉള്ളാടൻമാരെപ്പറ്റി അദ്ദേഹം ഇങ്ങനെ എഴുതുന്നു:

'കുലത്തിന്റെ (ട്രൈബിന്റെ) സമിതിയിൽ കുലത്തിലെ പ്രായമുള്ള എല്ലാ അംഗങ്ങളുമടങ്ങുന്നു. ഒരു തലവനുണ്ട്. മൂപ്പൻ എന്നാണദ്ദേഹം വിളിക്കപ്പെടുന്നത്. അദ്ദേഹത്തിന് പൊനമ്പൻ എന്ന പേരിലറിയപ്പെടുന്ന ഒരു സഹായിയുണ്ട്. വിവാഹാഘോഷങ്ങളിലും ശവസംസ്കാരച്ചടങ്ങു കളിലും മറ്റും അദ്ധ്യക്ഷത വഹിക്കുകയും കുലവുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങളും പരിഹരിക്കുകയും ചെയ്യുന്നത് അദ്ദേഹമാണ്.'

ഇതുപോലെ കാടരുടെ പതിയിലെ - പതി എന്നാൽ ഇരുപതോ മുപ്പതോ കുടിൽ ചേർന്നതാണ്. എല്ലാ അംഗങ്ങളും ഒരു മൂപ്പന്റെ കീഴിലാണ്.

അങ്ങനെ പ്രാകൃതനിവാസികളുടെ ഓരോ കുലത്തിനും ഓരോ തലവൻമാരുണ്ട്. കാണിക്കാരുടെ തലവന്റെ പേർ മുതുക്കാണിയെന്നാണ്. മലങ്കുറവൻമാരുടെ നേതാവ് ഊരാളിയാണ്. മലപണ്ടാരങ്ങളുടെ തലവൻ മൂപ്പൻ. മലപ്പുലയരുടേത് അരയൻ, വേടൻമാരുടേത് സ്ഥാനി. ഇതുപോലെ മറ്റെല്ലാ ഗോത്രവർഗ്ഗക്കാർക്കും സ്വന്തം മൂപ്പൻമാരുണ്ട്. ജനങ്ങളുടെ സാമൂഹ്യവും മതപരവും ഭക്ഷണപരവുമായ എല്ലാ കർമ്മങ്ങളുടെയും മേൽനോട്ടം നടത്തുന്നത് മൂപ്പൻമാരുടെ നേതൃത്വത്തിലുള്ള കമ്മിറ്റികളാണ്.

സ്വകാര്യസ്വത്തിന്റെയും കച്ചവടബന്ധങ്ങളുടെയും ഗതാഗതസൗകര്യങ്ങളുടെയും ആധുനിക വിദ്യാഭ്യാസത്തിന്റെയും വളർച്ചയുടെയും ഫലമായി പ്രാചീനഗോത്രക്കാരുടെ സാമൂഹ്യഘടനയ്ക്ക് ഇന്ന് ഒട്ടൊക്കെ കോട്ടംതട്ടിയിട്ടുണ്ട്. അവർക്കിടയിൽ ഇന്ന് വിവിധ നിലവാരത്തിലുള്ള വ്യത്യസ്തങ്ങളായ ജീവിതനിലവാരങ്ങളാണുള്ളത്. എങ്കിലും പൊതിവിലുള്ള ചില സ്വഭാവവിശേഷങ്ങൾ അവശേഷിക്കുന്നതായി കാണാം. ഏറ്റവും മുഖ്യമായ സവിശേഷത, കുലഗോത്രങ്ങളുടെ രക്തബന്ധാടിസ്ഥാനത്തിലുള്ള സാമൂഹ്യജീവിതം തകരാതെ നിലനിൽക്കുന്നുണ്ടെന്നുള്ളതാണ്. പതി, കുടി മുതലായ പേരുകളിലറിയപ്പെടുന്ന സമൂഹങ്ങളായിട്ടാണ് അവരിപ്പോഴും ജീവിക്കുന്നത്. ഒരു സമൂഹത്തിൽ ഇരുപതോ മുപ്പതോ ചെറുകുടുംബങ്ങളുണ്ടാകും. സമൂഹത്തിലെ അംഗങ്ങളുടെ മേൽനോട്ടവും പൊതുഭരണവും നിർവ്വഹിക്കാൻ ഒരു തലവനും തലവനെ സഹായിക്കാൻ ഒരു കമ്മിറ്റിയുമുണ്ടാകും. സമൂഹത്തിലെ വ്യത്യസ്ത കുടുംബങ്ങൾക്കിടയിൽ അടുത്തകാലത്തായി സാമ്പത്തികാസമത്വം തലപൊക്കാൻ തുടങ്ങിയിട്ടുണ്ട്. എങ്കിലും ഒരു കാലത്ത് എല്ലാവരും സമൻമാരായിരുന്നുവെന്നതിന്റെ ധാരാളം സൂചനകളുണ്ട്. അവർക്കു പൊതുവായ ജീവിതരീതിയും സാമൂഹ്യാചാര്യങ്ങളും ആരാധനസമ്പ്രദായങ്ങളും പിന്തുടർച്ചാവകാശങ്ങളുമാണുള്ളത്.

## കുലവും ഗോത്രവും

ഒരു കുലത്തിൽ സാധാരണയായി ഇത്തരത്തിലുള്ള ഒന്നിലധികം സമൂഹങ്ങൾ അല്ലെങ്കിൽ ഗോത്രങ്ങൾ ഉണ്ടായിരിക്കും. ഉദാഹരണത്തിന്, തെക്കൻ തിരുവിതാംകൂറിലെ കാണിക്കാർക്കിടയിൽ മൂത്തില്ലം, മേനില്ലം, എന്നിങ്ങനെ രണ്ടു ഗോത്രങ്ങളുണ്ട്. നെടുമങ്ങാടു താലൂക്കിലെ കാണി

ക്കാർക്കിടയിൽ മൂത്തില്ലം, മേനില്ലം, കയ്യില്ലം, പാലില്ലം എന്നിങ്ങനെ നാലു ഗോത്രങ്ങളുണ്ട്.

ചിലപ്പോൾ കുലത്തിനും ഗോത്രത്തിനുമിടയിൽ ഏതാനും ഗോത്ര ങ്ങൾ ചേർന്നുകൊണ്ടുള്ള ഭ്രാതൃസമുദായങ്ങൾ ഉണ്ടായിരിക്കും. ഉദാ ഹരണത്തിന്, നെയ്യാറ്റിൻകരയിലെ കാണിക്കാർക്കിടയിൽ അണ്ണൻതമ്പി, മച്ചമ്പി, എന്നിങ്ങനെ രണ്ടു പ്രധാന വിഭാഗങ്ങൾ അല്ലെങ്കിൽ ഭ്രാതൃസ മൂഹങ്ങൾ ഉണ്ട്. അണ്ണൻതമ്പി വിഭാഗത്തിൽ മൂത്തില്ലം, വെളിനാട്ടില്ലം, കുറുമില്ലം എന്നിങ്ങനെ മൂന്നു ഗോത്രങ്ങളുണ്ട്.

മുതുവൻമാർക്കിടയിൽ മേലാക്കൂട്ടം, കാനക്കൂട്ടം, പൂതാനിക്കൂട്ടം, കന യാതുക്കൂട്ടം, എല്ലിക്കൂട്ടം എന്നിങ്ങനെയുള്ള ഗോത്രങ്ങളാണുള്ളത്. ഇതിൽ ഏറ്റവും പ്രധാനമായ ഗോത്രം മേലാക്കൂട്ടമാണ്. മേലാക്കൂട്ട ത്തിലെ തലവൻമാരാണ് മുതുവൻമാരുടെ പൊതുവിലുള്ള തലവൻമാർ.

തൊടുപുഴ മലയോരത്തിലെ ഊരാളികൾ, കാനക്കൂട്ടം, പൊരിയി ലക്കൂട്ടം, കൊടിയരിക്കൂട്ടം, എണ്ണയരിക്കൂട്ടം എന്നിങ്ങനെ നാലു ഗോത്ര ങ്ങളായും, നേരിയമംഗലത്തിലെ ഊരാളികൾ, വയനവരക്കൂട്ടം, കാന ക്കൂട്ടം, കൂരിയക്കൂട്ടം, പെരിയിലക്കൂട്ടം എന്നിങ്ങനെ നാലു ഗോത്രങ്ങ ളായും വിഭജിക്കപ്പെട്ടിരിക്കുന്നു.

മധ്യതിരുവിതാംകൂറിലെ മലയരയൻമാർ വളയില്ലം, എണ്ണയില്ലം, മുണ്ടില്ലം, പൂത്താണി ഇല്ലം, കൊരങ്ങണി ഇല്ലം, പന്തീരായിരം ഇല്ലം എന്നിങ്ങനെ എട്ടു ഗോത്രക്കാരായി വിഭജിക്കപ്പെട്ടിരിക്കുന്നു.

മലകുറവൻമാർക്കിടയിൽ എട്ടു ഗോത്രങ്ങളും, ഉള്ളാടൻമാർക്കിട യിൽ നാലു ഗോത്രങ്ങളാണുമുള്ളത്. മലയൻമാർക്കിടയിൽ കടത്തുകാർ, കുന്നിക്കാർ, തോണിക്കാർ തുടങ്ങി ഒമ്പതുഗോത്രങ്ങളുണ്ട്.

പൊതുവേ ഈ പ്രാകൃത സമുദായക്കാരെല്ലാം സംസാരിക്കുന്ന ഭാഷ ശുദ്ധമലയാളമോ മറ്റ് ആധുനിക ഭാഷകളോ അല്ല. പഴയ മലയാളവും പഴയ തമിഴും കലർന്നതോ, പഴയ മലയാളവും പഴയ കർണ്ണാടകവും കൂടിക്കലർന്നതോ ആയ ചില പ്രാകൃതഭാഷകളാണ് അവരുടേത്.

ശിലാമനുഷ്യരുടെ പ്രാകൃത സാമൂഹ്യവ്യവസ്ഥയിൽ ഭരണകൂട ത്തിന്റെ യാതൊരാവശ്യവുമുണ്ടായിരുന്നില്ല. ഏതെങ്കിലും കാരണത്തിന് കുലങ്ങൾ തമ്മിൽ വക്കാണങ്ങളോ, യുദ്ധങ്ങളോ ഉണ്ടായാൽ അവയിൽ പ്രായപൂർത്തിയെത്തിയ മുഴുവൻ ജനങ്ങളും പങ്കെടുക്കുക പതിവായി രുന്നു. ജനങ്ങളാകെ ആയുധമെടുത്ത് യുദ്ധം ചെയ്യും. ജനങ്ങളിൽ നിന്ന് വേറിട്ടുള്ള പ്രത്യേകമായ ഒരു സൈനികശക്തിയുടെ യാതൊരാവശ്യ വുമുണ്ടായിരുന്നില്ല. സാമൂഹികവും സാമ്പത്തികവും വൈവാഹികവും

മതപരവുമായ എല്ലാ കാര്യങ്ങളും മൂപ്പന്റെ അല്ലെങ്കിൽ കാരണവരുടെ നേതൃത്വത്തിലുള്ള സഭകളോ കൗൺസിലുകളോ ആണ് നിർവ്വഹിച്ചിരുന്നത്. കുലത്തിനും ഗോത്രത്തിനും വെവ്വേറെ സഭകളും മൂപ്പൻമാരുടെ കൗൺസിലുകളുമുണ്ടായിരുന്നു. സഭയിൽ കുലത്തിലെ അല്ലെങ്കിൽ ഗോത്രത്തിലെ എല്ലാ അംഗങ്ങൾക്കും തുല്യമായ അവകാശങ്ങളാണ് ഉണ്ടായിരുന്നത്. എല്ലാവരും കൂടി ചർച്ച ചെയ്തു തീരുമാനിക്കുന്നതെന്തും അനുസരിച്ച് നടപ്പിൽ വരുത്താൻ ഓരോരുത്തനും ബാദ്ധ്യസ്ഥനായിരുന്നു. ഗോത്രത്തിന്റെ തീരുമാനം, പവിത്രമാണ്. അലംഘനീയമാണ്. വ്യക്തിയുടെ സ്വകാര്യജീവിതം ഗോത്രത്തിന്റെ പൊതുഭരണവ്യവസ്ഥയ്ക്കു വിധേയമായിരിക്കും. അവന്റെ ജീവിതരീതി, ചിന്തകൾ, ആഗ്രഹാഭിലാഷങ്ങൾ, പെരുമാറ്റങ്ങൾ മുതലായവയെല്ലാം സമൂഹത്തിന്റെ ഇച്ഛാശക്തിയുമായി പൊരുത്തപ്പെട്ടിരിക്കുന്നു. അനന്തകൃഷ്ണയ്യർ ചെറുമക്കളുടെ സഭയെപ്പറ്റി 1908-ൽ ഇങ്ങനെ എഴുതുകയുണ്ടായി.

'തെക്കെ മലബാറിലെ പാലക്കാട്ട് താലൂക്കിൽ പണ്ടുകാലത്ത് ചെറുമർ (ചെറുമക്കൾ) കളവ്, വ്യഭിചാരം, വിവാഹമോചനം എന്നീ കേസുകൾക്ക് കണ്ണാടിക്കുട്ടിവട്ടാലിൽ (പാലക്കാട്ടിനടുത്തു കണ്ണാടിയിലെ ഒരു ആൽവൃക്ഷത്തിനുചുവട്ടിൽ) വെച്ച് വമ്പിച്ച യോഗങ്ങൾ ചേരാറുണ്ടത്രേ. വാളയാർക്കാടുകളുടെയും വള്ളുവനാടു താലൂക്കിലെ കരിമ്പുഴയുടെയും നടുവിൽ വടക്കും തെക്കും മലകൾക്കിടയിൽ താമസിക്കുന്ന ചെറുമജാതിയിൽപ്പെട്ട എല്ലാ അംഗങ്ങളും ഈ സഭയിൽ സംബന്ധിക്കാറുണ്ട്. കൂടിയാലോചനകൾ വളരെ ദിവസങ്ങളോളം നീണ്ടുനിൽക്കാറുണ്ടെന്നു പറയപ്പെടുന്നു. ഇതായിരുന്നു അവരുടെ ഗോത്രക്കോടതി. ആരെങ്കിലും എന്തെങ്കിലും തെറ്റുചെയ്തിട്ടുണ്ടെങ്കിൽ അയാൾക്കു കിട്ടുന്ന ശിക്ഷ ഏതാനും ഉറുപ്പിക പിഴയോ അല്ലെങ്കിൽ നല്ല കണക്കിന് പ്രഹരമോ ആയിരിക്കും. സ്വന്തം നിരപരാധിത്വം തെളിയിക്കാൻ വേണ്ടി കുറ്റവാളി ഇങ്ങനെ സത്യം ചെയ്യണം: 'കണ്ണാടി സ്വരൂപം അറികെ ഞാൻ ചെയ്തിട്ടില്ല.' ഈ സഭ അത്രയ്ക്ക് പരിപാവനമായി കരുതപ്പെട്ടിരുന്നതുകൊണ്ട് ആരും അതിനെപ്പിടിച്ച് ആണയിടുമ്പോൾ നുണപറയാറില്ല. കാലക്രമത്തിൽ അവർക്ക് അങ്ങനെ ഒന്നിച്ചുകൂടാൻ വിഷമമായതോടുകൂടി ഇത്തരം സമ്മേളനവും അവസാനിച്ചു. ഇപ്പോൾ അത്തരം കേസുകൾക്ക് വിവിധ ഗ്രാമങ്ങളിലെ തലമൂത്ത അംഗങ്ങളേയും തലവൻമാരേയും ക്ഷണിച്ചുവരുത്തി കൂടിയാലോചനകൾ നടത്തുകയാണ് പതിവ്.'[4]

വയനാട്ടിലെ കുറിച്ചിയർ നാടുകളായി വിഭജിക്കപ്പെട്ടിരിക്കുന്നുവെന്നും, ഓരോ നാടിനും ഓരോ മൂപ്പനുണ്ടെന്നും, സമുദായത്തിലെ തർക്ക

4. K.Ananthakrishna Iyer: The cochin Tribes and Castes. Vol. 1 P.112.

ങ്ങളെല്ലാം മൂപ്പന്റെ നേതൃത്വത്തിലുള്ള സഭയാണ് പരിഹരിക്കുന്നതെന്നും അയ്യപ്പൻ ചൂണ്ടിക്കാണിക്കുന്നു.[5] മറ്റു മിക്ക ഗിരിവർഗ്ഗകാർക്കിടയിലും ഏതാണ്ടിതുപോലെ ഗോത്രസംഘടനകളുണ്ട്.

'കേരള സംസ്കാരം' എന്ന തന്റെ പുസ്തകത്തിൽ കെ.മാമൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, കേരളത്തിലെ ഈ സാമൂഹ്യക്രമത്തിന് നാലു സവിശേഷതകളാണുണ്ടായിരുന്നത്:

- ഒന്നാമത് രക്തബന്ധമായിരുന്നു സമുദായത്തിന്റെ അടിത്തറ.

രണ്ടാമത്, ജനങ്ങൾ കൂട്ടംകൂട്ടമായിട്ടാണ് ജീവിച്ചിരുന്നത്. കൂട്ടത്തിലെ കാരണവൻമാരുടെ നേതൃത്വത്തിലുള്ള ജനാധിപത്യസഭയാണ് ഭരണകാര്യങ്ങൾ നിർവ്വഹിച്ചിരുന്നത്.

മൂന്നാമത്, ഭൂമി കൂട്ടത്തിലെ എല്ലാ അംഗങ്ങളുടെയും പൊതുസ്വത്തായിരുന്നു.

- നാലാമത്, കൂട്ടത്തിന് പൊതുവായ ആരാധനാസമ്പ്രദായമുണ്ടായിരുന്നു.[6]

## പ്രാകൃത കമ്മ്യൂണിസം

എന്നാൽ ഇവ കേരളത്തിന്റെ മാത്രം സവിശേഷതകളായിരുന്നില്ല. കൂട്ടായ അധ്വാനത്തിന്റെയും കൂട്ടായ ജീവിതത്തിന്റെയും അടിസ്ഥാനത്തിലുള്ള കൂട്ടുടമവ്യവസ്ഥ - അല്ലെങ്കിൽ പ്രാകൃതകമ്മ്യൂണിസം - പ്രാചീനകാലത്ത് ലോകത്തിലെ പല ഭാഗങ്ങളിലും നിലനിന്നിരുന്നുവെന്ന് തെളിഞ്ഞുകഴിഞ്ഞിട്ടുണ്ട്. ഈ പ്രാകൃതസമൂഹവ്യവസ്ഥയെപ്പറ്റിയാണ് ഏംഗെൽസ് ഇങ്ങനെയെഴുതുന്നത്:

'ഈ ഗോത്രഭരണവ്യവസ്ഥ അതിന്റെ ശിശുദൃശ്യമായ ലാളിത്യം വെച്ചുനോക്കുമ്പോൾ അത്ഭുതകരമായ ഒരു ഭരണഘടനയത്രെ. പട്ടാളമില്ല, പൊലീസില്ല, പ്രഭുക്കളില്ല, രാജാക്കന്മാരില്ല, റീജന്റുമാരില്ല, കോടതിയില്ല, ജഡ്ജിമാരില്ല, ജയിലുകളില്ല, കേസുകളില്ല എന്നിട്ടും, എല്ലാ കാര്യങ്ങളും ക്രമത്തിലങ്ങനെ നടക്കുന്നു. കശപിശകളും തർക്കങ്ങളും തീർക്കുന്നത് ഗോത്രങ്ങളോ അല്ലെങ്കിൽ ഗോത്രങ്ങൾ തമ്മിൽതമ്മിലോ ആണ്. എന്നുവെച്ചാൽ തർക്കങ്ങളിൽ ബന്ധപ്പെടുന്ന ജനസമുദായം മുഴുവനും കൂടിയാണ്. അവസാനത്തേതും അപൂർവ്വവുമായ ഒരു നടപടിയെന്നനിലയ്ക്ക് രക്തപ്രതികാരഭീഷണിയുമുണ്ട്. ഇന്നത്തെ മരണശിക്ഷ. സംസ്കാരയുഗത്തിന്റെ മറ്റെല്ലാ പോരായ്മകളുമടങ്ങിയ പരിഷ്കൃതമായ

5. A. Ayappan, Adivasis, p.48.
6. K. Mamman: Kerala Culture.

പ്രതികാരമല്ലാതെ മറ്റൊന്നുമല്ല. അന്നത്തെക്കാലത്ത് ഇന്നത്തെക്കാൾ എത്രയോയധികം കാര്യങ്ങൾ കൂട്ടായി ഒന്നിച്ചുച്ചേർന്ന് പൊതുവായാണ് തറവാട് പുലർത്തുന്നത്. അതുതന്നെ കമ്മ്യൂണിസ്റ്റ് രീതിയിലും. ഗണത്തിലെ ജനങ്ങൾ മുഴുവനും കൂടിയാണ് നിലത്തിന്റെ ഉടമാവകാശം വഹിക്കുന്നത്. ചെറിയ കുടിയിരിപ്പുകൾ മാത്രം തറവാട്ടുകൾക്ക് താൽക്കാലികമായി തിരിച്ചുവെയ്ക്കും. ഇങ്ങനെയൊക്കെയായാലും ശാഖോപശാഖകളോടുകൂടിയതും നൂലാമാല പിടിച്ചതുമായ നമ്മുടെ ഭരണഘടനാ സാമഗ്രികളുടെ കണികപോലും ആവശ്യമില്ല. പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് അവയുമായി ബന്ധപ്പെട്ടവർ തന്നെയാണ്. മിക്ക സന്ദർഭങ്ങളിലും നൂറ്റാണ്ടുകളുടെ പഴക്കമുള്ള ആചാരമര്യാദകളനുസരിച്ച് തീരുമാനമുണ്ടാവുക പതിവാണ്. ദരിദ്രരും നിർദ്ദനരും ഉണ്ടാവാനിടമേയില്ല. കൂട്ടുടമയിലുള്ള തറവാടുകൾക്കും ഗോത്രങ്ങൾക്കും പ്രായംചെന്നവർ, രോഗികൾ, പടയിൽ അംഗഭംഗംവന്നവർ മുതലായവരോടു കടമകൾ എന്തെന്നറിയാം. സ്ത്രീകളടക്കം എല്ലാവരും തുല്യരാണ്: സ്വതന്ത്രരാണ്.'[7]

പ്രാകൃത കമ്മ്യൂണിസം എന്നു വിളിക്കപ്പെടുന്ന ഇത്തരമൊരു സാമൂഹ്യവ്യവസ്ഥയിലാണ് നമ്മുടെ പൂർവികരായ പ്രാചീന കേരളീയർ വളരെക്കാലം ജീവിച്ചുപോന്നത്. ഭൂഗർഭശാസ്ത്രവും പുരാതന വസ്തുഗവേഷണവും നരവംശശാസ്ത്രവും മാത്രമല്ല, സംഘം കൃതികൾ എന്നപേരിലറിയപ്പെടുന്ന പ്രാചീനസാഹിത്യങ്ങളിലെ ചില സൂചനകൾ ഇതാണ് തെളിയിക്കുന്നത്.

7. Engles: Origin of Family, private property and State.

# അധ്യായം അഞ്ച്

## സംഘംകൃതികൾ

ആര്യൻമാർ ഇന്ത്യയിൽ കുടിയേറിപ്പാർക്കാൻ തുടങ്ങിയകാലത്ത് തെക്കേ ഇന്ത്യയിൽ പ്രാകൃതരായ കാടൻമാർ മാത്രമാണ് നിവസിച്ചിരുന്നത് എന്നും ആര്യസംസ്കാരത്തിന്റെ കൈപിടിച്ചതുകൊണ്ടാണ് അവർ പരിഷ്ക്കാരത്തിന്റെ പടിവാതിൽക്കലേയ്ക്ക് കാലെടുത്തുവെച്ചത് എന്നും പണ്ഡിതൻമാരായ ചരിത്രകാരൻമാർ പോലും വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ക്രിസ്ത്വാബ്ദം 9-ാം നൂറ്റാണ്ടിനു മുമ്പ് ദക്ഷിണേന്ത്യയിൽ യാതൊരുതരം സാഹിത്യകൃതികളുമുണ്ടായിരുന്നില്ലെന്ന് ചില യൂറോപ്യൻ പണ്ഡിതൻമാർ ഉറപ്പിച്ചു പറഞ്ഞിരുന്നു. എന്നാൽ അടുത്തകാലത്ത് പുരാവസ്തു ഗവേഷകൻമാർ നടത്തിയ പുരാതന വസ്തു ഗവേഷണങ്ങൾ ഇത്തരം വിശ്വാസങ്ങളുടെ അടിത്തറ തകർത്തു കളഞ്ഞിരിക്കുന്നു. ദക്ഷിണേന്ത്യയിലെ ശിലായുഗത്തെപ്പറ്റിയും ലോഹയുഗത്തെപ്പറ്റിയും കഴിഞ്ഞ അദ്ധ്യായങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടല്ലോ. അവയേക്കാൾ ഒട്ടും അപ്രധാനമല്ലാത്ത മറ്റു ചില കണ്ടുപിടുത്തങ്ങളുമുണ്ടായിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഡോക്ടർ സ്വാമിനാഥയ്യർ, ദാമോദരൻപിള്ള തുടങ്ങിയ തമിഴ് പണ്ഡിതൻമാരുടെ പരിശ്രമഫലമായി കണ്ടുകിട്ടിയ അതിപ്രാചീനങ്ങളായ ചെന്തമിഴ് സാഹിത്യകൃതികളെപ്പറ്റിയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ആര്യൻമാരുടേതിൽ നിന്ന് ഭിന്നവും സ്വതന്ത്രവുമായി തഴച്ചുവളരാൻ തുടങ്ങിയിരുന്ന ഒരു പ്രാചീന ദ്രാവിഡസംസ്കാരത്തിന്റെ സങ്കീർണ്ണമായ വിശദാംശങ്ങളെ ഈ കൃതികൾ നമുക്കു വെളിപ്പെടുത്തിത്തരുന്നു. ദക്ഷിണേന്ത്യയുടെ ചരിത്രത്തിലെ ഇരുളടഞ്ഞുകിടന്നിരുന്ന ഒരുജ്ജ്വലഘട്ടത്തെപ്പറ്റി ഒട്ടൊക്കെ മനസ്സിലാക്കാൻ സഹായിക്കുന്ന ഈ പ്രാചീനഗ്രന്ഥങ്ങൾ

പൊതുവിൽ സംഘംകൃതികൾ അല്ലെങ്കിൽ സംഘസാഹിത്യം എന്നപേരിലാണറിയപ്പെടുന്നത്.

സഹസ്രാബ്ദങ്ങൾക്കുമുമ്പ് സാഹിത്യകൃതികളെ വിലയിരുത്താനും സാഹിത്യകാരൻമാരെ പ്രോത്സാഹിപ്പിക്കാനും വേണ്ടി മധുരയെ കേന്ദ്രമാക്കിക്കൊണ്ട് പാണ്ഡിരാജാക്കൻമാരുടെ രക്ഷാധികാരിത്വത്തിൽ ഇടവിട്ടിടവിട്ട്, ഒന്നിനുശേഷം മറ്റൊന്നായി, മൂന്നു സംഘങ്ങൾ അല്ലെങ്കിൽ സാഹിത്യഅക്കാദമികൾ നിലനിന്നിരുന്നുവത്രേ. അവയെപ്പറ്റിയുള്ള ആദ്യത്തെ വിവരണം ക്രി.പി. 8-ാം നൂറ്റാണ്ടിനു ശേഷം രചിക്കപ്പെട്ട 'ഇറയിനർ അകപ്പൊരുൾ' എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാനത്തിലാണ് കാണപ്പെടുന്നത്.[1] മൂന്നു സംഘങ്ങളും കൂടി ആകെ 9950 കൊല്ലങ്ങളോളം നിലനിൽക്കുകയുണ്ടായിയെന്നും. ഈ നീണ്ട കാലത്തിനിടയിൽ 8598 കവികൾ അമൂല്യങ്ങളായ ഒട്ടനവധി ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായെന്നും ആ കവികളിൽ ചിലർ ശിവൻ, സുബ്രഹ്മണ്യൻ തുടങ്ങിയ ദൈവങ്ങളായിരുന്നുവെന്നും മറ്റുമാണൈതിഹ്യം. ഈ വിവരണമനുസരിച്ച് ക്രിസ്ത്വാബ്ദത്തിനു ചുരുങ്ങിയത് പതിനായിരം വർഷങ്ങൾക്കു മുമ്പുതന്നെ ദൈവങ്ങളും മനുഷ്യരും കൂടി സാഹിത്യഗ്രന്ഥങ്ങൾ രചിക്കാൻ തുടങ്ങിയിട്ടുണ്ടാവണം!

പ്രത്യക്ഷത്തിൽതന്നെ അവിശ്വസനീയമാർന്ന ഈ ഐതിഹ്യം ചരിത്രയാഥാർത്ഥമാവാനിടയില്ലെന്നു തീർച്ചയാണ്. ക്രിസ്ത്വാബ്ദത്തിന് 10,000 കൊല്ലങ്ങൾക്കു മുമ്പ്, ഇന്ത്യയിലെന്നല്ല, ലോകത്തിലെവിടെയും യാതൊരു സാഹിത്യവുമുണ്ടായിരുന്നില്ല. ക്രിസ്ത്വാബ്ദം 5-ാം നൂറ്റാണ്ടിന് മുമ്പ് ഇന്ത്യയിലൊരിടത്തും പുസ്തകങ്ങളെഴുതിവയ്ക്കുന്ന സമ്പ്രദായമുണ്ടായിരുന്നില്ലെന്നാണ് വിന്റർ നിറ്റ്സ് പറയുന്നത്.2 പ്രാചീന മധുരയിൽ 'സംഘം' എന്നു വിളിക്കപ്പെടുന്ന ഒരു സാഹിത്യസംഘടനയുണ്ടായിരുന്നോ എന്ന കാര്യത്തിൽപ്പോലും പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ക്രി. പി. 470 ൽ വജ്രനന്ദി എന്ന ജൈനനേതാവ് ഒരു സംഘം സ്ഥാപിച്ച് തന്റെ മതം പ്രചരിപ്പിക്കുവാൻ വേണ്ടി ഏതാനും ഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്തതിന് ചരിത്രപരമായ തെളിവുകളുണ്ട്.

---

1. ഈ ഗ്രന്ഥത്തിന്റെ കാലത്തെപ്പറ്റി പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ക്രി.പി. 8-ാം നൂറ്റാണ്ടാണെന്നു ചിലരും 9-ാം നൂറ്റാണ്ടിലെന്ന് മറ്റുചിലരും പറയുന്നു. എന്നാൽ ക്രി.പി. 12-ാം നൂറ്റാണ്ടിനോടടുത്ത് രചിക്കപ്പെട്ട ഒരു കൃതിയാണെന്ന് വെയാപുരിപിള്ള പറയുന്നു:

   A Comprehensive History of India. P.672.
2. Winternitz: History of Indian Literature, Vol 1. pp, 33-35.

അതിനുമുമ്പ് യാതൊരു സംഘവുമുണ്ടായിരുന്നില്ലെന്ന് ചില ഗവേഷ കൻമാർ അഭിപ്രായപ്പെടുന്നു. പക്ഷേ, ഇതിന്റെ അർത്ഥം ക്രി.പി. 5-ാം നൂറ്റാണ്ടിന് മുമ്പ് തെക്കെ ഇന്ത്യയിൽ സാഹിത്യകൃതികളൊന്നുമുണ്ടാ യിരുന്നില്ലെന്നാണോ? സംഘം കൃതികളെന്ന പേരിലറിയപ്പെടുന്ന പ്രാചീ നഗ്രന്ഥങ്ങളത്രയും വെറും കെട്ടുകഥകളാണെന്നാണോ? തീർച്ചയായു മല്ല. സംഘം കൃതികളെപ്പറ്റിയുള്ള ഐതിഹ്യങ്ങളിൽ കെട്ടുകഥകളും യാഥാർത്ഥ്യവും കൂടിക്കലർന്നിരിക്കുന്നു എന്നു പറയുന്നതാവും ശരി. ഏതായാലും, പ്രാചീനകാലത്തുതന്നെ ദക്ഷിണേന്ത്യയിൽ സുപ്രസിദ്ധ രായ അനേകം കവികളുണ്ടായിരുന്നുവെന്നും അവർ വിശിഷ്ടങ്ങളായ പല സാഹിത്യകൃതികളും രചിക്കുകയുണ്ടായി എന്നുമുള്ള കാര്യത്തിൽ സംശയമില്ല. ഭാഷാശാസ്ത്രജ്ഞൻമാരുടെയും ചരിത്രപണ്ഡിതൻമാരു ടെയും പരിശ്രമഫലമായി കണ്ടുകിട്ടിയ പ്രാചീനസാഹിത്യകൃതികൾ അതാണ് വിളിച്ചുപറയുന്നത്.

## സംഘകൃതികളുടെ ഉള്ളടക്കം

എടുത്തൊകൈ, പത്തുപ്പാട്, പതിനെൺകീഴ്കണക്ക്, ചിലപ്പതികാ രം, മണിമേഖല, തൊൽകാപ്പിയം മുതലായവയാണ് സംഘം കൃതിക ളിൽ പ്രാധാന്യമർഹിക്കുന്നവ എന്നു കരുതപ്പെടുന്നു.

ഇവയിൽ തൊൽക്കാപ്പിയം തമിഴ്ഭാഷയിലെ ഏറ്റവും പഴയ വ്യാക രണഗ്രന്ഥമാണ്. അതിന്റെ കർത്താവായ തൊൽക്കാപ്പിയർ ഒരു ജൈന മതക്കാരനായിരുന്നുവെന്നും, തെക്കൻതിരുവിതാംകൂറിലാണ് അദ്ദേഹം ജനിച്ചത് എന്നും, വിളവങ്കോട് താലൂക്കിലെ 'അതകങ്കോട്' എന്ന തന്റെ ഗ്രാമത്തിൽ വച്ചാണ് അദ്ദേഹം തന്റെ ഗ്രന്ഥം രചിച്ചത് എന്നും വൈയാ പുരിപിള്ള അനുമാനിക്കുന്നു.[3] സുപ്രസിദ്ധമായ ഈ വ്യാകരണഗ്രന്ഥ ത്തിൽ എഴുത്തതികാരം, ചൊല്ലതികാരം, പൊരുളതികാരം എന്നിങ്ങനെ മൂന്നുഭാഗങ്ങളിലായി ആകെ 1603 സൂത്രങ്ങൾ അടങ്ങിയിരിക്കുന്നു. എഴു ത്തതികാരത്തിൽ അക്ഷരങ്ങളെപ്പറ്റിയും ചൊല്ലതികാരത്തിൽ പദങ്ങളെ പ്പറ്റിയും പൊരുളതികാരത്തിൽ കവിതാവിഷയങ്ങൾ, വൃത്തങ്ങൾ, രസാ ലങ്കാരങ്ങൾ മുതലായവയെപ്പറ്റിയുമാണ് പ്രതിപാദിക്കുന്നത്. പക്ഷേ, ഭാഷയുടേയും സാഹിത്യത്തിന്റെയും ലക്ഷണങ്ങളെപ്പറ്റിയോ രചനാനി യമങ്ങളെപ്പറ്റിയോ മാത്രം പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥമല്ല തൊൽകാപ്പി യം. വ്യാകരണനിയമങ്ങളോടൊപ്പം രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകളെയും സാമ്പത്തിക സാമൂഹ്യ പരിസ്ഥിതികളേയും

3. എസ്. വൈയാപുരിപിള്ള: കാവിയകാലം, പേ. 56.

വ്യത്യസ്തജനവിഭാഗങ്ങളുടെ ജീവിതരീതികളെയും അത് വിശദീകരിക്കുന്നു. അതുകൊണ്ട് ദക്ഷിണേന്ത്യയിലെ പ്രാചീനജനങ്ങളുടെ ചരിത്രം പഠിക്കാൻ അതു പ്രയോജനപ്പെടുന്നു.

വ്യാകരണമുണ്ടാകുന്നതിനുമുമ്പുതന്നെ ഭാഷയും സാഹിത്യവും ഒരതിർത്തിവരെയെങ്കിലും വളർന്നിട്ടുണ്ടാവുമെന്നു തീർച്ചയാണല്ലോ. നമുക്കു കിട്ടിയിടത്തോളമുള്ള പ്രാചീനകൃതികളിൽ ചിലതെങ്കിലും തൊൽക്കാപ്പിയത്തിനു ശേഷം രചിക്കപ്പെട്ടവയാണെന്ന കാര്യത്തിൽ സംശയമില്ല. ഉദാഹരണത്തിന്, ചിലപ്പതികാരം, മണിമേഖല തുടങ്ങിയ കാവ്യങ്ങൾ പിൽക്കാലകൃതികളാണെന്ന് പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. മണിമേഖല ഒരു ബൗദ്ധികകൃതിയും ചിലപ്പതികാരം ഒരു ജൈനകൃതിയുമാണ്. ചിന്താമണി, കുണ്ഡലകേശി, വളയാപതി എന്നിങ്ങനെ മറ്റു ചില മഹാകാവ്യങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്. ഉള്ളടക്കവും രചനാരീതിയും ഭാഷാശൈലിയും മറ്റും നോക്കിയാൽ അവയെ സംഘം കൃതികളിലുൾപ്പെടുത്തുന്നതുതന്നെ ശരിയല്ലെന്നും സംഘകാലത്തിനുശേഷമുണ്ടായ കാവ്യകാലത്തിലെ കൃതികളാണവയെന്നു കണക്കാക്കുകയാണ് നല്ലത് എന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ചിലപ്പതികാരം, മണിമേഖല തുടങ്ങിയവയേക്കാൾ ഏതാനും നൂറ്റാണ്ടുകളുടെ പഴക്കമുള്ള കൃതികളാണ് എടുത്തൊകൈയും പത്തുപ്പാട്ടും. ഈ രണ്ടു സമാഹാരങ്ങളാണ് ഏറ്റവും അധികം പഴക്കമുള്ള സംഘസാഹിത്യകൃതികളെന്ന് വൈയാപുരിപിള്ള അഭിപ്രായപ്പെടുന്നു.[4] ഇവയിൽ പല പാട്ടുകളും തൊൽകാപ്പിയത്തിനു മുമ്പു രചിക്കപ്പെട്ടവയാണ്. എടുത്തൊകൈയിലെ ചില പാട്ടുകൾക്കടിസ്ഥാനമായ വ്യാകരണനിയമങ്ങൾ തൊൽക്കാപ്പിയത്തിന്റേതിൽ നിന്നു വ്യത്യസ്തമാണെന്ന് ചിലർ ചൂണ്ടിക്കാണിക്കുന്നു. ഒരു പക്ഷേ, തൊൽക്കാപ്പിയത്തിനു മുമ്പുതന്നെ ചില വ്യാകരണഗ്രന്ഥങ്ങളുണ്ടായിരുന്നു എന്ന ഐതിഹ്യം ശരിയായിരിക്കാം. ഏതായാലും, അത്തരം പഴയ ഗ്രന്ഥങ്ങളൊന്നും ഇതേവരെ കണ്ടുകിട്ടിയിട്ടില്ല. കൂടുതൽ പഴക്കമുള്ള കൃതികൾ പലതും എന്നെന്നേക്കുമായി നശിച്ചുപോയിട്ടുണ്ടാവാം.

നറ്റിണൈ, കുറുന്തൊകൈ, ഐങ്കുറുനൂറു, പതിറ്റുപ്പത്തു, പരിപാടൽ, കലിത്തൊകൈ, അകനാനൂറു, പുറനാനൂറു എന്നീ എട്ടു സമാഹാരങ്ങൾക്കാണ് എടുത്തൊകൈ എന്നു പറയുന്നത്. പല കാലങ്ങളിലും പല സ്ഥലങ്ങളിലുമായി ജീവിച്ചിരുന്ന നാനൂറോളം കവികളുടെ കൃതികൾ അവയിലടങ്ങിയിരിക്കുന്നു. കവിതകൾ രചിക്കപ്പെട്ട കാലവും അവ തൊകകളായി സംയോജിപ്പിക്കപ്പെട്ട കാലവും തമ്മിൽ ഏതാനും നൂറ്റാണ്ടുകളുടെ ദൂരമുണ്ടായിരിക്കണം. പുറനാനൂറും പതിറ്റുപ്പത്തും 'പുറം

4. S.Vaiyyapuri Pillai; History of Tamil Language and Literature, p-23.

കൃതി'കളാണ്. അതായത്, സാമൂഹ്യവും രാഷ്ട്രീയവും മറ്റുമായ ബാഹ്യ വിഷയങ്ങളാണ് അവയിൽ പ്രതിപാദിക്കപ്പെടുന്നത്. നറ്റിണൈ, കുറുന്തോകൈ, ഐങ്കുറുനൂറ് കലിത്തൊകൈ, അകനാനൂറ് എന്നീ അഞ്ചു സമാഹാരങ്ങൾ 'അകം കൃതി'കളത്രേ. അതായത്, പ്രേമം കുടുംബജീവിതം മുതലായ ആന്തരികവിഷയങ്ങളാണവയിൽ ചിത്രീകരിക്കപ്പെടുന്നത്. 'പരിപാട'ലിൽ അകവും പുറവും രണ്ടും കലർന്നിരിക്കുന്നു. പുറം കൃതികളിൽ രാജാക്കൻമാരുടെയും 'കുറുനിലമന്നൻമാ'രുടേയും മറ്റും വീരപരാക്രമങ്ങളെപ്പറ്റിയുള്ള അപദാനങ്ങൾ അടങ്ങിയിരിക്കുന്നു. അതിനാൽ ചരിത്രഗവേഷകൻമാർക്കു അവ വളരെ ഉപയോഗപ്രദങ്ങളാണ്. എന്നാൽ, കേരളീയരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഗ്രന്ഥം പതിറ്റുപ്പത്താണ്. പത്തുചേരരാജാക്കൻമാരുടെ അപദാനങ്ങളാണതിൽ പ്രകീർത്തിക്കപ്പെട്ടിട്ടുള്ളത്. ഓരോ രാജാവിനെപ്പറ്റിയും പത്തു പാട്ടുകളുണ്ട്. അങ്ങനെ പത്തുപത്തുകളായി അതു വിഭജിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, ഒന്നാമത്തേയും പത്താമത്തേയും പത്തുകൾ ഇതേവരെ കണ്ടുകിട്ടിയിട്ടില്ല.

ഓരോ പാട്ടിന്റെയും കൂടെ പാടിയ കവിയുടെ പേരും വാഴ്ത്തപ്പെട്ട രാജാവിന്റെ പേരും, കവിക്കു കിട്ടിയ സമ്മാനത്തിന്റെ വിവരവും മറ്റും നൽകുന്ന ഓരോ പതികം അല്ലെങ്കിൽ മുഖവുര എഴുതിച്ചേർക്കപ്പെട്ടിട്ടുണ്ട്. കവിതകൾ ശേഖരിച്ചു പ്രസാധനം ചെയ്ത പിൽക്കാല സമ്പാദകരുടെ കുറിപ്പുകളാണവ. ചരിത്രവിദ്യാർത്ഥികൾക്ക് അവ കുറെയൊക്കെ പ്രയോജനകരങ്ങളാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, അവ ഐതിഹ്യങ്ങളെയും ഊഹോപോഹങ്ങളെയും അടിസ്ഥാനപ്പെടുത്തി എഴുതിച്ചേർക്കപ്പെട്ടവയാണെന്നും അവയ്ക്കും അവ പരാമർശിക്കുന്ന കവിതകൾക്കും തമ്മിൽ നൂറ്റാണ്ടുകളുടെ അകൽച്ചയുണ്ടെന്നും ഓർക്കേണ്ടതുണ്ട്. അവയിലടങ്ങിയ അതിശയോക്തികളെയും അർദ്ധസത്യങ്ങളെയും ഒഴിച്ചുനിർത്തി ചരിത്രാംശങ്ങൾ ചികഞ്ഞെടുക്കുക അത്ര എളുപ്പമൊന്നുമല്ല.

എട്ടുത്തൊകൈയിൽ ഒട്ടാകെ 2421 ചെറിയ പാട്ടുകളാണുള്ളത്. പത്തുപ്പാട്ടിലുള്ളത്, നേരെമറിച്ച്, നീണ്ട പാട്ടുകളാണ്. തിരുമുരുകാറ്റുപ്പടൈ, പൊരുനാർ ആറ്റുപ്പടൈ, ചിറുപാണാറ്റുപ്പടൈ, പെരുമ്പാണാറ്റുപ്പാടൈ, മുല്ലൈപ്പാട്ട്, മധുരൈക്കൊഞ്ചി, നെടുനൽവാടൈ, കുറിഞ്ചിപ്പാട്ട്, പടിനിപ്പാലൈ, മലൈപടുകടാം എന്നിങ്ങനെ പത്തു ദീർഘകവിതകളുടെ സമാഹാരമാണത്.

ഈ പ്രാചീനകൃതികളുടെ അകം, പുറം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി തരംതിരിക്കപ്പെട്ടിരിക്കുന്നു. അകം ശൃംഗാരരസപ്രധാനങ്ങളും

പുറം വീരരസപ്രധാനങ്ങളുമാണ്. പ്രേമവും യുദ്ധവുമായിരുന്നു രാജാക്കൻമാരുടെയും കുലത്തലവൻമാരുടെയും മുഖ്യമായ ജീവിതവൃത്തികൾ. ഈ ജീവിതവൃത്തികളാണ് കവിതകൾക്ക് പ്രചോദനം നൽകിയത്. രാജാക്കൻമാരുടെ വീരപരാക്രമങ്ങളും ഗുണഗണങ്ങളും പ്രേമങ്ങളുമാണ് പല കവിതകളിലും വർണ്ണിക്കപ്പെട്ടിട്ടുള്ളത്. രാജാക്കൻമാർ മാത്രമേ കഥാനായകൻമാരായി ചിത്രീകരിക്കപ്പെട്ടിരുന്നുള്ളു എന്ന് ഇതിന്നർത്ഥമില്ല. വ്യത്യസ്ത ജനവിഭാഗങ്ങളുടെ അനുരാഗത്തിന്റെ ആനന്ദവും വേർപാടിന്റെ വേദനയും വർണ്ണിക്കപ്പെട്ടിട്ടുണ്ട്. പല കവിതകളിലും മനോഹരങ്ങളായ പ്രകൃതിവർണ്ണനകളുണ്ട്. മലകളും കാടുകളും അരിവുകളും ആറുകളും വയലുകളും ചോലകളും കൊന്നയും പാലയും മയിലും കിളിയും ആനയും പുലിയും ഇടകലർന്ന പ്രകൃതിയുടെ അകൃത്രിമ സൗന്ദര്യം അവയിൽ ഓളംവെട്ടുന്നതു കാണാം. പക്ഷേ, ഒരിടത്തും പ്രകൃതി വർണ്ണനയ്ക്കു വേണ്ടിയുള്ള പ്രകൃതിവർണ്ണനകളില്ല. മനുഷ്യനാണ് സാഹിത്യത്തിന്റെ കേന്ദ്രം. ജനങ്ങളുടെ സുഖദുഃഖങ്ങൾ, അഭിവൃദ്ധിക്കും ഐശ്വര്യത്തിനുമുള്ള ആകാംക്ഷകൾ, യുദ്ധവും സമാധാനവും, സ്നേഹവും പ്രേമവും - ഇവയെപ്പറ്റിയെല്ലാം അവ പ്രതിപാദിക്കുന്നു. ആപത്തിന്റെ മുമ്പിൽ അന്തംവിട്ടു പകച്ചുനിൽക്കലില്ല; ജീവിതത്തിൽ നിന്നുള്ള ഒളിച്ചോട്ടമില്ല. നമ്മുടെ പ്രാചീന പൂർവ്വികൻമാർ എത്ര വിഷമംപിടിച്ച പരിതഃസ്ഥിതികളേയും ധീരതയോടും ശുഭാപ്തിവിശ്വാസത്തോടും കൂടിയാണ് നേരിട്ടിരുന്നത് എന്ന് സംഘംകൃതികൾ വ്യക്തമാക്കുന്നു.

പതിനെൺകീഴ് കണക്കും സംഘംസാഹിത്യമായിട്ടാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ, അതിലെ പ്രതിപാദ്യവിഷയങ്ങൾ പ്രേമവും യുദ്ധവുമല്ല, നീതിശാസ്ത്രവും സാൻമാർഗിക നിയമങ്ങളും മറ്റുമാണ്. തിരുക്കുറൾ, നാലടിയാർ, കളവഴി നീർപ്പതു, കൈനിലൈ, ഇനിയവൈ നിർപ്പതു, ഇന്നിനിപ്പതു നിൻമണിക്കടികൈ, കർനീർപ്പതു, ഐന്തിണൈ ഐമ്പതു, നിണൈമൊഴി ഐമ്പതു, ഐന്തിണൈ എഴുപതു, നിണൈ മലൈ നൂറ്റയ്മ്പത്, തിരുകടുകം ഏലാതി, ആചാരക്കോവൈ, പഴമൊഴി നാന്നൂറ്, ചിറുപഞ്ചമൂലം, മുതുമൊഴി കൊഞ്ചി എന്നിങ്ങനെ ആകെ പതിനെട്ടു കവിതകളുടെ സമാഹാരമാണ് പതിനൊൺകീഴ്കണക്കിലടങ്ങിയിട്ടുള്ളത്.

സംഘംകൃതികളുടെ സഹായത്തോടുകൂടി ദക്ഷിണേന്ത്യയുടെ പ്രാചീന ചരിത്രത്തെപ്പറ്റിയും പ്രാചീന സാമൂഹ്യജീവിതത്തെപ്പറ്റിയും പഠിക്കാനുള്ള ചില പരിശ്രമങ്ങൾ അടുത്തകാലത്ത് ആരംഭിച്ചിട്ടുണ്ട്. ഇതു തീർച്ചയായും സ്വാഗതാർഹമാണ്. പക്ഷേ, സംഘംകൃതികളെ

കൈകാര്യം ചെയ്യുന്നത് വളരെ സൂക്ഷിച്ചുവേണം. എന്തെന്നാൽ, അവ ചരിത്രഗ്രന്ഥങ്ങളല്ല, സാഹിത്യകൃതികൾ മാത്രമാണ്. കലാപരമായ അതിശയോക്തികളും അവിശ്വസനീയങ്ങളായ ഐതിഹ്യങ്ങളും ശാസ്ത്രീമായ ചരിത്രാന്വേഷണത്തിനു നിരക്കാത്ത പ്രസ്താവനകളും അവയിലടങ്ങിയിട്ടുണ്ടെന്നും കാണാം. ഉദാഹരണത്തിന്, ചെങ്കുട്ടുവൻ എന്ന ചേരരാജാവ് തെക്ക് കന്യാകുമാരി മുതൽ വടക്ക് ഹിമാലയം വരെ കീഴടക്കുകയുണ്ടായെന്നും, ഉതിയൻ ചേരലാതൻ എന്ന മറ്റൊരു ചേരരാജാവ് മഹാഭാരതയുദ്ധത്തിലേർപ്പെട്ട പാണ്ഡവൻമാർക്കും കൗരവൻമാർക്കും ഒരേപോലെ ഭക്ഷണസാമഗ്രികളയച്ചുകൊടുക്കുകയുണ്ടായെന്നും മറ്റും ഇവയിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ഇത്തരം കഥകൾക്കൊന്നും ചരിത്രപരമായ യാതൊരു പിൻബലവുമില്ലെന്നു പറയേണ്ടതില്ലല്ലോ.

എന്നാൽ, അതിശയോക്തികളേയും ഐതിഹ്യങ്ങളേയും ഒഴിച്ചുനിർത്തിക്കൊണ്ട് പരിശോധിച്ചാൽ പ്രാചീനകാലത്തെ സാമൂഹ്യജീവിതത്തെപ്പറ്റിയും ഭരണസമ്പ്രദായത്തെപ്പറ്റിയുമുള്ള പല വിലപിടിച്ച വിവരങ്ങളും സംഘംകൃതികളിൽ നിന്നു നമുക്കു ലഭിക്കുന്നതാണ്. പ്രത്യേകിച്ചും പതിറ്റുപത്ത്, പുറനാനൂറ്, അകനാനൂറ്, ചിലപ്പതികാരം മുതലായ ചില കൃതികൾ ആദിചേരരാജാക്കൻമാരെപ്പറ്റിയും അവരുടെ കാലത്തെ സാമൂഹ്യജീവിതത്തെപ്പറ്റിയും പഠിക്കാനാഗ്രഹിക്കുന്നവർക്ക് ഒഴിച്ചുകൂടാൻ വയ്യാത്തവയാണ്. കേരളത്തിലെ പ്രാചീനജനങ്ങളുടെ ജീവിതരീതി, തൊഴിൽ, വ്യാപാരം, ഭക്ഷണരീതി, വസ്ത്രധാരണം, രാജ്യഭരണം, യുദ്ധരീതി, കല, മതം, സംസ്കാരം മുതലായവയെപ്പറ്റിയുള്ള പല കാര്യങ്ങളും അവയിൽ നിന്നു നമുക്ക് മനസ്സിലാക്കാം.

## സംഘകാലത്തെപ്പറ്റിയുള്ള വ്യത്യസ്താഭിപ്രായങ്ങൾ

സംഘംകൃതികൾ ഏതുകാലത്താണ് രചിക്കപ്പെട്ടത് എന്നതിനെ സംബന്ധിച്ച് പണ്ഡിതൻമാർക്കിടയിൽ വലിയ അഭിപ്രായവ്യത്യാസങ്ങളുണ്ട്. ക്രി.മു. ഏഴാം നൂറ്റാണ്ടിനു മുമ്പ് രചിക്കപ്പെട്ടവയാണെന്നു ചിലർ വാദിക്കുമ്പോൾ, മറ്റുചിലർ ക്രി.പി. ഒമ്പതാം നൂറ്റാണ്ടിലേയ്ക്ക് വിരൽചൂണ്ടുന്നു. തൊൽക്കാപ്പിയം രചിക്കപ്പെട്ടത് ക്രി.മു. നാലാം നൂറ്റാണ്ടിലാണെന്ന് മാക്ക്ഡോണെല്ലും[1] ക്രി.മു. മൂന്നാം നൂറ്റാണ്ടിലാണെന്ന് കോൾബ്രൂക്കും[2] അഭിപ്രായപ്പെടുമ്പോൾ മറ്റു പല പണ്ഡിതൻമാരും അത് ക്രി.പി. അഞ്ചാം നൂറ്റാണ്ടിലെ കൃതിയാണെന്ന് ഉറപ്പിച്ചുപറയുന്നു. ചില പാട്ടുകൾക്കെങ്കിലും 2500 കൊല്ലത്തെ പഴക്കമുണ്ടെന്നാണ് ഡോക്ടർ വരദരാജൻ വിശ്വസിക്കുന്നത്. അദ്ദേഹം എഴുതുന്നു.

1. Mac Donnel: History of Sanskrit Literature, p.11
2. Colebrooke: Miscellaneous Essays, Vol.11, p.27.

'അവസാന സംഘസാഹിത്യം എന്നു പറയപ്പെടുന്ന എട്ടുത്തൊകൈയും പത്തുപ്പാടും കവിതാസമാഹാരങ്ങളാണ്. അവ ഒരേകാലത്തെഴുതപ്പെട്ടവയല്ല. നാടിന്റെ വിവിധഭാഗങ്ങളിൽ ജീവിച്ചിരുന്ന വ്യത്യസ്ത വിദ്വാൻമാരാൽ പലകാലങ്ങളായി പാടപ്പെട്ട പാട്ടുകളാണവ. അവയുടെ കാലം ക്രി.മു. 500 മുതൽ ക്രി.പി. 200 വരെയാണെന്നു വിശ്വസിക്കപ്പെടുന്നു.'[3]

എന്നാൽ ക്രിസ്തുവിന് അഞ്ചു നൂറ്റാണ്ടുകൾക്ക് മുമ്പ് തമിഴ് സാഹിത്യം അത്രയ്ക്കൊന്നും പുഷ്ടിപ്പെട്ടുകഴിഞ്ഞിരുന്നില്ലെന്നും ക്രിസ്ത്വാബ്ദം രണ്ടാം നൂറ്റാണ്ടോടുകൂടിയാണ് അതു വളരാൻ തുടങ്ങിയത് എന്നുമാണ് വൈയാപുരിപിള്ള പറയുന്നത്. അദ്ദേഹം എഴുതുന്നു.

'ക്രിസ്ത്വാബ്ദം രണ്ടാം നൂറ്റാണ്ടിന് മുൻപ് സാഹിത്യനിർമ്മാണത്തിന്റെ അപക്വങ്ങളായ ചില പരിശ്രമങ്ങൾ നടന്നിട്ടുണ്ടായിരിക്കണം. ഈ പരിശ്രമങ്ങൾ ഏറെക്കുറെ നീണ്ടകാലമായി തുടർന്നുപോന്നിട്ടുണ്ടായിരിക്കണം. എന്നല്ല സംഘംകവിതകളുടെ ശൈലി, പദഘടന, ച്ഛന്ദസുകളുടെ പൂർണ്ണത മുതലായവ പരിശോധിച്ചാൽ അവയുടെ പിന്നിൽ നീണ്ടകാലത്തെ വികാസമുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാം. മൊത്തത്തിൽ കണക്കുകൂട്ടിയാൽ ഈ വികാസത്തിന്റെ കാലം മൂന്നുനൂറ്റാണ്ടാണെന്നു പറയാവുന്നതാണ്.'[4]

വൈയാപുരിപിള്ള സംഘംകൃതികളെ അദികാല സംഘസാഹിത്യമെന്നും പിൽക്കാലസംഘ സാഹിത്യമെന്നും രണ്ടായി തരംതിരിക്കുന്നു. ഇവയിൽ ആദികാല സംഘസാഹിത്യങ്ങൾ:- നറ്റിണൈ, കുറുന്തൊകൈ, ഐങ്കറുന്നൂറു, പതിറ്റുപ്പത്തു, അകനാനൂറു, പുറനാനൂറു എന്നീ സമാഹാരങ്ങളിലെ പാട്ടുകളും പത്തുപ്പാട്ടിലെ മുരുകാറ്റുപ്പടയൊഴിച്ചുള്ള മറ്റു പാട്ടുകളും: പിൽക്കാലസാഹിത്യം: കലിത്തൊകൈപാട്ടുകൾ, മുരുകാറ്റുപ്പടൈ, പരിപാടൽ പാട്ടുകൾ എന്നിവ.[5] ഇവയിൽ ആദ്യകാലസംഘം കൃതികൾ ക്രി.പി. 100 മുതൽ 300 വരെയുള്ള കാലത്തും തൊൽകാപ്പിയം ക്രി.പി. അഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തിലും കാവ്യങ്ങളുൾപ്പെടെയുള്ള പിൽക്കാല സംഘകൃതികൾ അതിനുശേഷവും രചിക്കപ്പെട്ടവയാണ് എന്നാണദ്ദേഹത്തിന്റെ അഭിപ്രായം.[6]

'സംഘകാലത്തിലെ ചേരരാജാക്കൻമാർ' എന്ന പുസ്തകത്തിൽ കെ. ജി.ശേഷയ്യരും 'കോംപ്രഹെൻസീവ് ഹിസ്റ്ററി ഓഫ് ഇൻഡ്യ'യിൽ കെ.

3. കലൈകളഞ്ചിയം (തമിഴ് എൻസൈക്ലോപീഡിയ) വാല്യം 5, പേജ്. 480.

4. Vaiyyapuri Pillai - History of Tamil Language and Literature p.22

5. എസ്. വൈയാപുരിപിള്ള: തമിഴർ പൺപാടു. പേ. 5

6. Vaiyyapuri Pillai: History of Tamil Language and Literature, p.38, 65.

എ. നീലകണ്ഠശാസ്ത്രിയും 'ഏൻഷ്യൻഡ് ഇന്ത്യ'യിൽ ഡോക്ടർ കൃഷ്ണസ്വാമി അയ്യങ്കാരും ക്രിസ്തുവിനു ശേഷമുള്ള ആദ്യത്തെ മൂന്നു നൂറ്റാണ്ടുകൾക്കാണ് സംഘസാഹിത്യകാലം എന്നു പൊതുവിൽ പറയുന്നത്. കൃഷ്ണസ്വാമി അയ്യങ്കാർ തന്റെ ഗവേഷണഫലങ്ങളെ ഇങ്ങനെ സംഗ്രഹിക്കുന്നു:

1. ഐതിഹ്യമനുസരിച്ചുള്ള സംഘംപോലത്തെ ഒരു സംഘടന യഥാർത്ഥ്യത്തിലുണ്ടായിരുന്നു എന്നു തെളിയിക്കാൻ കഴിയുമാറ് തമിഴിൽ മഹത്തായ സാഹിത്യപ്രവർത്തനങ്ങളുടെ ഒരു ഘട്ടമുണ്ടായിട്ടുണ്ട്.

2. രാഷ്ട്രീയചരിത്രത്തിൽ ചേരൻചെങ്കുട്ടുവന് പ്രാമുഖ്യമുണ്ടായിരുന്ന കാലമാണ് ഏറ്റവും മഹത്തായ സംഘപ്രവർത്തനങ്ങളുടെ കാലം.

3. ചെങ്കുട്ടുവന്റെ കാലം ക്രിസ്ത്വാബ്ദം രണ്ടാം നൂറ്റാണ്ടാണ്.

4. തെക്കെ ഇന്ത്യയുടെ ചരിത്രത്തെപ്പറ്റി പിന്നീടറിവായിട്ടുള്ള കാര്യങ്ങൾ ഈ നിഗമനത്തോട് യോജിക്കുന്നവയാണ്.[7]

എം. ശ്രീനിവാസയ്യങ്കാരുടെ അഭിപ്രായത്തിൽ സംഘകാലം ക്രി. മു. 600 മുതൽ ക്രി.പി. 150 വരെയാണ്. പഴയ പാട്ടുകൾ മാത്രമല്ല, തൊൽക്കാപ്പിയം, തിരുക്കുറൽ തുടങ്ങിയ മറ്റു കൃതികളും ഈ കാലത്താണ് രചിക്കപ്പെട്ടത്.[8]

എന്നാൽ നിലവിലുള്ള സംഘം കൃതികളിലൊന്നുംതന്നെ ക്രി.പി. നാലാം നൂറ്റാണ്ടിനുമുമ്പല്ല രചിക്കപ്പെട്ടത് എന്നാണ് ഇളംകുളം പി.എൻ. കുഞ്ഞൻപിള്ളയുടെ അഭിപ്രായം. ക്രിസ്തുവിനു ശേഷം നാലും അഞ്ചും നൂറ്റാണ്ടുകൾക്കിടയിൽ കേരളം വാണിരുന്ന ചില രാജാക്കൻമാരെപ്പറ്റിയാണ് പതിറ്റുപ്പത്തിൽ വർണ്ണിക്കുന്നത്.[9] എന്നും 'എട്ടുത്തൊകൈയിലും പത്തുപ്പാട്ടിലും പെട്ട പഴയ കൃതികളുടെ കാലം നാലും അഞ്ചും നൂറ്റാണ്ടുകളാണ്'[10] എന്നും അദ്ദേഹം വാദിക്കുന്നു.

ആദ്യകാല സംഘംകൃതികളുടെ കാലത്തെപ്പറ്റി മാത്രമല്ല, പിൽക്കാലകൃതികളുടെ കാലത്തെപ്പറ്റിയും അഭിപ്രായവ്യത്യാസങ്ങളുണ്ട്. ഉദാഹരണത്തിന്, ക്രി.പി. അഞ്ചാംനൂറ്റാണ്ടിലാണ് ചേരൻ ചെങ്കുട്ടുവനും ചിലപ്പതികാരത്തിന്റെ കർത്താവായ ഇളങ്കോവടികളും ജീവിച്ചിരുന്നതെന്ന് രാഘവയ്യങ്കാർ തന്റെ ചേരചെങ്കുട്ടുവൻ എന്ന പുസ്തകത്തിൽ വാദിക്കുമ്പോൾ ചിലപ്പതികാരം ചേരൻചെങ്കുട്ടുവന്റെ കാലത്തെ കൃതി

7. S.Krishnaswami Aiyyankar: Ancient India and South Indian History and Culture. p-595-96
8. Sreenivasa Aiyyangar, Tamil Studies, p. 214.
9. ഇളംകുളം പി.കുഞ്ഞൻപിള്ള: അന്നത്തെ കേരളം, പേ. 16
10. ടി. പേ. 30.

യല്ലെന്ന് കെ.വി.സുബ്രഹ്മണ്യയ്യർ ഉറപ്പിച്ചുപറയുന്നു.[11] കൃഷ്ണസ്വാമി അയ്യങ്കാർ, കനകസഭൈ[12] മുതലായവരുടെ അഭിപ്രായത്തിൽ ചിലപ്പതികാരം ക്രി.പി. രണ്ടാം നൂറ്റാണ്ടിലെ കൃതിയാണ്. 'ചിലപ്പതികാരത്തെ ക്രി.പി. ഒന്നാം ശതകം മുതൽ ക്രി.പി. പതിമൂന്നാം ശതകം വരെ പല കാലങ്ങളുമായി പണ്ഡിതൻമാർ ഘടിപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ആ മതങ്ങളിൽ യുക്തിയുക്തവും ഭൂരിപക്ഷത്തിന്റെ അംഗീകാരം സിദ്ധിച്ചിട്ടുള്ളതുമായ കാലം ക്രി.പി. രണ്ടാംശതകമാണ്'[13] എന്ന് മഹാകവി ഉള്ളൂർ പ്രസ്താവിക്കുന്നു. എന്നാൽ സ്വാമി കണ്ണുപിള്ളയുടെ അഭിപ്രായത്തിൽ ചിലപ്പതികാരം രചിക്കപ്പെട്ടത് എട്ടാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ്. കലിത്തൊകൈ, പരിപാടൽ തുടങ്ങിയ പിൽക്കാല സാഹിത്യകൃതികളുടെ കാലം ക്രി.പി. 600 മുതൽ 750 വരെയും തിരുക്കുറൾ തുടങ്ങിയ കീഴ്കണക്കു കൃതികളുടെ കാലം ക്രി.പി. 600 മുതൽ 850 വരെയും ചിലപ്പതികാരം, മണിമേഖല തുടങ്ങിയ പഞ്ചകാവ്യങ്ങളുടെ കാലം ക്രി.പി. 750 മുതൽ 1000 വരെയുമാണെന്നാണ് വൈയാപുരിപിള്ളയുടെ വാദം.[14]

ഇളംകുളം പി.കുഞ്ഞൻപിള്ള എഴുതുന്നതിങ്ങനെയാണ്:

'ചിലപ്പതികാരത്തിന്റെ കാലം 600 നു മുമ്പെന്നു കൽപ്പിക്കാൻ പ്രയാസം തോന്നുന്നു. എന്നാൽ ഏഴാം ശതകത്തിൽ മതപരമായ കലഹം ആരംഭിക്കുന്നതിനുമുമ്പുണ്ടായതാണ് കൃതി എന്ന അഭിപ്രായം ആദരണീയമാണ്. പിന്നേയും ഒന്നു രണ്ടു തലമുറകൂടി കഴിഞ്ഞുണ്ടായതായിരിക്കാം മണിമേഖല'[15]

## കാലനിർണ്ണയത്തിന്റെ ചില ഉപാധികൾ

ചരിത്രവിദ്യാർത്ഥികളെ അമ്പരപ്പിക്കുകയും ആശയക്കുഴപ്പത്തിലേക്കു പിടിച്ചുതള്ളുകയും ചെയ്യുന്ന വ്യത്യസ്തങ്ങളും പരസ്പരവിരുദ്ധങ്ങളുമായ ഈ അഭിപ്രായങ്ങളിൽ നിന്ന് സത്യം കണ്ടുപിടിക്കുക അത്ര എളുപ്പമൊന്നുമല്ല. എങ്കിലും സംഘസാഹിത്യങ്ങളുടെ ശാസ്ത്രീയമായ കാലനിർണയത്തിന് താഴെക്കൊടുക്കുന്ന വസ്തുതകളെ കണക്കിലെടുക്കേണ്ടതാവശ്യമാണെന്ന് എനിക്കു തോന്നുന്നു.

11. K.V.Subrahmania Iyer: Historical Sketches of Ancient Deccan, P-98-99.
12. Kanaka Sabhai: The Tamils Eighteen Hundred Years ago.
13. ഉള്ളൂർ: കേരളസാഹിത്യചരിത്രം, വാല്യം 1, പേ. 54.
14. എസ്. വൈയാപുരിപിള്ള, കാവിയകാലം, പേ. 35-36.
15. ഇളംകുളം പി.എൻ. കുഞ്ഞൻപിള്ള: അന്നത്തെ കേരളം. പേജ്. 28.

1. ക്രി.പി. 6-ാം നൂറ്റാണ്ടിനും 9-ാം നൂറ്റാണ്ടിനും ഇടയിലുള്ള കാലത്താണ് തെക്കേ ഇന്ത്യയിൽ ബൗദ്ധ ജൈനമതങ്ങളുടെ സ്വാധീനശക്തി ക്ഷയിക്കുകയും ശൈവവൈഷ്ണവമതങ്ങൾ ഉയർന്നുവരികയും ചെയ്തത്. മണിമേഖലയിലും ചിലപ്പതികാരത്തിലും ശൈവവൈഷ്ണ മതങ്ങളുടെ സ്വാധീനശക്തിയല്ല, ബൗദ്ധജൈനമതങ്ങളുടെ സ്വാധീന ശക്തിയാണ് കാണുന്നത്. ശൈവവൈഷ്ണവ മതങ്ങൾ പ്രാബല്യത്തിലേക്കുയരുകയും ബൗദ്ധൻമാരും ജൈനൻമാരും രാഷ്ട്രീയ - സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ നിന്ന് നിഷ്കാസിതരാവുകയും ചെയ്ത ഒരു കാലഘട്ടത്തിൽ ചിലപ്പതികാരം പോലെയും മണിമേഖലപോലെയുമുള്ള കൃതികൾ രചിക്കപ്പെടുക അസ്വാഭാവികമാണ്. മാത്രമല്ല, 7-ാം നൂറ്റാണ്ടിലെ പല്ലവനരസിംഹവർമ്മൻ ഒന്നാമന്റെ കാലത്ത് ജീവിച്ചിരുന്ന അപ്പർ, സംബന്ധർ തുടങ്ങിയ ശൈവകവികളുടെ ലളിതമായ ഭക്തിഗാനങ്ങളുടെ ഭാവരൂപങ്ങളും ഭാഷാശൈലിയും ചിലപ്പതികാരംപോലുള്ള കാവ്യങ്ങളുടെ ഭാഷാശൈലിയിൽ നിന്നും ഭാവരൂപങ്ങളിൽ നിന്നും വിഭിന്നമാണ്. അതിനാൽ, വൈയാപുരിപിള്ള, സ്വാമികണ്ണുപിള്ള, ഇളംകുളം കുഞ്ഞൻപിള്ള മുതലായവരുടെ അനുമാനങ്ങൾ ശരിയാവാനിടയില്ല. ചിലപ്പതികാരം, മണിമേഖല തുടങ്ങിയ മഹാകാവ്യങ്ങളുൾപ്പെടെയുള്ള എല്ലാ സംഘംകൃതികളും ശൈവവൈഷ്ണവ മതങ്ങളുടെ മുന്നേറ്റത്തിനുമുമ്പു രചിക്കപ്പെട്ടവയാണെന്നു കരുതാനേ നിവൃത്തിയുള്ളു.

2. ക്രി.പി. 6-ാം നൂറ്റാണ്ടാകുമ്പോഴേയ്ക്കും ആദിപാണ്ടി ചേരരാജാക്കൻമാരുടെ പ്രാബല്യവും പ്രമാണിത്തവും മിക്കവാറും അവസാനിച്ചു കഴിഞ്ഞിരുന്നു. 5-ാം നൂറ്റാണ്ടുമുതൽ 9-ാം നൂറ്റാണ്ടുവരെ ചേരചോളഭരണങ്ങൾ അപ്രത്യക്ഷങ്ങളായിരുന്നുവെന്ന് ഇളംകുളംതന്നെ സമ്മതിക്കുന്നുണ്ട്. അഞ്ചാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ അച്ചുതകളഭ്രൻ വാഴ്ചയാരംഭിക്കുന്നതോടുകൂടി മൂവരശരുടെ നല്ലകാലം അവസാനിച്ചിരിക്കാനും ഇടയുണ്ട്. പാണ്ഡ്യർ പിന്നും ആറാംശതകത്തിന്റെ അന്ത്യത്തിൽ പ്രത്യക്ഷമാകും. എന്നാൽ ചേരൻമാർ 800 അടുത്തുവരേയും ചോളൻമാർ 850 അടുത്തുവരെയും ഭൂഗർഭത്തിൽ മറയുന്നു.[16]

മൂവരശരരുടെ 'നല്ലകാലം' അവസാനിക്കുകയും ചേരഭരണം ഭൂഗർഭത്തിൽ മറയുകയും ചെയ്ത ഒരു കാലഘട്ടത്തിൽ ചിലപ്പതികാരം പോലുള്ള ഒരു മഹാകാവ്യമോ പതിറ്റുപ്പത്തു പോലുള്ള ഒരു ഗാനസമാഹാരമോ ഉണ്ടാവുക അസാധാരണമല്ലേ? പല്ലവൻമാർ പ്രാബല്യത്തിലേയ്ക്കുയർന്നുകഴിഞ്ഞ ഒരു കാലമായിരുന്നു അത്. എന്നിട്ടും സംഘം കൃതികൾ പല്ലവൻമാരെപ്പറ്റി ഒന്നും തന്നെ പരാമർശിക്കുന്നില്ല. തെക്കെ ഇന്ത്യയിലെ മിക്ക രാജാക്കൻമാരും പല്ലവൻമാർക്ക് കീഴടങ്ങാൻ തുട

16. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള: അന്നത്തെ കേരളം. പേ.30

ങ്ങിയ ആ കാലത്ത്, ക്ഷയിച്ചുകഴിഞ്ഞ ചേരചോളപാണ്ടി രാജാക്കൻമാരുടെ ശൗര്യപരാക്രമങ്ങളെ പാടിപ്പുകഴ്ത്തുന്ന കൃതികളുണ്ടാവുക സാധ്യമല്ല. അതുകൊണ്ട്, സംഘംകൃതികൾ പല്ലവൻമാരുടെ ആധിപത്യത്തിനു മുമ്പു രചിക്കപ്പെട്ടവയാവണം.

3. ക്രി.പി. 5-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന മഹാനാമൻ പാലിഭാഷയിലെഴുതിയ മഹാവംശത്തിൽ ക്രി.മു. 543 മുതൽ ക്രി.പി. 301 വരെയുള്ള സിംഹളചരിത്രം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അതിൽ തെന്നിന്ത്യൻ സംഭവങ്ങളെപ്പറ്റി പരാമർശങ്ങളടങ്ങിയിരിക്കുന്നു. ക്രി.പി. രണ്ടാം നൂറ്റാണ്ടിൽ ഗജബാഹു ഒന്നാമൻ എന്ന രാജാവ് സിലോണിൽ നാടുവാണിരുന്നു എന്നും ചേരരാജാവായ ചെങ്കുട്ടുവൻ തന്റെ തലസ്ഥാന നഗരിയായ വഞ്ചിയിൽ പത്തിനിദേവിയെ പ്രതിഷ്ഠിക്കാൻ വേണ്ടി നടത്തിയ ആഘോഷങ്ങളിൽ ഗജബാഹുരാജാവ് പങ്കെടുക്കുകയുണ്ടായി എന്നും അതിൽ പ്രസ്താവിച്ചിട്ടുണ്ട്.[17] അതുകൊണ്ട് ചേരൻചെങ്കുട്ടുവൻ ഗജബാഹുവിന്റെ സമകാലികനായിരുന്നുവെന്നു കരുതുന്നതിൽ തെറ്റുണ്ടെന്നു തോന്നുന്നില്ല. എന്നാൽ ചേരൻചെങ്കുട്ടുവനും ഗജബാഹുവും സമകാലികരായിരുന്നുവെന്നതു ശരിയാണെങ്കിൽപ്പോലും, ചിലപ്പതികാരം ക്രി.പി. രണ്ടാം നൂറ്റാണ്ടിലെ കൃതിയായിക്കൊള്ളണമെന്നില്ല. ഭാഷയും ശൈലിയും ഉള്ളടക്കവും മറ്റും പരിശോധിച്ചാൽ അതൊരു പിൽക്കാല കൃതിയാണെന്നും അതിന്റെ കർത്താവ് പലരും വിശ്വസിക്കുന്നതുപോലെ, ചെങ്കുട്ടവന്റെ സഹോദരൻ ഇളങ്കോവടികളായിരിക്കാനിടയില്ലെന്നും സമ്മതിക്കേണ്ടിവരും. പക്ഷേ, അതേസമയത്ത് വളരെ നൂറ്റാണ്ടുകളപ്പുറത്തേയ്ക്കു നോക്കാനും നിവൃത്തിയില്ല. എന്തെന്നാൽ, ചേരചോള പാണ്ഡ്യൻമാരുടെ പ്രതാപം ക്ഷയിക്കാൻ തുടങ്ങുകയും, ജൈനമതത്തിന്റെ സ്വാധീനം വളരുകയും ചെയ്ത ഒരു കാലഘട്ടത്തെയാണതു പ്രതിഫലിപ്പിക്കുന്നത്. അതിനാൽ, ക്രി.പി. 3-ാം നൂറ്റാണ്ടിനും 5-ാം നൂറ്റാണ്ടിനുമിടയിലാണ് അത് രചിക്കപ്പെട്ടത് എന്നു കരുതുന്നതിൽ വലിയ തെറ്റുണ്ടാകുമെന്നു തോന്നുന്നില്ല.

4. വിദേശവാണിജ്യബന്ധങ്ങളെപ്പറ്റിയുള്ള ആദ്യകാല സംഘകൃതികളിലെ പരാമർശങ്ങളും പ്ളീനി, ടോളമി തുടങ്ങിയ പാശ്ചാത്യഗ്രന്ഥകാരൻമാർ നൽകുന്ന വിവരണങ്ങളും ഏറെക്കുറെ ഒത്തിരിക്കുന്നുണ്ട്. ക്രിസ്തുവിനുശേഷമുള്ള ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിലെ സംഭവഗതികളെയാണ് അവ വെളിപ്പെടുത്തുന്നത്. കേരളത്തിൽ നിന്നും ദക്ഷിണേന്ത്യയിലെ മറ്റു പ്രദേശങ്ങളിൽ നിന്നും ധാരാളമായി ലഭിച്ചിട്ടുള്ള റോമൻ നാണ്യങ്ങളും റോമൻ പാത്രങ്ങളും മറ്റും ഈ കാലഘട്ടത്തിലേതാണ്. സാമ്പത്തികവും വാണിജ്യപരവുമായ പുരോഗതിയോടൊപ്പം

17. S. Natesan in the History of Ceylon, Vol.I, Part I. p. 270.

സാഹിത്യവും സാംസ്കാരികവുമായ മുന്നേറ്റം കൂടിയാവുക സ്വാഭാവികം മാത്രമാണല്ലോ. അതുകൊണ്ട്, പതിറ്റുപ്പത്ത്, പുറനാനൂറ് തുടങ്ങിയ പ്രധാനപ്പെട്ട സംഘം കൃതികളെല്ലാം ക്രിസ്ത്വാബ്ദം മൂന്നാം നൂറ്റാണ്ടിനു മുമ്പ് രചിക്കപ്പെട്ടവയാവണം. 'മുസിരി' (കൊടുങ്ങല്ലൂർ)യെക്കുറിച്ചുള്ള സാഹിത്യപരമായ പരാമർശങ്ങൾ ഈ പ്രാചീന തുറമുഖത്തെപ്പറ്റിയുള്ള 'പെരിപ്ലസിന്റെ' പ്രസ്താവനകളുമായി തികച്ചും യോജിച്ചിരിക്കുന്നു എന്ന വസ്തുത പരിഗണിക്കുമ്പോൾ പ്രസ്തുത പരാമർശങ്ങൾ നടത്തിയ കവികൾ ക്രിസ്ത്വാബ്ദം 100 നും 250 നും ഇടയിലാണ് ജീവിച്ചിരുന്നത് എന്ന നിഗമനത്തിലെത്തിച്ചേരാൻ നമ്മൾ നിർബന്ധിതരായിരിക്കുന്നു.'[18] എന്ന വൈയാപുരിപിള്ളയുടെ അഭിപ്രായം സമാദരണീയമാണ്.

എന്നാൽ ഇളംകുളം കുഞ്ഞൻപിള്ള ഈ അഭിപ്രായത്തോടു യോജിക്കുന്നില്ല. അദ്ദേഹം എഴുതുന്നു: "ഒന്നും രണ്ടും ശതകങ്ങളിൽ കേരളവും പാണ്ഡിനാടും റോമൻ സാമ്രാജ്യവുമായി ഉറ്റസമ്പർക്കം പുലർത്തിയിരുന്നുവെന്നതു ശരിതന്നെ. അന്നു മറ്റു കാലഘട്ടങ്ങളിലേക്കാൾ കൂടുതലായി, റോമാക്കാർ ഇവിടെ വരികയും, വാണിജ്യബന്ധം സ്ഥാപിക്കുകയും ചെയ്തിരിക്കണം. എന്നാൽ, സംഘം കൃതികളിലെ മേൽപ്പറഞ്ഞ പരാമർശങ്ങൾ ആ സമൃദ്ധമായ വാണിജ്യത്തെയാണ് സൂചിപ്പിക്കുന്നതെന്നു തെളിയുന്നുണ്ടോ?... റോമാസാമ്രാജ്യം 476 ൽ നശിച്ചതുകൊണ്ട് റോമൻ കച്ചവടം നിലച്ചുപോയതായി ധരിക്കരുത്. അലക്സാൻഡ്രിയിൽ ഇന്ത്യൻ കച്ചവടസംഘം സ്ഥിരമായി താമസിച്ച് കച്ചവടം നടത്തിയിരുന്നു. ക്രി.പി. 470ൽ കുറേ ബ്രാഹ്മണർ അവിടം സന്ദർശിക്കുകയും ചെയ്തു. ആറാം ശതകത്തിലും കേരളത്തിലെ കച്ചവടത്തിനു വലിയ കുറവൊന്നും സംഭവിച്ചിരുന്നില്ലെന്ന് കാഡ്മസിന്റെ വിവരണത്തിൽനിന്നും ഗ്രഹിക്കാം. കുരുമുളക് കയറ്റി അയച്ചിരുന്ന പടിഞ്ഞാറെ തീരത്തുള്ള അഞ്ചുതുറമുഖങ്ങളെപ്പറ്റി കാഡ്മസ് പറയുന്നു. അതുകൊണ്ട് യവനരെന്നു സംഘംകൃതികളിൽ പരാമർശിക്കുന്നത് റോമാക്കാരെയാണെങ്കിൽതന്നെയും ആറാശതകം വരെ ആയതു യോജിക്കും."[19]

പക്ഷേ, ആറാം ശതകംവരെ റോമാക്കാരും കേരളീയരും തമ്മിൽ നേരിട്ടുള്ള വാണിജ്യബന്ധങ്ങളുണ്ടായിരുന്നുവെന്നോ, പതിറ്റുപ്പത്തിലും മറ്റും പ്രസ്താവിക്കുന്നതുപോലെ റോമാക്കാരുടെയോ ഗ്രീക്കുകാരുടേയോ കപ്പലുകൾ കൊടുങ്ങല്ലൂരിൽ (മുസിരി) വന്നുകൊണ്ടിരുന്നു എന്നോ ഇതുകൊണ്ടൊന്നും തെളിയുന്നില്ല. ക്രി.പി. 3-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും റോമാസാമ്രാജ്യം യാഥാർത്ഥത്തിൽ ക്ഷയി

18. S.Vaiyapuri pillai in the Comprehensive History of India. p 674.

19. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള: അന്നത്തെ കേരളം, പേ-41-43.

ക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. ഏതാനും വർഷങ്ങളോളം നീണ്ടുനിന്ന കുഴപ്പങ്ങൾക്കും ആഭ്യന്തരസമരങ്ങൾക്കും ശേഷം ക്രി.പി. 324 ൽ കോൺസ്റ്റാന്റൈൻ ചക്രവർത്തി രാജ്യഭരണമേറ്റെടുത്തതിനെത്തുടർന്ന് കോൺസ്റ്റാന്റിനോപ്പിൾ ഒരു വാണിജ്യകേന്ദ്രമായിത്തീർന്നുവെന്നും അതിനുശേഷം ക്രി.പി. നാലും അഞ്ചും നൂറ്റാണ്ടുകളിൽ ഇന്ത്യയുമായുള്ള വ്യാപാരബന്ധം തുടർന്നുവെന്നതും ശരിയാണ്. പക്ഷേ, ഈ ബന്ധങ്ങളെ റോമാക്കാരല്ല, അക്സ്മൈറ്റുകാർ, ഹിമിയറൈറ്റ്കാർ തുടങ്ങിയ ഇടത്തട്ടുക്കാരാണ് നിയന്ത്രിച്ചിരുന്നത് എന്നും, ഏതെങ്കിലും 'റോമക്കാർ' അക്കാലത്ത് ഇന്ത്യയിലേക്കു വന്നിട്ടുണ്ടെങ്കിൽ അത് അക്സ്മൈറ്റുകാരുടെ കപ്പലിലായിരുന്നു എന്നും വാർമിങ്ടൺ ചൂണ്ടിക്കാണിക്കുന്നു.[20] അങ്ങനെ ക്രി.പി. 476 ൽ റോമാസാമ്രാജ്യം നശിച്ചതിനുശേഷമുള്ള വ്യാപാരത്തിന്റെ കേന്ദ്രം പൂർണ്ണമായും കിഴക്കോട്ടു നീങ്ങി. റോമിനെ കുഴപ്പത്തിലേയ്ക്കും നാശത്തിലേയ്ക്കും തള്ളിവിട്ട അപരിഷ്കൃത വർഗക്കാർതന്നെ കുരുമുളകിഷ്ടപ്പെടുന്നുവെങ്കിലും അതവർ സമ്പാദിച്ചത് ഇടത്തട്ടുക്കാർവഴിക്കാണ്. അക്കാലത്ത് റോമാക്കാർ റോമൻകപ്പലുകൾ വഴി കേരളത്തിൽവന്ന് കുരുമുളക് നേരിട്ടു വാങ്ങിക്കൊണ്ടുപോയിരുന്നുവെന്നതിന് തെളിവൊന്നുമില്ല. ചൂവോസ്റ്റോവ്, വാർമിങ്ടൺ മുതലായ ഗ്രന്ഥകർത്താക്കൾ ചൂണ്ടിക്കാണിക്കുന്നതുപോലെ, ക്രി.പി. 5-ാം നൂറ്റാണ്ടിനുശേഷം ഇന്ത്യയിൽ അപൂർവ്വമായി കണ്ടെത്തപ്പെട്ട ചില റോമൻ നാണ്യങ്ങൾ മധ്യവർത്തികൾ വഴിക്കുവന്നതാകാം.[21]

എന്തിന് റോമാക്കാരുടെ നാശത്തെപ്പറ്റി പറയുന്നു? ആദിചേരൻമാർതന്നെയും അക്കാലത്ത് ക്ഷയിച്ചുകഴിഞ്ഞിരുന്നില്ലേ? ക്രി.പി. 6-ാം നൂറ്റാണ്ടിൽ സംഘംകൃതികളിൽ സൂചിപ്പിക്കുന്ന മാതിരി റോമാക്കാരുമായി കച്ചവടം നടത്താൻ കഴിയത്തക്കവണ്ണം അഭിവൃദ്ധ്യുന്മുഖമായ ഒരു ചേരഭരണം നിലനിന്നിരുന്നില്ലെന്നു വ്യക്തമാണ്. അതുകൊണ്ട് ഇളംകുളത്തിന്റെ നിഗമനം ശരിയായിരിക്കാനിടയില്ല. കേരളവും റോമും ഒരുപോലെ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലത്താണ് - അതായത്, ക്രിസ്ത്വാബ്ദം ആദ്യശതകങ്ങളിലാണ് - ചേരരാജാക്കൻമാരുടെ വിദേശവാണിജ്യബന്ധങ്ങൾ ശക്തിപ്പെട്ടത് എന്നും, പതിറ്റുപ്പത്ത് തുടങ്ങിയ സാഹിത്യകൃതികൾ ആ കാലത്തെയാണ് പ്രതിഫലിപ്പിക്കുന്നത് എന്നും കരുതുന്നതാണ് കൂടുതൽ ന്യായം കാണുന്നത്.

5. പുരാതന വസ്തുഗവേഷകൻമാർ കണ്ടെടുത്തിട്ടുള്ള മഹാശിലാ സംസ്കാരവശിഷ്ടങ്ങളും സംഘംകൃതികളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള ശവ

20. E.H. Warmington: The Commerce between the Roman Empire And India. p. 139.

21. Ibid, 140

സംസ്കാരരീതികളും തമ്മിൽ വളരെയേറെ സാമ്യമുണ്ട്. സംഘംകൃതികളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള കലശങ്ങൾ പല്ലവരം തുടങ്ങിയ പല സ്ഥലങ്ങളിൽ നിന്നും കുഴിച്ചെടുക്കപ്പെട്ട മഹാശിലാകാലത്തെ കലശങ്ങളോട് സാമ്യമുള്ളവയാണെന്നും, ആ കലശങ്ങളിൽ കാണപ്പെട്ട പുരാവസ്തുക്കളുടെ അവശിഷ്ടങ്ങൾക്ക് സംഘകാലത്തെ ആചാരങ്ങളുമായി ബന്ധമുണ്ടെന്നും മൂന്നാമധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. തെക്കെ ഇന്ത്യയിൽ സുലഭമായി കാണപ്പെടുന്ന കൊടക്കല്ലുകളും കൽമേശകളും മുതുമക്കച്ചാടികളും മറ്റും ആര്യൻമാർ വരുന്നതിനുമുമ്പു പ്രചരിച്ചിരുന്ന ഒരു ദ്രാവിഡാചാരത്തെ കുറിക്കുന്നത്.[22] എന്നും ഭൂമിക്കടിയിൽ കല്ലുകൾകൊണ്ട് അറയുണ്ടാക്കി അതിൽ മൃതദേഹം മറവുചെയ്യുന്നവരെപ്പറ്റിയും താഴികുഴിച്ചുവച്ച് ശവം അതിനുള്ളിലാക്കി മൂടുന്നവരെപ്പറ്റിയും സംഘംകൃതികളിൽ പരാമർശിച്ചിട്ടുണ്ടെന്നും[23] ഇളംകുളംതന്നെ സമ്മതിക്കുന്നുണ്ട്. ഇതു ശരിയാണെങ്കിൽ സംഘംകൃതികളും കാലം ക്രി. പി. 4-ാം നൂറ്റാണ്ടിനുശേഷമാകുന്നതെങ്ങനെയാണ്? മഹാശിലാസംസ്കാരം ക്രി.മു. 3-ാം നൂറ്റാണ്ടിനും ക്രി.പി. 2-ാം നൂറ്റാണ്ടിനും ഇടയിലുള്ള കാലത്താണ് നിലനിന്നിരുന്നതെന്ന് പുരാതന വാസ്തുഗവേഷകൻമാർ തെളിയിച്ചുകഴിഞ്ഞിട്ടുള്ള സ്ഥിതിക്ക് ആദ്യകാല സംഘംകൃതികൾ ക്രി.പി. രണ്ടാം നൂറ്റാണ്ടിന് വളരെ പിന്നീടാവാനിടയില്ല.

6 നൂറുകണക്കിനുള്ള സംഘംപാട്ടുകളിൽ നിന്ന് ഏതെങ്കിലുമൊരു വാക്കോ വാചകമോ ഒറ്റപ്പെടുത്തിയെടുത്ത് വ്യാഖ്യാനിച്ച്, സംഘസാഹിത്യത്തിന്റെയാകെ കാലനിർണ്ണയം ചെയ്യാനുള്ള ഒരു വാസന ചില ചരിത്രകാരൻമാർക്കിടയിൽ കാണാറുണ്ട്. വമ്പമോരിയർ, പൊതിയിൽ, കടമ്പർ, പാണ്ഡിയർ എന്നിങ്ങനെയുള്ള ചില വാക്കുകൾ പേരിൽ നടത്തുന്ന വാദപ്രതിവാദങ്ങൾ ചില്ലറയൊന്നുമല്ല. ചിലപ്പതികാരത്തിലെ 'കുടകകൊങ്കരുമാളുവവേന്തരും' എന്ന പ്രയോഗത്തെപ്പറ്റിയുള്ള രാഘവയ്യങ്കാരുടെ വ്യാഖ്യാനം ശരിയല്ലെന്നും ഗജബാഹുവിന്റെ കാലത്തല്ല, ആറാം നൂറ്റാണ്ടിന്റെ അന്ത്യം മുതൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെ പ്രാബല്യത്തിൽ വർത്തിച്ചിരുന്ന ആളുവരാജവംശത്തിന്റെ കാലത്താണ്, ചിലപ്പതികാരം രചിക്കപ്പെട്ടതെന്നതിനുള്ള ചരിത്രപരമായ ഒരു ലക്ഷ്യമാണാപ്രയോഗമെന്നും ഇളംകുളം കുഞ്ഞൻപിള്ള വാദിക്കുന്നു.[24]

## സംഘം കൃതികളുടെ കാലം

പദങ്ങൾക്കും വാകൃങ്ങൾക്കുമുള്ള പ്രാധാന്യം കുറച്ചുകാണാൻ പാടില്ലെന്നുള്ളത് ശരിയാണ്. പക്ഷേ, ഒരേ വാക്കിന് പ്രാമാണികൻമാ

22. ഇളം കുളം പി.എൻ.കുഞ്ഞൻപിള്ള; അന്നത്തെ കേരളം, പേജ് 118.
23. പി. പേ. 112-113.
24. ഇളം കുളം പി.എൻ.കുഞ്ഞൻപിള്ള; അന്നത്തെ കേരളം, പേജ് 27-28.

22. ഇളം കുളം പി.എൻ.കുഞ്ഞൻപിള്ള; അന്നത്തെ കേരളം, പേജ് 118.

രായ രണ്ടു പണ്ഡിതൻമാർ രണ്ടുതരം വ്യാഖ്യാനങ്ങൾ നൽകി തർക്കിക്കാൻ മുതിർന്നാൽ എന്താണ് ചെയ്യുക? ഏതെങ്കിലും വാക്കോ വാചകമോ ഒറ്റപ്പെടുത്തിയെടുത്തു തർക്കിച്ച് വ്യാഖ്യാനിക്കുക എന്നതിനേക്കാളും നിർദ്ദിഷ്ട സാഹിത്യകൃതിയുടെ മുഖ്യമായ ഉള്ളടക്കം പരിശോധിക്കുക എന്നതാണ് ചരിത്രപരമായ കാലനിർണ്ണയത്തിന് കൂടുതൽ സഹായകമാകുക. മറ്റൊരുവിധം പറഞ്ഞാൽ, സംഘസാഹിത്യകൃതികളിൽ പ്രതിഫലിച്ചുകാണുന്ന സാമൂഹ്യജീവിതം, രാഷ്ട്രീയ ഭരണവ്യവസ്ഥകൾ, ആചാരസമ്പ്രദായങ്ങൾ, കല, മതം, സംസ്കാരം മുതലായവ പരിശോധിക്കാതെ അവയുടെ കാലനിർണ്ണയത്തിനൊരുങ്ങുന്നതു ശരിയായിരിക്കുകയില്ല.

ഇങ്ങനെ, വസ്തുനിഷ്ഠമായി പരിശോധിച്ചു നോക്കിയാൽ, കിട്ടിയടത്തോളമുള്ള ആദ്യകാല സംഘംകൃതികളിൽ ഗണ്യമായി ഒരു വിഭാഗം ക്രി.പി. ഒന്നും മൂന്നും നൂറ്റാണ്ടുകൾക്കിടയിൽ രചിക്കപ്പെട്ടവയാണെന്ന് സമ്മതിക്കേണ്ടിവരും. ചിലപ്പതികാരം പോലുള്ള കാവ്യങ്ങളും, പതിനെൺകീഴ് കണക്കും മറ്റും മുമ്പു പ്രസ്താവിച്ചതുപോലെ, തീർച്ചയായും പിൽക്കാലകൃതികളാണ്. ക്രി.പി. മൂന്നാം നൂറ്റാണ്ടിനും അഞ്ചാം നൂറ്റാണ്ടിനുമിടയിൽ രചിക്കപ്പെട്ട കൃതികളായിരിക്കാമവ. ഏതായാലും, ശൈവവൈഷ്ണവമതങ്ങളുടെ ആധിപത്യത്തിനുശേഷമാവാനിടയില്ല. അതുപോലെത്തന്നെ ചില കൃതികൾ ക്രിസ്ത്വാബ്ദത്തിനു തൊട്ടുമുമ്പുള്ള കാലത്ത് രചിക്കപ്പെട്ടവയായിക്കൂടെന്നില്ല. പല പാട്ടുകളിലും ബുദ്ധമതത്തിന്റെ പ്രചരണത്തിനു മുമ്പു നിലനിന്നിരുന്ന ആചാരങ്ങളും വിശ്വാസങ്ങളും കാണാം. അത്തരം പാട്ടുകൾ ബുദ്ധമതം പരന്നുപിടിക്കുന്നതിനു മുമ്പുണ്ടായവയായിരിക്കണം.

സംഘംകൃതികൾ സൂക്ഷിച്ചുവായിക്കുന്ന ഒരാൾക്ക് കീഴാർമാരുടെ, അല്ലെങ്കിൽ കുലത്തലവൻമാരുടെ, നേതൃത്വത്തിലുള്ള പ്രാചീന ഗോത്രഭരണവ്യവസ്ഥയിൽ നിന്ന് പരിഷ്കൃതമായ രാജകീയ ഭരണവ്യവസ്ഥയിലേയ്ക്കുള്ള പരിവർത്തനത്തിന്റെ പല പ്രതിഫലനങ്ങളും കണ്ടെത്താൻ കഴിയും. ഏറ്റവും പഴയ പാട്ടുകൾ ഈ പരിവർത്തനകാലഘട്ടത്തിൽ രചിക്കപ്പെട്ടവയായിരിക്കാം. മറ്റു ചില പാട്ടുകൾ, നേരെമറിച്ച്, മൂവരശരുടെ ഭരണമുറയ്ക്കുകയും ധനികദരിദ്രവ്യത്യാസങ്ങൾ വളരുകയും ചെയ്തതിനുശേഷമുള്ള ഒരു ഘട്ടത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. അങ്ങനെ പലരും പല കാലങ്ങളിലായി എഴുതിയ പല പാട്ടുകളും ശേഖരിച്ചു സമാഹാരങ്ങളായി പ്രസിദ്ധീകരിക്കാൻ ഏതാനും നൂറ്റാണ്ടുകൾക്കുശേഷം ജീവിച്ച സാഹിതീപ്രണയികൾ മുതിർന്നിട്ടുണ്ടാവാം. അതുകൊണ്ടായിരിക്കണം ഒരേ സമാഹാരത്തിൽതന്നെ വ്യത്യസ്ത കവികൾ വ്യത്യസ്ത കാലഘട്ടത്തിലെഴുതിയ പാട്ടുകൾ ഒന്നിച്ചുകൂടിയത്.

# അധ്യായം ആറ്

# ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക്

കവിതയെഴുതുമ്പോൾ സാമൂഹ്യമായ ചുറ്റുപാടുകളേയും ജനങ്ങളുടെ ജീവിതരീതികളേയും പ്രകൃതിയുടെ രൂപവൈവിധ്യങ്ങളേയും കണക്കിലെടുക്കണമെന്ന് പ്രാചീന സാഹിത്യകാരൻമാർക്ക് നിഷ്കർഷയുണ്ടായിരുന്നു. ഇതിനുവേണ്ടി അവർ ദക്ഷിണേന്ത്യയിലെ ജനവാസയോഗ്യമായ ഭൂമിയെ കുറിഞ്ചി (പർവ്വതപ്രദേശം), മുല്ലൈ (കാട്ടുപ്രദേശം), പാലൈ (മണൽക്കാട്), മരുതം (നാട്ടുപ്രദേശം), നെയ്തൽ (കടൽത്തീരം) എന്നിങ്ങനെ അഞ്ചു തിണകളായി തരംതിരിച്ചിരുന്നു. ഓരോ തിണയ്ക്കും അതിന്റേതായ പ്രത്യേകതകളുണ്ട്; പ്രത്യേകമായ വിളകളും, പക്ഷിമൃഗാദികളും വൃക്ഷലതാദികളുമുണ്ട്; പ്രത്യേകമായ ജനവിഭാഗങ്ങളും ജീവിതരീതികളുമുണ്ട്. ഉദാഹരണത്തിന് കുറിഞ്ചി പ്രദേശത്ത് കിളി, മയിൽ തുടങ്ങിയ പക്ഷികളും, ആന, കരടി, പുലി, സിംഹം മുതലായ മൃഗങ്ങളും തേക്ക്, ചന്ദനം, മുള തുടങ്ങിയ വൃക്ഷങ്ങളും മലനെല്ല്, മുളയിരി, തിന തുടങ്ങിയ ധാന്യങ്ങളുമാണുണ്ടായിരുന്നതെങ്കിൽ മുല്ല പ്രദേശത്ത് കാട്ടുകോഴി തുടങ്ങിയ പക്ഷികളും മാൻ, മുയൽ തുടങ്ങിയ മൃഗങ്ങളും, കൊന്ന തുടങ്ങിയ വൃക്ഷങ്ങളും ചാമ, മുതിര, രാഗി തുടങ്ങിയ ധാന്യങ്ങളുമാണുണ്ടായിരുന്നത്.

ജനങ്ങളുടെ സ്ഥിതിയിലും വ്യത്യാസങ്ങൾ കാണാം. ഓരോ തിണയിലും പ്രത്യേകമായ ജനവിഭാഗങ്ങളും അവർക്ക് പ്രത്യേകമായ തൊഴിലുകളുമുണ്ട്. കുറിഞ്ചിയിൽ കുറവർ, കാനവർ, കുറത്തിയാൽ മുതലായവരാണുള്ളത്. അവരുടെ തലവൻമാർ പൊരുപ്പൻ, വെർപ്പൻ, ചിലമ്പൻ മുതലായ പേരുകളിലറിയപ്പെടുന്നു. തേനുണ്ടാക്കലാണ് കുറവരുടെ ഒരു പ്രധാന ജോലി. പാലയിൽ മറവരും വേടരും വഴിപോക്കരെ കൊള്ളയ

ടിക്കുന്ന എയിനരുമുണ്ട്. ആടുമാടുകളെ പോറ്റിവളർത്തുന്ന ഇടയർ, ഇടൈച്ചിയർ, ആയർ, ആയ്ച്ചിയർ എന്നിവരാണ് മുല്ലയിലെ ജനങ്ങൾ. മരുതത്തിൽ കൃഷിപ്രവൃത്തിയിലേർപ്പെട്ട ഉഴവരും, നെയ്തലിൽ മീൻപിടുത്തം ഉപ്പുവിളയിക്കൽ മുതലായ തൊഴിലുകളിലേർപ്പെട്ട പരതർ, പരത്തിയർ, നുളൈയർ, നുളൈത്തിയർ, അളവർ, അളത്തിയർ എന്നിവരുമാണുള്ളത്. ഇങ്ങനെ പല ദേശങ്ങളിലായി ഒട്ടനവധി ഗോത്രസമുദായങ്ങൾ ജീവിച്ചിരുന്നു. വ്യത്യസ്ത തിണകളിലെ ജനങ്ങൾക്ക് വ്യത്യസ്തങ്ങളായ ദൈവങ്ങളും വ്യത്യസ്തങ്ങളായ ആചാരങ്ങളും വ്യത്യസ്തങ്ങളായ വിശ്വാസങ്ങളുമുണ്ടായിരുന്നു.

എന്നാൽ ഇത് കേവലം കാലപരമോ ഭൂമിശാസ്ത്രപരമോ ആയ ഒരു വിഭജനം മാത്രമല്ല, മനുഷ്യസമുദായത്തിന്റെ പരിണാമത്തിലെ വ്യത്യസ്തഘട്ടങ്ങളെക്കുറിക്കുന്ന വിഭജനം കൂടിയാണ്. ഏറ്റവും പ്രാചീനമായ കാലത്തെ പ്രാകൃത ഗോത്രസമുദായങ്ങൾ കുറിഞ്ചി പ്രദേശത്തും പാലൈ പ്രദേശത്തുമാണ് ജീവിച്ചിരുന്നത്. കായ്കനികളും തേനും, മുളയരി, തിന തുടങ്ങിയ ധാന്യങ്ങളും മൃഗങ്ങളെ വേട്ടയാടി സമ്പാദിക്കുന്ന മാംസവും ഭക്ഷിച്ചുകൊണ്ടാണ് അവർ ജീവിച്ചുപോന്നത്, എന്നാൽ വില്ലുമമ്പുമുപയോഗിച്ച് മൃഗങ്ങളെ പിടിച്ചുമെരുക്കാൻ തുടങ്ങിയപ്പോൾ അവരുടെ മുഖ്യമായ തൊഴിൽ കന്നുകാലികളെ മേയ്ക്കലായിത്തീർന്നു. ആയർ, ഇടയർ തുടങ്ങിയ ജനവിഭാഗങ്ങൾക്കു പറ്റിയ പ്രദേശമായിരുന്നു മുല്ല. ക്രമത്തിലവർ തങ്ങളുടെ ആയുധോപകരണങ്ങളെ കൂടുതൽ പരിഷ്ക്കരിക്കുകയും നെല്ലും മറ്റും കൃഷിചെയ്യാൻ പഠിക്കുകയും ചെയ്തു. ഈ ഘട്ടത്തിലാണത്രേ അവർ മരുപ്രദേശങ്ങളിലും നെയ്തൽപ്രദേശങ്ങളിലും സ്ഥിരവാസമുറപ്പിച്ചത്.

എന്നാൽ അതോടെ കുറിഞ്ചി പ്രദേശങ്ങളിലും പാലൈ പ്രദേശങ്ങളിലും മനുഷ്യവാസമില്ലാതായി എന്നു ധരിക്കരുത്. കൂടുതൽ പരിഷ്ക്കരിച്ച ജനവിഭാഗങ്ങൾ കൃഷിയിലേർപ്പെട്ടപ്പോൾ അത്ര തന്നെ പരിഷ്ക്കരിക്കാത്തവർ ഇടയവൃത്തിയിലും വേടവൃത്തിയിലും കഴിച്ചുകൂട്ടുന്നുണ്ടായിരുന്നു. വിന്ധ്യാപർവ്വതനിരകൾക്കും കന്യാകുമാരിക്കുമിടയിലും അറബിക്കടലിനും ബംഗാൾ ഉൾക്കടലിനുമിടയിലുമായി സാമൂഹ്യപരിണാമത്തിന്റെ വ്യത്യസ്തഘട്ടങ്ങളിലെത്തിയവരും വ്യത്യസ്തങ്ങളായ ഉപജീവനമാർഗങ്ങളെ ആശ്രയിക്കുന്നവരുമായ വിവിധ ജനവിഭാഗങ്ങൾ നിവസിച്ചിരുന്നു. സംഘംകൃതികളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള വ്യത്യസ്ത ജനവിഭാഗങ്ങളുടെ ഉൽപ്പാദനസമ്പ്രദായങ്ങളേയും ജീവിതരീതികളേയും സൂക്ഷ്മമായി പരിശോധിച്ചാൽ സാമ്പത്തിക വർഗ്ഗങ്ങളും ഭരണകൂടങ്ങളുമില്ലാത്ത പ്രാകൃതഗോത്രസമുദായത്തിന്റെ പല സവിശേഷതകളും കണ്ടെത്താൻ കഴിയും.

ഗോത്രസമുദായ വ്യവസ്ഥയിലെ സമത്വവും സഹകരണവും ഭ്രാതൃത്വവും ജനാധിപത്യവുമെല്ലാം ഗോത്രത്തിനുള്ളിൽ മാത്രം ഒതുങ്ങിനിൽക്കുന്നവയായിരുന്നു. കുലത്തിനു പുറത്തുള്ളതെന്തും ഗോത്രനിയമങ്ങൾക്കതീതമായിരുന്നു. മാത്രമല്ല, ഈ സാഹചര്യത്തിൽ കുലവും കുലവും തമ്മിലുള്ള രക്തപ്പകകളും യുദ്ധങ്ങളും ഒട്ടും തന്നെ അസാധാരണമായിരുന്നില്ല. ചിലപ്പോൾ ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നു രക്ഷപ്പെടാൻ വേണ്ടി ചെറിയ ചെറിയ കുലങ്ങൾ ഒരു പൊതുതലവന്റെയോ തലവൻമാരുടെ ഒരു കൗൺസിലിന്റെയോ കീഴിൽ ഒന്നിച്ചുകൂടും. മറ്റുചിലപ്പോൾ കൂടുതൽ ശക്തിയുള്ള ഒരു കുലത്തലവൻ ഒന്നിലധികം കുലങ്ങളെ സ്വന്തം കൊടിക്കീഴിൽ യോജിപ്പിച്ചണിനിരത്തി മറ്റാരെയെങ്കിലും ആക്രമിക്കും. അങ്ങനെ ക്രമത്തിൽ വിസ്തൃതമായ ഭൂപ്രദേശങ്ങൾ ഒരു തലവന്റെ നേതൃത്വത്തിലുള്ള പൊതുഭരണത്തിനു വിധേയമായിത്തീരും. ഈ തലവൻമാരാണ്, ഗോത്രവ്യവസ്ഥയുടെ ആഭ്യന്തരവും ബാഹ്യവുമായ മാറ്റങ്ങളുടെ ഫലമായി, കാലക്രമത്തിൽ കുറുനിലമന്നൻമാരും രാജാക്കൻമാരുമായി മാറിയത്.

## ഉൽപ്പന്നങ്ങളുടെ കൈമാറ്റം

വ്യത്യസ്ത കുലങ്ങൾ തമ്മിൽ സംഘട്ടനങ്ങളും യുദ്ധങ്ങളും മാത്രമല്ല, സമാധാനപരമായ സാമ്പത്തികബന്ധങ്ങളുമുണ്ടായിരുന്നു. ഓരോ കുലത്തിലേയും ജനങ്ങൾ ഉൽപ്പാദിപ്പിച്ചുണ്ടാക്കുന്ന ഉപഭോഗവസ്തുക്കളിൽ ആവശ്യമുള്ളതു കഴിച്ചു മിച്ചംവരുന്നത് മറ്റു കുലങ്ങളിലെ ജനങ്ങൾക്ക് വിൽക്കുക പതിവായിരുന്നു. ഉൽപ്പാദനത്തിന്റെയും കൈമാറ്റത്തിന്റെയും അഭിവൃദ്ധിയുടെ ഫലമായി സ്വകാര്യസ്വത്തുടമ തലപൊക്കി. ലോഹയുഗത്തിന്റെ ആവിർഭാവമാണ് ഈ ഗതിക്രമത്തിന് ഊക്കുകൂട്ടിയത്. പലതരത്തിലുള്ള കൈവേലകളും കൈത്തൊഴിലുകളും ആരംഭിച്ചത് ഈ കാലത്താണ്. അങ്ങനെ കൃഷി, കന്നുകാലികളെ വളർത്തൽ, നായാട്ട്, മീൻപിടുത്തം മുതലായവയ്ക്കു പുറമെ പാത്രങ്ങളും ആഭരണങ്ങളും ആയുധങ്ങളും കാർഷികോപകരണങ്ങളും മറ്റും നിർമ്മിക്കുന്ന പലതരം കൈത്തൊഴിലുകളും ആരംഭിച്ചു. അതിന്റെ ഫലമായി ഉൽപ്പാദനത്തിന്റെ വ്യത്യസ്ത ശാഖകൾ തമ്മിലുള്ള പ്രകൃതിവിഭജനം കൂടുതൽ സങ്കീർണ്ണമായിത്തീർന്നു.

ആദ്യമൊക്കെ കൊള്ളകൊടുക്കകൾ നടന്നിരുന്നത് വെച്ചുമാറ്റത്തിന്റെ (ബാർട്ടർ) അടിസ്ഥാനത്തിലായിരുന്നു. അതായത് ഒരു ചരക്കു കൊടുത്ത് അതിനു പകരം മറ്റൊരു ചരക്ക് വാങ്ങിക്കൊണ്ടു വരികയായിരുന്നു പതിവ്. ആടുമാടുകളുടെ ഉടമസ്ഥൻമാരായിരുന്ന ഇടയരുടെ

സ്ത്രീകൾ പുലർച്ചയ്ക്കെഴുന്നേറ്റു തൈർകടയുന്നതിനെപ്പറ്റിയും നെയ്യും മോരും വിറ്റ് പകരം ധാന്യങ്ങൾ വാങ്ങുന്നതിനെപ്പറ്റിയും പുറനാന്നൂറിലെ ഒരു പാട്ട് തന്മയത്വത്തോടെ വിവരിക്കുന്നുണ്ട്. നെയ്തൽപ്രദേശങ്ങളിലെ പരതവസ്ത്രീകൾ മീൻവിറ്റ് നെല്ലുവാങ്ങിക്കൊണ്ടുവരും. ഈ സമ്പ്രദായത്തെ പൊരുനാർ ആറ്റുപ്പടെ എന്ന പത്തുപ്പാട്ടിലെ ഒരു പാട്ട് വിവരിക്കുന്നതു നോക്കുക: 'തേനും നെയ്യും കിഴങ്ങും കൈമാറ്റം ചെയ്തവർ അവയ്ക്കുപകരം മീനും നെല്ലും കള്ളും വാങ്ങിക്കൊണ്ടുപോകുന്നു. നല്ല കരിമ്പും അവലും കൈമാറ്റം ചെയ്തവർ അവയ്ക്കുപകരം മാനിറച്ചിയും കള്ളും വാങ്ങിക്കൊണ്ടുപോകുന്നു.'[1]

ആദ്യകാലത്ത് പണമുണ്ടായിരുന്നില്ല. നേരിട്ടുള്ള കൈമാറ്റമാണ് നടന്നിരുന്നത്. കുറെക്കഴിഞ്ഞപ്പോൾ നെല്ല് പണത്തിന്റെ പങ്കുവഹിക്കാൻ തുടങ്ങി. ക്രമേണ കൊള്ളക്കൊടുക്കകളുടെ മധ്യവർത്തിയെന്ന നിലയ്ക്ക്, പ്രത്യേകിച്ചും വിദേശവ്യാപാരത്തിലെ മധ്യവർത്തിയെന്ന നിലയ്ക്ക്, ലോഹപ്പണം പ്രത്യക്ഷപ്പെട്ടു. കച്ചവടം അഭിവൃദ്ധിപ്പെട്ടപ്പോൾ ചന്തകളും പട്ടണങ്ങളും ഉയർന്നുവന്നു. കേരളക്കരയിലും മറ്റു ദക്ഷിണേന്ത്യൻ ഭൂപ്രദേശങ്ങളിലും ആദ്യമായി പട്ടണങ്ങൾ ഉയർന്നുവന്നതെങ്ങനെയെന്ന് പി.ടി. ശ്രീനിവാസയ്യങ്കാർ 'തമിഴരുടെ ചരിത്രം' എന്ന തന്റെ ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്. ഒരു പ്രദേശത്തിലെ ഉൽപ്പന്നങ്ങളും മറ്റൊരു പ്രദേശത്തിലെ ഉൽപ്പന്നങ്ങളും തമ്മിലുള്ള ഒത്തുമാറ്റങ്ങളുടെ ഫലമായിട്ടാണ് ഒടുവിൽ പട്ടണങ്ങൾ പൊന്തിവന്നതെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. ഉദാഹരണത്തിന്, പരക്കെ ആവശ്യമായ ഉപ്പ് നെയ്തൽ എന്നു വിളിക്കപ്പെടുന്ന കടലോരപ്രദേശങ്ങളിലാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. അരി, തുണി മുതലായ നിത്യോപയോഗസാമഗ്രികൾ മരുതപ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. മുല്ലപ്രദേശങ്ങളിൽ പലതരം ധാന്യങ്ങളും വെണ്ണ, നെയ്യ് മുതലായവയും ധാരാളമുണ്ടാകുന്നു. പർവതപ്രദേശങ്ങളിൽ തിന, ചാമ, തേൻ തുടങ്ങിയവ സുലഭമാണ്. വ്യത്യസ്തങ്ങളായ ഈ ഉൽപ്പന്നങ്ങൾ പ്രാചീനകാലം മുതൽക്കേ കൈമാറ്റം ചെയ്യപ്പെട്ടുപോന്നു. മുല്ല, കുറിഞ്ചി എന്നീ ഉയർന്ന പ്രദേശങ്ങളുടെയും മരുതം, നെയ്തൽ എന്നീ താണപ്രദേശങ്ങളുടെയും ഇടയ്ക്കുള്ള സമതലങ്ങളിലെ നദീതീരപ്രദേശങ്ങളിൽവെച്ചാണ് കൈമാറ്റങ്ങൾ കൂടുതലായി നടന്നിരുന്നത് എന്നും

1. 'തേൻനെയ്യൊടു കിഴങ്കുമാറിയോർ
മീൻനെയ്യൊരു നറവുമറുകവും
തീംതരിമ്പൊടു അവൽ വകുത്തോർ
മാൻകുറൈയൊരു മതുമറുകവും.'
(പൊരുനർ ആറ്റുപ്പടൈ, 214–217)

അതുകൊണ്ട് സ്വാഭാവികമായും അത്തരം വ്യാപാരകേന്ദ്രങ്ങളാണ് പട്ടണങ്ങളായി തീർന്നത് എന്നും ശ്രീനിവാസഅയ്യങ്കാർ അഭിപ്രായപ്പെടുന്നു.[2] ഇപ്രകാരമാണത്രേ സംഘംകൃതികളിലെ ഉറൈയൂർ, മധുര, കരൂർ, കാവേരിപ്പൂപ്പട്ടണം മുതലായ പ്രാചീന പട്ടണങ്ങൾ ഉയർന്നുവന്നത്. ഗ്രാമപ്രദേശങ്ങളിലെന്നപ്പോലെതന്നെ ഈ പട്ടണപ്രദേശങ്ങളിലും വിഭിന്ന തൊഴിലുകളിൽപ്പെട്ട വ്യത്യസ്തജനവിഭാഗങ്ങൾ ഒത്തുചേരുകയും സ്ഥിരവാസമാരംഭിക്കുകയും ചെയ്തു.

കൃഷിയും കൈത്തൊഴിലുകളും അഭിവൃദ്ധിപ്പെടുമ്പോൾ പ്രാകൃതമായ ഗോത്രസമുദായ വ്യവസ്ഥയ്ക്കുള്ളിൽ അനിവാര്യമായ ചില പരിവർത്തനങ്ങളുണ്ടായി. പഴയ ഐക്യവും സമത്വവും സൗഹാർദ്ദവും ജനാധിപത്യവുമെല്ലാം ഛിന്നഭിന്നമാവാൻ തുടങ്ങി. വ്യത്യസ്ത കുലങ്ങളിലേയും വ്യത്യസ്ത ഗോത്രങ്ങളിലെയും അംഗങ്ങൾ രക്തബന്ധങ്ങളെ വകവയ്ക്കാതെ തൊഴിലിന്റെ അടിസ്ഥാനത്തിൽ ഒന്നിച്ചുകൂടിയതിന്റെയും സ്വത്തുക്കളുടെ സമ്പാദനത്തിലും വിഭജനത്തിലും അസമത്വങ്ങളാവിർഭവിച്ചതിന്റെയും ഒഴിച്ചുകൂടാത്ത ഫലമായിരുന്നു അത്. ഗോത്രസമുദായവ്യവസ്ഥയുടെ തകർച്ചയിൽ നിന്ന് സ്വത്തുടമസ്ഥൻമാരായ പ്രാമാണിമാർ, സ്വത്തുക്കൾ ക്രയവിക്രയംചെയ്യുന്ന കച്ചവടക്കാർ, കൈവേലകളിലും കൈത്തൊഴിലുകളിലുമേർപ്പെടുന്ന ചെറുകിട സ്വത്തുടമസ്ഥൻമാർ, സ്വത്തില്ലാത്ത സാധാരണക്കാർ, മറ്റുള്ളവർക്കു വേണ്ടി പണിയെടുത്തുപജീവനം കഴിക്കുന്ന വേലക്കാർ എന്നിങ്ങനെ വ്യത്യസ്ത സാമ്പത്തികതാൽപ്പര്യങ്ങളോടുകൂടിയ ജനസമുദായങ്ങൾ ഉയർന്നുവന്നു.

## ഭരണകൂടത്തിന്റെ ഉത്ഭവം

നാലാമധ്യായത്തിൽ പ്രതിപാദിച്ചുകഴിഞ്ഞതുപോലെ, സ്വകാര്യസ്വത്തും വർഗവിഭജനവും ആവിർഭവിക്കുന്നതിനു മുമ്പു നിലനിന്നിരുന്ന പ്രാകൃത കമ്മ്യൂണിസത്തിൽ മേലാളർ, കീഴാളർ എന്ന വ്യത്യാസമുണ്ടായിരുന്നില്ല. അക്കാലത്തുതന്നെ ഒരുതരത്തിലുള്ള പ്രവൃത്തിവിഭജനമുണ്ടായിരുന്നു എന്നതു ശരിതന്നെ. പക്ഷേ, ആ പ്രവൃത്തിവിഭജനം സമുദായത്തിന്റെ ഐക്യത്തെ ഭംഗപ്പെടുത്തിയിരുന്നില്ല. നേരെമറിച്ച്, സാമൂഹ്യജീവിതത്തെ കൂടുതൽ സുഗമവും കൂടുതൽ സുഖകരവുമാക്കാനാണ് അതു സഹായിച്ചത്. എന്നാൽ, ക്രമത്തിൽ ഉൽപ്പാദനശക്തികൾ വളരുകയും സ്വത്തുക്കൾ വർദ്ധിക്കുകയും ചെയ്തപ്പോൾ പ്രവൃത്തിവിഭജനം സാമൂഹ്യാസമത്വങ്ങൾക്ക് വഴിതെളിച്ചു. ഉള്ളവരും ഇല്ലാ

2. P.T. Sreenivasa Aiyyangar: History of the Tamils.

ത്തവരും തമ്മിലുള്ള വർഗവ്യത്യാസങ്ങൾ വളരാൻ തുടങ്ങി. ഏറ്റവും മുകളിൽ സ്വത്തുടമസ്ഥൻമാരായ പ്രമാണിവർഗക്കാർ, ഏറ്റവും ചുവട്ടിൽ ആ പ്രമാണിവർഗ്ഗക്കാർക്കുവേണ്ടി കഠിനാധ്വാനം ചെയ്യുന്ന മർദ്ദിതരായ വേലക്കാരും അടിമകളും, ഈ രണ്ടുവിഭാഗങ്ങൾക്കുമിടയിലായി സ്വത്തുടമാവകാശത്തിന്റെ വിവിധ നിലവാരത്തിലുള്ള സ്വതന്ത്രൻമാർ – ഇത്തരത്തിലുള്ള ഒരു വർഗസമുദായം പ്രത്യക്ഷപ്പെട്ടു. സമുദായത്തിലെ മേൽത്തട്ടിലുള്ള വിഭാഗങ്ങൾക്ക് അടിമകളെയും സ്വതന്ത്രരായ കൈവേലക്കാരുടെയും അധ്വാനത്തെ ചൂഷണം ചെയ്തുകൊണ്ട് കൂടുതൽ കൂടുതൽ സ്വത്തു സമ്പാദിക്കാനും തങ്ങളുടെ ഒഴിവുസമയങ്ങളെ സാഹിത്യം, സംഗീതം, നൃത്തം മുതലായ കലകളുടെ പോഷണത്തിനുവേണ്ടി വിനിയോഗിക്കാനും സാധിക്കുമെന്നായി. അടിത്തട്ടിലുള്ള മർദ്ദിതരും ചൂഷിതരുമായ വിഭാഗങ്ങളാകട്ടെ, അധികമധികം അസംതൃപ്തരായിത്തീരുകയും ചെയ്തു. ഈ വർഗവിഭജനത്തിന്റെ ഫലമായി സാമൂഹ്യഭരണവ്യവസ്ഥയിലും അതിപ്രധാനങ്ങളായ ചില മാറ്റങ്ങളുണ്ടായി. സ്വകാര്യസ്വത്തിന്റെ പരിപാവനയെ കാത്തുരക്ഷിക്കാനുതകുന്ന ഒരു പുതിയ സ്ഥാപനം ഉയർന്നുവന്നും ലോകത്തിലെ മറ്റു പല വിഭാഗങ്ങളിലും സാമൂഹ്യവളർച്ചയുടെ ഒരു സവിശേഷഘട്ടത്തിലാവിർഭവിച്ച ഈ മാറ്റങ്ങളെപ്പറ്റി ഏംഗെൽസ് ഇങ്ങനെ എഴുതുകയുണ്ടായി:

'ഒരു കാര്യം മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളു. ഗോത്രസമുദായവ്യവസ്ഥയുടെ ഒരു കൂട്ടുടമപാരമ്പര്യങ്ങൾക്കെതിരായി വ്യക്തികൾക്കു പുതുതായി ലഭിച്ച സ്വത്തുക്കളെ സംരക്ഷിക്കുകയും മുമ്പൊക്കെ തീരെ ഗണിക്കാതിരുന്ന സ്വകാര്യസ്വത്തിനെ പവിത്രമാക്കുകയും ഈ പവിത്രതയാണ് മുഴുവൻ സമുദായത്തിന്റെയും സർവ്വോൽകൃഷ്ടമായ ലക്ഷ്യമെന്നു പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരു സ്ഥാപനം സ്വത്തു സമ്പാദിക്കാനുള്ള ഓരോ പുതിയ മാർഗത്തിൻമേലും സാമൂഹ്യാംഗീകരണത്തിന്റെ മുദ്രകുത്തുകയും അങ്ങനെ ഇടവിടാതെ ഏറിക്കൊണ്ടുവരുന്ന വേഗതയിൽ സ്വത്തുക്കൾ ഒരുക്കുകൂട്ടുകയും ചെയ്യുന്ന ഒരു സ്ഥാപനം; വർഗങ്ങളായി പിരിഞ്ഞ ഈ സമുദായത്തിലെ വളർന്നുവരുന്ന പിളർപ്പിനെ മാത്രമല്ല, സ്വത്തില്ലാത്ത വർഗത്തെ ചൂഷണം ചെയ്യാൻ സ്വത്തുള്ള വർഗ്ഗത്തിനു കൈവന്ന അവകാശത്തെയും ഇല്ലാത്തവരുടെ മേൽ ഉള്ളവർ നടത്തുന്ന ഭരണത്തേയും നിലനിർത്തുന്ന ഒരു സ്ഥാപനം – ഈ സ്ഥാപനം ആവിർഭവിച്ചു; ഭരണകൂടം കണ്ടുപിടിക്കപ്പെട്ടു.'[3]

---

3. F.Engels: Origin of Family, Private Property and State.

## സംഘകൃതികളിൽ നിന്നുള്ള തെളിവുകൾ

കേരളക്കരയിലെയും മറ്റു തെന്നിന്ത്യൻ പ്രദേശങ്ങളിലേയും അപരിഷ്കൃതരായ ഗോത്രത്തലവൻമാർ ഭരണകൂടത്തിന്റെ ഉടമസ്ഥൻമാരായ പരിഷ്കൃത രാജാക്കൻമാരായി മാറിയതെങ്ങിനെ എന്നതിനെകുറിച്ചും സ്ഥാപിതതാൽപ്പര്യങ്ങളെ കാത്തുരക്ഷിക്കുന്ന ഭരണകൂടം ശക്തിപ്പെട്ടു വന്നതെങ്ങനെയെന്നതിനെക്കുറിച്ചുമുള്ള ധാരാളം വിവരങ്ങൾ പ്രാചീന സംഘംകൃതികളിൽ, പ്രത്യേകിച്ചും, മരുതം, മുല്ല എന്നീ തിണകളെ സംബന്ധിച്ച പാട്ടുകൾ അടങ്ങിയിട്ടുണ്ട്. രാജാവിന് കോൻ എന്നു പറയും. കോൻ എന്ന വാക്കിന് ഇടയൻ എന്നാണർത്ഥം. കന്നുകാലിസ്വത്തുക്കളുടെ അധിപനായ കുലത്തലവനും അതേപേരിലാണറിയപ്പെടുന്നത്. കോൽ (അല്ലെങ്കിൽ വടി) എന്ന പദത്തിൽ നിന്നാണ് കോൻ എന്ന വാക്കുണ്ടായത്. രാജാവിന്റെ ചെങ്കോൽ ഇടയഗോത്രങ്ങൾ ആടുമാടുകളെ മേയ്ക്കാനുപയോഗിക്കുന്ന കോലിന്റെ പ്രതീകമാണത്രെ. മരുതം -മുല്ല പ്രദേശങ്ങളിലെ ഇടയത്തലവൻമാരാണ് കാലക്രമത്തിൽ രാജാക്കൻമാരായിത്തീർന്നത് എന്നാണിത് സൂചിപ്പിക്കുന്നത്. 'കലിത്തൊകൈ' എന്ന സംഘം കൃതിയിലെ ചില പാട്ടുകൾ പരിശോധിച്ചു വിശകലനം ചെയ്തുകൊണ്ട് മരുതം മേഖലയിലെ ആയർ (ഇടയ) കുലങ്ങളുടെ തലവൻമാരിൽ നിന്നാണ് ആദ്യത്തെ പാണ്ഡിരാജാക്കൻമാർ ഉയർന്നുവന്നത് എന്ന് ദീക്ഷിതർ ചൂണ്ടിക്കാണിക്കുന്നു.[4] കോ അല്ലെങ്കിൽ കോൻ ആണ് മുടിവേന്തൻ അല്ലെങ്കിൽ കിരീടം ധരിച്ച രാജാവായിത്തീർന്നത് എന്ന ദ്ദേഹം അഭിപ്രായപ്പെടുന്നു. ചേരൻമാർ, ചോഴൻമാർ എന്നീ വംശങ്ങളിലെ രാജാക്കൻമാരും ഏതാണ്ടിതേതരത്തിൽ തന്നെ അപരിഷ്കൃത ഗോത്രത്തലവൻമാരുടെ പിൻഗാമികളായിരുന്നു.

രാജകീയ ഭരണവ്യവസ്ഥയുടെ വളർച്ചയെത്താത്ത ഒരു ഘട്ടത്തെയാണ് ആദികാല സംഘകൃതികൾ പ്രതിഫലിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ആദ്യകാലത്തെ രാജാക്കൻമാർ കുലത്തലവൻമാരുടേതിൽ നിന്നും വ്യത്യസ്തമായ പങ്കൊന്നും വഹിച്ചിരുന്നില്ല. സ്വന്തം ആടുമാടുകളെയും മറ്റു സ്വത്തുക്കളെയും കാത്തുരക്ഷിക്കുകയും മറ്റുള്ളവരുടെ ആടുമാടുകളെ കൊള്ളയടിക്കുകയും ഗോത്രത്തിനുള്ളിലെ വഴക്കുകൾ തീർക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ മുഖ്യമായ പ്രവൃത്തി. ആഭ്യന്തര ഭരണകാര്യങ്ങളിലെല്ലാം ഏറെക്കുറെ പഴയ ഗോത്രവ്യവസ്ഥ തന്നെ തുടർന്നുപോന്നു. ഗോത്രവ്യവസ്ഥയ്ക്കുള്ളിൽ വൈരുദ്ധ്യങ്ങൾ വർദ്ധിച്ചപ്പോഴാണ് ആഭ്യന്തരഭരണം സങ്കീർണ്ണവും സുശക്തവു

4. V.R.R. Dikshitar: Studies in Tamil Literature, P 179.

മായ ഒരു സ്ഥാപനമായിത്തീർന്നത്. പി.ടി. ശ്രീനിവാസയ്യർ ചൂണ്ടിക്കാണിക്കുന്നതുപോലെ, 'കുലത്തലവന്റെ രാജത്വം വളരെ പ്രാകൃതമായ മട്ടിലുള്ളതായിരുന്നിരിക്കണം. എന്തെന്നാൽ, ഭരണകല വികസിച്ചുകഴിഞ്ഞിരുന്നുവെന്നോ ഏതെങ്കിലും തരത്തിലുള്ള താത്വികമോ പ്രായോഗികമോ ആയ രാജനീതിശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയാണ് അത് നിലനിന്നിരുന്നത് എന്നോ സൂചിപ്പിക്കുന്ന യാതൊന്നും പ്രാചീന തമിഴ്പാട്ടുകളിലാകട്ടെ പൊരുളതികാരത്തിലാകട്ടെ കാണാൻ കഴിയുന്നില്ല.'[5]

ചേരചോഴപാണ്ഡ്യരാജ്യങ്ങളിൽ രാജാക്കൻമാർ ആവിർഭവിക്കുന്നതിനു മുമ്പ് ഒരുതരം ഗ്രാമസമുദായ ഭരണമാണ് നിലനിന്നിരുന്നത് എന്നും പൊതുകാര്യങ്ങളുടെ നടത്തിപ്പിൽ പ്രായപൂർത്തിയായ എല്ലാ ജനങ്ങൾക്കും പങ്കുണ്ടായിരുന്നുവെന്നും എൻ.ശിവരാജപിള്ള ചൂണ്ടിക്കാണിക്കുന്നു. സംഘംകൃതികളെ വിശകലനം ചെയ്തുകൊണ്ട് അദ്ദേഹം ഇങ്ങനെ എഴുതുകയുണ്ടായി:

'ചോഴരാജാക്കൻമാരുടെ ഉത്ഭവം പ്രാചീനസമുദായ റിപ്പബ്ലിക്കുകളുടെ മേൽ ധാരാളം വെളിച്ചം വീശുന്നുണ്ട്... കീഴാർ എന്ന പേരിലറിയപ്പെടുന്ന ഗ്രാമക്കാരണവൻമാരുടെ നേതൃത്വത്തിൽ ഗ്രാമസമുദായങ്ങളായിട്ടാണ് ജനങ്ങൾ ജീവിച്ചുപോന്നത് എന്നു തോന്നുന്നു. ഇടയ്ക്കിടെ വിളിച്ചുകൂട്ടപ്പെടുന്ന ഗ്രാമസഭകളുടെ സഹായത്തോടുകൂടി കാര്യങ്ങൾ കൊണ്ടുനടത്തിയിരുന്നത് ഏറ്റവും പ്രായംകൂടിയ അംഗമാണ്. കാലക്രമത്തിൽ ഗ്രാമസമുദായംഗങ്ങളുടെ എണ്ണവും വലുപ്പവും വർദ്ധിച്ചു. അപ്പോൾ അവർ ഏതാനും ഗ്രാമസമുദായാംഗങ്ങളെ സംയോജിപ്പിച്ച് ഒരൊറ്റഘടകമായി പുനഃസംഘടിപ്പിച്ചു. അതിന്റെ നേതാവ് വേൻ അല്ലെങ്കിൽ കോൻ (രാജാവ്) ആയിരുന്നു. രാജാവിന്റെ കീഴിൽ വിവിധ ഗ്രാമങ്ങളെ പ്രതിനിധീകരിക്കുന്ന അനേകം കീഴാർമാരുണ്ടായിരുന്നു. കീഴാർമാരും രാജാക്കൻമാരുമായിരുന്നു ഏതാനും ഗ്രാമസമുദായങ്ങളുടെ, അല്ലെങ്കിൽ ഏതാനും ഗ്രാമസമുദായങ്ങളുടെ സംയുക്തഘടകത്തിന്റെ തലവൻമാർ. എങ്കിലും സമാധാനകാലങ്ങളിൽ അവരുടെ അധികാരം ഗ്രാമങ്ങളിലെ പൊതുസഭകളാൽ നിയന്ത്രിക്കപ്പെട്ടിരുന്നു. സ്ഥിരവാസമാരംഭിച്ച് സമാധാനപരമായി കൃഷിചെയ്തുജീവിക്കുന്ന കർഷകസമുദായങ്ങളുടെ ജീവിതരീതിയുടെ ഫലമായിരുന്നു ഇത്തരത്തിലുള്ള രാഷ്ട്രീയ സംഘടന.'[6]

ഗ്രാമസമുദായാംഗങ്ങളുടെ എണ്ണവും വലുപ്പവും വർദ്ധിച്ചതുകൊണ്ടു മാത്രമാണ് കോൻ അല്ലെങ്കിൽ രാജാവ് ആവിർഭവിച്ചത് എന്ന ശിവരാജ

5. P.T.Sreenivas Iyengar: History of the Tamils. p.72.
6.N.Sivaraja Pillai

പിള്ളയുടെ അഭിപ്രായം ശരിയാണെന്നു തോന്നുന്നില്ല. ഉൽപ്പാദനശക്തികളുടെ വളർച്ചയിൽ നിന്നുളവായ ആഭ്യന്തരവൈരുദ്ധ്യങ്ങളെ പരിശോധിച്ചാൽമാത്രമേ രാജകീയഭരണത്തിന്റെ ഉത്ഭവത്തെപ്പറ്റി മനസ്സിലാക്കാൻ കഴിയൂ. എങ്കിലും, രാജാക്കൻമാർ കീഴാർമാരുമായി സഹകരിച്ചുകൊണ്ടാണ് രാജ്യം ഭരിച്ചത് എന്ന അദ്ദേഹത്തിന്റെ അഭിപ്രായം തികച്ചും ശരിയാണ്. എന്തെന്നാൽ ചേരചോഴപാണ്ഡ്യരാജ്യങ്ങളിലാവിർഭവിച്ച രാജകീയ ഭരണവ്യവസ്ഥകൾ പ്രത്യക്ഷത്തിൽ വ്യക്തിപരമായ സ്വേച്ഛാധിപത്യങ്ങളായിരുന്നുവെങ്കിലും പഴയസമുദായത്തിന്റെ പ്രബലങ്ങളായ അവശിഷ്ടങ്ങളേയും പുതുതായുയർന്നുവന്ന സ്വത്തുടമസ്ഥൻമാരായ പ്രമാണികളുടെ ഇച്ഛാശക്തിയേയും അവഗണിയ്ക്കാൻ അവയ്ക്കു കഴിഞ്ഞിരുന്നില്ല. സംഘം കൃതികളിൽ മാത്രമല്ല, പ്ലീനി, ടോളമി തുടങ്ങിയ പാശ്ചാത്യഗ്രന്ഥകാരൻമാരുടെ പുസ്തകങ്ങളിലും പ്രാകൃത ഗോത്രവ്യവസ്ഥയിൽ നിന്നു രാജകീയഭരണവ്യവസ്ഥയിലേക്കുള്ള പരിവർത്തനത്തിന്റെ ചില സൂചനകൾ കാണാം. ഉദാഹരണത്തിന് ക്രി.പി. രണ്ടാം നൂറ്റാണ്ടിന്റെ മധ്യകാലത്തു രചിക്കപ്പെട്ട ടോളമിയുടെ ഭൂമിശാസ്ത്രഗ്രന്ഥത്തിൽ തെക്കേ ഇന്ത്യയിലെ പ്രാചീനരാജ്യങ്ങളെപ്പറ്റിയുള്ള സവിസ്തരമായ വർണ്ണനകളുണ്ട്. അവയെ വിശകലനം ചെയ്തുകൊണ്ട് ശ്രീനിവാസയ്യങ്കാർ ഇങ്ങനെ എഴുതുന്നു:

'അക്കാലത്ത് ദക്ഷിണേന്ത്യ പാരമ്പരാവകാശികളായ മൂന്നു രാജാക്കൻമാരുടെയും ഒട്ടനവധി ഗോത്രത്തലവൻമാരുടെയും കീഴിൽ വിഭജിക്കപ്പെട്ടുകഴിഞ്ഞിരുന്നു എന്നാണ് അദ്ദേഹത്തിന്റെ (ടോളമിയുടെ) വിവരണങ്ങളിൽ നിന്നും നമുക്ക് മനസിലാക്കാൻ കഴിയുന്നത്. മൂന്നു രാജാക്കൻമാരും ഏതാണ്ട് ഒരേ നിലയ്ക്കുള്ളവരായിരുന്നു. കരികാലനെപ്പോലുള്ള ഒരു ചോഴരാജാവ് തെന്നിന്ത്യയുടെ മുഴുവൻ ആധിപത്യം അവകാശപ്പെടാൻ തുടങ്ങിയ കാലഘട്ടം ആരംഭിച്ചുകഴിഞ്ഞിരുന്നില്ല. നേരെമറിച്ച്, ടോളമിയുടെ വിവരണങ്ങളനുസരിച്ച് ചോഴൻമാർ ഭാഗികമായി അലഞ്ഞുതിരിയുന്ന കുലങ്ങൾ മാത്രമായിരുന്നു'[7]

ജനാധിപത്യപരമായ ഗോത്രസമുദായ ഭരണത്തിൽനിന്ന് സ്വേഛാധിപത്യപരമായ രാജകീയഭരണം ഉരുപ്പിടിച്ചുയർന്നുവന്നത് നീണ്ടകാലത്തെ വികാസക്രമത്തിലൂടെയാണെന്ന് ഇതിൽ നിന്നുതന്നെ വ്യക്തമാവും. ക്രി.മു. ഒന്നാം സഹസ്രാബ്ദത്തിന്റെ മദ്ധ്യത്തോടുകൂടി പ്രാകൃതകമ്യൂണിസത്തിന്റെ അടിസ്ഥാനത്തിലുള്ള ഗോത്രസമുദായ ഭരണവ്യവസ്ഥയ്ക്ക് ഉലച്ചിൽ തട്ടിക്കഴിഞ്ഞിരുന്നുവെന്ന് അനുമാനിക്കാം. ക്രിസ്തുവിന് മൂന്നോ നാലോ നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ചേരചോഴ

7. P.T.Sreenivasa Iyengar: History of the Tamils. P. 317.

പാണ്ടിരാജ്യങ്ങൾ ചരിത്രത്തിലേയ്ക്കു കാലെടുത്തുവച്ചുകഴിഞ്ഞിരുന്നു എന്ന് അശോകന്റെ ശിലാശാസനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇരുമ്പുകൊണ്ടുള്ള ഉപകരണങ്ങളുടെ പ്രചാരം വർഗവിഭജനങ്ങളെ ത്വരതിപ്പെടുത്തുന്നുണ്ടാവണം. എങ്കിലും ആദ്യത്തെ രാജാക്കൻമാർ ഗോത്രത്തലവൻമാരിൽനിന്ന് വളരെയൊന്നും വിഭിന്നരായിരുന്നില്ല. ക്രി.മു. 5-ാം നൂറ്റാണ്ടിനും ക്രി.പി. ഒന്നാം നൂറ്റാണ്ടിനുമിടയിലുള്ള കാലഘട്ടം പ്രാകൃതകമ്യൂണിസത്തിന്റെ തകർച്ചയുടെയും രാജകീയഭരണത്തിന്റെ അടിസ്ഥാനത്തിലുള്ള അടിമത്തവ്യവസ്ഥയുടെ വളർച്ചയുടെയും കാലഘട്ടമായിരുന്നു എന്ന് മൊത്തത്തിൽ പറയാം. ക്രി.പി. ഒന്നാം നൂറ്റാണ്ടിനും മൂന്നാം നൂറ്റാണ്ടിനുമിടയിലാണ് ചേരചോഴപാണ്ഡിരാജാക്കൻമാരുടെ അധികാരശക്തി സുസ്ഥാപിതമായിത്തീർന്നത് എന്ന് പതിറ്റുപ്പത്ത്, പുറനാനൂറ് തുടങ്ങിയ സംഘംകൃതികളിൽ നിന്നു മനസ്സിലാക്കാം.

## രാജവാഴ്ചയുടെ ചില സവിശേഷതകൾ

തെക്കെ ഇന്ത്യയിലെ ചില പ്രദേശങ്ങളിൽ വർഗവിഭജനങ്ങളും രാജകീയ ഭരണവ്യവസ്ഥകളും മറ്റും ആവിർഭവിച്ചതിനുശേഷവും മറ്റു ചില ഭാഗങ്ങളിൽ പ്രാകൃതകമ്മ്യൂണിസത്തിന്റെ ഐക്യത്തേയും സമത്വത്തേയും നിലനിർത്തിപ്പോന്ന ഒട്ടുവളരെ അപരിഷ്കൃത കുലങ്ങൾ ജീവിക്കുന്നുണ്ടായിരുന്നു. അവയുടെ തലവൻമാരായ കുറുനിലമന്നൻമാരും ചിറ്ററചൻമാരും ചരിത്രത്തിന്റെ പടിവാതിൽക്കലോളമെത്തിക്കഴിഞ്ഞിരുന്നു. കുറുനിലമന്നൻമാരുടെ നേതൃത്വത്തിലുള്ള ചില കുലങ്ങൾക്കുള്ളിൽ വർഗവ്യത്യാസങ്ങൾ തലപൊക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. പക്ഷേ, അവർ പൂർണ്ണമായ അർത്ഥത്തിൽ രാജാക്കൻമാരായി വളർന്നുകഴിഞ്ഞിരുന്നില്ല. മറ്റു കുലത്തലവൻമാർ കൂടുതൽ അപരിഷ്കൃതമായ ഒരവസ്ഥയിലായിരുന്നു. ചേരചോഴ പാണ്ടിരാജ്യങ്ങളിൽ മൂവരചൻമാർ ഈ അപരിഷ്കൃത കുലങ്ങളെ കീഴടക്കാൻ വളരെ പാടുപെട്ടിരുന്നു. ചിലപ്പോൾ ഏതാനും കുലങ്ങൾ ഒന്നിച്ചുചേർന്ന് മൂവരചരെ ആക്രമിക്കുകയും പതിവായിരുന്നു. 7 തലവൻമാരുടെയും 9 തലവൻമാരുടെയും 11 തലവൻമാരുടെയും 14 തലവൻമാരുടെയും മറ്റും പരാജയങ്ങളെപ്പറ്റി സംഘംകൃതികളിൽ പ്രസ്താവിക്കപ്പെടുന്നുണ്ട്.[8] ക്രി.പി. ഒന്നാം നൂറ്റാണ്ടിനും മൂന്നാംനൂറ്റാണ്ടിനുമിടയിൽ കുലത്തലവൻമാരും മൂവരചരും തമ്മിൽ ഇടവിടാതെ യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കുന്നു എന്ന് ഇതിൽനിന്ന് വ്യക്തമാകുന്നുണ്ട്. ചേരചോഴ പാണ്ടിരാജാക്കൻമാർക്കിടയിൽത്തന്നെ പലപ്പോഴും യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടുകൊണ്ടിരുന്നു. ആദ്യകാലത്ത്

8. അകം 36, 244 മറ്റും മറ്റും

അന്യനാടുകൾ വെട്ടിപ്പിടിക്കുക എന്നതിനെക്കാളേറെ കന്നുകാലികളെയും മറ്റു സ്വത്തുക്കളെയും കൊള്ളയടിക്കുകയും അതോടൊപ്പം താന്താങ്ങളുടെ അന്തസും പദവിയും വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു യുദ്ധങ്ങളുടെ ഉദ്ദേശ്യം. പക്ഷേ, ആഭ്യന്തരമായ വർഗവിഭജനങ്ങൾ ഉറയ്ക്കുകയും ഫിനീഷ്യക്കാർ, റോമാക്കാർ തുടങ്ങിയ വിദേശീയരുമായുള്ള വാണിജ്യബന്ധങ്ങൾ വളരുകയും പട്ടണങ്ങൾ അഭിവൃദ്ധിപ്പെടുകയും ചെയ്തപ്പോൾ യുദ്ധങ്ങൾ കൂടുതൽ ഭയങ്കരമായിത്തീർന്നു. അന്യനാടുകളെ വെട്ടിപ്പിടിച്ച് സ്വന്തം രാജ്യത്തോടു കൂട്ടിച്ചേർക്കാനുള്ള മൂവരചരരുടെ പരിശ്രമങ്ങൾ ഊർജ്ജിതമായത് ഈ ഘട്ടത്തിലാണ്. ആഭ്യന്തരമായ ഭരണക്രമങ്ങൾ കൂടുതൽ സങ്കീർണ്ണമായിത്തീർന്നതും ഈ ഘട്ടത്തിൽതന്നെയാണ്.

രാജവാഴ്ചയാരംഭിക്കുന്നതിനുമുമ്പും കുലങ്ങൾ തമ്മിൽ കൂടെക്കൂടെ യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുക സാധാരണമായിരുന്നു. പക്ഷേ, ആയുധങ്ങൾക്ക് പ്രത്യേകമായ സൈന്യസജ്ജീകരണത്തിന്റെ ആവശ്യമുണ്ടായിരുന്നില്ല. കുലത്തിലെ മുഴുവൻ ജനങ്ങളും ആയുധമെടുത്ത് യുദ്ധം വെട്ടുകയായിരുന്നു പതിവ്. എന്നാൽ, ധനിക ദരിദ്രവ്യത്യാസങ്ങൾ മൂർച്ഛിച്ചതിന്റെ ഫലമായി ഉടമവർഗങ്ങൾക്ക് സാമാന്യജനങ്ങളിൽ നിന്നു വേറിട്ടുനിൽക്കുന്ന ഒരു സ്വതന്ത്രമായ പട്ടാളശക്തി ആവശ്യമായിത്തീർന്നു. അങ്ങനെ പടൈയാച്ചിയർ എന്ന് ഒരു പ്രത്യേക ജനവിഭാഗം ഉയർന്നുവന്നു. ഭൂരിപക്ഷക്കാരായ ജനങ്ങളെ അടക്കിഭരിച്ചുകൊണ്ട് ന്യൂനപക്ഷത്തിന്റെ വർഗമേധാവിത്വം നിലനിർത്താനും അതേസമയത്തുതന്നെ പുറമേനിന്നുള്ള കുറുനിലമന്നൻമാരുടേയും അരചൻമാരുടേയും ആക്രമണങ്ങളിൽനിന്ന് രക്ഷനേടാനും പറ്റിയ രാഷ്ട്രീയാധികാരശക്തി രൂപമെടുത്തു.

ആദ്യകാലത്ത് സമുദായത്തിന്റെ ഭരണകാര്യങ്ങളിൽ പ്രായപൂർത്തിയെത്തിയ മുഴുവൻ ജനങ്ങൾക്കും പങ്കുണ്ടായിരുന്നു. പക്ഷേ, വർഗവ്യത്യാസങ്ങളാവിർഭവിച്ചപ്പോൾ സ്ഥിതിമാറി. സാമൂഹ്യകാര്യങ്ങളെപ്പറ്റിയുള്ള ചർച്ചകളിലും തീരുമാനങ്ങളിലും ഭൂരിപക്ഷക്കാരായ ജനങ്ങൾക്ക് യാതൊരു പങ്കുമില്ലാതായി. ഭരണകാര്യങ്ങളെല്ലാം സ്വത്തുടമസ്ഥൻമാരും സ്ഥാപിതതാൽപ്പര്യക്കാരുമായ ന്യൂനപക്ഷക്കാരുടെ കൈയിൽ കേന്ദ്രീകരിച്ചു. കുലങ്ങളും കുലത്തലവൻമാരും ഗോത്രത്തലവൻമാരും തലവൻമാരുടെ കൂട്ടങ്ങളും മറ്റും അതിനുശേഷവും നിലനിന്നുവന്നത് ശരിയാണ്. പക്ഷേ, ഗോത്രസഭകളുടേയും കൂട്ടുഭരണവ്യവസ്ഥയുടേയും ഉള്ളടക്കത്തിലും പ്രവർത്തനരീതിയിലും വമ്പിച്ച മാറ്റങ്ങളുണ്ടായി. ആദ്യകാലത്ത് ഗോത്രതലവൻമാരും തറവാട്ടുകാരണവൻമാരും രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള സമത്വപൂർണ്ണമായ ഒരു സാമൂഹ്യവ്യവ

സ്ഥയിലെ പൊതുഭരണക്കാര്യങ്ങളെ മേൽനോട്ടം ചെയ്യുന്ന യഥാർത്ഥ ജനപ്രതിനിധികളായിരുന്നു. ഇപ്പോഴാകട്ടെ, അവർ ഒരു ജനവിഭാഗത്തിന്റെ താൽപ്പര്യങ്ങൾക്കെതിരായി, മറ്റൊരു ജനവിഭാഗത്തിന്റെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന നേതാക്കൻമാരായി മാറി. രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹ്യവിഭജനങ്ങളുടെ സ്ഥാനത്ത് നിശ്ചിതാതിർത്തികളോടുകൂടിയ ഭൂപ്രദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള പുതിയ വിഭജനങ്ങളാവിർഭവിച്ചു. തലവൻമാരുടെ സഭകളും സമിതികളും കൂടിയാലോചനകളും മറ്റും പിന്നേയും തുടർന്നുപോന്നു. പക്ഷേ, അവർ ഗോത്രങ്ങളിലേയും തറവാടുകളിലേയും മുഴുവൻ മെമ്പർമാരുടേയും പ്രതിനിധികളെന്നനിലയ്ക്കല്ല പ്രത്യേക ഭൂവിഭാഗങ്ങളുടെ പ്രതിനിധികളെന്ന നിലയ്ക്കാണ് കൂടിയാലോചനകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തുപോന്നത്. ഈ പരിതഃസ്ഥിതിയിൽ രാജാക്കൻമാരുടെ അധികാരം പരിമിതമായിരുന്നു. യുദ്ധങ്ങൾ നടത്തുക, പ്രേമബന്ധങ്ങളിലേർപ്പെടുകയും സുഖഭോഗങ്ങളിൽ ലയിക്കുകയും ചെയ്യുക, മൃഗങ്ങളെ വേട്ടയാടുക, സ്വന്തം വീരപരാക്രമങ്ങളെ പാടിപ്പുകഴ്ത്താൻവേണ്ടി കവികളേയും പാട്ടുകാരേയും തീറ്റിപ്പോറ്റുക മുതലായ കാര്യങ്ങൾ ശ്രദ്ധിക്കുവാൻ രാജാക്കൻമാർക്ക് ധാരാളം സമയം കിട്ടി.

സൈന്യങ്ങൾക്കും മറ്റു ഭരണാധികാരസ്ഥാപനങ്ങൾക്കും വേണ്ടിവരുന്ന ചിലവുകൾ നികത്താൻ പണം വേണമല്ലോ. പ്രാചീനരാജാക്കൻമാർക്ക് പ്രധാനമായും മൂന്നു വരവിനങ്ങളാണുണ്ടായിരുന്നത്. 1. ജനങ്ങളിൽ നിന്ന് വസൂലാക്കുന്ന നികുതി. 2. വണിക്കുകളിൽ വസൂലാക്കപ്പെടുന്ന ചുങ്കം. 3. കുലത്തലവൻമാരിൽ നിന്നും ചിറ്ററചൻമാരിൽ നിന്നും ലഭിക്കുന്ന തിറ അല്ലെങ്കിൽ തിരുമുതൽക്കാഴ്ച. ഉഴവർ കൃഷിചെയ്തുണ്ടാക്കുന്ന ധാന്യങ്ങളുടെ ഒരു ഭാഗം മിക്കപ്പോഴും - ആറിലൊരു ഭാഗം രാജാവിന് കൊടുക്കണമെന്നായിരുന്നു വ്യവസ്ഥ. സന്തോഷത്തോടുകൂടി രാജാവിന്റെ അടുത്തുപോയി നികുതിയടയ്ക്കാൻ ജനങ്ങൾക്ക് തോന്നത്തക്ക ഒരു സാഹചര്യം സൃഷ്ടിക്കണമെന്നും നിർബന്ധിച്ച് കൂടുതൽ നികുതി വസൂലാക്കിയാൽ അത് ജനങ്ങൾക്കും രാജാവിനും ഒരുപോലെ ദ്രോഹകരമായിത്തീരുമെന്നും സംഘംകൃതികളിലെ ഒരു കവി ഉപദേശിക്കുന്നു.

വണികർ കൂട്ടംകൂട്ടമായിട്ടാണ് കച്ചവടത്തിന് പോയിരുന്നത്. പോകുന്നവഴികളിൽ ചുങ്കച്ചാവടികളുണ്ടായിരുന്നു. കൈമാറ്റത്തിനു കൊണ്ടുപോകുന്ന ചരക്കുകളുടെ അളവനുസരിച്ചാണ് ചുങ്കം ചുമത്തപ്പെട്ടത്.[9]

9. ലെ.പ.കരു രാമനാഥൻ ചെട്ടിയാർ: ചങ്കകാല തമിഴർ വാഴ്വ്. പേ.50

കുലത്തലവൻമാരും ചിറ്ററചൻമാരും മൂവരചർക്കു നൽകിയിരുന്ന തിറകൾ പണത്തിന്റെ രൂപത്തിലായിരുന്നില്ല. പലപ്പോഴും അത് സാധനങ്ങളോ മറ്റു പ്രകൃതിവിഭവങ്ങളോ ആയിരിക്കും. ചേരൻ ചെങ്കുട്ടുവൻ ഒരിയ്ക്കൽ പർവ്വതപ്രദേശത്തുപോയപ്പോൾ കുറവൻമാർ അദ്ദേഹത്തിന് ആനക്കൊമ്പും തേൻകുടങ്ങളും മറ്റും കാണിക്കവെച്ചതായി ചിലപ്പതികാരത്തിൽ പ്രസ്താവിക്കുന്നുണ്ട്.

ഈ മൂന്നുവരവിനങ്ങൾക്കു പുറമേ യുദ്ധംചെയ്തു കീഴടക്കിയ രാജ്യങ്ങളിൽ നിന്ന് കൊള്ളയടിച്ചുകൊണ്ടുവരുന്ന സ്വത്തുക്കളുമുണ്ടായിരുന്നു. ഇങ്ങനെ വിഭിന്നമാർഗങ്ങളിലൂടെ വന്നുചേർന്ന സ്വത്തുക്കളായിരുന്നു രാജവാഴ്ചയുടെ അന്തസ്സിന്റെയും പ്രതാപത്തിന്റെയും അടിസ്ഥാനം.

എന്നാൽ, രാജാക്കൻമാർ സുഖഭോഗങ്ങളിലും യുദ്ധങ്ങളിലും മാത്രമേ എല്ലായ്പ്പോഴും ശ്രദ്ധിച്ചിരുന്നുള്ളു എന്നു ധരിക്കരുത്. അവരുടെ സ്വന്തം നിലനിൽപ്പിനുതന്നെ രാജ്യത്തിന്റെ സ്വത്തുക്കൾ വർദ്ധിക്കേണ്ടതാവശ്യമായിരുന്നു. ഉൽപ്പാദനശക്തികൾ വളരുകയും വാണിജ്യബന്ധങ്ങൾ കൂടുതൽ വികസിക്കുകയും ചെയ്തപ്പോൾ തുറമുഖങ്ങൾ നിർമ്മിക്കുക, ജലസേചനപദ്ധതികളും അണക്കെട്ടുകളും റോഡുകളും പണിയുക മുതലായ പ്രവർത്തനങ്ങൾ ആവശ്യമായിത്തീർന്നു. ഇത്തരം പ്രവർത്തനങ്ങളെപ്പറ്റി പല പ്രസ്താവനകളും സംഘംകൃതികളിൽ കാണാം. ഉദാഹരണത്തിന് 'കാടുകൊന്റു നാടാക്കി കുളംതൊട്ടു വളം പെരുക്കി'യ[10] കരികാലനെ പട്ടിനപ്പാലൈയിലെ ഒരു പാട്ടിൽ സ്തുതിക്കുന്നത് നോക്കുക. രാജാവിന് ജനങ്ങളുടെയിടയിലുള്ള സ്വാധീനശക്തി വർദ്ധിപ്പിക്കാൻ ഇതെല്ലാം സഹായകരമായിത്തീർന്നു. രാജാവ് ജനങ്ങളെ ആശ്രയിച്ചല്ല, ജനങ്ങൾ രാജാവിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത് എന്ന ബോധം പരന്നുപിടിച്ചു. അരചനില്ലാത്ത നാട് ഉയിരില്ലാത്ത ശരീരംപോലെയാണെന്ന് പുറനാനൂറിലെ ഒരു കവി പാടുകയുണ്ടായി.

'നെല്ലും ഉയിരിൻറേ; നീരും ഉയിരിൻറേ
മന്നൻ ഉയിർത്തേ മലർ തുലൈയുലകം.'[11]

സാരം: (നെല്ലല്ല ജനങ്ങളുടെ ജീവൻ നിലനിർത്തുന്നത്,
വെള്ളവുമല്ല. രാജാവാണ് അവരുടെ ജീവൻ.)

9. പട്ടിനപ്പാലൈ, 283 – 284.

11. പുറനാനൂറ്. 186

# അധ്യായം ഏഴ്

## മൂവരചരും ചിററരചരും

തൊൽകാപ്പിയത്തിന് പനമ്പാരനാർ എഴുതിയ മുഖവുരയിൽ 'വട വെങ്കടം തെൻകുമരി ആയിടൈത്തമിഴ് കൂറുനല്ലുലക'മെന്നു പറയുന്നു. വടക്ക് വേങ്കടം അല്ലെങ്കിൽ തിരുപ്പതി മുതൽ തെക്ക് കന്യാകുമാരി വരെ രണ്ടു കടലിനുമിടയ്ക്ക് തമിഴകം എന്ന ഒരു രാജ്യമുണ്ടായിരുന്നുവെന്നും ആ രാജ്യം ചേരമണ്ഡലം, ചോഴമണ്ഡലം, പാണ്ഡിമണ്ഡലം എന്ന് മൂന്നു മണ്ഡലങ്ങളായി വിഭജിക്കപ്പെട്ടിരുന്നു എന്നും മൂന്നു മണ്ഡലങ്ങളിലും കൂടി പാണ്ഡിനാട്, കുട്ടനാട്, കുടനാട്, കർക്കാനാട്, വേണാട്, ചൂഴിനാട്, തെൻവന്റിനാട്, അരുവാനാട്, വടക്കെ അരുവാനാട്, ശീതനാട്, മലനാട്, പുനനാട് എന്നിങ്ങനെ പന്ത്രണ്ട് നാടുകളടങ്ങിയിരിക്കുന്നുവെന്നുമാണ് കരുതപ്പെടുന്നത്. എന്നാൽ, പ്രാചീന സംഘംകൃതികൾ ഏകീകൃതമായ ഇത്തരമൊരു ഭരണവ്യവസ്ഥയുടെ ചിത്രമല്ല നൽകുന്നത്. വെങ്കടം മുതൽ കന്യാകുമാരി വരെയുള്ള പ്രദേശങ്ങൾ മുഴുവനും തമിഴകം എന്ന ഒരൊറ്റ രാജ്യമായിരുന്നുവെന്നതു കവിയുടെ ഭാവനമാത്രമാണ്. തെക്കെ ഇന്ത്യ മുഴുവൻ തമിഴകം എന്ന ഒരേകീകൃത രാജ്യത്തിന്റെ കീഴിലായിരുന്നില്ല. അശോകന്റെ കാലത്തിനുമുമ്പുതന്നെ ചേരം, ചോഴം, പാണ്ടി എന്നീ മൂന്നു സ്വതന്ത്രരാജ്യങ്ങൾ ഉയർന്നുവന്നുകഴിഞ്ഞിരുന്നുവെങ്കിലും വെങ്കിടം മുതൽ കുമാരിവരെയുള്ള ഭൂപ്രദേശങ്ങളെല്ലാം അവരുടെ നിയന്ത്രണത്തിലായിരുന്നില്ല. ചേര ചോഴ പാണ്ഡ്യൻമാർ രാജകീയപദവിയിലേക്കുയർന്ന ശേഷവും പ്രാകൃതകമ്യൂണിസത്തിന്റെ പരിധിയ്ക്കുള്ളിൽ ജീവിച്ചിരുന്ന ഒട്ടനവധി കുലങ്ങളും ഗോത്രങ്ങളുമുണ്ടായിരുന്നു. സാമൂഹ്യവളർച്ചയുടെ വിവിധഘട്ടങ്ങളെ പ്രതിനിധീകരിക്കുന്ന കുലത്തലവൻമാർ താന്താങ്ങളുടെ ശക്തിയും പദവിയുമുറപ്പിക്കാൻവേണ്ടി പടവെ

ട്ടിക്കൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. കുറുനിലമന്നൻമാർ എന്ന പേരിലറിയപ്പെട്ടിരുന്ന ചില കുലത്തലവൻമാർ രാജകീയ ഭരണത്തിന്റെ വക്കത്തെത്തിക്കഴിഞ്ഞിരുന്നു. കിരീടം ധരിക്കാത്ത രാജാക്കൻമാർ എന്നാണവർ വിളിക്കപ്പെട്ടുപോന്നത്. സ്വന്തം കുലങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ചുകൊണ്ട് ജീവിക്കാൻ അവർക്ക് സാധിച്ചിരുന്നില്ല. ചിലപ്പോളവർ മൂവരചരിലാരുടെയെങ്കിലും ഭാഗത്തുനിന്ന് മറ്റുള്ളവർക്കെതിരായി യുദ്ധം ചെയ്യും. അവരെ പാട്ടിലാക്കാനും സ്വന്തം സ്വാധീനശക്തിയിൽ നിലനിർത്താനും യുദ്ധങ്ങളിൽ അവരുടെ സഹായം തേടാനും മൂവരചരിലോരോരുത്തരും ശ്രമിച്ചിരുന്നു. ചിലപ്പോൾ ഈ അപരിഷ്കൃതകുലങ്ങൾ തങ്ങളുടെ തലവൻമാരുടെ നേതൃത്വത്തിൽ മൂവരചരുടെ രാജ്യാതിർത്തിക്കുള്ളിൽ കടന്നുചെന്ന് കന്നുകാലികളെയും മറ്റും തട്ടിക്കൊണ്ടുപോകും. ഇത്തരം ആക്രമണങ്ങളിൽ നിന്ന് തങ്ങളുടെ രാജ്യാതിർത്തികളേയും സ്വത്തുക്കളെയും കാത്തുരക്ഷിക്കാൻ മൂവരചർക്കു വളരെ വിഷമിക്കേണ്ടി വന്നിട്ടുണ്ട്.

## സംഘം കൃതികളിലെ ഭൂമിശാസ്ത്രം

സംഘംകൃതികളുടെ കാലത്ത് വടക്ക് വേങ്കടമലയ്ക്കും തെക്ക് കന്യാകുമാരിയ്ക്കുമിടയിൽ തൊണ്ടൈനാട്, ചോഴനാട്, പാണ്ടിനാട്, കൊങ്ങുനാട്, ചേരനാട് എന്നീ രാജ്യങ്ങളാണ് പ്രബലങ്ങളായിത്തീർന്നത്. ഇവയിൽത്തന്നെ ഏറ്റവും പരിഷ്ക്കരിച്ച രാജ്യങ്ങൾ ചേര-ചോഴ-പാണ്ടി രാജ്യങ്ങളായിരുന്നു. അവയുടെ ഭരണാധികാരികൾ മൂവരചരെന്ന പേരിലാണറിയപ്പെട്ടിരുന്നത്.

വടക്കു വേങ്കടംമുതൽ തെക്ക് പെണ്ണയാർ വരെയുള്ള പ്രദേശങ്ങളാണ് പൊതുവിൽ തൊണ്ടൈനാട് എന്ന പേരിലറിയപ്പെട്ടിരുന്നത്. വേങ്കടം മലയും 'ചെന്തമിഴ് ചേർന്ന പന്നിരുനിലങ്ങ'ളിൽപ്പെട്ടു അരുവാനാട്, അരുവാ വടതലനാട് എന്നിവയും അതിലുൾപ്പെട്ടിരുന്നു. ഇന്നത്തെ നെല്ലൂർ ജില്ലയുടെ തെക്കുഭാഗവും ചിറ്റൂർ, വടക്കെ ആർക്കാട്, ചിങ്കൽപ്പെട്ട എന്നീ ജില്ലകളും തെന്നാർക്കാടു ജില്ലയുടെ വടക്കുഭാഗവും സംഘകാലത്ത് തൊണ്ടൈ മണ്ഡലത്തിലായിരുന്നു. തിരൈയൻ എന്നും തൊണ്ടൈയൻ എന്നും വിളിക്കപ്പെട്ടുപോന്ന കുറുനിലമന്നന്മാരാണ് ഈ വിസ്തൃതമായ പ്രദേശങ്ങളിൽ ആധിപത്യം നടത്തിയിരുന്നത്. കാഞ്ചിയായിരുന്നു തൊണ്ടൈനാട്ടിലെ ഏറ്റവും പ്രധാനമായ പട്ടണം.

തൊണ്ടൈമണ്ഡലത്തിനു തെക്ക് ഏതാണ്ട് പെണ്ണയാർ മുതൽ വൈഗാനദി വരെ വ്യാപിച്ചുകിടന്നിരുന്ന പ്രദേശങ്ങൾക്കാണ് ചോഴമണ്ഡലം എന്നു പറഞ്ഞിരുന്നത്. ഇന്നത്തെ തഞ്ചാവൂർ - തിരുച്ചിറപ്പള്ളി

ജില്ലകളും തെന്നാർക്കാടു ജില്ലയുടെ തെക്കുഭാഗവും അതിലുൾപ്പെട്ടിരുന്നു. കാവേരിനദിയാലും അതിന്റെ ഉപനദികളാലും അനുഗ്രഹിക്കപ്പെട്ട, ഫലപുഷ്ടിയുള്ള വയലുകളും തോട്ടങ്ങളും നിറഞ്ഞുകിടന്നിരുന്ന ഈ രാജ്യം ചോഴൻമാരുടെ കീഴിലായിരുന്നു. സംഘകാലത്ത് കരികാലനായിരുന്നു ഏറ്റവും പ്രശസ്തിയാർജ്ജിച്ച രാജാവ്. ഉറൈയൂരായിരുന്നു തലസ്ഥാനം. പിന്നീട് പുകാർ അഥവാ കാവേരിപ്പൂംപട്ടണം ചോഴനാടിന്റെ തലസ്ഥാനവും പ്രധാന തുറമുഖമായിത്തീർന്നു.

ചോഴനാടിന്റെ തെക്കുഭാഗത്ത് ഇന്നത്തെ മധുര - രാമനാഥപുരം തിരുനെൽവേലി ജില്ലകളും തിരുവനന്തപുരം ജില്ലയുടെ തെക്കുഭാഗത്തുള്ള നഞ്ചിൽനാടും അടങ്ങിയ പ്രദേശമായിരുന്നു സംഘകാലത്തെ പാണ്ടിനാട്. ഈ പ്രദേശത്തെ ഏറ്റവും മുഖ്യമായ നദികൾ വൈഗയും താമ്രപർണ്ണിയുമായിരുന്നു. തലസ്ഥാനം മധുരയും പ്രധാന തുറമുഖം കൊർകൈയുമായിരുന്നു.

പാണ്ടിനാടിൻ വടക്ക്, അറബിക്കടലിനും സഹ്യാദ്രിയ്ക്കുമിടയിൽ കൂട്ടം, കുടം, കർക്കാ, പൂഴിഎന്നീ നാടുകളടങ്ങിയ പ്രദേശമായിരുന്നു ചോരമണ്ഡലം. ഏറെക്കുറെ ഇന്നത്തെ കേരളമായിരുന്നു അന്നത്തെ ചോരമണ്ഡലമെന്ന് പറയാം. ചേരൻ ചെങ്കുട്ടുവന്റെ കാലത്താണ് ചേരമണ്ഡലം ഏറ്റവും അഭിവൃദ്ധിപ്പെട്ടത്. മൈസൂരിന്റെ തെക്കുഭാഗങ്ങളും ഇന്നത്തെ കോയമ്പത്തൂർ, സേലം, നീലഗിരി എന്നീ ജില്ലകളുമുൾപ്പെട്ട വിപുലമായ പ്രദേശങ്ങൾ അക്കാലത്ത് കേരളത്തിന്റെ ഭാഗങ്ങളായിരുന്നു. വടക്ക് പഴനിയും തെക്ക് തെങ്കാശിയും പടിഞ്ഞാറ് കടലുമായിരുന്നു അതിർത്തികളെന്ന് ചില സംഘം പാട്ടുകളിൽ നിന്നനുമാനിക്കാം. പെരിയാറിന്റെ കരയ്ക്കുള്ള വഞ്ചി അല്ലെങ്കിൽ തിരുവഞ്ചിക്കുളം ആയിരുന്നു ചേരമണ്ഡലത്തിന്റെ തലസ്ഥാനം. തൊണ്ടി, മുസിരി എന്നിവയായിരുന്നു പ്രധാന തുറമുഖങ്ങൾ.

ചേരമണ്ഡലത്തിന്റെ അതിർത്തികൾ എല്ലാക്കാലത്തും ഒരുപോലെയായിരുന്നില്ല. ചിലപ്പോൾ പുതിയ നാടുകൾ കൂട്ടിച്ചേർക്കപ്പെടും. മറ്റുചിലപ്പോൾ കീഴടക്കപ്പെട്ട ചില നാടുകൾ വിട്ടുപോകും. അത്തരമൊരു നാടായിരുന്നു കൊങ്ങുനാട്. ഇന്നത്തെ കോയമ്പത്തൂർ ജില്ലയും സേലം ജില്ലയിലെ തെക്കൻഭാഗങ്ങളും അതിലുൾപ്പെട്ടിരുന്നു. ചേരനാടിന്റെ കിഴക്കെ അതിർത്തിയിലും ചോഴനാടിന്റെ പടിഞ്ഞാറെ അതിർത്തിയിലും പാണ്ഡിനാടിന്റെ വടക്കുപടിഞ്ഞാറെ അതിർത്തിയിലും കിടന്നിരുന്ന ഒരു മർമ്മസ്ഥാനമായിരുന്നു അത്. അതുകൊണ്ട്, ആ പ്രദേശത്തെ സ്വന്തം അധീനത്തിലാക്കാൻ മൂവരചരിലോരോരുത്തനും പാടുപെട്ടുകൊണ്ടിരുന്നു. കൊങ്ങുനാടിന്റെ പേരിൽ പല യുദ്ധങ്ങളും നടന്നു. പൽയാ

നൈചെൽകെഴുകുട്ടുവൻ എന്ന ചേരരാജാവ് ആ നാടു യുദ്ധം ചെയ്ത് കീഴടക്കി ചേരനാട്ടിനോട് കൂട്ടിച്ചേർത്തു. അന്നുമുതൽക്കാണ് കൊങ്ങുനാട് ചേരനാടിന്റെ ഒരു ഭാഗമായി കരുതപ്പെടാൻ തുടങ്ങിയത്. ചേരരാജാവ് 'കൊങ്കർകോ' എന്നു കൂടി വിളിക്കപ്പെടാൻ തുടങ്ങിയതും അതു മുതൽക്കാണ്.

ചന്ദ്രഗിരിപ്പുഴയ്ക്കു വടക്ക് മംഗലാപുരത്തിനു ചുറ്റുമായി തുളുനാട് എന്ന് വിളിക്കപ്പെടുന്ന പ്രദേശത്ത് കോശരാണ് ജീവിച്ചിരുന്നത്. കോശരുടെ സ്വാധീനം കൊങ്ങുനാട്ടിലും വ്യാപിച്ചിരുന്നുവെന്ന് ചില സംഘം പാട്ടുകളിൽനിന്നു മനസ്സിലാക്കാം. അവർ തുളുനാട്ടിൽ നിന്ന് കിഴക്കോട്ടു നീങ്ങി കൊങ്ങരെ കീഴടക്കാൻ ശ്രമിച്ചതായി കരുതാം.

വടക്കെ മലബാറിലെ ഏഴിമലയ്ക്ക് ചുറ്റുമുള്ള പൂഴനാട് കേരളത്തിന്റെ ഒരു ഭാഗമായിട്ടാണ് വർണ്ണിക്കപ്പെടാറുള്ളത്. എന്നാൽ, ആദ്യകാലത്ത് അത് പൂഴിയർ എന്ന ഗോത്രക്കാരുടെ ഒരു സ്വതന്ത്രരാജ്യമായിരുന്നു. കൊങ്ങരെ എന്നപോലെതന്നെ പൂഴിയരേയും ചേരമന്നൻമാർ കീഴടക്കുകയാണുണ്ടായത്. കുറേക്കാലത്തോളം ഏഴിമലയ്ക്ക് ചുറ്റുമായി കൊൺകാനവും പൂഴിനാടുമടങ്ങിയ പ്രദേശങ്ങൾ നന്നൻ എന്ന കുലത്തലവന്റെ കീഴിലായിരുന്നു. നന്നനും ചേരരാജാക്കൻമാരും തമ്മിലുണ്ടായ യുദ്ധത്തിൽ നന്നൻ മൃതിയടഞ്ഞു. നന്നന്റെ മരണത്തിനു ശേഷം പൂഴിനാട് ചേരരാജാക്കൻമാർക്കധീനമായി. അന്നുമുതൽക്കാണ് ചേരരാജാക്കൻമാർ 'പൂഴിയൻകോവേ!' എന്നും മറ്റും അഭിസംബോധന ചെയ്യപ്പെടാൻ തുടങ്ങിയത്.

ചേരരാജ്യത്തിന്റെ പരിസരങ്ങളിൽ ഇന്നത്തെ കോയമ്പത്തൂർ, സേലം, നീലഗിരി എന്നീ ജില്ലകളിലും അവയുടെ അതിർത്തി പ്രദേശങ്ങളിലുമായി ഒട്ടനവധി മലകളുണ്ട്. കുതിരമല, കൊല്ലിമല, പറമ്പുമല മുതലായ മലകൾ സംഘകാലത്ത് പ്രസിദ്ധങ്ങളായിരുന്നു. ഈ മലകളെ, കേന്ദ്രങ്ങളാക്കിക്കൊണ്ട് വീരപരാക്രമികളായ ചില കുറുനിലമന്നൻമാർ തങ്ങളുടെ ശക്തിയും പ്രതാപവും വർദ്ധിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. കുതിരമലയ്ക്കു ചുറ്റുമുള്ള പ്രദേശങ്ങൾ എഴിനിയുടെ കീഴിലായിരുന്നു. പറമ്പുമലയ്ക്കു ചുറ്റുമുള്ള പ്രദേശങ്ങളുടെ അധിപൻ പാരിയും, കൊല്ലിമലയ്ക്കു ചുറ്റുമുള്ള പ്രദേശങ്ങളുടെ അധിപൻ ഓരിയുമായിരുന്നു. പറമ്പുനാട്ടിനു കിഴക്കായിരുന്നു തകിടൂർ. ഇന്നത്തെ സേലം ജില്ലയിലെ ധർമ്മപുരിയ്ക്കാണ് പണ്ട് തകടൂർ എന്നു പറഞ്ഞിരുന്നത്. തകടൂർ കേന്ദ്രമാക്കിക്കൊണ്ട് സേലം ജില്ലയുടെ വടക്കൻ പ്രദേശങ്ങൾ വാണിരുന്നത് അതിയർ എന്ന കുറുനിലമന്നൻമാരായിരുന്നു. അതിയമാൻ, നെടുമാനഞ്ചി അല്ലെങ്കിൽ അഞ്ചി അവരിലൊരു പ്രധാനിയായിരുന്നു.

അഞ്ചിയും എഴിനിയും ഒരാളായിരുന്നുവെന്ന് ചില ചരിത്രകാരൻമാർ അഭിപ്രായപ്പെടുന്നു. ഇന്നത്തെ നീലഗിരി പ്രദേശങ്ങളായിരുന്നു അന്നത്തെ മലാട് അല്ലെങ്കിൽ മലയമാനാട്. മലയമാനായിരുന്നു മലാടിന്റെ അധിപതി. ഈ കുറുനിലമന്നൻമാരെല്ലാം ഏറെക്കുറെ സ്വതന്ത്രൻമാരായിരുന്നു. പക്ഷേ, ചേരൻമാരുടെ സ്വാധീനത്തിൽ നിന്ന് ഏറെക്കാലം ഒഴിഞ്ഞുമാറിനിൽക്കാൻ അവർക്ക് സാധിച്ചില്ല. പലരും ചേരൻമാരുടെ അധീശത്വം സ്വീകരിക്കാൻ നിർബന്ധരായി. മലാട് ചോഴരാജ്യത്തിന്റെ അധീശത്വമാണ് സ്വീകരിച്ചത്.

വേണാട് ആദ്യകാലത്ത് ചേരമണ്ഡലത്തിന്റെ ഭാഗമായിരുന്നില്ല. വടക്ക് ചേരൻമാരുടെ കുട്ടനാട്ടിനും തെക്ക് പാണ്ടിയൻമാരുടെ തെൻപാണ്ടിനാടിനും ഇടയിൽക്കിടന്നിരുന്ന ആ പ്രദേശത്തിന്റെ അധിപൻ ഒരു വേളിർ ആയിരുന്നു. ഏതാണ്ട് ഇന്നത്തെ കൊല്ലത്തിന്റെ വടക്കുള്ള പ്രദേശമായിരുന്നു കുട്ടനാട്. കുറേക്കാലത്തിനുശേഷം ചേരൻമാർ കുട്ടനാട്ടിന്റെ അതിർത്തികടന്ന് വേണാടും കൈവശപ്പെടുത്തി.

വേണാടിനു തെക്ക് നാഞ്ചിൽനാടിന്റെ വടക്കുഭാഗത്തായി സ്ഥിതി ചെയ്തിരുന്ന പൊതിയമലയും അതിന്റെ ചുറ്റുമുള്ള പ്രദേശങ്ങളും ആയ്മന്നൻമാരുടെ കീഴിലായിരുന്നു. ആയ്ക്കുടി എന്ന സ്ഥലമായിരുന്നു അവരുടെ കേന്ദ്രം. ആയ്നാടും ആയ്ക്കുടിയും ഒന്നുതന്നെയായിരുന്നു എന്ന് ചില ചരിത്രകാരൻമാർ പറയുന്നു. ടോളമി തന്റെ സുപ്രസിദ്ധ ഗ്രന്ഥത്തിൽ ആയ്നാടിനെപ്പറ്റിയും ആ നാട്ടിലെ അഞ്ച് തുറമുഖങ്ങളെപ്പറ്റിയും വിസ്തരിച്ചു പ്രതിപാദിച്ചിട്ടുണ്ട്. ആയ് ആണ്ടിരൻ എന്ന കുറുനിലമന്നനായിരുന്നു ആയ്നാട്ടിലെ പ്രധാനി.

ഇന്നത്തെ നാഗർകോവിലിനും കന്യാകുമാരിക്കുമിടയിൽ നാഞ്ചിൽമലയ്ക്കു ചുറ്റുമുള്ള പ്രദേശങ്ങൾ നാഞ്ചിൻനാടായിരുന്നു. നാഞ്ചിൽവള്ളുവൻ അല്ലെങ്കിൽ നാഞ്ചിൽ പൊരുതൻ എന്ന കുറുനിലമന്നനാണ് അവിടെ വാണിരുന്നത്. പാണ്ടിരാജാക്കൻമാരും ചേരരാജാക്കൻമാരും തങ്ങളുടെ അതിർത്തിപ്രദേശക്കാരായ ഈ കുറുനിലമന്നൻമാരെ പാട്ടിലാക്കാനും കീഴടക്കാനും ശ്രമിച്ചതിന്റെ വിവരണങ്ങൾ സംഘംകൃതികളിൽ കാണാം.

ചേരരാജ്യത്തിന്റെയെന്നപോലെ ചോഴ-പാണ്ടി രാജ്യങ്ങളുടെ പരിസരങ്ങളിലും ഒട്ടനവധി കുറുനിലമന്നൻമാരുണ്ടായിരുന്നു. വടക്കേ അറ്റത്തുള്ള വേങ്ങടമലയും ചുറ്റുപാടും പുല്ലി എന്ന കൾവർകുലത്തലവന്റെ കീഴിലായിരുന്നു. വേങ്കടമലയ്ക്കു പുറത്തുള്ളവരെ വടുകർ എന്നാണ് വിളിച്ചിരുന്നത്. ഇന്നത്തെ തിണ്ടിവനവും ചുറ്റുപാടുമടങ്ങിയ ഓയ്മാനാട് നല്ലിയക്കോടന്റെ കീഴിലായിരുന്നു. തെന്നാർക്കാടു ജില്ലയിൽ പെണ്ണെ

യാറിന്നടുത്ത് തിരുക്കോവലൂരിന് ചുറ്റുമായിരുന്നു മലാട് അല്ലെങ്കിൽ മലൈയനാട്. ആ നാട്ടിലെ മള്ളൂർമലയെ കേന്ദ്രമാക്കിക്കൊണ്ട് മലൈയർ അല്ലെങ്കിൽ മലൈമാൻമാർ തങ്ങളുടെ ശക്തി വർദ്ധിപ്പിക്കാൻ ശ്രമിച്ചിരുന്നു. തിരുമുടിക്കാരിയായിരുന്നു അവരിൽ പ്രധാനി. കാവേരിക്കടുത്തുള്ള പോരൂരിൽ പഴൈയൻ എന്ന കുറുനിലമന്നനുണ്ടായിരുന്നു. പാണ്ടിനാട്ടിൽ പഴനിമലയുടെ ഭാഗമായ പൊതിനിമലയിൽ പോകാനാണ് ഭരണം നടത്തിയിരുന്നത്. ചോഴനാടിന്റെ തലസ്ഥാനമായ ഉറൈയൂരിന്റെ പടിഞ്ഞാറുഭാഗത്ത് കൊങ്ങുനാടിനടുത്തായിരുന്നു മഴനാട്. മഴവർ എന്ന ഗോത്രക്കാരാണിവിടെ ഭരണം നടത്തിയിരുന്നത്. ഇതുപോലെ അവിടേയും ഇവിടേയുമായി വേറെയും അനേകം കുറുനിലമന്നൻമാരുമുണ്ടായിരുന്നു. സാമൂഹ്യവളർച്ചയുടെ വ്യത്യസ്തഘട്ടങ്ങളിലാണവർ ജീവിച്ചിരുന്നത്. ചില ഗോത്രങ്ങൾ വേടവൃത്തിയെ അതിജീവിച്ചു കഴിഞ്ഞിരുന്നില്ല. അപൂർവ്വം ചില ഗോത്രങ്ങൾ മാത്രമാണ് കൃഷിചെയ്യാൻ തുടങ്ങിയിരുന്നത്. വില്ലും അമ്പുമെടുത്ത് കൂട്ടം കൂട്ടമായി മറ്റു നാടുകളിൽ ബലാൽക്കാരമായി പ്രവേശിച്ച് ആടുമാടുകളെ പിടിച്ചുകൊണ്ടുവരലായിരുന്നു ചില കുറുനിലമന്നൻമാരുടെ മുഖ്യമായ ജോലി. ചിലപ്പോൾ അവർ പരസ്പരം യുദ്ധം ചെയ്യും. മറ്റു ചിലപ്പോൾ മൂവരചരുടെ രാജ്യങ്ങളെ ആക്രമിക്കും.

## യുദ്ധങ്ങളും വെട്ടിപ്പിടുത്തങ്ങളും

കുറുനിലമന്നൻമാർ തമ്മിൽതമ്മിലും കുറുനില മന്നൻമാരും മൂവരചരും തമ്മിലുമുണ്ടായ നിരവധി യുദ്ധങ്ങളെപ്പറ്റി സംഘംകൃതികൾ പ്രസ്താവിക്കുന്നുണ്ട്. ചേര-ചോഴ പാണ്ടിരാജ്യങ്ങളുടെ അതിർത്തികളിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളാണ് പലപ്പോഴും യുദ്ധരംഗങ്ങളായിത്തീർന്നത്. മൂവരചരിലോരോരുത്തനും തന്റെ സ്വന്തം ആധിപത്യം വികസിപ്പിക്കാൻ ശ്രമിച്ചതിന്റെ ഫലമായിരുന്നു അത്. ഉദാഹരണത്തിന്, മലാട് എന്ന രാജ്യത്തിന്റെ ചരിത്രം പരിശോധിക്കാം. മലാടിന്റെ കിഴക്കുഭാഗത്ത് ചോഴനാടും പടിഞ്ഞാറുഭാഗത്ത് ചേരനാടുമായിരുന്നു. അതിനാൽ, മലാടിന്റെ ഭരണാധികാരിയായ മലയമാന്റെ നിലപാട് ചേരചോഴ യുദ്ധങ്ങളിൽ ഒരു പ്രധാനഘടകമായിത്തീർന്നു. മലയൻമാർ ചിലപ്പോൾ ചേരൻമാരേയും മറ്റു ചിലപ്പോൾ ചോഴൻമാരെയുമാണ് സഹായിച്ചിരുന്നത്. ഒരിക്കൽ മലയമന്നരിൽവച്ച് പ്രശസ്തനായ തിരുമുടിക്കാരിയും തകടൂരിലെ അതിയമാനും തമ്മിൽ നടന്ന ഒരു യുദ്ധത്തിൽ അതിയമാൻ ജയിച്ചു. അതിയമാനോട് ഏതുവിധമെങ്കിലും പകവീട്ടണമെന്ന് തീരുമാനിച്ച മതി

യമന്നൻ ചേരരാജാവിന്റെ സഹായംതേടി. ചേരമന്നന്റെ തൃപ്തി നേടാൻ വേണ്ടി മലയൻ കൊല്ലിമലയിലെ ഓരിയ്ക്കെതിരായി യുദ്ധത്തിനുപോയി. ഓരി ചേരന്റെ ശത്രുവായിരുന്നു. കൊല്ലിമലയെ തന്റെ രാജ്യത്തിലുൾപ്പെടുത്താനുള്ള മാർഗങ്ങളാരാഞ്ഞുകൊണ്ടിരുന്ന ചേരൻ മലയനെ പ്രോത്സാഹിപ്പിച്ചു. യുദ്ധത്തിൽ കാരി ഓരിയെ കൊല്ലുകയും കൊല്ലിമല ചേരന്നേൽപ്പിച്ചുകൊടുക്കുകയും ചെയ്തു. അതിനെതുടർന്നു ചേരൻ തകടൂരിൽപോയി അതിയനേയും തോൽപ്പിച്ചു. സന്തുഷ്ടനായ കാരി തിരുമുടികാരി (കിരീടംധരിച്ച കാരി) എന്ന പേരിൽ ഒരു സ്വതന്ത്രരാജാവായി വാഴാൻ തുടങ്ങി. കപിലർ തുടങ്ങിയ കവികൾ കാരിയെപ്പറ്റി സ്തുതിഗീതങ്ങളെഴുതി. പക്ഷേ, അപ്പോഴേയ്ക്കും ചോഴരാജാവ് മലനാടിനെ ആക്രമിക്കുകയും കാരിയെ കൊന്നുകളയുകയും ചെയ്തു.

അമ്പുംവില്ലുമെടുത്ത് ചോഴരാജ്യത്തെ ഇടയ്ക്കിടയ്ക്ക് ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്ന മറവർ, ഒലിയർ തുടങ്ങിയ ഗോത്രങ്ങളെപ്പറ്റിയും കൊറൈ എന്ന അമ്മദൈവത്തെ പോത്തിറച്ചികൊടുത്തു തൃപ്തിപ്പെടുത്തിയതിനുശേഷം കൂട്ടംകൂട്ടമായി കന്നുകാലികളെ കൊള്ളയടിക്കാൻ പോയിരുന്ന എയിനലനെപ്പറ്റിയുള്ള പ്രസ്താവങ്ങൾ സംഘംകൃതികളിൽ കാണാം. കരികാലചോഴനു ചെറുപ്പമായിരുന്നപ്പോൾ കാഞ്ചിയിലെ തിരയൽ ചോഴരാജ്യത്തെ ആക്രമിച്ചു കീഴടക്കുകപോലുമുണ്ടായി. വൽവേർ തിരയൻ, തൊണ്ടമാൻ തിരയൻ എന്നീ പേരുകളിൽ തിരയരാജാവ് കവികളുടെ സ്തുതിഗീതങ്ങൾക്കു പാത്രമായി. പക്ഷേ, പിന്നീട് കരികാലൻ അവരെ അവിടെ യുദ്ധംചെയ്തു തോൽപ്പിക്കുകയും രാജ്യം തിരികെ പിടിക്കുകയും ചെയ്തപ്പോൾ സ്ഥിതിമാറി. ചോഴരാജാവായിത്തീർന്നു കവികളുടെ ആരാധനാകേന്ദ്രം.

ചിറ്ററചൻമാരും മൂവരചൻമാരും തമ്മിൽ മാത്രമല്ല, മൂവരചൻമാർ തമ്മിൽതമ്മിലും യുദ്ധങ്ങളുണ്ടായിക്കൊണ്ടിരുന്നു. വടക്കർക്കെതിരായ യുദ്ധങ്ങളും അപൂർവ്വങ്ങളായിരുന്നില്ല. വേങ്കടത്തിലെ പുല്ലി, അതനുകൻ എന്നീ തലവൻമാർ 'വടുക'രുമായി ഒന്നിലധികം പ്രാവശ്യം ഏറ്റുമുട്ടുകയുണ്ടായി. വടക്കുനിന്നുവന്ന ആക്രമിപ്പടകളുടെ നേതാക്കൻമാർ ശരിയ്ക്കേതുവംശക്കാരായിരുന്നു എന്നു വ്യക്തമല്ല. അവർ മൗര്യൻമാരായിരുന്നുവെന്ന് ചില ചരിത്രകാരൻമാർ ഉറപ്പിച്ചുപറയുന്നുണ്ട്. അശോകചക്രവർത്തിയുടെ മരണത്തിനുശേഷം മൗര്യസാമ്രാജ്യം ക്ഷയിക്കാൻ തുടങ്ങിയപ്പോൾ ചേരചോഴപാണ്ടിയൻമാർ വടക്കോട്ടുകടന്ന് ആക്രമണങ്ങൾ നടത്തിയെന്നു കരുതാൻ ന്യായമുണ്ട്. അവർ ഹിമാലയപർവ്വതം വരെയുള്ള പ്രദേശങ്ങൾ കീഴടക്കിയെന്നും മറ്റുമുള്ള സംഘംപാട്ടുകൾ അതിശയോക്തികളാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, ആര്യൻമാർ

ക്കെതിരായ ചില യുദ്ധങ്ങൾ നടന്നിട്ടുണ്ടെന്നു വിശ്വസിക്കാം. ക്രി.മു. രണ്ടാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന കലിംഗരാജാവായ ഖരവേലൻ ഒരു ശിലാശാസനത്തിൽ തന്റെ രാജ്യത്തിനെതിരായ ചേരചോഴപാണ്ഡ്യൻമാർ നടത്തിയ ഒരാക്രമണത്തെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്.

ഇത്തരത്തിലുള്ള നിരവധി യുദ്ധങ്ങളിലൂടെയാണ് പ്രാചീന ചേര ചോഴ പാണ്ടിരാജാക്കൻമാർ പ്രാബല്യത്തിലേയ്ക്കും പ്രശസ്തിയിലേക്കും ഉയർന്നുവന്നത്. സംഘംകാലത്തെ ഏറ്റവും പ്രബലരും ഏറ്റവും പ്രശസ്തരുമായ രാജാക്കൻമാർ ചോഴനാട്ടിലെ കരികാലനും പാണ്ടിനാട്ടിലെ നെടുഞ്ചെഴിയനും ചേരനാട്ടിലെ ചെങ്കുട്ടുവനുമായിരുന്നു. വെണ്ണിയിലെ യുദ്ധമാണ് കരികാലനെ പ്രശസ്തനാക്കിയത്. ചേരപാണ്ടിരാജാക്കൻമാരും പതിനൊന്നു ചിറ്റരചൻമാരും ഒത്തുചേർന്ന് കരികാലനെ എതിർത്തുവെന്നും എന്നിട്ടും കരികാലചോഴൻ സ്തുത്യർഹമായ വിജയം നേടി എന്നും സംഘംപാട്ടുകൾ പ്രസ്താവിക്കുന്നു. തോൽവിയടഞ്ഞ ഒമ്പതു ചിറ്റരചൻമാർ വീണ്ടും വാകൈ എന്ന സ്ഥലത്തുവച്ച് കരികാലനുമായി ഏറ്റുമുട്ടിയത്രെ. ആ യുദ്ധത്തിലും കരികാലൻതന്നെയാണ് വിജയിച്ചത്. തോൽപ്പിക്കപ്പെട്ടവരിൽ ഒലിയർ, അരുവാളർ, കുടവർ, തെന്നവർ, പൊതുവർ, ഇരുങ്കോവേൾ മുതലായവരുൾപ്പെടുന്നുവെന്ന് പട്ടിനിപ്പാലയിൻ കണ്ണനാർ എന്ന കവി ചൂണ്ടിക്കാണിക്കുന്നു. ഇതുപോലെ ചേരപാണ്ടിരാജാക്കൻമാരുടെ വീരപരാക്രമങ്ങളെപ്പറ്റിയുള്ള പാട്ടുകളും വളരെയുണ്ട്. തലയാലങ്കാനം (ഇന്നത്തെ തഞ്ചാവൂർ ജില്ലയിലെ തലയാനങ്കാട്) എന്ന സ്ഥലത്തുവച്ച് നെടുഞ്ചേഴിയൻ എന്ന പാണ്ടിരാജാവ് ചേരചോഴരാജാക്കൻമാരെയും അവരുടെ ഭാഗത്തു ചേർന്ന 5 ചിറ്റരചൻമാരെയും തോൽപ്പിച്ചുവത്രേ. ചേരരാജാവായ ചെങ്കുട്ടുവനാകട്ടെ, കരയിൽവെച്ചു മാത്രമല്ല കടലിൽവെച്ചും ഒട്ടനവധി രാജാക്കൻമാരെ യുദ്ധംചെയ്തു തോൽപ്പിച്ചുവെന്ന് പുറനാനൂറ്, പതിറ്റുപത്ത്, ചിലപ്പതികാരം മുതലായ കൃതികളിൽ വെളിപ്പെടുത്തുന്നു.

ഈ ചരിത്രകഥയിൽ അതിശയോക്തിയുടെ അംശങ്ങൾ എത്രത്തോളമുണ്ടെന്ന് കൃത്യമായിപ്പറയുക സാധ്യമല്ല. സംഘംകൃതികൾ ചരിത്രഗ്രന്ഥങ്ങളല്ല, സാഹിത്യഗ്രന്ഥങ്ങളാണെന്ന് മുമ്പുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ചരിത്രവസ്തുതകളെ വേർതിരിച്ചെടുക്കാൻ കൂടുതൽ ഗവേഷണങ്ങളാവശ്യമായിരിക്കാം. എങ്കിലും ക്രിസ്ത്വാബ്ദത്തിനു തൊട്ടുമുമ്പുള്ള നൂറ്റാണ്ടുകളിലും ക്രിസ്ത്വാബ്ദം ആദ്യനൂറ്റാണ്ടുകളിലും തെക്കെ ഇന്ത്യയുടെ സ്ഥിതി എന്തായിരുന്നുവെന്ന് ഏറെക്കുറെ മനസ്സിലാക്കാൻ ഈ പ്രാചീനകൃതികൾ ഉപകരിക്കുന്നുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

## സംഘകാലത്തെ പൊതുസ്ഥിതി

സംഘംകൃതികൾ നൽകുന്ന പൊതുചിത്രമെന്താണ്? വടക്ക് വേങ്കടമുതൽ തെക്കു കന്യാകുമാരിവരെ രണ്ടു കടലുകൾക്കുമിടയിലായി പന്ത്രണ്ടുനാടുകളടങ്ങിയ തമിഴകം എന്ന ഒരു രാജ്യമുണ്ടായിരുന്നുവെന്നും അത് ചേരം, ചോഴം, പാണ്ടി എന്നിങ്ങനെ മൂന്നുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്നുവെന്നും ആ രാജ്യങ്ങളുടെ കീഴിൽ കുറെ വൈസ്രോയിമാരും നാടുവാഴികളുമുണ്ടായിരുന്നുവെന്നും ചില ചരിത്രകാരൻമാർ പ്രസ്താവിക്കുന്നു. ഈ വ്യാഖ്യാനം ശരിയല്ലെന്ന് സംഘംകൃതികളെ മൊത്തത്തിലൊന്നു പരിശോധിച്ചാൽ തന്നെ ബോധ്യമാവും. ഉത്തരേന്ത്യയിൽ പരസ്പരം കലഹിച്ചും യുദ്ധംവെട്ടിയും കഴിഞ്ഞുകൂടിയിരുന്ന അനേകം ചെറുരാജ്യങ്ങളടങ്ങിയ ഒരു ഭൂപ്രദേശത്തിന് പണ്ട് ആര്യവർത്തം എന്നു പറഞ്ഞിരുന്നുവല്ലോ. ഏതാണ്ടിതുപോലെയായിരുന്നു തമിഴകത്തിന്റെ സ്ഥിതിയും. അതൊരിക്കലും ഒരേകീകൃതരാജ്യമായിരുന്നില്ല. വേങ്കടത്തിനും കന്യാകുമാരിയ്ക്കുമിടയിൽ പരസ്പരം കലഹിച്ചും യുദ്ധംവെട്ടിയും കഴിഞ്ഞുകൂടിയിരുന്ന നിരവധി രാജ്യങ്ങളാണുണ്ടായിരുന്നത്. അവയിൽ ഏറ്റവുമധികം ശക്തിയാർജ്ജിച്ചവ ചേരം, ചോഴം, പാണ്ടി എന്നീ മൂന്നുരാജ്യങ്ങളായിരുന്നു. പക്ഷേ, അവയോടൊപ്പംതന്നെ കുറുനിലമന്നൻമാരുടെ, അല്ലെങ്കിൽ ചിറ്ററചൻമാരുടെ, നേതൃത്വത്തിലുള്ള സ്വതന്ത്രങ്ങളായ അനേകം ചെറുരാജ്യങ്ങളുമുണ്ടായിരുന്നു. ചിറ്ററചൻമാർ ഒരിക്കലും, പൂർണ്ണമായ അർത്ഥത്തിൽ, മൂവരചൻമാരുടെ ആധിപത്യം അംഗീകരിച്ചിരുന്നില്ല. ഔപചാരികമായ ആധിപത്യം അംഗീകരിച്ചാൽതന്നെ മൂവരചർക്ക് കപ്പവും മറ്റും കൊടുത്ത് തന്താന്നങ്ങളുടെ സ്വാധീനത്തിലുള്ള പ്രദേശങ്ങളിൽ ഏറെക്കുറെ സ്വതന്ത്രൻമാരായി കഴിഞ്ഞുകൂടാനാണ് അവർ ആഗ്രഹിച്ചിരുന്നത്. യുദ്ധത്തിൽ കൊല്ലപ്പെടുകയോ കീഴടങ്ങുകയോ ചെയ്ത ചിറ്ററചൻമാരുടെ രാജ്യങ്ങളെ മൂവരചൻമാർ വെട്ടിപ്പിടിക്കുക പതിവായിരുന്നു എന്നത് ശരിതന്നെ. പക്ഷേ, അങ്ങനെ വെട്ടിപിടിക്കപ്പെട്ട രാജ്യങ്ങൾ പോലും ചേരചോഴപാണ്ടിരാജ്യങ്ങളിൽ ലയിക്കുകയല്ല, വ്യത്യസ്ത പ്രദേശങ്ങളായിത്തന്നെ നിലനിന്നുവരികയാണുണ്ടായത്. വ്യത്യസ്തപ്രദേശങ്ങളിൽ ജീവിച്ചിരുന്ന വ്യത്യസ്തജനവിഭാഗങ്ങൾ തങ്ങളുടെ പ്രത്യേകതകൾ നിലനിർത്തിപ്പോരുകയും ചെയ്തു. ഉദാഹരണത്തിന് ചേരൻമാരുടെ കീഴിലായിരുന്ന കാലത്തും കൊങ്ങൻമാർ കൊങ്ങൻമാർത്തന്നെയായിരുന്നു.

മൂവരചൻമാരും ചിറ്ററചൻമാരും സാമൂഹ്യവളർച്ചയുടെ വ്യത്യസ്ത ഘട്ടങ്ങളെയാണ് പ്രതിനിധാനം ചെയ്തത്. അവർക്കു പുറമെ, അത്ര

തന്നെ പ്രബലൻമാരായിക്കഴിഞ്ഞിട്ടില്ലാത്ത ഒട്ടനവധി ചെറുകിട കുലത്തലവൻമാരുമുണ്ടായിരുന്നു.

ഇങ്ങനെ, കുലത്തലവൻമാരുടെ നേതൃത്വത്തിലുള്ള പ്രാകൃതമായ ഗോത്രഭരണവ്യവസ്ഥയുടെയും ഗോത്രസമുദായത്തിൽനിന്ന് രാജകീയ ഭരണത്തിലേയ്ക്കുള്ള പരിവർത്തനത്തിന്റെയും ഉരുപ്പിടിച്ചു വളരാൻ തുടങ്ങിയ രാജകീയഭരണവ്യവസ്ഥയുടെയും കെട്ടുപിണഞ്ഞ ഒരു കാലഘട്ടത്തെയാണ് പ്രാചീനസംഘംകൃതികൾ പ്രതിഫലിപ്പിക്കുന്നത്.

# അധ്യായം 8

# സംഘംകൃതികളിലെ ചേരരാജാക്കൻമാർ

## ഒന്നാമത്തെ രാജാവ്

എന്നു മുതൽക്കാണ് കേരളത്തിൽ രാജാക്കന്മാരുണ്ടാവാൻ തുടങ്ങിയത്? ആരായിരുന്നു ആദ്യത്തെ രാജാവ്? ആധുനിക ചരിത്രകാരന്മാരിൽ പലരും ഈ ചോദ്യങ്ങൾക്കു മറുപടി പറയാൻ ശ്രമിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ചേരമാൻ പെരുഞ്ചോറ്റു ഉതിയൻ ചേരലാതൻ എന്ന രാജാവാണ് ചേരവംശത്തിന്റെ സ്ഥാപകൻ എന്ന് കെ.ജി.ശേഷയ്യർ അഭിപ്രായപ്പെടുന്നു.[1] 'ഇപ്പോൾ അറിയാൻ കഴിഞ്ഞിടത്തോളം കേരളത്തിലെ ആദ്യത്തെ രാജാവ് ചേരവംശ പ്രതിഷ്ഠാപകനായ ആതനാണ്. അദ്ദേഹത്തെ സംഘകാലത്തെ പല കവികളും സ്മരിച്ചിട്ടുണ്ട്. ചേരലാതൻ, പെരുഞ്ചേരലാതൻ, ഉതിയൻചേരൻ, പെരുഞ്ചോറ്റുതിയൻ എന്നെല്ലാം ഈ രാജാവിനെ നിർദ്ദേശിക്കും.' എന്നാണ് ഇളംകുളം കുഞ്ഞൻപിള്ള പറയുന്നത്.[2] എന്നാൽ ഇത്തരം പ്രസ്താവനകൾക്ക് തെളിവൊന്നുമില്ല. ഉതിയൻ ചേരലാതനാണ് സംഘംകൃതികളിൽ വാഴ്ത്തപ്പെട്ടിട്ടുള്ള ആദ്യത്തെ ചേരരാജാവ് എന്നു തെളിഞ്ഞാൽതന്നെ, അദ്ദേഹമായിരുന്നു കേരളത്തിലെ ഒന്നാമത്തെ രാജാവ് എന്നു വരുന്നില്ല. എന്തുകൊണ്ടെന്നാൽ, ചുരുങ്ങിയത് രണ്ടായിരത്തി ഇരുനൂറുകൊല്ലങ്ങൾക്കുമുമ്പുതന്നെ കേരളക്കരയിൽ ചേരവംശത്തിന്റെ ഭരണം നിലനിന്നിരുന്നുവെന്ന് അശോ

1. K.G. Sesha Aiyar: Cera Kings of the Sangam Period p.9
2. ഇളുകുളം പി.എൻ.കുഞ്ഞൻപിള്ള: കേരളം അഞ്ചും ആറും നൂറ്റാണ്ടുകളിൽ, പേ. 57.

കചക്രവർത്തിയുടെ ശിലാശാസനങ്ങൾ അസന്നിഗ്ദ്ധമായി തെളിയിച്ചു കഴിഞ്ഞിട്ടുണ്ട്. സംഘംകൃതികൾക്കാകട്ടെ, ഏറിയാൽ രണ്ടായിരംകൊല്ലത്തെ പഴക്കമേയുള്ളു. അതുതന്നേയും ഇളംകുളം അംഗീകരിക്കുന്നില്ല. ക്രി.പി.അഞ്ചാം നൂറ്റാണ്ടിൽ മാത്രമാണ് ആദ്യത്തെ ചേരരാജാവ് ആവിർഭവിച്ചത് എന്നാണദ്ദേഹം വാദിക്കുന്നത്. ഈ വാദം, എന്തായാലും സ്വീകാര്യമല്ല.

സംഘം കൃതികളനുസരിച്ച് ചേരമണ്ഡലത്തിൽ കുട്ടം, കുടം, കക്കാ, പൂഴി, മലാട്, കൊങ്ങ് എന്നിങ്ങനെയുള്ള നാടുകൾ ഉൾപ്പെട്ടിരുന്നു. കുട്ടുവർ, കടവർ, പൂഴിയർ, മലയർ, കൊങ്ങർ മുതലായ ഗോത്രങ്ങളുടെ വാസസ്ഥാനങ്ങളായതുകൊണ്ടായിരിക്കാം അവയ്ക്ക് ഈ പേരുകൾ ലഭിച്ചത്. ചേരർ അല്ലെങ്കിൽ ചേരലർ എന്നതുതന്നെ ആദ്യകാലത്ത് ഒരു ഗോത്രത്തിന്റെ പേരായിരുന്നു എന്നു വിചാരിക്കുന്നതിൽ തെറ്റില്ല. ഇത്തരത്തിലുള്ള ഏതാനും ഗോത്രങ്ങളുടെ സംയോജനത്തിൽനിന്നായിരിക്കാം ചേരരാജ്യം ഉടലെടുത്തത്. ചേരവേന്തർ, ചേരമാൻ, ചേരലർ, വേന്തൻ, കുട്ടുവൻ, കുടവർ, പൊറയൻ, ഇരുമ്പൊറൈ, പൂഴിയർകോ, കൊങ്കർകോ എന്നിങ്ങനെയുള്ള പല പേരുകളാലും ചേരരാജാക്കൻമാർ അറിയപ്പെട്ടിരുന്നു എന്നതു പ്രസ്താവ്യമാണ്. ആഭ്യന്തര വൈരുദ്ധ്യങ്ങളുടെ ഫലമായി പ്രാകൃത കമ്മ്യൂണിസ്റ്റ് വ്യവസ്ഥ തകരാൻ തുടങ്ങിയപ്പോൾ ഏതോ ഒരു ഗോത്രത്തിന്റെ തലവൻ–ചേരർ എന്ന ഗോത്രത്തിന്റെ തലവനായിരിക്കാം–മറ്റുചില ഗോത്രങ്ങളെ കൂട്ടിച്ചേർത്ത് ചേരരാജ്യത്തിന്റെ അടിസ്ഥാനമിട്ടു എന്നു വിശ്വസിക്കാനാണ് ന്യായം കാണുന്നത്. ഗോത്രസമുദായ വ്യവസ്ഥയിൽ നിന്ന് രാജ്യഭരണവ്യവസ്ഥയിലേയ്ക്കുള്ള ഈ പരിവർത്തനം സംഘകാലത്തിനുമുമ്പുതന്നെ, അതായത് ക്രിസ്തുവിന് ഏതാനും നൂറ്റാണ്ടുകൾക്കുമുമ്പ്, സംഭവിച്ചിട്ടുണ്ടാവണം. മറ്റൊരു വിധം പറഞ്ഞാൽ, സംഘംകൃതികളുടെ കാലത്തിനു മുമ്പുതന്നെ ചേരരാജാക്കൻമാർ ആവിർഭവിച്ചിട്ടുണ്ടാവണം.

## പ്രാചീന ചേരരാജാക്കൻമാർ

സംഘംകൃതികളിൽ പതിറ്റുപ്പത്താണ് ചേരരാജാക്കൻമാരെപ്പറ്റി ഏറ്റവുമധികം വിവരങ്ങൾ നൽകുന്നത്. പുറനാനൂറിലെ പല പാട്ടുകളും ചേരരാജാക്കൻമാരുടെ അപദാനങ്ങളെ പ്രകീർത്തിക്കുന്നവയാണ്. അകനാനൂറ്, നറ്റിണൈ എന്നീ കൃതികളിലും ചേരനേതാക്കൻമാരെപ്പറ്റിയുള്ള ചില സൂചനകൾ കാണാം. ഈ കൃതികളെല്ലാം, മുമ്പു ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ക്രിസ്ത്വബ്ദം ആദ്യശതകങ്ങളിൽ രചിക്കപ്പെട്ടവയാണ്. അതിനുമുമ്പു ജീവിച്ചിരുന്ന രാജാക്കൻമാരെപ്പറ്റിയോ കുലത്ത

ലവൻമാരെപ്പറ്റിയോ പഠിക്കാൻ ഇവ പറയത്തക്ക സഹായമൊന്നും നൽകുന്നില്ല.

പത്തു രാജാക്കൻമാരുടെ അപദാനങ്ങളാണ് പതിറ്റുപ്പത്തിൽ കീർത്തിക്കപ്പെട്ടിട്ടുള്ളത്. ഓരോ രാജാവിനെപ്പറ്റിയും പത്തുപാട്ടുകളുണ്ട്. എന്നാൽ ആദ്യത്തേയും അവസാനത്തേയും പത്തുകൾ നഷ്ടപ്പെട്ടുപോയിരിക്കുന്നു. ഇടയ്ക്കുള്ള എട്ടു പത്തുകളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള രാജാക്കൻമാർ താഴെ പറയുന്നവരാണ്.

രണ്ടാം പത്ത്: ഇമയവരമ്പൻ നെടുംചേരൻ ആതൻ

മൂന്നാം പത്ത്: പൽയാനൈ ചെൽകെഴുകുട്ടുവൻ

നാലാം പത്ത്: കളങ്കായ് കണ്ണിനാൽമുടി ചേരൽ.

അഞ്ചാം പത്ത്: ചേരൻ ചെങ്കുട്ടുവൻ

ആറാം പത്ത്: ആടുകോട് പാട്ടുചേരൽ ആതൻ.

ഏഴാം പത്ത്: ചെൽവ കടുംകോ ആഴിയാതൻ.

എട്ടാം പത്ത്: തകടൂർ എറിന്തപെരുംചേരൽ ഇരുമ്പൊറൈ.

ഒമ്പതാം പത്ത്: കുടക്കോഇളംചേരൽ ഇരുമ്പൊറൈ.

നഷ്ടപ്പെട്ടുപോയ ഒന്നാംപത്തിലെ രാജാവ് പെരുംചോറ്റ് ഇതിയൻ ചേരൽ ആതനും പത്താംപത്തിലെ രാജാവ് യാനൈകാൽ ചേയ്മാന്തരം ചേരൽ ഇരുമ്പൊറൈയുമാണെന്ന് പുറനാനൂറിലെ ചില പാട്ടുകളെ അടിസ്ഥാനമാക്കി ചിലർ അഭിപ്രായപ്പെട്ടു.

ഇവർക്കുപുറമേ ഇരുപതോളം ചേരരാജാക്കൻമാരെപ്പറ്റി അകനാനൂറ് തുടങ്ങിയ മറ്റു കൃതികളിൽ വർണ്ണിക്കപ്പെടുന്നുണ്ട്. അന്തുരൻചേരൽ ഇരുമ്പൊറൈ, കണൈക്കാൽ ഇരുമ്പൊറൈ, കരുവൂർ ഏറിയ ഒൾവാട്കോ പെരുഞ്ചേരൽ ഇരുമ്പൊറൈ, കരുവൂർചാത്തൻ, കുട്ടുവൻകോതൈ, കോക്കോതൈ മാർപൻ, കോട്ടമ്പലത്തു തുഞ്ചിയമാക്കോതൈ, ചെൽവക്കടുങ്കോ വാഴിയാതൻ, നമ്പികുട്ടുവനാർ, പാലൈപാടിയ പെരുങ്കടുങ്കോ, മരുതംപാടിയ ഇളങ്കടുങ്കോ, മാന്തരം പൊറൈയൻ കുടുങ്കോ, മാരിവെൺകോ, മുടങ്കിക്കിടന്ത നെടുഞ്ചേരലാതൻ, വഞ്ചൻ മുതലായവരാണ് അവരിൽ പ്രധാനികൾ.

രാജാക്കൻമാരെപ്പറ്റിയുള്ള സ്തുതിഗീതങ്ങൾ പാടിയവരിൽ അരിചിൻകീഴാർ, ഇളങ്കീരിനാൽ, ഇളങ്കോവടികൾ, ഒളവൈയാർ, കപിലർ, കല്ലാടനാർ, കാക്കൈപാടിനിയാർ, നച്ചെള്ളൈയാർ, കാപ്പിയാറ്റുക്കാപ്പിയനാർ, കുമട്ടൂർ കണ്ണനാർ, കുറുങ്കോഴിയൂർ കിഴാർ, കൂടലൂർ കിഴാർ, നക്കീരൻ, പരണർ, പൊരുന്തില ഇളങ്കീരനാർ, മാമൂലനാർ മുതലായവരുൾപ്പെടുന്നു. രാജാക്കന്മാരിൽതന്നെ ചിലർ കവികളായിരുന്നു. ഇളങ്കുട്ടുവൻ, കണൈക്കാൽ ഇരുമ്പൊറൈ, കരുവൂർച്ചാത്തൻ, കോട്ടമ്പലത്തു തുഞ്ചി

യമാക്കോതൈ, നമ്പിക്കുട്ടുവനാർ, മുടങ്കിക്കിടന്ത പെരുഞ്ചേരലാതൻ, പാലൈപാടിയ പെരുങ്കടുങ്കോ, മരുതംപാടിയ ഇളങ്കടുങ്കോ മുതലായ രാജാക്കൻമാർ പാടിയ പാട്ടുകൾ എട്ടുത്തൊകൈ, പത്തുപ്പാട്ടു മുതലായ പ്രാചീന കൃതികളിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്.

പാട്ടുകളിൽനിന്നു ഈ വ്യത്യസ്ത രാജാക്കൻമാരുടെ മാതാപിതാക്കൻമാരെപ്പറ്റിയോ ബന്ധുക്കളെപ്പറ്റിയോ അവർ ഭരണം നടത്തിയ കാലത്തെപ്പറ്റിയോ മനസ്സിലാക്കാൻ കഴിയില്ല. ഓരോ കവിതയും ഏതുകൊല്ലത്തിലാണ് രചിക്കപ്പെട്ടത് എന്ന പ്രശ്നം പോകട്ടെ, ഓരോ കവിയും ഏതു കാലത്താണ് ജീവിച്ചിരുന്നത് എന്നുപോലും അറിയാൻ കഴിയില്ല. പതിറ്റുപ്പത്തിലെ പതികങ്ങളിൽ നിന്നും മറ്റും ചില വിവരങ്ങളൊക്കെ ശേഖരിക്കാൻ കഴിയുമെന്നുള്ളതു ശരിയാണ്. പക്ഷേ, കവിതകൾ രചിക്കപ്പെട്ട കാലത്തല്ല, ഏതാനും നൂറ്റാണ്ടുകൾക്കുശേഷം ഫ്യൂഡലിസവും ബ്രാഹ്മണമേധാവിത്വവും ആവിർഭവിച്ചതിൽപ്പിന്നീടാണ്, പതികങ്ങൾ എഴുതിച്ചേർക്കപ്പെട്ടത് എന്ന യാഥാർത്ഥ്യം വിസ്മരിച്ചുകൂടാ. പാട്ടുകളുടേതിൽനിന്നും തീരെ വ്യത്യസ്തമായ ഒരു കാലഘട്ടത്തിന്റെ സ്വാധീനശക്തി അവയിൽ കാണാൻ കഴിയുന്നതാണ്. ഒരുദാഹരണം കാണിക്കാൻവേണ്ടി പതിറ്റുപ്പത്തിലെ രണ്ടാംപത്തിന്റെ കൂടെ എഴുതിച്ചേർക്കപ്പെട്ടിട്ടുള്ള പതികത്തിന്റെ പരിഭാഷ ഇവിടെ ഉദ്ധരിക്കട്ടെ:

പതികം രണ്ട്: 'അനശ്വരമായ കീർത്തിയും, നിർമ്മലമായ ചരിത്രപാരമ്പര്യം, ജയനാദം മുഴക്കുന്ന മുരശും ആർന്ന ഉതിയൻ ചേരലിന് വെളിയൻ പെൺമാൾ നല്ലിനിയിൽ ജനിച്ചവനും അരുവികൾ നിറഞ്ഞ ഹിമവാനിൽ അടയാളമായി വിൽനാട്ടി വിശ്രുതരായ ആര്യൻമാരുടെ ആരാധനയ്ക്കു പാത്രമായവനും, ആഴിയതിരായുള്ള തമിഴകം മുഴുവൻ ഐശ്വര്യം വളരുമാറ് ഭരിച്ചവനും യവനരെ യുദ്ധത്തിൽ പരാജിതരാക്കി, തലയിൽ നെയ്‌വീഴ്ത്തി, കൈകൾ പിറകിൽ ചേർത്തുകെട്ടി അവരുടെ വക ആഭരണങ്ങളും രത്നങ്ങളും കരസ്ഥമാക്കി രാജധാനിയിൽ കൊണ്ടുവന്ന് പലർക്കും ദാനം ചെയ്തവനും ശത്രുക്കളെ നിർദ്ദയം നശിപ്പിക്കുന്നവനും, മഹാബലവാനും ആയ ഇമയവരമ്പൻ നെടുംചേരലാതനെപ്പറ്റി കുമട്ടൂർ കണ്ണനാർ പാടിയ പത്തുപാട്ട്, പാടിയതിനു ലഭിച്ച പാരിതോഷികം: ഉമ്പർകാട്ടിലെ അഞ്ഞൂറുപറ നിലം ബ്രഹ്മദായവും തെക്കൻദിക്കിലെ മുപ്പത്തെട്ടാണ്ടത്തെ വരവിൽ ഒരു ഭാഗവും ചേരലാതൻ നൽകി. ഇമയവരമ്പൻ നെടുഞ്ചേരലാതൻ അൻപത്തെട്ടുവർഷം നാടുവാണു.'[3]

3. ജി. വൈദ്യനാഥയ്യരുടെ തർജ്ജമ: പതിറ്റുപ്പത്ത്, പേ.37

## ചേരരാജാക്കൻമാരുടെ കാലം

അതിശയോക്തികളും വൈരുധ്യങ്ങളും നിറഞ്ഞ ഇത്തരം പതികങ്ങളെ ചരിത്രരേഖകളായി കണക്കാക്കുന്നത് വളരെ സൂക്ഷിച്ചുവേണമെന്ന് പറയേണ്ടതില്ലല്ലോ. എന്നിരിക്കിലും ഇവയെ ആസ്പദമാക്കിക്കൊണ്ട് ചേരരാജാക്കൻമാരിലോരോരുത്തനും ഏതുകൊല്ലം മുതൽ ഏതുകൊല്ലം വരെയാണ് ഭരണം നടത്തിയത് എന്നു കണ്ടുപിടിക്കാൻ കെ.ജി.ശേഷയ്യർ, കെ.എൻ.ശിവരാജപിള്ള തുടങ്ങിയ ചില തമിഴു ചരിത്രപണ്ഡിതൻമാർ പരിശ്രമിക്കുകയുണ്ടായി. ശേഷയ്യരുടെ യുക്തിവിചാരം ഏതാണ്ടിങ്ങനെയാണ്:

ചെങ്കുട്ടുവനും സിലോണിലെ ഗജബാഹുവും സമകാലീനരാണ്. ഗജബാഹുവിന്റെ ഭരണകാലം ക്രി.പി.173 മുതൽ 195വരെയാണ്. ചെങ്കുട്ടുവൻ പത്തിനീദേവിയെ പ്രതിഷ്ഠിച്ചത് ക്രി.പി.176ൽ ആണെന്നൂഹിക്കാം. ചെങ്കുട്ടുവൻ ഭരിക്കാൻ തുടങ്ങിയിട്ട് 50 കൊല്ലം കഴിഞ്ഞതിനുശേഷമാണാസംഭവമുണ്ടായത്. അതുകൊണ്ട് ചെങ്കുട്ടുവന്റെ സിംഹാസനാരോഹണം ക്രി.പി 125ൽ ആയിരിക്കണം. പതിറ്റുപ്പത്തിലെ പതികങ്ങളനുസരിച്ച് ഇമയവരമ്പൻ നെടുഞ്ചേരലാതൻ, പാൽയാനൈ ചെൽകെഴു കുട്ടുവൻ, കളങ്കായ്ക്കണ്ണിനാർമുടിച്ചേരൻ എന്നീ മൂന്നു രാജാക്കൻമാർ ക്രമപ്രകാരം 58-ഉം 25-ഉം 25-ഉം വർഷങ്ങൾവീതം ഭരണം നടത്തിയിട്ടുണ്ട്. ഈ കണക്കുകളിൽ നിന്ന് ഇമയവരമ്പൻ നെടുഞ്ചേരലാതന്റെ ഭരണം ക്രി.പി.17-ൽ ആരംഭിച്ചുവെന്നു കാണാം. ഇമയവരമ്പന്റെ മുൻഗാമി ഉതിയൻ ചേരലാതൻ എത്രകൊല്ലം ഭരിച്ചുവെന്ന് പതികങ്ങളിൽനിന്നു മനസിലാക്കാനാവില്ല. എങ്കിലും അദ്ദേഹം 25 കൊല്ലം ഭരിച്ചിട്ടുണ്ടാവണമെന്ന് ശേഷയ്യർ ഊഹിക്കുന്നു. അങ്ങനെയാണെങ്കിൽ ഉതിയൻ ചേരലാതന്റെ ഭരണം ക്രി.മു.8ൽ ആരംഭിച്ചു എന്നു കണക്കാക്കാം. പക്ഷേ, ഈ കണക്കുകൾ സ്വീകരിച്ചാൽ ചില ചോദ്യങ്ങൾക്കു മറുപടി പറയേണ്ടിവരുമെന്ന് ശേഷയ്യർക്കറിയാം. ഉദാഹരണത്തിന്, ഇമയവരമ്പൻ 58 വർഷം ഭരിച്ചുവെങ്കിൽ അദ്ദേഹത്തിന്റെ സഹോദരൻ പൽയാനൈ ചെൽകെഴുകുട്ടുവൻ തന്റെ 60-ാമത്തെ വയസിനുശേഷമേ രാജാവായുള്ളു എന്നു കരുതേണ്ടിവരില്ലേ? അതു സാരമില്ല. വാർദ്ധക്യകാലത്ത് സിംഹാസത്തിലേറിയ പല രാജാക്കൻമാരേയും ചരിത്രത്തിൽ കാണാം. പക്ഷേ, മറ്റൊരു ചോദ്യം കൂടുതൽ വിഷമം പിടിച്ചതാണ്. ചെങ്കുട്ടുവൻ ഇമയവരമ്പന്റെ പുത്രനാണെങ്കിൽ അദ്ദേഹം രാജാവായത് 50 വയസു കഴിഞ്ഞതിനുശേഷമാവണം. 55 വർഷം ഭരിക്കുകയും ചെയ്തു. ഇതിന്റെ അർത്ഥം ചെങ്കുട്ടുവരാജാവ് ചുരുങ്ങിയത് 105 വയസുവരെ ജീവിച്ചിരുന്നുവെന്നാണ്. ഈ വിഷമം തീർക്കാൻ ശേഷയ്യർ ഒരു യുക്തി കണ്ടുപി

ടിക്കുന്നു. ചെങ്കുട്ടുവൻ ഇമയവരമ്പന്റെ മകനല്ല. മകന്റെ മകനാണ്! എന്നാൽ ഇതുകൊണ്ടും കുഴപ്പം തീരുന്നില്ല. 5 രാജാക്കൻമാർ ചെങ്കുട്ടുവനുശേഷവും വഞ്ചി തലസ്ഥാനമാക്കി വാണിട്ടുണ്ട്. അവർ എത്ര വർഷംവീതം ഭരിച്ചുവെന്നു കണക്കാക്കാൻ പതികങ്ങൾപോലും സഹായിക്കുന്നില്ല. ആ അഞ്ചു രാജാക്കന്മാർ അഞ്ചു തലമുറയിൽ പെട്ടവരായിരിക്കണമെന്നനുമാനിച്ചുകൊണ്ട് ശേഷയ്യർ പ്രശ്നം പരിഹരിക്കുന്നു. വഞ്ചി തലസ്ഥാനമാക്കി വാണ ചേരരാജാക്കൻമാരുടെ വാഴ്ച ക്രി.മു.8 -ൽ ആരംഭിക്കുകയും ക്രി.പി.3-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടുകൂടി അവസാനിക്കുകയും ചെയ്യുന്നു.

മറ്റു രാജാക്കൻമാരുടെ സ്ഥിതിയോ? ഒട്ടാകെ ഇരുപത്തഞ്ചോളം ചേരരാജാക്കൻമാരെപ്പറ്റി സംഘം കൃതികളിൽ പരാമർശിക്കുന്നുണ്ട്. അവരിൽ പലരുടേയും തലസ്ഥാനം വഞ്ചിയായിരുന്നില്ല. ചില രാജാക്കൻമാർ തൊണ്ടിയിലും മറ്റുചില രാജാക്കൻമാർ കരുവൂരിലുമാണ് വാണിരുന്നത് എന്ന് സംഘംപാട്ടുകൾ വെളിപ്പെടുത്തുന്നു. ഇതും ചരിത്രത്തിന്റെ മുമ്പിൽ ഒരു പ്രശ്നമായിത്തീർന്നിരിക്കുകയാണ്. ചേരൻമാർ രണ്ടു ശാഖകളായിട്ടാണ് ഭരണം നടത്തിയിരുന്നത് എന്നു ചില പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നു. ഒരു ശാഖയിൽ ഉതിയൻ ചേരലാതന്റെ പിൻഗാമികളും മറ്റേ ശാഖയിൽ കരുവൂർ ഏറിയ ഒളവാൽകോ പെരുഞ്ചേരൽ ഇരുമ്പൊറൈയുടെ വംശക്കാരുമാണത്രേ ഉൾപ്പെടുന്നത്. ആദ്യത്തെശാഖയുടെ തലസ്ഥാനം വഞ്ചിയാണ്. രണ്ടാമത്തെ ശാഖയുടെ തലസ്ഥാനം തൊണ്ടിയായിരുന്നു എന്നു ചിലരും കരുവൂരായിരുന്നു എന്ന് മറ്റുചിലരും ഊഹിക്കുന്നു. അന്തുവഞ്ചേരൽ ഇരുമ്പൊറൈ, ആടുകോട്പാട്ടു ചേരലാതൻ, ചെൽവക്കടുങ്കോവാഴിയതെൻ, ചെരുമ്മേരൽ ഇരുമ്പൊറൈ, ഇളഞ്ചേരൽ ഇരുമ്പൊറൈ, ആതൻ അവിനി യാനൈക്കൺ ചെയ്മാന്തരം ചേരൽ ഇരുമ്പൊറൈ, കോക്കോടൈ മാർപ്പൻ, കണൈക്കാൽ ഇരുമ്പൊറൈ മുതലായവരാണ് ഇരുമ്പൊറൈ വംശത്തിൽപ്പെട്ട രാജാക്കൻമാർ എന്നു കരുതപ്പെടുന്നു. ശേഷയ്യർ ഈ രാജാക്കൻമാരുടെ ഭരണകാലങ്ങളേയും കണക്കുകൂട്ടി തിട്ടപ്പെടുത്തിയിട്ടുണ്ട്. കരുവൂർ ഏറിയ പെരുഞ്ചേരൽ ഇരുമ്പൊറൈ ക്രി.പി.90 മുതൽ 100വരേയും അവസാനത്തെ രാജാവായ കണൈക്കാൽ ഇരുമ്പൊറൈ ക്രി.പി.286മുതൽ 306വരേയും ഭരണംനടത്തി എന്നാണദ്ദേഹം പറയുന്നത്.[4]

ആദിചേരരാജാക്കൻമാരുടെ ഒരു വംശാവലി തയ്യാറാക്കുവാൻ ഇളംകുളം കുഞ്ഞൻപിള്ളയും പരിശ്രമിച്ചിട്ടുണ്ട്.[5] അദ്ദേഹവും തന്റെ

4. K.G.Sesha Aiyar: Cera Kings of the Sangam Period p.129

5. ഇളുകുളം പി.എൻ.കുഞ്ഞൻപിള്ള: അന്നത്തെ കേരളം പേ. 69.

ഗവേഷണങ്ങൾക്ക് പ്രധാനമായും പതികങ്ങളെത്തന്നെയാണ് ആശ്രയിക്കുന്നത്. പക്ഷേ, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സംഘകൃതികൾ രചിക്കപ്പെട്ടത് ക്രിസ്തുവിനു ശേഷം അഞ്ചും ആറും നൂറ്റാണ്ടുകളാണ്. ഒന്നാമത്തെ ചേരരാജാവായ ഉതിയൻ ചേരലാതൻ അഞ്ചാം നൂറ്റാണ്ടിലാണ് ജീവിച്ചിരുന്നത് എന്നും അദ്ദേഹം വാദിക്കുന്നുണ്ട്. ഈ അടിസ്ഥാനത്തിൽ നോക്കിയാൽ രണ്ടു ശാഖകളിലും കൂടിയുള്ള മുപ്പതോളും രാജാക്കൻമാരുടെ ഭരണം അവസാനിച്ചത് എന്തായാലും ക്രി.പി.8-ാം നൂറ്റാണ്ടിനു മുമ്പാവാൻ നിവർത്തിയില്ലല്ലോ. എന്നാൽ ആദ്യകാല സംഘകൃതികൾ ഏഴാം നൂറ്റാണ്ടിനുശേഷമുണ്ടായവയാണെന്ന് ഇളംകുളത്തിനുതന്നെയും അഭിപ്രായമില്ല. മാത്രമല്ല, ആദിചേരൻമാർ ക്രി.പി. എട്ടാം നൂറ്റാണ്ടുവരെയോ ഒൻപതാം നൂറ്റാണ്ടുവരെയോ രാജ്യം ഭരിച്ചു എങ്കിൽ കുലശേഖര ആഴ്വാരുടേയും മറ്റും വാഴ്ചക്കാലം ഒമ്പതാംനൂറ്റാണ്ടിനുശേഷമാണ് എന്നു സമ്മതിക്കേണ്ടിവരും. ഇത്തരത്തിലുള്ള വൈഷമ്യങ്ങൾ നേരിട്ടതുകൊണ്ടായിരിക്കുമോ എന്നറിഞ്ഞുകൂടാ, ചേരരാജാക്കൻമാരുടെ വംശപ്പട്ടിക തയ്യാറാക്കാനല്ലാതെ അവരിൽ ഓരോ രാജാവും ഏതു കൊല്ലം മുതൽ ഏതുകൊല്ലം വരെ ഭരണം നടത്തിയെന്നു പരിശോധിക്കാൻ അദ്ദേഹം ഒരുങ്ങുന്നില്ല. സംഘംകൃതികളുടെ കാലം നിർണ്ണയിക്കുന്നതിൽ പറ്റിയ തെറ്റിന്റെ ഫലമാണിതെന്ന് എനിക്ക് തോന്നുന്നു.

## വൈസറോയിയും ഇളംകൂറും

ചേരരാജാക്കൻമാർ ശാഖകളായിപ്പിരിഞ്ഞ് വ്യത്യസ്ത സ്ഥലങ്ങളിലിരുന്നു ഭരണംനടത്തിയതെന്തിന് എന്നതിനെസംബന്ധിച്ചും അഭിപ്രായവ്യത്യാസങ്ങളുണ്ട്. ശേഷയ്യരുടെ അഭിപ്രായത്തെ ഏതാണ്ടിങ്ങനെ സംഗ്രഹിക്കാം: ഒന്നാമത്തെ രാജാവായ ഉതിയൻ ചേരലാതന്റെ കാലത്ത് ആവിർഭവിച്ചു വികസിക്കാൻ തുടങ്ങിയ ചേരരാജ്യം അദ്ദേഹത്തിന്റെ പുത്രന്മാരായ ഇമയവരമ്പന്റെയും പൽയാനൈ ചെൽകെഴുകുട്ടുവന്റേയും കാലത്ത് കൂടുതൽ വിസ്തൃതമായിത്തീർന്നു. ചെൽകെഴുകുട്ടുവന്റെ കാലത്താണ് നന്നൻമാരുടെ കീഴിലായിരുന്ന പൂഴിനാട് അല്ലെങ്കിൽ കൊങ്കാനം എന്ന പ്രദേശവും കൊങ്ങുനാടും ചേരനാടിനോടു കൂട്ടിച്ചേർക്കപ്പെട്ടത്. കൊങ്ങുനാടിന്റെ ചുറ്റുപാടും യുദ്ധപ്രിയരായ അനേകം ഗോത്രത്തലവൻമാരുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ തന്റെ സ്ഥാനമുറപ്പിക്കുന്നതിനുവേണ്ടി വടക്കൻ പ്രദേശങ്ങളിൽ ഒരു വൈസറോയിയെ നിയമിക്കുന്നതാവശ്യമാണെന്ന് ബുദ്ധിമാനായ ചെൽകെഴുകുട്ടുവൻ മനസിലാക്കി. അങ്ങനെ അദ്ദേഹം വടക്കൻ പ്രദേശങ്ങളുടെ ഒന്നാമത്തെ വൈസ്രോയിയായി ചേരമാൻ കരുവൂർ ഏറിയ ഒൾവാൾകോ പെരുഞ്ചേ

രൽ ഇരുമ്പൊറൈ എന്നൊരാളെ നിയമിച്ചു. ഈ പെരുഞ്ചേരൽ ഇരുമ്പൊറൈ ആണ് പതിറ്റുപ്പത്തിലെ 7-ാംപത്തിന്റെ പതികത്തിൽ പരാമർശിക്കപ്പെടുന്ന ചേരമാൻ അന്തുവൻ ചേരൽ ഇരുമ്പൊറൈ.[6]

ഇതിൽനിന്നും വ്യത്യസ്തമായ ഒരഭിപ്രായമാണ് 'നീലകണ്ഠശാസ്ത്രിക്കുള്ളത്: ചേരസാമ്രാജ്യം ഒരു തരം കൂട്ടുകുടുംബ സ്വത്തായിരുന്നിരിക്കണം-കൗടില്യൻ കുലസംഘം എന്നാണതിനു പേരിട്ടിട്ടുള്ളത്. കുടുംബത്തിലെ പ്രായപൂർത്തിയെത്തിയ എല്ലാ പുരുഷൻമാർക്കും അവകാശങ്ങളും താത്പര്യങ്ങളുമുണ്ടായിരുന്ന പൊതുസ്വത്തായിരുന്നിരിക്കണം അത്. ഇത്തരത്തിലുള്ള ഗോത്രഭരണം ഈ കാലഘട്ടത്തിലെ ചോഴപാണ്ഡ്യരാജ്യങ്ങളിലും നിലനിന്നിട്ടുണ്ടായിരിക്കണം.[7]

ചേരരാജാക്കൻമാർ ശാഖകളായി പിരിഞ്ഞ് ഭരണംനടത്തിയത് 'കൂറ്റുവാഴ്ചസമ്പ്രദായം' അനുസരിച്ചായിരുന്നു എന്നാണ് ഇളംകുളത്തിന്റെ അഭിപ്രായം: 'കൂറ്റുവാഴ്ചസമ്പ്രദായം ചേരചോളപാണ്ഡ്യൻമാരുടെ ഇടയിൽ സാധാരണമായിരുന്നു. രജേന്ദ്രൻ തന്റെ വിസ്തൃതമായ സാമ്രാജ്യത്തിൽ അവിടവിടെ പുത്രൻമാരെ വാഴിച്ചിരുന്നല്ലോ. എന്നാൽ ചേരൻമാരുടെയിടയിലാണ് കൂറ്റുവാഴ്ച സർവസാധാരണമായിരുന്നത്. കൂറ്റുവാഴ്ക്കൈ എന്ന പദത്തിന് പ്രചാരവും ഇവിടെയായിരുന്നു..... ഈ കൂറ്റുവാഴ്ക്കൈ സമ്പ്രദായം ഗ്രഹിക്കാഞ്ഞതാണ് തൊണ്ടിയിലും വഞ്ചിയിലും കരുവൂരും മറ്റും വാണിരുന്നവർ പ്രത്യേക ശാഖകളിൽപ്പെട്ട സ്വതന്ത്രരാജാക്കൻമാരെന്ന് ചില ചരിത്രകാരൻമാരെ ഭ്രമിപ്പിച്ചത്. വാനവരമ്പൻമാരും പൊറൈയൻമാരും രണ്ടു ശാഖകളായിരുന്നു എന്നതു വാസ്തവംതന്നെ. എന്നാൽ, എല്ലാ ശാഖകളിലും വെച്ചു പ്രായം കൂടിയ ആളാണ് മൂപ്പേറ്റിരുന്നത്. അതിനു മുതുകൂർവാഴ്കൈ എന്നു പറയും. മറ്റുള്ളവർ ഇളംകൂറുകാരായി അവിടവിടെ വാണിരുന്നു. നാർമുടിച്ചേരലിനെയും വേൽകെഴുക്കുട്ടുവനേയും മറ്റും ചെൽവക്കടുംകോവിനും പെരുഞ്ചേരലിനും തുല്യം ഇളംചേരലിന്റെ പൂർവികൻമാരാക്കി പെരുങ്കുന്റൂർകിഴാർ പരാമർശിച്ചിട്ടുള്ളത് കൂറ്റുവാഴ്ചപ്രകാരമാണ്.'[8]

എന്നാൽ, വെറും അനുമാനങ്ങളുടെ അടിസ്ഥാനത്തിൽ ആവിഷ്ക്കരിക്കപ്പെട്ട ഇത്തരം സിദ്ധാന്തങ്ങൾക്ക് ചരിത്രത്തിന്റേതായ തെളിവുകളൊന്നുമില്ലെന്നു പറയേണ്ടിയിരിക്കുന്നു. ചെൽകെഴുകുട്ടുവൻ പെരുഞ്ചേരൻ ഇരുമ്പൊറൈയെ തന്റെ വൈസ്രോയിയായി നിയമിച്ചുവെന്നോ വാനവരമ്പൻമാരും ഇരുമ്പൊറൈയൻമാരും കൂറ്റുവാഴ്ചക്കാരായിരുന്നു

6. K.G.Sesha Aiyar: Cera Kings of the Sangam Period p.33-35
7. K.A.Nilakanta Sastri: A History of South. India, p.115
8. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള: അന്നത്തെ കേരളം പേ. 68-69.

വെന്നോ സംഘംകൃതികളിലെവിടേയും പ്രസ്താവിക്കുന്നില്ല. ശേഷയ്യർതന്നെ സമ്മതിക്കുന്നതുപോലെ, ഒൾവാൾകോ പെരുഞ്ചേരൽ ഇരുമ്പൊറൈയെപ്പറ്റിയുള്ള ഒരൊറ്റ പാട്ടുമാത്രമേ കണ്ടുകിട്ടിയുള്ളു. പുറനാനൂറിലുള്ള ആ പാട്ടിലാകട്ടെ, കാട്ടുപ്രദേശങ്ങളിലെ യുദ്ധങ്ങൾ മതിയാക്കി, സ്നേഹമോ ദയയോ ഇല്ലാത്തവരിൽനിന്ന് പിന്തിരിഞ്ഞ്, മാതാപിതാക്കൻമാർ, കുട്ടികളെ പോറ്റുന്നതുപോലെ സ്വന്തം രാജ്യത്തേയും ജനങ്ങളേയും സംരക്ഷിക്കണമെന്ന ഒരഭ്യർത്ഥനമാത്രമേ അടങ്ങിയിട്ടുള്ളുതാനും[9] പുറംപാട്ടിലെ പതികത്തിലല്ലാതെ മറ്റെവിടെയും ഈ രാജാവിനെപ്പറ്റിയുള്ള യാതൊരു സൂചനയുമില്ല. ഈ സ്ഥിതിയിൽ അദ്ദേഹം കരൂരിലെ ചേരവൈസ്രോയിയായിരുന്നു എന്ന് ഉറപ്പിച്ചുപറയുന്നതെങ്ങനെയാണ്? മറ്റൊരുചോദ്യംകൂടി ഉയർന്നുവരുന്നുണ്ട്, കരൂരിൽ വാണ രാജാക്കൻമാർക്ക് പ്രത്യേകം പിന്തുടർച്ചാവകാശങ്ങളുണ്ടായിരുന്നവെന്നാണല്ലോ പറയുന്നത്. വൈസ്രോയിമാർ എവിടെയെങ്കിലും അവരുടെ പിന്തുടർച്ചാവകാശമനുസരിച്ച് നിയമിക്കപ്പെടാറുണ്ടോ? തൊണ്ടിയിലും കരുവൂരിലും വഞ്ചിയിലും മറ്റും വാണിരുന്നവർ സ്വതന്ത്ര രാജാക്കന്മാരായിരുന്നില്ലെന്നും എല്ലാ ശാഖകളിലും വെച്ച് പ്രായം കൂടിയ ആളാണ് മൂപ്പേറ്റിരുന്നത് എന്നും മറ്റുള്ളവർ ഇളംകൂറുകാരായി വാണു എന്നും മറ്റുമുള്ള ഇളംകുളത്തിന്റെ അഭിപ്രായങ്ങൾക്കും പറയത്തക്ക തെളിവൊന്നുമില്ല. ചേരരാജാക്കൻമാരെ മുതുകൂറുവാണവരെന്നും ഇളംകൂറുവാണവരെന്നും രണ്ടായി തരംതിരിയ്ക്കണമെങ്കിൽ ചേരകുടുംബത്തിന്റെ ഓരോ തലമുറയിലേയും ഏറ്റവും പ്രായംകൂടിയ ആൾ ആരായിരുന്നുവെന്നും അദ്ദേഹത്തിന്റെ പിതാവും പുത്രൻമാരും, അല്ലെങ്കിൽ അമ്മാമനും അനുജൻമാരും മരുമക്കളും, ആരെല്ലാമായിരുന്നുവെന്നും സ്ഥാപിക്കാൻ കഴിയണം. പക്ഷേ, കിട്ടിയേടത്തോളമുള്ള പാട്ടുകളുടേയോ അവയുടെ പതികങ്ങളുടേയോ സഹായത്തോടുകൂടി എല്ലാ രാജാക്കൻമാരുടേയുമില്ലെങ്കിൽ ഭൂരിപക്ഷം രാജാക്കൻമാരുടെയെങ്കിലും കുടുംബബന്ധങ്ങളെ കൃത്യമായി നിർണ്ണയിക്കുക സാധ്യമല്ല.

മാത്രമല്ല, സംഘംകൃതികളിലെ ഒരൊറ്റ ചേരരാജാവുപോലും വൈസ്രോയി എന്ന നിലയ്ക്കോ ഇളംകൂറുകാരൻ എന്ന നിലയ്ക്കോ വാഴ്ത്തപ്പെടുന്നില്ല. എല്ലാവരേയും സ്വതന്ത്രരാജാക്കൻമാരായിട്ടാണ് കവികൾ വർണ്ണിക്കുന്നത്. ഉദാഹരണത്തിന്, പൂറനാനൂറിലെ ഒരു പാട്ടിൽ ചെൽവക്കടുങ്കോ വർണ്ണിക്കപ്പെട്ടിട്ടുള്ളത് സ്വതന്ത്രനും സുശക്തനുമായ ഒരു പരമാധികാരിയും രാജാക്കൻമാർക്കിടയിൽ അനുപമനുമായ ഒരു ഭരണാധികാരിയെന്ന നിലയ്ക്കാണ്.[10] പൽയാനൈച്ചെൽകെഴുകുട്ടുവനെ

9. പുറം 5.

10. പുറം 8.

ഇളംകൂറുവാണവരിലൊരാളായിട്ടാണ് ഇളംകുളം കണക്കാക്കുന്നത്.[11] പക്ഷേ, പാലൈ ഗൗതമനാർ എന്ന കവി പ്രസ്തുത രാജാവിനെ അഭിസംബോധന ചെയ്യുന്നത്. 'പൂഴിനാട്ടിനുനാഥനായുള്ളോനേ!', 'മഴവർക്കു കവചമായുള്ളോനേ!', 'അയിരമലയ്ക്കു നാഥാ!', 'വീരമറവർക്കു നാഥനായ ചേരനാഥാ!', 'കൊങ്ങുനാടു കീഴടക്കി സ്വന്തം രാജ്യത്തോടു കൂട്ടിചേർത്തവനെ!'[12] എന്നും മറ്റുമാണ്. ഒരിളംകൂറുകാരനെന്ന നിലയ്ക്ക് സംഘംകൃതികളിൽ വിവരിക്കപ്പെട്ടിട്ടുള്ള ചില സംഭവങ്ങൾ പരിശോധിച്ചാലും രാജാവു–വൈസ്രോയി ബന്ധമോ, മുതുകൂറ്–ഇളംകൂറ് ബന്ധമോ നിലവിലുണ്ടായിരുന്നില്ലെന്നു സമ്മതിക്കേണ്ടിവരും. ഒരുദാഹരണമെടുക്കാം. ശേഷയ്യരുടെ അഭിപ്രായമനുസരിച്ച് വാനവരമ്പൻ ശാഖയിലെ വഞ്ചനും ഇരുമ്പൊറൈശാഖയിലെ കണൈക്കാൽ ഇരുമ്പൊറൈയും സമകാലീനരായിരുന്നു. വഞ്ചൻ ക്രി.പി. 280 മുതൽ 305 വരേയും ഇരുമ്പൊറൈ ക്രി.പി.286 മുതൽ 306 വരേയും ഭരണം നടത്തി. നാടുവാഴുന്നതിന്നിടയിൽ കണൈക്കാൽ ഇരുമ്പൊറൈയ്ക്ക് ഒരപകടം നേരിട്ടു. കഴുമലം എന്ന സ്ഥലത്തിനടുത്തുവച്ച് ചോഴരാജാവായ ചെങ്കണാനെതിരായി നടത്തിയ ഒരു യുദ്ധത്തിൽ അദ്ദേഹം തോൽപ്പിക്കപ്പെടുകയും കുടവായിൽക്കോട്ടയിലെ തടവിലടയ്ക്കപ്പെടുകയും ചെയ്തു. കാരാഗ്രഹത്തിൽ കഴിച്ചുകൂട്ടിയിരുന്ന കാലത്ത് ഒരു ദിവസം ദാഹമുണ്ടായി എന്നും ചോദിച്ച ഉടനെ വെള്ളം കിട്ടിയില്ലെന്നും അതിൽ പ്രതിഷേധിച്ച് നിരാഹാരസമരം തുടങ്ങിയെന്നും പറയപ്പെടുന്നു. ഇത്രയൊക്കെയായിട്ടും വാനവരമ്പൻശാഖയിലെ വഞ്ചന് ഒരു കുലുക്കവുമുണ്ടായതായി കാണുന്നില്ല. പൊയ്കൈയാർ എന്ന കവി ഇടപെട്ടിട്ടാണത്രേ അദ്ദേഹത്തെ മോചിപ്പിച്ചത്! ഇതിൽ അസ്വഭാവികമായിട്ടൊന്നുമില്ലതാനും. ഒന്നാമത് വഞ്ചനും ഇരുമ്പൊറൈയും സമകാലീനരായിരുന്നുവെന്നതിന് തെളിവുകളില്ല. അവർ സമകാലീനരായിരുന്നുവെന്ന് തെളിഞ്ഞാൽതന്നെ വഞ്ചൻ ഇരുമ്പൊറൈയുടെ വൈസ്രോയിയോ മുതുകൂറുകാരനോ ആയിരുന്നുവെന്നു വരുന്നില്ല. വിസ്തൃതമായ ഒരു ചേരസാമ്രാജ്യത്തിന്റെ അധിപനായിട്ടല്ല, വയനാട്, നീലഗിരി മലം പ്രദേശങ്ങളിൽ വാണിരുന്ന ഒരു ചെറിയ രാജാവായിട്ടാണ് വഞ്ചൻ വർണ്ണിക്കപ്പെടുന്നത്. ഇതിന്റെ അർത്ഥം മറ്റു പ്രദേശങ്ങളിൽ വേറെ ഏതെങ്കിലും രാജാക്കൻമാർ ഉണ്ടായിരുന്നിരിക്കണമെന്നാണ്.

ചുരുക്കിപ്പറഞ്ഞാൽ, ആദിചേരരാജാക്കന്മാർ, രാജാക്കൻമാരും വൈസ്രോയിമാരും എന്ന നിലയ്ക്കോ മുതുകൂറുകാരും ഇളംകൂറുകാരും

11. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള: അന്നത്തെ കേരളം പേ. 69.

12. പതിറ്റുപ്പത്ത് III 1, 2, 4.

എന്ന നിലയ്ക്കോ ഒരേ കൂട്ടുകുടുംബസ്വത്തിന്റെ തുല്യാവകാശികളെന്ന നിലയ്ക്കോ ആണ് നാടുവാണിരുന്നത് എന്നതിന് പതിറ്റുപ്പത്ത്, പുറനാനൂറ് മുതലായ സംഘംകൃതികളിൽ യാതൊരു സൂചനയുമില്ല. നേരെമറിച്ച്, അവർ സ്വതന്ത്രരാജാക്കൻമാരായിട്ടാണ് ഭരണം നടത്തിപ്പോന്നത് എന്നതിനു ധാരാളം തെളിവുകളുണ്ടുതാനും. ഒരു പക്ഷേ, അവരെല്ലാവരും ഒരേ ചേരകുലത്തിലെ വ്യത്യസ്ത ഗോത്രത്തലവൻമാരായിരിക്കാം. ആദ്യകാലത്ത് വ്യത്യസ്തഗോത്രത്തലവൻമാർ വ്യത്യസ്ത പ്രദേശങ്ങൾ കീഴടക്കി രാജാക്കൻമാരായി ഭരണം നടത്തിയിട്ടുണ്ടാവാം. ചേരസാമ്രാജ്യത്തിന്റെ ശക്തിയും വ്യാപ്തിയും വർദ്ധിച്ചകാലത്ത് അവരുടെ കീഴിലുള്ള പ്രദേശങ്ങളെല്ലാം ഒന്നിച്ചു കൂട്ടിച്ചേർക്കപ്പെടുകയും ചേരസാമ്രാജ്യത്തിന്റെ ശക്തി ക്ഷയിക്കാൻ തുടങ്ങിയപ്പോൾ അവർ വീണ്ടും സ്വതന്ത്രരായിത്തീരുകയും ചെയ്തിട്ടുണ്ടാവാം. ഏതായാലും ഈ പ്രശ്നത്തെ സംബന്ധിച്ച് ഖണ്ഡിതമായ ഒരഭിപ്രായം പറയണമെങ്കിൽ കൂടുതൽ ഗവേഷണങ്ങൾ ആവശ്യമാണ്.

## ചേരരാജാക്കൻമാരുടെ വീരപരാക്രമങ്ങൾ

സംഘം കൃതികളിലെ ചില രാജാക്കൻമാർ വിസ്തൃതമായ ഭൂപ്രദേശങ്ങളുടെ അധിപരും അന്യനാടുകളെ യുദ്ധം ചെയ്തു കീഴടക്കി സ്വന്തം രാജ്യത്തോടു കൂട്ടിച്ചേർത്ത പ്രതാപശാലികളുമാണ്. നേരെമറിച്ച്, മറ്റുചില രാജാക്കൻമാർ താരതമ്യേന ചെറിയ പ്രദേശങ്ങളിൽ ഒതുങ്ങിവാണിരുന്നതായി കാണുന്നു. ഉദാഹരണത്തിന്, ഉതിയൻ ചേരലാതൻ പൂർവപശ്ചിമ സമുദ്രങ്ങൾക്കിടയിലുള്ള മുഴുവൻ പ്രദേശങ്ങളും അടക്കിവാണിരുന്നതായി പ്രസ്താവിക്കപ്പെടുന്നു. അതേസമയത്ത്, ചെൽവക്കടുങ്കോ ചെറിയൊരു രാജ്യത്തിന്റെ അധിപതിമാത്രമായിരുന്നു. ഉതിയൻ ചേരലാതൻ, ഇമയവരമ്പൻ നെടുഞ്ചേരലാതൻ, പൽയാനൈ ചെൽകെഴുകുട്ടുവൻ, നാർമുടിച്ചേരൽ, ചെങ്കുട്ടുവൻ മുതലായ രാജാക്കൻമാരുടെ കാലത്താണ് ചേരസാമ്രാജ്യം കൂടുതൽ വിശാലവും സുശക്തവുമായിത്തീർന്നത് എന്നു സംഘംപാട്ടുകളിൽനിന്നു മനസ്സിലാക്കാം. ഉദാഹരണത്തിന്, കുമട്ടൂർ കണ്ണനാർ എന്ന കവി ഇമയവരമ്പൻ നെടുംചേരലാതനെ സ്തുതിച്ചുകൊണ്ടെഴുതിയ ഒരു പാട്ടിൽ, 'ചമരിമൃഗങ്ങളുടേയും ആര്യവർഗക്കാരുടേയും ആവാസസ്ഥാനമായ ഹിമവൽപർവ്വതത്തിനും ദക്ഷിണദിക്കിന്റെ കണ്ണായ കന്യാകുമാരിക്കും ഇടയ്ക്കു കിടക്കുന്ന നാടുകൾ വാണരുളുന്ന എല്ലാ രാജാക്കൻമാരേയും തോൽപ്പിച്ച് അവരുടെ നാടുകൾ സ്വാധീനപ്പെടുത്തി അങ്ങ് മാറിൽ വിജയമാലയണിഞ്ഞ്, നെറ്റിപ്പട്ടം കെട്ടിയ കൊമ്പനാനപ്പുറത്തുള്ള കനകാസനത്തിൽ കയറിയിരുന്നു സകലജനങ്ങളും പുകഴുമാറ് എഴുന്നരുളുന്ന കാഴ്ചകണ്ട്

ഞങ്ങൾ ആനന്ദത്തിലാണ്ടുപോയി'[13] എന്നു പറയുന്നു. മറ്റൊരു പാട്ടിൽ, 'വിസ്താരമേറിയ കടലിൽ സ്ഥിതിചെയ്യുന്ന ദ്വീപിൽ പ്രവേശിച്ച്, അവിടെ വസിക്കുന്ന ശത്രുക്കളെ യുദ്ധത്തിൽ ജയിച്ചു കീഴടക്കി, അവരുടെ കടമ്പുമരങ്ങളെ വെട്ടിമുറിച്ചിട്ട കോപമൂർത്തിയും ബലിഷ്ഠനുമായ നെടുഞ്ചേരലാതൻതന്നെയാണ് ഞങ്ങളുടെ രാജാവ്'[14] എന്നു പറയുന്നു. കുമട്ടൂർ കണ്ണനാർക്കു പുറമേ പാണർ, മാമൂലനാർ എന്നീ കവികളും ഈ രാജാവിനെപ്പറ്റിയുള്ള സ്തുതിഗീതങ്ങളെഴുതിയിട്ടുണ്ട്. സ്വാഭാവികമായും അവയിൽ ധാരാളം അതിശയോക്തികൾ കാണാം. എങ്കിലും നെടുഞ്ചേരലാതന്റെ കാലത്ത് ഏറെക്കുറെ വിസ്തൃതമായ ഒരു ചേരസാമ്രാജ്യമാണ് നിലനിന്നിരുന്നത് എന്നും കരയിലെന്നപോലെ കടലിലും അദ്ദേഹത്തിന്റെ സ്വാധീനശക്തി വ്യാപിച്ചിരുന്നുവെന്നും കരുതാവുന്നതാണ്. ഗൗതമനാർ രചിച്ച പാട്ടുകളിൽ പൂഴിയർ, മഴവർ, കൊങ്ങർ, മറവർ മുതലായവരുടെ നാഥനായ പൽയാനെ ചെൽകെഴുകുട്ടുവനെ വാഴ്ത്തിയിരിക്കുന്നു.[15] പൂഴിയരെ കീഴടക്കിവെച്ചിരുന്ന നന്നനെതിരായി നടത്തിയ യുദ്ധത്തിൽ വിജയംവരിച്ച നാർമുടിച്ചേരലാതന്റെ അപദാനങ്ങളെ കാപ്പിയാറ്റുകാപ്പിയനാർ എന്ന കവി കീർത്തിക്കുന്നു. 'പോരിനടുത്ത രാജാക്കളോടും അവരുടെ പടയോടും ഏറ്റുമുട്ടി, ചീറുന്ന കോപത്തോടെ വളരെ നേരംനിന്നു പൊരുതുകയും ഒടുവിൽ അവരെ നിശേഷം തോൽപ്പിച്ച് പോർക്കളത്തിൽ നിന്ന് ആട്ടിപ്പായിക്കുകയും', 'നന്നൻ എന്ന പകമന്നന്റെ കാവൽമരമായ പൊൽപ്പൂവാകയെ ചുവടോടെ വെട്ടിമുറിച്ചിടുകയും' ചെയ്ത 'നാർമുടിച്ചേരലാതന്റെ വീര്യപരാക്രമങ്ങൾ വർണ്ണിച്ചാൽ അവസാനിക്കുന്നതല്ല' എന്നാണ് കാപ്പിയനാർ പറയുന്നത്.[16]

എട്ടാംപത്തിന്റെ കവിയായ അരിചിൽ കിഴാർ പെരുഞ്ചേരൽ ഇരുമ്പൊറൈ എന്ന രാജാവിനെ, 'പുകാർ എന്ന പുരിക്ക് അരച, പൂഴിനാടുകൾക്ക് കവചമായി നിലകൊണ്ടു രക്ഷയരുളുന്നവനേ, കൊല്ലിമലയ്ക്കു നാഥാ!' എന്നെല്ലാം അഭിസംബോധനചെയ്യുന്നുണ്ട്. തകടൂർ ആക്രമിച്ചു കീഴടക്കിയതുകൊണ്ട് ഈ രാജാവ് 'തകടൂർ എറിന്ത പേരുംചേരൽ ഇരുമ്പൊറൈ എന്ന പേരിലറിയപ്പെടുന്നു. എന്നാൽ, ഏറ്റവുമധികം പ്രശസ്തിയാർജ്ജിച്ച രാജാവ് ചേരൻ ചെങ്കുട്ടുവനാണ്. പതിറ്റുപ്പത്തിലെ അഞ്ചാംപാട്ടിൽ പരണർ എന്ന കവി അദ്ദേഹത്തിന്റെ ഗുണഗണങ്ങളെ വാഴ്ത്തിപ്പാടിയിരിക്കുന്നു. ചിലപ്പതികാരകാവ്യത്തിലെ കഥാനായകനും

---

13. പതിറ്റുപ്പത്ത് II 1
14. പതിറ്റുപ്പത്ത് II 10
15. പതിറ്റുപ്പത്ത് III 1, 2, 3.
16. പതിറ്റുപ്പത്ത് IV, 10

അദ്ദേഹമാണ്. പരണരുടെ അതിശയോക്തി നിറഞ്ഞ ഒരു പാട്ടിൽ, 'അത്ര വളരെ പിടിയാനകൾ കുടികൊള്ളുന്നതും ദേവതകളും മുനിമാരും വസിക്കുന്ന ഉയർന്ന പാറക്കൂട്ടങ്ങളോടുകൂടിയതും നെടുനീളത്തിൽക്കിടന്നു വിളങ്ങുന്നതുമായ ഹിമവാൻ വടക്കും കന്യാകുമാരി തെക്കും അതിരായിട്ടുള്ള വിശാലമായ നാടുകളിലെ അരചൻമാർ മുരശുമുഴക്കി പൊരുതുന്ന പോർക്കളത്തിൽ പാഞ്ഞുകയറി പടയാളികളെ തോൽപ്പിച്ചശേഷം നീണാളായി നിലനിന്നുപോന്ന അവരുടെ നാടുകളുടെ അഴകിനെ അഴിച്ച് അലംകോലമാക്കിയ രണോൽസുകരായ പടയാളികളുടെ നാഥനും സ്വർണ്ണമാലയണിഞ്ഞു ശോഭിക്കുന്നവനുമായ കുട്ടു'വന്റെ വീരപരാക്രമങ്ങളേയും അനുപമമായ ദാനശീലത്തേയും വർണ്ണിച്ചിരിയ്ക്കുന്നു.[17] പല യുദ്ധങ്ങളിലും അദ്ദേഹം വിജയം നേടുകയുണ്ടായി. മോകൂർമന്നനായ പഴയനേയും ചോഴ പാണ്ഡ്യൻമാരുടെ പിന്തുണയുണ്ടായിരുന്ന നന്നനേയും അദ്ദേഹം തോൽപിച്ചു. ചെങ്കുട്ടുവന്റെ കാലത്ത് ചോഴരാജ്യത്തിൽ ഒരു പിന്തുടർച്ചാവകാശത്തർക്കമുണ്ടായതായും സിംഹാസത്തിനുവേണ്ടി പത്തുപേർ തമ്മിലുണ്ടായ തർക്കം ഒരു ലഹളയിലവസാനിച്ചതായും ചെങ്കുട്ടുവൻ ഇടപെട്ട് ഒമ്പതുപേരെ കൊന്ന് സിംഹാസനം ശരിയായ അവകാശിയ്ക്കേൽപ്പിച്ചു കൊണ്ടു ലഹള അവസാനിപ്പിച്ചതായും സംഘംപാട്ടുകൾ വെളിപ്പെടുത്തുന്നു. ചെങ്കുട്ടുവന്റെ കടൽ വിജയങ്ങളെപ്പറ്റിയും പതിറ്റുപ്പത്ത് വർണ്ണിക്കുന്നുണ്ട്. 'തിരകൾ ഇളകിമറിയുന്ന കടലിലെ കൊള്ളക്കാരായ ശത്രുക്കളെ'യെല്ലാം അദ്ദേഹം നശിപ്പിക്കുകയും അങ്ങനെ വിഘ്നം കൂടാതെ കടൽവ്യാപാരം നടത്താനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ചെങ്കുട്ടുവന്റെ കാലത്ത് ആഭ്യന്തരവ്യാപാരമെന്നപോലെ വിദേശവ്യാപാരവും പുഷ്ടിപ്പെട്ടു. പൊതുവിൽ പറഞ്ഞാൽ, അഭിവൃദ്ധിയുടെ ഒരു കാലഘട്ടമായിരുന്നു അത്.

ചേരൻചെങ്കുട്ടുവന്റെ മരണത്തിനുശേഷവും രണ്ടു നൂറ്റാണ്ടുകളോളം കാലം ചേരരാജാക്കൻമാരുടെ ഭരണം തുടരുകയുണ്ടായി. പക്ഷേ, ക്രമത്തിൽ അധ:പതനവാസനകൾ പലതും പ്രത്യക്ഷപ്പെടാൻ തുടങ്ങി. ചിലപ്പതികാരത്തിൽ ക്ഷയോൻമുഖമായ ഒരു സാമൂഹ്യസാമ്പത്തികവ്യവസ്ഥയുടെ പല പ്രതിഫലനങ്ങളും കാണാം.

17. പതിറ്റുപ്പത്ത് V, 3

# അധ്യായം 9

# തൊഴിലും ജാതിയും

ക്രിസ്തുവർഷാരംഭത്തിനുമുമ്പാകട്ടെ, കിസ്ത്വബ്ദത്തിന്റെ ആദ്യ ശതകങ്ങളിലാകട്ടെ, കേരളത്തിലെ ജനങ്ങൾ ജാതികളായി വിഭജിയ്ക്ക പ്പെട്ടിരുന്നില്ല. സാമുദായികവാദവും ജാതിബോധവും അക്കാലത്ത് അജ്ഞാതങ്ങളായിരുന്നു. സംഘകൃതികൾ, പ്ലീനിയുടെയും ടോളമിയു ടെയും ഗ്രന്ഥങ്ങൾ, പെരിപ്ലസ് മുതലായവയിലൊന്നും തന്നെ ജാതിവ്യ ത്യാസങ്ങളെപ്പറ്റിയോ സാമുദായിക സംഘട്ടനങ്ങളെപ്പറ്റിയോ സാമുദാ യിക പരാമർശിച്ചുകാണുന്നില്ല. തൊൽക്കാപ്പിയത്തിൽ 'ജാതി' എന്നൊരു പദം ഉപയോഗിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതു ശരിയാണ്. 'നീർവാഴ്ചാതിയുൾ നന്തും ഒന്റേ'[1] പൊരുളതികാരത്തിൽ കാണാം. പക്ഷേ, ഇവിടെ ജാതി എന്ന പദം മനുഷ്യർക്കിടയിലുള്ള വിഭാഗങ്ങളെക്കുറിക്കാനല്ല. വെള്ള ത്തിൽ ജീവിക്കുന്ന പ്രാണികളെ കുറിക്കാനാണ് പ്രയോഗിക്കപ്പെട്ടിട്ടു ള്ളത്.

അപ്പോൾ, കേരളീയ സമുദായത്തിൽ ജാതിഭേദങ്ങൾ എങ്ങനെയു ണ്ടായി? എന്നുമുതൽക്കുണ്ടായി?

ആര്യന്മാരുടെ സംഭാവനയാണ് ജാതിവ്യവസ്ഥ എന്നും അവരുടെ ആഗമനത്തിനുമുമ്പ് ഇന്ത്യയിൽ ജാതികളുണ്ടായിരുന്നില്ലെന്നും ചിലർ വാദിക്കുന്നു. ആര്യന്മാർ വരുന്നതിനുമുമ്പുതന്നെ ഇന്ത്യയുടെ നാനാഭാ ഗങ്ങളിലും ജീവിച്ചിരുന്ന ദ്രാവിഡർക്കിടയിൽ ജാതിവ്യവസ്ഥയും വർണാ ശ്രമ വ്യവസ്ഥയും ഉണ്ടായിരുന്നുവെന്നും ദ്രാവിഡരുടെ ഈ സമ്പ്രദായ ങ്ങളെ പിന്നീട് ആര്യന്മാരും സ്വീകരിച്ചുവെന്നും യൂറോപ്യൻ നാടുകളിൽ

1. തൊൽക്കാപ്പിയം, പൊരുളതികാരം, 40, 60

കുടിയേറിപ്പാർത്ത ആര്യന്മാർക്കിടയിൽ ജാതിവ്യവസ്ഥയും വർണാശ്രമങ്ങളും ആവിർഭവിക്കുകയുണ്ടായില്ലെന്നുള്ളത് ഇതിനു തെളിവാണെന്നും മറ്റുചില പണ്ഡിതന്മാർ വാദിക്കുന്നു.[2] രണ്ടുകൂട്ടരുടെയും വാദഗതിതൾ തെറ്റാണ്. കാരണം, വർഗങ്ങളെന്നപോലെത്തന്നെ ജാതികളും ഉൽപ്പാദനശക്തികളുടെ വളർച്ചയുടെ ഫലമായി സാമൂഹ്യ പരിണാമത്തിലെ ഒരു സവിശേഷ ഘട്ടത്തിൽ മാത്രം ആവിർഭവിച്ചവയാണ് എന്ന് യാഥാർഥ്യത്തെ രണ്ടുകൂട്ടരും അവഗണിക്കുന്നു.

ആടുമാടുകളെ മേച്ചു നടന്നിരുന്ന ആര്യന്മാരുടെ അപരിഷ്കൃത ഗോത്രങ്ങൾ ഇന്ത്യയിൽ കുടിയേറിപ്പാർക്കാൻ തുടങ്ങിയകാലത്ത് അവർക്കിടയിൽ ജാതിവ്യത്യാസങ്ങളോ വർഗവ്യത്യാസങ്ങളോ ഉണ്ടായിരുന്നില്ല. പ്രാകൃത കമ്മ്യൂണിസ്റ്റ് സമുദായത്തിൽ ജീവിച്ചിരുന്ന കാലത്തെ ദ്രാവിഡരുടെ സ്ഥിതിയും അതുതന്നെയായിരുന്നു. ആദ്യകാലത്ത് ദ്രാവിഡർക്കിടയിലും ജാതിവ്യത്യാസങ്ങളോ വർഗവ്യത്യാസങ്ങളോ ഉണ്ടായിരുന്നില്ല. മുമ്പൊരധ്യായത്തിൽ വ്യക്തമാക്കിയതുപോലെ, ഉൽപ്പാദന ശക്തികൾ വളരുകയും സ്വകാര്യ സ്വത്തുടമ തലപൊക്കുകയും അങ്ങനെ മനുഷ്യന് മനുഷ്യനെ ചൂഷണം ചെയ്യാനുള്ള സാഹചര്യങ്ങളുയർന്നുവരികയും ചെയ്തപ്പോളാണ് അടിമകൾ, ഉടമകൾ എന്നിങ്ങനെ വ്യത്യസ്ത വർഗങ്ങളായി സമുദായം വിഭജിക്കപ്പെട്ടത്.

## ചേരനാട്ടിലെ അടിമത്തവ്യവസ്ഥ

പ്രാചീന കേരളത്തിൽ അടിമത്തവ്യവസ്ഥയുണ്ടായിരുന്നില്ലെന്നു വാദിക്കുന്നവരുണ്ട്. ചേര-ചോഴ-പാണ്ടിരാജ്യങ്ങളിൽ, തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള ജാതിവിഭാഗങ്ങളെ ഉണ്ടായിരുന്നുള്ളു. അടിമകൾ എന്ന പ്രത്യേക വിഭാഗമുണ്ടായിരുന്നില്ലാ എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. ഇതും ശരിയല്ല. സംഘംകൃതികളിൽത്തന്നെ അടിമത്തത്തെപ്പറ്റിയുള്ള പരാമർശങ്ങൾ കാണാം. ഉദാഹരണത്തിന് തൊൽക്കാപ്പിയം ചൊല്ലതികാരത്തിൽ 'അടിമൈ', 'കടിമൈ' തുടങ്ങിയപദങ്ങൾ പ്രയോഗത്തിൽ തിര്യക്കുകളെക്കുറിക്കുന്ന പദങ്ങൾപോലെ വരും എന്നു വിധിക്കുന്നുണ്ട്.[3] തൊൽക്കാപ്പിയം പൊരുളധികാരത്തിൽ 'അടിമകളേയും ജോലിക്കാരേയും അഞ്ചു തിണൈകളൊഴികെയുള്ള കൈക്കിളൈയിലും പെരുന്തിണൈയിലും നായികാനായകന്മാരാക്കി കവിതയുണ്ടാക്കുന്നതിൽ

2. ചാമി ചിതംബരനാർ, തൊൽകാപ്പിയത്തമിഴർ, പേ. 60-61.
3. തൊൽകാപ്പിയം പൊ. 56 എം. ഇളയപെരുമാൾ, പുലവർ എസ്.ജി. സുബ്രഹ്മണ്യപിള്ള എന്നിവരുടെ തർജ്ജമ, പേ. 112

തെറ്റില്ല.[4] എന്നും 'ജോലി എടുപ്പിക്കുന്നവരേയും കൈക്കിളൈ പെരുന്തിണൈകളിൽ നായികാ നായകന്മാരാക്കാവുന്നതാണ്.'[5] എന്നും പ്രസ്താവിക്കുന്നു.

ചേര രാജാക്കന്മാർ യവനരെ ദാസ്യവൃത്തിക്കുവേണ്ടി ഉപയോഗിച്ചിരുന്നുവെന്നതിന് സംഘകൃതികളിൽ തെളിവുകളുണ്ട്. ശക്തന്മാരായ യവനർ രാജാക്കന്മാരുടെ അംഗരക്ഷകൻമാരായും കൊട്ടാരം കാവൽക്കാരായും നിയമിക്കപ്പെട്ടിരുന്നതായി മുല്ലൈപ്പാട്ടിൽ നിന്നും മനസ്സിലാക്കാം. പാശ്ചാത്യ രാജ്യങ്ങളിൽ നിന്ന് ഇന്ത്യയിലേയ്ക്കിറക്കുമതി ചെയ്യപ്പെട്ടിരുന്ന ചരക്കുകളുടെ കൂട്ടത്തിൽ അടിമകളും ഉൾപ്പെട്ടിരുന്നുവെന്നും സുന്ദരികളായ അടിമസ്ത്രീകൾ രാജാക്കന്മാരുടെ വെപ്പാട്ടികളായും ദാസികളായും മറ്റും ഉപയോഗിക്കപ്പെട്ടിരുന്നുവെന്നും പെരിപ്ലസ് വെളിപ്പെടുത്തുന്നു. വാർമിങ്ങ്ടൺ ചൂണ്ടിക്കാണിക്കുന്നതുപോലെ, അടിമകളുടെ കയറ്റുമതി കുറവായിരുന്നു. ഇറക്കുമതിയായിരുന്നു കൂടുതൽ.[6] എന്നാൽ, സംഘകാലത്ത് വൻതോതിലുള്ള അടിമക്കച്ചവടം നടന്നിരുന്നു എന്നതിന് വേണ്ടത്ര തെളിവുകളില്ല. ഇറക്കുമതിചെയ്യപ്പെട്ട അടിമകൾ മുഖ്യമായും രാജാക്കന്മാർക്കും മറ്റും സമ്മാനം നൽകാൻ വേണ്ടിയാണ് ഉപയോഗിക്കപ്പെട്ടിരുന്നതെന്നു തോന്നുന്നു. പക്ഷേ, നാട്ടുകാരായ അടിമകൾ കൂടുതൽ ഉണ്ടായിരിക്കാനിടയുണ്ട്. ജലസേചനപദ്ധതികളിലും അണക്കെട്ടുനിർമാണങ്ങളിലും മറ്റും അടിമകളുടെ അധ്വാനം ഉപയോഗിക്കപ്പെട്ടിരുന്നു എന്നു തീർച്ചയാണ്. ഇത്തരം ആവശ്യങ്ങൾക്കുവേണ്ടി അന്യനാടുകളിൽ നിന്ന് അടിമകളെ ബലാൽക്കാരമായി പിടിച്ചുകൊണ്ടുവരികപോലും പതിവായിരുന്നു. ചോഴരാജാവ് കാവേരിപ്പൂം പട്ടണത്തിന്റെ നിർമാണത്തിനുവേണ്ടി സിലോണിൽ നിന്ന് 12,000 അടിമകളെ പിടിച്ചുകൊണ്ടുവന്നുവെന്ന് സിലോൺ ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. അടിമവേലയായിരുന്നു സംഘകാലത്തെ പുരോഗതിയുടെ മുഖ്യമായ ഒരടിസ്ഥാനമെന്നു ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നതാണ്.

എന്നിരിക്കിലും, പ്രാചീന കേരളത്തിലെ അടിമത്തവ്യവസ്ഥ ഗ്രീസ്, റോം തുടങ്ങിയ പ്രാചീന യൂറോപ്യൻ രാജ്യങ്ങളിലേതുപോലെ അത്ര

---

4. 'അടിയോർ പാങ്കിനും വിനൈവലർ പാങ്കിനുങ്കടിവരെ ഇലപുറത്തു എൻമനാർ പുലവർ'. തൊ. പൊ. 25, പേ. 215

5. 'ഏവർ മരപിൻ എനോരും ഉരിയർ
ആകിയ നികെലമൈ അവരും അന്നർ'.
തൊ. പൊ. 26, പേ, 215

6. E.H. Warmington: The Commerce Between the Roman Empire and India, P. 146

രൂക്ഷമോ സാർവത്രികമോ ആയിരുന്നില്ല. സമുദായം വർഗങ്ങളായി പിരിഞ്ഞതിനുശേഷവും പ്രാകൃത കമ്മ്യൂണിസത്തിന്റെ പ്രബലങ്ങളായ അവശിഷ്ടങ്ങൾ നിലനിന്നുപോന്നു എന്നതായിരിക്കാം ഈ വ്യത്യാസത്തിന്റെ പ്രധാനകാരണം.

## ചാതുർവർണ്യവും ബ്രാഹ്മണമേധാവിത്വവും

വടക്കെ ഇന്ത്യയിലെ ആര്യന്മാർക്കിടയിൽ അടിമത്തവ്യവസ്ഥ ഉയർന്നുവന്നത് ചാതുർവർണ്യത്തിന്റെ രൂപത്തിലാണ്. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ നാലുവർണങ്ങളായിട്ടാണ് സമുദായം വിഭജിക്കപ്പെട്ടത്. ഈ വർണങ്ങളും പിന്നീടുണ്ടായ ജാതികളും ഒന്നല്ല. ജാതിവ്യത്യാസം ഫ്യൂഡലിസത്തിന്റെ സൃഷ്ടിയാണ്. ചാതുർവർണ്യമാകട്ടെ, അടിമത്ത വ്യവസ്ഥയിലെ വർഗവ്യത്യാസങ്ങളെയാണ് കുറിക്കുന്നത്. പ്രവൃത്തി വിഭജനത്തിന്റെ അടിസ്ഥാനത്തിലാവിർഭവിച്ച വ്യത്യാസങ്ങൾ ക്രമത്തിൽ വർണവ്യത്യാസങ്ങളായി രൂപാന്തരപ്പെടുകയാണുണ്ടായത്. പുരോഹിതവൃത്തിയിലേർപ്പെട്ട ബ്രാഹ്മണനായിരുന്നു ഏറ്റവും ഉയർന്ന വർണം. ആത്മീയകാര്യങ്ങളിലെന്നപോലെ തന്നെ ഭൗതികകാര്യങ്ങളിലും ബ്രാഹ്മണരുടെ ആധിപത്യമാണ് നിലനിന്നിരുന്നത്. ബ്രാഹ്മണ മേധാവിത്വം എന്നാൽ അടിമത്തം എന്നായിരുന്നു അർത്ഥം. ഏറ്റവും മുകളിൽ ബ്രാഹ്മണർ, ഏറ്റവും ചുവട്ടിൽ ശൂദ്രർ ഇതായിരുന്നു സ്ഥിതി. ശൂദ്രന്മാർ അനുഭവിച്ചുപോന്ന ക്രൂരമർദ്ദനങ്ങൾക്ക് മനുസ്മൃതി, നാരദസ്മൃതി തുടങ്ങിയ പ്രാചീന നിയമസംഹിതകൾ സാക്ഷ്യം വഹിക്കുന്നു.

എന്നാൽ ദക്ഷിണേന്ത്യയിൽ ചാതുർവർണ്യത്തിന്റെ അടിസ്ഥാനത്തിലല്ല പ്രവർത്തി വിഭജനവും വർഗവ്യത്യാസവും ആവിർഭവിച്ചത്. ബ്രാഹ്മണമേധാവിത്വം സംഘകാലത്തെ ജനങ്ങൾക്ക് അജ്ഞാതമായിരുന്നു. സംഘകൃതികളിൽ ഒരിടത്തും ശൂദ്രൻ എന്ന ഒരുവാക്കുപോലും കാണാൻ കഴിയില്ല.

ചേര-ചോഴ-പാണ്ടിരാജ്യങ്ങളിലെ ജനങ്ങൾ ഉത്തരേന്ത്യക്കാരിൽ നിന്നും തികച്ചും ഒറ്റപ്പെട്ടാണ് ജീവിച്ചിരുന്നത് എന്ന് ഇതിനർത്ഥമില്ല. സിന്ധു നദീതട സംസ്ക്കാരത്തിന്റെ കാലംമുതൽക്കെ ദക്ഷിണേന്ത്യയും ഉത്തരേന്ത്യയും തമ്മിൽ വ്യാപാര ബന്ധങ്ങൾ ഉണ്ടായിരുന്നുവെന്ന് മുമ്പൊരദ്ധ്യായത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. ക്രിസ്ത്വബ്ദത്തിന് മൂന്നോ നാലോ നൂറ്റാണ്ടുകൾക്കുമുമ്പ് ആര്യന്മാരുടെ സമ്പർക്കങ്ങളും ആരംഭിച്ചിട്ടുണ്ടാവണം. ബുദ്ധമതക്കാരുടെയും ജൈനമതക്കാരുടെയും ചെറിയ ചെറിയ സംഘങ്ങൾ ദക്ഷിണേന്ത്യയിൽ വന്ന് കുടിയേറി

പാർത്തിട്ടുണ്ടാവണം. അപൂർവ്വംചില വൈദികമതക്കാരും വന്നിട്ടുണ്ടാവാം. അശോകന്റെ കാലം മുതൽക്ക് ദക്ഷിണേന്ത്യക്കാരും ഉത്തരേന്ത്യക്കാരും തമ്മിലുള്ള വാണിജ്യപരവും സാംസ്ക്കാരികവുമായ ബന്ധങ്ങൾ കൂടുതൽ പുഷ്ടിപ്പെട്ടു തുടങ്ങിയിട്ടുണ്ടാവണം. ഈ പരസ്പര ബന്ധങ്ങളുടെ ഫലമായി ഉത്തരേന്ത്യക്കാരുടെ ചില സംസ്കൃത പദങ്ങൾ തെക്കേ ഇന്ത്യയിലും ദക്ഷിണേന്ത്യക്കാരുടെ ചില ദ്രാവിഡപദങ്ങൾ വടക്കെ ഇന്ത്യയിലും പ്രചരിക്കാൻ തുടങ്ങിയെങ്കിൽ അത്ഭുതപ്പെടാനില്ല. തൊൽക്കാപ്പിയം എന്ന തമിഴ് വ്യാകരണത്തിൽ അവിടേയും ഇവിടേയുമായി പാണിനീവ്യാകരണത്തിന്റെ സ്വാധീനം കാണാമെന്ന് ചില പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, ഇന്ത്യയിലെ വ്യത്യസ്ത പ്രദേശങ്ങളിലെ വ്യത്യസ്ത ജനവിഭാഗങ്ങൾക്കിടയിൽ നൂറ്റാണ്ടുകളിലൂടെ പടിപടിയായി വളർന്നുവന്ന സാംസ്കാരിക ഐക്യത്തിന്റെ പ്രാരംഭഘട്ടമായിരുന്നു അത്. പക്ഷേ, ഇതിന്റെ അർത്ഥം സംഘകാലത്തെ കേരളീയർ ആര്യന്മാരുടെ മതം, വർണവ്യവസ്ഥ മുതലായവ സ്വീകരിച്ചുവെന്നല്ല. കച്ചവടച്ചരക്കുകൾ കൈമാറ്റം ചെയ്യപ്പെടുന്നതുപോലെ അത്ര എളുപ്പത്തിൽ മതങ്ങളും വർണങ്ങളും കൈമാറാൻ കഴിയില്ല. എന്നല്ല, ആ പ്രാചീനകാലത്ത് ദക്ഷിണേന്ത്യയിൽ വൈദികമതത്തിനും ബ്രാഹ്മണമേധാവിത്വത്തിനും വേരുറച്ചുനിൽക്കാൻ പറ്റിയ ഭൗതിക സാഹചര്യങ്ങൾ ഉണ്ടായിരുന്നില്ലതാനും. ഏതായാലും സംഘസാഹിത്യത്തിൽ പ്രതിഫലിപ്പിച്ചു കാണിക്കുന്ന മതസംസ്ക്കാരങ്ങളും ലൈംഗിക ബന്ധങ്ങളും സാമൂഹ്യബന്ധങ്ങളുമെല്ലാം ചാതുർവർണ്യത്തിന്റേതിൽ നിന്ന് വളരെ വ്യത്യസ്തമാണ്. വാസ്തവത്തിൽ, അകനാനൂറ്, പുറനാനൂറ്, പതിറ്റുപ്പത്ത് മുതലായ പ്രാചീന കൃതികളിലെ വലിയൊരു ഭാഗം പാട്ടുകൾ ആര്യന്മാരുടെ ആഗമനത്തിനുമുമ്പ് ദക്ഷിണേന്ത്യയിൽ രൂഢമൂലമായി നിലനിന്നിരുന്ന കുലഗോത്രസമുദായത്തിന്റെ സവിശേഷതകളെയാണ് വെളിപ്പെടുത്തുന്നത്. ഉൽപ്പാദനശക്തികൾ വളർന്നപ്പോൾ വർഗവ്യത്യാസങ്ങളും വർഗവിഭജനങ്ങളും ആവിർഭവിച്ചു എന്നത് ശരിയാണ്. പക്ഷേ, സംഘംകൃതികൾ വെളിപ്പെടുത്തുന്ന വർഗവിഭജനങ്ങൾ ഉത്തരേന്ത്യയിലുണ്ടായിരുന്നവയിൽനിന്നു വിഭിന്നമാണ്.

## കുലവും തൊഴിലും

ആദ്യകാലത്ത് കുലങ്ങളും ഗോത്രങ്ങളും മാത്രമാണുണ്ടായിരുന്നത്. വർഗങ്ങളും ജാതികളുമുണ്ടായിരുന്നില്ല. വ്യത്യസ്ത തിണകളിൽ വ്യത്യസ്ത ഗോത്രങ്ങളും അവരുടെ തലവന്മാരും ജീവിച്ചിരുന്നു. പൂഴിയാർ, മഴ്കവർ, മറവർ, കുറവർ, കാനവർ, വേട്ടുവർ, ആയർ, ഇടയർ, കോവലർ, പൊതുവർ, എയിനർ, നുളൈയർ, തിമിലർ, പരതവർ, ഉഴ

വർ, കടൈയർ, മലൈയർ എന്നിങ്ങനെയുള്ള ഒട്ടനവധി ഗോത്രങ്ങളെപ്പറ്റി പ്രാചീന സംഘകൃതികൾ പരാമർശിക്കുന്നുണ്ട്. തിണകളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളനുസരിച്ച്, അവർക്ക് വ്യത്യസ്തങ്ങളായ തൊഴിലുണ്ടായിരുന്നു. ഉദാഹരണത്തിന്, കന്നുകാലികളെ മേയ്ക്കലായിരുന്നു ആയരുടെ ജോലി. ഉഴവരുടെ പ്രവൃത്തി കൃഷിയായിരുന്നു. മീൻപിടിക്കലും ഉപ്പുണ്ടാക്കലും മറ്റുമായിരുന്നു നുളൈയരുടെ തൊഴിൽ.

ഉൽപ്പാദനശക്തികൾ വളരുകയും കൃഷിയും കൈത്തൊഴിലും അഭിവൃദ്ധിപ്പെടുകയും ചെയ്തപ്പോൾ സമുദായത്തിൽ പുതിയ വിഭജനമുണ്ടായി. മരുതനിലത്തിലാണ് കൂടുതൽ അഭിവൃദ്ധിയുണ്ടായത്. കൃഷിയോടൊപ്പം പലതരം കൈത്തൊഴിലുകളും ആവിർഭവിച്ചു. കുയവൻ (കുശവൻ), തച്ചൻ, കൊല്ലൻ, തയ്യൽക്കാരൻ, നെയ്ത്തുകാരൻ, ചെമ്പുപണിക്കാരൻ, പൊൻപണിക്കാരൻ, കമ്മാളൻ, വലയൻ, പുലയൻ തുടങ്ങിയ വിവിധ കൈത്തൊഴിൽക്കാരെപ്പറ്റി സംഘകൃതികൾ പ്രതിപാദിക്കുന്നുണ്ട്. കൃഷിയും കൈത്തൊഴിലും അഭിവൃദ്ധിപ്പെട്ടപ്പോൾ കച്ചവടവും അഭിവൃദ്ധിപ്പെട്ടു. ഉഴവർക്കും വേളാർക്കും പുറമെ വണികർ അല്ലെങ്കിൽ വണിക്കുകൾ എന്ന ഒരു പ്രത്യേക ജനവിഭാഗവും ഉയർന്നുവന്നു. സാങ്കേതികജ്ഞാനത്തിന്റെ വളർച്ചയോടൊപ്പം കലയും സാഹിത്യവും അഭിവൃദ്ധിപ്പെട്ടു. അങ്ങനെ കവികൾ, അറിവർ, പാർപ്പാൻ എന്നിങ്ങനെയുള്ള ഒരു ബുദ്ധിജീവി വിഭാഗവും പാണർ, കൂത്തർ, പറയർ, വിറലികൾ, കടമ്പർ മുതലായ ജനവിഭാഗങ്ങളും ഉയർന്നുവന്നു. പുറനാനൂറിൽ മാങ്കുടികീഴാർ പാടിയ ഒരുപാട്ടിൽ, 'തുടിയൻ (തുടികൊട്ടുന്നവൻ), പാണൻ (പാട്ടുകാരൻ), പറയൻ (ചെണ്ടക്കാരൻ), കടമ്പൻ (കടമ്പുകൊട്ടുന്നവൻ) എന്നിവരല്ലാതെ മറ്റൊരു ഗോത്രവുമില്ല എന്നുപറയുന്നു.[7] സംഗീതത്തിനു കൽപ്പിക്കപ്പെട്ടിരുന്ന പ്രാധാന്യം ഇതിൽനിന്നു മനസിലാക്കാം. അറിവർ എന്നുവച്ചാൽ അറിവുള്ളവർ അല്ലെങ്കിൽ ജ്ഞാനസംബന്ധിയായ പ്രവർത്തനങ്ങളിലേർപ്പെടുന്നവർ. പാർപ്പാൻ എന്ന വാക്കിന് ദീർഘദൃഷ്ടിയോടെ നോക്കിക്കാണാൻ കഴിയുന്ന ബുദ്ധിമാൻ എന്നേ അർഥമുള്ളു. സമുദായത്തിൽ വല്ല പ്രധാന സംഭവങ്ങളോ ആഘോഷങ്ങളോ അല്ലെങ്കിൽ വിഷമം പിടിച്ച പരിതഃസ്ഥിതികളോ ഉണ്ടാകുമ്പോൾ ജനങ്ങൾ അറിവരുടേയും പാർപ്പാൻമാരുടേയും സഹായം തേടുക പതിവായിരുന്നു.

ഇവരാരും തന്നെ ജാതികളായിരുന്നില്ല. വ്യത്യസ്ത തൊഴിലുകളെടുത്തു ജീവിച്ചിരുന്ന ജനവിഭാഗങ്ങൾ മാത്രമായിരുന്നു. ഇളംകുളം

---

7. 'തുടിയൻ പാണൻ പറയൻ കടമ്പൻ
ഇന്നാങ്കലതു കുടിയും ഇല്ലൈ!' പുറനാനൂറ്, 335

കുഞ്ഞൻപിള്ള ചൂണ്ടിക്കാണിക്കുന്നതുപോലെ 'കുറവനോ വേടനോ മുല്ല നില്ലത്തുപോയി താമസിച്ച് ഇടയന്റെ തൊഴിൽ സ്വീകരിച്ചാൽ അവനും ഇടയൻ തന്നെ'[8] ആദ്യകാലത്ത് തൊഴിലിനെ അടിസ്ഥാനപ്പെടുത്തിയുള്ള വിഭജനങ്ങൾ മാത്രമാണുണ്ടായിരുന്നത്. എന്നാൽ സ്വത്തുൽപ്പാദനം വികസിക്കുകയും ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അകൽച്ച വർദ്ധിക്കുകയും ചെയ്തപ്പോൾ വർഗവ്യത്യാസങ്ങൾ പ്രകടമായിത്തീർന്നു. അന്തണർ, അരചർ, വണികർ, വേളാർ എന്നീ നാലു വിഭാഗക്കാർ ഉയർന്ന വർഗ്ഗക്കാരായി കരുതപ്പെടാൻ തുടങ്ങി. വിദ്യാഭ്യാസം, രാജ്യരക്ഷ, വാണിജ്യം, കൃഷി എന്നിവ ഉയർന്ന തൊഴിലുകളായും കണക്കാക്കപ്പെട്ടു.

## സംഘകാലത്തെ മേലോർ വിഭാഗങ്ങൾ

അന്തണൻ, അരചർ, വേളാർ, വണികർ എന്നീ 'മേലാർ വിഭാഗ' ങ്ങളെപ്പറ്റിയും അവരുടെ തൊഴിലുകളെപ്പറ്റിയും തൊൽകാപ്പിയം പ്രതിപാദിക്കുന്നുണ്ട്. തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള ഈ ജനവിഭാഗങ്ങളെ ചില പിൽക്കാല കൃതികളിൽ വർണ്ണങ്ങളായി കണക്കാക്കാൻ തുടങ്ങി. ഏതാനും നൂറ്റാണ്ടുകൾക്കുശേഷം തൊൽകാപ്പിയത്തിന് വ്യാഖ്യാനമെഴുതിയ ഇളംപൂരണർ, നച്ചിനാർക്കിനിയർ മുതലായ വൈദ്യ സാഹിത്യകാരൻമാരാകട്ടെ, ആ വർണ്ണങ്ങൾക്ക് വൈദികമായ അർത്ഥം നൽകാൻ ശ്രമിക്കുകയും ചെയ്തു. കാലക്രമത്തിൽ, ജൈനമത വിശ്വാസിയായിരുന്ന തൊൽകാപ്പിയർപോലും ചാതുർവർണ്യത്തിന്റെ പ്രചാരകനായി തെറ്റിദ്ധരിപ്പിക്കപ്പെടാൻ തുടങ്ങി!

ഈ തെറ്റായ ധാരണ ചില ആധുനിക പണ്ഡിതൻമാരെപ്പോലും പിടികൂടിയിട്ടുണ്ടെന്നു കാണാം. ഉദാഹരണത്തിന് ഇളംകുളം കുഞ്ഞൻപിള്ള എഴുതുന്നതു നോക്കുക:

'ചാതുർവർണ്യം പ്രചരിപ്പിക്കാനുള്ള ദൃഢമായ യത്നം തൊൽകാപ്പിയത്തിൽ സർവ്വത്ര കാണാം. രാജാക്കൻമാരെല്ലാം 'അരചർ' ജാതിക്കാരാണെന്നും കച്ചവടക്കാരെല്ലാം 'വണികർ' ജാതിക്കാരാണെന്നും മറ്റുമുള്ള അദ്ദേഹത്തിന്റെ പ്രസ്താവങ്ങൾ ചാതുർവർണ്യപ്രചാരത്തിന്റെ ആദ്യഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. അരചരും അന്തണരും വണികരും 'മേലോരാ' ണെന്നും പിന്നെയുള്ളവർ 'കീഴോരാ' ണെന്നും വരെ പറയാമെന്നുള്ള ഒരു ഘട്ടത്തിലാണ് തൊൽകാപ്പിയർ ജീവിച്ചിരുന്നത്.'[9]

8. ഇളംകുളം കുഞ്ഞൻപിള്ള: കേരളം അഞ്ചും ആറും നൂറ്റാണ്ടുകളിൽ, പേ 23.

9. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള: കേരളം അഞ്ചും ആറും നൂറ്റാണ്ടുകളിൽ, പേ. 115.

രാജാക്കൻമാർ അരചർ ജാതിക്കാരും കച്ചവടക്കാർ വാണികർ ജാതിക്കാരുമാണെന്ന് തൊൽകാപ്പിയത്തിൽ എവിടെയാണ് പറഞ്ഞിട്ടുള്ളത്? ‘ജാതി’ എന്ന വാക്കുപോലും തൊൽകാപ്പിയർ ഉപയോഗിക്കുന്നില്ലെന്നുള്ളതാണ് വാസ്തവം. അതിരിക്കട്ടെ അന്തണർ, അരചർ, വാണികർ എന്നീ മൂന്നു വിഭാഗക്കാർ മാത്രം ‘മേലോ’രും നാലാമത്തെ വിഭാഗമായ വേളാളർ ‘കീഴാരു’മാണെന്ന് തൊൽകാപ്പിയർ പറയുന്നില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വേളാളരും ‘മേലോർ’ വിഭാഗത്തിൽപ്പെട്ടവരാണ്. ‘വില്ലും വേലും കുഴലും കണ്ണിയും, താരും ആരമും തേരും മാവും മൻപെറും മരപിൻ എനോർക്കുരിയ. അന്നരായിനും ഇഴിന്തോർക്കില്ലെ’ (വില്ല് വേൽ കാലിലണിയുന്ന കുഴൽ കഴുത്തിലണിയുന്ന മാല, ഹാരം, തേര്, കുതിര ഇവ വണികർക്കും വേളാളർക്കും യോജിക്കും. താണവർക്കു അവ യോജിക്കുകയില്ല.) എന്നും മറ്റുമുള്ള തൊൽകാപ്പിയം സൂത്രങ്ങൾ ഇത് വ്യക്തമാക്കുന്നുണ്ട്.[10] ഉഴുതു ജീവിക്കുന്ന ഒരു ജനവിഭാഗമായിരുന്നു വേളാളർ എന്നതു ശരിതന്നെ. എങ്കിലും അവർ സ്വത്തുടമസ്ഥൻമാരായിരുന്നു. രാജ്യകാര്യങ്ങളിൽ പങ്കെടുക്കാൻപോലും അവർക്കധികാരമുണ്ടായിരുന്നു. ‘വേന്തുവീടു തൊഴിലിർ പടൈയുങ്കണ്ണിയും വായ്ന്തനർ എൻപ അവർ പെറും പൊരുളേ’ (രാജ്യകാര്യങ്ങൾക്കായി ചെല്ലുമ്പോൾ ആയുധവും മാലയും അവർക്ക് യോജിച്ചവയാണ്.) എന്ന് തൊൽക്കാപ്പിയർ ചൂണ്ടിക്കാണിക്കുന്നു.[11]

വാണിജ്യംകൊണ്ട് ഉപജീവനം കഴിക്കുന്നവരായിരുന്നു വണികർ. പക്ഷേ, അതേസമയത്തുതന്നെ സൈന്യവും ആയുധവും കൈവശം വെയ്ക്കാൻ അവർക്കധികാരമുണ്ടായിരുന്നുവെന്നും ‘എട്ടുവക ധാന്യങ്ങൾ കൃഷിചെയ്യുക എന്നതും അവർക്കു യോജിക്കും’ എന്നും തൊൽകാപ്പിയർ പറയുന്നു. അന്തണർ, അരചർ, വണികർ, വേളാളർ എന്നീ നാല് സ്വത്തുടമകളും ‘മേലോ’രായിരുന്നുവെന്നും അവർക്കിടയിലുള്ള അന്തരം നിസാരമായിരുന്നുവെന്നുമാണ് ഇതിൽനിന്നെല്ലാം മനസ്സിലാക്കേണ്ടത്.

## അന്തണനും ബ്രാഹ്മണനും

അന്തണൻ, പാർപ്പാൺ എന്നീ പദങ്ങൾക്ക് മിക്ക പണ്ഡിതൻമാരും ‘ബ്രാഹ്മണൻ’ എന്നാണ് തർജ്ജമചെയ്തുകാണുന്നത്. ഈ തർജ്ജമ അത്ര ശരിയാണെന്നു തോന്നുന്നില്ല. സമുദായത്തിലെ മേലേക്കിടയിൽനിന്ന് പഠിപ്പും പാണ്ഡിത്യവും വിവേകവും ദീർഘദൃഷ്ടിയുമുള്ള

10. തൊൽകാപ്പിയം, പൊരുളധികാരം, 628-629 എം. ഇളയപെരുമാൾ, എസ്.ജി. സുബ്രഹ്മണ്യംപിള്ള, എന്നിവരുടെ തർജ്ജമ, പേ. 365.

11. തൊൽകാപ്പിയം, പൊരുളധികാരം, 625-26, പേ. 364.

ഒരു വിഭാഗം ഉയർന്നുവന്നുവെന്നും അവരിൽ ചിലർ രാജാക്കൻമാരുടെ ഉപദേഷ്ടാക്കളും അധ്യാപകൻമാരുമായി. മറ്റു ചിലർ ജന്തുബലി (വേൾവി) തുടങ്ങിയ യാഗച്ചടങ്ങുകൾക്ക് നേതൃത്വം നൽകുന്ന പുരോഹിതൻമാരായും തീർന്നുവെന്നും അവർ മറ്റു ജനവിഭാഗങ്ങളാൽ ആദരിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്തുവെന്നും സംഘംകൃതികൾ വ്യക്തമാക്കുന്നുണ്ടെന്നുള്ളതു ശരിയാണ്. പക്ഷേ, അവരാരും ആര്യബ്രാഹ്മണരായിരുന്നില്ല. ആര്യൻമാരുടെ ബ്രാഹ്മണനും, ദക്ഷിണേന്ത്യയിലെ അന്തണനും ഒന്നായിരുന്നില്ല. അന്തണൻ, പാർപ്പാൻ എന്നീ വാക്കുകൾ പോലും സംസ്കൃതപദങ്ങളല്ല, ദ്രാവിഡപദങ്ങളാണ്.[12] പൂജാദികർമ്മങ്ങളിലോ ബൗദ്ധികമായ മറ്റു പ്രവർത്തനങ്ങളിലോ ഏർപ്പെട്ടുവെന്നതു കൊണ്ടുമാത്രം ഒരാൾ ആര്യബ്രാഹ്മണനാകുകയില്ലല്ലോ. പൂജാദികർമ്മങ്ങൾ തന്നെ തികച്ചും വൈദികരീതിയിലുള്ളവയായിരുന്നു എന്നു പറയാൻ വയ്യ. ആര്യൻമാർ ആരാധിച്ചിരുന്ന ദൈവങ്ങളും തെക്കെ ഇന്ത്യയിലെ ജനങ്ങൾ ആരാധിച്ചിരുന്ന ദൈവങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. യുദ്ധത്തിൽ വീരമൃത്യുവരിച്ച തലവന്റെ സ്മാരകമായി നാട്ടപ്പെട്ട കല്ലിനെ പൂജിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി മാങ്കുടികീഴാർ തുടങ്ങി പല കവികളും പാടിയിട്ടുണ്ട്. അത്തരമൊരു ആരാധനാ സമ്പ്രദായം ആര്യൻമാർക്കിടയിലുണ്ടായിരുന്നില്ല. 'വേൾവി' നടത്തിക്കാൻ എല്ലാവർക്കും അധികാരമുണ്ടായിരുന്നു. യാഗവും വേൾവിയും ഒന്നുതന്നെയായിരുന്നു എന്നു പറയാൻ പ്രയാസമുണ്ട്. ഗോത്രസമുദായക്കാർക്കിടയിൽതന്നെ ആവിർഭവിച്ച ഒരതരം ജന്തുബലിയായിരുന്നു ആദ്യകാലത്തെ വേൾവി എന്നു കരുതാൻ ന്യായമുണ്ട്. ചില വേൾവികൾ നടത്തുമ്പോൾ മാൻതോലുടുക്കണം. പൂജകഴിഞ്ഞ ഉടനെ കുലത്തലവൻ നൽകുന്ന കള്ളും ഇറച്ചിയും ഉൾപ്പെടെയുള്ള വിഭവസമൃദ്ധമായ ഒരു സദ്യയുണ്ണാം. അന്യഗോത്രക്കാരുടെ ഭക്ഷണം കഴിക്കുന്ന അന്തണന് യാതൊരു ഭ്രഷ്ടുമുണ്ടായിരുന്നില്ല. തൊട്ടുകൂടായ്കയും തീണ്ടിക്കൂടായ്കയും മറ്റും തികച്ചും അജ്ഞാതങ്ങളായിരുന്നു.

വിവാഹസമ്പ്രദായത്തിലും വ്യത്യാസം കാണാം.. 'കർപുവിവാഹ'ത്തിനു മാത്രമല്ല വിവാഹത്തിനു മുമ്പുള്ള 'കളവ്' ബന്ധങ്ങളിലേർപ്പെടുന്നതിനും അന്തണനധികാരമുണ്ടായിരുന്നു. രഹസ്യമായ സ്ത്രീപുരുഷബന്ധങ്ങളും പരസ്ത്രീഗമനവും നിഷിദ്ധമായിരുന്നില്ല. രഹസ്യസമാഗമങ്ങളെക്കുറിച്ചുള്ള പാട്ടുകളിലെ നായികാനായകൻമാരിൽ ബ്രാഹ്മ

12. അന്തണൻ എന്ന പദം തമിഴാണോ എന്ന കാര്യത്തിൽ തനിക്കു സംശയമുണ്ടെന്ന് വൈയാപുരിപിള്ള പറയുന്നു. ബുദ്ധമതക്കാരിലൊരു വിഭാഗത്തിന് അന്തണൻ എന്നു പേരുണ്ടായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. എസ്.വൈയാപുരിപിള്ള, തമിഴർ പൺപാടു. പേ. 41

ണരും ഉൾപ്പെട്ടിരുന്നുവെന്നു തൊൽക്കാപ്പിയം പൊരുളധികാരം വ്യക്ത മാക്കുന്നു. പരത്ത (പരസ്ത്രീ, വേശ്യ)യുടെ വീട്ടിലേക്ക് ദൂതയയ്ക്കാനും മറ്റുള്ളവർക്കുവേണ്ടി നായികയുടെ വീട്ടിലേയ്ക്കു ദൂതുചെല്ലാനും ബ്രാഹ്മ ണനർഹതയുണ്ടായിരുന്നു. പാണർ, കുത്തർ, വിറലികൾ, തോഴികൾ മുതലായവരെപ്പോലെതന്നെ അന്തണരും ദൂതുചൊല്ലാനർഹതയുള്ള യോഗ്യരാണെന്ന് തൊൽകാപ്പിയർ പറയുന്നത്.[13] ഇത്തരം സമ്പ്രദായ ങ്ങളൊന്നും ആര്യബ്രാഹ്മണർക്കിടയിലുണ്ടായിരുന്നില്ല.

സംഘകാലത്ത് സ്വത്ത് സമ്പാദിക്കാനും വിദ്യയഭ്യസിക്കാനും എല്ലാ വർക്കും അധികാരമുണ്ടായിരുന്നു. പഠിപ്പും പാണ്ഡിത്യവുമുള്ള 'കീഴ്കു ലത്താ'നെ 'മേൽകുലത്താൻ' ബഹുമാനിച്ചിരുന്നു. പണ്ഡിതരായ 'കീഴ്കു ലത്താരി'ൽ നിന്ന് 'മേൽകുലത്താർ' വിദ്യയഭ്യസിക്കുക പതിവായിരു ന്നു.[14] മറ്റുവിധത്തിൽ പറഞ്ഞാൽ, അഭ്യസ്തവിദ്യനായ ഒരു വേളാളന്റെ ശിഷ്യത്വം സ്വീകരിക്കാൻ അന്തണന് സ്വാതന്ത്ര്യമുണ്ടായിരുന്നു. ഈ സമ്പ്രദായവും വൈദികബ്രാഹ്മണർക്കിടയിൽ ഉണ്ടായിരുന്നില്ല.

## സംഘകാലത്തെ 'കീഴോർ' വിഭാഗങ്ങൾ

ആര്യൻമാരുടെ ചാതുർവർണ്യ വ്യവസ്ഥയിൽ ബ്രാഹ്മണൻ, ക്ഷത്രി യൻ, വൈശ്യൻ, ശൂദ്രൻ എന്നീ നാലു വർണ്ണങ്ങളാണല്ലോ ഉണ്ടായിരു ന്നത്. ഏറ്റവും ഉയർന്ന വർണ്ണം ബ്രാഹ്മണനും ഏറ്റവും താഴെയുള്ള വർണ്ണം ശൂദ്രനുമായിരുന്നു. ഇത്തരമൊരു സാമൂഹ്യവിഭജനമല്ല തെക്കെ ഇന്ത്യയിലുണ്ടായത്. അന്തണൻ, അരചൻ, വണികൻ, വേളാളൻ എന്നീ നാലു വിഭാഗങ്ങളും 'മേലോ'രായിരുന്നു. ശൂദ്രൻ എന്ന വാക്കുപോകട്ടെ, അതിന്റെ തൽസമമായ ഒരു പദംപോലും സംഘം കൃതികളിലൊരി ടത്തും കാണാൻ കഴിയില്ല. പക്ഷേ, ഇതിന്റെ അർഥം 'കീഴോർ' അല്ലെ ങ്കിൽ 'ഇഴിന്തോർ' ഉണ്ടായിരുന്നില്ലെന്നല്ല. അടിമകളും കൂലിവേലക്കാരും മറ്റും തീർച്ചയായും കീഴോരായിരുന്നു. ക്രമത്തിൽ കുടിൽവ്യവസായങ്ങ ളിലേർപ്പെട്ട ചില വിഭാഗങ്ങളും അപരിഷ്കൃതത്വത്തിൽ നിന്നു മുന്നേ റാൻ കഴിയാത്ത ചില ഗോത്രങ്ങളും 'ഇഴിന്തോ'രായി കരുതപ്പെടാൻ തുടങ്ങി. പൊതുവായിപ്പറഞ്ഞാൽ, സ്വത്തില്ലാത്ത വിഭാഗങ്ങളാണ് കീഴോരും ഇഴന്തോരുമായിത്തീർന്നത്.

13. തൊൽക്കാപ്പിയം ചൊല്ലതികാരം, 194, പേ. 282.

14. 'വേറ്ററുമൈ തെരിന്തനാർ പാലുള്ളം
കീഴ്പ്പാലൊരുവൻ കർപ്പിൻ
മേൽപ്പാലൊരു വന്ദരവൻ കട്പെടുമെ.'
പുറനാനൂറ്, 183, സ്വാമിനാഥയ്യർ പതിപ്പ്, പേജ്. 339.

പുറനാനൂറ്, പതിറ്റുപ്പത്ത് തുടങ്ങിയ പ്രാചീനകൃതികളിലെ ചില പാട്ടുകൾ വർഗസമുദായത്തിന്റെ പ്രാരംഭകാലത്തെക്കുറിച്ചുള്ള പല സൂചനകളും നൽകുന്നുണ്ട്. വർഗസങ്കീർണ്ണമായ ഒരു സാമൂഹ്യവ്യവസ്ഥയുടെ അടിസ്ഥാനപരമായ വൈരുദ്ധ്യങ്ങൾ അവയിൽ പ്രകടമായിക്കാണാം. ക്രമത്തിൽ അന്തണൻ, അരചൻ, വണികർ, വേളാളർ തുടങ്ങിയ മേലേക്കിടയിലുള്ള ചില വിഭാഗങ്ങൾ സ്വത്തുടമകളും സമുദായത്തിലെ പ്രമാണിവർഗ്ഗങ്ങളുമായി വളർന്നു. അതേസമയത്ത് സ്വത്തില്ലാത്ത പാവങ്ങളും ധാരാളമുണ്ടായിരുന്നു. ദാരിദ്ര്യത്തെപ്പറ്റിയും പട്ടിണിയെപ്പറ്റിയും സംഘസാഹിത്യകൃതികളിൽ പലേടത്തും വിവരിക്കുന്നുണ്ട്. രാജാക്കൻമാരുടെയും കുറുനിലമന്നൻമാരുടെയും ദാനശീലം വാനോളം വാഴ്ത്തപ്പെടുന്നുണ്ടെങ്കിലും സാധാരണക്കാരുടെ സ്ഥിതി അത്ര മെച്ചമൊന്നുമായിരുന്നില്ല. ധനികവർഗക്കാരെ ആഹ്ലാദിപ്പിക്കാൻവേണ്ടി ആടുകയും പാടുകയും ചെയ്തുകൊണ്ട് ചുറ്റിനടന്നിരുന്ന കൂത്തർ, വിറലികൾ, പാണർ, പാട്ടികൾ മുതലായവരുടെ സ്ഥിതി പൊതുവിൽ മോശമായിരുന്നു. നിത്യദാരിദ്ര്യത്തിൽ കഴിഞ്ഞുകൂടിയിരുന്ന അവർ ചിലപ്പോൾ രാജാക്കൻമാരുടെ ദയയ്ക്ക് പാത്രമായെന്നുവരാം. നെടുഞ്ചേരലാതനെ സ്തുതിച്ചുകൊണ്ട് കുമ്മട്ടൂർ കണ്ണനാർ രചിച്ച ഒരു പാട്ടിൽ പറയുന്നത് നോക്കുക: ‘നാടിന്റെ നാനാഭാഗങ്ങളിൽ പാർക്കുന്ന കൂത്തർ, പാണർ തുടങ്ങിയ പ്രജകൾ അങ്ങയുടെ കീർത്തിയെപ്പറ്റി കേട്ടറിയുകയാൽ നേരിൽ കാണണമെന്ന മോഹത്തോടെ കുടുംബസഹിതം വന്നുചേരുമ്പോൾ അവർ നീണാർ സഹിച്ചുവന്ന വിശപ്പു നീങ്ങുമാറ് അരിവാളാൽ അറുത്തെടുത്ത നിണംകലർന്ന മാംസവും ആട്ടിറച്ചി ചേർത്തു പാകംചെയ്ത വെളുത്ത ചോറും കുളിർത്ത കള്ളും കൊടുത്ത് അങ്ങ് അവരെ സന്തോഷിപ്പിക്കും. മാത്രമല്ല, പൊടിപുരണ്ടവയും കീറിപ്പറിഞ്ഞവയുമായ പഴന്തുണികൾ മാറ്റിച്ചു നനഞ്ഞു മിനുത്ത പരുന്തിൻചിറകുപോലുള്ള പട്ടുവസ്ത്രങ്ങൾ ധരിപ്പിക്കും.’[15]

കൂത്തരും, പാണരും സാധാരണ പരിതഃസ്ഥിതികളിൽ നീണാൾ വിശപ്പു സഹിക്കുന്നവരായിരുന്നുവെന്നും നഗ്നതമറയ്ക്കാൻ പൊടിപുരണ്ടവയും കീറിപ്പറിഞ്ഞവയുമായ പഴന്തുണികളെ അവർക്കുണ്ടായിരുന്നുള്ളു എന്നും ഇതിൽ നിന്നും വ്യക്തമാവുന്നു.

രാജാക്കൻമാർ തങ്ങളുടെ ഗുണഗണങ്ങൾ പാടിപ്പുകഴ്ത്തിയ കവികൾക്ക് വിലപിടിച്ച പലതരം സമ്മാനങ്ങളും നൽകിയിരുന്നതായി കാണുന്നുണ്ട്. എന്നിട്ടും, പല കവികളും ദാരിദ്ര്യത്തിലാണ് നാൾ കഴിച്ചിരുന്നത്. ഉദാഹരണത്തിന്, പെരുംകുണറൂർ കിഴാർ എന്ന ഒരു കവി തനിക്ക്

15. പതിറ്റുപ്പത്ത് - II, 2, പേ. 8

സമ്മാനം നൽകാൻ കൂട്ടാക്കാത്ത ഒരു ചേരരാജാവിനെ ആക്ഷേപിക്കുകയും തന്റെ വിശന്നുവലയുന്ന ഭാര്യയുടെയും കുഞ്ഞുങ്ങളുടെയും ദുരിതങ്ങളെ ഹൃദയസ്പൃക്കായി വർണ്ണിക്കുകയും ചെയ്യുന്നുണ്ട്. 'കാന്താൾപൂവ് കോർത്തുകെട്ടിയ മാലയണിഞ്ഞവരും കൈയിൽ കൊലവില്ലു ധരിച്ചവരുമായ നായാടികൾ കൊണ്ടുവന്നുകൊടുക്കുന്ന ചുവന്ന കൊമ്പുകളുള്ള കാട്ടുപശുക്കളുടെ മാംസവും ബലമേറിയ കാട്ടാനകളുടെ ദന്തങ്ങളും വാങ്ങിക്കൊണ്ട് അവയ്ക്കുപകരം വാറ്റുകള്ളുകൊടുത്ത് ധനികരായിത്തീർന്നിട്ടുള്ളവരുടെ വസതികളെ' സംഘംകൃതികൾ ചിത്രീകരിക്കുന്നുണ്ട്.[16] പക്ഷേ, അതേ സമയത്തുതന്നെ, പട്ടിണിയും പാടുമായി താളും തകരയും തിന്നു വിശപ്പടക്കുന്നവരുമുണ്ടായിരുന്നു. 'ചിറുപാണാറ്റുപ്പാടൈ' എന്ന പത്തുപാട്ടിൽ പട്ടിണിയുടെ വറുതികൊണ്ട് വാടിമെലിഞ്ഞ ഒരു സ്ത്രീയുടെ ജീവിതത്തെ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു: 'അവളുടെ വീട്ടിൽ ഭക്ഷണസാധനങ്ങൾ ഒന്നുമില്ല. കുപ്പിയിൽ മുളച്ചുനിന്നിരുന്ന കീര തന്റെ കൂർത്ത നഖങ്ങൾകൊണ്ട് അവൾ നുള്ളിയെടുത്തു. ഉപ്പിടാതെ അതു വേവിച്ചു. അറിയാത്തവർ വല്ലവരും കണ്ട് പരിഹസിച്ചാലോ എന്നോർത്ത് അവൾ ലജ്ജിച്ചു. അതിനാൽ വാതിലുകൾ അടച്ചുപൂട്ടി. എന്നിട്ട് അകത്തിരുന്ന് അത് ഭക്ഷിച്ചു.'[17]

സംഘംകൃതികളിൽ നിന്നും ഇത്തരത്തിലുള്ള മറ്റു പല ഉദാഹരണങ്ങളും എടുത്തുകാണിക്കാൻ കഴിയും. ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാവുന്നു. പ്രാചീനകേരളത്തിൽ ഇന്നത്തെപ്പോലുള്ള ജാതിവ്യവസ്ഥയോ പ്രാചീനൻമാരുടേതുപോലുള്ള ചാതുർവർണ്യവ്യവസ്ഥയോ ഉണ്ടായിരുന്നില്ലെന്ന് പറയുന്നതിന്റെ അർത്ഥം ധനിക ദരിദ്രഭേദവും വർഗവ്യത്യാസങ്ങളും ഉണ്ടായിരുന്നില്ലെന്നല്ല; വർഗവ്യത്യാസങ്ങൾ ആവിർഭവിച്ചത് ജാതികളുടെയോ വർണ്ണങ്ങളുടെയോ രൂപത്തിലായിരുന്നില്ല എന്നു മാത്രമാണ്. ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടുകൊണ്ട് വ്യത്യസ്ത തൊഴിലെടുത്തുപജീവിക്കുന്ന ജനവിഭാഗങ്ങൾ, സാമൂഹ്യവളർച്ചയുടെ വിവിധ നിലവാരങ്ങളിലുള്ള ഗോത്രസമുദായങ്ങൾ, വ്യത്യസ്ത കൈത്തൊഴിലുകളിലേർപ്പെടുന്നവർ, കൃഷിക്കാർ, കച്ചവടക്കാർ, കൂലിവേലക്കാർ, അടിമകൾ എന്നിങ്ങനെയുള്ള സാമൂഹ്യവിഭജനങ്ങൾ പ്രാചീനകേരളത്തിലുമുണ്ടായിരുന്നു. ഒരു വശത്ത് ഗോത്രസമുദായവ്യവസ്ഥയുടെ പ്രബലമായ അവശിഷ്ടങ്ങൾ, മറ്റൊരുവശത്ത് തൊഴിലിന്റെ അടിസ്ഥാനത്തിലുള്ള പ്രവൃത്തിവിഭജനങ്ങൾ, വേറൊരു വശത്ത് സ്വത്തുടമയിലുള്ള അസമത്വങ്ങളിൽനിന്നുയർന്നുവന്ന മേലോർ - കീഴോർ വിഭാഗങ്ങൾ - ഇങ്ങനെ സങ്കീർണ്ണമായ ഒരു സാമൂഹ്യവ്യവ

16. പതിറ്റുപ്പത്ത് - III, 10, പേ. 70

17. ചിറുപാണാറ്റുപ്പടൈ, 135-139.

സ്ഥയാണ് നിലനിന്നിരുന്നത്. സ്വത്തുടമവർഗ്ഗക്കാരായിത്തീർന്ന അന്തണർ, അരചർ, വണികർ, വേളാളർ എന്നീ മേലാർ വിഭാഗങ്ങൾ അടിമകളേയും കൂലിവേലക്കാരെയും മാത്രമല്ല, അപരിഷ്കൃതരായ ഗോത്രസമുദായക്കാരെയും സ്വതന്ത്രരായ കൈത്തൊഴിൽകാരേയും ചൂഷണം ചെയ്തുപോന്നു.

## ചാതുർവർണ്യമല്ല ജാതിവ്യവസ്ഥ

പ്രാചീന ചേരസാമ്രാജ്യത്തിന്റെ തകർച്ചയ്ക്കുശേഷം മദ്ധ്യയുഗത്തിലെ ഫ്യൂഡൽ സാമൂഹ്യബന്ധങ്ങളാവിർഭവിച്ചപ്പോൾ പഴയ വർഗബന്ധങ്ങളിൽ മൗലികമായ ചില മാറ്റങ്ങളുണ്ടായി. പക്ഷേ, അപ്പോഴും ആര്യൻമാരുടേതുപോലുള്ള ഒരു ചാതുർവർണ്യവ്യവസ്ഥ കേരളക്കരയിൽ രൂപംകൊള്ളുകയുണ്ടായില്ല. അഞ്ചാം ശതകംമുതൽ ചാതുർവർണ്യം പ്രചരിപ്പിക്കാനായി വലിയ പണ്ഡിതൻമാരും തപോധനൻമാരുമായി ധാരാളം ബ്രാഹ്മണർ തെക്കെ ഇന്ത്യയിലെത്തി എന്നും അതിനെത്തുടർന്ന് കേരളം ചാതുർവർണ്യത്തിന്റെ പിടിയിലകപ്പെട്ടുവെന്നും മറ്റുമുള്ള ഇളംകുളത്തിന്റെ അഭിപ്രായങ്ങൾ ശരിയായിരിക്കാനിടയില്ല.[18] എന്തെന്നാൽ, അഞ്ചാം നൂറ്റാണ്ടായപ്പോഴേയ്ക്കും വടക്കേ ഇന്ത്യയിൽപ്പോലും ചാതുർവർണ്യവ്യവസ്ഥ മിക്കവാറും ക്ഷയിച്ചുകഴിഞ്ഞിരുന്നു. ഗൗതമബുദ്ധന്റെയും പുരോഗമനവാദികളായ മറ്റു പ്രചാരകൻമാരുടെയും ആക്രമണങ്ങൾക്കിരയായ പഴയ ചാതുർവർണ്യവ്യവസ്ഥയിലെ ബ്രാഹ്മണമേധാവിത്വവും പിന്നീടു ബുദ്ധജൈനമതങ്ങളോടെതിരിട്ടു വിജയം നേടിയ ബ്രാഹ്മണരുടെ മേധാവിത്വവും തമ്മിൽ അടിസ്ഥാനപരമായ ചില വ്യത്യാസങ്ങളുണ്ടായിരുന്നുവെന്നു കാണാം. അതെന്തായാലും ബ്രാഹ്മണൻ, ക്ഷത്രിൻ, വൈശ്യൻ, ശൂദ്രൻ എന്നീ നാലു വർണ്ണങ്ങളായിട്ടില്ല, എണ്ണമറ്റ ജാതികളും ഉപജാതികളും അവാന്തരവിഭാഗങ്ങളുമടങ്ങിയ കെട്ടിപ്പിണഞ്ഞ ഒരു ജാതിവ്യവസ്ഥയായിട്ടാണ് മദ്ധ്യകാല കേരളീയ സമുദായം ഉരുത്തിരിഞ്ഞത് എന്ന കാര്യത്തിൽ സംശയമില്ല.

ചേരരാജാക്കൻമാരുടെ കാലത്ത് പ്രാമുഖ്യം വഹിച്ചിരുന്ന കുറവർ, പാണർ, പരവർ, പറയർ തുടങ്ങിയ ചില ജനവിഭാഗങ്ങളും മലയർ തുടങ്ങിയ ചില ഗോത്രസമുദായങ്ങളും പഴയ പേരുകളോടുകൂടിത്തന്നെ ഫ്യൂഡലിസത്തിലെ ജാതികളായി രൂപാന്തരപ്പെട്ടു. പക്ഷേ, അവരുടെ സാമൂഹ്യസാമ്പത്തിക ബന്ധങ്ങളിൽ വമ്പിച്ച മാറ്റങ്ങളുണ്ടായി. ചരിത്രത്തിന്റെ മുൻപന്തിയിലായിരുന്ന ചില ജനവിഭാഗങ്ങൾ പിൻപന്തിയിലേക്ക്

18. ഇളംകുളം പി.എൻ. കുഞ്ഞൻപിള്ള: കേരളം അഞ്ചും ആറും നൂറ്റാണ്ടുകളിൽ, പേ. 163, 164, 167.

തള്ളപ്പെട്ടു. അതേസമയത്ത്, ചേരഭരണത്തിൻകീഴിൽ യാതൊരു പ്രാമുഖ്യവും നേടാൻ കഴിയാതിരുന്നവരും ചരിത്രത്തിന്റെ ദൃഷ്ടിയിൽ പെടാതിരുന്നവരുമായ ചില ജനവിഭാഗങ്ങൾ സമുദായത്തിന്റെ ഉപരിതലത്തിലേക്കുയർന്നുവന്നു. എല്ലാവരും ജാതികളായിട്ടാണ് പ്രത്യക്ഷപ്പെട്ടത്. 'ജാതിനിർണ്ണയം' എന്ന ഒരു പഴയ ഗ്രന്ഥത്തിൽ 72 ജാതികളെപ്പറ്റി പരാമർശിക്കുന്നുണ്ട്. പക്ഷേ, യഥാർത്ഥത്തിൽ അതിലുമെത്രയോ അധികമുണ്ടായിരുന്നെന്നാണ് കാണുന്നത്. ഒരേ ജാതിക്കുള്ളിൽതന്നെ ഉയർന്നുവരും താഴ്ന്നവരുമായ അനേകം ജാതികളുണ്ടായിരുന്നു. ഉദാഹരണത്തിന്, 1901 ലെ കനേഷുമാരിക്കണക്കനുസരിച്ച് നായർ എന്ന ഒരു ജാതിയിൽ മാത്രം 116 ഉപജാതികളുണ്ടായിരുന്നു. ഇതുതന്നെയായിരുന്നു മറ്റു പല ജാതികളുടെയും സ്ഥിതി. നമ്പൂതിരിമാരായിരുന്നു ബ്രാഹ്മണജാതികളിൽവച്ച് മുന്തിയവർ. എന്നാൽ അവർക്കിടയിൽത്തന്നെ പല വിഭാഗങ്ങളുമുണ്ടായിരുന്നു. ഏറ്റവും അടിയിലുള്ള ജാതികൾ നീചരും പതിതരുമായിട്ടാണ് കണക്കാക്കപ്പെട്ടത്. ഏറ്റവും മുകളിൽ ബ്രാഹ്മണജാതികൾ, ഏറ്റവും താഴെ പതിതജാതികളും നീചജാതികളും കാട്ടുജാതികളും. ഇടയിൽ അന്തരാളർതൊട്ടുള്ള മറ്റനേകം ജാതികളുമുണ്ടായിരുന്നു. ഈ ജാതികൾക്കുപുറമേ ക്രിസ്തുമതക്കാരും ഇസ്ലാംമതക്കാരുമുണ്ടായിരുന്നു. കാലക്രമത്തിൽ അവർക്കിടയിലും ജാതികൾ പ്രത്യക്ഷപ്പെട്ടു. പൊതുവിൽപറഞ്ഞാൽ ബ്രാഹ്മണമേധാവിത്വത്തിന്റെയും തൊട്ടുകൂടായ്ക, തീണ്ടിക്കൂടായ്ക തുടങ്ങിയ ബീഭത്സതകളുടേയും അടിസ്ഥാനത്തിലുള്ള കെട്ടുപിണഞ്ഞ ഒരു ജാതിവ്യവസ്ഥയാണ് ജനങ്ങളുടെ സാമൂഹ്യബന്ധങ്ങളേയും ജീവിതരീതികളേയും നിയന്ത്രിച്ചുപോന്നത്.

അന്യജാതിയിൽ വിവാഹം കഴിക്കാൻ പാടില്ലെന്ന നിബന്ധന ഭക്ഷണസമ്പ്രദായത്തിലും വസ്ത്രധാരണരീതിയിലും ആചാരങ്ങളിലും ആരാധനാസമ്പ്രദായങ്ങളിലും മറ്റുമുള്ള വ്യത്യസ്തങ്ങളായ 'അരുതു'കളും 'പാടില്ല'കളും മരണം, ജനനം മുതലായവയുമായി ബന്ധപ്പെട്ട പുലയും പിണ്ഡംവയ്ക്കലും മറ്റാചാരങ്ങളും. ഓരോ ജാതിക്കും പ്രത്യേകമായ തൊഴിലും ജീവിതരീതിയും - ഇത്തരത്തിലുള്ള പല ഘടകങ്ങളും കൂടിയാണ് ജാതിവ്യവസ്ഥയെ വർണ്ണവ്യവസ്ഥയിൽ നിന്ന് തരംതിരിച്ചു നിർത്തുന്നത്.

## ജാതികളുടെ ഉത്ഭവം

ഇന്നു കാണപ്പെടുന്ന ജാതികളിൽ ചിലതിന്റെ ഉത്ഭവത്തെക്കുറിച്ച് നമ്മുടെ ചരിത്രകാരൻമാർ രണ്ടു തെറ്റായ സിദ്ധാന്തങ്ങൾ പ്രചരിപ്പിച്ചിട്ടുണ്ട്. ഒന്നാമത്തെ സിദ്ധാന്തമനുസരിച്ച് ചെറുമർ, പുലയർ തുടങ്ങിയ

അപൂർവ്വം ചില 'ആദിവാസിക'ളൊഴികെയുള്ള എല്ലാ ജാതിക്കാരും പ്രത്യേകിച്ച് പരിഷ്കൃതജാതിക്കാർ മറ്റുരാജ്യങ്ങളിൽ നിന്നു വന്നു കുടി യേറിപ്പാർത്തവരാണ്. ഏതുജാതിയാണ് ആദ്യം വന്ന് കുടിയേറിപ്പാർ ത്തത് എന്ന കാര്യത്തെ സംബന്ധിച്ച് മാത്രമേ അഭിപ്രായവ്യത്യാസ മുള്ളു!

'മലയാളത്തിൽ അധിവസിച്ചുവരുന്ന ജനങ്ങളിൽ സ്വദേശീയരെ ആദി മനിവാസികളെന്നും വിദേശീയരെ വരവുകാർ എന്നും രണ്ടു ഭാഗമായി വിഭജിക്കാം. ആദിമനിവാസികൾ കൃഷിപ്രവൃത്തിക്ക് അടിമകളായ ചെറു മർ, പുലയർ മുതലായവരും കാടുകളിലും മലകളിലും വസിച്ചുവരുന്ന കാടർ, മലയർ, നായാടികൾ, കുറുമ്പർ, കുറിച്ചിയർ എന്നിവരും ആകു ന്നു. വിദേശീയൻമാരുടെ കൂട്ടത്തിൽ നായൻമാർ, നമ്പൂതിരിമാർ, ഈഴ വർ, ജൂതൻമാർ, സുറിയാനി ക്രിസ്ത്യാനികൾ, മുഹമ്മദീയർ, കൊങ്ങി ണികൾ മുതലായവരെ കൂട്ടാം... നായൻമാർ മലയാളത്തിൽ കുടിയേറി പ്പാർപ്പു തുടങ്ങിയപ്പോൾ ആദിമനിവാസികളായിരുന്ന ചെറുമർ, കാടർ, മലയർ മുതലായവർ കാടുകളിലേയ്ക്കും മലകളിലേയ്ക്കും പിൻവാ ങ്ങിയതായ മലഅടിവാരങ്ങളിലും സമുദ്രതീരങ്ങളിലും ഉള്ള ഭൂമി നായൻമാരുടെ കൈവശത്തിലും അധീനതയിലും വന്നതായും വിചാരി ക്കാം.'[19] എന്ന് കെ.പി.പത്മനാഭമേനോൻ പ്രസ്താവിക്കുന്നു.

എന്നാൽ ചെറുമർ, പുലയർ മുതലായവർപോലും കുടിയേറിപ്പാർത്ത വരാണ് എന്നാണ് നാരായണപ്പണിക്കരുടെ അഭിപ്രായം. അദ്ദേഹം എഴു തുന്നു:

'കാണിക്കാർ, മലയർ, മുതുവർ, ഊരാളികൾ, കുറവർ, വേലൻമാർ, ചെറുമികൾ, പുലയർ, പറയർ ഇത്യാദിവർഗക്കാർ കേരളത്തിലെ ആദി മനിവാസികളായിരുന്നുവെന്നാണ് ചില ചരിത്രകാരൻമാരുടെ അഭിപ്രാ യം. എന്നാൽ, അവർ പിന്നീട് കേരളത്തിൽ വന്ന് കുടിയേറിപ്പാർത്തവ രാണെന്ന് അവരുടെ ഭാഷ, ആചാരങ്ങൾ, ദായക്രമങ്ങൾ, ഐതിഹ്യങ്ങൾ മുതലായവ നോക്കിയാലറിയാം.'[20]

ക്രിസ്ത്വാബ്ദം ആരംഭിക്കുന്നതിന് അനേകശതവർഷങ്ങൾക്കു മുമ്പ് കേരളൻ അഥവാ ചേരരാജാവിനാൽ ആനീതരായ നാകൻമാർ കേരള ത്തിൽ സ്ഥിരവാസം തുടങ്ങിയെന്നും നായൻമാർ അമ്പലവാസികൾ മുത ലായവർ ആദ്യം നായകൻമാരായിരുന്നുവെന്നും ക്രിസ്തുവർഷാരംഭ ത്തിനു മൂന്നുനാലു ശതകങ്ങൾക്ക് മുമ്പാണ് മലയാളബ്രാഹ്മണർ കേര ളത്തിൽ പ്രവേശിച്ചത് എന്നും നെടുഞ്ചേരലാതന്റെ കാലത്ത് ലങ്കയിൽ

19. കെ.പി. പത്മനാഭമേനോൻ: കൊച്ചി രാജ്യചരിത്രം, പേ.5

20. ആർ.നാരായണപ്പണിക്കർ: ഭാഷാ സാഹിത്യചരിത്രം1, പേ 37.

നിന്നും ധർമ്മശാസന്റെ കൂടെ ബുദ്ധമതപ്രചരണാർത്ഥം വന്ന സിംഹള രുടെ സന്താനങ്ങളായിരിക്കാം ഇന്നത്തെ ഈഴവർ എന്നും മറ്റുമാണദ്ദേ ഹത്തിന്റെ അഭിപ്രായങ്ങൾ.21

ഈഴവരും തിയ്യരും സിലോണിൽനിന്ന് കുടിയേറിപ്പാർത്ത ചാന്നാൻ മാരുടെ പിൻഗാമികളാണെന്ന് കാർഡ്വെൽ ഉറപ്പിച്ചുപറയുന്നു. തിരുവി താംകൂർ സ്റ്റേറ്റ് മാന്വലിന്റെ കർത്താവായ ടി.കെ. വേലുപിള്ളയും ഈ അഭിപ്രായത്തോട് യോജിക്കുന്നു.[22] ക്രിസ്ത്വാബ്ദം ആദ്യശതകങ്ങളിൽ സിലോണിൽ നിന്ന് ബുദ്ധമതമിഷ്യണറിമാർ വന്ന കാലത്താണ് ഈഴ വരുടെ കുടിയേറിപ്പാർപ്പുണ്ടായത് എന്നാണ് അദ്ദേഹം വിശ്വസിക്കുന്നത്.

ഏതോ ചേരമാൻ പെരുമാളിന്റെ ആവശ്യപ്രകാരം സിലോണിൽ നിന്ന് തേങ്ങയുമായിവന്ന് കുടിയേറിപ്പാർത്തവരാണ് ഈഴവർ എന്നും അവർ വരുന്നതുവരെ കേരളത്തിൽ തെങ്ങുണ്ടായിരുന്നില്ലെന്നും ക്രിസ്ത്വാബ്ദം ആദിശതകങ്ങളിൽ കേരളത്തിൽനിന്ന് കയറ്റുമതി ചെയ്യ പ്പെട്ടിരുന്ന ചരക്കുകളെപ്പറ്റി വിവരിക്കുന്ന പെരിപ്ലസ് എന്ന ഗ്രീക്ക് പുസ്ത കത്തിൽ തേങ്ങയെപ്പറ്റി ഒന്നും പറയാത്തത് ഇതിന് തെളിവാണെന്നും മറ്റു ചിലർ വാദിക്കുന്നു. ഡോ. തർസ്റ്റൻ ഈ വാദത്തോടാണ് യോജി ക്കുന്നത്. പക്ഷേ, പുറനാനൂറ്, പതിറ്റുപ്പത്ത് മുതലായ സംഘംകൃതിക ളിൽ തെങ്ങുകളെപ്പറ്റി പരാമർശങ്ങളുണ്ടെന്ന വസ്തുത ഈ വാദങ്ങ ളുടെ കഴമ്പില്ലായ്മയെ തുറന്നുകാണിക്കുന്നു.

ഈഴവർ സിലോണിൽ നിന്ന് കുടിയേറിപ്പാർത്തവരാണെന്ന അഭി പ്രായത്തോട് പലർക്കും യോജിപ്പുണ്ട്. എന്നാൽ നായൻമാരും നമ്പൂതി രിമാരും എവിടെനിന്നുവന്നു എന്നതിനെ സംബന്ധിച്ച് അഭിപ്രായ ഐ ക്യമില്ല. നായൻമാർക്ക് നായഡു, നായ്ക്കൻ എന്നിങ്ങനെയുള്ള മറ്റു ദക്ഷി ണേന്ത്യൻ ജാതിക്കാരുമായുള്ള ബന്ധം ചിലർ ചൂണ്ടിക്കാണിക്കുമ്പോൾ ബങ്കാൾ, ആസാം മുതലായ ദൂരദേശങ്ങളിലെ നാഗൻമാർക്കിടയിൽ നിന്ന് വന്നവരെന്ന് മറ്റുചിലർ വാദിക്കുന്നു. നമ്പൂതിരിമാർ കൊങ്കിണികളായി രുന്നുവെന്നും തെലുങ്കരായിരുന്നുവെന്നും ഉത്തരേന്ത്യാക്കാരായിരുന്നു വെന്നും വാദിക്കുന്നവരുണ്ട്. അവർ സിന്ധിൽ നിന്ന് കപ്പൽവഴി എവി ടെയും തങ്ങാതെ നേരിട്ട് ഗോകർണ്ണത്തുവന്നു കപ്പലിറങ്ങി എന്നും നമ്പൂ തിരിമാർ സിന്ധിൽ നിന്നും വരുമ്പോൾ ദേഹരക്ഷയ്ക്കായും മറ്റും നാഗൻമാരെകൂടെ കൊണ്ടുവന്നുവെന്നും അവരാണ് പിന്നീട് നായൻമാ രായിത്തീർന്നത് എന്നുമാണ് കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട് പറ യുന്നത്.[23]

21. ടി.പേ. 30-36
22. T.K. Velu Pillai: Travancore State Manual. Vol.1. P.845.
23. കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട് നായൻമാരുടെ പൂർവ്വചരിത്രം പേ. 32.

ഈഴവരും നമ്പൂതിരിമാരും അന്യദേശങ്ങളിൽ നിന്ന് വന്നവരാണെന്ന് വാദിക്കുന്ന ചില പണ്ഡിതൻമാർതന്നെ കേരളത്തിലെ ആദിമ വാസികൾ നായൻമാരായിരുന്നുവെന്നു വാദിക്കുന്നതു കാണാം. ഉദാഹരണത്തിന് 'ഈ ഭൂമി (കേരളം) വാസ്തവത്തിൽ മലയാളി നായൻമാരുടെ വകയാണെന്നും നായൻമാർ ഉൽകൃഷ്ടകുലജാതൻമാരും നാടുവാഴികളുമായ ദ്രാവിഡൻമാരാണെന്നും അവർ തങ്ങളുടെ ആർജവശീലവും ധർമ്മതൽപ്പരതയുംകൊണ്ട് സ്വദേശ ബഹിഷ്കൃതൻമാരും പാഷാണ്ഡ മതഗാമികളുമായ ഒരു കൂട്ടം ആര്യബ്രാഹ്മണരുടെ വലയിലകപ്പെട്ടു കാലാന്തരത്തിൽ കക്ഷിപിരിഞ്ഞ് ഇങ്ങനെ അകത്തും പുറത്തും ആയി താഴ്മയിൽ കഴിഞ്ഞുപോരുകയാണെന്നും ആണ് കുഞ്ഞൻ പിള്ള ചട്ടമ്പിസ്വാമികളുടെ അഭിപ്രായം. ബ്രാഹ്മണരുടെ ആഗമനത്തിനു മുമ്പുതന്നെ 'വളരെ ബലവാൻമാരും സാമർത്ഥ്യശാലികളും സദാചാരധർമ്മതൽപ്പരൻമാരും സൽഗുണസമ്പന്നരും ധൈര്യശാലികളും' ആയ നായൻമാർ കേരളത്തിൽ ജീവിച്ചിരുന്നുവെന്നും 'അപ്രകാരമാകുമ്പോൾ മലയാള ഭൂമിയും സകലവസ്തുക്കളും നായൻമാർക്കു മാത്രമുള്ളതായിട്ടേ ഇരിക്കാൻ പാടുള്ളൂ.' എന്നും 'പ്രാചീന മലയാളം' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഉറപ്പിച്ചുപറയുന്നു.'[24] കേരളത്തിന്റെ ആദ്യത്തെ ഉടമസ്ഥൻമാർ നാകൻമാരായിരുന്നുവെന്നും നാകൻമാരും നായൻമാരും ഒന്നുതന്നെയാണെന്നും സമർത്ഥിക്കാനാണ് ജന്മികുടിയാൻ റിപ്പോർട്ടിൽ രാമൻതമ്പിയും ശ്രമിച്ചിട്ടുള്ളത്. നാകൻമാർതന്നെയാണ് നായൻമാരെന്ന് കെ.പി.പത്മനാഭമേനോനും അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ അഭിപ്രായമാണ് രണ്ടാമത്തെ സിദ്ധാന്തമുന്നയിക്കുന്നവർക്കുള്ളത്. നായന്മാർ, ഈഴവർ തുടങ്ങിയ ഇന്നത്തെ ജാതികൾ നായൻമാരോ സിംഹളയെരോ അല്ലെന്നും അവർ പ്രാചീന ചേരരാജക്കൻമാരുടെ കാലത്തുതന്നെ സമുദായത്തിന്റെ മേലേക്കിടയിൽ ജീവിച്ചിരുന്ന പരിഷ്കൃത ജനവിഭാഗങ്ങളായിരുന്നുവെന്നും ഇവർ വാദിക്കുന്നു. ഉദാഹരണത്തിന് ഇളംകുളം കുഞ്ഞൻ പിള്ള പറയുന്നു. 'നാഗൻമാരാണ് നായൻമാരെന്ന് പത്മനാഭമേനോൻ അഭിപ്രായപ്പെട്ടത് സാലെറ്റോർ ഉൾപ്പെടെ തെക്കെ ഇന്ത്യൻ ചരിത്രകാരൻമാരിൽ ചിലരെയെല്ലാം വഴിതെറ്റിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. ഏതായാലും കേരളത്തിൽ നാഗൻമാർ ഉണ്ടായിരുന്നില്ലെന്നും ഉണ്ടായിരുന്നാൽത്തന്നെയും ആ കാട്ടുജാതിക്കാരാണ് ജനസംഖ്യയിലേറ്റവും കൂടുതലുണ്ടായിരുന്ന ഒരു പരിഷ്കൃത സമുദായമായിത്തീർന്നതെന്നു പറയുന്നത് അസംഗതമാണെന്നും ഗ്രഹിക്കേണ്ടതാണ്.'[25] മനുഷ്യന്റെ ഇച്ഛാശക്തിയിൽ നിന്ന്

24. പറവൂർ കെ.ഗോപാലപിള്ള: ശ്രീ ചട്ടമ്പിസ്വാമികൾ, പേജ് 270, 276.

25. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള; കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ പേ. 214.

സ്വതന്ത്രമായി നിലകൊള്ളുന്ന സാമൂഹ്യസമ്പത്തിക പരിസ്ഥിതികളിലാണ് ജാതിവർഗവാദികളുടെ ഉറവിടത്തെ ആരായേണ്ടത് എന്ന ശാസ്ത്രീയ നിഗമനത്തെ ഇളംകുളം അംഗീകരിക്കുന്നില്ല. പുറമേനിന്നുവന്ന കുറെ ആര്യബ്രാഹ്മണർ കേരളത്തിലക്കാലത്തുണ്ടായിരുന്ന പരിഷ്കൃതവർഗക്കാരിൽനിന്ന് ആളുകളെ ചേർത്ത് ശൂദ്രൻമാർ എന്നൊരു ജാതിയെ സൃഷ്ടിച്ചു എന്നാണദ്ദേഹം വിശ്വസിക്കുന്നത്. അദ്ദേഹം എഴുതുന്നു:

'ബ്രാഹ്ണണർ ശൂദ്രവർഗത്തെ സൃഷ്ടിച്ചത് കാടൻമാരായ നാഗവർഗക്കാരിൽ നിന്നുമാത്രം ആളുകളെ ചേർത്താണെന്നു കരുതാനും വിഷമമുണ്ട്. നാഗൻമാർക്കു നായൻമാരുമായി യാതൊരുബന്ധവുമില്ലെന്നാണ് എന്റെ അഭിപ്രായം. ബില്ലവർ, ഇടയർ, വെള്ളാളർ തുടങ്ങി ഇവിടെയുണ്ടായിരുന്ന പരിഷ്കൃത വർഗക്കാരിൽ നിന്ന് ആൾചേർത്താണ് നമ്പൂതിരിമാർ നായൻമാരേയും ക്ഷത്രിയരേയും സൃഷ്ടിച്ചതെന്ന് കരുതാനാണ് ന്യായം... എപ്പോഴും വില്ലുകൊണ്ട് നടക്കുക 'ഭീൽ' വർഗ്ഗക്കാരുടെ എന്ന പോലെ വില്ലവരുടേയും സ്വഭാവമായിരുന്നു. വില്ലവരുടെ കൊടിയടയാളവും വില്ലുതന്നെ. ചേരൻമാർ ഈ വർഗ്ഗത്തിൽപ്പെട്ടിരുന്നുവെന്നാണ് തോന്നുന്നത്. ക്ഷത്രിയരിലും നായൻമാരിലും വില്ലവരും ധാരാളമായി ലയിച്ചിട്ടുണ്ട്.'[26]

ഇന്നത്തെ ഈഴുവർ സംഘകാലത്തെ വില്ലവരായിരുന്നുവെന്നും ഇളംകുളം അഭിപ്രായപ്പെടുന്നു. 'ഇവിടുത്തെ മറ്റൊരു പ്രബലസമുദായം വില്ലവർ ആയിരുന്നു. ഈഴവരെന്നും തീയ്യരെന്നുമാണ് ഇപ്പോൾ സാധാരണ പറയാറുള്ളത്. പഴയകാലത്ത് വില്ലവൻ, ചേകോൻ ഈ പദങ്ങൾക്കായിരുന്നു പ്രചാരം.'[27] ഈഴവചരിത്രത്തിന്റെ കർത്താവായ കെ. ദാമോദരനും ഏതാണ്ടിതുതന്നെ പറയുകയുണ്ടായി. 'കേരളം ഭരിച്ചിരുന്ന ചേരരാജാക്കൻമാർക്ക് കുടകൻ, വില്ലവൻ എന്നൊക്കെ സ്ഥാനപ്പേരുകളുണ്ടായിരുന്നു. കുടകൻ കദംബനും വില്ലവൻ തുളുനാട്ടു തിയ്യനും ആകുന്നു.'[28] 'മദ്യഹാരാകവൃത്തിക്കാരായ ഈഴവരും ചാന്നാൻമാരും നെയ്താൽമക്കളുടെ ശൃംഖലയിൽപ്പെട്ടവ'രായിരുന്നുവെന്നും അവർ പരിഷ്ക്കാരവും പ്രാബല്യവുമുള്ള ഒരു ജനസമുദായമായിരുന്നുവെന്നും എന്നുമാണ് അദ്ദേഹം പറയുന്നത്.[29]

കേവലം അനുമാനങ്ങളുടെയും ഐതിഹ്യങ്ങളുടെയും അടിസ്ഥാനത്തിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ഈ രണ്ടുസിദ്ധാന്തങ്ങൾക്കും ചരിത്രപരമായ തെളിവുകളുടെ പിൻബലമൊന്നുമില്ല. ലോകത്തിന്റെ ഏതെങ്കിലു

26. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള; അന്നത്തെ കേരളം, പേ 102–104
27. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള; അന്നത്തെ കേരളം, പേ 103.
28. കെ.ദാമോദരൻ ബി.എ. മയ്യനാട്: ഈഴവചരിത്രം 1, പേജ് 52.
29. കെ.ദാമോദരൻ ബി.എ. മയ്യനാട്: ഈഴവചരിത്രം 1, പേജ് 54–56.

മൊരുഭാഗത്ത് ജീവിക്കുന്ന ഏറ്റവും പൗരാണികമായ ജനതകൾപോലും മറ്റേതെങ്കിലും ഭാഗത്തുനിന്നു വന്നവരായിരിക്കണമെന്ന അശാസ്ത്രീയ മായ ചിന്താഗതിയിൽ നിന്നാണ് ഒന്നാമത്തെ സിദ്ധാന്തം ഉടലെടുത്തത് എന്നുതോന്നുന്നു. ഏതായാലും, നമ്പൂതിരിമാർ, നായൻമാർ, ഈഴവർ എന്നീ മൂന്നു ജനവിഭാഗങ്ങൾ വിഭിന്നങ്ങളായ ഭാഷകളും വേഷഭൂഷാദി കളും ആചാരസമ്പ്രദായങ്ങളുമുള്ള വ്യത്യസ്തരാജ്യങ്ങളിൽ നിന്ന് കുടി യേറിപ്പാർത്തവരാണെന്ന വാദം യുക്തിക്കുപോലും നിരക്കാത്തതാണ്. യഥാർത്ഥത്തിൽ കുടിയേറിപ്പാർത്ത ചില ജനവിഭാഗങ്ങളുണ്ട്. തമിഴർ, തെലുങ്കർ, കൊങ്കിണികൾ, കർണ്ണാടകക്കാർ മുതലായവരുടെ ചെറിയ ചെറിയ സംഘങ്ങൾ ഏതാനും നൂറ്റാണ്ടുകൾക്കു മുമ്പുമുതൽക്കുതന്നെ കേരളത്തിന്റെ പല ഭാഗങ്ങളിലുമായി ജീവിച്ചുപോരുന്നുണ്ട്. ഇത്രകാല മായിട്ടും അവരാരും തങ്ങളുടെ മാതൃഭാഷ ഉപേക്ഷിച്ചിട്ടില്ല. ബാഹ്യബ ന്ധങ്ങൾക്ക് അവർ മലയാളം ഉപയോഗിക്കുമെങ്കിലും വീട്ടിലെത്തിയാൽ അവരിപ്പോഴും തമിഴിലോ, തെലുങ്കിലോ, കൊങ്കിണിഭാഷയിലോ, കർണാ ടകത്തിലോ ആണ് സംസാരിക്കുന്നത്. മറ്റു രാജ്യങ്ങളിൽ നിന്നു കുടി യേറിപ്പാർത്തവരുടെ സ്ഥിതിയും വ്യത്യസ്തമല്ല. അതിപ്രാചീനകാലം മുതൽക്ക്, എന്നുവച്ചാൽ റോമക്കാർ ജെറുസലം നശിപ്പിച്ചകാലം മുതൽക്ക്, കൊച്ചിയിൽ ജൂതൻമാരുടെ ഒരു ചെറിയ സംഘം ജീവിച്ചു പോരുന്നുണ്ട്. അവരിൽ 'വെളുത്ത ജൂതൻമാർ' എന്നുവിളിക്കപ്പെടുന്ന വിഭാഗം നേരിട്ടു പലസ്തീനിൽ വന്നു കുടിയേറിപ്പാർത്തവരാണെന്ന് ലിൻസ്മോട്ടെനും, സെഫാർദിം എന്ന പേരിലറിയപ്പെടുന്ന സ്പാനിഷ് ജൂതൻമാരായിരുന്നു അവരുടെ പൂർവ്വികൻമാർ എന്ന് ക്രൂക്കും ചൂണ്ടി ക്കാണിക്കുന്നു.[30] ഈ ജൂതൻമാർ പരസ്പരം ആശയവിനിമയം ചെയ്യു ന്നതിന് ഇന്നും തങ്ങളുടെ മാതൃഭാഷയായ സ്പാനിഷ് ആണുപയോഗി ക്കുന്നത്.

നമ്പൂതിരിമാർ പുറമെനിന്നു വന്നവരാണെങ്കിൽ അവർക്കുമാത്രം മലയാളത്തിലല്ലാതെ മറ്റൊരു ഭാഷയിലും സംസാരിക്കാൻ കഴിയാതെ പോയതെന്തുകൊണ്ടാണ്? കാരണം വ്യക്തമാണ്. ഇ.എം. ശങ്കരൻനമ്പൂ തിരിപ്പാട് ചൂണ്ടിക്കാണിക്കുന്നതുപോലെ, 'നമ്പൂതിരി പുറമെനിന്നു വന്ന വനാണെന്ന ഒരു സിദ്ധാന്തം സ്വീകരിക്കാൻ വിഷമമാകത്തക്കവണ്ണം കേര ളത്തിൽ നമ്പൂതിരിയുടെ 'കുടുംബം, സ്വത്ത്, രാഷ്ട്രം' എന്നിവയുടെ സംഘടന, നായൻമാരുടേതിനോട് അത്രമാത്രം സദൃശവും, ഉത്തരേ ന്ത്യൻ ബ്രാഹ്മണൻമാരുടേതിൽ നിന്ന് അത്രമാത്രം വ്യത്യസ്തവുമാണ്.'[31]

30. Quated by J.H. Hutton: Caste in India. P.14.

31. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്; കേരളത്തിലെ ദേശീയ പ്രശ്നം, പേജ് 38

കുടുംബം, സ്വത്ത്, രാഷ്ട്രം എന്നിവയുടെ കാര്യത്തിൽ മാത്രമല്ല, ആചാരാനുഷ്ഠാനങ്ങളിൽപോലും നമ്പൂതിരിമാരും നായൻമാരും തമ്മിൽ അത്രമേൽ ബന്ധപ്പെട്ടിരിക്കുന്നുവെന്നു കാണാം. ഉദാഹരണത്തിന്, നായർ സ്ത്രീകൾക്കെന്നപോലെതന്നെ നമ്പൂതിരി സ്ത്രീകൾക്കും തീണ്ടാരി, പേറ്റുപുല മുതലായവയുടെ അശുദ്ധി നീക്കാൻ മണ്ണാത്തിയുടെ മാറ്റ് വേണം. യഥാർത്ഥ കുടിയേറിപ്പാർപ്പുകാരായ തമിഴ് ബ്രാഹ്മണരുടെയും കൊങ്കിണിമാരുടേയും ഇടയിൽ ഈ ആചാരം കാണാൻ കഴിയില്ല. ഇതുപോലെ നായൻമാരുടെയും ഈഴവരുടേയും ആചാരങ്ങളിലും ധാരാളം സാദൃശ്യങ്ങൾ കാണാം. നിലവിലുള്ള ആചാരങ്ങളുടെ അടിയിലേക്ക് കടന്ന് ചരിത്രവസ്തുതകളെ സൂക്ഷ്മമായി പരിശോധിക്കാൻ തുടങ്ങിയാൽ നായർ, ഈഴവൻ, നമ്പൂതിരി എന്നീ മൂന്നുജാതികളിലും മറ്റും ജാതികളിലെപ്പോലെത്തന്നെ കേരളത്തിന്റെ ഉൽപ്പാദന ശക്തികളിലും സാമൂഹ്യയാഥാർത്ഥ്യങ്ങളിലുമുണ്ടായ മാറ്റങ്ങളിൽ നിന്ന് ഉയർന്ന് വന്നവരാണെന്നു വ്യക്തമാവും.

പക്ഷേ, ഇതിന്റെ അർത്ഥം നായർ, ഈഴവർ, നമ്പൂതിരി എന്നീ മൂന്നു ജാതികൾ പ്രാചീന ചേരൻമാരുടെ കാലത്തുതന്നെ നിലനിന്നിരുന്നു എന്നല്ല. ഈ മൂന്നു പേരുകൾപോലും സംഘകാലത്തുണ്ടായിരുന്നില്ല എന്നാണ് വാസ്തവം. നാഗൻമാരെന്ന ഒരു കൂട്ടരെപ്പറ്റി സംഘംകൃതികളിൽ പ്രസ്താവിക്കുന്നുണ്ടെന്നതും ശരിയാണ്. നാഗൻമാരിൽ നിന്നാണ് നായൻമാരുണ്ടായത് എന്നു സമ്മതിച്ചാൽതന്നെ അവർ ഒരു പരിഷ്കൃത സമുദായമായിരുന്നുവെന്നു വരുന്നില്ല. അക്കാലത്തെ ഏറ്റവും പ്രാകൃതരായ ഒരു ജനവിഭാഗമായിരുന്നു അവർ. നാഗൻമാർ നായൻമാരായിരുന്നുവെന്നു വാദിക്കുക, അതേസമയത്തു തന്നെ അവർ രാജ്യഭരണത്തിലും വിദേശവ്യാപാരത്തിലും മറ്റും വൈദഗ്ധ്യം നേടിയ ഒരു പരിഷ്കൃതജനതയായിരുന്നുവെന്നും മേനി പറയുക! ഇതിലുള്ള വൈരുദ്ധ്യം ചൂണ്ടിക്കാണിക്കേണ്ടതുണ്ടോ?

നായൻമാരും ഈഴവരും പണ്ടത്തെ വില്ലവൻമാരായിരുന്നുവെന്നും സംഘകാലത്തുതന്നെ അവർ പ്രമാണിമാരായിരുന്നുവെന്നുമുള്ള വാദവും വെറുമൊരു ഊഹം മാത്രമാണ്. പരിഷ്കൃത ജനതകളിൽ നിന്നല്ലാതെ പരിഷ്കൃതജാതികളുണ്ടാവുകയില്ല എന്ന തെറ്റായ ധാരണയിൽ നിന്നാണ് ഈ വാദം ആവിർഭവിച്ചതെന്നു തോന്നുന്നു. പക്ഷേ, ഇരുപതാംനൂറ്റാണ്ടിലെ ഒരു ഉയർന്ന ജാതി ക്രിസ്ത്വാബ്ദം ആദ്യശതകങ്ങളിലും ഉയർന്ന ജാതിതന്നെയായിരുന്നു എന്ന് കരുതേണ്ടതിന്റെ ആവശ്യമെന്താണ്? ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ പ്രബലമായിത്തീരുന്ന ചില സമുദായങ്ങൾ മറ്റൊരു ഘട്ടത്തിൽ തീരെ അപ്രത്യക്ഷമാവുകയും അതുപോലെതന്നെ ഒരുഘട്ടത്തിൽ അജ്ഞാതമായിക്കിടന്നിരുന്ന ഒരപ

രിഷ്കൃതവർഗ്ഗം മറ്റൊരുഘട്ടത്തിൽ പ്രാമണ്യത്തിലേക്കുയരുകയും ചെയ്യാറില്ലേ?

മനുഷ്യസമുദായത്തിന്റെ അസമമായ ഈ വളർച്ചയ്ക്കിടയിൽ ചില പ്പോൾ ചരിത്രത്തിന്റെ പിൻപന്തിയിലുള്ള ചില ജനവിഭാഗങ്ങൾ പെട്ടെന്ന് മുൻപന്തിയിലേക്ക് സ്വയം തള്ളിക്കേറിവരികയും മറ്റു ചില ജനവിഭാഗ ങ്ങൾ പിൻപന്തിയിലേക്ക് പിടിച്ചുതള്ളപ്പെടുകയും ചെയ്യുക എന്നത് ഒട്ടും തന്നെ അസംഭവ്യമല്ല. കേരളചരിത്രത്തിലുണ്ടായതും അതുതന്നെയാണ്. ക്രിസ്ത്വാബ്ദം ആറാം നൂറ്റാണ്ടിനും ഒമ്പതാം നൂറ്റാണ്ടിനുമിടയിൽ അതേ വരെ അപരിഷ്കൃതങ്ങളായി കഴിഞ്ഞുകൂടിയിരുന്ന ചില ഗോത്രസമു ദായങ്ങൾ ആഭ്യന്തരവൈരുദ്ധ്യങ്ങളുടെ വളർച്ചയുടേയും ബാഹ്യപരിത സ്ഥിതികളുടെ പ്രത്യേകതകളുടെയും ഫലമായി ചരിത്രത്തിന്റെ ഉപരി തലത്തിലേക്ക് പെട്ടെന്ന് തള്ളിക്കേറിവന്നു. അങ്ങനെയാണ് പുതിയ പല ഫ്യൂഡൽ രാജവംശങ്ങളും ഉത്ഭവിച്ചത്. അങ്ങനെത്തന്നെയാണ് നായർ, ഈഴവൻ തുടങ്ങിയ പുതിയ ജാതികൾ ഉയർന്നുവന്നതും.

ചുറ്റുപാടും ഫ്യൂഡലിസം ശക്തിയാർജ്ജിക്കുകയും വളരുകയും ചെയ്തുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. അതിന്റെ ഫല മായി പ്രാകൃതകമ്മ്യൂണിസത്തിന്റെ അടിസ്ഥാനത്തിലുള്ള ചില ഗോത്ര സമുദായങ്ങൾക്ക് അടിമത്ത വ്യവസ്ഥയിലൂടെ കടന്നുപോകാതെതന്നെ നേരിട്ടു ഫ്യൂഡൽ വ്യവസ്ഥയിലെത്തിച്ചേരാൻ കഴിഞ്ഞു.

ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ല, പ്രാകൃതകമ്മ്യൂണിസം, അടിമ ത്തം, ഫ്യൂഡലിസം, മുതലാളിത്തം, സോഷ്യലിസം എന്നീ സാമൂഹ്യ വ്യവസ്ഥിതികൾ പടിപടിയായി, ഒന്നിനുശേഷം മറ്റൊന്നായി മുറയനു സരിച്ച് മാത്രമേ വികസിക്കൂ എന്നു കരുതുന്നതു തെറ്റാണ്. ചരിത്രപര മായ ചില പ്രത്യേക പരിസ്ഥിതികളിൽ, ചില 'എടുത്തുചാട്ടങ്ങൾ' ഉണ്ടാ യെന്നുവരും. അടിമത്തത്തിൽനിന്ന് ഫ്യൂഡലിസത്തിലൂടെയല്ല അമേരിക്ക മുതലാളിത്തത്തിലെത്തിച്ചേർന്നത്. ഫ്യൂഡൽ വ്യവസ്ഥയിലാണ്ടുകി ടന്നിരുന്ന മംഗോളിയ മുതലാളിത്ത വ്യവസ്ഥിതിയെ തൊടാതെ സോഷ്യ ലിസത്തിലേക്ക് നേരിട്ട് ചാടിക്കടക്കുകയാണ് ചെയ്തത്. ഏതാണ്ടിതു പോലുള്ള ഒരു 'ചാടിക്കടക്ക'ലാണ് കേരളത്തിലുമുണ്ടായത്.

പക്ഷേ, ഫ്യൂഡലിസത്തിലെത്തിയതിനുശേഷവും ഗോത്രസമുദാ യവ്യവസ്ഥയുടെ പ്രബലങ്ങളായ പല അവശിഷ്ടങ്ങളും നിലനിന്നുപോ ന്നു. നായർ, ഈഴവർ തുടങ്ങിയ സമുദായങ്ങളുടെ ഘടന പരിശോധി ച്ചാൽ, ഗോത്രസമുദായവ്യവസ്ഥയുടെ പല സവിശേഷതകളും കാണാം. അതുകൊണ്ടുതന്നെയാണ് ഈ സമുദായങ്ങളിൽ നാഗപൂജയും കാളീ പൂജയും ഭൂതപ്രേതപിശാചാദികളിലുള്ള വിശ്വാസവും മറ്റും ഇന്നും നില

നിൽക്കുന്നത്. മാതൃമേധാവിത്വത്തിന്റെ അവശിഷ്ടങ്ങളും മരുമക്കത്തായവും നാമാവശേഷമാകാതെ നിലനിന്നുപോന്നതിനുള്ള കാരണവും മറ്റൊന്നുമല്ല.

ഗോത്രഘടന, ദായക്രമം, സാമൂഹ്യാചാര്യങ്ങൾ, മതവിശ്വാസങ്ങൾ മുതലായ കാര്യങ്ങളിൽ ഈഴവർക്കും നായൻമാർക്കും തമ്മിൽ പറയത്തക്ക വ്യത്യാസങ്ങളൊന്നും കാണാനില്ല. എന്നിട്ടും ഈഴവർ തീണ്ടലുള്ള അയിത്തജാതിക്കാരും നായൻമാർ പ്രമാണികളായ സവർണജാതിക്കാരും ആയിത്തീർന്നതെന്തുകൊണ്ടാണ്? ഫ്യൂഡൽ വ്യവസ്ഥയിൽ ഉൽപ്പാദനപരമായ കായികാധ്വാനം പൊതുവിൽ ഹീനമായിട്ടാണ് കരുതപ്പെട്ടിരുന്നു എന്നതാണ് ഇതിനു കാരണമെന്നു തോന്നുന്നു. ഒരേതരത്തിലുള്ള ഗോത്രസമുദായത്തിനുള്ളിൽ നിന്നുയർന്നുവന്ന ഈ രണ്ടു ജനവിഭാഗങ്ങൾക്കുമിടയിൽ ആദ്യകാലത്ത് യാതൊരകൽച്ചയും ഉണ്ടായിരുന്നില്ല എന്നുവേണം കരുതാൻ. പക്ഷേ, നായൻമാർ പടയാളികളും സ്വത്തുടമസ്ഥരായ സൈനിക നേതാക്കൻമാരും ആയിത്തീർന്നതുകൊണ്ട് അവർ ഉയർന്ന ജാതിക്കാരായി കരുതപ്പെടാൻ തുടങ്ങി. കായാകാധ്വാനത്തിലേർപ്പെട്ട ഈഴവരാകട്ടെ താണജാതിക്കാരുമായി!

ജാതിവിഭജനം വളരെ സങ്കീർണ്ണമായ ഒരു പ്രക്രിയയായിരുന്നു. സ്വത്തും സാമർത്ഥ്യവുമുള്ള താണജാതിക്കാരായ വ്യക്തികൾ ഉയർന്ന ജാതിക്കാരായി മാറ്റപ്പെടുക പതിവായിരുന്നു. ഇന്ത്യയിലെ പല ഭാഗങ്ങളിലും നടപ്പുണ്ടായിരുന്ന ഒരു സമ്പ്രദായമാണിത്. ഉദാഹരണത്തിന്, ഒറീസയിലെ താഴ്ന്നജാതിക്കാരായ ചാസൻമാർ ഉയർന്ന ജാതിക്കാരായ കാരൻമാരായി മാറിയതിനെപ്പറ്റിയും, വടക്കേ ഇന്ത്യയിലെ മറ്റു പല ഭാഗങ്ങളിലും ഉയർന്ന ജാതിക്കാരന് താണജാതിക്കാരിലുണ്ടായ മക്കൾ ഏതാനും തലമുറകൾക്കുശേഷം ഉയർന്ന ജാതിക്കാരായി പരിഗണിക്കപ്പെടാൻ തുടങ്ങിയതിനെപ്പറ്റിയും റോസ് വിവരിക്കുന്നുണ്ട്.[32] മധ്യകാലത്ത് മാധ്വാചാര്യരും ആധുനികകാലത്ത് ആര്യസമാജക്കാരും അധഃകൃതരെപ്പോലും ബ്രാഹ്മണരാക്കി മാറ്റിയിട്ടുണ്ട്.

ചില ഇന്ത്യൻ സ്റ്റേറ്റുകളിലെ രാജാക്കൻമാർക്ക് ജാതികൊടുക്കാനും അതെടുത്തുകളയാനുമുള്ള അധികാരമുണ്ടായിരുന്നുവെന്ന് ഹട്ടൺ ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണത്തിന്, മണിപ്പൂർ സ്റ്റേറ്റിലെ ലോയി എന്ന ജാതിക്കാരൻ മഹാരാജാവിന്റെ അംഗീകാരത്തോടുകൂടി പൂണുനൂൽ ധരിച്ച ക്ഷത്രിയന്റെ പദവിയിലുള്ള മണിപ്പൂരി ജാതിക്കാരനായി ഉയർത്തപ്പെട്ടിരുന്നു.[33] കേരളത്തിലും ഇതുതന്നെയാണുണ്ടായത്.

32. Rose: Tribes and Castes in Central India. P. 416.
33. J.H.Hutton: Caste in India. P.49.

രാജാക്കൻമാരായിത്തീർന്ന നായർ കുലത്തലവൻമാരും അവരുടെ കുടുംബാംഗങ്ങളുമാണ് ക്ഷത്രിയൻമാരും സാമന്തൻമാരും മറ്റുമായിത്തീർന്നത്. അവരിൽ ചിലർക്ക് പൂണുനൂൽ നൽകപ്പെട്ടു. ചിലർ ബ്രാഹ്മണ്യത്തിലേക്കുയർത്തപ്പെട്ടു. 'സാമന്തനായൻമാരുടെ കുടുംബങ്ങളിൽ മറ്റു നായൻമാർക്ക് 'സംബന്ധം' ചെയ്യുന്ന പാടില്ലെന്നായി. ഇതുപോലെത്തന്നെ ഈഴവൻമാർക്കിടയിൽനിന്ന് പലരും നായൻമാരായി ഉയർന്നു. താണജാതിക്കാരായ നായൻമാരിൽ ചിലർ ഉയർന്നജാതി നായൻമാരുമായി. 'മുൻകാലങ്ങളിൽ കർമ്മാളർ, പുലയർ തുടങ്ങിയ സമുദായങ്ങളിൽനിന്നുപോലും നായർ കുടുംബങ്ങളുണ്ടായിട്ടുണ്ട്.' എന്നാൽ കുറേക്കാലം കഴിഞ്ഞപ്പോൾ അവരുടെ വംശം നല്ല നായൻമാരായിത്തീരുന്നു.'[34] എന്ന് കെ.പി.പത്മനാഭമേനോൻ രേഖപ്പെടുത്തുന്നു. 'കരിപ്പുറം ദേശത്ത് അനേകം ഈഴവ പ്രഭുകുടുംബങ്ങളും നായർ പ്രഭുകുടുംബങ്ങളും അടുത്തകാലം വരെ പുല ആചരിച്ചിരുന്നതായി എനിക്കറിവുണ്ട്.'[35] എന്ന് എൻ.ആർ.കൃഷ്ണൻ പ്രസ്താവിക്കുന്നു.

സ്വത്തും കയ്യൂക്കുമുള്ള സാമാന്യം ഭേദപ്പെട്ട കുടുംബങ്ങളായിരിക്കണം ആദ്യകാലങ്ങളിൽ ഉയർന്ന ജാതിക്കാരായി മാറിയത്. കാലക്രമത്തിൽ ഈ സ്ഥിതിക്കും മാറ്റം വന്നു. ഫ്യൂഡലിസം കൂടുതൽ ശക്തിപ്പെട്ടപ്പോൾ ഓരോ ജാതിയും മറ്റു ജാതികളിൽ നിന്ന് അധികമധികം അകലാനും ഒറ്റപ്പെടാനും തുടങ്ങി.

ഇങ്ങനെ നീണ്ടകാലത്തെ പരിവർത്തനങ്ങൾക്കുശേഷമാണ് തൊട്ടുകൂടായ്മയുടേയും തീണ്ടിക്കൂടായ്മയുടേയും അടിസ്ഥാനത്തിലുള്ള ജാതിവ്യവസ്ഥ ഉരുപ്പിടിച്ചത്.

കേരള ചരിത്രത്തിന്റെ ഫ്യൂഡൽ കാലഘട്ടം ഈ പുസ്തകത്തിലെ ഒന്നാം ഭാഗത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല. അതുകൊണ്ട്, ഫ്യൂഡലിസത്തിന്റെ സംഭാവനയായ ജാതിവ്യവസ്ഥയുടെ വിശദാംശങ്ങളെപ്പറ്റിയുള്ള പഠനവും രണ്ടാംഭാഗത്തിലേക്ക് നീട്ടിവയ്ക്കേണ്ടിയിരിക്കുന്നു. പ്രാചീന കേരളത്തിൽ ജാതിവ്യവസ്ഥയുണ്ടായിരുന്നില്ലെന്നും അതു ഫ്യൂഡലിസത്തിന്റെ സൃഷ്ടിയാണെന്നും വ്യക്തമാക്കാൻ വേണ്ടി മാത്രമാണ് ഇവിടെ ഇത്രയും പ്രസ്താവിച്ചത്.

34. K.P.Padmanabhan Menon, History of Kerala.

35. എൻ.ആർ. കൃഷ്ണൻ: ഈഴവർ അന്നും ഇന്നും, പേജ് 11

## അധ്യായം 10

# പ്രാചീനകേരളത്തിലെ കുടുംബബന്ധങ്ങൾ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കുടുംബബന്ധങ്ങളുടെ ഉത്ഭവത്തെപ്പറ്റി ഗവേഷണങ്ങൾ നടത്തിയ ബച്ചോഫൻ, മാക്ക്ലെന്നാൻ, ലൂബോക്ക്, മോർഗൻ, ഏംഗൽസ് തുടങ്ങിയ ശാസ്ത്രജ്ഞൻമാർ പരിഷ്കൃതലോകത്തെ അമ്പരപ്പിച്ച ചില ചരിത്ര വസ്തുതകളെ വെളിച്ചത്തു കൊണ്ടുവരികയുണ്ടായി. അവരുടെ അഭിപ്രായങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

ചരിത്രത്തിന്റെ പ്രാരംഭകാലത്ത്, അതായത് പ്രാകൃത മനുഷ്യർ കാടത്തത്തിന്റെ ഏറ്റവും താഴ്ന്ന ഘട്ടത്തിൽ കഴിച്ചുകൂട്ടിയിരുന്ന കാലത്ത്, യാതൊരുതരം വിവാഹസമ്പ്രദായങ്ങളുമുണ്ടായിരുന്നില്ല. സഹോദരീസഹോദരൻമാരെന്നോ മാതാപിതാക്കൻമാരും മക്കളുമെന്നോ വ്യത്യാസമില്ലാത്ത അനിയന്ത്രിതമായ ലൈംഗികജീവിതമാണ് നിലനിന്നിരുന്നത്. (ഇതിന് സംസ്കൃതത്തിൽ ഗോധർമ്മം എന്നു പറയുന്നു.) കാലക്രമത്തിൽ അമ്മയും മകനും തമ്മിലും അച്ഛനും മകളും തമ്മിലുള്ള ബന്ധങ്ങളെ നിരോധിച്ചുകൊണ്ടുള്ള സഗോത്ര (കൺസാൻജൂയിൻ) കുടുംബബന്ധങ്ങളാവിർഭവിച്ചു. ഈ വ്യവസ്ഥയിലേ ഒരേ സംഘത്തിനുള്ളിലെ സഹോദരീസഹോദരൻമാർക്ക് ലൈംഗികബന്ധങ്ങളിലേർപ്പെടാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. പിന്നെയും വളരെക്കാലം കഴിഞ്ഞപ്പോൾ സഹോദരീസഹോദരൻമാർ തമ്മിലുള്ള ലൈംഗികബന്ധങ്ങളും നിഷിദ്ധമായി. അതോടെ ഒരേ മാതാവിന്റെ പെൺമക്കൾ ഒരു കുടുംബത്തിന്റെയും ആൺമക്കൾ മറ്റൊരു കുടുംബത്തിന്റേയും കേന്ദ്രങ്ങളായിത്തീർന്നു. അങ്ങനെ ഒരു സംഘത്തിലെ എല്ലാ പുരുഷൻമാരും മറ്റൊരു സംഘത്തിലെ എല്ലാ സ്ത്രീകളുമായും ബന്ധം പുലർത്തുന്ന 'പുനലു

വൻ' കുടുംബസമ്പ്രാദയമാവിർഭവിച്ചു. ക്രമത്തിൽ, ഈ സംഘവിവാഹത്തിന്റെ പരിധിയ്ക്കുള്ളിൽ പുരുഷൻ ഏതെങ്കിലുമൊരു സത്രീയെ തന്റെ പ്രധാനഭാര്യയായും സ്ത്രീ ഏതെങ്കിലുമൊരു പുരുഷനെ തന്റെ പ്രധാന ഭർത്താവായും കരുതാൻതുടങ്ങി. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ കുറച്ചുകാലത്തേയ്ക്കു നീണ്ടുനിൽക്കുന്നതും അവരിലേതെങ്കിലുമൊരാൾക്കു വേണ്ടെന്നുതോന്നിയാൽ ഇഷ്ടംപോലെ വേർപെടുത്താവുന്നതുമായ ഈ വിവാഹബന്ധത്തിന് മിഥുന വിവാഹബന്ധം, അല്ലെങ്കിൽ 'പേയ്റിങ്ങ്' വിവാഹബന്ധമെന്നു പറയുന്നു. 'പേയ്റിങ്ങ്' വിവാഹസമ്പ്രദായത്തിൽനിന്നാണ് ഏകഭാര്യാത്വത്തിന്റെ അടിസ്ഥാനത്തിലുള്ള ഇന്നത്തെ പരിഷ്ക്കരിച്ച വിവാഹസമ്പ്രദായവും കുടുംബജീവിതവും ആവിർഭവിച്ചത്.

ഇവയിൽ ആദ്യത്തേത്, അതായത് മനുഷ്യസമുദായം കാടത്തത്തിന്റെ ഏറ്റവും അടിയിലുള്ള ഘട്ടത്തിൽ കഴിച്ചുകൂട്ടിയിരുന്ന കാലത്തെ ലൈംഗികാരാജകത്വം, ബെറിങ്ങ് സ്ട്രേറ്റിലെ കവിയാത്തുകാർക്കിടയിലും അലാസ്ക്കയ്ക്കടുത്തുള്ള കാദിയാർക്കുകാർക്കിടയിലും ബ്രിട്ടീഷ് വടക്കെ അമേരിക്കയിലെ തിന്നേ വർഗ്ഗക്കാർക്കിടയിലും മറ്റു നിലനിന്നിരുന്നുവെന്ന് എച്ച്.എച്ച്. ബാൻക്രോഫ്ട് എന്ന നരവംശശാസ്ത്രജ്ഞൻ ക്രി. 1875 ൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ അതിപ്രാകൃത സമ്പ്രദായത്തിന്റെ അവശിഷ്ടങ്ങൾ കേരളത്തിലും നിലനിന്നിരുന്നുവെന്ന് ചില പണ്ഡിതൻമാർ ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണത്തിന്, മലബാറിലെ ഏർനാടൻ എന്ന ഗിരിഗോത്രക്കാർക്കിടയിൽ പുരുഷൻ തന്റെ മൂത്തമകളെ രണ്ടാംഭാര്യയായി വിവാഹംകഴിക്കുക പതിവായിരുന്നു എന്ന് തർസ്റ്റൻ പ്രസ്താവിക്കുന്നു.[1] ഏതായാലും, ഈ സമ്പ്രദായം വളരെ അപൂർവ്വമാണ്. പക്ഷേ, താരതമ്യേന കൂടുതൽ പരിഷ്ക്കരിച്ച 'പുനുലുവൻ' കുടുംബവും അതിന്റെ വകഭേദങ്ങളായ സംഘവിവാഹ സമ്പ്രദായങ്ങളും കേരളത്തിന്റെ നാനാഭാഗങ്ങളിലും നിലനിന്നുപോയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

## സംഘവിവാഹവും മാതൃമേധാവിത്വവും

സംഘവിവാഹവ്യവസ്ഥയിൽ ഒരു സംഘത്തിലെ എല്ലാ പുരുഷൻമാർക്കും മറ്റേതെങ്കിലുമൊരു സംഘത്തിലെ എല്ലാ സ്ത്രീകളുമായി വിവാഹബന്ധത്തിലേർപ്പെടാനവകാശമുണ്ട്. ഒരേ സംഘത്തിലെ അംഗങ്ങൾ തമ്മിലുള്ള ലൈംഗികബന്ധങ്ങൾ മാത്രമേ നിഷിദ്ധമായിത്തീരുന്നുള്ളു. ഓരോ അംഗത്തിനും ഒന്നിലധികം ഭർത്താക്കൻമാരോ ഭാര്യ

1. Thruston: Caste and Tribes, Vol 11, P.217.

മാരോ ഉണ്ടാകുന്നതിൽ തെറ്റില്ല. അവർ മറ്റൊരു സംഘത്തിലെ അംഗങ്ങളായിരിക്കണമെന്നേയുള്ളു. ഈ ബഹുഭർത്തൃവ്യവസ്ഥയിൽ ഒരു സ്ത്രീയുടെ മക്കളെല്ലാം സഹോദരീസഹോദരൻമാരാണ്. പക്ഷേ, അവർ ഒന്നിലധികം അച്ഛൻമാരുടെ മക്കളാണ്. ഓരോ കുട്ടിയുടേയും അച്ഛനാരാണെന്ന് കൃത്യമായി പറയുക സാധ്യമല്ല. അമ്മയാരാണെന്നു മാത്രമേ ഉറപ്പിച്ചുപറയാൻ കഴിയൂ. അതുകൊണ്ട് ഏംഗെൽസ് ചൂണ്ടിക്കാണിക്കുന്നതുപോലെ, സംഘവിവാഹം നിലനിൽക്കുന്നിടത്തെല്ലാം അമ്മവഴിക്കുള്ള പാരമ്പര്യമേ കണക്കാക്കാൻ കഴിയൂ എന്നും സ്ത്രീവഴിക്കുള്ള പിന്തുടർച്ചാവകാശം മാത്രമേ അംഗീകരിക്കപ്പെടുകയുള്ളു എന്നും വ്യക്തമാണ്. കാടത്തത്തിലും അപരിഷ്കൃതത്തിന്റെ താഴ്ന്നപടിയിലും കഴിച്ചുകൂട്ടുന്ന എല്ലാ ജനസമുദായങ്ങൾക്കിടയിലും ഈ സമ്പ്രദായമാണ് യഥാർത്ഥത്തിലുള്ളത്.[2]

മാതൃമേധാവിത്വം യാദൃച്ഛികമായ ഒരു സാമൂഹ്യപ്രതിഭാസമോ ഏതെങ്കിലുമൊരു ജനസമുദായത്തിന്റെ പ്രത്യേകതയോ അല്ല. സാമ്പത്തികവും സാമൂഹ്യവുമായ സാഹചര്യങ്ങളുടെ ഫലമായിട്ടാണ് അതാവിർഭവിക്കുകയും മാറ്റങ്ങൾക്കു വിധേയമാവുകയും ചെയ്തത്. പ്രാചീനശിലായുഗത്തിന്റെ ഉത്തരാർധം മുതൽ ഏതാണ്ട് നവീനശിലായുഗത്തിന്റെ അവസാനം വരെയുള്ള നീണ്ടകാലഘട്ടത്തിൽ ലോകത്തിലെല്ലായിടത്തും മാതൃമേധാവിത്വം നിലനിന്നുപോന്നിട്ടുണ്ടെന്ന് നരവംശശാസ്ത്രജ്ഞൻമാർ തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. വേട്ടയാടൽ, മീൻപിടുത്തം, പ്രാകൃതമായ തോട്ടംകൃഷി, മൃഗങ്ങളെ പോറ്റിവളർത്തൽ എന്നിങ്ങനെ വ്യത്യസ്തങ്ങളായ ഉൽപ്പാദനരീതികളുൾക്കൊള്ളുന്ന ഒരു നീണ്ട കാലഘട്ടമാണത്. ഉൽപ്പാദനോപാദികളുടെ മേലുള്ള പൊതുവുടമയാണ് ഈ കാലഘട്ടത്തിലെ അടിസ്ഥാനപരമായ ഉൽപ്പാദനബന്ധം. എന്നാൽ, മാതൃമേധാവിത്വത്തിന്റെ ആരംഭഘട്ടത്തിലെ ഉൽപ്പാദനരീതിയും വളർച്ചയെത്തിയ ഘട്ടത്തിലെ ഉൽപ്പാദനരീതിയും തമ്മിൽ അതിപ്രധാനമായ ചില വ്യത്യാസങ്ങൾ കാണാം. ആരംഭകാലത്ത് പ്രകൃതിയിൽനിന്ന് ലഭിക്കുന്ന കായ്കനികളും ധാന്യങ്ങളും ശേഖരിക്കൽ, വേട്ടയാടൽ, പ്രാകൃതരീതിയിലുള്ള മീൻപിടുത്തം മുതലായവയാണുണ്ടായിരുന്നത്. ഫലമൂലാധികളും ധാന്യങ്ങളും ശേഖരിക്കുകയും പ്രാകൃതരീതിയിൽ കൃഷിചെയ്തുണ്ടാക്കുകയും ചെയ്തിരുന്നത് സ്ത്രീകളാണ്. കുട്ടികളെ പോറ്റിവളർത്തലും അവരുടെ ചുമതലയായിരുന്നു. പുരുഷൻമാർ കൂട്ടംകൂട്ടമായി വേട്ടയാടാൻ പോവും. ഈ പരിതസ്ഥിതിയിലാണ് കുടുംബത്തിനകത്ത് മാതൃമേധാവിത്വം അടിയുറച്ചത്.

2. R.Engels: The Origin of the Family, Private Property and the State. P.69.

എന്നാൽ നവീനശിലായുഗത്തിന്റെ അവസാനമായപ്പോഴേയ്ക്കും ഈ സ്ഥിതിക്കൊരു മാറ്റം വന്നു. കന്നുകാലികളെ മേച്ചുവളർത്തൽ, ഫലപുഷ്ടിയുള്ള പ്രദേശങ്ങളിൽ സ്ഥിരവാസമുറപ്പിക്കൽ, കലപ്പ ഉപയോഗിച്ചുകൊണ്ടുള്ള കൃഷി ഇതെല്ലാം ഈ ഘട്ടത്തിലാണവിർഭവിച്ചത്. ഉൽപ്പാദനോപകരണങ്ങൾ അവ ഉപയോഗിച്ച് പണിയെടുത്തുകൊണ്ടിരുന്ന പുരുഷൻമാരുടെ കൈകളിലായി. ഉൽപ്പാദനവ്യവസ്ഥയിൽ നിർണ്ണായക പങ്കുവഹിച്ചതും സ്വത്തുക്കളുടെ മേൽനോട്ടം നടത്തിയതുമെല്ലാം അവരാണ്. തൽഫലമായി സ്വത്തുക്കളുടെ പിന്തുടർച്ചാവകാശം ഒരു വലിയ പ്രശ്നമായിത്തീരുന്നു. പുരുഷന് തന്റെ സ്വന്തം മക്കളാരാണെന്ന് ശരിക്കു മനസ്സിലാക്കാൻ കഴിയാത്തേടത്തോളം ഈ പ്രശ്നത്തിന് പരിഹാരം കാണുക സാധ്യമായിരുന്നില്ല. ഈ പരിതഃസ്ഥിതിയിലാണ് പിതൃമേധാവിത്വത്തിന്റെ അടിസ്ഥാനത്തിലുള്ള കുടുംബബന്ധങ്ങളാവിർഭവിച്ചത്. ഒരേ മാതാവിന്റെ ആൺമക്കളും പെൺമക്കളും തമ്മിലുള്ള ലൈംഗികബന്ധങ്ങൾ നിരോധിക്കപ്പെട്ടതിന്റെ ഫലമായി മാതൃമേധാവിത്വത്തിന്റെ ആവിർഭാവത്തിനെന്നപോലെ ഗോത്രസമുദായങ്ങളുടെ വളർച്ചയ്ക്കും വലിയൊരു പ്രചോദനം ലഭിച്ചുവെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് ഏംഗൽസ് ഇങ്ങനെ എഴുതുകയുണ്ടായി.

'ഈ പുരോഗതി മൂലം ആഭ്യന്തരമായ സന്തത്യുൽപ്പാദനത്തിൽ നിയന്ത്രണം ചെലുത്തിയ കുലങ്ങൾക്ക്, സഹോദരികളും സഹോദരൻമാരും തമ്മിലുള്ള മിശ്രവിവാഹത്തെ ഒരു കടമയും നിയമവുമായി കരുതിപ്പോന്ന കുലങ്ങളെ അപേക്ഷിച്ച്, കൂടുതൽ വേഗത്തിലും കൂടുതൽ പൂർണ്ണമായും വളരാൻ കഴിഞ്ഞു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ പുരോഗതിയുടെ ഫലം എത്ര സുശക്തമായിത്തീർന്നു എന്നു മനസ്സിലാക്കാൻ അതിൽ നിന്നു നേരിട്ടുൽഭവിക്കുകയും അതിവേഗം വളരുകയും ചെയ്ത ഗോത്രസമുദായങ്ങളെ പരിശോധിച്ചാൽ മതി. രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള ഗോത്രസമുദായമാണ് ലോകത്തിലെ അപരിഷ്കൃ ജനങ്ങളുടെ മുഴുവനുമല്ലെങ്കിൽ വമ്പിച്ച ഭൂരിഭാഗത്തിന്റെയെങ്കിലും സാമൂഹ്യഘടനയുടെ അടിത്തറ. അതിൽനിന്നു നേരിട്ടാണ് നമ്മൾ സംസ്കാരത്തിന്റെ ഘട്ടത്തിലേയ്ക്കു പ്രവേശിക്കുന്നത്.'[3]

## പാരമ്പര്യവും പിന്തുടർച്ചാവകാശവും

കേരളത്തിലിന്നും നാമാവശേഷമായിട്ടില്ലാത്ത ഗിരിവർഗ്ഗക്കാരുടെ ഗോത്രസമുദായങ്ങൾ ബഹിർഗോത്ര വിവാഹസമ്പ്രദായമാണ് പിന്തി

3. F.Engels: The Origin of the Family, Private Property and the State P. 64.

ടുർന്നുവരുന്നത്. അതായത്, ഒരേ ഗോത്രത്തിലെ സ്ത്രീപുരുഷൻമാർ തമ്മിലുള്ള വിവാഹം നിഷിദ്ധമാണ്. സ്വന്തം കുലത്തിൽപ്പെട്ട മറ്റേതെങ്കിലം ഗോത്രത്തിലെ വിവാഹം കഴിച്ചുകൂടും. ഉദാഹരണത്തിന്, വളയില്ലത്തിലെ ഒരു മലയരയൻ എണ്ണയില്ലത്തിലേയോ മുണ്ടില്ലത്തിലേയോ സ്ത്രീയെയാണ് വിവാഹം കഴിക്കുക. എൽ.എ. കൃഷ്ണയ്യർ എഴുതുന്നു:

"അമ്മ വഴിക്ക് പാരമ്പര്യം കണക്കാക്കുന്ന സമ്പ്രദായം തിരുവിതാംകൂറിലെ ഗിരിവർഗ്ഗക്കാർക്കിടയിൽ നിന്നും പൂർണ്ണമായി അന്തർദ്ധാനം ചെയ്തു കഴിഞ്ഞിട്ടില്ല. കാണിക്കാർക്കിടയിൽ കുറുമില്ലം ഗോത്രത്തിലെ ഒരു പുരുഷന് പെരിഞ്ചില്ലം ഗോത്രത്തിൽപ്പെട്ട തന്റെ ഭാര്യയിലുണ്ടാകുന്ന സന്താനങ്ങൾ പെരിഞ്ചില്ലം ഗോത്രത്തിലുൾപ്പെടുന്നു. ബഹിർഗോത്ര വിവാഹത്തിന്റെ നിയമങ്ങളനുസരിച്ച്, സ്വന്തം ഗോത്രത്തിലുള്ള ഒരു സ്ത്രീയെ വിവാഹം കഴിക്കാൻ യാതൊരു പുരുഷനും അനുവാദമില്ല. ഒരു സ്ത്രീയുടെ കുട്ടികൾ അവളുടെ സഹോദരന്റെ കുട്ടികളുടേതിൽ നിന്ന് വ്യത്യസ്തമായ ഒരു ഗോത്രത്തിലേയാണ്. അതുകൊണ്ട് ബഹിർഗോത്രവിവാഹത്തിന്റെ നിയമമനുസരിച്ച് ആ സ്ത്രീയുടെ കുട്ടികൾക്കും അവളുടെ സഹോദരന്റെ കുട്ടികൾക്കും തമ്മിൽ വിവാഹം നടത്താം. നേരേമറിച്ച് സഹോദരന്റെ മക്കൾ - സഹോദരിയുടെ മക്കൾ - ബഹിർഗോത്ര വിവാഹനിയമങ്ങൾക്കു വിധേയമായ ഗോത്രത്തിലെ അംഗങ്ങളാണ്. അതുകൊണ്ട് അവർക്ക് പരസ്പരം വിവാഹം കഴിച്ചുകൂടാ."[4]

വിവാഹിതയായ സ്ത്രീ തന്റെ ഭർത്താവിന്റെ ഗോത്രത്തിലെ അംഗമായിത്തീരുന്നില്ല. അവിവാഹിതയായ തന്റെ സഹോദരിയെപ്പോലെത്തന്നെ അവളും മാതാവിന്റെ ഗോത്രത്തിലുൾപ്പെടുന്നു. അവളുടെ മക്കളുടെ ഗോത്രവും അതുതന്നെ. പക്ഷേ, ആൺമക്കളുടെ മക്കൾക്ക് മറ്റൊരു ഗോത്രമാണ്. അമ്മ വഴിക്കുള്ള പാരമ്പര്യമാണ് മിക്ക ഗിരിവർഗ്ഗക്കാർക്കുമുള്ളത്. അച്ഛൻ വഴിക്കുള്ള പാരമ്പര്യം പിന്തുടരുന്നവരുമുണ്ട്. എന്നാൽ, തണ്ടാപ്പുലയൻ, മലംകുറവൻ, മലവേടൻ, മലപ്പുലയൻ എന്നിങ്ങനെ പതിനഞ്ചോളം ഗോത്രസമുദായക്കാർക്കിടയിൽ മാതൃപാരമ്പര്യവ്യവസ്ഥയോ അതിന്റെ രൂപഭേദമായ മരുമക്കത്തായമോ ആണ് ഇന്നും നിലനിന്നുവരുന്നത്. മരുമക്കത്തായത്തിൽ പുരുഷൻ സാധാരണയായി തന്റെ അമ്മാമന്റെ - അതായത് അമ്മയുടെ സഹോദരന്റെ മകളെയാണ് വിവാഹം കഴിക്കുന്നത്. അയാളുടെ മക്കളെല്ലാം അവരുടെ അമ്മയുടെ ഗോത്രത്തിൽത്തന്നെ തുടരുന്നു. പുരുഷന്റെ മക്കൾ അയാളുടെ ഗോത്രത്തിൽപ്പെടുന്നില്ല. അയാളുടെ ഭാര്യയുടെ ഗോത്രത്തിലാണ് ഉൾപ്പെടുന്നത്. അതു

4. L.A.Krishna Iyer: Travancore Tribes and Castes.

കൊണ്ട് മുകളിൽ ചൂണ്ടിക്കാണിച്ചതുപോലെ, ബഹിർഗോത്രവിവാഹ ത്തിന്റെ തത്ത്വമനുസരിച്ച് സഹോദരിയുടെയും സഹോദരന്റെയും മക്കൾക്ക് പരസ്പരം വിവാഹം ചെയ്യാം.

പാരമ്പര്യം മാത്രമല്ല, പിന്തുടർച്ചാവകാശവും അമ്മ വഴിയ്ക്കാണ്. ആദ്യകാലത്ത് അമ്മതന്നെയാണ് സ്വത്തുക്കളുടെ മേൽനോട്ടം നടത്തു കയും കൈകാര്യകർത്തൃത്വം വഹിക്കുകയും ചെയ്തിരുന്നത്. ഇന്നും ചില തറവാടുകളിൽ അതിന്റെ അവശിഷ്ടങ്ങൾ കാണാം. പക്ഷേ, പൊതുവിൽ പറഞ്ഞാൽ, ഇന്നത്തെ മരുമക്കത്തായ വ്യവസ്ഥയിൽ സ്വത്തുക്കളുടെ മേൽനോട്ടം നടത്തുകയും കൈകാര്യകർത്തൃത്വം വഹി ക്കുകയും ചെയ്യുന്നത് ഏറ്റവും പ്രായംകൂടിയ പുരുഷനാണ്. അയാൾ മേൽനോട്ടക്കാരനും കൈകാര്യകർത്താവും മാത്രമാണ്. സ്വത്തുക്കളുടെ ഉടമസ്ഥനല്ല എന്നതാണ് ശ്രദ്ധയിൽപ്പെടേണ്ടകാര്യം. ആ സ്വത്തുക്കളുടെ അവകാശികൾ അയാളുടെ സ്വന്തം മക്കളല്ല, പിന്നെയോ, അയാളുടെ സഹോദരിയുടെ മക്കളാണ്; അതായത് അയാളുടെ മരുമക്കൾ. പിന്തു ടർച്ചാവകാശം അച്ഛനിൽ നിന്നും മക്കൾക്കല്ല, അമ്മാമനിൽ നിന്ന് മരുമ ക്കൾക്കാണ്. ഒരു ഗോത്രത്തിന്റെ മൂപ്പൻ മരിച്ചാൽ അതേ ഗോത്ര ത്തിൽത്തന്നെയുള്ള അയാളുടെ മരുമകൻ മൂപ്പൻ സ്ഥാനമേറ്റെടുക്കുന്നു.

സ്വത്തുക്കളുടെ പിന്തുടർച്ചാവകാശവും, പുല, ശേഷക്രിയ തുടങ്ങിയ ആചാരച്ചടങ്ങുകളും തമ്മിൽ വലിയ ബന്ധമുണ്ടെന്നു കാണാം. കാര ണവർ മരിച്ചാൽ ദുഃഖമാചരിക്കേണ്ടത് അയാളുടെ മക്കളല്ല, മരുമക്കളാ ണ്. സഹോദരീസഹോദരൻമാരും സഹോദരിയുടെ മക്കളും പതിനഞ്ചോ പതിനാറോ ദിവസം പുലയാചരിക്കണം. ഭാര്യയ്ക്കും മക്കൾക്കും സഹോ ദരൻമാരുടെ മക്കൾക്കും പുലയില്ല. എൽ.എ.കൃഷ്ണയ്യരും എ.കെ.ബാ ലരത്നവും എഴുതുന്നു:

'മരിച്ചുകഴിഞ്ഞ ഒരു പുരുഷന്റെ സ്വത്തുക്കളുടെ പിന്തുടർച്ചാവ കാശം തീർച്ചയായും അയാളുടെ ശേഷക്രിയകളുമായും അയാളുടെ ആത്മാവിനുവേണ്ടിയുള്ള ബലിയിടലുമായും ബന്ധപ്പെട്ടതായിരുന്നു. തന്തപ്പുലയൻമാർക്കിടയിൽ ദുഃഖമാചരിക്കേണ്ടവരിൽ പ്രധാനി മരുമക നാണെന്നും ആ മരുമകൻ 16 ദിവസത്തെ പുലയാചരിക്കുന്നുവെന്നും കാണാം. ഭാര്യയും മക്കളും യാതൊരു പുലയും ആചരിക്കുന്നില്ല. അവ രുടെ പിന്തുടർച്ചാവകാശം സ്ത്രീ വഴിക്കാണ്. മാതൃമേധാവിത്വവ്യവസ്ഥ യിലുള്ള മുതുവൻമാർ, മണ്ണാൻമാർ എന്നിവരുടെ സ്ഥിതിയും ഇതുത ന്നെ. ഉരളികൾക്കിടയിൽ മരുമകനാണ് ദുഃഖമാചരിക്കുന്നവരിൽ മുഖ്യൻ; എങ്കിലും മരിച്ച ആളുകളുടെ മക്കളും സ്വത്തിന്റെ അവകാശികളാണ്. അവർ കൂട്ടായിട്ടാണ് സ്വത്തുക്കൾ കൈവശംവച്ചുപോന്നിട്ടുള്ളത്.

കുടുംബത്തിന്റെ പരിണാമം പിന്തുടർച്ചാവകാശവ്യവസ്ഥയിൽ മാറ്റങ്ങളുണ്ടാക്കി. പക്ഷേ, അന്തസിനു മാറ്റമുണ്ടായില്ല. മുതുവൻമാർക്കിടയിൽ ഒരു പുരുഷന്റെ സ്വത്ത് അയാളുടെ അനുജത്തിയുടെയോ ജേഷ്ഠത്തിയുടെയോ മക്കൾക്കുള്ളതാണ്. എങ്കിലും സ്വത്തുക്കൾ മരുമകന്റെ കൈയിലെത്തുന്നതിന് മുമ്പ് അയാളുടെ അനുജനാണ് ലഭിക്കുന്നത്. സ്വത്തുക്കളുടെയെന്നപോലെ കടങ്ങളുടെ അവകാശിയും മരുമകനാണ്. ഇതേ പിന്തുടർച്ചാവകാശ ക്രമമാണ് മണ്ണാൻമാർക്കുമുള്ളത്.'[5]

## പരിഷ്കൃത സമുദായത്തിലെ അപരിഷ്കൃതത്വം

എന്നാൽ, പ്രാകൃതരായ കാട്ടുജാതിക്കാരുടെ ഗോത്രസമുദായങ്ങളിൽ മാത്രമല്ല, പരിഷ്കാരത്തിന്റെ മുൻപന്തിയിലെത്തിയ ചില സമുദായങ്ങളിലും മാതൃമേധാവിത്വത്തിന്റെ പ്രബലങ്ങളായ അവശിഷ്ടങ്ങൾ ഇന്നും നിലനിന്നുവരുന്നുണ്ട്. നായൻമാർക്കിടയിൽ പൊതുവിലും ഭൂരിപക്ഷം ഈഴവൻമാർക്കിടയിലും തിരുവനന്തപുരം ജില്ലയിലെ വെള്ളാളർക്കിടയിലും വടക്കെമലബാറിലെ മുസ്ളീങ്ങൾക്കിടയിലും പയ്യന്നൂരിലെ നമ്പൂതിരിമാർക്കിടയിലും മക്കത്തായമല്ല മരുമക്കത്തായമാണുള്ളത്. ഇതെങ്ങനെ സംഭവിച്ചു? മാതൃമേധാവിത്വം കാടത്തത്തിന്റെയും അപരിഷ്കൃതത്വത്തിന്റെയും പ്രത്യേകതയാണെന്ന മോർഗന്റെയും ഏംഗെൽസിന്റെയും മറ്റും നിഗമനങ്ങൾ ശരിയല്ലെന്നുണ്ടോ? ശരിയാണെങ്കിൽ കാടത്തത്തേയും അപരിഷ്കൃതത്വത്തേയും പിന്നിട്ട് പരിഷ്ക്കാരത്തിന്റെ ഏറക്കുറെ ഉയർന്നഘട്ടത്തിലെത്തിയ നായൻമാരുടേതുപോലുള്ള സമുദായങ്ങളിൽ മാതൃമേധാവിത്വവും മരുമക്കത്തായവും ഇന്നും നിലനിൽക്കുന്നതെന്തുകൊണ്ടാണ്?

സൂക്ഷ്മമായി പരിശോധിച്ചാൽ മരുമക്കത്തായം മാത്രമല്ല, അതിനുമുമ്പാവിർഭവിച്ച സംഘവിവാഹത്തിന്റെ ഒരു പരിഷ്ക്കരിച്ച രൂപമായ ബഹുഭർത്തൃ വ്യവസ്ഥയുടെ അവശിഷ്ടങ്ങളും നായൻമാർ, ഈഴവർ തുടങ്ങിയ ജാതിക്കാർക്കിടയിൽ നിലനിൽക്കുന്നുണ്ടെന്നു കാണാം. ഒരു സ്ത്രീക്ക് ഒരേകാലത്ത് ഒന്നിലധികം ഭർത്താക്കൻമാരെ സ്വീകരിക്കാൻ സ്വാതന്ത്ര്യം നൽകുന്ന ഒരു വ്യവസ്ഥയാണല്ലോ ബഹുഭർത്തൃവ്യവസ്ഥ. കേരളത്തിൽ ഇതിന്റെ രണ്ടു രൂപങ്ങൾ കാണാം. ഒന്നാമത്തേതിൽ സ്ത്രീ തന്റെ മാതാവിന്റെ കുടുംബത്തിൽ തന്നെ കഴിച്ചുകൂട്ടിക്കൊണ്ട് തനിക്കിഷ്ടമുള്ള എത്ര ഭർത്താക്കൻമാരെ വേണമെങ്കിലും സ്വീകരിക്കുന്നു. ശേഷക്കാർക്കിടയിൽ നിന്ന്, അതായത് സ്വന്തം ഗോത്രത്തിൽനിന്ന്, ആരേയും സ്വീകരിക്കരുതെന്ന് മാത്രമേ നിർബന്ധമുള്ളു. ഈ വ്യവസ്ഥ

5. L.A.Krishna Iyer and L.K.BalaRatnam: Anthropology In India. P-159-160.

യിൽ ജനിക്കുന്ന കുട്ടികളുടെ അച്ഛനാരാണെന്ന് കൃത്യമായിപ്പറയാൻ കഴിയില്ലെന്ന് പറയേണ്ടതില്ലല്ലോ. അതുകൊണ്ട്, പാരമ്പര്യവും പിന്തുടർച്ചയും അമ്മവഴിക്കേ കണക്കാക്കാൻ നിവൃത്തിയുള്ളു. ബഹുഭർത്തൃ വ്യവസ്ഥയുടെ ചട്ടക്കൂടിനുള്ളിൽ സ്ത്രീക്ക് ചിലപ്പോൾ ഒരു പുരുഷനുമായി മാത്രമേ ബന്ധമുള്ളുവെന്നു വരാം. എങ്കിലും അതൊരുറച്ച ബന്ധമൊന്നുമല്ല. എപ്പോൾ വേണമെങ്കിലും ആ ബന്ധം വിടർത്തി മറ്റൊരു പുരുഷനെ സ്വീകരിക്കാൻ സ്ത്രീക്ക് സ്വാതന്ത്ര്യമുണ്ട്. മാക്ക്ലെന്നൻ ഈ വ്യവസ്ഥയ്ക്ക് 'നായർ ബഹുഭർത്തൃത്വം' (Nair Polyandry) എന്നാണ് പേരിട്ടിട്ടുള്ളത്.

രണ്ടാമത്തെ രൂപം തിബത്തൻ ബഹുഭർത്തൃത്വമെന്ന പേരിലാണറിയപ്പെടുന്നത്. ഈ വ്യവസ്ഥയിൽ ഒരമ്മയുടെ മക്കളായ എല്ലാ സഹോദർമാരും കൂടി ഒരു സ്ത്രീയെ കല്യാണം കഴിച്ചുകൊണ്ടുവരുന്നു. അവൾ അവരുടെ പൊതുഭാര്യയായിത്തീരുന്നു. അവളിലുണ്ടാകുന്ന കുട്ടി അവരുടെ പൊതുസന്താനമായിരിക്കും. നാലു സഹോദരൻമാർകൂടിയാണ് ഒരു ഭാര്യയെ വച്ചുകൊണ്ടിരിക്കുന്നതെങ്കിൽ ആ നാലുപേരും കുട്ടിയുടെ അച്ഛൻമാരായി കണക്കാക്കപ്പെടുന്നതാണ്.

ഈ രണ്ടുതരം ബഹുഭർത്തൃത്വ സമ്പ്രദായങ്ങളുടേയും അവശിഷ്ടങ്ങൾ കേരളത്തിലിന്നും കാണാൻ കഴിയും. പക്ഷേ, അവ നിലനിൽക്കുന്നതു പ്രാകൃതരായ കാട്ടുജാതിക്കാർക്കിടയിലല്ല, നായർ, ഈഴവർ തുടങ്ങിയ കൂടുതലുയർന്ന ജാതിക്കാർക്കിടയിലാണ്! പുലയർ, മലങ്കുറവർ, മലവേടർ തുടങ്ങിയ ചില പ്രാകൃതനിവാസികൾക്കിടയിൽ വിലകൊടുത്തുവാങ്ങുന്ന സമ്പ്രദായം നിലനിൽക്കുന്നുണ്ടെന്ന് എൽ.എ.കൃഷ്ണയ്യർ ചൂണ്ടിക്കാണിക്കുന്നു.[6] പക്ഷേ, ചരിത്രപരമായി നോക്കുമ്പോൾ, ബഹുഭർത്തൃ വ്യവസ്ഥയുടെ അവസാന ഘട്ടത്തിലാവിർഭവിച്ച ഒരു സമ്പ്രദായമാണിത്. എന്നല്ല, മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ചില ഗിരിവർഗ്ഗക്കാർക്കിടയിൽ ഏകഭാര്യാത്വത്തിന്റെയും പാതിവൃത്യത്തിന്റേയും അടിസ്ഥാനത്തിലുള്ള പിതൃമേധാവിത്വം പോലും നിലനിൽക്കുന്നുണ്ട്. താരതമ്യേന കൂടുതൽ പരിഷ്ക്കരിച്ച ജാതിക്കാർക്കിടയിലാണ് കൂടുതൽ പ്രാകൃതമായ വിവാഹസമ്പ്രദായം നിലനിൽക്കുന്നത്.

'കോഴിക്കോട്, വള്ളുവനാട്, പൊന്നാനി എന്നീ താലൂക്കുകളിലെ ആശാരിമാർക്കിടയിലും പിന്തുടർച്ചാവകാശം അച്ഛനിൽ നിന്ന് മകനിലേയ്ക്കാണെങ്കിലും, അനേകം സഹോദരൻമാർക്കു കൂടി പൊതുവിലുള്ള ഒരു ഭാര്യയാണുള്ളത് എന്ന് മാര്യേജ് കമ്മീഷൻ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. സഹോദരൻമാർക്ക് എല്ലാവർക്കും കൂടി ഒരു ഭാര്യ എന്ന

6. L.A. Krishna Iyyer: Travancore Tribes and Castes, Vol III, P. 90.

സമ്പ്രദായം തെക്കെ മലബാറിലെ കമ്മാളൻമാർ, കണിശൻമാർ തുടങ്ങിയ ജാതിക്കാർക്കിടയിലും തിയ്യരുടെ ചില വിഭാഗങ്ങൾക്കിടയിലും നിലനിൽക്കുന്നുണ്ടെന്ന് സി.എ.ഇന്നെസ് പ്രസ്താവിക്കുന്നു.'[7]

തിരൂരിൽ ഞാൻ ജനിച്ചുവളർന്ന വീട്ടിന്റെ അരനാഴിക അകലെ ഒരീഴവകുടുംബത്തിലെ മൂന്നു സഹോദരൻമാർക്ക് ഒരു പൊതുഭാര്യയാണുണ്ടായിരുന്നതെന്ന് എനിക്കോർമ്മയുണ്ട്. അവിടെത്തന്നെ ഇന്നും മണ്ണാൻസമുദായത്തിൽപ്പെട്ട രണ്ടുപേർക്ക് ഒരു പൊതുഭാര്യയാണുള്ളത്. അടുത്തകാലം വരെ, തിരുവനന്തപുരം, കൊല്ലം എന്നീ ചില ജില്ലകളിലെ ചില താലൂക്കുകളിൽ നായൻമാർക്കിടയിലും ഈ സമ്പ്രദായം നിലനിന്നിരുന്നുവെന്ന് ഉറപ്പിച്ചുപറയാൻ കഴിയും. അതിന്റെ അവശിഷ്ടങ്ങൾ ആ പ്രദേശങ്ങളിൽ ഇപ്പോഴും കാണാം.

വിദേശസഞ്ചാരികളുടെ വിവരണങ്ങളിൽ നിന്ന് പഴയ കേരളത്തിൽ നിലനിന്നിരുന്ന സാമൂഹ്യാചാര്യങ്ങളെപ്പറ്റി കുറെയൊക്കെ മനസ്സിലാക്കാൻ കഴിയും. ക്രി.പി. 15-ാം നൂറ്റാണ്ടിൽ അബ്ദുൾ റസാക്കും 16-ാം നൂറ്റാണ്ടിൽ ഡൂവർട്ട് ബാർബോസ, കോസ്റ്റാഡേ, ലൂഡോവിക്കോഡിവർത്തിമാ, ലിൻസ്പോടൻ എന്നിവരും 17-ാം നൂറ്റാണ്ടിൽ പിറാർഡ് ദ്‌ലാവാലും 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബുക്കാനനും കേരളം സന്ദർശിക്കുകയുണ്ടായി. ഇവരെല്ലാവരും തന്താന്തങ്ങളുടെ കാലത്ത് നായൻമാർക്കിടയിൽ നിലനിന്നിരുന്ന മരുമക്കത്തായക്രമത്തിന്റെ പ്രത്യേകതകളെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ബാർബോസ എഴുതി: 'പെൺകുട്ടി സുന്ദരിയാണെങ്കിൽ മൂന്നോ നാലോ നായൻമാർ ഒന്നിച്ചുകൂടി പെൺകുട്ടിയോട് സംബന്ധം തുടങ്ങാനും അവളുടേയും മറ്റും ചിലവു നടത്താനും ഏർപ്പാട് ചെയ്യുന്നു. ഒരു ദിവസം ഉച്ചനേരം മുതൽ പിറ്റേദിവസം ഉച്ചവരെ ഒരു പുരുഷനുമായി രമിക്കും. അതുകഴിഞ്ഞാൽ വേറൊരു പുരുഷൻ വരികയായി. ഇങ്ങനെ പുരുഷൻമാർ ഊഴമിട്ടുവരുന്നു. അവർക്ക് അവളോട് യാതൊരസുഖവും തോന്നുന്നില്ല.'

19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ നായൻമാർക്കിടയിൽ നിലനിന്നിരുന്ന ബഹുഭർത്തൃത്വ വിവാഹസമ്പ്രദായത്തെപ്പറ്റി ഏംഗെൽസ് ഇങ്ങനെ എഴുതുകയുണ്ടായി:

'മൂന്നോ നാലോ അതിലധികമോ പുരുഷൻമാർക്കുവേണ്ടി പൊതുവിൽ ഒരു ഭാര്യ; പക്ഷേ, അവർക്കോരോരുത്തർക്കും വേറേ മൂന്നോ അതിലധികംപോരോടുകൂടി പൊതുവിൽ ഒരു രണ്ടാം ഭാര്യയെ വയ്ക്കാം: അതുപോലെതന്നെ ഒരു മൂന്നാം ഭാര്യയെയും നാലാം ഭാര്യയേയും അങ്ങനെ പിന്നെയും. എന്നിരുന്നാലും, ഇതൊരിക്കലും യഥാർത്ഥ ബഹു

7. C.A.Innes: Malabar And Anjengo, p 97-98.

ഭാര്യത്വമല്ല; നേരേമറിച്ച്, അത് പുരുഷൻമാർ ബഹുഭാര്യാത്വത്തിലും സ്ത്രീകൾ ബഹുഭർതൃത്വത്തിലും വർത്തിക്കുന്ന സംഘവിവാഹത്തിന്റെ ഒരു പ്രത്യേക രൂപമാണ്.'[8]

അടുത്തകാലം വരെ നായൻമാരുടെ വിവാഹത്തിന് നിയമത്തിന്റെയോ മതത്തിന്റെയോ യാതൊരു പിൻബലവുമുണ്ടായിരുന്നില്ല. വിവാഹം എന്ന പേർപോലും ഉപയോഗിക്കപ്പെട്ടിരുന്നില്ല. സംബന്ധം പുടമുറി എന്നൊക്കെയാണ് പറഞ്ഞിരുന്നത്. പുരുഷൻ സ്ത്രീക്ക് ഏതാനും ബന്ധുക്കളുടെ മുന്നിൽവച്ച്, ചിലപ്പോൾ വീട്ടുകാരുടെ മാത്രം സാന്നിദ്ധ്യത്തിൽ, പുടവ സമ്മാനിക്കുന്നു. അതോടെ സംബന്ധമായി. സംബന്ധം കഴിഞ്ഞതിന്റെ പിറ്റേന്നുതന്നെ, വേണമെങ്കിൽ ആ ബന്ധമവസാനിപ്പിച്ച് മറ്റൊരു പുരുഷനുമായി സംബന്ധം തുടങ്ങാൻ നായർസ്ത്രീയ്ക്ക് സ്വാതന്ത്ര്യമുണ്ട്. കൊച്ചിൻ സ്റ്റേറ്റ് മാന്വലിൽ സി.അച്യുതമേനോൻ എഴുതുന്നു:

'സ്ത്രീപുരുഷൻമാര് തമ്മിലുള്ള യഥാർത്ഥ കെട്ടുപാട് സംബന്ധമായിരുന്നു. ആദിയിൽ അത് മഹാശിഥിലമായ ഒരു ബന്ധം മാത്രമായിരുന്നു. അതിന്റെ നിലനിൽപ്പ് ഇരു കക്ഷിയുടെയും ഇഷ്ടത്തെമാത്രം അവലംബിച്ചാണിരുന്നത്. എന്നുമാത്രമല്ല, നാട്ടുനടപ്പുപ്രകാരം ഒരു സ്ത്രീക്ക് ഒരുകാലത്ത് ഒന്നിലധികം പുരുഷൻമാരുമായിട്ട് സഹവസിക്കുന്നതിന് വിരോധമുണ്ടായിരുന്നില്ല. ബഹുഭർത്തൃത്വം എന്ന സമ്പ്രദായം ഒരുകാലത്ത് നായൻമാരുടെയിടയിൽ അതിസാധാരണമായിരുന്നുവെന്നുള്ളത് പതിനഞ്ചാം ശതവർഷത്തിൽ ഈ ദിക്കിൽ വന്നിരുന്ന നിക്കോളോ കൺട്രി മുതൽ പത്തൊമ്പതാം നൂറ്റാണ്ടിൽ വന്നിരുന്ന ഫ്രാൻസിസ് ബുക്കാനൻ വരെയുള്ള അസംഖ്യം യൂറോപ്യൻ വഴിയാത്രക്കാരുടെ ഏകാഭിപ്രായത്തോടുകൂടി സാക്ഷ്യം കൊണ്ട് തെളിയുന്നുണ്ട്. വാസ്തവത്തിൽ ഒട്ടേറെ ആധുനികകാലത്തിൽ മാത്രമേ ആ നടപ്പ് ഇല്ലാതായിട്ടുള്ളുതാനും.'[9]

സാധാരണയായി ഇണങ്ങൻമാർ എന്ന പേരിലറിയപ്പെടുന്ന ബന്ധുക്കളുടെ വീടുകളിലാണ് സംബന്ധം കഴിക്കുക. ഓരോ തറവാട്ടിനും അതിന്റെ സ്വന്തം ഇണങ്ങൻമാരുണ്ടാവും. തറവാടുകൾ തമ്മിൽ ഇണങ്ങു ബന്ധത്തിന്റെ വിശദാംശങ്ങൾ പരിശോധിച്ചാൽ അതു സംഘവിവാഹത്തെ നിലനിർത്തിപ്പോന്ന പ്രാചീനഗോത്രസമുദായ വ്യവസ്ഥയുടെ അവശിഷ്ടമാണെന്നു ബോധ്യമാവും. കെ.എം.പണിക്കർ ചൂണ്ടിക്കാണിക്കുന്നതുപോലെ 'ഇണങ്ങർ വ്യവസ്ഥ പരസ്പരം വിവാഹം

8. F.Engels: The Origin of the Family, Private Property and the State.
9. സി.അച്യുതമേനോൻ, കൊച്ചിൻ സ്റ്റേറ്റ് മാനുവൽ, പേജ് 363.

ചെയ്യുന്ന വിഭാഗങ്ങളോടുകൂടിയ ഒരു ഗോത്രസമുദായ സംഘടന യാണ്.'[10] 1901 ലെ കനേഷുമാരി റിപ്പോർട്ടിൽ എം. ശങ്കരമേനോൻ ഇങ്ങനെ എഴുതി.

'പരസ്പരം ബന്ധപ്പെട്ട അനേകം തറവാടുകൾക്ക് (മാതൃമേധാവി ത്വപരമായ കുടുംബസംഘടനകൾക്ക്) ക്രമപ്രകാരമുള്ള ഒരു ഗോത്ര ത്തിന്റെ എല്ലാ സ്വഭാവങ്ങളുമുണ്ട്. ഒരേ സാമൂഹ്യനിലവാരത്തിലുള്ള രണ്ടോ അതിൽ കൂടുതലോ ഗോത്രങ്ങൾ പിന്നീട് ജാതി എന്ന പേരിൽ കൂട്ടിയോജിപ്പിക്കപ്പെട്ടു. ജാതിക്കാകട്ടെ ഒരു കുലത്തിന്റെ എല്ലാ സ്വഭാ വവിശേഷങ്ങളും ഉണ്ട്. ഇങ്ങനെ നായർസമുദായം ഇന്നും കുലങ്ങളായി വിഭജിക്കപ്പെട്ടിരിക്കുകയാണ് കുലങ്ങൾ ഗോത്രങ്ങളായും ഗോത്രങ്ങൾ കുടുംബങ്ങളായും വിഭജിക്കപ്പെട്ടിരിക്കുന്നു.'[11]

ഏതാനും ദശാബ്ദങ്ങൾക്കു മുമ്പും ചരിത്രത്തിലാദ്യമായി മാത്ര മാണ് നായൻമാരുടെ വിവാഹബന്ധത്തെ ക്രമീകരിക്കുകയും നിയന്ത്രി ക്കുകയും ചെയ്യുന്ന ചില നിയമങ്ങൾ പാസാക്കപ്പെട്ടത്. മാതൃമേധാവി ത്വത്തിൽ നിന്ന് പിതൃമേധാവിത്വത്തിലേയ്ക്കും ഏകഭാര്യാത്വത്തിലേ യ്ക്കുമുള്ള പരിവർത്തനത്തെ ത്വരിതപ്പെടുത്താൻ ആ നിയമങ്ങൾ സഹാ യിച്ചിട്ടുണ്ട്. പക്ഷേ, പഴയ സമ്പ്രദായങ്ങൾ പൂർണ്ണമായി തിരോധാനം ചെയ്തുവെന്നു ഇനിയും പറയാറായിട്ടില്ല. വിവിധ ഭർത്താക്കൻമാരിൽ നിന്നു ജനിച്ച സന്താനങ്ങളുടെ അമ്മമാരായ ധാരാളം സ്ത്രീകൾ ഇന്നും ജീവിച്ചിരിപ്പുണ്ട്.

സാമൂഹ്യവളർച്ചയുടെ ഏറെക്കുറെ ഉയർന്ന ഒരു ഘട്ടത്തിലെത്തി യതിനുശേഷവും, നായൻമാർ, ഈഴവർ തുടങ്ങിയ ജാതിക്കാർക്കിടയിൽ മാതൃമേധാവിത്വത്തിനും മരുമക്കത്തായവും ബഹുഭർതൃവിവാഹവും നില നിന്നുപോന്നതെന്തുകൊണ്ടാണ്? കാടത്തത്തിലേയും അപരിഷ്കൃതത്തി ലേയും കുടുംബബന്ധങ്ങളുടെ അവശിഷ്ടങ്ങൾ ആധുനികമുതലാളി ത്തത്തിന്റെ സാഹചര്യത്തിൽപോലും കാണപ്പെടുന്നതെന്തുകൊണ്ട്?

## ചില തെറ്റായ വാദങ്ങൾ

സങ്കീർണ്ണമായ ഈ പ്രശ്നത്തിന് തൃപ്തികരമായ ഒരു സമാധാനം കണ്ടുപിടിക്കാൻ പ്രശസ്തരായ പല പണ്ഡിതൻമാരും പരിശ്രമിച്ചുനോ ക്കിയിട്ടുണ്ട്. ഉദാഹരണത്തിന്, 'കലപ്പയുടെ അടിസ്ഥാനത്തിലുള്ള സാമ്പ ത്തിക ക്രമത്തെ അവസാനമായി സ്വീകരിച്ച തിരുവിതാംകൂർ - കൊച്ചി

10. K.M.Panicker: 'Some Aspects of the Nair Life' in the Journal of the Royan Anthropological Institute, Vol XL VIII, p.264.
11. M.Sankara Menon: Census Report. 1901.

യെപ്പോലുള്ള പ്രദേശങ്ങളിലാണ് മാതൃമേധാവിത്വം ഇന്നും നിലനിൽക്കുന്നത്.', എന്ന് ഡി.ഡി. കോസാംബി അഭിപ്രായപ്പെടുന്നു.[12]

പക്ഷേ, തിരു-കൊച്ചി പ്രദേശങ്ങളിൽ വളരെ താമസിച്ചിട്ടാണ് കലപ്പയുപയോഗിച്ചുകൊണ്ടുള്ള കൃഷിയാരംഭിച്ചത് എന്നതിന് യാതൊരു തെളിവുമില്ല. നേരെമറിച്ച്, പ്രാചീന ചേരസാമ്രാജ്യത്തിലെ സാമ്പത്തിക സ്ഥിതി പ്രാചീന ചോഴ-പാണ്ടി രാജ്യങ്ങളിലേതുപോലെത്തന്നെയായിരുന്നു എന്നാണ് സംഘംകൃതികളും, പ്ലീനി, ടോളമി മുതലായ വിദേശഗ്രന്ഥകാരൻമാരുടെ പ്രസ്താവനകളും വ്യക്തമാക്കുന്നത്. ഇനി ചരിത്രപരമായി അൽപം വൈകിയിട്ടാണ് കേരളത്തിൽ കൃഷിയാരംഭിച്ചത് എന്ന് തെളിഞ്ഞാൽ പോലും, മാതൃമേധാവിത്വം പിന്നേയും രണ്ട് സഹസ്രാബ്ദങ്ങളോളം നിലനിന്നതെന്തുകൊണ്ട് എന്ന ചോദ്യത്തിന് അതൊരു മറുപടിയാകുന്നില്ല.

കിഴക്കെ അതിർത്തിയിൽ നെടുനീളെ ഉയർന്ന പർവ്വതനിരകളുള്ളതുകൊണ്ട് മറ്റു പ്രദേശങ്ങളുമായി കരവഴിക്ക് ഗതഗാതസൗകര്യങ്ങളേർപ്പെടുത്താൻ കഴിയാതെ ഒറ്റപ്പെട്ടുകിടന്ന ഒരു കടലോരപ്രദേശമായിരുന്നു കേരളമെന്നും അതുകൊണ്ടാണ് കേരളത്തിൽ മാതൃമേധാവിത്വം വളരെ നീണ്ടകാലത്തോളം നിലനിന്നുപോന്നത് എന്നും ഹട്ടൻ അഭിപ്രായപ്പെടുന്നു.13 പക്ഷേ, മുമ്പൊരദ്ധ്യായത്തിൽ നമ്മൾ കണ്ടുകഴിഞ്ഞതുപോലെ കേരളം മറ്റു പ്രദേശങ്ങളിൽ നിന്ന് പൂർണ്ണമായും ഒറ്റപ്പെട്ടുകിടന്ന ഒരു കാലമുണ്ടായിട്ടില്ല. ഒറ്റപ്പെടൽവാദത്തെ ഉയർത്തിപ്പിടിക്കുന്ന ഹട്ടൻതന്നെ നമ്പൂതിരിമാരും നായൻമാരും മറ്റും അന്യദേശങ്ങളിൽനിന്നു വന്ന് കുടിയേറിപ്പാർത്തവരാണെന്ന് ഉറപ്പിച്ചുപറയുകയും ചെയ്യുന്നു.[14] ഒറ്റപ്പെട്ടുകിടക്കുന്ന ഒരു രാജ്യത്തിൽ മറ്റു നാട്ടുകാരുടെ കുടിയേറിപ്പാർപ്പുണ്ടാകുന്നതെങ്ങനെയാണ്?

നായൻമാരുടെ അത്ഭുതകരമായ ചില പ്രത്യേക കഴിവുകളുടെ ഫലമാണിതെന്നാണ് കെ.എം.പണിക്കരുടെ അഭിപ്രായം. കഴിഞ്ഞ രണ്ടായിരം വർഷങ്ങൾക്കിടയിൽ ജൂതൻമാർ, സിറിയൻ ക്രിസ്ത്യാനികൾ, മുഹമ്മദീയർ, ബുദ്ധമതക്കാർ, റോമൻകത്തോലിക്കർ, പുത്തൻകൂറ്റുകാർ മുതലായ വ്യത്യസ്ത മതക്കാരുമായി ഇടപഴകുകയും അവരുടെ ഭൗതികവും ബൗദ്ധികവുമായ സംസ്കാരത്തിന്റെ പല വശങ്ങളും സ്വീകരിക്കുകയും സാഹിത്യം, സംഗീതം എന്നീ രംഗങ്ങളിൽ മുന്നിട്ടുനിൽക്കുകയും ചെയ്ത നായൻമാർ രണ്ടായിരം വർഷങ്ങക്കുമുമ്പുണ്ടായിരുന്ന

12. D.D.Kosambi, An Introduction on to the Study of Indian History, p - 22.
13. J.H. Huttan, Caste in India. p. 13.
14. I bid: p.14.

തങ്ങളുടെ ആചാരസമ്പ്രദായങ്ങൾ ആശ്ചര്യകരമാംവിധം ഇന്നും നില നിർത്തിപ്പോരുന്നു എന്നദ്ദേഹം പ്രസ്താവിക്കുന്നു.[15] പക്ഷേ, ഇത്രയധികം നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും പഴയ മരുമക്കത്തായവും മറ്റാചാരങ്ങളും നശി ക്കാതെ നിലനിന്നതെന്തുകൊണ്ട് എന്ന ചോദ്യത്തിന് ഇതൊരു മറുപടി യാകുന്നില്ല.

നായൻമാരുടെ കുലത്തൊഴിൽ യുദ്ധവും സൈനികസേവനവുമാ യിരുന്നതുകൊണ്ട് അവർക്ക് ശിഥിലമായ ലൈംഗികജീവിതം മാത്രമേ സാധ്യമായിരുന്നുള്ളു. എന്നും അതിന്റെ ഫലമായിട്ടാണ് മരുമക്കത്തായം ഇത്രയധികം കാലം നിലനിന്നത് എന്നും ചില പണ്ഡിതൻമാർക്ക് അഭി പ്രായമുണ്ട്. ഉദാഹരണത്തിന് കൊച്ചിൻ സ്റ്റേറ്റ് മാനുവലിന്റെ കർത്താവ് എഴുതുകയുണ്ടായി:

'നായർജാതിയിലാസകലമുള്ള പുരുഷൻമാർ യൗവ്വനാരംഭം മുതൽ വാർദ്ധക്യം വരെ യുദ്ധംചെയ്യുന്നതിനായിട്ടൊരുങ്ങുക പതിവായിരുന്നു. രാജാക്കൻമാരും പ്രഭുക്കൻമാരും തമ്മിലുണ്ടായിക്കൊണ്ടിരുന്ന കലഹ ങ്ങളും തെറ്റിദ്ധാരണകളും നിമിത്തം അവർക്ക് ഒരു കാലത്തെങ്കിലും ജോലി കിട്ടാതെയിരുന്നിട്ടുമില്ല. ഇങ്ങനെയുള്ള രാജ്യഭരണസമ്പ്രദായം അവരുടെയിടയിൽ മുറപ്രകാരം വിവാഹം നടത്തുക എന്ന അവസ്ഥ ഉണ്ടാകുന്നതിലേയ്ക്ക് ലേശംപോലും യോജിച്ചതായിരുന്നില്ല.'[16] കുല ത്തൊഴിലായി യുദ്ധം സ്വീകരിക്കുക നിമിത്തം സ്വന്തം വംശത്തിൽപ്പെട്ട എല്ലാ പുരുഷൻമാരും യൗവ്വനം മുതൽ വാർദ്ധക്യംവരെ യുദ്ധംചെയ്യാൻ ബാദ്ധ്യസ്ഥരായിത്തീർന്നതിന്റെ ഫലമായിട്ടാണ് നായൻമാർക്ക് ശരി ക്കുള്ള വൈവാഹികജീവിതം അസാദ്ധ്യമായിത്തീർന്നതെന്ന് പത്തൊ മ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലബാർ കലക്ടറായിരുന്ന വാർഡനും അഭിപ്രായപ്പെടുകയുണ്ടായി.[17]

ഈ അഭിപ്രായങ്ങളും യുക്തിക്ക് നിരക്കാത്തവയാണ്. ഒന്നാമത്, ചരിത്രാരംഭം മുതൽ ഇന്നേവരെ നായർ സമുദായത്തിലെ പുരുഷൻമാരാ സകലവും യുദ്ധങ്ങളിലേർപ്പെട്ടുകൊണ്ടിരുന്നു എന്നു പറയുന്നത് ശരി യല്ല. കേരളത്തിന്റെ നീണ്ട ചരിത്രത്തിൽ യുദ്ധത്തിന്റെ ഘട്ടങ്ങൾ മാത്ര മല്ല, സമാധാനത്തിന്റെ ഘട്ടങ്ങളുമുണ്ടായിട്ടുണ്ട്. രണ്ടാമത്, സൈനിക ജീവിതം വിവാഹത്തിന് തടസമായിത്തീരാറില്ല. കേരളത്തിനുപുറത്തുള്ള ചില ജനവിഭാഗങ്ങളും സൈനികവൃദ്ധിയിലേർപ്പെട്ടിരുന്നു. അവർക്കെല്ലാം

15. K.M.Panicker: Some Aspects of Nair Life in the Journal of the Royal Anthrapological Institute, Vol XLVIII, July-December 1918, p. 277-278.
16. സി.അച്യുതമേനോൻ: കൊച്ചിൻ സ്റ്റേറ്റ് മാനുവൽ, പേജ് 332.
17. Quated by C.A.Innes: Malabar and Anjengo.

മുറപ്രകാരമുള്ള വൈവാഹികജീവിതം സാധ്യമായിത്തീർന്നതെന്തുകൊണ്ടാണ്? മൂന്നാമത്, കേരളത്തിൽത്തന്നെ സൈനികവൃദ്ധി കുലത്തൊഴിലായി സ്വീകരിക്കാത്ത ചില ജനവിഭാഗങ്ങൾക്കിടയിലും മരുമക്കത്തായും നിലനിന്നുപോന്നിട്ടുണ്ട്. നാലാമത്, നായൻമാർക്ക് മുറപ്രകാരമുള്ള വൈവാഹിക ജീവിതം സാദ്ധ്യമായിരുന്നില്ലെന്നു മാത്രമേ അച്യുതമേനോനും മറ്റു വാദിക്കുന്നുള്ളു. വിവാഹമുണ്ടായിരുന്നില്ലെങ്കിലും 'സംബന്ധ'മുണ്ടായിരുന്നു എന്നും അവർ സമ്മതിക്കുന്നു. യൗവ്വനാരംഭം മുതൽ വാർദ്ധക്യം വരെ യുദ്ധം ചെയ്യുന്ന ഒരാൾക്ക് ഒരു സ്ത്രീയെ വിവാഹം ചെയ്യാൻ സമയം കിട്ടുകയില്ലെന്നും, പക്ഷേ, അതേ സമയത്തുതന്നെ ധാരാളം 'സംബന്ധങ്ങൾ' നടത്താൻ സൗകര്യം ലഭിക്കുമെന്നും വരുമോ?

## നമ്പൂതിരിമാരും മരുമക്കത്തായവും

നായൻമാർക്കിടയിൽ മരുമക്കത്തായ വ്യവസ്ഥ അഭംഗുരമായി നിലനിന്നുപോന്നതിന് നമ്പൂതിരിമാരാണ് ഉത്തരവാദികൾ എന്ന മറ്റൊരഭിപ്രായമുണ്ട്. അച്ചുതമേനോൻ തന്നെ ഈ അഭിപ്രായമുന്നയിക്കുകയുണ്ടായി:

'ദക്ഷിണാത്യൻമാരായ ദ്രാവിഡൻമാരുടെ പണ്ടത്തെ കുടുംബസമ്പ്രദായം തായ്‌വഴിപ്രകാരമായിരുന്നുവെന്നും ആര്യൻമാരുടെ പ്രാബല്യം നിമിത്തം സഹ്യനപ്പുറത്തു നടപ്പുണ്ടായിരുന്ന ആ സമ്പ്രദായം കാലക്രമം കൊണ്ട് ആര്യൻമാരുടേതുപോലെ ആയിത്തീർന്നുവെന്നുമുള്ളതാണ് വാസ്തവമായ സംഗതി എന്നു തോന്നാറുണ്ട്. എന്നാൽ സഹ്യനപ്പുറത്തുള്ള ദ്രാവിഡൻമാർ മറ്റേ കൂട്ടരിൽ നിന്ന് വേർപെട്ടിരിക്കുക നിമിത്തം പഴയ സമ്പ്രദായത്തെ തന്നെ പരിപാലിച്ചുപോരുകയും അതു തങ്ങളുടെ സൗകര്യത്തിനുകൂടി ഉപകരിക്കുമെന്ന് കണ്ടിട്ട് അതിന് ദൈവികമായ ഒരു ഉൽപ്പത്തിയെ കൽപ്പിച്ചുകൊണ്ട് ആ സമ്പ്രദായപ്രകാരം തന്നെ നടക്കുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. നായർ സ്ത്രീകളുമായിട്ട് സഹവസിക്കുകയും ചുമതലകളും നിബന്ധനകളും കൂടാതെതന്നെ വിവാഹസുഖമനുഭവിക്കുകയും ചെയ്യാമെന്ന കാര്യത്തിലാണ് മലയാള ബ്രാഹ്മണർക്ക് സൗകര്യമായിത്തീർന്നിട്ടുള്ളത്.'[18]

കേരളത്തിൽ ജന്മുകുടിയാൻ പ്രക്ഷോഭം നടന്നുകൊണ്ടിരുന്ന കാലത്ത് നമ്പൂതിരിജന്മിമാർക്കെതിരായി ഉന്നയിക്കപ്പെട്ട ഒരു പ്രധാനമായ ആക്ഷേപം അവർ മരുമക്കത്തായം നിലനിർത്തിക്കൊണ്ട് നായൻമാ

18. സി.അച്യുതമേനോൻ: കൊച്ചിൻ സ്റ്റേറ്റ് മാനുവൽ. പേജ് 332.

രുടെ ധാർമ്മികനിലവാരം അധഃപതിപ്പിച്ചു എന്നതായിരുന്നു. അടുത്ത കാലത്ത് ഇളംകുളം കുഞ്ഞൻപിള്ളയും ഇതേ അഭിപ്രായം ആവർത്തിക്കുന്നതായി കാണുന്നു. അദ്ദേഹം എഴുതുകയാണ്. 'ബ്രാഹ്മണരുടെ ഉപദേശമനുസരിച്ച് രാജാക്കൻമാർ ആദ്യം മരുമക്കത്തായം സ്വീകരിച്ചിരിക്കും. പിന്നീട് നായൻമാർ മക്കത്തായം ഉപേക്ഷിക്കാൻ രാജാക്കൻമാരും പ്രേരിപ്പിച്ചിരിക്കണം. എല്ലായ്പോഴും യുദ്ധക്കളത്തിൽ കഴിഞ്ഞുകൂടിയിരിക്കുന്നതുകൊണ്ട് നായൻമാർ പുതിയ ദായക്രമത്തെ അനുകൂലിച്ചിരിക്കാനും ഇടയുണ്ട്. പ്രതികൂലിച്ചാൽ ഫലമുണ്ടായിരുന്നതുമില്ല. നമ്പൂതിരിമാരുടെ അടിയാരിൽ നിന്ന് ആളുകളെച്ചേർത്താണല്ലോ ശൂദ്രവർഗത്തെ സൃഷ്ടിച്ചത്... നമ്പൂതിരിമാർ അവരുടെ സൗകര്യത്തിനുവേണ്ടി നായൻമാരുടെ തലയിൽ കെട്ടിവച്ചതാണ് സംബന്ധമേർപ്പാട് എന്ന് ഗോപാലപ്പണിക്കർ ചൂണ്ടിക്കാണിക്കുന്നു. അതു ശരിയുമായിരിക്കാം... സംബന്ധമേർപ്പാടും മരുമക്കത്തായവും ആയുധാഭ്യാസവും അനക്ഷരത്വവുമെല്ലാം നമ്പൂതിരിമാർ കെട്ടിവച്ചതുതന്നെ'[19] മറ്റൊരിടത്ത് അദ്ദേഹം എഴുതുന്നു.

'കൊല്ലം 4 മുതൽ 7 വരെ ശതകങ്ങൾ നമ്പൂതിരിമാരുടെ 'പൊളപ്പു' കാലമാണ്. ക്ഷേത്രം വകയായുണ്ടായിരുന്ന കോളേജുകളും മറ്റും നടത്തുന്നതിനുവേണ്ടി 'ഊരാളരെ' ഏൽപ്പിച്ചിരുന്ന വസ്തുക്കളും മറ്റും 'പരശുരാമദത്ത'മായതും ഇക്കാലത്താണ്. കേരള സ്ത്രീകൾക്കു പാതിവ്രത്യം ആവശ്യമില്ലെന്നും നമ്പൂതിരിമാർ സൗകര്യത്തിനുവേണ്ടി നിയമമുണ്ടാക്കി. സാമാന്യജനങ്ങളെ ഈ നിയമം സാരമായി ബാധിച്ചുവെന്നുവിചാരിക്കാൻ ന്യായമില്ലെങ്കിലും സ്വതന്ത്രകളായി ജീവിച്ചിരുന്ന ദേവദാസികളേയും നമ്പൂതിരിമാരുടെ കളത്രങ്ങളെയും സംബന്ധിച്ചിടത്തോളം ഏറെക്കുറെ ഫലിച്ചുവെന്നാണ് തോന്നുന്നത്. സാൻമാർഗികമായ ഈ അധഃപതനം അതിന്റെ പാരമ്യത്തിലെത്തുന്നത് ആറും ഏഴും ശതകങ്ങളിലാണ്.'[20]

ഉൽപ്പാദനരീതികളിലും സാമൂഹ്യയാഥാർത്ഥ്യങ്ങളിലുണ്ടാകുന്ന മാറ്റങ്ങളുടെ ഫലമായിട്ടല്ലാതെ, ഏതെങ്കിലും രാജാക്കൻമാരുടെയും മറ്റു പ്രമാണികളുടെയും കൽപ്പനകൾകൊണ്ടോ പ്രേരണകൊണ്ടോ ഒരു രാജ്യത്തിലെ സാർവ്വത്രികവും സുശക്തവുമായ കുടുംബബന്ധങ്ങളെ ബലാൽക്കാരമായി മാറ്റിമറിക്കാനും മറ്റൊരുതരം കുടുംബബന്ധങ്ങളെ ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കാനും കഴിയുമെന്ന ഈ അഭിപ്രായ

19. ഇളംകുളം കുഞ്ഞൻപിള്ള: കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ, പേജ് 206, 209.

20. ഇളംകുളം പി.എൻ. കുഞ്ഞൻപിള്ള: കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ, പേജ് 89.

ത്തിന് ചരിത്രവസ്തുതകളുമായി യാതൊരു ബന്ധവുമില്ല. മുഴുവൻ ജനങ്ങളുടെയും ഇഷ്ടത്തിനെതിരായി അത്തരം നിയമങ്ങൾ പാസാക്കിയാൽ ലഹളകളും കലാപങ്ങളും പൊട്ടിപ്പുറപ്പെടുമെന്ന് പ്രാചീനകാലം മുതൽക്കേ ഇന്ത്യയിലെ ഭരണാധികാരികൾക്കറിയാമായിരുന്നു. പഴയ ബൃഹസ്പതിസ്മൃതിപോലും ഇങ്ങനെ താക്കീതുനൽകുകയുണ്ടായി:

'ഓരോ രാജ്യത്തിന്റെയും ജാതിയുടെയും കുടുംബത്തിന്റെയും കാലപ്പഴക്കം ചെന്ന സാമൂഹ്യസ്ഥാപനങ്ങളെ കോട്ടംതട്ടിക്കാതെ നിലനിർത്തണം; അല്ലെങ്കിൽ ജനങ്ങളുടെ കലാപങ്ങൾ പൊട്ടിപ്പുറപ്പെടും. പ്രജകൾക്ക് ഭരണാധികാരികളോടെ വെറുപ്പുണ്ടായിത്തീരും. സൈന്യങ്ങളും ഖജാനകളും നശിപ്പിക്കപ്പെടും. ദക്ഷിണേന്ത്യയിലെ ശൂദ്രൻമാർ അവരുടെ അമ്മാമൻമാരുടെ പുത്രികളെ വിവാഹംകഴിക്കാറുണ്ട്. മദ്ധ്യദേശത്തിലെ കൂലിക്കാരും കൈവേലക്കാരും പശുക്കളെ തിന്നാറുണ്ട്... ഇത്തരത്തിലുള്ള യാതൊരപരാധത്തിനും, ജനങ്ങൾ പ്രായശ്ചിത്തത്തിനോ ശിക്ഷയ്ക്കോ വിധേയരായിത്തീരുന്നില്ല.'[21]

കൗടില്യൻ, ശുക്രൻ, നാരദൻ തുടങ്ങിയ മറ്റു പ്രാചീന നിയമജ്ഞരുടെ നിലപാടും ഏതാണ്ടിതുതന്നെയായിരുന്നു. നിയമം കൊണ്ടുമാത്രം നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഒരാചാരത്തെ കടപുഴക്കിയെറിയാൻ എത്ര ശക്തനായ രാജാവിനും സാധിച്ചിട്ടില്ല. മലബാർ കീഴടക്കിയ ടിപ്പു സുൽത്താൻ 1788 ൽ ഇങ്ങനെയൊരു വിജ്ഞാപനം പുറപ്പെടുവിച്ചു നോക്കി.

'ഒരു സ്ത്രീ പത്തുപുരുഷൻമാരുമായി ബന്ധപ്പെടുകയെന്ന ഒരാചാരം നിങ്ങളുടെയിടയിൽ നടപ്പുള്ളതുകൊണ്ടും അതിന്റെ ഫലമായി നിങ്ങളുടെ അമ്മമാരും സഹോദരിമാരും തങ്ങളുടെ അശ്ലീല പ്രവർത്തനങ്ങളിൽ യാതൊരു നിയന്ത്രണവും ചെലുത്താതിരിക്കുന്നതുകൊണ്ടും അങ്ങനെ എല്ലാവരും വ്യഭിചാരത്തിൽ ജനിക്കുകയും മൃഗങ്ങളുടേതിനേക്കാൾ ലജ്ജാവഹമായ ബന്ധങ്ങൾ പുലർത്തുകയും ചെയ്യുന്നതുകൊണ്ടും പാപപൂർണ്ണമായ ഇത്തരം ആചാരങ്ങളുപേക്ഷിച്ച് മറ്റു മനുഷ്യരെപ്പോലെ ജീവിക്കണമെന്ന് ഞാൻ നിങ്ങളോട് ഇതിനാൽ ആവശ്യപ്പെടുന്നു.'[22]

പക്ഷേ, ടിപ്പുവിന്റെ ഈ വിജ്ഞാപനം കൊണ്ട് നായൻമാരുടെ വിവാഹസമ്പ്രദായത്തിന് മാറ്റം വന്നുവോ? ഇല്ല. മരുമക്കത്തായം പിന്നേയും രണ്ടു നൂറ്റാണ്ടോളുകളോളം കാലം നിലനിന്നു.

---

21. Max Muller: Sacred books of East, Vol XXXIII, p. 287.
22. R.Brijault: Mothers Vol.p.710.

മരുമക്കത്തായത്തിന്റെ നീണ്ടകാലത്തെ നിലനിൽപ്പിന് നമ്പൂതിരി മാരാണുത്തരവാദികൾ എന്നു വാദിക്കുന്ന പണ്ഡിതൻമാർതന്നെ നായൻമാരുടെ ആരാധനാ സാമർത്ഥ്യത്തെപ്പറ്റിയും വീര്യപരാക്രമങ്ങ ളെപ്പറ്റിയും പ്രശംസിക്കുന്നുണ്ട്. ഇത്ര ശൂരവീരൻമാരായ നായൻമാർ നിർബന്ധത്തിനു കീഴടങ്ങിക്കൊണ്ട് തങ്ങളുടെ സ്വന്തം സഹോദരിമാ രെയും അമ്മമാരെയും യാതൊരു പ്രതിഷേധവും കൂടാതെ നമ്പൂതിരി മാർക്ക് വ്യഭിചരിക്കാൻ വിട്ടുകൊടുക്കുകയും, അങ്ങനെ തങ്ങളുടെ അച്ഛൻമാരാരാണെന്ന് മനസ്സിലാക്കാൻപോലും സാധിക്കാത്ത ഒരു പരി തസ്ഥിതിയിലേക്ക് സ്വയം അധഃപതിക്കാൻ സന്നദ്ധരാവുകയും ചെയ്തു എന്നു കരുതാൻ സാധിക്കുമോ?

മറ്റൊരുതരത്തിൽ നോക്കിയാലും ഈ വാദം തെറ്റാണെന്നു കാണാം. നമ്പൂതിരിമാരുമായി വിവാഹബന്ധത്തിലേർപ്പെട്ട നായൻമാർക്കിടയിൽ മാത്രമല്ല, ഈഴവർ തുടങ്ങിയ മറ്റു ചില ജാതിക്കാർക്കിടയിലും ചില ഗിരിവർഗക്കാർക്കിടയിലും നമ്പൂതിരിമാർക്കിടയിൽത്തന്നെയും മരുമക്ക ത്തായം നിലനിന്നുപോന്നിട്ടുണ്ട്. എന്നല്ല, ഇന്നെസ് വളരെമുമ്പുതന്നെ ചൂണ്ടിക്കാണിച്ചതുപോലെ 'നമ്പൂതിരിമാരുടെ സ്വാധീനശക്തി താരത മ്യേന കുറഞ്ഞ വടക്കേ മലബാറിലാണ് മരുമക്കത്തായം കൂടുതൽ നട പ്പിലുള്ളത് എന്ന വസ്തുത പ്രസ്താവ്യമാണ്. അവിടെ നമ്പൂതിരിമാരെ അശുദ്ധമാക്കുന്നവരായി കണക്കാക്കപ്പെടുന്ന തിയ്യൻമാരിലും മാപ്പിളമാ രിലും മറ്റു ജാതിക്കാരിലും കൂടി മരുമക്കത്തായമാണ് നടപ്പുള്ളത്.'[23]

1952 ൽ പ്രസിദ്ധം ചെയ്ത തന്റെ ഒരു പുസ്തകത്തിൽ ഇളംകുളം ഇങ്ങനെ എഴുതുകയുണ്ടായി:

'പ്രാചീന ചേരൻമാരുടെ മക്കത്തായ ക്രമം സംഗ്രാമധീരരവി വർമ്മന്റെ പിതാവായ ജയസിംഹന്റെ ഭരണകാലം വരെ അനുസ്യൂത മായി തുടർന്നു. സംഗ്രാമധീരന്റെ ശിലാശാസനങ്ങൾ കാഞ്ചീപുരം, ശ്രീരംഗം, തിരുവടി എന്നീ സ്ഥലങ്ങളിൽ കണ്ടെത്തപ്പെട്ടിട്ടുണ്ട്. ജയ സിംഹനുശേഷം അദ്ദേഹത്തിന്റെ മക്കളും മരുമക്കളും തമ്മിൽ സിംഹാ സനത്തിനുവേണ്ടിയുള്ള ഒരവകാശത്തർക്കം ഉത്ഭവിച്ചതായി കാണുന്നു. ജയസിംഹന്റെ മകൻ രവിവർമ്മൻ തർക്കത്തിൽ ജയിച്ച് ഏതാനും കൊല്ല ങ്ങളോളം വിജയകരമായി ഭരണം നടത്തി. പക്ഷേ, അതിനുശേഷം ജയ സിംഹന്റെ മരുമകൻ ഉദയമാർത്താണ്ഡവർമ്മ വീരപാണ്ഡ്യൻ വേണാ ടിന്റെ രാജാവായിത്തീർന്നു. അതോടുകൂടിയാണ് മരുമക്കത്തായ വ്യവസ്ഥ ആവിർഭവിച്ചത്... 1312 ൽ ആണ് സംഗ്രാമധീരനെ പിന്തുടർന്നു

23. C.A.Innes: Malabar and Anjengo. p. 97.

കൊണ്ട് ഉദയമാർത്താണ്ഡവർമ്മ വീരപാണ്ഡ്യൻ വയനാട്ടിൽ സിംഹാസനാരൂഢനായത്.'[24]

കേരളത്തിലെ നിരവധി രാജ്യങ്ങളിലൊന്നുമാത്രമായ വേണാടിന്റെ സിംഹാസനത്തിനുവേണ്ടി രണ്ടു വ്യക്തികൾ നടത്തിയ അവകാശത്തർക്കത്തിലെ ജയപരാജയങ്ങളെ ആശ്രയിച്ചാണ് കേരളത്തിലുള്ള ദായക്രമം നിർണ്ണയിക്കപ്പെടുന്നത് എന്ന ഈ അഭിപ്രായം തന്നെ പ്രത്യക്ഷത്തിൽത്തന്നെ തെറ്റാണ്. ഒന്നാമത്, എത്ര പ്രതാപശാലിയായ രാജാവിനും ഒരു ജനതയുടെ കുടുംബബന്ധങ്ങളിൽ ഇത്തരം മാറ്റങ്ങൾ വരുത്തുക സാധ്യമല്ല. രണ്ടാമത്, വേണാട് എന്ന ഒരു നാട്ടിലെ രാജാവിന്റെ സിംഹാസനം മകനിൽ നിന്ന് മരുമകൻ കരസ്ഥമാക്കി എന്നതുകൊണ്ടുമാത്രം കേരളത്തിലെ മറ്റു നാടുകളിലെ ഭരണാധികാരികളും ജനങ്ങളുമെല്ലാം മരുമക്കത്തായം സ്വീകരിച്ചു എന്നു കരുതാൻ ഒരു ന്യായവുമില്ല. ഏതായാലും ഇളംകുളംതന്നെ പിന്നീട് ഈ അഭിപ്രായം ഉപേക്ഷിച്ചുവെന്നു തോന്നുന്നു. 'നൂറ്റാണ്ടുയുദ്ധം' എന്നു വിളിക്കപ്പെടുന്ന ഒരു യുദ്ധത്തിൽ ചോഴൻമാർക്കെതിരായി നായൻമാരുടെ ചാവേറ്റുപട രൂപവൽക്കരിച്ച ഒരു പ്രത്യേക പരിതസ്ഥിതിയിലാണ് മരുമക്കത്തായമാവിർഭവിച്ചത് എന്നും മരുമക്കത്തായം മാത്രമാണ് കേരളത്തിലുണ്ടായിരുന്നത് എന്നുമാണ് 1957ൽ പ്രസിദ്ധം ചെയ്ത മറ്റൊരു പുസ്തകത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടത്. അദ്ദേഹം എഴുതി:

'ചോളരുമായിനടന്ന നൂറ്റാണ്ടുയുദ്ധത്തിന്റെ അന്ത്യഘട്ടത്തിൽ ചോളസേനയിൽ നിന്ന് കേരളത്തെ രക്ഷിക്കുന്നതിനുവേണ്ടി ചാവേറ്റുസേന രൂപീകരിക്കപ്പെടുന്നുണ്ടല്ലോ... ചാവേറ്റുസേനയുടെ രൂപീകരണത്തിനു ശേഷം അതിലെ അംഗങ്ങൾക്ക് സ്ഥിരമായ വിവാഹജീവിതം അസാദ്ധ്യമായിത്തീരുകയും കുടുംബഭരണവും വസ്തു ഉടമയും മിക്കവാറും സ്ത്രീകളിൽ ചെന്നുചേരുകയും ചെയ്തു. രാജ്യത്തിനുവേണ്ടി ജീവൻ പണയംവെച്ച് ജീവിതത്തിലേറിയഭാഗവും യുദ്ധത്തിൽ കഴിച്ചുകൂട്ടിയ 'ചാവാളർ' തങ്ങൾക്ക് സ്ഥിരമായ വസ്തു അവകാശം വേണ്ടെന്നുവയ്ക്കുക സ്വാഭാവികമാണല്ലോ. നൂറ്റാണ്ടുയുദ്ധത്തിനിടയിൽ പ്രാബല്യത്തിലെത്തിയ നമ്പൂതിരിമാരും പുതിയ ദായക്രമത്തിന് അനുകൂലികളായിരുന്നുവെന്ന് വിചാരിക്കാം.'[25]

വാസ്തവത്തിൽ നൂറ്റാണ്ടുയുദ്ധം എന്ന പേരുതന്നെ അതിശയോക്തിയാണ്. ചോഴൻമാരുമായുണ്ടായ യുദ്ധം നൂറുവർഷം തുടർച്ചയായി

24. Elamkulam P.N. Kunjan Pillai. Some problems in Kerala History, P. 20, 21

25. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള: കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ, പേജ് 196.

നീണ്ടുനിന്നു എന്നു പറയുന്നതു ശരിയല്ല. അതിരിക്കട്ടെ, കേരളത്തിന്റെ ഒരു മൂലയെമാത്രം ബാധിച്ച ഒരു യുദ്ധം സാർവ്വത്രികവും പരമ്പരാഗതവുമായ ഒരു ദായക്രമത്തെ മാറ്റിമറിച്ചുവെന്നതു സംഭവ്യമാണോ? നൂറ്റാണ്ടുയുദ്ധവുമായി താരതമ്യപ്പെടുത്തുവാൻ പോലും വയ്യാത്തവിധം അത്ര ഭയങ്കരമായ രണ്ടാം ലോകമഹായുദ്ധത്തിൽ ദശലക്ഷക്കണക്കിനാളുകൾ മരിച്ചതിനുശേഷവും സോവിയറ്റ് യൂണിയൻ, ജർമ്മിനി മുതലായ രാജ്യങ്ങളിൽ മക്കത്തായത്തിന്റെ സ്ഥാനത്ത് മരുമക്കത്തായം പൊന്തിവരികയുണ്ടായില്ല. യുദ്ധം നടന്നിരുന്ന കാലത്ത് കുടുംബഭരണവും വസ്തുക്കളുടെ മേൽനോട്ടവും സ്ത്രീകളുടെ ചുമതലകളായിത്തീർന്നുവെന്നു വരാം. പക്ഷേ, യുദ്ധമവസാനിച്ചുകഴിഞ്ഞാലും ആ സ്ഥിതി തുടരുമോ? നൂറ്റാണ്ടുകളായി നിലനിന്നുവരുന്ന ആചാരസമ്പ്രദായവും കുടുംബബന്ധങ്ങളും, പുല ശേഷക്രിയ മുതലായ മതാനുഷ്ഠാനങ്ങളും ബന്ധുക്കൾക്കു നൽകപ്പെടുന്ന പേരുകളും മറ്റും ഒരു യുദ്ധം കൊണ്ടോ പകർച്ചവ്യാധികൊണ്ടോ നശിച്ചുപോകുമോ? അതിരിക്കട്ടെ, കേരളത്തിൽ ചോഴൻമാരുമായുള്ള യുദ്ധത്തിന്റെ കെടുതികളനുഭവിക്കാത്ത പ്രദേശങ്ങളിലാണല്ലോ മരുമക്കത്തായം കൂടുതൽ ഊക്കോടുകൂടി തുടർന്നുവന്നത്. നായൻമാരുടെയിടയിൽ മാത്രമല്ല, സൈനികസേവനം കുലവൃത്തിയായി സ്വീകരിക്കാത്ത തിയ്യരുടെയിടയിലും നമ്പൂതിരിമാർ, മുസ്ലീങ്ങൾ തുടങ്ങിയവരുടെ ചില വിഭാഗങ്ങൾക്കിടയിലും മരുമക്കത്തായം നിലനിന്നുപോന്നിട്ടുണ്ട്. അവരുടെ പുരുഷൻമാരെല്ലാം യുദ്ധത്തിൽ മരിച്ചുപോയെന്നു കരുതാൻ യാതൊരു കാരണവുമില്ലല്ലോ.

## മരുമക്കത്തായത്തിൽ നിന്ന് മക്കത്തായത്തിലേക്കോ?

എന്നാൽ കൂടുതൽ ശ്രദ്ധേയവും പരിഗണനനാർഹവുമായ ഒരഭിപ്രായം കൂടി ഇളംകുളം ഉന്നയിച്ചിട്ടുണ്ട്. പതിനൊന്നാം നൂറ്റാണ്ടുവരെയെങ്കിലും കേരളത്തിൽ മക്കത്തായമാണ് നിലനിന്നിരുന്നത് എന്നും കൊല്ലവർഷം 175 മാണ്ടിനു ശേഷമാണ് മക്കത്തായം ആവിർഭവിച്ചത് എന്നും അദ്ദേഹം പ്രസ്താവിക്കുന്നു.[26] ആദ്യകാലത്ത് മലയാളികൾക്കിടയിൽ മക്കത്തായം മാത്രമാണുണ്ടായിരുന്നത് എന്നും പിന്നീട് ഏതോ പ്രത്യേക പരിതസ്ഥിതി കാരണം അവർ മരുമക്കത്തായം സ്വീകരിക്കുകയാണുണ്ടായത് എന്നും കെ.പി. പത്മനാഭനെപ്പോലുള്ള മറ്റു ചില ചരിത്രപണ്ഡിതൻമാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. മരുമക്കത്തായം ഉത്ഭവിച്ച കാലത്തെ സംബന്ധിച്ചു മാത്രമേ ചെറിയൊരഭിപ്രായവ്യത്യാസമുള്ളു. 'മേനോൻ അഭിപ്രായപ്പെ

26. ടി പേജ് 196. ക്രി. 1312 ലാണ് മരുമക്കത്തായം അവിർഭവിച്ചത് എന്ന 1952 ലെ അഭിപ്രായം ഇവിടെ പരിഗണിക്കുന്നില്ല.

ട്ടിട്ടുള്ളതിൽ നിന്നു കുറേക്കൂടി മുമ്പ് ക്രിസ്തു 11-ാം ശതകത്തോടുകൂടി മരുമക്കത്തായം ആരംഭിച്ചുവെന്ന നിഗമനത്തിലാണ് ഞാൻ എത്തി ച്ചേർന്നത്.' എന്നാണ് ഇളംകുളം പറയുന്നത്.[27] ക്രിസ്തുവിന് നാലഞ്ചു വർഷങ്ങൾക്ക് മുമ്പുതന്നെ കേരളമുൾപ്പെടെ എല്ലാ ദക്ഷിണേന്ത്യൻ ദേശ ങ്ങളും മക്കത്തായത്തിലെത്തിച്ചേർന്നുവെന്നും,[28] ക്രിസ്തു ആദിശതക ങ്ങളിൽ കേരളം വാണിരുന്ന ആദിചേരൻമാർ മക്കത്തായികളായിരുന്നു വെന്ന് സംഘം കൃതികളിൽ നിന്ന് സ്പഷ്ടമാണ്.[29] എന്നും, അന്നു മുതൽക്ക് 'ക്രിസ്തു പത്താം നൂറ്റാണ്ടു വരെ കേരളത്തിലെ ദായക്രമം പാണ്ടിനാട്ടിലെപോലെ മക്കത്തായമായിരുന്നുവെന്നും'[30] രാജകീയാനു കൂല്യം കൂടാതെ യാതൊരു നിയമവും പഴയകാലത്ത് വലിയൊരു വിഭാഗം ജനങ്ങൾ പിന്തുടരുമെന്നു വിചാരിക്കാൻ നിവർത്തിയില്ലാത്ത തിനാൽ ജനങ്ങളും മക്കത്തായികളായിരുന്നു എന്നുവേണം വിചാരി ക്കാൻ'[31] എന്നും അദ്ദേഹം പല ഉദാഹരണങ്ങളോടും കൂടി തെളിയി ക്കാൻ ശ്രമിക്കുന്നുണ്ട്. അതുകൊണ്ട് കേരളത്തിന്റെ ഒരു പ്രത്യേകത യായി കണക്കാക്കപ്പെടുന്ന മരുമക്കത്തായ വ്യവസ്ഥയുടെ ഉത്ഭവത്തെ പ്പറ്റിയും, ഇരുപതാം നൂറ്റാണ്ടിൽപോലും അതു നാമാവശേഷമാകാതെ നിലനിന്നതിന്റെ കാരണങ്ങളെപ്പറ്റിയും പഠിക്കുന്നതിനു മുമ്പ് പ്രാചീന സംഘംകൃതികളുടെ കാലത്ത് ദായക്രമവും വിവാഹസമ്പ്രദായവും എന്തായിരുന്നുവെന്ന് പരിശോധിക്കേണ്ടതാവശ്യമാണ്.

## ചേരരാജാക്കൻമാരുടെ ദായക്രമം

പക്ഷേ, ഒരു ബുദ്ധിമുട്ടുണ്ട്: സംഘം പാട്ടുകളിൽ ചേരരാജാക്കൻമാ രുടെ ദായക്രമത്തെപ്പറ്റി വ്യക്തമായി ഒന്നും പറയുന്നില്ല. പിന്നീടെഴുതി ചേർക്കപ്പെട്ട പതികങ്ങളിലാണ് ചില സൂചനകളുള്ളത്. അവയാകട്ടെ, വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങൾക്ക് ഇടം നൽകുന്നവയുമാണ്. പതി റ്റുപ്പത്തിലെ പതികങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടാണ് ചേരരാജാക്കൻമാർ മക്കത്തായികളായിരുന്നു എന്നു ചില പണ്ഡിതൻമാരും അതല്ല, അവർ മരുമക്കത്തായികളായിരുന്നുവെന്ന് മറ്റു ചില പണ്ഡിതൻമാരും വാദിക്കു ന്നത്. തർക്കത്തിനടിസ്ഥാനമായ പതികങ്ങളിലെ ചില പരാമർശങ്ങൾ താഴെപ്പറയുന്നവയാണ്:

---

27. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള: കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടു കൾ, പേജ് 156.
28. ടി പേജ് 228
29. ടി പേജ് 173
30. ടി പേജ് 157
31. ടി പേജ് 183

1. രണ്ടാംപത്തിൽ ഇമയവരമ്പൻ നെടുഞ്ചേരലാതനെപ്പറ്റി – 'ഇതിയഞ്ചേരർക്കു വെളിയൻ വെൺമാൾ നല്ലിനിയന്റെ മകൻ.'

2. മൂന്നാംപത്തിൽ പൽയാനൈച്ചെൽകെഴു കുട്ടുവനെപ്പറ്റി – 'ഇമൈയവരമ്പൻതമ്പി അമൈവര.'

3. നാലാംപത്തിൽ കളങ്കായ്ക്കണ്ണിനാർ മുടിച്ചേരലാതനെപ്പറ്റി – 'ചേരലാതർക്കു വേൾ ആവിക്കോമാൻ പതുമൻ റേവിയന്റെ മകൻ.'

4. അഞ്ചാംപത്തിൽ കടൽപിറകോട്ടിയ ചെങ്കുട്ടുവനെപ്പറ്റി – 'നെടുഞ്ചേരലാതർക്കു ചോഴൻ മണിക്കിള്ളിയിന്റ മകൻ.'

5. ആറാംപത്തിൽ ആടുകോട് പാട്ടുച്ചേരലാതനെപ്പറ്റി – 'നെടുഞ്ചേരലാതർക്കു വേൾ ആവിക്കോമാൻ റേവിയൻറ മകൻ.'

6. ഏഴാംപത്തിൽ ചെൽവക്കടുങ്കോവാഴിയാതനെപ്പറ്റി – 'അന്തുവർക്കൊരു തന്തൈയിൻറ മകൾ പൊറൈയൻ പെരുന്തേവിയന്റ മകൻ.'

7. എട്ടാംപത്തിൽ പെരുഞ്ചേരലിരമ്പൊറൈയെപ്പറ്റി – 'പൊയ്യിൻ ചെൽവക്കടുങ്കോവുക്കു വേളാവിക്കോമൻ പതുമൻറേവിന്റ മകൻ.'

8. ഒമ്പതാം പത്തിൽ ഇളഞ്ചേരലിരുമ്പൊറൈയെപ്പറ്റി 'കുട്ടുവനിരുമ്പൊറൈക്കുമൈയൂർ കിഴാ അൻവേൺ വേൺമോൾ അന്തുവഞ്ചെള്ളെയിന്റ മകൻ.'

മുകളിൽ കൊടുത്തിരിക്കുന്ന ഉദ്ധരണികളിൽ 'ദേവി', 'വെൺമാൾ', മണക്കിള്ളി, മുതലായ പദങ്ങൾക്കു കൽപ്പിക്കപ്പെടുന്ന അർത്ഥവ്യത്യാസങ്ങൾക്കനുസരിച്ച്, ചേരൻമാരുടെ ദായക്രമത്തെപ്പറ്റിയുള്ള ധാരണയിലും വ്യത്യാസങ്ങളുണ്ടായിരുന്നു. ഉദാഹരണത്തിന് നാല്, ആറ്, എട്ട് എന്നീ പത്തുകളുടെ പതികകളിൽ കാണപ്പെടുന്ന 'ദേവി' എന്ന പദമെടുക്കുക. ഈ വാക്കിന് 'മകൾ' എന്ന അർത്ഥമാണ് രാഘവയ്യങ്കാർ, നീലകണ്ഠശാസ്ത്രി, കെ.ജി.ശേഷയ്യർ മുതലായ തമിൾ ചരിത്രപണ്ഡിതൻമാരും അവരുടെ വ്യാഖ്യാനങ്ങളുടെ സ്വാധീനത്തിൽപ്പെട്ട കേരളത്തിലെ ചില ഗ്രന്ഥകാരൻമാരും കൽപ്പിച്ചിട്ടുള്ളത്. ഇളംകുളവും പതിറ്റുപ്പത്തിലെ പരിഭാഷകനായ വൈദ്യനാഥയ്യരും ഈ അർത്ഥത്തിലാണ് ദേവി എന്ന വാക്കുപയോഗിക്കുന്നത്. ഉദാഹരണത്തിന് 'ചേരലാതർക്കു വേൾ ആവിക്കോമൻ പുതുമൻ റേവിയൻറ മകൻ.' എന്നതിന് 'വേളാവിക്കോമന്റെ മകൾ പത്മാദേവിയിൽ ജനിച്ച പുത്രനാണ് കളങ്കായ്ക്കണ്ണിനാർമുടീചേരൽ' എന്നാണ് വൈദ്യനാഥയ്യരുടെ തർജ്ജമ.[32] 'വേളാവിക്കോമനായ പുതുമന്റെ മകൾ പതുമൻദേവിയിൽ നെടുഞ്ചേരലാതന് പിറന്ന പുത്രൻ' എന്ന് ഇളംകുളവും എഴുതുന്നു.[33]

32. ജി.വൈദ്യനാഥയ്യർ: പതിറ്റുപ്പത്ത്, പേജ് 109.

33. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള: അന്നത്തെ കേരളം, പേജ് 54.

എന്നാൽ എം.ശ്രീനിവാസ അയ്യങ്കാർ, സോമസുന്ദര ഭാരതി, മഹാമഹോപാദ്ധ്യായ സ്വാമിനാഥയ്യർ മുതലായ തമിഴ് പണ്ഡിതൻമാർ ഈ തർജ്ജമയോട് യോജിക്കുന്നില്ല. വ്യാകരണം നിഘണ്ടു മുതലായവയിലൊന്നും തന്നെ 'ദേവി' എന്ന വാക്കിന് ഭാര്യ എന്നല്ലാതെ മകൾ എന്ന അർത്ഥം കാണുകയില്ലെന്ന് സോമസുന്ദരഭാരതി ഉറപ്പിച്ചുപറയുന്നു.[34] ഈ അർത്ഥം സ്വീകരിച്ചാൽ നാലും, ആറും എട്ടും പതികങ്ങളിൽ വാഴ്ത്തപ്പെടുന്ന നാർമുടിച്ചേര, ആടുകോട് പാട്ടുച്ചേരലാതൻ, പെരുഞ്ചോലിരുമ്പൊറൈ എന്നീ മൂന്നു ചേരരാജാക്കൻമാരുടെ അമ്മ വേൾ ആവിക്കോമന്റെ ഭാര്യയായിരുന്നു എന്ന് സമ്മതിക്കേണ്ടി വരും.

രണ്ടും ഒമ്പതും പതികങ്ങളിൽ വാഴ്ത്തപ്പെടുന്ന ചേരരാജാക്കൻമാരുടെ അമ്മമാർ വെൺമകൾ നല്ലിനിയും വേൺമാൾ അന്തുവഞ്ചെള്ളെയും ആയിരുന്നുവെന്നു കാണുന്നു. 'വേൺമാൾ' എന്ന പ്രയോഗത്തെപ്പറ്റിയും, പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ഉതിയൻ ചേരൻ എന്ന ചേരരാജാവിന് വെളിയൻ എന്നും വേളിന്റെ മകളായ നല്ലിനിയിൽ ജനിച്ച പുത്രനാണ് നെടുംചേരലാതൻ എന്നത്രേ ചില തമിഴ് പണ്ഡിതൻമാരോടൊപ്പം ഇളംകുളത്തെപ്പോലെയുള്ള ചില കേരളചരിത്രകാരൻമാരും എഴുതിയിട്ടുള്ളത്. എന്നാൽ സോമസുന്ദരഭാരതിയാരുടെ അഭിപ്രായത്തിൽ 'വേൺമാൾ' എന്നത് ഒരാളുടെ പേരോ 'ഭാര്യ'യുടെ പര്യായമോ അല്ല. രാജ്ഞി എന്നേ അതിനർത്ഥമുള്ളു. ഒരു പുരുഷന്റെ പേരോടുകൂടി വേൺമാൾ എന്നുചേർത്താൽ പുരുഷന്റെ ഭാര്യ എന്നർത്ഥമാകും. ഇതിനു തെളിവായി ചിലപ്പതികാരത്തിൽ ഇളങ്കോവടികൾ തന്റെ സഹോദരനായ ചെങ്കുട്ടുവന്റെ പത്നിയെ വെൺമാൾ എന്നു സംബോധന ചെയ്തിട്ടുള്ളതിനെ ഭാരതീയർ ചൂണ്ടിക്കാണിക്കുന്നു. അനുജൻ ജ്യേഷ്ഠന്റെ ഭാര്യയെ പേരെടുത്തു വിളിക്കാറില്ലെന്നും അതുകൊണ്ട് രാജ്ഞിക്കു നൽകപ്പെടുന്ന ബഹുമാനപ്പേർ മാത്രമാണെന്നും അദ്ദേഹം വാദിക്കുന്നു.[35] ഈ വ്യാഖ്യാനമനുസരിച്ച് രണ്ടാംപതികത്തിലെ ഇമയവരമ്പൻ നെടുഞ്ചേരലാതൻ വേൾവെളിയന്റെയും അയാളുടെ ഭാര്യ നല്ലിനിയുടെയും മകനാണ്. നെടുഞ്ചേരലാതന്റെ ഉതിയഞ്ചേരലിന്റെ മകനാണെങ്കിൽ ഉതിയഞ്ചേരിന്റേയും വേൾവെളിയന്റേയും ഭാര്യ നല്ലിനിയായിരുന്നുവെന്ന് കരുതേണ്ടിവരും. അല്ലെങ്കിൽ ഉതിയഞ്ചേരലിന്റെ മകനല്ല മരുമകനാണ് നെടുഞ്ചേരലാതൻ എന്ന് കണക്കാക്കേണ്ടിവരും. അതുപോലെതന്നെ, ഒമ്പതാം പതികത്തിലെ ഇളഞ്ചേരലിരുമ്പൊറൈ വേൾമയൂർകീഴാന്റേയും അയാളുടെ ഭാര്യയായ ആന്തുവബൈെള്ളയുടേയും മകനാണ്.

34. സോമസുന്ദരഭാരതി: ചെന്തമിൾ, വാള്യം XXVII, പേജ് 119–22

35. സോമസുന്ദരഭാരതി: ചെന്തമിൾ, വാള്യം XXVIII, പേജ് 123–27

വാക്കുകളുടെ ഇത്തരം അർത്ഥഭേദങ്ങൾ ദായക്രമപരിശോധനയെ എങ്ങനെ ബാധിക്കുന്നുവെന്നു നോക്കുക: സോമസുന്ദരഭാരതിയാരുടെയും മറ്റു മരുമക്കത്തായവാദികളുടെയും അഭിപ്രായത്തിൽ ചേരരാജാക്കൻമാരുടെ വംശാവലി താഴെകൊടുത്തപ്രകാരമായിരിക്കും.

ഇമയവരമ്പൻ നെടുഞ്ചേരലാതനും അദ്ദേഹത്തിന്റെ സഹോദരനായ പൽയാനൈച്ചെൽകഴുകുട്ടുവനും വേൾവെളിയൻ എന്ന ചിറ്ററചന്റെ മക്കളാണ്; ഉതിയഞ്ചേരലിന്റെ മരുമക്കളുമാണ്. അമ്മാമന്റെ മരണത്തിനുശേഷം ആദ്യം വയസിൽമൂത്ത മരുമകനും പിന്നെ ഇളയമരുമകനും രാജ്യഭരണമേറ്റെടുക്കുന്നു. അവരുടെ ഒരു സഹോദരി വേൾ പതുമനേയും മറ്റൊരു സഹോദരി ചോഴൻ മണക്കിള്ളി എന്ന ചോഴരാജാവിനെയും വിവാഹം കഴിക്കുന്നു. നടുഞ്ചേരലാതനും ചെൽകെഴുകുട്ടുവനും മരിച്ചതിനുശേഷം അവരുടെ സഹോദരിമാരുടെ മക്കൾ വയസ്സുമൂപ്പനുസരിച്ച് സിംഹാസനത്തിലേറുന്നു. മക്കത്തായമാണെങ്കിൽ ഒരു രാജാവ് മരിച്ചാൽ മക്കളാണ്, സഹോദരൻമാരോ സഹോദരിമാരുടെ മക്കളോ അല്ല, സിംഹാസനത്തിലേറുക. മരുമക്കത്തായത്തിൽ നേരെമറിച്ച് സഹോദരൻമാരെല്ലാം വയസുമൂപ്പനുസരിച്ച് മുറപ്രകാരം ഭരിച്ചുകഴിഞ്ഞതിനുശേഷം അവരുടെ മക്കൾ രാജ്യഭാരമേറ്റെടുക്കുന്നു. ഇമയവരമ്പനുശേഷം അദ്ദേഹത്തിന്റെ മകൻ രാജാവായിത്തീരുന്നു. അതിനുശേഷം അദ്ദേഹത്തിന്റെ സഹോദരൻ മരുമക്കൾ വയസ്സുമൂപ്പനുസരിച്ച് ഊഴപ്രകാരം ഭരണാധികാരമേറ്റെടുക്കുന്നു. ചെങ്കുട്ടുവന് മക്കളുണ്ടായിരുന്നുവെന്ന് അഞ്ചാംപതികത്തിൽ വ്യക്തമാകുന്നുണ്ട്. എന്നിട്ടും, ആ മക്കളല്ല മരുമക്കളാണ് ഭരണം നടത്തുന്നത്. ഇങ്ങനെ പരിശോധിച്ചാൽ ചേരരാജാക്കൻമാർ മരുമക്കത്തായികളായിരുന്നുവെന്ന് വ്യക്തമായിക്കാണാം എന്നാണ് സോമസുന്ദരഭാരതിയും മറ്റും ഉറപ്പിച്ചുപറയുന്നത്.

എന്നാൽ മക്കത്തായവാദികളുടെ പണ്ഡിതൻമാരും ഏതാണ്ടിതേ വാശിയോടുകൂടിത്തന്നെ തങ്ങളുടെ വാദം സ്ഥാപിക്കാൻ ശ്രമിക്കുന്നുണ്ട്. അവരുടെ അഭിപ്രായമനുസരിച്ച് ഉതിയൻ ചേരലിനുശേഷം അദ്ദേഹത്തിന്റെ മൂത്തപുത്രൻ നെടുഞ്ചേരലാതൻ ഭരണം നടത്തുന്നു. നെടുഞ്ചേരലാതന് ശേഷം അദ്ദേഹത്തിന്റെ സഹോദരൻ ചെൽകെഴുകുട്ടുവനും അതിനുശേഷം നെടുഞ്ചേരലാതന്റെ മൂത്തപുത്രൻ കളങ്കായ് കണ്ണിനാർമുടിച്ചേരലും തുടർന്ന് അദ്ദേഹത്തിന്റെ ഇളയസഹോദരൻ കടൽപിറകോട്ടോടിയ വേൽകെഴുകുട്ടുവനും, വേൽകെഴുകുട്ടുവനുശേഷം നാർമുടിച്ചേരലാതന്റെ മറ്റൊരു പുത്രനായ ആടുകോട് പാട്ടുചേരലാതനും രാജ്യം വാഴുന്നു. നെടുഞ്ചേരലാതന് രണ്ട് മഹിഷിമാർ പതുമൻദേവിയും നർച്ചോണയും. ആദ്യം പതുമൻദേവിയുടെ മകൻ, പിന്നീട് നർച്ചോണയുടെ മകൻ, വീണ്ടും പതുമൻദേവിയുടെ മകൻ ഇങ്ങനെ ഒരു ഭാര്യ

യിലെ രണ്ടുപുത്രനിൽ നിന്ന് യാതൊരു കലഹവും കൂടാതെ മറ്റൊരു ഭാര്യയിലെ പുത്രനിലേക്ക് സംക്രമിക്കുന്നതായിട്ടാണ് കാണുന്നത്.[36] 1929 ൽത്തന്നെ പി.ടി. ശ്രീനിവാസയ്യങ്കാർ ഉറപ്പിച്ചുപറയുകയുണ്ടായി. 'പഴയ ചേരരാജാക്കൻമാർ തമിഴൻമാരായിരുന്നു. മരുമക്കത്തായത്തെ പിന്തുടരുന്ന മലയാളി രാജവംശങ്ങൾ ക്രി.പി. പത്താംനൂറ്റാണ്ടിനുശേഷം മാത്രമാണാവിർഭവിച്ചത്. കുട്ടുവന്റെ പിതാവായ നെടുഞ്ചേരലിന് സിംഹാസനം ലഭിച്ചത് അദ്ദേഹം തന്റെ മുൻഗാമിയുടെ മരുമകനായതുകൊണ്ടല്ല, മകനായതുകൊണ്ടാണ്'[37]

പ്രാചീന ചേരരാജാക്കൻമാർ മക്കത്തായികളോ മരുമക്കത്തായികളോ എന്ന വാദമാരംഭിച്ചിട്ടു മുപ്പത്തഞ്ചോളം വർഷങ്ങളായി. ചേരരാജാക്കൻമാർ മരുമക്കത്തായികളായിരുന്നുവെന്ന് വാദിച്ചുകൊണ്ട് 1928–29 ൽ ചെന്തമിൾ എന്ന തമിഴുമാസികയുടെ 37–ാം വാല്യത്തിൽ സോമസുന്ദരഭാരതി ഒരു നീണ്ടലേഖനമെഴുതി[38] അതേവാല്യത്തിൽതന്നെ എം. രാഘവയ്യങ്കാർ ഭാരതിയുടെ അഭിപ്രായങ്ങളെ എതിർത്തുകൊണ്ട് ഒരു നീണ്ടമറുപടിയും പ്രസിദ്ധം ചെയ്തു. അതോടെ ഈ വാദപ്രതിവാദത്തിന് ചൂടുപിടിച്ചു. രണ്ടുചേരിയിലും പെട്ട പ്രസിദ്ധൻമാരായ തമിഴ് പണ്ഡിതൻമാർ തമിഴിലും ഇംഗ്ലീഷിലുമായി ചേരൻമാരുടെ ദായക്രമത്തെപ്പറ്റി ഒട്ടനവധി ലേഖനങ്ങളും ചില ഗ്രന്ഥങ്ങളും തന്നെയും പ്രസിദ്ധം ചെയ്തു. ഇന്നും ഈ പ്രശ്നത്തിൽ ഒരു യോജിച്ച അഭിപ്രായത്തിലെത്തിച്ചേരാൻ പണ്ഡിതൻമാർക്ക് സാധിച്ചിട്ടില്ല. ചേരരാജാക്കൻമാർ മക്കത്തായികളായിരുന്നുവെന്ന് ചിലരും അതല്ല മരുമക്കത്തായികളായിരുന്നുവെന്ന് മറ്റുചിലരും ഇന്നും വാദിച്ചുകൊണ്ടിരിക്കുന്നു.

സംഘംകൃതികളേയും പിന്നീടെഴുതിച്ചേർക്കപ്പെട്ട പതികങ്ങളെയും സൂക്ഷ്മമായി പഠിച്ച് ഇതിലേതുവാദമാണ് ശരിയെന്ന് ഉറപ്പിച്ചുപറയാനുള്ള തമിഴ് പാണ്ഡിത്യം എനിക്കില്ല. അതുകൊണ്ട് ചേരരാജാക്കൻമാരുടെ ദായക്രമത്തെപ്പറ്റി ഒരു തീർപ്പുകൽപ്പിക്കുന്നതിനുപകരം ജനങ്ങൾക്കിടയിൽ നടപ്പുണ്ടായിരുന്ന വിവാഹസമ്പ്രദായങ്ങളെ പരിശോധിച്ചുനോക്കുവാനാണ് ഞാനുദ്ദേശിക്കുന്നത്. അവയെ സംബന്ധിച്ചാണെങ്കിൽ, പണ്ഡിതൻമാർക്കിടയിൽ വലിയ അഭിപ്രായവ്യത്യാസങ്ങളില്ലതാനും.

---

36. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള: കേരള ചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ. പേജ് 218.

37. P.T.Sreenivasa Iyengar: History of the Tamils, P.512.

38. ചെന്തമിഴ്, വാല്യം 27, നമ്പർ 10, 11

## 'കളവും' 'കർപ്പും'

സംഘകാലത്ത് 'കളവ്', 'കർപ്പ്' എന്നിങ്ങനെ രണ്ട് വിവാഹസമ്പ്രദായങ്ങളുണ്ടായിരുന്നു. ഒരു സ്ത്രീയും പുരുഷനും രഹസ്യമായി അച്ഛനമ്മമാരേയും മറ്റു ബന്ധുക്കളേയും അറിയിക്കാതെ വിവാഹബന്ധത്തിലേർപ്പെടുന്നതിനാണ് 'കളവ്' എന്നുപറയുന്നത്. കാമിനീകാമുകൻമാർ ഒരേസ്ഥലത്തുള്ളവരായിരിക്കണമെന്നില്ല. ഒരു തിണയിലെ പുരുഷന് മറ്റൊരു തിണയിലെ സ്ത്രീയിൽ അനുരക്തനായെന്നുവരാം. പലപ്പോഴും യാദൃശ്ചികമായിട്ടാവും അവർ പരസ്പരം കണ്ടുമുട്ടുക. എങ്കിലും, ഒരാൾക്ക് മറ്റേയാളെ ഇഷ്ടപ്പെട്ടാൽ പിന്നെ മറ്റൊരു ചടങ്ങും കൂടാതെ അവർ കാമിനീകാമുകൻമാരായിത്തീരുന്നു. ചിലപ്പോൾ ഒരാൾക്ക് മറ്റേയാളുടെ ഇംഗിതം മനസ്സിലായെന്നുവരും. അത്തരം സന്ദർഭങ്ങളിൽ സ്ത്രീ തന്റെ തോഴിയുടെയും പുരുഷൻ തന്റെ തോഴന്റെയും സഹായം തേടുന്നു. തോഴീതോഴൻമാരുടെ സഹായത്തോടുകൂടി ചിലപ്പോൾ രാത്രിയും ചിലപ്പോൾ പകലും മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഏതെങ്കിലും ഒരു സ്ഥലത്തുവച്ച് അവർ രഹസ്യമായി സമ്മേളിക്കുന്നു. പരസ്പരം കണ്ടുമുട്ടുമ്പോഴുള്ള ആഹ്ലാദം, വിട്ടുപിരിയുമ്പോഴുള്ള വിരഹവേദന, നാട്ടുകാരുടേയും ബന്ധുക്കളുടെയും കണ്ണിൽപ്പെട്ടേക്കുമോ എന്ന വെമ്പൽ മുതലായവയെപ്പറ്റിയുള്ള മനോഹാരിത നിറഞ്ഞ വർണ്ണനകൾ പല പാട്ടുകളിലും കാണാം. ഉദാഹരണത്തിന്, ഒരു കാമിനി തന്റെ ഇഷ്ട തോഴിയോട് പറയുന്നത് നോക്കുക: 'കായാംപൂപോലെ കറുത്ത കണ്ണുകളോടു കൂടിയ തോഴീ! വളരെ നാളുകളായി ഭംഗിയുള്ള ഒരു യുവാവ് കൈയിൽ വില്ലുമായി, നായാട്ടിനുപോകുന്നപോലെ, എന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുകയും സ്നേഹവായ്പോടെ ദീർഘനേരം എന്നെ തുറിച്ചുനോക്കിയശേഷം ഒരക്ഷരംപോലും മിണ്ടാതെ അപ്രത്യക്ഷമാവുകയും ചെയ്യുന്നു. അദ്ദേഹത്തെപ്പറ്റിയുള്ള ചിന്ത എന്റെ കണ്ണുകളിൽ നിന്ന് ഉറക്കത്തെ ആട്ടിപ്പായിച്ചിരിക്കുന്നു. ഞാൻ ദുഃഖംകൊണ്ട് പരവശയായിരിക്കുന്നു. തന്റെ പ്രേമത്തെപ്പറ്റി കണ്ണുകൾകൊണ്ടല്ലാതെ അദ്ദേഹം സംസാരിക്കുന്നില്ല. ഒരു പെണ്ണായ ഞാനാകട്ടെ, നാണംകാരണം എന്റെ പ്രേമം അദ്ദേഹത്തെ അറിയിക്കാൻ അശക്തയുമാണ്. നിഗൂഢമായ പ്രേമത്തിന്റെ വേദന സഹിക്കാൻ വയ്യാതായപ്പോൾ ഞാനൊരു കാര്യം ചെയ്തു. അതാലോചിക്കുമ്പോൾ എനിക്കു ലജ്ജതോന്നുന്നു. ഒരു ദിവസം ഞാൻ കൃഷിപ്പാടത്തിനടുത്തുള്ള ഒരൂഞ്ഞാലിൽ ഇരിക്കുകയായിരുന്നു. പതിവുപോലെ അദ്ദേഹം വന്നുചേർന്നു. ഞാനദ്ദേഹത്തോട് വിളിച്ചുപറഞ്ഞു. 'എന്നെ കുറച്ച് ആട്ടിത്തന്നാട്ടെ!' 'സുന്ദരിപ്പെണ്ണേ! തീർച്ചയായും ഞാൻ ആട്ടിത്തരാം.' എന്നദ്ദേഹം മറുപടി പറഞ്ഞു. എന്നെ ആട്ടിക്കൊണ്ടിരിക്കു

മ്പോൾ ഞാൻ പെട്ടെന്ന് ഊഞ്ഞാലിൽ നിന്ന് വഴുതിയിട്ടെന്നപോലെ അദ്ദേഹത്തിന്റെ ചുമലിലേക്ക് വീണു. അദ്ദേഹം തന്റെ കൈകൾകൊണ്ട് എന്നെ കെട്ടിപ്പിടിച്ചു. ഒരു മയക്കത്തിലെന്നപോലെ ഞാനദ്ദേഹത്തിന്റെ ചുമലിൽ ചാരിക്കിടന്നു. അദ്ദേഹം എന്നെ അമർത്തിപ്പിടിച്ചു. അവസാനം ഞാനുണർന്നപ്പോൾ അദ്ദേഹം എന്നെ സസ്നേഹം താലോലിക്കുകയും എന്നോട് അഗാധമായ പ്രേമമുണ്ട് എന്ന ഉറപ്പിനാൽ എന്നെ സന്തുഷ്ട യാക്കുകയും ചെയ്തു.'[39]

രഹസ്യമായ ഈ ബന്ധം നാട്ടുകാർക്കിടയിൽ പരസ്യമായി ത്തീർന്നാൽ മതി, കാമിനീകാമുകൻമാർ ദമ്പതികളായി മാറും. ദാമ്പ ത്യജീവിതം എന്നുവെച്ചാൽ സ്ത്രീയും പുരുഷനും വിട്ടുപിരിയാതെ ഒന്നി ച്ചുജീവിക്കുക എന്നുമാത്രമായിരിക്കും അർത്ഥം. സ്ത്രീയുടെയോ പുരു ഷന്റെയോ അച്ഛനമ്മമാർ ചിലപ്പോൾ ഈ ബന്ധത്തെ ഇഷ്ടപ്പെട്ടില്ലെ ന്നുവരും. അത്തരം സന്ദർഭങ്ങളിൽ മറ്റെവിടെയെങ്കിലും പോയി താമസ മുറപ്പിക്കും. ഏതുവിധത്തിലായാലും നാട്ടുകാരുടെയും ബന്ധുക്കളു ടെയും അറിവോടുകൂടി പരസ്യമായ കുടുംബജീവിതം ആരംഭിക്കുന്ന തിന് കർപ്പു വിവാഹമെന്നു പറയുന്നു.

ആദ്യകാലത്ത് കളവില്ലാതെ കർപ്പുണ്ടായിരുന്നില്ല. കർപ്പിന്റെ മുന്നോ ടിയായിരുന്നു കളവ്. കളവുബന്ധം പരസ്യമായിത്തീരുന്നതിനു മുമ്പുള്ള വിവാഹം, പരസ്യമായിത്തീർന്നതിന് ശേഷമുള്ള വിവാഹം ഇങ്ങനെ രണ്ടുതരം വിവാഹമുണ്ട്. എന്ന് തൊൽകാപ്പിയർ പറയുന്നു:

'വെളിപ്പട വരൈതൽ, പടാമൈ വരൈതൽ എൻറൂ ആയിരൺ ടെൻപ വരൈതൽ ആറേ.'[40]

കളവുവിവാഹം കൂടാതെയുള്ള കർപ്പുവിവാഹമുണ്ടായിരുന്നില്ല എന്ന് ഇതിൽനിന്നു മനസ്സിലാക്കാം.

ഇങ്ങനെ, ആദ്യകാലത്ത് വിവാഹബന്ധം വളരെ ശിഥിലമായിരുന്നു. സ്വന്തം ഇഷ്ടമനുസരിച്ച് വിവാഹം കഴിക്കാനും കുറച്ചുകാലം ദമ്പതി കളായതിനുശേഷം വേണമെങ്കിൽ വേർപിരിഞ്ഞുപോകാനും സ്ത്രീക്കും പുരുഷനും ഒരുപോലെ സ്വാതന്ത്ര്യമുണ്ടായിരുന്നു. പുരുഷൻ ചിലപ്പോൾ തന്റെ കാമിനിയെ ഉപേക്ഷിച്ച് മറ്റൊരു സ്ത്രീയിൽ ഭ്രമിച്ചുവെന്നുവരും, താൻ മറ്റൊരുത്തിയെ സ്വപ്നത്തിൽപോലും സ്നേഹിച്ചിട്ടില്ല എന്ന് പുതിയ കാമിനിയോട് അയാൾ ബഡായി പറഞ്ഞെന്നുവരാം. ഇത്തരം വിശ്വാസവഞ്ചനകളും കള്ളത്തരങ്ങളും പരന്നുപിടിച്ചതിന്റെ ഫലമായി ട്ടാണ് കർപ്പുവിവാഹത്തിന് ചില ചിട്ടകളാവശ്യമാണെന്ന് സമുദായത്തിലെ

39. കളിത്തൊകൈ. 37, K.Kanakasabhai, P. 123.

40. തൊൽകാപ്പിയം, പൊ. കള. 50.

തലവൻമാർ തീരുമാനിച്ചതെന്ന് തൊൽകാപ്പിയർ പറയുന്നു.[41] അച്ഛനമ്മമാർ തങ്ങളുടെ മകളെ ചില പ്രത്യേക ചടങ്ങുകളോടുകൂടി ഒരു പുരുഷനേൽപ്പിച്ചുകൊടുക്കുന്നതിനാണ് തൊൽകാപ്പിയർ കർപ്പുവിവാഹം എന്നു പറയുന്നത്.[42] എന്നാൽ, കാമുകൻ തന്റെ കാമിനിയുടെ അച്ഛനമ്മമാരെ അറിയിക്കാതെ അവളെ സ്വന്തം നാട്ടിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന സന്ദർഭങ്ങളിൽ അച്ഛനമ്മമാരുടെ സമ്മതമില്ലാതെതന്നെ കർപ്പുവിവാഹം നടത്താവുന്നതാണ് എന്നും അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്.[43.]

വിവാഹച്ചടങ്ങുകൾ എന്നുവച്ചാൽ വേദമന്ത്രോച്ചാരണങ്ങളോ അഗ്നിസാക്ഷിയായി നടത്തപ്പെട്ട ക്രിയകളോ ഒന്നുമായിരുന്നില്ല. പുരോഹിതന്റെ സാന്നിദ്ധ്യംപോലും ആവശ്യമുണ്ടായിരുന്നില്ല. പുറനാനൂറിലെ ചില പാട്ടുകളിൽ സംഘകാലത്തെ ലളിതമായ വിവാഹച്ചടങ്ങുകൾ വിവരിക്കുന്നുണ്ട്. ഒരു പാട്ടിന്റെ സാരം താഴെച്ചേർക്കുന്നു:

'നല്ല കുളിർമയുള്ള വിവാഹപ്പന്തലിൽ മണൽവിരിച്ച് വരിവരിയായി വിളക്കുകൾ കത്തിച്ചുവെച്ചിരിക്കുന്നു. ധാരാളം പൂമാലകൾ തൂക്കിയിട്ടിരിക്കുന്നു. രാത്രികഴിഞ്ഞ് പ്രഭാതമായി. പ്രായപൂർത്തിയായ സ്ത്രീകൾ വെള്ളം നിറച്ച കുടങ്ങൾ തലയിലേറ്റിക്കൊണ്ടുനിൽക്കുന്നു. പ്രസവിച്ച നാലു സ്ത്രീകൾ ആ കുടങ്ങൾ വാങ്ങി മണവാളനെ കുളിപ്പിക്കുന്നു. കുളിപ്പിക്കുന്ന സമയത്ത് 'ഇവരുടെ ദാമ്പത്യജീവിതം പ്രേമപൂർവ്വം വിഘ്നം കൂടാതെ നിലനിൽക്കട്ടെ' എന്ന് ആശംസിക്കുന്നു. പെൺകുട്ടിയുടെ അമ്മയച്ഛൻമാർ 'നീ നല്ല കുടുംബിനിയാവട്ടെ' എന്ന് അനുഗ്രഹിച്ച് അവളെ വരന്റെ കൈയിൽപിടിച്ചുകൊടുക്കുന്നു. അതുകഴിഞ്ഞ് ഉടനെ വലിയ സദ്യയുണ്ട്.'[44]

വിവാഹസമയത്ത് വാദ്യഘോഷങ്ങൾ മുഴങ്ങിയെന്നും വധു പുഷ്പമാലകളും മോടിയുള്ള വസ്ത്രങ്ങളും സ്വർണ്ണാഭരണങ്ങളും അണിഞ്ഞ് ഒരുങ്ങിയിരുന്നെന്നും മറ്റൊരു പാട്ടിൽ വിവരിക്കുന്നു.[45] പക്ഷേ, വൈദി

41. പൊയ്യും വാഴുവും തോന്റിയ പിന്നൽ ഐയർ
യാത്തനർ, കരണം എൻപ (തൊ.പൊ.കർ.4)

42. കർപ്പെനപ്പെടുവതു കരണമെടു പുണരക്കൊള്ളർ കുരി മരപിൻ
കിഴവൻ, കിഴെത്തീയെക്കൊടൈക്കുരി മരപിനോർ
കൊടുപ്പക്കൊൾവതുവേ. (തൊ.പൊ.കർ.1)

43. കൊടുപ്പോർ ഇന്റിയും കരണം ഉണ്ടേ
പുണർന്തുടൻ പോകിയ കാലൈയാന. (തൊ.പൊ.കർ 2)

44. അകം 86.

45. അകം, 136.

കരീതിയിലുള്ള ചടങ്ങുകളോ പുരോഹിതൻമാരുടെ സാന്നിദ്ധ്യമോ ഉണ്ടായിരുന്നതായി കാണുന്നില്ല.

യഥാർത്ഥത്തിൽ, ചടങ്ങുകളോടുകൂടിയ കർപ്പുവിവാഹങ്ങൾ മാതൃമേധാവിത്വത്തിൽ നിന്ന് പിതൃമേധാവിത്വത്തിലേക്കും സ്ത്രീപുരുഷസമത്വത്തിലേയ്ക്കുമുള്ള പരിണാമത്തെയാണ് കുറിക്കുന്നത്. കാലക്രമത്തിൽ, കർപ്പിനു മുമ്പുള്ള കളവു വിവാഹം സാൻമാർഗികമായിത്തീർന്നു. സ്ത്രീയ്ക്ക് ഇഷ്ടമുള്ള പുരുഷനെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നഷ്ടപ്പെട്ടു. ഭയം, ലജ്ജ, പഠിപ്പില്ലായ്മ എന്നിവയാണ് സ്ത്രീയുടെ ഏറ്റവും നല്ല ഗുണങ്ങൾ എന്ന് പ്രഖ്യാപിക്കപ്പെട്ടു.[46] പുരുഷൻമാർക്ക് എത്ര ഭാര്യമാരുണ്ടായാലും വിരോധമില്ല. വെപ്പാട്ടികളേയോ വേശ്യാസ്ത്രീകളെയോ സമീപിക്കുന്നതിൽപോലും തെറ്റില്ല. സ്ത്രീകൾക്കു മാത്രം പാതിവ്രത്യം നിർബന്ധമാണ്. അകനാനൂറിൽത്തന്നെ ഈ പരിണാമത്തിന്റെ ആരംഭംകാണാം. പരത്ത (വേശ്യ)യുടെ വീട്ടിൽ നിന്ന മടങ്ങിവരുന്ന കണവനെ കാണുമ്പോൾ ഭാര്യയ്ക്കുണ്ടാകുന്ന കോപവും അയാൾ പരത്തയുടെകൂടെ കുളിച്ചു എന്നു കേൾക്കുമ്പോൾ ഉണ്ടാകാവുന്ന ദുഃഖവും മറ്റും പല പാട്ടുകളിലും വർണ്ണിക്കപ്പെട്ടിട്ടുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ, സംഘംകൃതികളുടെ കാലത്തുതന്നെ, സ്ത്രീപുരുഷൻമാർക്ക് സ്വന്തം ഇഷ്ടമനുസരിച്ച് ഇണചേരാൻ സ്വാതന്ത്ര്യം നൽകിയിരുന്ന 'പുനലുവൻ' വിവാഹസമ്പ്രദായത്തിൽ നിന്ന് ഏകഭാര്യത്വത്തിലേയ്ക്കും മാതൃമേധാവിത്വത്തിൽനിന്ന് മരുമക്കത്തായത്തിലേക്കുമുള്ള പരിവർത്തനം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഈ പരിവർത്തനത്തിന്റെ സ്വാധീനശക്തി പ്രാചീന ചേരരാജാക്കൻമാരെ മാത്രം ബാധിച്ചിട്ടില്ലെന്നു കരുതാൻ യാതൊരു ന്യായവുമില്ല. അവർ ശുദ്ധമായ മക്കത്തായം സ്വീകരിച്ചുകഴിഞ്ഞിരുന്നു എന്നു വിശ്വസിക്കാൻ വിഷമമുണ്ട്. പക്ഷേ, അതേസമയത്തുതന്നെ അവർ ശുദ്ധമായ മരുമക്കത്തായമാണ് പിന്തുടർന്നുപോന്നത് എന്നു കരുതുന്നതും തെറ്റായിരിക്കും. രണ്ടും കൂടിക്കലർന്ന ഒരു സ്ഥിതിവിശേഷത്തിലാണ്. അതായത് അതിവേഗം പിതൃമേധാവിത്വത്തിലേക്കും മക്കത്തായത്തിലേക്കും നീങ്ങിക്കൊണ്ടിരുന്ന ഒരു സാമൂഹ്യവ്യവസ്ഥയിലാണ് ചേരരാജാക്കൻമാർ വാണിരുന്നത് എന്നു അനുമാനിക്കുന്നതാവും കൂടുതൽ ശരി.

എന്നാൽ ഈ പരിവർത്തനഘട്ടം വളരെക്കാലം നീണ്ടുനിന്നിരിക്കാനിടയില്ല. ചിലപ്പതികാരത്തിന്റെ കാലമായപ്പോഴേയ്ക്കും ചോഴപാണ്ടി

46. അച്ചമൂം നാണും മടനും മുന്തുറുത്തൽ നിച്ചമും പെൺപാർക്കു ഉരിയ എൻപ (തൊൽകാപ്പിയം)

നാടുകളിലെപ്പോലെത്തന്നെ ചേരനാട്ടിലും മക്കത്തായവ്യവസ്ഥ ഉറച്ചു കഴിഞ്ഞിട്ടുണ്ടാവണം. അന്നുമുതൽക്കെങ്കിലും കേരളീയ രാജാക്കൻമാർ തികഞ്ഞ മക്കത്തായികളായിട്ടാണ് ജീവിച്ചുപോന്നത് എന്നു കരുതുന്ന തിൽ യാതൊരു തെറ്റുമില്ല.

## മരുമക്കത്തായത്തിന്റെ ഉത്ഭവം

അപ്പോൾ, കേരളത്തിൽ മരുമക്കത്തായം ഇന്നും നിലനിൽക്കുന്ന തെന്തുകൊണ്ടാണ് എന്ന ചോദ്യം പിന്നെയും അവശേഷിക്കുന്നു. പത്താം നൂറ്റാണ്ടിനുശേഷമുള്ള കേരളത്തിലെ മിക്ക രാജവംശങ്ങളും മരുമക്ക ത്തായമാണ് പിന്തുടർന്നു പോന്നിട്ടുള്ളത് എന്ന കാര്യത്തിൽ അഭിപ്രാ യവ്യത്യാസമില്ല. മക്കത്തായത്തിന്റെ സ്ഥാനത്ത് മരുമക്കത്തായം വന്നു ചേർന്നതെങ്ങനെയാണ്? ചരിത്രത്തിന്റെ ഘടികാരം പിന്നോട്ടുപിടിച്ചു തിരിക്കുക സാധ്യമല്ലെങ്കിൽ പിന്നെ പത്താംനൂറ്റാണ്ടിനുശേഷം കേരള ത്തിലെ രാജാക്കൻമാരും ജനങ്ങളും മരുമക്കത്തായികളായിത്തീർന്നതിന് എന്ത് ന്യായീകരണമാണുള്ളത്?

ഈ ചോദ്യത്തിന് മറുപടി കാണുന്നതിനുമുമ്പായി ചരിത്രകാരൻ മാർക്കിടയിൽ പ്രചരിപ്പിച്ചിട്ടുള്ള ഒരു വലിയ തെറ്റിദ്ധാരണയെ നീക്കം ചെയ്യേണ്ടതാവശ്യമായിരിക്കുന്നു. പത്താംനൂറ്റാണ്ടിനു ശേഷം 20-ാം നൂറ്റാ ണ്ടുവരെ കേരളം ഭരിച്ച രാജാക്കൻമാരെല്ലാം ആദിചേരരാജാക്കൻമാരുടെ വംശത്തിൽപ്പെട്ട പിൻഗാമികളായിരുന്നുവെന്നും ഈ കാലഘട്ടത്തിൽ മാത്രം കാണപ്പെടുന്ന നായർ, തിയ്യൻ തുടങ്ങിയ എല്ലാ ജാതികളും സംഘകൃതികളുടെ കാലത്ത് തന്നെ നിലനിന്നിരുന്നുവെന്നുമാണ് പല ചരിത്രകാരൻമാരും വിശ്വസിക്കുന്നത്. ജാതിയുടെ കാര്യം കഴിഞ്ഞ അദ്ധ്യായത്തിൽത്തന്നെ നമ്മൾ പരിശോധിക്കുകയുണ്ടായി. തിയ്യൻ, നമ്പൂതിരി, നായർ തുടങ്ങിയ ജാതികൾ പ്രാചീന ചേരസാമ്രാജ്യത്തി ലുണ്ടായിരുന്നില്ലെങ്കിലും അവർ പിന്നീടാണാവിർഭവിച്ചത് എന്നും വ്യക്ത മാക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. രാജവംശങ്ങളുടെ കാര്യവും ഇതുതന്നെയാ ണ്. പന്തളം പൂഞ്ഞാർ രാജവംശങ്ങൾ പാണ്ഡിരാജവംശത്തിന്റെ ശാഖ കളാണെന്നുള്ളതിൽ അഭിപ്രായവ്യത്യാസമില്ല എന്നും ക്രിസ്തു ആദ്യ ശതകങ്ങളിൽ കേരളം വാണിരുന്ന ആദിചേര വംശത്തിൽപ്പെട്ട ചിലരെ ങ്കിലും ഇന്നു കേരളത്തിലുള്ള ക്ഷത്രീയരിൽ ഉണ്ടായിരിക്കുമെന്നു തീർച്ച യാണ് എന്നും ഓടനാട്, വേണാട്, ചിറവാ, കീഴ്പേരൂർ, തൃപ്പാപ്പൂർ എന്നീ രാജവംശങ്ങളെല്ലാം സംഘകാലത്തെ ആയ് രാജവംശക്കാരുടെ പിൻഗാ മികളാണെന്നും മറ്റുമുള്ള ഇളംകുളത്തിന്റെ വാദങ്ങൾക്ക്[47] യഥാർത്ഥ

47. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള: കേരളചരിത്രത്തിന്റെ ഇരുളടഞ്ഞ ഏടു കൾ, പേജ് 173-174.

ത്തിൽ ചരിത്രപരമായ തെളിവുകളൊന്നുമില്ല. നായർ, തിയ്യൻ തുടങ്ങിയ ജാതികളെന്നപോലെതന്നെ ഈ രാജവംശങ്ങളും പിൽക്കാലത്തുമാത്രം ആവിർഭവിച്ചതാണ്.[48]

ഇതിൽ അത്ഭുതപ്പെടേണ്ടതായി ഒന്നുമില്ലതാനും. എന്തെന്നാൽ ഇത്തരം സംഭവങ്ങൾ ചരിത്രത്തിൽ ഇതിനു മുമ്പും ഉണ്ടായിട്ടുണ്ട്. സംഘ കാലത്തിനു തൊട്ടുമുമ്പ് നിലനിന്നിരുന്ന മൗര്യവംശത്തിന്റെ സ്ഥിതി തന്നെ നോക്കുക. ചന്ദ്രഗുപ്തന്റെ ആവിർഭാവത്തിനു മുമ്പ് മൗര്യവംശ ത്തിന്റെ ചരിത്രമെന്താണെന്ന് പറയാൻ കഴിയുമോ? അശോകൻ മഹാ നായ ചക്രവർത്തിയായിരുന്നു! എന്നിട്ടും, ക്രിസ്തുവർഷാരംഭ ത്തിനുശേഷം കഴിഞ്ഞ ഇരുപതുനൂറ്റാണ്ടുകളായി മൗര്യവംശത്തിന്റെ ചരിത്രമെന്താണ്? ഇതുപോലതന്നെ എത്രയെത്ര രാജവംശങ്ങളാണ് ഇന്ത്യാചരിത്രത്തിന്റെ ഏടുകളിൽ പെട്ടെന്ന് പ്രത്യക്ഷപ്പെടുകയും കുറെ ക്കാലത്തെ ഭരണത്തിനു ശേഷം എന്നന്നേക്കുമായി അന്തർദ്ധാനം ചെയ്യു കയും ചെയ്തിട്ടുള്ളത്! ഈ സ്ഥിതിയിൽ പിൽക്കാലത്തു പ്രത്യക്ഷപ്പെട്ട എല്ലാ രാജവംശങ്ങളും ആദ്യകാലത്തുണ്ടായിരുന്ന രാജാക്കൻമാരുടെ പിൻഗാമികളാണെന്ന് ഉറപ്പിച്ചുപറയുന്നതിൽ എന്തർത്ഥമാണുള്ളത്. ഗോത്രങ്ങൾ, ജാതികൾ, ജനസമുദായങ്ങൾ മുതലായവയുടെ സ്ഥിതിയും വ്യത്യസ്തമല്ല. മനുഷ്യസമുദായം അസമമായിട്ടാണ് വളരുന്നത്. ലോക ത്തിലുള്ള എല്ലാ രാജ്യങ്ങളുടെയും ഒരേ രാജ്യത്തിലുള്ള എല്ലാ പ്രദേ ശങ്ങളുടെയും ഒരേ പ്രദേശത്തിൽതന്നെയുള്ള എല്ലാ ജനസമുദായ ങ്ങളുടെയും വളർച്ച ഒരിക്കലും ഒരേ തോതിലല്ല. മുമ്പൊരദ്ധ്യായത്തിൽ നമ്മൾ കണ്ടുകഴിഞ്ഞതുപോലെ, സംഘകാലത്തുതന്നെ സാമൂഹ്യവ ളർച്ചയുടെ വ്യത്യസ്ത നിലവാരങ്ങളിലെത്തിയ ജനസമുദായങ്ങളാണു ണ്ടായിരുന്നത്. ചില ഗോത്രങ്ങൾ അതിവേഗം വളരുകയും അവയുടെ തലവൻമാർ ചിറ്ററചൻമാരോ അരചൻമാരോ ആയിത്തീരുകയും ചെയ്തു. അതേസമയത്തുതന്നെ മറ്റു ചില ഗോത്രസമുദായങ്ങൾ പ്രകൃത്യാവസ്ഥ യിൽത്തന്നെ കഴിച്ചുകൂട്ടുന്നുണ്ടായിരുന്നു. അതുകൊണ്ട്, സംഘകാലത്ത് മരുമക്കത്തായികളായ ആരേയും കേരളത്തിൽ കാണുന്നില്ലെന്നും മറ്റു മുള്ള പ്രസ്താവനകൾ ശരിയാവാനിടയില്ല. സംഘകാലത്തിനുശേഷവും ഈ അസമമായ വളർച്ച തുടരുകയാണുണ്ടായത്. മക്കത്തായമാവിർഭ വിച്ചതിനുശേഷവും ചില ഗോത്രസമുദായങ്ങൾക്കിടയിൽ മരുമക്കത്തായം തന്നെ നിലനിന്നുപോന്നു. ചില ജനവിഭാഗങ്ങൾ അതിവേഗം വളരാൻ തുടങ്ങിയപ്പോൾ മറ്റു ചില ജനവിഭാഗങ്ങൾ പിന്നണിയിൽത്തന്നെ കഴി ച്ചുകൂട്ടി. ഏതാനും നൂറ്റാണ്ടുകൾക്കുശേഷം, ചരിത്രപരമായ സവിശേ

48. രണ്ടാം വാല്യത്തിൽ ഈ രാജവംശങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതായിരിക്കും.

ഷകാരണങ്ങളാൽ, ഈ അപരിഷ്കൃത ഗോത്രങ്ങളിൽ ചിലത് ഫ്യൂഡൽ വ്യവസ്ഥയിലെ ജാതികളായിത്തീർന്നു. ഇങ്ങനെയാണ് നായർ, ഈഴവൻ തുടങ്ങിയ ജാതികളാവിർഭവിച്ചത്. സാമ്പത്തിക രാഷ്ട്രീയ മണ്ഡലങ്ങളിൽ നിർണ്ണായകമായ പങ്കുവഹിച്ചുകൊണ്ട് അവർ മേലേക്കിടയിലുള്ള ജാതികളായി കരുതപ്പെടാൻ തുടങ്ങി. എന്നാൽ, ഫ്യൂഡൽ വ്യവസ്ഥയിലെ കെട്ടിപ്പിണഞ്ഞ അസമത്വങ്ങളുടേയും ഉച്ചനീചത്വങ്ങളുടേയും ഫലമായി ഈ ജാതികളിൽതന്നെ നിരവധി അവാന്തരവിഭാഗങ്ങളും ഉച്ചനീചത്വങ്ങളും പ്രത്യക്ഷപ്പെട്ടു.

സാമ്പത്തിക രാഷ്ട്രീയ മണ്ഡലങ്ങളിൽ മുന്നണിസ്ഥാനങ്ങൾ കൈക്കലാക്കിയതിനുശേഷവും പുതുതായുയർന്നുവന്ന ഈ രാജവംശങ്ങൾക്കിടയിലും നായർ, ഈഴവർ തുടങ്ങിയ ജാതികൾക്കിടയിലും പഴയ ഗോത്രസമുദായ വ്യവസ്ഥയുടെ പല അവശിഷ്ടങ്ങളും നിലനിന്നുപോന്നു. അത്തരം അവശിഷ്ടങ്ങളിലൊന്നാണ് മരുമക്കത്തായം.

# അധ്യായം പതിനൊന്ന്

# സംഘംകൃതികളിലെ സാമൂഹ്യജീവിതം

'പശുക്കൾ സുഖമായി മേയുന്ന പുൽപ്പാടങ്ങൾ, ചെറുമീനുകൾ സ്വൈരമായി വീഴുന്ന നീർപ്പൊയ്കകൾ, പന്നികൾ തോറ്റകൾ കൊണ്ട് കുത്തിയിളക്കിച്ചേറാക്കിയതിനാൽ ഉഴുവൽ നടത്താതെ വിത്തുപാകിയ നിലങ്ങൾ, വിരിഞ്ഞകണ്ണുകളോടു കൂടിയ എരുമകളെ മേയാനയയ്ക്കാതെ തടയുമാറ് പൂത്തനെയ്തൽ ഞെരുങ്ങി വളർന്നുനിൽക്കുന്ന കരിമ്പിൻതടങ്ങൾ, പെൺമണികൾ കൂടിനിന്ന് കൈകാട്ടി നൃത്തംചെയ്യുമ്പോൾ അവരുടെ അരയിലും കൈകളിലും നിന്ന് ഉതിർന്നുവീഴുന്ന ആമ്പൽമലരുകളെ തിന്നാൽ കൊതിപൂണ്ടുനിൽക്കുന്ന പശുക്കൾ നിറഞ്ഞ സ്ഥലങ്ങൾ, തഴച്ചു വളർന്നുയരുന്ന കേരതരുക്കൾ, പക്ഷികളിരുന്ന് കളകളനാദം പൊഴിയ്ക്കുന്ന മരുമതമരങ്ങൾ, നീർച്ചാലുകളുള്ള പൂംപൊയ്കകൾ'[1] 'ചെന്താമരകളും ആമ്പലുകളും നിറഞ്ഞ ജലാശയങ്ങൾ, കൊയ്തു കൊയ്ത് അരിവാൾത്തല മടങ്ങുംവണ്ണം തഴച്ചുവളർന്ന് നെല്ലു വിളഞ്ഞുനിൽക്കുന്ന കണ്ടങ്ങൾ.'[2] 'പൊയ്കകളിലെ ചീർപ്പുകൾ വഴിയായി വെള്ളമൊലിച്ചുണ്ടായ ചാലുകളിൽ ഞെരുങ്ങി നിൽക്കുന്ന നെയ്തൽപ്പൂക്കളിന്നു ചുറ്റും നിരനിരയായി മുരണ്ടുനിൽക്കുന്ന വണ്ടുകൾ'[3] ഇങ്ങനെ പല കവികളുടെയും വർണ്ണനകൾക്ക് വിഷയമായ പ്രകൃതിസൗന്ദര്യം നിറഞ്ഞ ഒരു രാജ്യമായിരുന്നു ചേരനാട്. കൃഷി, കൈത്തൊഴിൽ, കച്ചവടം തുടങ്ങിയ വിവിധരംഗങ്ങളിൽ അധ്വാനിച്ച് പണിയെടു

1. പതിറ്റുപ്പത്ത് II, 3
2. പതിറ്റുപ്പത്ത് II, 9
3. പതിറ്റുപ്പത്ത് III, 7

ക്കുന്ന ജനങ്ങളുടെ അകൃത്രിമവും ലളിതവുമായ ജീവിതം ആ സൗന്ദര്യത്തിന് മാറ്റുകൂട്ടി.

## കൃഷിയും ഭക്ഷണസാമഗ്രികളും

മണ്ണ് ഫലപുഷ്ടിയുള്ളതായിരുന്നു. അതുകൊണ്ട് പലതരത്തിലുള്ള ധാന്യങ്ങളും സമൃദ്ധമായി കൃഷിചെയ്യപ്പെട്ടിരുന്നു. മലയോരപറമ്പുകളിലെ ജനങ്ങൾക്കുപോലും പട്ടിണികിടക്കേണ്ടിവന്നിരുന്നില്ല. പുറനാന്നൂറിലെ ഒരു പാട്ടിൽ ഇങ്ങനെ കാണുന്നു: 'ഉഴവർ ഉഴാതെ തന്നെ നാലുതരത്തിലുള്ള ഫലങ്ങൾ സുലഭങ്ങളാണ്. ഒന്നാമതായി കൃശപത്രകങ്ങളായ മുകളിൽ നിന്ന് മുളയരി ലഭിക്കുന്നു; രണ്ടാമതായി സ്വാദുള്ള ചുളകളോടുകൂടിയ ചക്കപ്പഴം വേണ്ടുവോളം കിട്ടുന്നു; മൂന്നാമതായി ആരും കൃഷിചെയ്യാതെ തഴച്ചുവളരുന്ന കാച്ചിലിന്റെ കിഴങ്ങ് വേണ്ടുവോളമുണ്ട്; നാലാമതായി കരടികൾ ചാഞ്ഞു കൂടുകൾ അണകയാൽ ഉന്നതഗിരി നിരന്തരം തേൻ ചൊരിഞ്ഞു കൊണ്ടിരിക്കുന്നു.'[4]

പർവ്വതപ്രദേശങ്ങളിലെ ഗോത്രസമുദായങ്ങൾ ഭൂമി ഉഴുതു കൃഷിചെയ്യാൻ പഠിച്ചുകഴിഞ്ഞിരുന്നില്ലെന്നും കാട്ടിൽ നിന്നും ശേഖരിക്കപ്പെടുന്ന കായ്കനികളേയും മുളയരി, തേൻ മുതലായവയേയും ആശ്രയിച്ചാണ് അവർ ഉപജീവനം കഴിച്ചിരുന്നത് എന്ന് ഈ പാഠങ്ങളിൽ നിന്ന് അനുമാനിക്കാം. പ്രാചീന കാലം മുതൽക്കുതന്നെ മൃഗങ്ങളെ വേട്ടയാടാൻ ഒരു മുഖ്യമായ മാർഗമായിരുന്നു. എന്നാൽ, കൂടുതൽ പരിഷ്ക്കരിച്ച മരുതനിലത്തിലെ ജനങ്ങൾ മുഖ്യമായും കൃഷിയെ ആശ്രയിച്ചാണ് ഉപജീവനം കഴിച്ചിരുന്നത്. കലപ്പ, കൊഴു, നുകം, അരിവാൾ, മഴു, കോടാലി തുടങ്ങിയ കാർഷികോപകരണങ്ങളെപ്പറ്റിയും കലം, കുടം, കിണ്ടി, പാന, താഴി, ചാടി, താലം, മിടാവ് മുതലായ വീട്ടുപാത്രങ്ങളെപ്പറ്റിയും സംഘലംകൃതികളിൽ പരാമർശിക്കുന്നുണ്ട്. നെല്ല്, ഗോതമ്പ്, തുടങ്ങിയ ധാന്യങ്ങൾ കൃഷിചെയ്യാൻ പറ്റിയ ജലസേചന സൗകര്യങ്ങളുണ്ടായിരുന്നു. 'വെൺനുരകളേന്തിക്കടന്നുപോകുന്നിടങ്ങളിലെല്ലാം വളം പരത്തിക്കൊണ്ടും, നിരവധി വൈക്കോൽപിരികളാൽ ചൂഴപ്പെട്ട അണകളെ തട്ടിത്തകർത്തുകൊണ്ടും പായുന്ന ചുവന്ന പുതുജലത്തെ തടുത്തുനിർത്താനായി നാട്ടുകാരെല്ലാം ഒത്തുകൂടി കോലാഹലപൂർവ്വം ചിറകെട്ടിതീർത്തതിൽ സന്തുഷ്ടിപൂണ്ട് വഞ്ചിനഗരത്തിൽചെന്ന് ഉത്സവം കണ്ട് മടങ്ങിവരുന്ന മരുതനിലവാസികളെ' സംഘലംകൃതികൾ വർണ്ണിക്കുന്നു. മിച്ചമുള്ള ധാന്യങ്ങൾ കൈമാറ്റത്തിനുവേണ്ടി ഉപയോഗിക്കുക പതിവായിരുന്നു. എൺവകധാന്യങ്ങൾ വിക്രയം ചെയ്യുന്ന വണിക്കുകൾക്കും അടിയാരെ

4. പുറം 25

കാക്കുന്ന മേലാളർക്കും നെടുഞ്ചേരലാതൻ സഹായങ്ങൾ നൽകിയ തായി പതിറ്റുപ്പത്ത് പ്രസ്താവിക്കുന്നു.[5] കടൽ, മല, നദി, മരുതനിലം തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന വിഭവങ്ങൾക്ക് പുറമെ അന്യനാട്ടുക ളിൽ നിന്നും വന്നിരുന്ന സമ്പത്തുകളും ചേരരാജ്യത്തിന്റെ ഐശ്വര്യം വർദ്ധിപ്പിക്കാൻ സഹായിച്ചു.[6] 'ധാന്യവ്യാപാരികൾ കർഷകർക്കു തുണ യായി വർത്തിച്ചു. ചക്ക, തേങ്ങ മുതലായവയും ഭക്ഷണത്തിനുപയോ ഗിച്ചിരുന്നു. സ്വാദുള്ള ചക്കകളോടുകൂടിയ പിടിപ്പതു ചക്കകൾ കായ്ക്കുന്ന പ്ലാവുകളെപ്പറ്റിയും മാധുര്യം തുളുമ്പുന്ന തേങ്ങാക്കുലകൾ വഹിച്ചുകൊണ്ട് ആകാശത്തോളം ഉയർന്നുനിൽക്കുന്ന രാജോചിതമായ തെങ്ങുകളെപ്പറ്റിയും[7] സംഘം കൃതികളിൽ പ്രതിപാദിക്കുന്നുണ്ട്. അവൽ മുഖ്യമായ ഒരു ഭക്ഷണ സാമഗ്രിയായിരുന്നു. 'വളകളണിഞ്ഞ യുവതികൾ അവൽ ഇടിച്ച ഉലക്കകൾ വാഴയിൽ ചാരിവച്ചിട്ട് വള്ളച്ചെടി കളിൽ നിന്ന് പൂക്കൾ ഇറുത്തെടുക്കും. അനന്തരം കുതിരകളുടെ കനം താങ്ങാൻ കഴിയാതെ പാഞ്ഞ് നെല്ലു വിളഞ്ഞുകിടക്കുന്ന കണ്ടങ്ങളുടെ വരമ്പുകളിൽ നിരന്നിരുന്ന് ധാന്യം തിന്ന് നശിപ്പിക്കുന്ന നീണ്ടകാലുക ളുള്ള ഞാറപക്ഷികളെ അവർ ആട്ടിപ്പായിക്കും.'[8] ധാന്യങ്ങളും കായ്ക നികളും ചക്ക, തേങ്ങ മുതലായവയും മാത്രമല്ല മത്സ്യം, മാംസം, കള്ള് മുതലായവയും ധാരാളം ഉപയോഗിക്കപ്പെട്ടിരുന്നു. ചേരരാജാവിന്റെ അന്ന ദാനപ്രഭുത്വത്തെ വാഴ്ത്തുന്ന ഒരു പാട്ടിൽ ഇങ്ങനെ പറയുന്നു.

'കള്ള് ആവോളം കുടിപ്പിൻ! അരി വെക്കുവിൻ! നല്ല ദശയുള്ള മാംസം അറുക്കുവിൻ! പുഴുക്കു അടുപ്പിലേറ്റുവിൻ! വരുന്നോർക്കെല്ലാം തടവില്ലാതെ കൊടുപ്പാൻ, ചുരുണ്ടിരുണ്ട തഴച്ച കൂന്തലുകൾ അഞ്ചായി പകത്തുവെച്ചവരും മുല്ലപ്പൂമൊട്ടിനൊത്ത ദന്തങ്ങളുള്ളവരുമായ ചാരുനി തംബിനിമാർ തങ്ങളുടെ ആഭരണങ്ങൾ കിലുങ്ങുമാറ് പാചകജോലിയിൽ ഏർപ്പെടട്ടെ! ചോറിനുപുറമേ കൊടുക്കത്തക്കതായി എന്തെല്ലാമുണ്ടോ അതെല്ലാം വിളമ്പിക്കൊടുക്കുവിൻ! ഇങ്ങനെ എത്രതന്നെ വിളമ്പിക്കൊ ടുത്താലും പിന്നേയും കൊടുക്കുന്ന കാര്യത്തിൽ ഒരു മുട്ടും വരില്ല. എന്തെന്നാൽ ലോകരക്ഷാഭാരം ഏറ്റിരിക്കുന്ന മേഘം, മന്നിന്റെ ഉയിരറ്റു പോകത്തക്കവണ്ണം തുടരെ പല ആണ്ടുകൾ മഴ പെയ്യാതിരുന്നാലും ചേര ലാതന്റെ ദാനവ്രതം വ്യർത്ഥമാകുന്നതല്ല.'[9] മറ്റൊരു പാട്ടിൽ 'ചെറുതായി

5. പതിറ്റുപ്പത്ത് -3
6. പതിറ്റുപ്പത്ത് - 25
7. പുറം - 17
8. പതിറ്റു, 3, 9

നുറുക്കിയ ഇറച്ചിക്കൊത്തുകൾ വേറിട്ടുകാണാത്തവിധം പാകം ചെയ്ത തുവയലും അമര, തുമര മുതലായ പയറുകളും നിണവും മാംസവും ചേർത്തു വേവിച്ച വെൺചോറും ഭുജിച്ച്' പോരാളി വീരൻമാർ സംതൃപ്തിയോടെ വാണു എന്നു പറയുന്നു. 'മാംസവണിക്കുകൾ മരക്കുറ്റിയിൽ വച്ചു കൊത്തിയരിഞ്ഞ ഇറച്ചി അതിഥികൾക്കു തൃപ്തിയാവോളം നൽകി ഉപചരിക്കുന്നതിനായി പാചകശാലയിൽ താളിച്ചു പാകംചെയ്യുമ്പോൾ ഉയരുന്ന നെയ്മണം.'[10] ചേരനാഥന്റെ നഗരിയിലെങ്ങും വ്യാപിച്ചിരുന്നത്രേ. 'വലിയ മിടാവിൽ അരിയും കൊത്തിയരിഞ്ഞതും രക്തവർണ്ണം കലർന്നതുമായ ഇറച്ചിയും ഇട്ടു പാകം ചെയ്ത ചോറ്'[11] പണക്കാരുടെ ഒരു പ്രധാന ഭക്ഷണമായിരുന്നു. മൽസ്യമാംസങ്ങളും കള്ളും അരചർ, അന്തണർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും ഇഷ്ടമായിരുന്നു. ഫ്യൂഡലിസത്തിൽ ബ്രാഹ്മണമേധാവിത്വം അടിയുറച്ചശേഷം മാത്രമാണ് ചില പ്രത്യേക ജാതിക്കാർ അവയെ വർജ്ജിക്കണമെന്ന വ്യവസ്ഥയുണ്ടായത്.

## വസ്ത്രങ്ങളും ആഭരണങ്ങളും

കൃഷിയായിരുന്നു ജനങ്ങളുടെ ഏറ്റവും പ്രധാനമായ ജീവിതവൃത്തി. പക്ഷേ, നായാട്ട്, മീൻപിടുത്തം എന്നിവയിലും ധാരാളം ജനങ്ങൾ ഏർപ്പെട്ടിരുന്നു. നൂൽനൂൽപ്പ്, നെയ്ത്ത് തുടങ്ങിയ പലതരത്തിലുള്ള കുടിൽവ്യവസായങ്ങളുമുണ്ടായിരുന്നു. സ്ത്രീകളാണ് നൂൽ നൂറ്റിരുന്നത്. കൂറ, നല്ലാട, പട്ടാട എന്നിങ്ങനെ മൂന്നുതരം വസ്ത്രങ്ങളുണ്ടായിരുന്നതായി കാണുന്നു. കൂറ സാധാരണക്കാരുടെ വിലകുറഞ്ഞ തുണിയാണ്. സാമാന്യം ഭേദപ്പെട്ടവർ നല്ലാടയാണുപയോഗിച്ചിരുന്നത്. പണക്കാർക്കിടയിൽ പട്ടുതുണികളും പ്രചാരത്തിലുണ്ടായിരുന്നു.[12] നനുഞ്ഞുമിനുത്ത പരുന്തിൻ ചിറകുപോലുള്ള പട്ടുവസ്ത്രങ്ങളെപ്പറ്റി പതിറ്റുപത്തു പരാമർശിക്കുന്നുണ്ട്. എന്നാൽ ഷർട്ടും കോട്ടും കുപ്പായവുമൊന്നുമുണ്ടായിരുന്നില്ല. സ്ത്രീകൾ മാറുമറച്ചിരുന്നില്ല. വിദേശങ്ങളിൽ നിന്നുവന്ന യവനൻമാരും മറ്റും കുപ്പായം അല്ലെങ്കിൽ ചട്ടയിട്ടിരുന്നു. 'മേയ്പ്പൈ' എന്നാണതിന് പറഞ്ഞിരുന്നത്. തോൽകൊണ്ടുള്ള ചെരുപ്പുകളെപ്പറ്റി പ്രസ്താവനകളുണ്ട്. പലതരം തോൽപ്പണികളുണ്ടായിരുന്നു. സ്ത്രീകൾക്ക് ആഭരണങ്ങളിൽ നല്ല ഭ്രമമുണ്ടായിരുന്നു. 'ആഭരണങ്ങളണിഞ്ഞവർ, തഴ

---

9. പതിറ്റുപ്പത്ത് 2,8 നാരായണപ്പണിക്കരുടെ തർജ്ജമ

10. ടി. 3, 1

11. പതിറ്റുപ്പത്ത്, 3,4 നാരായണപ്പണിക്കരുടെ തർജ്ജിമ

12. പതിറ്റുപ്പത്ത് 12

കൾ ധരിച്ചവർ, നറുമണം വീശുന്ന പൂമാല ചൂടിയവർ എന്നിങ്ങനെ പല തരത്തിലുള്ള പാണയുവതികൾ കൈകളിൽ തിളങ്ങുന്ന വളകളും മാറിൽ ഒളിതിരളുന്ന മുത്തുമാലകളുമണിഞ്ഞ് വണ്ടുകൾ മുരണ്ടണയുന്ന കൂന്തലുകളെ ഉച്ചിയിൽ കൊണ്ടയായി കെട്ടിവച്ചുകൊണ്ട് ഞരമ്പുകൾ ശ്രുതിക്കിണങ്ങുംവിധം മുറുക്കിക്കെട്ടിയിട്ടുള്ള 'പേരിയാഴിൻ ശത്രുക്കൾക്ക് പണിയാത്ത രാജാവിന്റെ സ്വഭാവത്തെക്കുറിക്കുന്ന 'ഉഴിഞ്ഞത്തിണ' പല രാഗത്തിൽ കീർത്തിച്ചു പാടും.'[13] താലി, മാല, മുത്താരം, ചുട്ടി, വള, കുഴൽ തുടങ്ങിയ ആഭരണങ്ങളെപ്പറ്റി സംഘംകൃതികളിൽ പരാമർശമുണ്ട്. സ്ത്രീകൾ മാത്രമല്ല പുരുഷൻമാരും സ്വർണ്ണാഭരണങ്ങളണിഞ്ഞിരുന്നുവെന്ന് തോന്നുന്നു. കൈയിൽ വീരവളയും മാറിൽ പൊൻമാലയും ധരിച്ച് പോർക്കളത്തിലേക്കു പോകുന്ന ചേരലാതൻ ഒരു പാട്ടിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു.[14] പാട്ടും കൂത്തും ഉത്സവവുമായിരുന്നു മുഖ്യമായ വിനോദങ്ങൾ. ശ്രുതിക്കിണങ്ങുംവിധം ഇനിയനാദം പുറപ്പെടുമാറ്, ഞരമ്പുകൾ വലിച്ചുമുറുക്കിക്കെട്ടിയ വളഞ്ഞ 'യാഴു'കളെ വഹിച്ചുകൊണ്ട് പാണബാലർ പുറപ്പെടും. പാട്ടിനുചേർന്ന നാദത്തോടു കൂടിയ മഴുവും തുമ്പിക്കൈയുടെ വടിവിൽ മുകളിലത്തെ കണ്ണികൾ ഇടവിട്ടറുത്തിയറ്റിയ വെരുവങ്കിയവും മറ്റു വാദ്യോപകരണങ്ങളും ചേർത്ത് ഒരു വശത്തും. 'പാടൽത്തുറ'ക്കുവേണ്ടിയ എല്ലരി, ആകുളി, തട, കുഴൽ തുടങ്ങിയ നാട്യോപകരണങ്ങൾ അടങ്ങിയ സഞ്ചി മറുവശത്തും കെട്ടിത്തൂക്കിയിട്ടുള്ള കാവടിതണ്ട് ചുമലിൽ ഏന്തി കൂത്തർ നടക്കും.'[15] 'യാഴ്' എന്ന പേരിലറിയപ്പെടുന്ന ഒരു തരം വീണയായിരുന്നു അക്കാലത്തെ ഏറ്റവും മുഖ്യമായ വാദ്യോപകരണം. 'ഇടവിടാതെ ആഘോഷിക്കാറുള്ള ഉത്സവങ്ങളുടെ ചടങ്ങുകളിൽ പങ്കുകൊണ്ട് 'യാഴോ'ടുകൂടിയ കൂത്തർ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന വീഥികൾ തോറും തങ്ങിനിന്ന് തന്തികൾ മീട്ടി അതിന്റെ ഈണത്തിനൊപ്പിച്ച് പാട്ടുകൾ പാടും.'[16] ഉത്സവകാലത്ത് ധാരാളം കൊള്ളക്കൊടുക്കകൾ നടന്നിരുന്നു. നഗരത്തെരുവുകളിൽ പല തരം സാമഗ്രികളും വിൽപ്പനയ്ക്ക് വെച്ചിരിക്കും. 'നാട്ടിനുള്ളിലുള്ള പല പഴയ സ്ഥലങ്ങളും ഇടവിടാതെ നടക്കുന്ന ഉത്സവാഘോഷങ്ങളിലെ മുരശു തുടങ്ങിയ വാദ്യവിശേഷങ്ങളുടെ മുഴക്കത്താലും കൊടിതഴകളുടെ തണലിനാലും ആകർഷണങ്ങളാണ്. വിലയേറിയ വിവിധ സാമാനങ്ങൾ നിറഞ്ഞ ആപണവീഥികളാൽ മനോഹരങ്ങളാണ് മിക്ക നഗര

13. പതിറ്റുപ്പത്ത് 5, 6
14. പതിറ്റുപ്പത്ത് 4, 10
15. പതിറ്റുപ്പത്ത് 5, 6
16. പതിറ്റുപ്പത്ത് 3, 9

ങ്ങളും.'[17] ഉൾനാടുകളിലെ ജനങ്ങൾ താന്താങ്ങളുടെ ചരക്കുകളുമായി കാളവണ്ടികളിൽ കയറിവരും. കാളവണ്ടിയായിരുന്നു അക്കാലത്തെ മുഖ്യവാഹനം. 'നിലങ്ങളിലെ ചേറ്റിൽ ചക്രങ്ങൾ പുതഞ്ഞു ഇളകാതെ നിന്നുപോയ വണ്ടികളെ മുന്നോട്ടുകൊണ്ടുപോകാൻ യത്നിക്കുന്നവർ ശബ്ദകോലാഹലത്തോടെ കാളകളെ അടിച്ചുവിരട്ടും.'[18]

## യുദ്ധമുറകൾ

എന്നാൽ, പാട്ടുംകൂത്തും ഉത്സവങ്ങളും മാത്രമല്ല യുദ്ധങ്ങളും ഇട യ്ക്കിടയ്ക്ക് ഉണ്ടായിക്കൊണ്ടിരുന്നു. ഉത്സവങ്ങൾ പോലെതന്നെ ആഹ്ലാ ദജനകമായിരുന്നു യുദ്ധങ്ങളും. വീരൻമാരായ പടയാളികൾ അത്യധികം ആദരിക്കപ്പെട്ടിരുന്നു. പിന്നിൽ നിന്ന് മുറിവേൽക്കുക എന്നത് ഏറ്റവും അപമാനകരമായിട്ടാണ് കരുതപ്പെട്ടിരുന്നത്. വെണ്ണി എന്ന സ്ഥലത്തു വച്ച് കരികാലനുമായുണ്ടായ യുദ്ധത്തിൽ മുതുകിൽ മുറിവേറ്റ ചേരലാ തൻ ആത്മഹത്യചെയ്യുകയാണുണ്ടായത്.[19] വില്ല്, അമ്പ്, വാൾ, പരിച, വേൽ, കൈക്കോടാലി മുതലായവയായിരുന്നു പ്രധാനപ്പെട്ട ആയുധങ്ങൾ. പരിചയും വാളുറയും തേൽക്കൊണ്ടും മറ്റുള്ളവ ഇരുമ്പുകൊണ്ടുമാണ് നിർമ്മിക്കപ്പെട്ടിരുന്നത്. ആന, കുതിര മുതലായ മൃഗങ്ങളും യുദ്ധത്തിൽ ഉപയോഗിക്കപ്പെട്ടിരുന്നു. 'തീപ്പൊരി പാറുന്ന തൂണീരത്തിൽ പുറ്റിൽ സർപ്പം എന്ന പോലെ വിളങ്ങുന്ന കൂരമ്പും വളഞ്ഞ വില്ലും ഒടുങ്ങാത്ത മനോവീര്യവും ശത്രുക്കളുടെ കൊമ്പനാനകളുടെ പുറത്തു തറച്ച് മുന യൊടിഞ്ഞ വേലും ധരിച്ച് വിസ്താരമേറിയ പോർക്കളത്തിൽ ഉറച്ചുനിന്ന് മനോവീര്യത്തോടെ പോരാടിയ' പടവീരൻമാർ പതിറ്റുപ്പത്തിലെ ഒരു പാട്ടിൽ വാഴ്ത്തപ്പെട്ടിരിക്കുന്നു.[20] "പോർമദത്താൽ പുലിത്തോലുറയിൽ നിന്ന് ഊരിപ്പുറത്തെടുത്ത വാളുകൾ തേച്ചു മൂർച്ച വരുത്തുന്ന' മറവ രെയും പതിറ്റുപ്പത്തിൽ പ്രതിപാദിക്കുന്നുണ്ട്.[21] പുറനാനൂറ്, പതിറ്റുപ്പത്ത്, ചിലപ്പതികാരം, അകനാനൂറ്, നറ്റിണൈ തുടങ്ങിയ കൃതികളിൽ പല ചേരരാജാക്കൻമാരുടെയും വീരപരാക്രമങ്ങൾ വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ഉദാ ഹരണത്തിന് ചേരൻ ചെങ്കുട്ടുവന്റെ മഹിമയെപ്പറ്റിയുള്ള ഒരു പാട്ടിന്റെ തർജ്ജമ താഴെച്ചേർക്കുന്നു.

---

17. പതിറ്റുപ്പത്ത് 2, 5
18. പതിറ്റുപ്പത്ത് 3, 7
19. പുറം 65, 66
20. പതിറ്റുപത്ത് 5, 5
21. ടി 2, 9

'ആനപ്പടയിലെ ആനകൾ നിരന്ന് മുന്നോട്ട് നടന്നുകൊണ്ടും, വിരളിപിടിച്ച കുതിരകൾ തങ്ങളെ നയിക്കുന്ന ഭടൻമാർക്ക് അടങ്ങി അവരുടെ പ്രേരണയനുസരിച്ച് അണിമുറിയാതെ ഗമിച്ചുകൊണ്ടും ശോഭയേറിയ കൊടികൾ പാറിക്കളിച്ചുകൊണ്ടിരിക്കുന്ന തേരുകൾ ഇരുവശങ്ങളിലേക്കും അലഞ്ഞും ഉലഞ്ഞും നേരെ ചെല്ലാതെ ചുറ്റും ചൂഴ്ന്നുകൊണ്ടും അസംഖ്യം വീരരൊത്ത് തന്റെ ചതുരംഗസൈന്യം നീങ്ങിക്കൊണ്ടിരിക്കവെ വേൽപടകളോടും ശത്രുക്കളുടെ മുന്നണിസൈന്യത്തിന്റെ രക്ഷയ്ക്കായി ഗമിക്കുന്ന പാർശ്വസേനാ നിരകളെ ആക്രമിച്ചുവരുന്ന സൂചിപ്പടയോടു കൂടിയ പരാക്രമികളായ രാജാക്കൻമാരും ചിറ്ററചൻമാരും യോജിച്ച് സഹായത്തിനെത്തിച്ചേരുകയാൽ ശക്തിവർദ്ധിച്ച് മദോൻമത്തരായ 'മോകൂർ' മന്നവനായ 'പഴയൻ' ജയഭേരി മുഴക്കിക്കൊണ്ട് പോരിനടുത്തപ്പോൾ അവന്റെയും സഹായികളുടേയും സേനകൾ ഭയന്നു കുലയുംവിധം അവരോടേറ്റുമുട്ടിയതു നിമിത്തം കൂരമ്പുകൾ തറച്ച ശത്രുഭടൻമാർ രക്തംപുരണ്ട കൈകൾ കൊണ്ടും അവ വലിച്ചൂരവെ ഒഴുകിയ രുധിരപൂരം മഴക്കാലത്ത് ചെന്നിറം പൂണ്ട വെള്ളം പോലെ നിലകളിൽ പായുകയും ചത്തു വീഴുന്ന പിണങ്ങൾ കുളങ്ങളിൽ കുന്നുപോലെ കുമിയുകയും ചെയ്യത്തക്കവണ്ണം പോരാടി പലനാശങ്ങളും അളവില്ലാതെ ചെയ്ത് പോർമുരശു മുഴക്കിയും, പഴയന്റെ ഐശ്വര്യത്തിനറുതി വരുത്തിയും സുഖസമൃദ്ധിയിൽ വാണിരുന്ന അവന്റെ ആളുകളിൽ പലരേയും കൊന്നൊടുക്കിയും നീലനിറംകലർന്ന് ഇലകൾ തിങ്ങിയ ശാഖകളോടെ നിന്നിരുന്ന അവന്റെ കാവൽമരമായ വേപ്പിനെ വെട്ടിവീഴ്ത്തിയും പരാക്രമപ്രൗഢിയോടെ വരുന്ന ചേരൻ ചെങ്കുട്ടുവനെ നേരിൽക്കണ്ട് വാഴ്ത്തപ്പെടാം. വിറലികളെ, ഞങ്ങൾ പോകുന്നു. നിങ്ങളും വരുവിൻ. ആടുന്നതിലും പാടുന്നതിലും പാടവമേറിയ നിങ്ങളുടെ കൂട്ടർ ഉടുക്കാൻ വസ്ത്രങ്ങളും അണിയാൻ ആഭരണങ്ങളും സമ്മാനം വാങ്ങി വയറുനിറയെ ഉണ്ണുമാറാകട്ടെ.[22]

കരയിൽവച്ചു മാത്രമല്ല, കടലിൽവെച്ചും യുദ്ധങ്ങൾ നടന്നിരുന്നു. 'ചേരലാതൻ കടൽവഴി പോയി കടമ്പരെവെന്ന് അവരുടെ കാവൽമരമായ കടമ്പ് മുറിച്ചു'വെന്ന് പാരപ്പാട്ടിൽ പറയുന്നു. യുദ്ധം, കച്ചവടം എന്നീ ആവശ്യങ്ങൾക്ക് ചേര നാട്ടുകാർ നാടൻകപ്പലുകൾ ഉപയോഗിച്ചിരുന്നുവെന്നതിന് സംഘം കൃതികളിൽ ധാരാളം തെളിവുകളുണ്ട്. യുദ്ധത്തിന് പുറപ്പെടുന്നതിന് മുമ്പ് കൊറവൈ എന്ന ദേവതയ്ക്ക് കള്ളും മാംസവും നിവേദിക്കും. പെരുമ്പറയടിച്ച് ശബ്ദമുണ്ടാക്കിക്കൊണ്ടാണ് യുദ്ധമാരംഭിക്കുക. ശത്രുക്കളുടെ കന്നുകാലികളെ പിടിച്ചുകൊണ്ടുവരി

22. പതിറ്റുപ്പത്ത്: 5,9. വൈദ്യനാഥയ്യരുടെ തർജ്ജമ.

കയെന്നതാണ് യുദ്ധത്തിലെ ആദ്യത്തെ ചടങ്ങ്. മറ്റൊരു മുഖ്യമായ ചടങ്ങ് ശത്രുവിന്റെ കാവൽമരത്തെ വെട്ടിമുറിക്കുക എന്നതാണ്. പ്രാചീന ഗോത്രസമുദായത്തിലെ കുലചിഹ്ന ഭക്തി (Totemism)യുടെ ഒരവശിഷ്ട മായിരിക്കാം ഇത്. ഓരോ ഗോത്രത്തിനും പ്രത്യേകമായ ഓരോ കാവൽമ രമുണ്ടായിരുന്നു. ഏറ്റവും ആരാദ്ധ്യവും ഏറ്റവും പ്രിയപ്പെട്ടതുമായ ആ മരത്തെ കേടുകൂടാതെ കാത്തുസൂക്ഷിക്കേണ്ടത് ഗോത്രത്തിലെ എല്ലാ അംഗങ്ങളുടെയും കടമയായിരുന്നു. അതുകൊണ്ട് തന്നെ ശത്രുക്കളുടെ കാവൽമരങ്ങളെ നശിപ്പിക്കുകയെന്നതും ഒഴിച്ചുകൂടാത്ത ഒരു കടമയാ യിത്തീർന്നു. 'പകവീരൻമാരെ പോരിൽ വെട്ടിവീഴ്ത്തി അവരുടെ ആക്ര മണത്തെ തകർത്തുകൊണ്ട് മുന്നോട്ട്കടന്ന് ദുർമോഹികളായ രാജാ ക്കൻമാരും അവരുടെ മന്ത്രിമാരും ഭയന്നുവിറപൂണ്ടു നിൽക്കവേ അവ രുടെ കാവൽമരമായ കടമ്പിനെ ചുവടോടെ വെട്ടിമുറിച്ചിച്ച ചേരനാഥനെ' ഒരു പാട്ടിൽ വാഴ്ത്തിയിരിക്കുന്നു.[23] 'മോകൂർ ആക്രമിച്ച് പഴയന്റെ കാവൽമരമായ വേപ്പ് വെട്ടിവീഴ്ത്തി മുരശുതീർക്കത്തക്ക പാകത്തിൽ ചെറിയ തുണ്ടുകളാക്കി വണ്ടികളിൽ കയറ്റി അവന്റെ ആനകളെത്തന്നെ കാളകളുടെ സ്ഥാനത്ത് അവയിൽ പൂട്ടിയ ധീരനായ കുട്ടു'വനെ മറ്റൊരു പാട്ടിൽ സ്തുതിച്ചിരിക്കുന്നു.[24]

ചേരലാതൻ 'വാകൈ പെരുന്തുറ' എന്ന സ്ഥലത്തുവെച്ച് നടന്ന യുദ്ധത്തിൽ പൂഴിനാട്ടധിപനായ 'നന്നൻ' എന്ന ചിറ്ററചനെ പരാജയപ്പെ ടുത്തുകയുണ്ടായി. നന്നന്റെ കാവൽമരം വാകയായിരുന്നു. 'പൊൻമാല യണിഞ്ഞു' പൊൻതേരിൽ വിളങ്ങുന്ന 'നന്നൻ' എന്ന പകമന്നന്റെ കാവൽമരമായ പൊൽപൂവാകയെ ചുവടോടെ വെട്ടിമുറിച്ചിട്ട നാമുർടി മുടിച്ചേരലാതന്റെ വീരപരാക്രമങ്ങൾ വർണ്ണിച്ചാൽ അവസാനിക്കുന്നതല്ല.' എന്നു മറ്റൊരു പാട്ടിൽ പറയുന്നു.[25]

യുദ്ധത്തിൽ വിജയം നേടിയ ഉടനെ പടവീരൻമാർ കള്ളുകുടിച്ചു മദിക്കും. അതുകൊണ്ട് രാജാവ് ഉത്സാഹഭരിതനായിത്തീരും. ശത്രുക്ക ളിൽനിന്ന് കൊള്ളയടിച്ചുകിട്ടിയ സ്വത്തുക്കളുടെ ഒരു ഭാഗം പട്ടാള ക്കാർക്കും നാട്ടുകാർക്കും സമ്മാനമായി വീതിച്ചുകൊടുക്കും. ജനങ്ങൾ കൂട്ടംകൂട്ടമായി ജയഭേരി മുഴക്കും.

രാജാക്കൻമാർക്ക് ചുറ്റുപാടും കിടങ്ങുകളോടുകൂടിയ കോട്ടകളുണ്ടാ യിരുന്നു. വിരോധികളെ അകറ്റിനിർത്താൻ വേണ്ടി 'സദാ തിരതല്ലിക്കൊ ണ്ടിരുന്ന ആഴമേറിയ കിടങ്ങുകൾ അരഞ്ഞാണായിട്ടുള്ള മലക്കൊത്ത

23. പതിറ്റുപ്പത്ത് 2, 2

24. ടി. 5, 4

25. പതിറ്റുപ്പത്ത് 4, 10

മതിലുകൾ നിർമ്മിച്ച' രാജാക്കൻമാരെപ്പറ്റി പതിറ്റുപ്പത്ത് വർണ്ണിക്കുന്നുണ്ട്.[26] 'കാവൽക്കാടും അഗാധമായ കിടങ്ങും നെടിയ മതിലും, നിലപെറ്റ ഞായിലും ബാണക്കെട്ടും കാവലും കൊണ്ട് ആർക്കും കടക്കാവതല്ലാത്ത അകമതിലും ഉള്ള അന്തർനഗരം സ്വാധീനപ്പെടുത്തി.' ശത്രുസൈന്യങ്ങളെ തോൽപ്പിച്ച നെടുഞ്ചേരലാതൻ മറ്റൊരു പാട്ടിൽ വാഴ്ത്തപ്പെടുന്നു.[27]

## ഭരണരീതി

രാജാവിന് വിപുലമായ അധികാരങ്ങളുണ്ടായിരുന്നു. എങ്കിലും അയാൾ തനി സ്വേച്ഛാധിപതിയായിരുന്നുവെന്ന് പറഞ്ഞുകൂടാ. രാജവാഴ്ചയോടൊപ്പം തന്നെ പഴയ ഗോത്രഭരണത്തിന്റെ ചില അവശിഷ്ടങ്ങളും നിലനിന്നിരുന്നു. തലവന്റെ കീഴിൽ പ്രായപൂർത്തിയെത്തിയ എല്ലാ സ്ത്രീപുരുഷൻമാരും സമത്വത്തിന്റെ അടിസ്ഥാനത്തിൽ ഒന്നിച്ചുകൂടി കാര്യങ്ങൾ തീരുമാനിക്കുക എന്ന ഗോത്ര ഭരണവ്യവസ്ഥയ്ക്ക് ഉടവുതട്ടി എന്നത് ശരിയാണ്. എങ്കിലും സമുദായത്തിലെ പ്രമാണികളുമായി കൂടിയാലോചിക്കാതെ ഭരണം നടത്താൻ രാജാവിന് സാധ്യമായിരുന്നില്ല. 'മൻറം' അല്ലെങ്കിൽ 'പൊതിയിൽ' എന്നപേരിലറിയപ്പെടുന്ന നീതിന്യായ സഭയായിരുന്നു സാമൂഹ്യജീവിതത്തിന്റെ കേന്ദ്രം. പ്രധാനപ്പെട്ട വല്ല കാര്യങ്ങളും ആലോചിക്കേണ്ടിവരികയോ തർക്കങ്ങൾ തീർക്കേണ്ടിവരികയോ ചെയ്യുമ്പോഴെല്ലാം ജനപ്രതിനിധികൾ രാജാവിന്റെ നേതൃത്വത്തിൽ ഒരു മരത്തിന്റെ ചുവട്ടിൽ പലപ്പോഴും ആൽമരത്തിന്റെ ചുവട്ടിൽ സഭ നടത്തും. ഈ സഭ രാജാവിൽ കുറെയൊക്കെ സ്വാധീനം ചെലുത്തിയിരുന്നെങ്കിലും ആധുനിക രീതിയിലുള്ള ഒരു ജനാധിപത്യ സ്ഥാപനമെന്നോ ജനപ്രാതിനിധ്യമുള്ള സഭയെന്നോ ഇതിനെ വിളിച്ചുകൂടാ എന്ന് കെ.കെ.പിള്ള പറയുന്നു.[28] എന്നാൽ, നീലകണ്ഠശാസ്ത്രിയുടെ അഭിപ്രായത്തിൽ, രാജധാനിയിലെ മൻറം അല്ലെങ്കിൽ സഭ ഏറ്റവും ഉയർന്ന നീതിന്യായ സഭയായിരുന്നു.[29] മലയമാന്റെ മക്കൾ വിചാരണ ചെയ്തു ശിക്ഷിക്കപ്പെട്ടത് മൻറത്തിൽ വച്ചാണ്. പ്രധാനപ്പെട്ട ഭരണകാര്യങ്ങളിൽ രാജാവ് മൻറത്തിന്റെ സഹായം തേടിയിരുന്നു. എല്ലാ ഭരണകാര്യങ്ങളിലും അഭിപ്രായം പറയാനും തീരുമാനമെടുക്കാനും അധികാരമുള്ള ഒരു ജനപ്രതിനിധി സഭയായിട്ടാണ് മൻറത്തെ തിരുക്കുറൾ വിവ

26. ടി. 7,2

27. ടി. 2, 10

28. കെ.കെ.പിള്ള: ദക്ഷിണ ഇന്ത്യാചരിത്രം. പേ. 84

29. K.A.Nilakata Sastri A History of South India, P. 127,

രിക്കുന്നത്. ഗ്രാമത്തിലെ മൻറം ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ വഹിച്ചിരുന്ന പങ്ക് ചെറുതായിരുന്നില്ല. ഓരോ ഗ്രാമത്തിലും ഓരോ മൻറമുണ്ടായിരുന്നു. ഗ്രാമത്തിന്റെ പൊതുകാര്യങ്ങൾ ചർച്ചചെയ്തു തീരുമാനിക്കാനുള്ള ഒരു രംഗമായിരുന്നു അത്. ഈ ഗ്രാമീണ സഭകളിൽ നിന്നാണ് പിൽക്കാല ചോഴൻമാരുടെ കാലത്ത് അതിശയകരമാം വിധം പ്രവർത്തിച്ചുപോന്ന ഗ്രാമസമുദായ ഭരണം വളർന്നുവന്നത് എന്ന് നീലകണ്ഠശാസ്ത്രി അനുമാനിക്കുന്നു.[30]

ചിലപ്പതികാരത്തിന്റെ കാലമായപ്പോഴേയ്ക്കും ഭരണവ്യവസ്ഥ കൂടുതൽ സങ്കീർണ്ണമായിത്തീർന്നു. ധനികവർഗ്ഗത്തിൽപ്പെട്ട ഉപദേഷ്ടാക്കളുടേയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥൻമാരുടെയും പ്രാധാന്യം വർദ്ധിച്ചു. അവരുമായി കൂടിയാലോചിച്ചുകൊണ്ടാണ് രാജാവ് ഭരണം നടത്തിയിരുന്നത്. 'ഐംപെരും കുഴു', 'എൺപേരായം' എന്നീ രണ്ട് കൂടിയാലോചനസഭകളെപ്പറ്റി ചിലപ്പതികാരത്തിൽ പ്രതിപാദിക്കുന്നുണ്ട്.[31] പ്രധാനമന്ത്രി, പുരോഹിതൻ, സേനാപതി, ചാരപ്രധാനി, കാവിടി അല്ലെങ്കിൽ മുതലെടുപ്പുദ്യോഗസ്ഥൻ എന്നിവരായിരുന്നു ഐംപെരുംകുഴുവിലെ അംഗങ്ങൾ. എൺപേരയത്തിൽ നിർവാഹത്തലവൻ, ഖജാന സൂക്ഷിപ്പുകാർ, കണക്കപ്പിള്ളമാർ, കാവൽസൈന്യത്തലവൻമാർ, സേനാനായകർ, ആനപ്പടയുടെയും കുതിരപ്പടയുടെയും നായകൻമാർ, നഗരപ്രധാനികൾ എന്നിവരുൾപ്പെട്ടിരുന്നു. ഭരണകാര്യങ്ങളിൽ ഉപദേശങ്ങളും കൂടിയാലോചനകളും വഴിയായി രാജാവിനെ സഹായിക്കാനും രാജാവിന്റെ സ്വേച്ഛാധിപത്യവാസനകളെ ഒട്ടൊക്കെ തടഞ്ഞുനിർത്താനും ഈ സഭകൾ പ്രയോജനപ്പെട്ടിട്ടുണ്ടാവണം.

## നാഗരിക ജീവിതം

ആദ്യകാലത്ത് പട്ടണങ്ങൾ കുറവായിരുന്നു. കൂടുതൽ പഴക്കം ചെന്ന സംഘംകൃതികൾ ഗ്രാമീണ ജീവിതത്തിന്റെ ലാളിത്യവും പാരമ്പര്യവുമാണ് കൂടുതൽ പ്രതിഫലിപ്പിച്ചിട്ടുള്ളത്. പക്ഷേ, ചിലപ്പതികാരത്തിന്റെ കാലമായപ്പോഴേക്കും നാഗരികജീവിതത്തിന്റെ പ്രാധാന്യം വളരെ വർദ്ധിച്ചുകഴിഞ്ഞിരുന്നു. അക്കാലത്തെ നാഗരികജീവിതത്തിന്റെ സങ്കീർണ്ണത മനസ്സിലാക്കാൻ പുകാർ നഗരത്തിന്റെ ഈ ചെറുവിവരണം വായിച്ചു നോക്കിയാൽ മതി:

'നഗരത്തിന്റെ മുന്നണികളിലായി കാണികളുടെ കണ്ണുകളെ വിഷയാന്തരവ്യാപാരത്തിൽ നിന്നു വിലക്കി തങ്ങളിൽത്തന്നെ സമാസക്തങ്ങളാ

30. Ib.d. P.127.

31. ചിലപ്പതികാരം, ഇന്തിര വിഴവ്, 157

ക്കിത്തീർക്കുന്ന വിചിത്രങ്ങളായ അനേകം യവനമന്ദിരങ്ങളും കപ്പൽവ്യാപാരത്താൽ കുബേരൻമാരായി സ്വദേശം വിട്ടുവന്ന് കടൽക്കരയിൽ വാസമുറപ്പിച്ച് സ്വദേശികളെപ്പോലെ വാഴുന്ന പലതരം പാരദേശികൻമാരുടെ വസതികളും ഹൃദയംഗമങ്ങളായിരുന്നു; ചാന്തും മുതലായ കറിക്കൂട്ടുകളും സുഗന്ധപൂർണ്ണങ്ങളും കുളുർത്തു പരിമളമിളിതങ്ങളായ ചന്ദനക്കൂട്ടുകളും പൂക്കളും മാലകളും പുഷ്പഗ്രന്ഥികളും ധൂപദ്രവ്യങ്ങളും അവയ്ക്കുള്ള കൂട്ടുകളും വിൽക്കുന്നതിനായി വ്യാപാരികൾ നഗരവീഥികളിൽ ചുറ്റിനടന്നുകൊണ്ടിരുന്നു; പട്ട്, പരുത്തി, എലിരോമം ഇവയിൽ നിന്നും നൂറ്റനൂലുകളാൽ എത്രയും നേരിയ തുണിച്ചരക്കുകൾ നെയ്യുന്നവരും നെയ്ത്തിനുവേണ്ടുന്ന മറ്റുപകരണങ്ങൾ നിർമ്മിക്കുന്നവരുമായ പട്ടുച്ചെട്ടികളുടെ തെരുവിൽ അധികമുണ്ടായിരുന്നു; ചന്ദനവും അകിലും പട്ടുകളും,, നൽപവിഴം, നൽമുത്ത് മുതലായ രത്നങ്ങളും ചേർത്തുള്ള സുവർണാഭരണങ്ങളും സുവർണവും ലക്ഷക്കണക്കിലും ഗണിപ്പാൻ അസാധ്യമാംവണ്ണം സംഭരിക്കപ്പെട്ട സമൃദ്ധിയുള്ള വ്യാപാരശാലകളുടെ വീഥി വിശാലമായിരുന്നു; എട്ടു, പതിനാറ്, പതിനെട്ട് എന്നു മതഭേദത്തോടെ വ്യവഹരിച്ചുവരുന്ന കുലസംജ്ഞകങ്ങളായ ധാന്യങ്ങൾ വിൽക്കുന്ന പുണ്യവീഥിയിൽ ഓരോന്നും പ്രത്യേകശാലകളിലായി കുന്നുപോലെ കൂട്ടിയിരുന്നു; പലതരം പലഹാരവ്യാപാരികളും മത്സ്യവ്യാപാരികളുമായ പരവരും ഉപ്പുവിൽക്കുന്ന ഉമണരും താംബൂലചർവണോപകരണങ്ങൾ വിൽക്കുന്നവരും പരവും കശാപ്പുകാരും അധികമായി കുടിപാർപ്പുള്ളവരും മാംസങ്ങൾ യഥേഷ്ടം സംഭരിക്കപ്പെട്ടിട്ടുള്ളതുമായ കുറുന്തെരുവുകൾ കാണപ്പെട്ടിരുന്നു; പുറംനഗരത്തിൽ മൂശാരികളും ചെമ്പുകൊട്ടികളും മരത്തച്ചൻമാരും കരബലമുള്ള കരുവാൻമാരും ചിത്രലേഖകൻമാരും ശിൽപ്പകാരൻമാരും പൊൻപണിക്കാരും രത്നകാരൻമാരും തുന്നൽപ്പണിക്കാരും തോൽപ്പണിചെയ്യുന്ന പറവർ മുതലായവരും തുണികളാലും കിടേലിനാലും പുഷ്പങ്ങൾ വാടാതമാലകൾ, മായത്തൊപ്പികൾ മുതലായവകളെ അത്ഭുതമായി നിർമ്മാണം ചെയ്യും. തൊഴിലാളികളും ധാരാളം ഉണ്ടായിരുന്നു. ഷഡ്ജാതി സപ്തസ്വരങ്ങളും അവയുടെ ഭേദങ്ങളും ശുദ്ധമായി സ്ഫുരിപ്പിക്കുന്ന കുഴലുകളും വീണകളും ശാസ്ത്രോക്തമായി പണിചെയ്യുന്ന ഗായകരും താഴ്ന്നനിലയിലായിരുന്നു. മറ്റു കിഴിഞ്ഞ പണിചെയ്തു കൂലിവാങ്ങി നിർദ്ദോഷികളായി ഉപജീവിക്കുന്ന യവനർ മുതലായ വർഗക്കാരും പാണർവരെയുള്ള ജാതിക്കാരും പാർത്തുവരുന്നുണ്ട്.'[32]

മധുരാനഗരം, വഞ്ചിനഗരം തുടങ്ങിയ മറ്റു നഗരങ്ങളുടെ സ്ഥിതിയും ഏതാണ്ടിതുതന്നെയായിരുന്നു. എല്ലായിടത്തും സമൃദ്ധിയും പരിഷ്ക്കാ

32. പി.നാരായണൻനായർ, ചിലപ്പതികാരം, പേജ്. 36–37

രവും പ്രകടമായിരുന്നു. കൃഷി, കൈത്തൊഴിൽ, വ്യാപാരം എന്നിവയുടെ പുരോഗതിയുടെ ഫലമായി ഏറെക്കുറെ ഉയർന്ന നിലവാരത്തിലുള്ള ഒരു ഭൗതികസംസ്കാരമാണ് നിലനിന്നിരുന്നത്. പക്ഷേ, ചൂഷണത്തിന്റെ അടിത്തറയിൻമേലാണ് ഈ പുരോഗതി കെട്ടിപ്പടുക്കപ്പെട്ടത്. സമുദായത്തിലെ മേൽത്തട്ടിലുള്ള വിഭാഗങ്ങളെ മാത്രമേ ഐശ്വര്യവും അനുഗ്രഹിച്ചിരുന്നുള്ളു. കീഴ്ത്തട്ടിലുള്ള വിഭാഗങ്ങളുടെ ജീവിതം ഒട്ടുംതന്നെ അസൂയാർഹമായിരുന്നില്ല. ചിലപ്പതികാരത്തിന്റെ കാലമായപ്പോഴേയ്ക്കും സ്വത്തുടമസ്ഥൻമാരായ പ്രമാണികളും സ്വത്തില്ലാത്ത പാവങ്ങളും തമ്മിലുള്ള അകൽച്ച വളരെയധികം വർദ്ധിച്ചുകഴിഞ്ഞിരുന്നു. സ്വത്തുടമവർഗ്ഗക്കാർക്കിടയിൽ പലതരം അധഃപതനവാസനകളും തലപൊക്കാൻ തുടങ്ങിയിരുന്നു. മോഷണവും വ്യഭിചാരവും പരന്നുപിടിക്കാൻ തുടങ്ങിയതിന്റെ ലക്ഷണങ്ങൾ പിൽക്കാല സംഘംകൃതികളിൽ വ്യക്തമായി കാണാൻ കഴിയും. 'കളവി'ന്റേയും 'കർപ്പി'ന്റേയും അടിസ്ഥാനത്തിലുള്ള ലളിതമായ പഴയ വൈവാഹികബന്ധങ്ങൾ ഏകപത്നീ വ്യവസ്ഥയ്ക്കും അതോടൊപ്പം വേശ്യാലമ്പടത്തത്തിനും വഴിമാറിക്കൊടുത്തു. വേശ്യാത്തെരുവുകൾ നഗരത്തിന്റെ ഒരവിഭാജ്യഘടകമായിത്തീർന്നു. 'വേശ്യകൾ തങ്ങളുടെ നൃത്തഗീതാദികളിലുള്ള നൈപുണ്യത്തിനനുസരിച്ച് നാളൊന്നുക്ക് ഒരു കഴഞ്ചുമുതൽ ആയിരത്തെട്ടു കഴഞ്ചുവരെ തൂക്കമുള്ള സുവർണ്ണം തങ്ങളെ കാമിച്ചുവരുന്ന പുരുഷൻമാർ നൽകണമെന്ന നിയമം വിടാതെ അടുത്തുകൂടുന്ന കാമി ജനങ്ങളുടെ അകക്കാമ്പിൽ അല്ലലുളവാക്കി, അപ്സരസദൃശികളായ തങ്ങളുടെ കടാക്ഷവലയിലകപ്പെടുന്ന താപസൻമാരായാലും വിരിഞ്ഞ പുഷ്പങ്ങൾതോറും ചെന്നു മധുപാനം ചെയ്തു പിന്നീട് തിരിഞ്ഞുനോക്കാതെ മടങ്ങുന്ന വണ്ടുകളെപ്പോലെ ഒരിടത്തും തങ്ങാതെ പുതിയ പുതിയ ഓരോന്നിനെ പുണർന്നുകൊണ്ടുഴലുന്ന വിടൻമാരായാലും, കാമലീലാസുഖത്തെ ഇദംപ്രഥമായി അനുഭവിപ്പാൻ തുനിഞ്ഞൊരുങ്ങിയ അനിഭഞ്ജൻമാരായാലും, അവരുടെ വിദ്യാവിനയാദികൾ മന്ദീഭവിക്കത്തക്കവണ്ണം വശമാക്കി നാൾതോറും സംഭോഗപാരവശ്യത്തോടുകൂടി നിദ്ര ചെയ്യിപ്പിച്ചുകൊണ്ടിരിക്കത്തക്ക പാടവത്തോടും, സുഭാഷിതങ്ങളെ അവഗണിച്ചുകൊണ്ടുള്ള വാങ്മാധുര്യത്തോടും ചതുഷ്ടി കലാജ്ഞാനത്തോടും കൂടിയ അവിവാഹിത വേശ്യാജനവസതികളായ വീഥികളും രമണീയങ്ങൾതന്നെ.'[33]

പ്രാചീന ചേരസാമ്രാജ്യം ക്ഷയോൻമുഖമായിക്കഴിഞ്ഞു എന്നതിന്റെ ഒരു സൂചനയായിരുന്നു ഇത്.

33. പി.നാരായണൻനായർ: ചിലപ്പതികാരം. പേ. 150.

# അധ്യായം 12

# മതവും ദൈവവും

മനുഷ്യ സമുദായത്തിന്റെ ശൈശവദശയിൽ ജീവിച്ചിരുന്ന അതി പ്രാകൃതരായ ജനങ്ങൾക്ക് ദൈവവിശ്വാസമോ മതവിശ്വാസമോ ഉണ്ടായിരുന്നില്ല. പരബ്രഹ്മത്തിന്റെ അന്തര്യാമിത്വത്തെപ്പറ്റിയല്ല, അന്നത്തെ ഭക്ഷണത്തിനാവശ്യമായ കായ്കനികളെപ്പറ്റിയും പക്ഷിമൃഗാദികളെപ്പറ്റിയുമാണ് അവർ ചിന്തിച്ചിരുന്നത്. വസ്തുനിഷ്ഠമായ പ്രകൃതിയുടെ ഭൗതികത്വത്തെ ഒരു ചെറിയ തോതിലെങ്കിലും അംഗീകരിക്കാതെ പ്രായോഗികമായ ദൈനംദിന ജീവിതം നയിക്കുക സാധ്യമായിരുന്നില്ല. ഉൽപ്പാദന ശക്തികളുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും ചുറ്റുപാടുകളെക്കുറിച്ചുള്ള ജനങ്ങളുടെ ജ്ഞാനം വർധിച്ചുകൊണ്ടുവന്നു. ഈ അർത്ഥത്തിൽ പ്രാകൃത മനുഷ്യർ ഭൗതികവാദികളായിരുന്നുവെന്നു പറയാം.

## മതവിശ്വാസത്തിന്റെ ആരംഭം

പക്ഷേ, പ്രകൃതിയുടെ പല പ്രതിഭാസങ്ങളും അവർക്കജ്ഞാതങ്ങളായിരുന്നു. പ്രകൃതി ശക്തികളെ നിയന്ത്രിച്ച് അവയെ തങ്ങളുടെ സ്വന്തം വരുതിയിൽ കൊണ്ടുവരുവാനോ അവയുടെ ആക്രമണങ്ങൾക്കെതിരായി വിജയകരമാംവിധം പോരാടുവാനോ അവർക്കു സാധിച്ചിരുന്നില്ല. സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു, ഇടിവെട്ടുന്നു, മഴപെയ്യുന്നു, കൊടുങ്കാറ്റടിക്കുന്നു, പകർച്ച വ്യാധിയുണ്ടാകുന്നു, ഹിംസ്രമൃഗങ്ങൾ ആക്രമിക്കാൻവരുന്നു – ഈ ചുറ്റുപാടുകളിൽ ജീവിക്കുന്നതെങ്ങിനെയാണ്? മലയും പുഴയും കാടുംമരങ്ങളും പാമ്പുകളും കാട്ടുമൃഗങ്ങളും

കൊടുങ്കാറ്റും വെള്ളപ്പൊക്കവും പകർച്ചവ്യാധികളും എല്ലാ ഭീകരങ്ങളായി കാണപ്പെട്ടു. തങ്ങളേക്കാൾ കൂടുതൽ ശക്തിയുള്ളവയും തരംകിട്ടുമ്പോഴെല്ലാം തങ്ങളെ ഉപദ്രവിക്കുന്നവയുമായ ഈ പ്രകൃതശക്തികളിലെല്ലാം അവ്യക്തങ്ങളും അവർണനീയങ്ങളുമായ ഏതോ ചില അമാനുഷശക്തികൾ, അല്ലെങ്കിൽ മൂർത്തികൾ, കുടികൊള്ളുന്നുണ്ടായിരിക്കണം. മലയുടെ മൂർത്തി, നദിയുടെ മൂർത്തി, മരത്തിന്റെ മൂർത്തി, വിഷൂചികയുടെ മൂർത്തി ഇങ്ങനെ മനുഷ്യനെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന അനേകമനേകം മൂർത്തി ചുറ്റുപാടും പതിയിരിക്കുന്നു. അവയുടെ കോപത്തിനിരയായാൽ ജീവിതം അപകടത്തിലാവും. അതുകൊണ്ട് അവയെ പ്രീണിപ്പിക്കുകയും അവയുടെ പ്രീതിസമ്പാദിക്കുകയും ചെയ്യണം. തങ്ങൾക്ക് ശല്യങ്ങളും ദ്രോഹങ്ങളുമുണ്ടാകരുതെന്ന് അവയോടഭ്യർത്ഥിക്കണം. പ്രാർത്ഥന, പൂജ, വഴിപാട്, ബലി, മന്ത്രവാദം മുതലായവയുടെ സഹായത്തോടുകൂടി പ്രകൃതിശക്തികളിൽ സ്വാധീനംചെലുത്തി അവയെ തങ്ങൾക്കനുകൂലമാക്കി മാറ്റാനും അങ്ങനെ ക്ഷാമം, വെള്ളപ്പൊക്കം, കൊടുങ്കാറ്റ്, വസൂരി, കോളറ, കാട്ടുമൃഗങ്ങളുടെ ആക്രമണം മുതലായ ആപത്തുകളിൽ നിന്ന് രക്ഷപ്പെടാനും കഴിയുമെന്ന് പ്രാകൃത മനുഷ്യർ വിശ്വസിച്ചു. ഈ വിശ്വാസത്തിൽ നിന്നാണ് മൂർത്തിപൂജയും മന്ത്രവാദവും ആവിർഭവിച്ചത്.

## ആത്മാവും പുനർജന്മവും

ചുറ്റുപാടുമുള്ള പ്രകൃതിയുടെ പ്രതിഭാസങ്ങൾ മാത്രമല്ല, സ്വന്തം ജീവിതം തന്നെയും ഇടവിടാതെ മാറിക്കൊണ്ടിരിക്കുന്നു എന്ന് പ്രാകൃത മനുഷ്യർ നോക്കിക്കണ്ടു. അത്ഭുതകരവും അമ്പരപ്പിക്കുന്നവയുമായ മാറ്റങ്ങൾ! മനുഷ്യൻ ജനിക്കുന്നു, വളരുന്നു, ചിന്തിക്കുന്നു, ഉറങ്ങുന്നു, സ്വപ്നംകാണുന്നു, മോഹാലസ്യപ്പെടുന്നു, മരിക്കുന്നു! ഇതൊക്കെ സംഭവിക്കുന്നതെങ്ങനെയാണ്? ജനിക്കുന്നതിനു മുമ്പ് കുട്ടി എവിടെയായിരുന്നു? മരിച്ചുകഴിഞ്ഞാൽ പിന്നെ മനുഷ്യന്റെ സ്ഥിതിയെന്താണ്? എന്താണ് മരണം? ശരീരം അവിടെത്തന്നെയുണ്ട്. പക്ഷേ, അതേവരെ കളിച്ചുചിരിച്ചുനടക്കുകയും മൃഗങ്ങളെ വേട്ടയാടിക്കൊണ്ടുവരികയും ചെയ്ത മനുഷ്യൻ മിണ്ടാതെ, അനങ്ങാതെ, ശ്വാസോച്ഛ്വാസം പോലുമില്ലാതെ, വിറങ്ങലിച്ചു കിടക്കുകയാണ്! മിണ്ടാനും അനങ്ങാനും ചിരിക്കാനും വേട്ടയാടാനുമുള്ള ശക്തി എവിടെപ്പോയി? മനുഷ്യമനസ്സിന്റെ സങ്കീർണങ്ങളായ പ്രവർത്തനക്രമങ്ങളെപ്പറ്റിയോ മാനസിക പ്രവർത്തനങ്ങളും ഭൗതിക പ്രപഞ്ചവും തമ്മിലുള്ള ബന്ധങ്ങളെപ്പറ്റിയോ ജനനമരണങ്ങളെപ്പറ്റിയോ ശാസ്ത്രീയമായി പഠിച്ചു മനസ്സിലാക്കാൻ പ്രാകൃത മനുഷ്യർക്കു കഴിവുണ്ടായിരുന്നില്ല. അതുകൊണ്ട്, വിവരിക്കാനോ മന

സ്സിലാക്കാനോ കഴിയാത്ത ഒരാത്മാവിന്റെ പ്രവർത്തനങ്ങളാണിതൊക്കെ എന്ന് അവർ വിശ്വസിച്ചു. ജീവനുള്ള മനുഷ്യനിൽ നിന്ന് ജീവൻ വിട്ടു പോകുമ്പോളാണ് മരണം സംഭവിക്കുന്നത്. അപ്പോൾ, ശരീരം മാത്രമല്ല, ജീവനുമുണ്ട്. ഭൗതിക വസ്തുക്കൾ മാത്രമല്ല, ആത്മീയവസ്തുക്കളുമുണ്ട്. ഭൗതിക ശരീരം വിട്ടുപോയതിനുശേഷവും ആത്മാവു നിലനിൽക്കുന്നുണ്ടാവണം. ഇത്തരം പ്രാകൃത ചിന്തകളിൽ നിന്നാണ് അനശ്വരമായ ആത്മാവിനെപ്പറ്റിയും പുനർജ്ജന്മത്തെപ്പറ്റിയും മറ്റുമുള്ള വിശ്വാസങ്ങൾ ആവിർഭവിച്ചത്. ഏംഗെൽസ് എഴുതുകയുണ്ടായി:

'മനുഷ്യർ തങ്ങളുടെ സ്വന്തം ശരീരത്തിന്റെ ഘടനയെപ്പറ്റി തീരെ അജ്ഞരായിരുന്നു. ആ അതിപ്രാചീന കാലം മുതൽക്കു തന്നെ അവർ തങ്ങൾ കാണാറുണ്ടായിരുന്ന സ്വപ്ന രൂപങ്ങളുടെ പ്രചോദനം വഴിയായി, തങ്ങളുടെ ചിന്തകളും വികാരങ്ങളും മറ്റും ശരീരത്തിന്റെ പ്രവർത്തനങ്ങളല്ലെന്നും മറിച്ച്, വേറിട്ടു നിൽക്കുന്നതും ശരീരത്തിനുള്ളിൽ നിവസിച്ച് മരണസമയത്ത് വിട്ടുപിരിഞ്ഞുപോകുന്നതുമായ ഒരാത്മാവിന്റെ പ്രവർത്തനങ്ങളാണവയെന്നും വിശ്വസിച്ചു തുടങ്ങിയിരുന്നു. അന്നു മുതൽക്കു തന്നെ ഈ ആത്മാവും ബാഹ്യലോകവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കാൻ അവർ നിർബന്ധിതരായിത്തീർന്നു. മരണസമയത്ത് ശരീരത്തെ വിട്ടുപിരിഞ്ഞതിനുശേഷവും അതു തുടർന്നു നിലനിൽക്കുമെങ്കിൽപ്പിന്നെ അതിനു മറ്റൊരു കാരണമുണ്ടാകുമെന്ന് സങ്കൽപ്പിക്കേണ്ട യാതൊരാവശ്യവുമില്ലല്ലോ. ഇങ്ങനെയാണ് ആത്മാവിന്റെ അനശ്വരതയെക്കുറിച്ചുള്ള ആശയം ആവിർഭവിച്ചത്. മനുഷ്യസമുദായത്തിന്റെ വളർച്ചയുടെ ആ ഘട്ടത്തിൽ ഈ ആശയം ഒരിക്കലും ഒരു സമാശ്വാസമായിട്ടല്ല; മറിച്ച്, എതിർത്തു തോൽപ്പിക്കാൻ കഴിയാത്ത ഒരു വിധിയായിട്ടാണ് പ്രത്യക്ഷപ്പെട്ടത്..... വ്യക്തിയുടെ അനശ്വരതയെക്കുറിച്ചുള്ള മുഷിപ്പൻ ആശയത്തിലേയ്ക്ക് പൊതുവേ വഴിതെളിയിച്ചത് മനഃശാന്തിക്കു വേണ്ടിയുള്ള മതപരമായ അഭിനിവേശമല്ല മരണത്തിനുശേഷവും നിലനിൽക്കുമെന്നംഗീകരിക്കപ്പെട്ട ഈ ആത്മാവിനെക്കൊണ്ട് എന്തുചെയ്യണമെന്നതിനെ സംബന്ധിച്ചുള്ള സാമാന്യം സാർവത്രികവുമായ അജ്ഞതയിൽ നിന്നുടലെടുത്ത മാനസിക കുഴപ്പമാണ്. ശരിക്കിതേമാതിരിതന്നെയാണ് പ്രകൃതി ശക്തികളുടെ വ്യക്തിവൽക്കരണത്തിലൂടെ ആദ്യത്തെ ദൈവങ്ങളും ആവിർഭവിച്ചത്.'[1]

മരിച്ചുപോയവരുടെ ആത്മാക്കൾക്ക്, അല്ലെങ്കിൽ പ്രേതങ്ങൾക്ക് ജീവിച്ചിരിക്കുന്നവരുടെമേൽ സ്വാധീനം ചെലുത്താനും വേണമെങ്കിൽ അവരെ ഉപദ്രവിക്കാനും കഴിയുമെന്നായിരുന്നു പ്രാകൃതമനുഷ്യന്റെ

1. Marx and Engels: On Religion. P. 225

വിശ്വാസം. കുട്ടിക്കു പനിപിടിച്ചാൽ അതു പ്രേതത്തിന്റെ ഉപദ്രവമാണ്! അപസ്മാരരോഗമാണെങ്കിൽ പിന്നെ സംശയമില്ല, പ്രേതബാധതന്നെ! ആത്മഹത്യ ചെയ്തവരുടെയും വല്ല അപകടങ്ങളിലും പെട്ടു മൃതിയടഞ്ഞവരുടേയും പ്രേതങ്ങൾക്കാണ് കൂടുതൽ രൗദ്രം. സ്വന്തം മക്കളെപ്പോലും അവർ വെറുതെ വിടില്ല. മനുഷ്യരെ ദ്രോഹിക്കാതെ പ്രേതങ്ങൾ ഒഴിഞ്ഞുപോകണമെങ്കിൽ അവയെ പ്രീണിപ്പിക്കുകയോ ആട്ടിയകറ്റുകയോ ചെയ്യണം. മന്ത്രങ്ങൾ കൊണ്ടും പൂജാദി കർമ്മങ്ങൾകൊണ്ടും ഭൂതപ്രേതങ്ങളുടെ ബാധയൊഴിക്കാൻ കഴിയുമെന്ന് പ്രാകൃത മനുഷ്യൻ വിശ്വസിച്ചു. പ്രേതങ്ങൾക്കുതന്നെ ഗതികിട്ടണമെങ്കിൽ ജീവിച്ചിരിക്കുന്ന കുടുംബാംഗങ്ങളുടെ സഹായം വേണം. ഗതികിട്ടാഞ്ഞാലോ ജീവിച്ചിരിക്കുന്നവർക്കാണ് ദ്രോഹം കൂടാതെ കഴിക്കാനാണ് പിണ്ഡം വെയ്ക്കലും ബലിയിടലും മറ്റു പൂജാദികർമ്മങ്ങളും സംഘടിപ്പിക്കുന്നത്. മനുഷ്യരെപ്പോലെതന്നെ ദൈവത്വം കൽപ്പിക്കപ്പെട്ട പ്രകൃതിശക്തികൾക്കും ഭൂതപ്രേതാദികൾക്കും സുഖദുഃഖങ്ങൾ, വിചാരവികാരങ്ങൾ, ആശയാഭിലാഷങ്ങൾ മുതലായവയെല്ലാമുണ്ടായിരിക്കണമെന്നായിരുന്നു ധാരണ. മനുഷ്യർക്കിഷ്ടമുള്ളതൊക്കെ അവയ്ക്കും ഇഷ്ടമായിരിക്കും. അതുകൊണ്ട്, കള്ളും ഇറച്ചിയും മറ്റു ഭക്ഷണസാമഗ്രികളും കൊടുത്ത് അവയെ തൃപ്തിപ്പെടുത്താനും അവയുടെ അനുഗ്രഹാശിസുകൾ നേടാനും പ്രാകൃതജനങ്ങൾ പരിശ്രമിച്ചു.

ഇങ്ങനെ, ദുർഗ്രഹങ്ങളായ പ്രകൃതിശക്തികളുടെ മുമ്പിലുള്ള നിസഹായതയിൽ നിന്നും ചിന്ത, വികാരം, ജീവൻ മുതലായവയെല്ലാം ഭൗതികശരീരത്തിൽ നിന്ന് വിഭിന്നങ്ങളായ പ്രതിഭാസങ്ങളാണെന്ന അന്ധവിശ്വാസത്തിൽ നിന്നുമാണ് പ്രാകൃതമനുഷ്യരുടെ ദൈവങ്ങളും മതചടങ്ങുകളും ആവിർഭവിച്ചത്. പ്രകൃതിയെക്കുറിച്ചും മനുഷ്യജീവിതത്തെക്കുറിച്ചുമുള്ള അജ്ഞതയായിരുന്നു ഈ അന്ധവിശ്വാസങ്ങളുടെ അടിത്തറ എന്ന കാര്യത്തിൽ സംശയമില്ല. എങ്കിലും നമ്മുടെ പൂർവികൻമാരുടെ പ്രാകൃതങ്ങളായ ഈ ദൈവമതവിശ്വാസങ്ങൾ ആരംഭത്തിൽ, ഉപയോഗകരവും ഒഴിച്ചുകൂടാനാവാത്തതുമായ ഒരു പങ്കുവഹിച്ചിരുന്നുവെന്ന വസ്തുത എടുത്തുപറയത്തക്കതാണ്. എന്തെന്നാൽ, ചരിത്രാതീതകാലത്തെ അതിപ്രാകൃതമായ ഉൽപ്പാദനരീതിയുടെ പോരായ്മകളെയും സാങ്കേതികമായ കഴിവുകേടുകളേയും ഭാഗികമായിട്ടെങ്കിലും നികത്താൻ വേണ്ടിയാണ് അവർ അഭൗമങ്ങളും അമാനുഷങ്ങളുമായ ദൈവങ്ങളെ അഭയം പ്രാപിച്ചത്. അങ്ങനെ ഇന്നു നമ്മൾ അസംബന്ധങ്ങളായി കരുതുന്ന പല അന്ധവിശ്വാസങ്ങൾക്കും അതിപ്രാചീനകാലത്ത്, നിഷേധാത്മകമായിട്ടെങ്കിലും, ഒരു സാമ്പത്തികാടിസ്ഥാനമുണ്ടായിരുന്നു. എന്നാൽ, ഇതിന്റെ അർത്ഥം സാമൂഹ്യജീവിതത്തിലെ എല്ലാത്തരം അന്ധവിശ്വാ

സങ്ങൾക്കും സാമ്പത്തികമായ എന്തെങ്കിലും അടിസ്ഥാനമുണ്ടായിക്കൊള്ളണമെന്നല്ല. ഏംഗൽസ് വ്യക്തമാക്കിയതുപോലെ, 'പ്രകൃതിയെക്കുറിച്ച് പുരോഗമനപരമായ വിജ്ഞാനം നേടുന്നതിനുള്ള മുഖ്യമായ പ്രേരണശക്തി സാമ്പത്തികാവശ്യങ്ങളായിരുന്നുവെന്നത് ശരിതന്നെ. ഇപ്പോളത് പൂർവാധികം അങ്ങനെയാണുതാനും. എന്നിരിക്കിലും, ഈ പ്രാകൃതങ്ങളായ എല്ലാ അസംബന്ധങ്ങൾക്കും സാമ്പത്തികമായ കാരണങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുക എന്നത് വൃഥാ പാണ്ഡിത്യം ഭാവിക്കലായിരിക്കും.'[2]

## ഗിരിഗോത്രക്കാരുടെ ദൈവങ്ങൾ

കേരളത്തിലിന്നും നാമാവശേഷമാവാതെ നിലനിൽക്കുന്ന കാണിക്കാർ, മലയരയൻമാർ, കാടർ, മലവേടൻമാർ തുടങ്ങിയ ഗിരിഗോത്രക്കാരുടെ മതവിശ്വാസങ്ങളും ആരാധനാ സമ്പ്രദായങ്ങളും പരിശോധിച്ചാൽ ഇതു കൂടുതൽ വ്യക്തമാവും. അവരെല്ലാം തന്നെ അനേകം ദൈവങ്ങളിൽ വിശ്വസിക്കുന്നവരാണ്. അടുത്തകാലത്ത് ഗതാഗത സൗകര്യങ്ങളും ആധുനികത്വത്തിന്റെ സമ്മർദ്ദങ്ങളും വർധിച്ചതിന്റെ ഫലമായി, ചില പരിഷ്കൃത ദൈവങ്ങളുംകൂടി അവരുടെ വിശ്വാസങ്ങളിൽ സ്ഥാനംപിടിച്ചിട്ടുണ്ട്. എങ്കിലും പഴയ ദൈവങ്ങൾക്കാണ് ഇപ്പോഴും പ്രാബല്യം. ഉദാഹരണത്തിന്, പരിഷ്കൃതങ്ങളും അപരിഷ്കൃതങ്ങളുമായ ഒട്ടുവളരെ ദൈവങ്ങളെ പൂജിക്കുന്ന കാണിക്കാർക്ക് 'ചാവുപൂജ'യാണ് ഏറ്റവും പ്രധാനം. പൂർവികരുടെ പ്രേതങ്ങൾക്കാണ് 'ചാവുകൾ' എന്നു പറയുന്നത്. മരിച്ചുപോയ കാരണവന്മാരുടെ ചാവുകൾ ജീവിച്ചിരിക്കുന്ന അനന്തിരവൻമാരുടെ വീടുകൾക്കുചുറ്റും പതിയിരിക്കുന്നുണ്ടെന്നാണവർ വിശ്വസിക്കുന്നത്. മനുഷ്യരെ രക്ഷിക്കാനും ദ്രോഹിക്കാനും കഴിവുള്ള ആ ചാവുകളെ പ്രസാദിപ്പിച്ചാൽ മാത്രമേ കാട്ടുമൃഗങ്ങളിൽ നിന്നും പകർച്ചവ്യാധികളിൽ നിന്നും രക്ഷപ്പെടാനും കുഞ്ഞുകുട്ടികളുടെ ആരോഗ്യം നിലനിർത്താനും കഴിയൂ. അതുകൊണ്ട്, കാണിക്കാർ മറ്റു ദൈവങ്ങളോടെന്നപോലെ തങ്ങളുടെ ചാവുകളോടും പ്രാർഥിക്കുന്നു;

'പടച്ചതമ്പുരാനേ, എല്ലക്കല്ലുസ്വാമി, തമ്പുരാട്ടി അമ്മ, തിരുവത്തുപാറ ചാത്താ, നൂറ്റൊന്നു ചാവുമാരേ, നൂറ്റൊന്നു തമ്പുരാക്കൻമാരെ, പത്മനാഭസ്വാമി, ഞങ്ങളുടെ പൂജപറ്റിക്കൊണ്ട് വനത്തിൽ കിടക്കുന്ന ഞങ്ങളെ രക്ഷിക്കണം! നീക്കമ്പു, മുറിയാമ്പാച്ചി, നാട്ടാമുടവുവന്ന് ആൾ ഒന്നും മരിച്ചുപോകാതെ നിങ്ങൾ രക്ഷിച്ചുകൊള്ളണം. ഞങ്ങൾക്ക് വനത്തിൽ നിങ്ങൾ അല്ലാതെ വേറെ ആരും ഇല്ല'.

2. Marx and Engels: Correspondence, Engels: Letter to C. Schmidt, Oct 27, 1890

മറ്റൊരു പ്രാർത്ഥന മുത്തനോടും മുത്തിയോടുമാണ്;

'എന്റെ കാണിക്കുട്ടിമുത്തി അമ്മേ, എന്റെ ഉടയാത്താ, ഈ കാണിയിലുള്ള കൊടലിക്കാവുമുത്തൻമാരേ വേല ചെയ്യുന്ന ധ്യാനം ഉണ്ടായ് ഞങ്ങൾ എടുത്തുതിന്നണം. ആനയോ പന്നിയോ ദുഷ്ടമൃഗങ്ങളോ അഴിക്കാതെ നിങ്ങൾ കാത്തുകൊള്ളണം'.

മലദൈവം തുടങ്ങിയ പലതരം മൂർത്തികളെ പൂജിക്കുന്ന മലവേടൻമാർക്കും തങ്ങളുടെ പൂർവികൻമാരുടെ ചാവുകളിൽ വലിയ വിശ്വാസമുണ്ട്. ചാവുകൾക്ക് കോഴിയും മറ്റും ബലിയർപ്പിച്ചുകൊണ്ട് അവരിങ്ങനെ പ്രാർഥിക്കുന്നു:

'എന്റെ മൂർത്തിയേ, നിണക്കു കോഴിയുടെ പരിതരുന്നു. എനിക്കു രക്ഷയായ് ഇരുന്നുകൊള്ളണം. കൊച്ചിനോടും കുട്ടിയോടും യാതൊരു ഉപദ്രവവും ഉണ്ടാക്കരുതേ'.

അവരുടെ തന്നെ മറ്റൊരു പ്രാർത്ഥന:

'ദൈവമേ, പൊന്നുമലേ, വേണ്ടുവണ്ണം ഇരിക്കണം. എന്റെ അപ്പൂപ്പ, ഞങ്ങളും ഉഴവും നന്നായിരിക്കണം. കഴിഞ്ഞ അപ്പൂപ്പൻമാരേ വേണ്ടുവണ്ണം രക്ഷയ്ക്കായ് ഇരിക്കണം. അടിയങ്ങടെ കുഞ്ഞിനും കുട്ടിക്കും ഒരു അറ്റകുറ്റം കൂടാതെ ഇരിക്കണം'.

നാട്ടുമലയൻമാർ മല്ലനേയും വീരഭദ്രനേയും ഭദ്രകാളിയേയും മറ്റുമാണ് പൂജിക്കുന്നത്. കൊല്ലിങ്കോട് - ചിറ്റൂർ കാടുകളിലെ കൊങ്ങമലയൻമാർക്കും അനേകം ദൈവങ്ങളുണ്ട്. കരുമലമൂപ്പൻ, മലമ്പാറ ആണ്ടൻ, മുനിയപ്പൻ എന്നീ ആൺ ദൈവങ്ങളും കാളി, ഭഗവതി, പാലിയമ്മ എന്നീ പെൺദൈവങ്ങളുമാണ് അവയിൽ മുഖ്യമായവ. നായാടികൾക്ക് മല്ലൻ, മലവാഴി, പറക്കുട്ടി മുതലായ മലദൈവങ്ങളും വനദൈവങ്ങളുമാണുള്ളത്. പറക്കുട്ടിയുടെ കൃപയുണ്ടെങ്കിൽ കാട്ടുമൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്നു രക്ഷപ്പെടുകയും വേട്ടമൃഗങ്ങളെ എളുപ്പത്തിൽ പിടിക്കുകയും ചെയ്യാം. കല്ലുകൊണ്ടുള്ള പറക്കുട്ടിയുടെ ബിംബത്തിൽ അവർ കോഴിയേയോ ആടിനെയോ വെട്ടി ചോരയൊഴിക്കും. എന്നിട്ടിങ്ങനെ പ്രാർഥിക്കും:

"ഹേ, മല്ല, മലവാഴി! ഹേ പാറുക്കുട്ടി! പിതാവേ, മാതാവേ ഞങ്ങൾ വളരെ ബുദ്ധിമുട്ടി സമ്പാദിച്ച വഴിപാടുകളാണ് നിങ്ങൾക്ക് തരുന്നത്. നിങ്ങൾ അവ സ്വീകരിച്ച്" ഞങ്ങളേയും ഞങ്ങളുടെ കുട്ടികളെയും കാട്ടുമൃഗങ്ങളിൽ നിന്ന് കാത്തുരക്ഷിക്കണം."

ഉള്ളാടർക്ക് കാപ്പിരി, തീക്കുട്ടി, ചാത്തൻ തുടങ്ങിയ ദൈവങ്ങളുണ്ട്. ചാത്തൻ, കരിങ്കുട്ടി, പറക്കുട്ടി, കാപ്പിരി, കണ്ടാകരണൻ മുതലായവയാണ് വേട്ടുവരുടെ ദൈവങ്ങൾ. പുള്ളുവൻമാർക്ക് അയ്യപ്പൻ, വേലായുധൻ,

രാഹു, മുനി, ചാത്തൻ, മൂക്കൻ, കണ്ടാകരണൻ, കരിക്കുട്ടി, തീക്കുട്ടി, പറക്കുട്ടി, കാപ്പിടരി, കള്ളാടിമുത്തൻ മുതലായ ദൈവങ്ങളാണുള്ളത്. കാടരുടെ പ്രധാന ദൈവങ്ങൾ മലവാഴി, മലങ്കുറത്തി എന്നീ രണ്ടു മല ദൈവങ്ങളാണ്. മലവാഴി ആൺദൈവവും മലങ്കുറത്തി പെൺദൈവവു മാണ്. ഭാര്യാഭർത്താക്കൻമാരായി സങ്കൽപ്പിക്കപ്പെടുന്ന ഈ രണ്ടുദൈ വങ്ങളിൽനിന്നാണ് തങ്ങളുടെ ഏറ്റവും പഴയ പൂർവ്വികൻമാർ ജനിച്ചത് എന്നാണ് കാടരുടെ വിശ്വാസം. മലങ്കുറവൻ, മലയരയൻ തുടങ്ങിയ മറ്റു കാട്ടുജാതിക്കാർക്കും ഇതുപോലെ ഒട്ടനവധി ദൈവങ്ങളുണ്ട്. അവയിൽ മിക്കവരും ചാവുപൂജ, ജന്തുപൂജ മുതലായവയിൽ വിശ്വസിക്കുന്നവ രാണ്.[3]

മുമ്പൊരധ്യായത്തിൽ തങ്ങൾ കണ്ടുകഴിഞ്ഞതുപോലെ, മരിച്ചു പോയ മാതാപിതാക്കൻമാരേയും കാരണവൻമാരേയും പൂജിക്കുന്ന സമ്പ്രദായം മഹാശിലാസംസ്കാരത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. മരിച്ചുപോയ കുടുംബത്തലവന്റെ ആത്മാവിനു ജീവിക്കാൻ ഒരു പ്രത്യേകസ്ഥലവും അത്യാവശ്യമായ മറ്റു സൗകര്യങ്ങളും നൽകാതിരു ന്നാൽ ആ ആത്മാവ് വിഷമിച്ചുവലയുമെന്നും ജീവിച്ചിരിക്കുന്ന പിൻഗാ മികൾക്ക് അതുമൂലം ദ്രോഹങ്ങളുണ്ടാവുമെന്നുമായിരുന്നു പ്രാകൃതജ നങ്ങളുടെ വിശ്വാസം. ആത്മാവിലും പുനർജന്മത്തിലും വിശ്വസിച്ചിരു ന്നതുകൊണ്ട് അവർ പ്രേതങ്ങളെ ആരാധിച്ചു. ഈ വിശ്വാസത്തിൽനി ന്നായിരിക്കണം, മഹാശിലാസംസ്കാരം ഉടലെടുത്തത്.[4] തൊപ്പിക്കല്ല്, കൊടക്കല്ല്, നന്നങ്ങാടികൾ, ശ്മശാന ഗുഹകൾ മുതലായ മഹാശിലാ സംസ്കാരാവശിഷ്ടങ്ങൾ കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും കണ്ടുകിട്ടിയിട്ടുണ്ട്. പ്രാചീന മനുഷ്യർ തങ്ങളുടെ മരിച്ചുപോയ കാര ണവൻമാരുടെ ആത്മാക്കളെ കുടിയിരുത്തിയ പുണ്യസ്ഥലങ്ങളാണിവ. മലയരയൻമാർ തുടങ്ങിയ ചില ഗോത്രസമുദായക്കാർക്കിടയിൽ ഈ പഴയ ആരാധനാസമ്പ്രദായം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പക്ഷേ, സാധാരണയായി, വല്ല അപകടങ്ങളിലും പെട്ടു മരിച്ചുപോയ ബന്ധുക്ക ളുടെ ആത്മാക്കൾക്കുവേണ്ടിയാണ് ഇത്തരം വാസസ്ഥലങ്ങൾ നിർമ്മി ക്കപ്പെടാറുള്ളത്.[5]

3. തർസ്റ്റന്റെ South Inidan Castes and Tribes, അനന്ത കൃഷ്ണയ്യരുടെ Cochin Tribes and Castes, Travancore Tribes and Castes, എൽ.കെ.അയ്യരും ബാലര ത്നവും കൂടിയെഴുതിയ Anthropology in India മുതലായ ഗ്രന്ഥങ്ങളിൽ കേരളത്തിലെ വിവിധ ഗോത്രസമുദായങ്ങളുടെ മതവിശ്വാസങ്ങളെപ്പറ്റിയും ആരാധനാസമ്പ്രദായങ്ങളെപ്പറ്റിയും വിസ്തരിച്ച് പ്രതിപാദിച്ചിട്ടുണ്ട്.
4. V.Rangacharya: The Prehistoric India. p.147
5. L.A.K. Iyer and L.K.Balaratnam: Anthropology in India, p.188

## സംഘകൃതികളിലെ ദൈവങ്ങൾ

മരിച്ചുപോയ കാരണവൻമാരെ ദൈവങ്ങളാക്കുന്ന സമ്പ്രദായം സംഘംകൃതികളുടെ കാലത്തും നിലവിലുണ്ടായിരുന്നു. യുദ്ധങ്ങളിൽ വീരമരണം പ്രാപിച്ച പടയാളികളുടെ സ്മരണയ്ക്കായി വീരക്കല്ലുകൾ കുഴിച്ചുനാട്ടി ആരാധിക്കുക പതിവായിരുന്നുവെന്ന് അകനാനൂറിലേയും പുറനാനൂറിലേയും ചില പാട്ടുകൾ വ്യക്തമാക്കുന്നു. വീരക്കല്ലല്ലാതെ മറ്റൊരു ദൈവവുമില്ല എന്നുവരെ ഒരു പാട്ടിൽ സ്തുതിക്കപ്പെടുന്നുണ്ട്. തൊൽകാപ്പിയത്തിൽ പുറന്തിണൈയുടെ സ്വഭാവത്തെക്കുറിച്ച് പറയുന്ന ഭാഗത്തിൽ യുദ്ധംചെയ്തു വീരമൃത്യുവരിച്ച യോദ്ധാവിന്റെ സ്മാരകമായി കല്ലുനാട്ടുന്നതിനെപ്പറ്റിയും ആ വീരക്കല്ലിന് ആദരബഹുമാനങ്ങളർപ്പിക്കുന്നതിനെപ്പറ്റിയും പരാമർശിച്ചിരിക്കുന്നു.[6] മരിച്ച യോദ്ധാവിന്റെ പേർ കല്ലിൽ കൊത്തിവയ്ക്കുക, അദ്ദേഹത്തിന്റെ ആയുധങ്ങളും മറ്റുപകരണങ്ങളും ആ കല്ലിന്റെ ചുവട്ടിൽ കുഴിച്ചിടുക, ചുവന്ന പുഷ്പങ്ങളും മയിൽപ്പീലികളും പൂജിക്കുക, കള്ളുനിവേദിക്കുക മുതലായ ആചാരങ്ങളുമുണ്ടായിരുന്നു.

സംഘകാലത്തെ ജനങ്ങൾ ബഹുദൈവവിശ്വാസികളായിരുന്നു. ഓരോ തിണയ്ക്കും പ്രത്യേകം പ്രത്യേകം ദൈവമുണ്ടായിരുന്നു. തൊൽകാപ്പിയമനുസരിച്ച് മുല്ലനിലത്ത് മായോനും (കറുത്ത നിറമുള്ള ദൈവം) കുറുഞ്ചിനിലത്ത് ചേയോനും (ചുവപ്പുനിറമുള്ള ദൈവം), മരുതനിലത്ത് വേന്തനും (ഇന്ദ്രൻ) നെയ്തൽ നിലത്ത് വരുണനുമായിരുന്നു പ്രധാന ദൈവങ്ങൾ.[7]

ശിവൻ, മുരുകൻ, ബലരാമൻ മുതലായ ദൈവങ്ങളെപ്പറ്റിയും സംഘംകൃതികളിൽ പരാമർശമുണ്ട്. എന്നാൽ കൊറ്റവൈ എന്ന സ്ത്രീ ദൈവത്തിനായിരുന്നു ഏറ്റവുമധികം പ്രാധാന്യം. ഈ ദൈവത്തിന്, അമരി, കുമരി, കവുരി, ചമരി, പൂലി, നീലി, ചങ്കരി എന്നിങ്ങനെ പല പേരുകളുമുണ്ട്. പിന്നീട് ദുർഗ, കാളി മുതലായ പേരുകളിൽ അറിയപ്പെട്ടു

6. തൊൽകാപ്പിയം, പുറന്തിണൈ ഇയൽ, 63

7. മായോൻ മേയ കാടുറെ ഉലകമും
ചേയോൻ മേ. മൈവരൈ ഉലകമും
വേന്തൽ മേയ തീംപുനൽ ഉലകമും
വരുണൻ മേയ പെരുമണൽ ഉലകമും
മുല്ലൈ കുറിഞ്ചി മരുതം നെയ്തൽ എന
ച്ചൊല്ലിയ മുറൈയാൻ ചൊല്ലവും പടുമേ
തൊൽകാപ്പിയം, അകത്തിണൈ, 5

പോന്നതും ഈ ദൈവമാണ്. യുദ്ധങ്ങളിൽ വിജയം നേടുന്നതിന് കൊറ്റവൈയുടെ സഹായം തേടുക പതിവായിരുന്നു. കൊറ്റവൈയ്ക്കു കോഴി, ആട് മുതലായവയുടെ ഇറച്ചിയും ചോരയും വളരെ ഇഷ്ടമായിരുന്നു. അതുകൊണ്ട് വിജയാഘോഷവേളകളിൽ ധാരാളം ആടുമാടുകളും കോഴികളും ബലിയർപ്പിക്കപ്പെടുക പതിവായിരുന്നു. കള്ളും വഴിപാടിന്റെ ഒരു മുഖ്യഭാഗമായിരുന്നു. ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയ ഒരു ദേവതയായിരുന്നു കൊറ്റൈവ. ശത്രുക്കളിൽ നിന്നും രക്ഷപ്പെടാനും അതിവൃഷ്ടിയും അനാവൃഷ്ടിയും ഒഴിവാക്കുവാനും പകർച്ചവ്യാധികൾ നീങ്ങിക്കിട്ടാനും സ്വത്തുക്കൾ വർദ്ധിക്കാനും എല്ലാം ഈ അമ്മദൈവത്തിന്റെ സഹായമാവശ്യമാണെന്നായിരുന്നു ജനങ്ങളുടെ വിശ്വാസം.

സംഘകാലത്തിലെ ജനങ്ങൾക്ക് ഭൂതപ്രേതാദികളിലും വിശ്വാസമുണ്ടായിരുന്നു. നാളങ്കാടിപ്പൂതം, വെള്ളിടൈമന്റ്പ്പൂതം തുടങ്ങിയ പല ഭൂതങ്ങളെപ്പറ്റിയും പരാമർശങ്ങളുണ്ട്. തങ്ങളെ ദ്രോഹിക്കാനിടയുള്ള ദുർഭൂതങ്ങളെ കോഴിയും മറ്റും ബലികൊടുത്തു തൃപ്തിപ്പെടുത്താൻ അവർ ശ്രദ്ധിച്ചിരുന്നു. വീടിന്റെ തട്ടിൻപുറത്ത് വേപ്പിന്റെ ഇലകൾ തൂക്കിയിട്ടാൽ ഭൂതങ്ങൾ ഒഴിഞ്ഞുമാറിപ്പോയിക്കൊള്ളും എന്ന ഒരു വിശ്വാസവും നിലനിന്നിരുന്നതായി കാണുന്നു. ജ്യോതിഷത്തിലും ശകുനത്തിലും മറ്റും ജനങ്ങൾക്ക് വിശ്വാസമുണ്ടായിരുന്നു എന്ന് പുറനാനൂറിലെ ചില പാട്ടുകൾ വ്യക്തമാക്കുന്നു. പല്ലിയുടെ ശബ്ദം ശുഭസൂചകമായിട്ടാണ് കരുതപ്പെട്ടിരുന്നത്. കൊള്ളിനക്ഷത്രം വീഴുന്നത് ജനങ്ങൾക്ക് മാത്രമല്ല രാജാവിനും കൂടി എന്തോ അത്യാപത്തടിത്തിട്ടുണ്ടെന്നതിന്റെ സൂചനയായിരുന്നു. ഒരു നക്ഷത്രം വീഴുന്നതുകണ്ടപ്പോൾ താൻ ദുഃഖപരവശനായി എന്നും അതിന്റെ ഏഴാം ദിവസമാണ് ചേരൻ ഇരുമ്പൊറൈ എന്ന രാജാവ് ദിവംഗതനായത് എന്നും പുറനാനൂറിലെ ഒരു പാട്ടിൽ കൂടലൂർ കീഴാർ എന്ന കവി വിലപിക്കുന്നതുകാണാം. ജീവനും ശരീരവും പരസ്പരം വേറിടുന്നതുകൊണ്ടാണ് മരണം സംഭവിക്കുന്നത് എന്നും മരണത്തിനുശേഷവും ജീവൻ നിലനിൽക്കുമെന്നും മറ്റുമുള്ള അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു.

എന്നാൽ പ്രാചീനകാലത്തുതന്നെ ശകുനം, പുനർജന്മം മുതലായവയിലൊന്നും വിശ്വാസമില്ലാത്ത ജനങ്ങളും ധാരാളമുണ്ടായിരുന്നുവെന്ന് സംഘംകൃതികളിലെ ചില പാട്ടുകൾ വെളിപ്പെടുത്തുന്നുണ്ട്. ഉദാഹരണത്തിന്, 'മനുഷ്യർ മരണാനന്തരം വീണ്ടും ജനിക്കുമെന്ന് വിശ്വസിക്കുന്നവരായാലും ശരി, പുനർജന്മത്തിൽ വിശ്വസമില്ലാത്തവരായാലും ശരി, ഇഹലോകത്തിൽ സൽപ്രവൃത്തികൾ ചെയ്യുകയാണാവശ്യം; ഹിമാലയത്തിന്റെ കൊടുമുടി പോലെയുള്ള തന്റെ പ്രശസ്തിയെ ഈ ലോക

ത്തിൽ നിലനിർത്തിക്കൊണ്ട് കുറ്റമറ്റ ജീവിതം നയിച്ചു മരിക്കുക എന്ന താണ് ശ്രേഷ്ഠമായ കാര്യം' എന്ന പുറനാനൂറിലെ ഒരു പാട്ടിൽ പ്രസ്താവിക്കുന്നു.[8] മുരുകൻ എന്ന ദൈവത്തെ വാഴ്ത്തുന്ന മറ്റൊരു പാട്ടിൽ 'പുനർജന്മത്തിൽ വിശ്വസിക്കാത്ത മൂഢൻമാർ നിന്റെ പാദങ്ങളിൽ വന്നു ചേരുകയില്ല' എന്നു പറയുന്നു.[9] നിന്റെ പാദങ്ങളിൽ വിശ്വാസമില്ലാത്ത വർ മൂഢൻമാരായിട്ടാണ് കണക്കാക്കപ്പെട്ടിരുന്നത് എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. അന്ധവിശ്വാസങ്ങളുടെ കൊടുമുടിയിൽ കയറി നിൽക്കു ന്നവർക്ക് ശാസ്ത്രീയമായ ഏതു വാദഗതിയും മൂഢത്വമായിട്ടേ തോന്നൂ എങ്കിൽ അത്ഭുതപ്പെടാനില്ലല്ലോ.

ആദ്യകാല സംഘം കൃതികളിൽ കള്ളും ഇറച്ചിയും മനുഷ്യർക്കും ദൈവങ്ങൾക്കും ഒരുപോലെ ഇഷ്ടമായിരുന്നു. പക്ഷേ, തിരുക്കുറൽ, പതി നെൺകീഴ് കണക്ക് മുതലായ പിൽക്കാല കൃതികളിൽ മദ്യമാംസാദി കൾ നിഷിദ്ധമായിട്ടാണ് കണക്കാക്കപ്പെടുന്നത്. ജൈനബുദ്ധമതങ്ങളുടെ സ്വാധീനശക്തിയുടെ ഫലമാണിതെന്ന് ചില പണ്ഡിതൻമാർ അഭിപ്രാ യപ്പെടുന്നു.

## ബുദ്ധമതം

അശോകചക്രവർത്തിയുടെ കാലം മുതൽക്കുതന്നെ ദക്ഷിണേന്ത്യ യിൽ ബുദ്ധമതം പ്രചരിക്കാൻ തുടങ്ങിയിരുന്നു. എങ്കിലും ആദ്യ സംഘം കൃതികളിൽ ബുദ്ധമതത്തിന്റെ സ്വാധീനം വളരെ കുറവാണ്. പുറനാ നൂറ്, മതുരൈക്കാഞ്ചി, നറ്റിണൈ എന്നീ കൃതികളിലെ ഏതാനും വരി കളിൽ മാത്രമാണ് ബുദ്ധമതത്തിന്റെ സ്വാധീനം കാണപ്പെടുന്നത് എന്ന് ചില പണ്ഡിതൻമാർ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ ചിലപ്പതികാരം, മണിമേഖല തുടങ്ങിയ പിൽക്കാലകൃതികളിൽ ബുദ്ധമതത്തിന്റെ സ്വാധീനം വളരെ പ്രകടമാണ്. കാവേരിപ്പട്ടണം, കാഞ്ചി, വഞ്ചി, മധുര തുടങ്ങിയ പ്രധാനപ്പെട്ട നഗരങ്ങളിലെല്ലാം ധാരാളം ബുദ്ധമത വിശ്വാ സികളുണ്ടായിരുന്നു എന്നതിന് ഈ കാവ്യം സാക്ഷ്യം വഹിക്കുന്നു. വഞ്ചിനഗരത്തിൽ പ്രശസ്തിയാർജ്ജിച്ച ഒരു ബുദ്ധവിഹാരമുണ്ടായിരു ന്നുവെന്നും സിലോണിൽനിന്ന് അനേകം ബുദ്ധഭിക്ഷുക്കൾ തങ്ങളുടെ

---

8. മാറിപ്പിറവർ ആയിനും, ഇമയത്തു
ക്കോടു ഉയർന്തന്നതം ഇചൈനടു
ത്തീതു ഇൽയാക്കൈയൊടു
മായ്തൽതവത്തലൈയേ. (പുറ. 214)

9. മറുപിറപ്പു ഇൽഎനും മട
വോരും ചേരാൽ നിന്നിഴൽ (പരിപാടൽ, 5)

മതം പ്രചരിപ്പിക്കാൻ വേണ്ടി കേരളത്തിൽ വന്നു താമസിച്ചിരുന്നുവെന്നും മറ്റുമുള്ള പല വിവരങ്ങളും മണിമേഖലയിൽ നിന്നു മനസിലാക്കാം. 'മഹാബോധിമരത്തിന്റെ ചുവട്ടിൽ ജ്ഞാനം നേടിയ ബുദ്ധന്റെ അനുയായികൾ ബുദ്ധധർമ്മം പ്രചരിപ്പിക്കുന്നതിനെപ്പറ്റി ചിലപ്പതികാരത്തിൽ പരാമർശിക്കുന്നു.'[10] മണിമേഖലയിൽ മാധവിയും മകൾ മണിമേഖലയും വഞ്ചിനഗരത്തിൽ വന്ന് പത്തിനീദേവിയുടെ പ്രതിഷ്ഠയെ സന്ദർശിക്കുന്ന ഒരു രംഗമുണ്ട്. പത്തിനീദേവി പ്രത്യക്ഷയായി മണിമേഖലയ്ക്കു നൽകുന്ന ഉപദേശങ്ങളിൽ ബുദ്ധമതമംഗീകരിക്കേണ്ടതിന്റെ പ്രാധാന്യമാണൂന്നുന്നത്. 'കാവേരി പട്ടണത്തിലെ ഏഴു ബുദ്ധവികാരങ്ങളെ ദർശിച്ച പുണ്യം നമുക്ക് ഉള്ളതുകൊണ്ട് ബുദ്ധഭഗവാന്റെ ഉപദേശം കേൾക്കാൻ നമുക്കിടവരും; അന്ന് ഐതിഹ്യമുപേക്ഷിക്കാനുള്ള ഭാഗ്യമുണ്ടാവും' എന്നും 'കുഞ്ഞേ, നീ ഈ അതിപ്രാചീനമായ വഞ്ചിനഗരത്തിൽ സഞ്ചരിച്ച് മറ്റെല്ലാ മതതത്ത്വങ്ങളേയും ഗ്രഹിച്ച് അവയിലൊന്നും സത്യമില്ലെന്നുകണ്ട് ഒടുവിൽ ബുദ്ധദേവന്റെ പിടകധർമ്മങ്ങളെ അനുസരിക്കും.' എന്നുംമറ്റുമാണ് ആ ഉപദേശങ്ങളിൽ അടങ്ങിയിരിക്കുന്നത്.[11]

ആദ്യകാല സംഘംകൃതികളിൽ ലളിതമായ ഒരാഹ്ലാദവായ്പും ജീവിതത്തെക്കുറിച്ചുള്ള ശുഭാപ്തി വിശ്വാസവും ഓളംവെട്ടുന്നതുകാണാം. എന്നാൽ, ചിലപ്പതികാരം മണിമേഖല തുടങ്ങിയ പിൽക്കാല കാവ്യങ്ങളിൽ ജീവിതത്തിലെ ദുഃഖങ്ങൾക്കും നിരാശകൾക്കുമാണ് അമിതമായ പ്രാധാന്യം കൽപ്പിക്കപ്പെട്ടിട്ടുള്ളത്. ബുദ്ധമതത്തിന്റെ സ്വാധീനശക്തിയാണ് ഈ മാറ്റത്തിന് കാരണമെന്ന് നീലകണ്ഠശാസ്ത്രി അഭിപ്രായപ്പെടുന്നു:

'സംഘകാലകൃതികൾക്ക് ഓജസു നൽകുന്ന സുഖജീവിതത്തെക്കുറിച്ചുള്ള ആഹ്ലാദഭരിതമായ വിശ്വാസം കാലക്രമത്തിൽ മനുഷ്യജീവിതത്തെപ്പറ്റിയുള്ള അശുഭാശങ്കകളെ മാറ്റുന്നു. ജീവിതത്തിലെ ദുഃഖങ്ങളെക്കുറിച്ചും ജീവിക്കാനുള്ള അഭിലാഷത്തെത്തന്നെ നിഷേധിക്കലാണ് ഒരേയൊരു രക്ഷാമാർഗ്ഗമെന്ന തത്ത്വത്തെക്കുറിച്ചുമുള്ള ബുദ്ധമതത്തിന്റെ ഊന്നലാണ് ഇതിനു കാരണമെന്ന് കാണാം. സംഘകാലത്തിന്റെ അവസാനത്തിൽ രചിക്കപ്പെട്ട ചില കവിതകളിൽത്തന്നെ അങ്ങിങ്ങായി കാണപ്പെട്ടിരുന്ന ഈ ശോകാത്മകത്വം മണിമേഖലയിൽ വളരെ സ്പഷ്ടമായി പ്രത്യക്ഷപ്പെടുന്നു. മരണത്തിന്റെ നിഷ്ഠുരതയെക്കുറിച്ചു ചിന്തിക്കാതെ കണ്ണുമടച്ച് ഇന്ദ്രിയസുഖങ്ങളിൽ ആഗമ്നരാവുന്ന മൂഢൻമാരെ അതു കഠിനമായി ആക്ഷേപിക്കുന്നു.'[12]

---

10. ചിലപ്പതികാരം - നാടുകാൺ, 11-14
11. മണിമേഖല - അധ്യായം 26
12. K.A. Neelakanta Sasthri, A History of South India, P. 138.

ജീവിതത്തിന്റെ ദുഃഖങ്ങളേയും നിരാശതകളേയുമാണ് ബുദ്ധമതം ഊന്നിയത് എന്നതു ശരിയാണ്. പക്ഷേ, ആ ദുഃഖങ്ങൾക്കും നിരാശതകൾക്കും ഭൗതികമായ ചില സാഹചര്യങ്ങളുണ്ടായിരുന്നു. എന്തെന്നാൽ, സംഘകാലത്തെ സാമൂഹ്യജീവിതം ക്ഷയോന്മുഖമാവുകയും അസമത്വങ്ങൾ വളരുകയും യഥാർത്ഥജീവിതത്തിൽ ദുഖങ്ങളും നിരാശകളും പടർന്നുപിടിക്കുകയും ചെയ്ത ഒരു ഘട്ടത്തിലാണ് തെക്കെ ഇന്ത്യയിൽ ബുദ്ധമതം ശക്തിയാർജ്ജിച്ചത്.

ക്രി.പി. 4-ാം നൂറ്റാണ്ടിനും ആറാം നൂറ്റാണ്ടിനും ഇടയിലുള്ള കാലത്തെ ഒരു അന്ധകാരയുഗമായിട്ടാണ് ചില ദക്ഷിണേന്ത്യൻ ചരിത്രകാരൻമാർ ചിത്രീകരിക്കാറുള്ളത്. കളഭ്രൻമാർ എന്ന പേരിലറിയപ്പെടുന്ന ഒരു കൂട്ടർ ചേര-ചോഴ പാണ്ടി രാജ്യങ്ങളെ താറുമാറാക്കി വിപുലമായ പ്രദേശങ്ങൾ കീഴടക്കി എന്നും പറയപ്പെടുന്നു. കളഭ്രൻമാരുടെ രാജാക്കൻമാർ ദുഷ്ടൻമാരായിരുന്നു എന്നും അവർ അക്കാലത്ത് നിലവിലുണ്ടായിരുന്ന രാജാക്കൻമാരെ നശിപ്പിക്കുകയും ബ്രാഹ്മണരെ അത്യധികം ദ്രോഹിക്കുകയും ചെയ്തുവെന്നും പിന്നീട് രചിക്കപ്പെട്ട ചില ശൈവവൈഷ്ണവ ഗ്രന്ഥങ്ങൾ രേഖപ്പെടുത്തുന്നു. ഇതിലെല്ലാം സത്യത്തിന്റെ അംശങ്ങളുണ്ടായിരിക്കാം. പക്ഷേ, എന്തായാലും കളഭ്രൻമാരുടെ കാലം അന്ധകാരയുഗമായിരുന്നു എന്നു പറയുന്നത് ശരിയല്ല. എന്തെന്നാൽ, നീലകണ്ഠശാസ്ത്രിയെപ്പോലെ പല ചരിത്രകാരൻമാരും ചൂണ്ടിക്കാണിക്കുന്നതുപോലെ, ഈ കാലഘട്ടത്തിലാണ് പതിനെൺകീഴ്കണക്ക്, ചിലപ്പതികാരം, മണിമേഖല തുടങ്ങിയ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടത്.[13] കാഞ്ചീപുരം ഒരു വലിയ ബുദ്ധമതകേന്ദ്രമായിത്തീർന്നതും തെക്കെ ഇന്ത്യയിലെ മിക്ക പ്രധാനപട്ടണങ്ങളിലും ബുദ്ധ-ജൈനവിഹാരങ്ങൾ ഉയർന്നുവന്നതും ഈ കാലത്താണ്. ചുരുക്കിപ്പറഞ്ഞാൽ, ബുദ്ധജൈനമതങ്ങളുടെ സ്വാധീനശക്തി ഏറ്റവുമധികം പരന്നുപിടിച്ച ഒരു കാലഘട്ടമാണ് കളഭ്രൻമാരുടെ കാലം എന്ന പേരിലറിയപ്പെടുന്നത്. എന്നാൽ ഈ സ്വാധീനശക്തി ഏറെക്കാലം നിലനിൽക്കുകയുണ്ടായില്ല. ക്രി.പി. 6-ാം നൂറ്റാണ്ടിനും 9-ാം നൂറ്റാണ്ടിനുമിടയിൽ ശൈവവൈഷ്ണവമതങ്ങൾ ആധിപത്യത്തിലേക്കുയർന്നതോടുകൂടി ബുദ്ധ ജൈനമതങ്ങളുടെ സ്വാധീനം മിക്കവാറും അസ്തമിച്ചു എന്നു പറയാം. നായനാർമാർ എന്ന പേരിലറിയപ്പെടുന്ന ശൈവസന്യാസികളും ആൾവാർമാർ എന്നപേരിലറിയപ്പെടുന്ന വൈഷ്ണവസന്യാസികളും പഴയ മതവിശ്വാസങ്ങളെ വെല്ലുവിളിക്കുകയും പുതിയ ഹിന്ദുമതവിശ്വാസങ്ങളുടെ അടിത്തറപാ

13. K.A. Neelakanta Sasthri, A History of South India, P. 139-40.

കുകയും ചെയ്തു. ഫ്യൂഡലിസത്തിന്റെ അടിസ്ഥാനത്തിലുയർന്നുവന്ന പുതിയ രാജവംശങ്ങളാണ് ഈ ഗതിക്രമത്തെ ത്വരിതപ്പെടുത്തുന്നത്.

കേരളത്തിൽ ബുദ്ധമതത്തിന് വലിയ പ്രചാരമുണ്ടായിരുന്നു എന്നതിന് തെളിവുകളുണ്ട്. മാവേലിക്കര, ഭരണിക്കാവ്, കരുനാഗപ്പള്ളി, കുന്നത്തൂർ താലൂക്കിലെ പള്ളിക്കൽ, കൊടുങ്ങല്ലൂരിനടുത്തുള്ള ആല എന്നിങ്ങനെ പല സ്ഥലങ്ങളിൽ നിന്നും പഴയ ബുദ്ധമത വിഗ്രഹങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ബുദ്ധമതത്തിന്റെ പ്രവാചകനായ ഗൗതമബുദ്ധൻ ദൈവവിശ്വാസിയായിരുന്നില്ല. പക്ഷേ, അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെതന്നെ ഒരു ദൈവമാക്കിമാറ്റി. അതിന്റെ ഫലമായിട്ടാണ് ബുദ്ധന്റെ കൽപ്രതിമകളെ പൂജിക്കുക എന്ന സമ്പ്രദായം നടപ്പിൽവന്നത്.

ക്രി.പി. 7-ാം നൂറ്റാണ്ടായപ്പോഴേക്കും കേരളത്തിൽ ബുദ്ധമതത്തിന്റെ പ്രചാരം കുറഞ്ഞുപോയി എന്നു കരുതാൻ ന്യായമുണ്ട്. 7-ാം നൂറ്റാണ്ടിൽ ഇന്ത്യ സഞ്ചരിച്ച ഹ്യുവാൻസാങ് എന്ന ചൈനീസ് സഞ്ചാരി അക്കാലത്ത് തെക്കെഇന്ത്യയിൽ നിലവിലുണ്ടായിരുന്ന ബുദ്ധമതത്തിന്റെ സ്ഥിതിയെപ്പറ്റി പ്രതിപാദിപ്പിച്ചിട്ടുണ്ട്. ദ്രാവിഡത്തിൽ നൂറു ബുദ്ധവിഹാരങ്ങളും പതിനായിരം ബുദ്ധഭിക്ഷുക്കളുമുണ്ടായിരുന്നെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു. പക്ഷേ, കേരളത്തിലെ സ്ഥിതി അത്ര മെച്ചമായിരുന്നില്ല. 'മലകൂട'ത്തിലെ ബുദ്ധവിഹാരങ്ങൾ ക്ഷയിച്ചുവരികയായിരുന്നുവെന്നും അവിടെ ബുദ്ധഭിക്ഷുക്കൾ വളരെ കുറവായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. പാണ്ഡിനാടും കേരളവും കൂടിച്ചേർന്ന പ്രദേശത്തിനാണ് മലകൂടം അല്ലെങ്കിൽ മലയകൂടമെന്നു പറഞ്ഞിരുന്നത് എന്ന് ചില ചരിത്രകാരൻമാർ വ്യക്തമാക്കിയിട്ടുണ്ട്.[14]

## ഹിന്ദുമതം

ശിവഭക്തിയുടെയും വിഷ്ണുഭക്തിയുടെയും അടിസ്ഥാനത്തിൽ ബുദ്ധജൈനമതങ്ങളെ പരാജയപ്പെടുത്തിക്കൊണ്ടുയർന്നുവന്ന ഹിന്ദുമതം പഴയ സംഘകാല വിശ്വാസങ്ങളിലേക്കുള്ള ഒരു തിരിച്ചുപോകലായിരുന്നില്ല. എന്തെന്നാൽ പരാജയപ്പെട്ട ജൈനബുദ്ധമതങ്ങളുടെ ചില സവിശേഷസ്വഭാവങ്ങളും ചടങ്ങുകളും ആചാരവിധികളായിത്തീർന്നു. ഉദാഹരണത്തിന്, ശിലായുഗത്തിലെ ജനങ്ങൾക്കാകട്ടെ, സംഘംകൃതികളുടെ കാലത്തെ ജനങ്ങൾക്കാകട്ടെ, ക്ഷേത്രങ്ങളും പള്ളികളും ഒന്നുമുണ്ടായിരുന്നില്ല. വീടുകളിൽവെച്ചോ, ആൽ, പാല, കാഞ്ഞിരം തുടങ്ങിയ വൃക്ഷങ്ങളുടെ തണലുകളിൽ മേൽപ്പുരയില്ലാത്ത പ്രത്യേക സ്ഥലങ്ങ

14. K.A. Neelakanta Sasthri, Proceedings of the Oriental Conference, 1930. P.176.

ളിൽവെച്ചോ ആണ് പൂജകളും പ്രാർത്ഥനകളും മറ്റും നടത്തപ്പെട്ടിരുന്നത്. എന്നാൽ ബുദ്ധമതത്തിന്റെ പ്രചാരത്തോടുകൂടി കോവിലുകളും വിഹാരങ്ങളും പ്രത്യക്ഷപ്പെട്ടു. ബുദ്ധപ്രതിമകളെ പൂജിക്കൽ ഒരു പ്രധാന മതച്ചടങ്ങായിത്തീർന്നു. ഇത്തരം ആചാരച്ചടങ്ങുകൾ ശൈവ വൈഷ്ണവമതങ്ങളുടെ ആവിർഭാവത്തിനു ശേഷവും നിലനിർത്തപ്പെട്ടു. ഹിന്ദുരാജാക്കൻമാരുടെ നേതൃത്വത്തിൽ വലിയ വലിയ ശിവക്ഷേത്രങ്ങളും വിഷ്ണുക്ഷേത്രങ്ങളും നിർമ്മിക്കപ്പെട്ടു. പലേടത്തും ബുദ്ധവിഹാരങ്ങൾതന്നെ ഹിന്ദുക്ഷേത്രങ്ങളായി മാറ്റപ്പെട്ടു. ബുദ്ധപ്രതിമകൾ പലതും ഹിന്ദുദൈവങ്ങളുടെ പ്രതിമകളായിത്തീർന്നു. കേരളത്തിലെ കിളവൂർ, നിലമ്പേരൂർ മുതലായ സ്ഥലങ്ങളിൽ ഇന്നും പഴയ ബുദ്ധ ബിംബങ്ങൾ വിഷ്ണുവിന്റെയും ഭഗവതിയുടെയും മറ്റും ബിംബങ്ങളായി പൂജിക്കപ്പെട്ടുവരുന്നുണ്ട് എന്ന് പി.സി.അലക്സാണ്ടർ ചൂണ്ടിക്കാണിക്കുന്നു.[15]

ഹിന്ദുമതത്തിലെ പരിഷ്ക്കരിച്ച പുതിയ ദൈവങ്ങൾ പഴയ ദൈവങ്ങളെയും പഴയ മതവിശ്വാസങ്ങളേയും പൂർണ്ണമായി തുടച്ചുനീക്കുകയുണ്ടായില്ല. പുതിയ ദൈവങ്ങളുടെ കൂടെ പഴയ ദൈവങ്ങളും നിലനിന്നുപോന്നു. ബുദ്ധമതത്തിന്റെ ആവിർഭാവത്തിനു മുമ്പുണ്ടായിരുന്ന പുനർജന്മവിശ്വാസം, ഭൂതപ്രേതപൂജകൾ മുതലായവപോലും ഹിന്ദുമതത്തിന്റെ ഘടകങ്ങളായി അംഗീകരിക്കപ്പെട്ടു.

ഇങ്ങനെ ക്രി.പി. 7-ാം നൂറ്റാണ്ടിനുശേഷം ഉയർന്നുവന്ന ഹിന്ദുമതം ആര്യൻമാരുടെ പഴയ ബ്രാഹ്മണമതത്തിൽ നിന്ന് വളരെ വ്യത്യസ്തമാണ്. യഥാർത്ഥത്തിൽ ഉത്തരേന്ത്യയിലെ വൈദികമതവിശ്വാസങ്ങളും ജൈനബുദ്ധമതവിശ്വാസങ്ങളും പ്രാകൃതഗോത്രസമുദായങ്ങളുടെ വിശ്വാസങ്ങളും ഫ്യൂഡലിസത്തിന്റെ അവിഭാജ്യഘടകമായ ജാതിവ്യവസ്ഥയും എല്ലാം കൂടിച്ചേർന്ന് ലയിച്ചുകൊണ്ടാണ് ഹിന്ദുമതം രൂപംകൊണ്ടത്.

ദക്ഷിണേന്ത്യയിലെ ജനങ്ങളുടെ സംസ്കാരവും ഉത്തരേന്ത്യയിലെ ആര്യൻമാരുടെ സംസ്കാരവും പരസ്പരം പൊരുത്തപ്പെടാനാവാത്ത വിധം വിഭിന്നങ്ങളാണെന്നും ഈ രണ്ടു സംസ്കാരങ്ങളും തമ്മിൽ ഒരിക്കലും യോജിക്കുകയില്ലെന്നും തമിഴ്നാട്ടിലെ ചില ചരിത്രകാരൻമാർ വാദിക്കുന്നുണ്ട്. തികച്ചും തെറ്റായ ഈ വാദത്തെ എതിർക്കുന്ന മറ്റു ചില ചരിത്രകാരൻമാരാകട്ടെ, ക്രിസ്ത്വബ്ദത്തിനു വളരെ മുമ്പുമുതൽക്കുതന്നെ ആര്യസംസ്കാരവും അനാര്യൻമാരായ ദ്രാവിഡരുടെ സംസ്കാരവും കൂടിച്ചേർന്ന ഒരു തരം മിശ്ര സംസ്കാരമാണ് ഇന്ത്യ

15. P.C.Alexander: Budhism in Kerala, P. 75

യിൽ നിലനിന്നുപോന്നിട്ടുള്ളത് എന്നും വാദിക്കുന്നു. സംഘംകൃതികളുടെ കാലമായപ്പോഴേയ്ക്കുതന്നെ ആര്യൻമാരുടെ സംസ്കാരവും മതവിശ്വാസങ്ങളും തെക്കെ ഇന്ത്യയിൽ ആധിപത്യം നേടാൻ തുടങ്ങിക്കഴിഞ്ഞിരുന്നു എന്നുപോലും ചിലർ വാദിക്കുന്നുണ്ട്. ആര്യൻമാരുടെ സംസ്കാരവും ദക്ഷിണേന്ത്യയിലെ ആദിമനിവാസികളുടെ സംസ്കാരവും കൂടിച്ചേർന്ന് ലയിച്ച ഒരു സവിശേഷ മിശ്രസംസ്കാരത്തെയാണ് സംഘംകൃതികൾ പ്രതിഫലിപ്പിക്കുന്നത് എന്നാണ് മറ്റുചില പണ്ഡിതൻമാരുടെ അഭിപ്രായം. ഉദാഹരണത്തിന് സംഘകാലത്തുതന്നെ 'മതത്തിന്റെയും സദാചാരനീതിയുടെയും രംഗങ്ങളിൽ ഉത്തരേന്ത്യൻ ആശയങ്ങൾ ഏറ്റവും പ്രകടമായിക്കാണാം.' എന്ന് നീലകണ്ഠശാസ്ത്രി പ്രസ്താവിക്കുന്നു.[16] കെ.കെ.പിള്ള എഴുതുന്നതിങ്ങനെയാണ്.

'ദേവൻമാരുടെ ഈ വിലയനം ഏതുകാലത്താണ് സംഭവിച്ചതെന്ന് തീർത്തുപറയുക എളുപ്പമല്ല. ബി.സി. മൂന്നാം നൂറ്റാണ്ടുമുതൽക്ക് ജൈനരുടെയും ബൗദ്ധൻമാരുടെയും ആദർശങ്ങൾ തുളച്ചുകേറിത്തുടങ്ങിയപ്പോൾ ഒരു പക്ഷേ അതിന്റെ പ്രത്യയസ്ത്രങ്ങളായി ബ്രാഹ്മണരുടെ സ്വാധീനശക്തി രൂപംകൊണ്ടതാവാം. ബ്രാഹ്മണരുടെയും ദ്രാവിഡരുടെയും മതാചാരങ്ങൾ തമ്മിൽ കൂടിച്ചേർന്നു. അതോടെ ഹിന്ദുമതത്തിന് ദക്ഷിണേന്ത്യയിൽ ഒരു പുതിയ ഓജസും കൈവന്നു. എങ്കിലും ഹിന്ദുമതത്തിനും ജൈനമതത്തിനും ബുദ്ധമതത്തിനും തമ്മിലുള്ള ബന്ധം സമീപകാലത്ത് സുശ്ളിഷ്ടമായിരുന്നു.'[17]

സംഘംകൃതികളെ സൂക്ഷ്മമായി പരിശോധിച്ചാൽ ഇത്തരം വാദങ്ങൾക്ക് പറയത്തക്ക അടിസ്ഥാനമൊന്നുമില്ലെന്ന് കാണാം. സംഘകാലത്തുതന്നെ ഉത്തരേന്ത്യാക്കാരും ദക്ഷിണേന്ത്യാക്കാരും തമ്മിലുള്ള സാമ്പത്തിക-സാമൂഹ്യബന്ധങ്ങൾ നിലനിന്നിരുന്നു എന്നത് ശരിയാണ്. ഭാരതരാമായണാദി പുരാണേതിഹാസങ്ങളിലെ കഥകളും മറ്റും ചില സംഘംകൃതികളിൽ പാരമർശിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതും ശരിയാണ്. ഏതാനും ചില ആര്യദൈവങ്ങളെപ്പറ്റി പരാമർശങ്ങളുണ്ട്. പക്ഷേ, ഇതിന്റെ അർത്ഥം ആ പ്രാചീനകാലത്തുതന്നെ ആര്യസംസ്കാരം ഇന്ത്യയിലൊട്ടുക്കും പ്രചരിച്ചുകഴിഞ്ഞു എന്നോ ഏകീകൃതമായ ഒരു ഭാരതീയ സംസ്കാരം ഉടലെടുത്തുകഴിഞ്ഞു എന്നോ അല്ല. വാസ്തവത്തിൽ ഇന്ത്യയുടെ സാമൂഹ്യജീവിതം അസമമായിട്ടാണ് വളർന്നത്. അതിൻഫലമായി വിഭിന്നപ്രദേശങ്ങളിലും വിഭിന്ന ജനവിഭാഗങ്ങൾക്കിടയിലും വിഭിന്ന

16. K.A.NeelakantaSasthri: A History of South India, p.137.

17. കെ.കെ.പിള്ള: ദക്ഷിണ ഇന്ത്യാ ചരിത്രം, പേജ്. 89, 90.

ഗോത്രങ്ങൾക്കിടയിലും വ്യത്യസ്ത നിലവാരത്തിലുള്ള സംസ്കാരങ്ങൾ തമ്മിൽ സംഘട്ടനങ്ങൾ മാത്രമല്ല, യോജിപ്പുകളുമുണ്ടായിട്ടുണ്ട്. ബ്രാഹ്മണമതം, ബുദ്ധമതം, ക്രിസ്തുമതം, ഇസ്ളാം മതം മുതലായ മതങ്ങൾപോലും തമ്മിൽതമ്മിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു കാണാം. ഫ്യൂഡൽ കാലഘട്ടത്തിലാണ് ഈ വ്യത്യസ്ത സംസ്കാരങ്ങളിലും വിശ്വാസങ്ങളിലും ചില പൊതുഘടകങ്ങൾ പ്രത്യക്ഷപ്പെടുകയും ഏകീകൃതമായ ഒരു ഭാരതീയ സംസ്കാരത്തിന്റെ അടിത്തറ പാകപ്പെടുകയും ചെയ്തത്. മുതലാളിത്തോൽപ്പാദരീതിയുടെ ആവിർഭാവവും പിന്നീട് ബ്രിട്ടീഷ് സാമ്രാജ്യാധിപത്യത്തിനെതിരായി നടത്തപ്പെട്ട സമരങ്ങളും ഐക്യത്തിന്റെ പ്രവണതകളെ വളർത്താൻ സഹായിക്കുകയും ചെയ്തു. പക്ഷേ, ഇന്ത്യയിലെ വ്യത്യസ്ത സംസ്കാരങ്ങൾ തമ്മിലുള്ള പൂർണ്ണമായ ഒരു ലയനം ഇനിയും നടപ്പിലായിട്ടില്ല. ഇന്ത്യയുടെ സാംസ്കാരികജീവിതത്തിൽ പ്രാദേശികമായ പല വ്യത്യാസങ്ങളും ഇന്നും നിലനിൽക്കുന്നുണ്ട്. മറ്റൊരുവിധം പറഞ്ഞാൽ ഏകത്വം നിലനിൽക്കുന്നത് നാനാത്വത്തിലൂടെയാണ്. കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഇത് കൂടുതൽ വ്യക്തമാവും.

## ഭഗവതിയും പാമ്പും

ദക്ഷിണേന്ത്യയിൽതന്നെ മറ്റു ഭാഗങ്ങളിൽ ബുദ്ധമതത്തിന്റെ തകർച്ചക്കുശേഷം പുരുഷദൈവങ്ങൾക്കാണ് ഏറ്റവുമധികം പ്രാധാന്യം ലഭിച്ചത്. കൃഷ്ണൻ, ശിവൻ, അയ്യപ്പൻ, വേട്ടയ്ക്കൊരുമകൻ തുടങ്ങിയ പരദൈവങ്ങൾ കേരളത്തിലും ആരാധിക്കപ്പെടാൻ തുടങ്ങിയെന്നത് ശരിയാണ്. എന്നാൽ, ക്രമത്തിൽ ഏറ്റവുമധികം പ്രാധാന്യം അമ്മദൈവങ്ങൾക്കാണ്. പി.സി.അലക്സാണ്ടർ ചൂണ്ടിക്കാണിക്കുന്നതുപോലെ, 'ബുദ്ധബിംബങ്ങൾ കണ്ടുകിട്ടിയ സ്ഥലങ്ങളിലെല്ലാം ഭഗവതിയെ പ്രതിഷ്ഠിച്ച ക്ഷേത്രങ്ങൾ കാണാമെന്നതാണ് രസകരമായ കാര്യം. ഭരണിക്കാവ്, കാവുമുടി, കിളിവൂർ എന്നിങ്ങനെയുള്ള സ്ഥലങ്ങളിലെല്ലാം ബുദ്ധബിംബങ്ങൾ കണ്ടുകിട്ടിയിട്ടുള്ളത് ക്ഷേത്രങ്ങളിൽ നിന്നോ അവയുടെ സമീപപ്രദേശങ്ങളിൽ നിന്നോ ആണ്. അവിടെയെല്ലാം പൂജിക്കപ്പെടുന്ന ദൈവം ഭഗവതിയാണുതാനും. ഭഗവതിപൂജ പ്രചാരത്തിൽ വന്നത് ബുദ്ധമതം ക്ഷയിച്ചതിനു ശേഷമായിരിക്കണം.'[18]

പുരുഷദൈവങ്ങളെക്കാളധികം സ്ത്രീദൈവങ്ങൾക്കു പ്രാധാന്യമുള്ള നാടാണ് കേരളം. മാതൃമേധാവിത്വത്തിന്റെ അടിസ്ഥാനത്തിലുള്ള

18. P.C.Alexander: Budhism in Kerala P.75

കാർഷിക സാമൂഹ്യവ്യവസ്ഥ സുശക്തമായി നിലനിന്നുപോന്നതാണി തിനു കാരണം. കുടുംബത്തിന്റെ നായികയും കൃഷിയുടെ സംരക്ഷക യുമായ സ്ത്രീ ഗോത്രത്തിന്റെ നാഥയെന്ന നിലയ്ക്ക് സമുദായത്തിൽ മാന്യത നേടിയ കാലത്താണ് അമ്മ ദൈവങ്ങളും ആരാധിക്കപ്പെട്ടത്. മാർഷൽ ചൂണ്ടിക്കാണിക്കുന്നതുപോലെ, 'പടിഞ്ഞാറൻ ഏഷ്യയിലെ അമ്മദൈവത്തെപ്പോലെതന്നെ ഈ അമ്മദൈവങ്ങളും മാതൃമേധാവിത്വ പരമായ ഒരു സാമൂഹ്യവ്യവസ്ഥയിൽ നിന്നാണ് ഉത്ഭവിച്ചത് എന്ന് ന്യായ മായും സങ്കൽപ്പിക്കാം.'

അമ്മദൈവത്തിന് കാളി, ഭഗവതി, നീലി എന്നിങ്ങനെ പല പേരുക ളുമുണ്ട്. കാളിക്കുതന്നെ പല രൂപങ്ങളുണ്ട്. കണ്ടങ്കാളിയും കരിങ്കാളി യുമാണ് കൂടുതൽ ശക്തിയുള്ള ദൈവങ്ങൾ. കോഴിയുടെയോ ആടി ന്റെയോ ചോര കിട്ടിയാലേ അവയ്ക്കു തൃപ്തിയാവൂ. വസൂരി, കോളറ മുതലായ പകർച്ചവ്യാധികളിൽ നിന്ന് ജനങ്ങളെ രക്ഷിക്കാൻ കാളിക്കു സാധിക്കുമെന്നാണ് വിശ്വസിക്കപ്പെടുന്നത്. നമ്പൂതിരിയും നായരും ഈഴ വനും ചില പ്രധാനപ്പെട്ട ഗോത്രസമുദായക്കാരും ഒരു രൂപത്തിലല്ലെ ങ്കിൽ മറ്റുരൂപത്തിൽ കാളിയെ പൂജിക്കുന്നവരാണ്. മിക്ക വീടുകളിലും കുലദേവതയായ ഭഗവതിയെ കുടിയിരുത്തിയിട്ടുണ്ടാവും. കൊല്ലത്തിലൊ രിക്കൽ ഭഗവതീസേവയോ ഗുരുതിയോ കോഴിവെട്ടുൾപ്പെടെയുള്ള മറ്റു ചടങ്ങുകളുമുണ്ടാവും. നമ്പൂതിരിമാരുടെ ഭഗവതി കോഴിച്ചോര കുടിക്കാ റില്ല. പക്ഷേ, ഗുരുതി തുടങ്ങിയ മറ്റു ചടങ്ങുകളാവശ്യമാണ്. മിക്ക നമ്പൂ തിരിയില്ലങ്ങളിലും ഭഗവതിയാണ് കുലദേവതയായി പൂജിക്കപ്പെടുന്നതും കേരളത്തിലെ നമ്പൂതിരിമാർ ആര്യബ്രാഹ്മണരല്ലെന്നുള്ളതിന് ഇത് മറ്റൊരു തെളിവാണ്.

ഭഗവതീക്ഷേത്രങ്ങൾക്ക് പൊതുവിൽ കാവുകൾ എന്നാണ് പറയാ റുള്ളത്. ആദ്യകാലത്ത് ക്ഷേത്രങ്ങളുണ്ടായിരുന്നില്ല. ഒരു ആൽമരത്തിന്റെ ചുവട്ടിൽ, അല്ലെങ്കിൽ ചെറിയൊരു മരക്കൂട്ടത്തിന്റെ നടുക്ക് കല്ലുകൊ ണ്ടുള്ള ബിംബംവെച്ചു പൂജിക്കുകയായിരുന്നു പതിവ്. മഴയും വെയിലും കൊള്ളാൻ ദൈവത്തിനു മടിയുണ്ടായിരുന്നില്ല. അയ്യപ്പന് അയ്യപ്പൻ കാവും വേട്ടക്കാരന് (വേട്ടയ്ക്കൊരു മകന്) വേട്ടക്കാരൻ കാവുമുണ്ട്. ഈ കാവുകളാണ് പിന്നീട് ക്ഷേത്രങ്ങളായിത്തീർന്നത്. ശിവൻ, വിഷ്ണു തുടങ്ങിയ പിൽക്കാല ദൈവങ്ങൾ ആദ്യംമുതൽക്കേ കാവുകളിലല്ല അമ്പ ലങ്ങളിലാണ് നിലനിന്നുപോന്നത്. ചേലനാട്ട് അച്യുതമേനോൻ ചൂണ്ടി ക്കാണിക്കുന്നതുപോലെ, 'അമ്പലങ്ങൾ പിന്നീടുണ്ടായവയാണെന്നതിന് ഇതുതന്നെ ഒരു വ്യക്തമായ തെളിവാണ്.'[19]

19. C.Achuthamenon: Krishnaswami Ayyangar: Commomeration Volume.

നമ്പൂതിരി, നായർ, ഈഴവൻ തുടങ്ങിയ ജാതിക്കാരുടെ മാത്രമല്ല, ക്രി.പി. 9-ാം നൂറ്റാണ്ടിനുശേഷം ആവിർഭവിച്ച എല്ലാ പുതിയ രാജവംശങ്ങളുടെയും കുലദേവത ഭഗവതി അല്ലെങ്കിൽ ഭദ്രകാളിയായിരുന്നു. ഓരോ രാജവംശത്തിനും ഓരോ കാവുമുണ്ടായിരുന്നു. ഉദാഹരണത്തിന് ചിറക്കൽ രാജാക്കൻമാരുടെ കുലദേവത മാടായിക്കാവിൽ ഭഗവതിയാണ്. ലേകനാർകാവിൽ കടത്തനാട്ടു രാജാക്കൻമാരുടെയും തിരുവളയനാട്ടിൽ സാമൂതിരി രാജാക്കൻമാരുടെയും തുരുമാന്ധാംകുന്നുകാവിൽ വള്ളുവനാട്ടു രാജാക്കൻമാരുടെയും പഴയന്നൂർകാവിൽ കൊച്ചിരാജാക്കൻമാരുടെയും കുലദേവതകൾ കുടികൊള്ളുന്നു. കൂട്ടത്തിൽ പറയട്ടെ, ഈ രാജവംശങ്ങളെല്ലാം 10-ാം നൂറ്റാണ്ടിനുശേഷം പിതൃമേധാവിത്വത്തിൽനിന്ന് മാതൃമേധാവിത്വത്തിലേയ്ക്ക് മാറിയവയാണെന്ന പത്മനാഭമേനോന്റെയും ഇളംകുളത്തിന്റെയും അഭിപ്രായങ്ങൾ തെറ്റാണെന്നതിന് ഇതു മറ്റൊരു തെളിവാണ്.

സർപ്പപൂജയാണ് കേരളീയ ജീവിതത്തിലെ മറ്റൊരു സവിശേഷത. പാമ്പുകൾ കോപിച്ചാൽ കുട്ടികളുണ്ടാവില്ലെന്നും കുഷ്ഠം മുതലായ രോഗങ്ങൾ പിടിപെടുമെന്നും വിശ്വസിക്കപ്പെടുന്നു. കുട്ടികളുണ്ടാവാൻ പാമ്പിനെ ഭജിച്ചാൽ മതി. മണ്ണ് ഫലപുഷ്ടിയുള്ളതായിത്തീരാനും കൃഷി നന്നാവാനും കന്നുകാലികൾക്ക് ആരോഗ്യമുണ്ടാവാനുമെല്ലാം പാമ്പുകളുടെ സഹായമാവശ്യമാണ്. ചുരുക്കത്തിൽ അഭിവൃദ്ധിയുടെ ദൈവമാണ് പാമ്പ്. ഈ വിശ്വാസത്തിന്റെ ഫലമായി പാമ്പുകളുടെ കാവുകൾ ഇന്നും നശിപ്പിക്കാതെ നിലനിർത്തപ്പെടുന്നുണ്ട്. കേരളത്തിൽ ആകെ പതിനയ്യായിരത്തോളം സർപ്പക്കാവുകളുണ്ടെന്ന് ഏതാണ്ടൊരു നൂറ്റാണ്ട് മുമ്പ് വാർഡും കോണെറും കണക്കാക്കുകയുണ്ടായി. അതിനുശേഷം അവയുടെ എണ്ണം വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് കൃഷ്ണയ്യരും ബാലരത്നവും ഉറപ്പിച്ചുപറയുന്നു. [20]

സർപ്പപൂജയും ഭഗവതിപൂജയും അപരിഷ്കൃതമായ ഗോത്രസമുദായക്കാർക്കിടയിലോ, പുലയർ, നായാടികൾ തുടങ്ങിയ 'അധഃകൃതജാതി'ക്കാർക്കിടയിലോ അല്ല, നേരെമറിച്ച് പരിഷ്ക്കരിച്ച നായർ, ഈഴവർ, നമ്പൂതിരി തുടങ്ങിയ ജാതിക്കാർക്കിടയിലാണ് കൂടുതൽ അടിയുറപ്പോടുകൂടി നിലനിന്നുവരുന്നത് എന്ന വസ്തുത എടുത്തുപറയത്തക്കതാണ്. ഇതിന്റെ കാരണമെന്തെന്ന് മുമ്പൊരദ്ധ്യായത്തിൽ വ്യക്തമാക്കിക്കഴിഞ്ഞിട്ടുണ്ട്. ഏതാണ്ടൊരു സഹസ്രാബ്ദത്തിനു മുമ്പുവരെ ഏറ്റവും

20. L.A.K. Aiyer and L.K. Balaratnam; Anthropology in India. p.198

പിന്നണിയിലായിരുന്ന ഗോത്രസമുദായങ്ങളിൽ നിന്നാണ് ഇന്നത്തെ നായരും നമ്പൂതിരിയും ഈഴവനും ഉയർന്നുവന്നത്. മാതൃമേധാവിത്വത്തോടൊപ്പം തങ്ങളുടെ അമ്മ ദൈവങ്ങളേയും അവർ ചരിത്രത്തിന്റെ മുൻപന്തിയിലേക്ക് കൊണ്ടുവന്നു. സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ ഒട്ടൊക്കെ പുരോഗതി നേടിക്കഴിഞ്ഞതിനുശേഷം പഴയ സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ, പഴയ ആശയങ്ങളും പഴയ മതവിശ്വാസങ്ങളുംഅവരെ വിട്ടൊഴിയാതെ പിടികൂടിക്കൊണ്ടിരിക്കുന്നു. ഇതാണ് അമ്മദൈവങ്ങളുടെ ശക്തിയുടെ അടിസ്ഥാനം.

# അധ്യായം പതിമൂന്ന്

# പ്രാചീനകേരളത്തിലെ വ്യാപാരബന്ധങ്ങൾ

ആര്യൻമാർ വടക്കേ ഇന്ത്യയിലെ സിന്ധുഗംഗാതീരങ്ങളിൽ കുടിയേറിപ്പാർക്കാൻ തുടങ്ങിയതിന് എത്രയോ മുമ്പുതന്നെ തെക്കെ ഇന്ത്യയിലെ ജനങ്ങൾ സംസ്കാരത്തിന്റെ പാതയിലൂടെ മുന്നേറാൻ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന വസ്തുത ഇപ്പോൾ മിക്കവാറും അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ ദ്രാവിഡരാണ് ആദ്യമായി കൃഷിപ്പണി ആരംഭിച്ചത് എന്ന് പല പണ്ഡിതൻമാരും വ്യക്തമാക്കിയിട്ടുണ്ട്.[1] കൃഷി മാത്രമല്ല, കൈവേല, കച്ചവടം മുതലായവ അഭിവൃദ്ധിപ്പെടാൻ തുടങ്ങിയിരുന്നു. കടലോരപ്രദേശങ്ങളിലെ ജനങ്ങൾ ഓടം, തോണി, പത്തേമ്മാരി, ചെറിയതരം മരക്കപ്പലുകൾ മുതലായവയുടെ നിർമ്മാണത്തിൽ വൈദഗ്ദ്യം നേടിക്കഴിഞ്ഞിരുന്നു. കടലിൽ നിന്ന് മീൻപിടിക്കാൻ മാത്രമല്ല, ദൂരദേശങ്ങളുമായി വ്യാപാരം നടത്താനും അവ ഉപയോഗിച്ചിരുന്നു. തെക്കെ ഇന്ത്യയിലെ പ്രാചീനനിവാസികളും ആര്യൻമാർക്കുമുമ്പുണ്ടായിരുന്ന സിന്ധൂതടത്തിലെ പ്രാചീനനിവാസികളും തമ്മിൽ വ്യാപാരബന്ധങ്ങളുണ്ടായിരുന്നുവെന്നതിന്റെ ചില തെളിവുകൾ ഹാരപ്പയിൽ നിന്നും മോഹൻജദോരയിൽ നിന്നും ലഭിച്ചിട്ടുണ്ട്. സിന്ധൂതട സംസ്കാരം ക്രി.മു. 3500 നും 2500 നുമിടയ്ക്കാണ് നിലനിന്നിരുന്നതെന്ന് സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടല്ലോ. അപ്പോൾ ചുരുങ്ങിയത് 4500 കൊല്ലങ്ങൾക്കു മുമ്പുമുതൽക്കെങ്കിലും ദക്ഷിണേന്ത്യക്കാർ അന്യനാട്ടുകാരുമായുള്ള വ്യാപാരബന്ധങ്ങളിലേർപ്പെട്ടുകഴിഞ്ഞിട്ടുണ്ടാവണം. പക്ഷേ, ഈ അതിപ്രാചീനമായ വ്യാപാരബന്ധങ്ങളെപ്പറ്റി പഠിക്കാൻവേണ്ട ചരി

1. John Hewell: Prehistoric Ruling Races.

ത്രപരമായ തെളിവുകൾ ഇപ്പോഴും അപര്യാപ്തങ്ങളും അതൃപ്തികരങ്ങളുമാണ്. അശോകചക്രവർത്തിക്കു മുമ്പുപയോഗിക്കപ്പെട്ട ചില പഴയ നാണ്യങ്ങൾ കേരളക്കരയിൽ നിന്ന് കണ്ടുകിട്ടിയിട്ടുണ്ട്. എന്നാൽ, അക്കാലത്തെ വ്യാപാരത്തിന്റെ സ്ഥിതി എന്തായിരുന്നു എന്നു വ്യക്തമല്ല. ഉത്തരേന്ത്യയുമായി മാത്രമല്ല, ആയിരമായിരം നാഴിക ദൂരത്തുകിടക്കുന്ന വിദേശരാജ്യങ്ങളുമായും ദക്ഷിണേന്ത്യക്കാർക്ക് വ്യാപാരബന്ധങ്ങളുണ്ടായിരുന്നുവെന്ന് പല ചരിത്രകാരൻമാരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ക്രിസ്ത്വബ്ദത്തിന് മൂവായിരം വർഷങ്ങൾക്ക് മുമ്പ് ബാബിലോണിയയിൽ ഉർബഗാസ് എന്ന രാജാവ് ഭരണം നടത്തിയിരുന്ന കാലത്ത് ഇന്ത്യയും ബാബിലോണിയയും തമ്മിൽ ധാരാളം കച്ചവടം നടന്നിരുന്നു എന്ന് ഡോക്ടർ സേയ്സ് പറയുന്നു. ക്രി.മു. 10-ാം നൂറ്റാണ്ടിൽ പാലസ്തീനിൽ രാജ്യഭാരം ചെയ്തിരുന്ന സോളമൻ കേരളക്കരയിൽനിന്ന് ആനക്കൊമ്പ്, ചന്ദനം, മയിലുകൾ മുതലായവ തന്റെ രാജ്യത്തേക്ക് വരുത്തിയിരുന്നുവത്രേ. അക്കാലത്ത് കാർത്തേജിലെ ഫിന്നീഷ്യക്കാരായിരുന്നുവത്രേ കേരളവുമായുള്ള വ്യാപാരബന്ധങ്ങളിൽ മുന്നിട്ടുനിന്നത്. കാർത്തേജ് പട്ടണത്തിന്റെ ഗോപുരവാതിലുകളിൽ കേരളത്തിൽ നിന്നും വരുത്തപ്പെട്ട ചന്ദനമരങ്ങൾകൊണ്ട് നിർമ്മിക്കപ്പെട്ടവയായിരുന്നുവെന്ന് ബോസ്വത്ത്സ്മിത്ത് എന്ന ഗ്രന്ഥകാരൻ പറയുന്നു. ക്രി.മു. 7-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ബാബിലോണിയയായിത്തീർന്നു ഏഷ്യയുടെ വ്യാപാരകേന്ദ്രം. യവനൻമാർ, ജൂതൻമാർ, ഫിന്നീഷ്യക്കാർ, ചൈനാക്കാർ, ഇന്ത്യാക്കാർ മുതലായ പല രാജ്യക്കാരും തങ്ങളുടെ ചരക്കുകൾ വിറ്റഴിക്കാൻ വേണ്ടി ബാബിലോണിയയിലെത്തിച്ചേർന്നിരുന്നുവത്രേ. ഏതാണ്ടിതേകാലത്ത് തെക്കെ ഇന്ത്യാക്കാരുടെ ഒരു കോളനി ബാബിലോണിയയിൽ സ്ഥാപിക്കപ്പെടുകയുണ്ടായെന്നും അത് ക്രി.പി. 7-ാം നൂറ്റാണ്ടുവരെ നിലനിന്നുവെന്നും ചില ചരിത്രകാരൻമാർ പറയുന്നു.[2] പിന്നീട് അലക്സാണ്ടർ ഈജിപ്ത് കീഴടക്കിയതിനുശേഷം സ്ഥാപിച്ച അലക്സാണ്ട്രിയ നഗരമായിത്തീർന്നു ഇന്ത്യയും യൂറോപ്പും തമ്മിലുള്ള വ്യാപാരത്തിന്റെ കേന്ദ്രം. ഈജിപ്തിൽ ടോളമി ഫിലിഡെൽഫസ് എന്ന രാജാവ് ഭരണം നടത്തിയിരുന്ന കാലത്താണ് അലക്സാണ്ട്രിയയിൽ ഇന്ത്യൻ സ്ത്രീകളും ഇന്ത്യൻ വേട്ടനായ്ക്കളും ഇന്ത്യൻ കാക്കകളും ഇന്ത്യൻ കുരുമുളകും കാണപ്പെട്ടിരുന്നുവത്രെ.[3]

ക്രി.മു. ഒന്നാംസഹസ്രാബ്ദത്തിന്റെ ഉത്തരാർദ്ധത്തിൽ ഗ്രീക്കുകാരായിരുന്നു യൂറോപ്പും ഇന്ത്യയും തമ്മിലുള്ള വ്യാപാരത്തിലെ ഇടത്ത

2. P.T.Sreenivasa Iyengar: History of Tamils P. 192.
3. P.T.Sreenivasa Iyengar: History of Tamils P. 193.

ട്ടുകാർ. ഗ്രീക്കുകച്ചവടക്കാരാണ് ഈജിപ്തിൽ നിന്ന് വീഞ്ഞ്, പിച്ചള, ഈയം ഗ്ലാസ് മുതലായവ വിറ്റഴിക്കാനും, കുരുമുളക്, വെറ്റില, മസ്ലിൻ തുണികൾ, ആനക്കൊമ്പ്, മുത്ത് മുതലായവ വാങ്ങിക്കൊണ്ടുപോകാനും വേണ്ടി കൊടുങ്ങല്ലൂരിലേക്ക് വന്നുകൊണ്ടിരുന്നത്.[4]

എന്നാൽ ക്രി.മു. ഒന്നാം നൂറ്റാണ്ടിൽ റോമാക്കാർ ഈജിപ്ത് കീഴടക്കിയതോടുകൂടി സ്ഥിതിമാറി. അതുമുതൽക്കാണ് റോമും കേരളവും തമ്മിലുള്ള വ്യാപാരബന്ധങ്ങൾ ശക്തിപ്പെട്ടത്. ഈ കാലഘട്ടംവരെ കേരളത്തിന് വിദേശവ്യാപാരത്തിലുണ്ടായിരുന്ന സ്ഥാനമെന്തെന്ന് മനസിലാക്കാൻ കൂടുതൽ ഗവേഷണങ്ങളാവശ്യമാണ്. എന്നാൽ, ക്രിസ്ത്വാബ്ദത്തിന് തൊട്ടുമുമ്പും ക്രിസ്ത്വാബ്ദം ആദ്യശതകങ്ങളിലും എന്തായിരുന്നു സ്ഥിതി എന്നു പഠിക്കാൻ അത്രതന്നെ വിഷമമില്ല. സംഘംകൃതികൾ, പുരാതനഗവേഷകൻമാർ കണ്ടെടുത്തിട്ടുള്ള നാണയങ്ങൾ, വിദേശീയരായ ഗ്രന്ഥകാരൻമാരെഴുതിവച്ചിട്ടുള്ള പുസ്തകങ്ങൾ മുതലായവയിൽ നിന്ന് പ്രാചീനകേരളത്തിന്റെ വ്യാപാരബന്ധങ്ങളെ സംബന്ധിച്ച ധാരാളം വിവരങ്ങൾ ലഭിക്കുന്നതാണ്.

## വെച്ചുമാറ്റത്തിൽ നിന്ന് നാണ്യവ്യവസ്ഥയിലേക്ക്

ഗോത്രസമുദായവ്യവസ്ഥയിൽനിന്ന് വർഗസങ്കീർണ്ണമായ ഒരു പരിഷ്ക്കരിച്ച സാമൂഹ്യവ്യവസ്ഥയിലേക്കുള്ള പരിവർത്തന ഘട്ടത്തിന്റെ ചില പ്രതിഫലനങ്ങൾ ആദ്യകാല സംഘംകൃതികളിൽ കാണാം. അതിനുമുമ്പുതന്നെ കൈമാറ്റവ്യവസ്ഥ ആരംഭിച്ചിട്ടുണ്ടാവണം. ആദ്യകാലത്ത് നാണയങ്ങളുണ്ടായിരുന്നില്ല. കൊള്ളകൊടുക്കകൾ നടന്നിരുന്നത് പണത്തിന്റെ സഹായമില്ലാതെയാണ്. ചരക്കുകൊടുത്ത് പകരം ചരക്കുവാങ്ങുക എന്ന ബാർട്ടർ സമ്പ്രദായമാണ്, അല്ലെങ്കിൽ വച്ചുമാറ്റസമ്പ്രദായമാണ്, നിലവിലുണ്ടായിരുന്നത്. 'കാന്തൾപ്പൂമാലകളും കൊലവില്ലുകളും ധരിച്ച വേടൻമാർ കാടുകളിൽ നിന്ന് ചുവന്ന കൊമ്പുകളോടുകൂടിയ കാട്ടുപശുക്കളെ വേട്ടയാടിക്കിട്ടുന്ന ഇറച്ചിയും മദയാനകളുടെ വെൺകൊമ്പുകളും ചീരാർന്ന കടത്തെരുവുകളിൽ കൊണ്ടുചെന്ന് വിറ്റുകിട്ടുന്നതൊക്കെ കൊടുത്ത് കള്ളുവാങ്ങികുടിച്ചുവരുന്ന പാലപ്രദേശനിവാസികളെപ്പറ്റി സംഘകൃതികളിൽ പരാമർശിക്കുന്നുണ്ട്. വേടർ കൊണ്ടുവന്ന മാനിറച്ചിയോ ഇടയർ കൊണ്ടുവന്ന തൈരോ വാങ്ങിവച്ച് പകരം വീട്ടിലെ മച്ചിൽ നിന്ന് നെല്ലെടുത്ത് കൊടുക്കുന്ന മരുതനിലത്തിലെ ധനാഢ്യകളായ സ്ത്രീകളെപ്പറ്റി പുറനാനൂറിലെ ഒരു പാട്ടിൽ വർണ്ണിച്ചിരിക്കുന്നു.' 'തേനും നെയ്യും കിഴങ്ങും കൊടുത്ത് പകരം മീനും കള്ളും നെല്ലും

4. Kanakasabhai: The Tamils Eighteen Hundred Years ago. p. 37

വാങ്ങിക്കൊണ്ടുപോകുന്നു; കരിമ്പും അവിലും കൊടുത്ത് പകരം കള്ളും മാനിറച്ചിയും വാങ്ങുന്നു.' എന്നിങ്ങനെ മറ്റൊരു കൃതിയിൽ പ്രസ്താവിക്കുന്നു.[5] ഉപ്പുകൊടുത്ത് നെല്ലുവാങ്ങുക, അവിൽകൊടുത്ത് കള്ളുവാങ്ങുക, തേനും കനികളും കൊടുത്ത് കള്ളും കരിമ്പും വാങ്ങുക - ഇങ്ങനെ ആദ്യകാലത്ത് നേരിട്ടുള്ള കൈമാറ്റമാണ് നടന്നിരുന്നത്. നെല്ലായിരുന്നു ഏറ്റവും ഉപയോഗകരമായ കൈമാറ്റച്ചരക്ക്. ഏതു ചരക്കും നെല്ലിനു വേണ്ടി കൈമാറുക, ആ നെല്ലുകൊടുത്ത് ആവശ്യമുള്ളപ്പോൾ ഇഷ്ടമുള്ള മറ്റു ചരക്കുകൾ വാങ്ങുക ഇങ്ങനെ ക്രമത്തിൽ കൈമാറ്റത്തിന്റെ മധ്യവർത്തിയെന്ന നിലയ്ക്ക് നെല്ലുപയോഗിക്കാൻ തുടങ്ങി. പിന്നേയും വളരെ കഴിഞ്ഞിട്ടാണ് ലോഹനാണ്യങ്ങൾ പ്രചാരത്തിൽ വന്നത്. ചേര-ചോഴ പാണ്ഡ്യരാജ്യങ്ങളുടെ നാണ്യങ്ങൾ പൊതുവിൽ ഈയം, ചെമ്പ് തുടങ്ങിയ വിലകുറഞ്ഞ ലോഹങ്ങൾകൊണ്ടാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഗവേഷകൻമാർ തെക്കെ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ചെമ്പുകൊണ്ടുള്ള ഒട്ടനവധി പ്രാചീന നാണ്യങ്ങൾ കണ്ടെടുത്തിട്ടുണ്ട്. ഒരു വശത്ത് കൈയിൽ കുന്തമോ വില്ലോ പിടിച്ചുനിൽക്കുന്ന ആളുകളുടെ ചിത്രങ്ങളോടു കൂടിയ ചെമ്പുനാണ്യങ്ങൾ ചോഴരാജാക്കൻമാരുടെയോ ചേരരാജാക്കൻമാരുടെയോ നാണ്യങ്ങളായിരിക്കാനിടയുണ്ടെന്ന് സെവെൽഫ് അനുമാനിക്കുന്നു.[6] വില കുറഞ്ഞ ഇത്തരം ലോഹനാണ്യങ്ങൾ വിദേശവ്യാപാരത്തിന് പറ്റിയവയായിരുന്നില്ല. എന്തെന്നാൽ, കയറ്റുമതികൾ ഇറക്കുമതികളേക്കാൾ കൂടുതലായിരുന്നതുകൊണ്ട് കേരളത്തിൽ നിന്ന് അന്യനാടുകളിലേയ്ക്ക് പണം കയറ്റി അയയ്ക്കേണ്ടിവരുന്നില്ല. മറിച്ച്, റോമൻ നാണ്യങ്ങളും മറ്റും കേരളത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു. അക്കാലത്ത് പ്രചരിച്ചിരുന്ന ധാരാളം വിദേശ നാണ്യങ്ങൾ കേരളത്തിലെയും മദിരാശിയിലെയും കാഴ്ചബംഗ്ലാവുകളിൽ സൂക്ഷിച്ചുവയ്ക്കപ്പെട്ടിട്ടുണ്ട്.

## കൊടുങ്ങല്ലൂർ

ചേരരാജാക്കൻമാരുടെ തലസ്ഥാനനഗരിക്കടുത്തു കിടന്നിരുന്നതും കപ്പലുകൾക്ക് കരയ്ക്കണയാൻ ധാരാളം സൗകര്യങ്ങളുണ്ടായിരുന്നതുമായ മുസിരീസ് അല്ലെങ്കിൽ കൊടുങ്ങല്ലൂർ ആയിരുന്നു അക്കാലത്ത് കേരളത്തിലെ ഏറ്റവും വലിയ വ്യാപാരകേന്ദ്രം. ഈജിപ്തുകാർ, ഫിനിഷ്യക്കാർ, ഗ്രീക്കുകാർ, റോമക്കാർ എന്നിങ്ങനെ വിവിധരാജ്യങ്ങളിൽ നിന്നുള്ള വിദേശികൾ കച്ചവടത്തിനുവേണ്ടി കൊടുങ്ങല്ലൂരിലേക്ക് വരി

5. പൊരുനർ ആറ്റുപ്പടൈ, 214-217
6. G.K. Banargee in a A Comprehensive History of India. P. 804.

കയുണ്ടായി. ആദ്യകാലത്ത് മധ്യധാരണാഴി പ്രദേശങ്ങളിലെ പട്ടണങ്ങളിൽ നിന്ന് ഫിനീഷ്യക്കാർ, ഈജിപ്തുകാർ തുടങ്ങിയ വിദേശവ്യാപാരികൾ കരയിൽ നിന്നു വളരെ വിട്ടകലാതെ സുദീർഘവും വിഷമംപിടിച്ചതും കടൽക്കള്ളൻമാരുടെ ഭീഷണിനിറഞ്ഞതുമായ കപ്പൽയാത്ര നടത്തിക്കൊണ്ടാണ് കൊടുങ്ങല്ലൂരിലെത്തിച്ചേർന്നത്. എന്നാൽ ക്രി.മു. 30ൽ ഈജിപ്ത് പിടിച്ചടക്കിയ അഗസ്റ്റസ് എന്ന റോമൻ ചക്രവർത്തി ഇന്ത്യയുമായുള്ള കച്ചവടം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി പുതിയൊരു കടൽമാർഗം കണ്ടുപിടിക്കുവാനുള്ള ശ്രമങ്ങളാരംഭിച്ചു. ക്രി.പി. ഒന്നാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ ക്ളോഡിയസിന്റെ ഭരണകാലത്ത് ഹിപ്പാലേസ് എന്ന സാഹസികനായ ഒരു നാവികത്തലവൻ തെക്കുപടിഞ്ഞാറൻ കാറ്റിന്റെ സഹായത്തോടുകൂടി അറബിക്കടലിന്റെ മദ്ധ്യത്തിലൂടെത്തന്നെ കപ്പലോടിച്ച് കൊടുങ്ങല്ലൂരിലെത്തിച്ചേരാൻ കഴിയുമെന്നു കണ്ടുപിടിച്ചു. ഈ കണ്ടുപിടുത്തം റോമും കേരളവും തമ്മിലുള്ള കച്ചവടത്തിന് പുതിയൊരു പ്രചോദനം നൽകുകയും ഒരു വ്യാപാരകേന്ദ്രമെന്ന നിലയ്ക്കുള്ള കൊടുങ്ങല്ലൂരിന്റെ അന്തസും പ്രശസ്തിയും പൂർവാധികം വർദ്ധിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് തന്നെയായിരിക്കാം ഹിപ്പാലസിന്റെ ധീരമായ സാഹസികത്വത്തിനുള്ള ഒരഭിനന്ദനമെന്ന നിലയ്ക്ക് തെക്കുപടിഞ്ഞാറൻ കാറ്റ് 'ഹിപ്പാലസ്' എന്ന പേരിലറിയപ്പെടാൻ തുടങ്ങിയത്.

ഉറപ്പും ഒതുക്കവുമുള്ള ഒരു സാമ്രാജ്യം കെട്ടിപടുക്കുകയും തെക്കുപടിഞ്ഞാറൻ കാറ്റ്, വടക്കുകിഴക്കൻ കാറ്റ് എന്നീ രണ്ടു കാലവർഷക്കാറ്റുകളുടെ സ്വഭാവവും ശക്തിയും സമയഭേദങ്ങളും മറ്റും മനസ്സിലാക്കുകയും ഫിനീഷ്യക്കാരുടെ കപ്പൽനിർമാണശാസ്ത്രം പഠിക്കുകയും ചെയ്തതുകൊണ്ടാണ് റോമക്കാർക്ക് ഇന്ത്യയും യൂറോപ്പും തമ്മിലുള്ള വ്യാപാരബന്ധങ്ങൾ അതിവേഗം പുഷ്ടിപ്പെടുത്താൻ കഴിഞ്ഞത്.[7] 'കാലവർഷക്കാറ്റിന്റെ ഉപയോഗം കണ്ടുപിടിച്ചതോടുകൂടി പൊതുവിൽ ഇന്ത്യൻ വ്യാപാരമാകെയും ഇന്ത്യൻ ചരക്കുകളുടെ റോമൻ ഇറക്കുമതികളും വളരെയധികം വർദ്ധിച്ചു. പൗരസ്ത്യനാടുകളിൽ നിന്നുള്ള സുഖഭോഗസാമഗ്രികളുടെ ഡിമാന്റിന് കൂടുതൽ പ്രചോദനം ലഭിച്ചു.'[8] എന്ന് വർമിങ്ടൺ ചൂണ്ടിക്കാണിക്കുന്നു. കാലവർഷക്കാറ്റിന്റെ ഗതാഗതസൗകര്യങ്ങളെ വളർത്താൻ സഹായിച്ചതുകൊണ്ടും റോമൻ സാമ്രാജ്യത്തിലേയ്ക്കിറക്കുമതി ചെയ്യപ്പെട്ട ഇന്ത്യൻ ചരക്കുകളുടെ വില കുറഞ്ഞുവെന്നും അദ്ദേഹം പ്രസ്താവിക്കുന്നു.[9]

---

7. Sir Robert Bristow: Cochin Saga P.15.

8. E.H.Warmington: The Commerce between the Roman Empire and India.

9. E.H.Warmington: The Commerce between the Roman Empire and India.

ക്രി. പി. 77 ൽ പ്ലീനി എന്ന റോമൻ ഗ്രന്ഥകാരൻ ഇങ്ങനെ എഴുതി:

'പിന്നെ കുറേക്കാലം കഴിഞ്ഞതിനുശേഷം അറേബിയയിലെ 'സീയാഗ്രസ്' എന്ന ദ്വീപിൽ നിന്ന് 'ഹിപ്പാലസ്' എന്ന് വിളിക്കപ്പെടുന്ന പടിഞ്ഞാറൻകാറ്റിന്റെ സഹായത്തോടുകൂടി 1435 നാഴിക ദൂരത്തുകിടക്കുന്ന പതാലേ' എന്ന സ്ഥലത്തേക്ക് നേരിട്ടു കപ്പലോടിക്കാവുന്നതാണെന്ന് കണ്ടുപിടിക്കപ്പെട്ടു.[10] ഈ കടലുകളിൽ കപ്പൽക്കച്ചവടക്കാർ ധാരാളമുള്ളതുകൊണ്ട് കപ്പലുകളിൽ വില്ലാളികളായ കുറെ ഭടൻമാരോടുകൂടിയാണ് എല്ലാക്കൊല്ലവും സമുദ്രയാത്ര ചെയ്തുവരുന്നത്. ഈജിപ്തിൽ നിന്നും നേരിട്ടുതന്നെ സമുദ്രയാത്ര ചെയ്യാൻ ശ്രമിക്കുന്നതായാൽ വളരെ നന്നായിരിക്കും. ആവക യാത്രയ്ക്കുള്ള ശരിയായ മാർഗ്ഗം ഇപ്പോളാദ്യമായി അറിയപ്പെട്ടിരിക്കുന്നുവല്ലോ. പ്രത്യേകം ആലോചിക്കേണ്ട കാര്യമാണിത്. കാരണം കൊല്ലംതോറും നമ്മുടെ രാജ്യത്തിൽ നിന്ന് അഞ്ചരക്കോടി 'സെഴ്സറ്റുകൾ' ഇന്ത്യയിൽ നിന്നുവരുന്ന സാധനങ്ങൾക്കായി നമ്മൾ കൊടുക്കുന്നു. ആ വക സാധനങ്ങളുടെ സ്വതവേയുള്ള വിലയുടെ നൂറിരട്ടിയ്ക്കാണ് നമ്മൾ വിൽക്കുന്നത്... എന്നാൽ ഇന്ത്യയിലേക്കു പോകുന്നവർക്ക് ആദ്യം 'ഓസലിസു' എന്ന സ്ഥലത്തുനിന്നു പുറപ്പെടുന്നതാണ് അധികം നല്ലത്. അവിടെ നിന്ന് ഹിപ്പലസു എന്ന തെക്കുപടിഞ്ഞാറൻ കാറ്റിന്റെ സഹായത്തോടുകൂടി നാൽപ്പതുദിവസം കൊണ്ട് ഇന്ത്യയിലെ ഏറ്റവും പ്രധാന തുറമുഖമായ 'മുസിരിസി'ൽ (കൊടുങ്ങല്ലൂർ) എത്താം.[11]

പ്ലീനി തന്റെ ഗ്രന്ഥം പ്രസിദ്ധം ചെയ്തത് ക്രി.പി. 77 ൽ ആണ്. ആ കാലത്ത് കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കടൽക്കള്ളൻമാരുടെ ഉപദ്രവമുണ്ടായിരുന്നു എന്നതിന്റെ ചില സൂചനകൾ സംഘംകൃതികളിലും കാണാം. എന്നാൽ, ചേരൻ ചെങ്കുട്ടുവൻ കദംബരെ യുദ്ധം ചെയ്തു തോൽപ്പിക്കുകയും അവരുടെ കാവൽമരം മുറിച്ചുകളയുകയും ചെയ്തതിനുശേഷം സ്ഥിതി മാറിയിട്ടുണ്ടാവണം. ചെങ്കുട്ടുവന് കരയിലെന്നപോലെത്തന്നെ കടലിലും ആധിപത്യമുണ്ടായിരുന്നുവെന്നും അദ്ദേഹത്തിന്റെ കപ്പലുകൾ സുരക്ഷിതമായി കടലിൽ സഞ്ചരിച്ചുകൊണ്ടിരുന്നുവെന്നും പതിറ്റുപ്പത്തിലെ ചില പാട്ടുകളിൽ നിന്ന് വ്യക്തമാകുന്നതാണ്. ഉദാഹരണത്തിന് പരണർ എന്ന കവി 'കാറ്റിനാൽ ചെറുതുള്ളികളാക്കിച്ചിതറിക്കപ്പെടുന്ന തിരമാലകളോടുകൂടിയ തണുത്ത കടലിൽ കടന്നുചെന്ന്

10. കൊയിലാണ്ടിക്കടുത്തുള്ള പന്തലായിനി എന്ന സ്ഥലമാണിതെന്ന് ലോഗൻ അഭിപ്രായപ്പെടുന്നു.

11. Quoted by V.Kanakasabhai: The Tamils Eighteen Hundred Years Ago, p. 31-32.

അക്രമികളായ ശത്രുക്കളെ അമർച്ച ചെയ്തവ'നെന്നും 'ക്ളേശങ്ങൾ ഗണിക്കാതെ കടലിലെ നീർപ്പരപ്പിൽ കടന്നുചെന്ന് കൊള്ളക്കാരായ ശത്രു ക്കളോട് പോർചെയ്തു ജയിച്ച് കുളിർമയേറിയ പല നീർത്തുറകൾക്കും നാഥനായി വിളങ്ങുന്നവനെ'ന്നും മറ്റും പ്രശംസിച്ചുകൊണ്ട് അദ്ദേഹ ത്തിന് കീർത്തിയും ദീർഘായുസും നേരുന്നത് നോക്കുക.[12]

ക്രിസ്ത്വാബ്ദം ഒന്നാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂരായിരുന്നു ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട വ്യാപാരകേന്ദ്രം എന്ന പ്ലീനിയുടെ അഭിപ്രായം ശ്രദ്ധാർഹമാണ്. മുസിരിസ് തലസ്ഥാനമാക്കിക്കൊണ്ട് നാടു വാണിരുന്ന കേരള രാജാക്കൻമാരെ 'കുലബോത്രൻമാർ' എന്ന പേരി ലാണദ്ദേഹം വിവരിക്കുന്നത്. ഏതാണ്ടതേകാലത്തുതന്നെ രചിക്കപ്പെട്ട 'പെരിപ്ലസ് എറിത്രേ' എന്ന ഗ്രന്ഥത്തിൽ കേരളരാജാവിനെ വർണ്ണിക്കു ന്നത് 'കെപ്രബോത്രൻ' എന്ന പേരിലാണ്. പ്രസ്തുത ഗ്രന്ഥത്തിലെ താഴെപ്പറയുന്ന ഭാഗം കേരളീയ ചരിത്രകാരൻമാരുടെ ശ്രദ്ധയെ ആകർഷിച്ചുകഴിഞ്ഞിട്ടുണ്ട്.

ഇതുകഴിഞ്ഞാൽപ്പിന്നെ 'മുസിരിസും' നെൽക്കുണ്ടയുമായി. ഈ സ്ഥലങ്ങൾ രാജാക്കൻമാരുടെ വാസസ്ഥാനങ്ങളാണ്.[13] കടലിന്റെ വക്ക ത്തുള്ള 'തിണ്ടിസ്'[14] കെപ്രിബോത്രന്റെ രാജ്യത്തിലാണ് കിടക്കുന്നത്. അത് പ്രധാനപ്പെട്ട ഒരു സ്ഥലമാണ്. മുസിരിസും വളരെ സമ്പൽസമൃ ദ്ധിയുള്ള ഒരു നഗരമാകുന്നു. 'അറിയാക്കി'ൽ നിന്നും ഗ്രീസിൽ നിന്നും അനേകം കപ്പൽകച്ചവടക്കാർ ഇവിടെ നിറഞ്ഞിരിക്കുന്നു. മുസിരിസ് ഒരു പുഴയുടെ വക്കത്ത്, അതിന്റെ അഴിമുഖത്തു നിന്ന് ഇരുപത് സ്റ്റാഡിയയും താണ്ടിസിൽ നിന്ന് അഞ്ഞൂറ് സ്റ്റാഡിയയും ദൂരത്താണ് കിടക്കുന്നത്.

(സ്റ്റാഡിയ – 606 അടി 9 ഇഞ്ച്)

പെരിപ്ലസ് തുടരുന്നു:

'കുരുമുളകും ഭൂമിയിൽ വിളയുന്ന മറ്റു സാധനങ്ങളും വിശേഷപ്പെട്ട മുത്ത്, ആനക്കൊമ്പ്, പട്ടുണ്ടകൾ, ഗംഗാനദീതീരങ്ങളിൽ നിന്നുവരുന്ന പലതരം സാമഗ്രികൾ, കിഴക്കൻ രാജ്യങ്ങളിൽ നിന്നു വരുന്ന അടയ്ക്ക, എല്ലാവിധത്തിലുമുള്ള രത്നങ്ങൾ, വൈരക്കല്ലുകൾ, ചുവന്ന കല്ലുകൾ, ലിമുരിക്കിന്റെ അടുത്തുള്ള ദ്വീപുകളിൽ നിന്നോ സ്വർണ്ണം വിളയുന്ന

12. പതിറ്റുപ്പത്ത്, 5, 1, 5, 2, പേ. 116, 133.
13. നെൽക്കുണ്ട ഇന്നത്തെ കോട്ടയമാണെന്ന് വാർമിങ്ങ്ടൺ.
14. 'തിണ്ടിസ്' കടലുണ്ടിയാണെന്ന് ബർണൽ, കൊയിലാണ്ടിയുടെ അഞ്ചുനാഴിക വടക്കുള്ള തൊണ്ടിയാണെന്ന് കനകസഭ, കോഴിക്കോടിനു തെക്ക് ബേപ്പൂർ പുഴയ്ക്കടുത്ത് കിടക്കുന്ന സ്ഥലമെന്ന് റോബർട്ട് ബ്രിസ്റ്റോവ്.

ലെർസോണിസിൽ നിന്നോ വരുന്ന ആമയോട് ഇതെല്ലാം മുസിരിസ് തുറമുഖത്തുനിന്നാണ് ലഭിക്കുന്നത്. കുരുമുളകിനും അടക്കയ്ക്കും വേണ്ടി അനവധി കച്ചവടക്കാർ ഈ തുറമുറത്തിലേയ്ക്കു പോകുന്നുണ്ട്.'

വിൻസന്റ് സ്മിത്ത് ഇങ്ങനെ എഴുതുന്നു:

'ക്രിസ്താബ്ദം ആദ്യനൂറ്റാണ്ടുകളിൽ കുരുമുളകും മറ്റു പലതരം അപൂർവ്വസാമഗ്രികളും വ്യാപാരം ചെയ്തിരുന്ന രണ്ടു പ്രധാന തുറമുഖങ്ങളായിരുന്നു. പെരിയാർനദിയുടെ മുഖത്തുള്ള മുസിരീസും കോട്ടയം നാടിന്റെ ഒരു തുറമുഖമായ ബേക്കര[15]യും. ജൂലൈ-ആഗസ്റ്റ് മാസങ്ങളിലാണ് സാധാരണയായി ഈ തുറമുഖത്തേയ്ക്കു കപ്പലുകൾ വന്നുകൊണ്ടിരുന്നത്. കാറ്റ് അനുകൂലമാണെങ്കിൽ അറബിരാജ്യത്ത് നിന്ന് മുസരിസിലെത്താൻ 40 ദിവസം വേണം. അവിടെ വ്യാപാരമെല്ലാം നടത്തിയതിനുശേഷം കച്ചവടക്കാർ ഡിസംബർ മാസത്തിലോ ജനുവരിമാസത്തിലോ തിരിച്ചുപോവുകയും ചെയ്യും.'[16]

സംഘംകൃതികളിലും മുസിരിസിന്റെ, അല്ലെങ്കിൽ കൊടുങ്ങല്ലൂരിന്റെ പ്രാധാന്യം വർണ്ണിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന്, 'യവനൻമാരുടെ വലിയ കപ്പലുകൾ ചേരരാജാവിന് ചേർന്ന മനോഹരമായ പെരിയാറ്റിലെ നുരകളിളക്കിക്കൊണ്ടുവന്ന് സ്വർണ്ണം കൊടുത്ത് കുരുമുളക് വാങ്ങിക്കൊണ്ടുപോകുന്നു.'[17] എന്ന് അകനാനൂറിലെ ഒരു പാട്ടിൽ പറയുന്നു.

'വീടുകളിൽ കുന്നുകൂടിക്കിടക്കുന്ന കുരുമുളക് ചാക്കുകളിലാക്കി ശബ്ദായമാനമായ കടൽക്കരയിലേക്ക് ബദ്ധപ്പെട്ടെടുത്തെറിയപ്പെടുന്നു. കപ്പലുകളിൽ നിന്ന് സ്വർണ്ണം വലിയ പടവുകളിൽ കയറ്റി കരയ്ക്കെത്തിക്കുന്നു. കടലിലേയും മലയിലേയും ഉൽപ്പന്നങ്ങൾ കൂട്ടിക്കലർത്തി അതിഥികൾക്ക് നൽകപ്പെടുന്നു.'[18] എന്ന് മറ്റൊരു പാട്ടിൽ പറയുന്നു.

പെരിപ്ലസ് രചിക്കപ്പെട്ട കാലത്ത് കൊടുങ്ങല്ലൂർ ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖങ്ങളിലൊന്നായിക്കഴിഞ്ഞിരുന്നു. കൊടുങ്ങല്ലൂരിൽ 'ഇനിയനാദം മുഴങ്ങുമാറ് അലകളിളകിമറിയുന്ന കടലിലൂടെ കപ്പലിൽ

15. ബേക്കര ആലപ്പുഴയ്ക്കു തെക്കുള്ള പൊറക്കാടാണെന്ന് വാർമിങ്ടൺ, ബ്രിസ്റ്റോവ്, ശേഷയ്യർ എന്നിവർ അഭിപ്രായപ്പെടുന്നു.

16. Vincent Smith: Early History of India.

17. 'ചേരലർ ചുള്ളിയം പേരിയാറ്റു വെണ്ണൈരൈകലങ്കയവനർ
തന്ത വിനൈമാണൻ കലം
പൊന്നൊടുവന്തു കറിയൊടു പെയരും
വളം കെഴുമുചിരി.' (അകം 149)

18. പുറം, 343

വന്നുചേരുന്ന സ്വർണ്ണം, രത്നം തുടങ്ങിയ വിലയേറിയ പണ്ടങ്ങൾ വേണ്ട തിലധികം ശേഖരിച്ചുവെച്ചിട്ടുള്ള പണ്ടകശാലകളു'ണ്ടായിരുന്നുവെന്ന് പതിറ്റുപ്പത്തിലെ ഒരു പാട്ടിൽ നിന്നു മനസ്സിലാക്കാം.[19]

## കയറ്റുമതിയും ഇറക്കുമതിയും

ചേരൻമാരുടെ കാലത്ത് കുരുമുളകായിരുന്നു കേരളത്തിന്റെ ഏറ്റവും മുഖ്യമായ കയറ്റുമതിച്ചരക്ക്. ഏറ്റവും വിലപിടിച്ച കുരുമുളകിന്റെ നാടായിരുന്നു മലബാർ തീരപ്രദേശങ്ങളെന്നും കുരുമുളകിനുവേണ്ടിയാണ് റോമൻ കച്ചവടക്കാർ മുസിരിസ് തുറമുഖത്തേക്കു വന്നുകൊണ്ടിരുന്നത് എന്നും പുരാതന വാസ്തുഗവേഷകൻമാർ കണ്ടെടുത്തിട്ടുള്ള 'ജൂലിയോ ക്ലോഡിയൻ' കാലഘട്ടത്തിലെ റോമൻ സ്വർണ്ണനാണ്യങ്ങൾ റോമൻ അടുക്കളകൾക്കുവേണ്ടി കൊണ്ടുപോകപ്പെട്ട കുരുമുളകിന്റെ വിലയായിരുന്നെന്നും മോംസെൻ ചൂണ്ടിക്കാണിക്കുന്നു.[20] പ്രാചീനകാലത്ത് പ്രധാനമായും മലബാർ തീരത്തോട് തൊട്ടുകിടക്കുന്ന പ്രദേശങ്ങളിലാണ് കുരുമുളക് ഉൽപ്പാദിപ്പിക്കപ്പെട്ടിരുന്നത് എന്നും തീണ്ടീസ്, മുസിരീസ്, നെൽക്കിണ്ട, ബക്കാരെ എന്നീ തുറമുഖങ്ങളിൽ നിന്നാണ് കുരുമുളക് കയറ്റി അയയ്ക്കപ്പെട്ടിരുന്നത് എന്നും കുരുമുളകും വെറ്റിലയും ധാരാളം കയറ്റിക്കൊണ്ടുപോകേണ്ടിയിരുന്നതുകൊണ്ട് ഈ തുറമുഖങ്ങളിൽ വന്നുകൊണ്ടിരുന്ന കപ്പലുകൾ വളരെ വലിപ്പമുള്ളവയായിരുന്നുവെന്നും മാക്ക് ക്രിൻഡിൽ എഴുതുന്നു.[21] കൊടുങ്ങല്ലൂരിൽ നിന്ന് പാശ്ചാത്യരാജ്യങ്ങളിലേക്ക് കയറ്റിഅയയ്ക്കപ്പെട്ട ചരക്കുകളുടെ മുക്കാൽഭാഗവും കുരുമുളകായിരുന്നുവെന്ന് പെരിപ്ലസിന്റെ പരിഭാഷകനായ ഷോഫ് അനുമാനിക്കുന്നു.

കുരുമുളകിന് പുറമെ മുത്ത്, പവിഴങ്ങൾ, രത്നക്കല്ലുകൾ, ആനക്കൊമ്പ്, പട്ടുതുണികൾ പരുത്തി, വെറ്റില, അടക്ക, ആമത്തോട് മുതലായവയും കൊടുങ്ങല്ലൂർ തുറമുഖത്തുനിന്ന് കയറ്റി അയയ്ക്കപ്പെട്ടിരുന്നു. വിവിധങ്ങളായ ഈ ചരക്കുകളെല്ലാം തന്നെ ചേരനാട്ടിലാണ് ഉൽപ്പാദിപ്പിക്കപ്പെട്ടിരുന്നത് എന്നു ധരിക്കരുത്. തെക്കെ ഇന്ത്യയിലെ മറ്റു പല രാജ്യങ്ങളും തങ്ങളുടെ ചരക്കുകൾ കൊടുങ്ങല്ലൂർ (മുസിരീസ്) തുറമുഖം വഴിയായിട്ടാണ് കയറ്റി അയച്ചിരുന്നത്. പാണ്ടിനാട്ടിലെ പവിഴങ്ങളും പലേടത്തുനിന്നും ശേഖരിക്കപ്പെട്ട ആമത്തോടുകളും മറ്റും മലബാർതീ

---

19. പതിറ്റുപ്പത്ത് 6,5 പേ. 167.

20. Momsen: Provincess of the Roman Empire, Vol II, P, 301

21. Mc.Crindle, Ancient India. P. 121.

രത്തിലെത്തിച്ചേർന്നിരുന്നുവെന്ന് പെരിപ്ലസ് വ്യക്തമാക്കുന്നുണ്ട്. മലബാർ തീരവും കിഴക്കൻ കടലോരപ്രദേശങ്ങളിലെ തുറമുഖപട്ടണങ്ങളും തമ്മിൽ ഉറ്റബന്ധമുണ്ടായിരുന്നു. അവ വഴിയായി ചൈന, ബർമ്മ, സയാം, സിലോൺ തുടങ്ങിയ രാജ്യങ്ങളിലെ കച്ചവടക്കാർ പോലും തങ്ങളുടെ ചരക്കുകൾ പാശ്ചാത്യരാജ്യങ്ങളിലേയ്ക്കു കയറ്റി അയയ്ക്കാൻ വേണ്ടി ചേരനാട്ടിലേക്കു കൊണ്ടുവന്നിരുന്നു. വാർമിങ്ടൻ ചൂണ്ടിക്കാണിക്കുന്നതുപോലെ, അക്കാലത്ത് ചേരനാടായിരുന്നു മറ്റു തമിൾരാജ്യങ്ങളെ അപേക്ഷിച്ച് കൂടുതൽ ഫലഭൂയിഷ്ഠവും കൂടുതൽ സമാധാനനിരതവും പാശ്ചാത്യവ്യാപാരികൾക്ക് കൂടുതലെളുപ്പത്തിൽ എത്തിപ്പെടാൻ കഴിയുന്നതുമായ രാജ്യം.[22] കേരളക്കരയിൽ നിന്നു കയറ്റി അയയ്ക്കപ്പെട്ടിരുന്ന ചരക്കുകൾക്ക് യൂറോപ്യൻ രാജ്യങ്ങളിൽ വലിയ മതിപ്പുണ്ടായിരുന്നുവെന്ന് പാശ്ചാത്യ ഗ്രന്ഥകാരൻമാരുടെ പുസ്തകങ്ങളിൽ നിന്ന് മനസ്സിലാക്കാം. എലിരോമം കൊണ്ടുള്ള കമ്പിളികളും വ്യത്യസ്തപേരുകളോടുകൂടിയ മുപ്പതുതരം പട്ടുതുണികളും കയറ്റുമതിച്ചരക്കുകളിലുൾപ്പെട്ടിരുന്നുവത്രെ. തുണിത്തരങ്ങൾ പാമ്പിന്റെ ഉറകളോടും പാലിന്റെ ആവിയോടും ഉപമിക്കപ്പെട്ടിരുന്നു. തുണിയുടെ ഇഴകൾ ദൃഷ്ടിഗോചരങ്ങളല്ല എന്നും മറ്റും അതിശയോക്തിയോടെ വർണ്ണിക്കപ്പെട്ടിരുന്നു. അത്ര മനോഹരങ്ങളായ മസ്‌ലിൻ തുണിത്തരങ്ങളാണത്രേ ഇന്ത്യയിൽ നിന്ന് കയറ്റി അയയ്ക്കപ്പെട്ടിരുന്നത്. 'കാറ്റുകൊണ്ട് തുണിയുണ്ടാക്കപ്പെട്ട ഇഴകളിലൂടെ' തങ്ങളുടെ സൗന്ദര്യത്തെ പുരുഷൻമാരുടെ മുമ്പിൽ പ്രദർശിപ്പിച്ചു നടന്ന നാണംകെട്ട മാന്യസ്ത്രീകളെ പെട്രോണിയസ് എന്നൊരു റോമൻ നേതാവ് കഠിനമായി ആക്ഷേപിക്കുകയുണ്ടായി.[23]

സ്വർണ്ണം കൊണ്ടും വെള്ളികൊണ്ടുമുള്ള നാണ്യങ്ങൾ, അഞ്ജനം, വെള്ളക്കണ്ണാടി, തകരം, ഈയം, ചെമ്പ്, പിത്തള, സിന്ദൂരം, മദ്യം, പലതരം തുണിത്തരങ്ങൾ, പൂക്കളുള്ള കുപ്പായങ്ങൾ മുതലായവയായിരുന്നു മുഖ്യമായ ഇറക്കുമതിച്ചരക്കുകൾ. റോമൻ വീഞ്ഞിന് ധനികവർഗ്ഗക്കാരുടെയിടയിൽ ധാരാളം പ്രചാരമുണ്ടായിരുന്നു. യവനൻമാർ വലിയ കുപ്പികളിൽ കൊണ്ടുവരുന്ന വിശിഷ്ടമായ വീഞ്ഞു കുടിച്ചാഹ്ലാദിക്കാൻ ഒരു കവി സംഘംകൃതികളിലെ ഒരു രാജാവിനോടാവശ്യപ്പെടുകയുണ്ടായി. 'മനോഹരമായ പാത്രങ്ങളിൽ യവനർ കൊണ്ടുവരുന്നതും സുഗന്ധമുള്ളതും വളകളോടുകൂടിയ സ്ത്രീകൾ പിടിച്ചുതരുന്ന പൊൻപാത്രങ്ങ

22. E.H. Warmington: The Commerce between the Roman Empire and India. P. 290.

23. S.Krishnaswami Ayyengar: Ancient India and South Indian History and Culture, Vol 11 P.680

ളിൽ നിന്ന് പതിവായി പാനം ചെയ്യുന്നതുമായ മദ്യ'ത്തെപ്പറ്റി മറ്റൊരു പാട്ടിൽ പരാമർശിച്ചിരിക്കുന്നു.[24]

ഇന്ത്യ 18 ഉം 19 ഉം നൂറ്റാണ്ടുകളിൽ യൂറോപ്പിലേക്കു കയറ്റിയയച്ചിരുന്നത്രതന്നെ ചരക്കുകൾ ഒന്നും രണ്ടും നൂറ്റാണ്ടുകളിൽ റോമൻ സാമ്രാജ്യത്തിലേയ്ക്കു കയറ്റിയയച്ചിരുന്നുവെന്ന് ചുവോസ്റ്റോവ് എന്ന ഗ്രന്ഥകാരനെ ഉദ്ധരിച്ചുകൊണ്ട് വാർമിങ്ടൺ ഉറപ്പിച്ചുപറയുന്നു. അഗസ്റ്റസ് ചക്രവർത്തിയുടെ കാലംമുതൽക്കാണ് (ക്രി.മു. 27- ക്രി.പി. 14) റോമൻ സാമ്രാജ്യത്തിന്റെ ശക്തിയും വൈപുല്യവും വളരാൻ തുടങ്ങിയത്. അന്നുമുതലെങ്കിലും റോമക്കാർ കേരളക്കരയുമായി കച്ചവടമാരംഭിച്ചിട്ടുണ്ടാവണം. സാമ്രാജ്യത്തിന്റെ അന്തസും പ്രൗഢിയും പ്രദർശിപ്പിക്കാൻവേണ്ടി ആദ്യകാലത്ത് ഇന്ത്യയിൽ നിന്ന് സിംഹം, നരി, ആന, കുരങ്ങ്, തത്ത, പാമ്പ് മുതലായവയെ കയറ്റിക്കൊണ്ടുപോയിരുന്നുവത്രെ.[25] ഇന്ത്യയിൽ നിന്നുള്ള ആനക്കൊമ്പുകളും ആമത്തോടുകളും ആഭരണങ്ങളുണ്ടാക്കാൻ വേണ്ടി ഉപയോഗിക്കപ്പെട്ടിരുന്നുവത്രേ. ധനികവർഗ്ഗക്കാരുടെ ആഡംബരഭ്രമങ്ങൾ കൂടിക്കൂടിവരികയും കുരുമുളക്, പട്ടുതുണികൾ മുതലായ സുഖഭോഗസാമഗ്രികളുടെ ഡിമാൻഡ് വർദ്ധിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് പൗരസ്ത്യനാടുകളുമായുള്ള റോമൻ വ്യാപാരം പുഷ്ടിപ്പെട്ടത്. ഹിപ്പാലസ് കാലവർഷക്കാറ്റിന്റെ ഉപയോഗം കണ്ടുപിടിക്കുകയും കൊടുങ്ങല്ലൂരിലേയ്ക്കു നേരിട്ടുള്ള കപ്പലോട്ടമാരംഭിക്കുകയും ചെയ്തതോടുകൂടി ഈ വ്യാപാരത്തിന് പുതിയൊരുത്തേജനം ലഭിച്ചിട്ടുണ്ടാവണം. കേരളത്തിൽ നിന്നുള്ള കയറ്റുമതികളുടെ തുക ഇറക്കുമതികളുടേതിനേക്കാൾ എത്രയോ കൂടുതലായിരുന്നു. അതുകൊണ്ട് വിദേശവ്യാപാരം പൊതുവിൽ കേരളത്തിനനുകൂലമായിരുന്നു. മിച്ചമായ തുകയ്ക്ക് സ്വർണ്ണനാണ്യങ്ങളും വെള്ളിനാണ്യങ്ങളും ഇറക്കുമതി ചെയ്യുകയായിരുന്നു പതിവ്. ഇടത്തട്ടുകാരായ കച്ചവടക്കാർ പിടിപ്പതു ലാഭമടിച്ചുകൊണ്ടിരുന്നു. ഇന്ത്യയിൽ കൊടുക്കേണ്ടിവരുന്നതിന്റെ നൂറിരട്ടി വിലയ്ക്കാണത്രേ റോമിൽ ചരക്കുകൾ വിറ്റഴിക്കപ്പെട്ടുകൊണ്ടിരുന്നത്. ഈ വ്യാപാരത്തിൽ റോമാസാമ്രാജ്യത്തിന് കൊല്ലംതോറും 5,50,00,000 സെസ്റ്റർ (സുമാർ 4,87,000 പവൻ) നഷ്ടമുണ്ടായിക്കൊണ്ടിരുന്നു എന്ന് പ്ളീനി കണക്കുകൂട്ടിപ്പറയുകയുണ്ടായി.[26] നമ്മുടെ സ്ത്രീകൾക്കും നമ്മുടെ സുഖഭോഗ സാമഗ്രികൾക്കുംവേണ്ടി നമ്മൾ കൊടുക്കുന്ന വിലയാണിത്. എന്നദ്ദേഹം വിലപിച്ചു. അതെന്താ

24. പുറം, 56, 18-20

25. E.H. Warmington: The Commerce between the Roman Empire and India. P. 40.

26. W.Logan. Malabar. Vol. 1, P.249.

യാലും, പാശ്ചാത്യനാടുകളുമായുള്ള വ്യാപാരത്തിന്റെ ഫലമായിട്ടാണ് ചേരസാമ്രാജ്യത്തിന്റെ അഭിവൃദ്ധി ത്വരിതപ്പെട്ടത് എന്ന കാര്യത്തിൽ സംശയമില്ല. ക്രി.പി. ഒന്നാം നൂറ്റാണ്ടിനും മൂന്നാം നൂറ്റാണ്ടിനുമിടയിൽ കേരളത്തിനുണ്ടായ പുരോഗതിയിൽ വിദേശരാജ്യങ്ങളുമായുള്ള വ്യാപാരബന്ധങ്ങൾ അതിപ്രധാനമായ ഒരു പങ്കാണ് വഹിച്ചത്.

## നാണ്യങ്ങൾ നൽകുന്ന തെളിവ്

ചേര-ചോഴ-പാണ്ടിരാജ്യങ്ങളെന്നറിയപ്പെട്ടിരുന്ന പ്രദേശങ്ങളിൽ നിന്നാണ് ഏറ്റവുമധികം റോമൻനാണ്യങ്ങൾ കണ്ടുകിട്ടിയിട്ടുള്ളത്. അഗസ്റ്റസ് (ക്രി.മു. 27- ക്രി.പി.14) ടൈബീരിയസ് (ക്രി.പി. 14-37), ഗായിയസ്, ക്ളോഡിയസ് (ക്രി.പി. 41-54) എന്നീ ചക്രവർത്തികളുടെ സ്വർണ്ണം കൊണ്ടും വെള്ളി കൊണ്ടുമുള്ള നാണ്യങ്ങളാണ് അവയിൽ ഭൂരിഭാഗവും. പൗരസ്ത്യനാടുകളിലേയ്ക്ക് റോമൻനാണ്യങ്ങൾ ക്രമാതീതമായി കയറ്റി അയയ്ക്കുന്നതിൽ ടൈബീരിയസ് ഉത്കണ്ഠ പ്രകടിപ്പിക്കുകയുണ്ടായി. നമ്മുടെ ഗവേഷകൻമാർ കണ്ടെടുത്തിട്ടുള്ള നാണ്യങ്ങളിൽ ഏറ്റവും കൂടുതൽ അദ്ദേഹത്തിന്റേതാണ്. അഗസ്റ്റസിന്റെ കാലത്തെ നാണ്യങ്ങൾ 453 മാത്രമേയുള്ളു. എന്നാൽ ടൈബീരിയസിന്റെ നാണ്യങ്ങളുടെ എണ്ണം 1007 ആണ്.[27] സ്വർണ്ണനാണ്യങ്ങളും വെള്ളിനാണ്യങ്ങളും അവയിലുൾപ്പെടുന്നു. 1850ൽ കോട്ടയത്തുനിന്നു മാത്രം ടൈബീരിയസിന്റെ മുപ്പതിലധികം നാണ്യങ്ങൾ ലഭിക്കുകയുണ്ടായി.

റോമാക്കാരെ സംബന്ധിച്ചിടത്തോളം വിദേശവ്യാപാരം നടത്തിപിടിപ്പതു ലാഭമുണ്ടാക്കാനുള്ള ഒരുപാധിയായിരുന്നു സ്വർണ്ണം. മറ്റൊരുദ്ദേശ്യം കൂടിയുണ്ടായിരുന്നു എന്ന് വാർമിങ്ടൺ പറയുന്നു. റോമാക്കാർക്ക് ഇന്ത്യയിൽ തങ്ങളുടെ സ്വന്തം നാണയവ്യവസ്ഥ നടപ്പിൽവരുത്തണമെന്ന് ആഗ്രഹമുണ്ടായിരുന്നുവത്രേ. ഇതു കുറെയൊക്കെ ശരിയായിരുന്നുവെന്നാണ് ഇന്ത്യയിൽ നിന്നു കണ്ടുകിട്ടിയ പ്രാചീന റോമൻനാണ്യങ്ങളുടെ ബാഹുല്യം കാണിക്കുന്നത്.

എന്നാൽ ക്രി.പി. 68 ൽ മൃതിയടഞ്ഞ നീറോ ചക്രവർത്തിയുടെ കാലംമുതൽക്ക് വലിയൊരു മാറ്റം കാണാം. അദ്ദേഹത്തിന്റെ നാണ്യങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്. പക്ഷേ, അവയിൽ വെള്ളിനാണ്യങ്ങൾ വിരലിലെണ്ണാൻ കഴിയത്തക്കവിധം അത്ര കുറവാണ്. അദ്ദേഹത്തിന്റെ കാലത്തിനുശേഷമാകട്ടെ, വെള്ളിനാണ്യങ്ങളുടെ പ്രചാരം പെട്ടെന്നു നിലച്ചുപോയി എന്നു തോന്നിപ്പോകും. സ്വർണ്ണനാണ്യങ്ങളുടെ പ്രചാരവും

27. E.H. Warmington: The Commerce between the Roman Empire and India. P. 41. ഇത് 1928 നു മുമ്പുള്ള കണക്കാണ്.

കുറഞ്ഞുകുറഞ്ഞു വരുന്നതായിക്കാണുന്നു. ഇതിന്റെ അർത്ഥം നീരോ ചക്രവർത്തിയുടെ കാലത്തിനുശേഷം റോമാസാമ്രാജ്യത്തിനു മാന്ദ്യം സംഭവിച്ചുവെന്നാണോ? ആണെന്നാണ് നാണയശാസ്ത്രവിദഗ്ധനായ സെവൽ അഭിപ്രായപ്പെടുന്നത്. പക്ഷേ, വാർമിങ്ടൺ ഈ അഭിപ്രായത്തോട് യോജിക്കുന്നില്ല. നേരെമറിച്ച് നീരോവിനു ശേഷമാണ് റോമൻ വാണിജ്യം കൂടുതലഭിവൃദ്ധിപ്പെട്ടത് എന്നാണദ്ദേഹം പറയുന്നത്. അങ്ങനെയാണെങ്കിൽ അക്കാലത്തെ റോമൻനാണ്യങ്ങൾ വേണ്ടത്ര കണ്ടുകിട്ടാത്തതെന്തുകൊണ്ടാണ്? വെള്ളിനാണ്യങ്ങളുടെ ചേരുവ വർദ്ധിപ്പിക്കപ്പെട്ടതുകൊണ്ട് അവയെ സൂക്ഷിച്ചുവയ്ക്കാതെ ഉരുക്കി ഉപയോഗിക്കാൻ ദക്ഷിണേന്ത്യയിലെ ജനങ്ങൾ മുതിർന്നതാവാം ഒരു കാരണം. പക്ഷേ, റോമാക്കാർ സുഖഭോഗസാമഗ്രികൾക്കുവേണ്ടി നാണ്യങ്ങൾ കയറ്റി അയയ്ക്കുക എന്ന സമ്പ്രദായത്തിൽതന്നെ ബോധപൂർവ്വമായ ഒരു മാറ്റം വരുത്തുകയും വെച്ചുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ നേരിട്ടുള്ള കൊള്ളക്കൊടുക്കുകൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയും ചെയ്തുവെന്നതാണ് ഏറ്റവും മുഖ്യമായ കാരണമെന്ന് വാർമിങ്ടൻ അഭിപ്രായപ്പെടുന്നു. ഏതാണ്ടിതേകാലത്താണ് വ്യവസായങ്ങൾക്കാവശ്യമായ പരുത്തി തുടങ്ങിയ അസംസ്കൃത സാമഗ്രികൾ കൂടുതലായി വാങ്ങിക്കൊണ്ടുപോവുക എന്ന പുതിയൊരു വാണിജ്യനയം റോമാക്കാർ നടപ്പിൽവരുത്തിയത്. ക്രി.പി. രണ്ടാം നൂറ്റാണ്ടായപ്പോഴേയ്ക്കും റോമാക്കാർ കേരളത്തിൽ കടൽക്കരയിൽ നിന്നുള്ളിലോട്ട് കടന്ന് കിഴക്കൻ പ്രദേശങ്ങളിലേയ്ക്കു കൂടി തങ്ങളുടെ കച്ചവടം വ്യാപിപ്പിച്ചുവെന്നും, നെല്ലൂർ, കടപ്പ, കൃഷ്ണ തുടങ്ങിയ ജില്ലകളിൽ നിന്നും കണ്ടുകിട്ടിയ സ്വർണ്ണനാണ്യങ്ങൾ ഇതിന് തെളിവാണെന്നും വാർമിങ്ടൺ പ്രസ്താവിക്കുന്നു.[28] പക്ഷേ, അപ്പോഴും കേരളവുമായുള്ള വ്യാപാരത്തിന് പറയത്തക്ക ഉലച്ചിലുകളൊന്നും തട്ടുകയുണ്ടായില്ല. യൂറോപ്യൻ നാടുകളിൽ കുരുമുളകിന്റേയും മറ്റും പ്രചാരത്തിന് പറയത്തക്ക കുറവൊന്നുമുണ്ടായില്ല.

എന്നാൽ ക്രി.പി. മൂന്നാം നൂറ്റാണ്ടായപ്പോഴേയ്ക്കും ഈ സ്ഥിതിയ്ക്കൊരു മാറ്റമുണ്ടായി. സാമൂഹ്യവും രാഷ്ട്രീയവുമായ കുഴപ്പങ്ങളുടെ ഫലമായി റോമാസാമ്രാജ്യം ഛിന്നഭിന്നമാകാൻ തുടങ്ങിയ ഒരു കാലമായിരുന്നു അത്. നമ്മുടെ നാട്ടിൽ നിന്ന് ക്രി.പി. മൂന്നാം നൂറ്റാണ്ടിനു ശേഷമുള്ള റോമൻനാണ്യങ്ങളൊന്നും കണ്ടുകിട്ടിയിട്ടില്ലെന്നുള്ളത് അർത്ഥഗർഭമാണ്. റോമാക്കാരുമായുള്ള നമ്മുടെ വ്യാപാരബന്ധങ്ങൾ വളരെയധികം ശിഥിലമായിത്തീർന്നു എന്നതിന്റെ സൂചനയാണത്.

28. E.H. Warmington: The Commerce between the Roman Empire and India. P. 288.

അപ്പോഴേക്കും പ്രാചീന ചേരസാമ്രാജ്യവും ക്ഷയോന്മുഖമായിക്കഴിഞ്ഞിരുന്നു. പിന്നീട് ബൈസൻടൈൻ ചക്രവർത്തിമാരുടെ കാലത്ത് റോമാക്കാരുടെ വാണിജ്യബന്ധങ്ങൾ കുറെയൊക്കെ അഭിവൃദ്ധിപ്പെട്ടുവെന്നത് ശരിയാണ്. പക്ഷേ, അക്കാലത്ത് പ്രധാനമായും അറബികൾ, പേർസ്യാക്കാർ തുടങ്ങിയ ഇടത്തട്ടുകാർ വഴിക്കാണ് വ്യാപാരം നടത്തപ്പെട്ടിരുന്നത്. ക്രി.പി. 7–ാം നൂറ്റാണ്ടായപ്പോഴേയ്ക്കും കേരളവുമായുള്ള വ്യാപാരം മിക്കവാറും അറബികളുടെ നേതൃത്വത്തിലേക്കു മാറി.

# അധ്യായം പതിനാല്

# മലയാള ഭാഷയുടെ ഉത്ഭവം

സാമൂഹ്യജീവിതത്തിലെ അതിപ്രധാനമായ ഒരു ഘടകമാണ് ഭാഷ. ജനങ്ങൾ അന്യോന്യം കൂടിക്കഴിയാനും ആശയവിനിമയം നടത്താനും പരസ്പരം മനസ്സിലാക്കാനും ഉപയോഗിക്കുന്ന ഒരു മധ്യവർത്തിയാണിത്. പല പണ്ഡിതൻമാരും ഭാഷയ്ക്കൊരു നിർവചനം നൽകാൻ ശ്രമിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, 'അറിയപ്പെട്ടിടത്തോളമുള്ള എല്ലാ സമുദായങ്ങൾക്കുമിടയിൽ ആശയപ്രകടനത്തിനും ആശയവിനിമയത്തിനുമുള്ള, സാരാംശത്തിൽ പൂർണ്ണമായ, ഒരുപാധിയാണ് ഭാഷ' എന്ന് എഡ്വോക്ഡ് സാപ്പിർ നിർവ്വചിക്കുന്നു.[1] 'സാരാംശത്തിൽ പൂർണ്ണമായ ഒരുപാധി' എന്നു പറയുമ്പോൾ എന്താണദ്ദേഹമുദ്ദേശിക്കുന്നത് എന്ന് ഈ നിർവചനം കൊണ്ട് വ്യക്തമാകുന്നില്ല. കൂടുതൽ ഭേദപ്പെട്ടതാണ് മഹാകവി ഉള്ളൂർ നൽകുന്ന നിർവചനം: 'ഒരുവൻ തന്റെ അന്തർഗതം ഏതെങ്കിലും ഒരു ജനസമുദായത്തിലെ സങ്കേതമനുസരിച്ച് അന്യനു ഗ്രഹിക്കാൻ പര്യാപ്തമായ വർണ്ണാത്മകശബ്ദങ്ങളുടെ സമൂഹമാകുന്നു ഭാഷ.'[2] എന്നാൽ വർണ്ണാത്മകശബ്ദങ്ങൾ തന്നെ സങ്കേതങ്ങളാണ്. സങ്കേതമനുസരിച്ചുള്ള സങ്കേതമെന്ന് പറയുന്നതിലുള്ള പൊരുത്തക്കേട് വ്യക്തമാണല്ലോ. അതിനാൽ ഈ നിർവ്വചനവും ദുർബലമാണ്. ഒരു പക്ഷേ എല്ലാ നിർവ്വചനങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിലുള്ള ന്യൂനതയുണ്ടാകാം. അതുകൊണ്ട് ഭാഷയെ നിർവചിക്കാൻ ശ്രമിക്കുന്നതിനേക്കാൾ

1. Edward Sapir: Language Encyclopaedia of the Social Sciences, p. 9.155, 169

2. ഉള്ളൂർ: കേരളസാഹിത്യചരിത്രം

നല്ലത് അതിന്റെ സവിശേഷസ്വഭാവങ്ങളെന്തൊക്കെയാണെന്ന് ആരായുകയാണ്.

## ധ്വനി സങ്കേതങ്ങളുടെ പ്രാധാന്യം

ഒരു നിശ്ചിതരീതിയിൽ സംവിധാനം ചെയ്യപ്പെട്ട വാങ്മയവും ശ്രോത്രഗ്രാഹ്യവുമായ സങ്കേതങ്ങൾ, അതായത് ധ്വനിസങ്കേതങ്ങൾ, ഭാഷയുടെ ഒരു പ്രധാനഘടകമാണെന്ന കാര്യത്തിൽ സംശയമില്ല. ധ്വനിസങ്കേതങ്ങളുടെ സഹായത്തോടുകൂടിയാണ് മനുഷ്യർ പരസ്പരം ആശയവിനിമയം നടത്തുന്നത്. പക്ഷിമൃഗാദികളിലും ധ്വനിസങ്കേതങ്ങളുപയോഗിക്കാറുണ്ട്. എങ്കിലും, പക്ഷികളും മൃഗങ്ങളും പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ ഭാഷയെന്ന് പറയാറില്ല. അവ മനുഷ്യരുടേതുപോലുള്ള ധ്വനിസങ്കേതങ്ങളല്ലതാനും. നായയ്ക്ക് ശ്രവണശക്തിയുണ്ട്. നിത്യപരിചയത്തിലൂടെ യജമാനന്റെ ധ്വനിസങ്കേതങ്ങളുടെ ഉദ്ദേശ്യം മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും അതിനു സാധിക്കും. പക്ഷേ, ആ ധ്വനിസങ്കേതങ്ങളെ സ്വയം ഉപയോഗിക്കാൻ അതിന് കഴിയില്ല. അതിന്റെ അവയവഘടന മനുഷ്യന്റേതിനേപോലെ വികസിച്ചിട്ടില്ലെന്നുള്ളതാണിതിനു കാരണം. തത്തക്ക് മനുഷ്യന്റെ ധ്വനിസങ്കേതങ്ങളുടെ അർത്ഥം മനസ്സിലാക്കാൻ കഴിവില്ല. അർത്ഥം മനസ്സിലാക്കിക്കൊണ്ട് വർണ്ണാത്മകമായ ശബ്ദങ്ങളെ ബോധപൂർവ്വം ആശയവിനിമയത്തിനുവേണ്ടി ഉപയോഗിക്കാൻ മനുഷ്യനു മാത്രമേ കഴിയൂ. മനുഷ്യന്റെ കണ്ഠനാളവും നാഡീപടലവും മസ്തിഷ്കവും അത്രമേൽ വികസിച്ചിട്ടുണ്ടെന്നുള്ളതാണതിനു കാരണം.

ശരിക്കാലോചിച്ചാൽ, മനുഷ്യന്റെ ഈ വികസനത്തിനു തന്നെ ഭാഷയാണ് ഒരു പ്രധാനകാരണമെന്നു കാണാം. നിവർന്നു നിൽക്കാനും മൃഗങ്ങളുടേതിൽ നിന്ന് വ്യത്യസ്തമായ രീതിയിൽ കൈകളുപയോഗിച്ച് അധ്വാനിക്കാനും തുടങ്ങിയതോടുകൂടിത്തന്നെ പ്രാകൃതമനുഷ്യരുടെ ശരീരഘടനയിൽ പുതിയ പല മാറ്റങ്ങളുണ്ടാവാൻ തുടങ്ങിയെന്നത് ശരിയാണ്. പക്ഷേ, ആദ്യംമുതൽക്കേ ജീവിതാവശ്യങ്ങളുടെ നിർവഹണത്തിനുവേണ്ടി അവർക്ക് പരസ്പരം സഹായിച്ചുകൊണ്ട് കൂട്ടായി അദ്ധ്വാനിക്കേണ്ടിവന്നു. പരസ്പരസഹായത്തിന്റെ അടിസ്ഥാനത്തിലുള്ള കൂട്ടായ അധ്വാനത്തിന്റെ പുരോഗതിക്ക് കൂടുതൽ സുനിശ്ചിതവും കൂടുതൽ വ്യക്തവും കൂടുതൽ സമൂർത്തവുമായ ധ്വനിസങ്കേതങ്ങൾ ആവശ്യമായിത്തീർന്നു. ഈ ആവശ്യകതയിൽനിന്നാണ് മെല്ലെമെല്ലെ, നീണ്ട കാലത്തെ അധ്വാനത്തിലൂടെ, ക്രമീകൃതങ്ങളും ഉയർന്ന രൂപത്തിലുള്ളവയുമായ ശബ്ദങ്ങൾ പുറപ്പെടുവിക്കാൻ കഴിയത്തക്കവിധം മനുഷ്യന്റെ കണ്ഠനാളം വികസിക്കുകയും വായിലെ വിവിധങ്ങളായ അവയവങ്ങൾ

സ്ഫുടമായ അക്ഷരങ്ങളുച്ചരിക്കാൻ കഴിയത്തക്കവിധം രൂപപ്പെടുകയും ചെയ്തത്.

ഭാഷ സമൂർത്തമായ ഏതെങ്കിലും വസ്തുവിന്റെ അല്ലെങ്കിൽ പ്രവൃത്തിയുടെ സങ്കേതമാണ്. വാക്കുകളുടെ സഹായത്തോടുകൂടിയാണ് ഏതെങ്കിലും വസ്തുവെക്കുറിച്ചോ അല്ലെങ്കിൽ പ്രവൃത്തിയെക്കുറിച്ചോ ഉള്ള ആശയം രൂപവൽക്കരിക്കപ്പെടുന്നത്. പുസ്തകം എന്ന വാക്ക് സ്വയം ഒരു വസ്തുവല്ല. വസ്തുവിന്റെ ഒരു സങ്കേതം മാത്രമാണ്. എങ്കിലും ആ സങ്കേതം പുസ്തകത്തെക്കുറിച്ചുള്ള ബോധം നമ്മിലുണ്ടാക്കുന്നു. ഇതാണ് വാക്കും അർത്ഥവും തമ്മിലുള്ള ബന്ധം. ഉൽപ്പാദനോപകരണങ്ങൾ പരിഷ്ക്കരിക്കപ്പെടുകയും പുതിയ ഭൗതികവസ്തുക്കൾ ഉൽപ്പാദിപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ പുതിയ സങ്കേതങ്ങൾ ആവശ്യമായിത്തീരുകയും അങ്ങനെ മനുഷ്യന്റെ സാമൂഹ്യബോധം കൂടുതൽ വികസിക്കുകയും ചെയ്യുന്നു. ഇങ്ങനെ, ഭാഷ മസ്തിഷ്ക്കത്തിന്റെയും അതിന്റെ പ്രവർത്തനോപാധിയായ ഇന്ദ്രിയങ്ങളുടെയും വളർച്ചയെ ത്വരിതപ്പെടുത്തുകയും മനുഷ്യന്റെ ബുദ്ധിശക്തിയെ കൂടുതൽ കൂടുതൽ വികസിപ്പിക്കുകയും ചെയ്യുന്നു.

അപ്പോൾ, ഭാഷ വെറുമൊരു സങ്കേതം മാത്രമല്ല. അത് മാനുഷികബന്ധങ്ങളുടെ ഒരുപകരണവും സാമൂഹ്യവളർച്ചയുടെ ഒരുപാധിയുമാണ്. അത് മനുഷ്യസമുദായത്തിന്റെ നേട്ടങ്ങളെ പദസമൂഹങ്ങളിൽ രേഖപ്പെടുത്തിവയ്ക്കുകയും നിലനിർത്തിപ്പോരുകയും ചെയ്യുന്നു. മറ്റൊരുവിധം പറഞ്ഞാൽ, അത് നമ്മെ നമ്മുടെ ചുറ്റുപാടുകളുമായും നമ്മുടെ ബന്ധുമിത്രാദികളുമായും പൂർവികൻമാരുമായും നമ്മുടെ രാജ്യത്തിന്റെ ചരിത്രവുമായും ബന്ധപ്പെടുത്തുന്നു. സാമൂഹ്യവളർച്ചയോടൊപ്പം ഭാഷയും വികസിക്കുന്നു. അങ്ങനെ അത് നമ്മുടെ ജീവിതത്തിൽ അതിപ്രധാനമായ ഒരു പങ്ക് വഹിക്കുന്നു.

## ഭാഷയുടെ ഘടകങ്ങൾ

ഇത്രയും പ്രാധാന്യമർഹിക്കുന്ന ഭാഷ ധ്വനിസങ്കേതങ്ങളുടെ, അല്ലെങ്കിൽ വർണ്ണാത്മകശബ്ദങ്ങളുടെ വെറുമൊരു സമൂഹം മാത്രമല്ല. കുറെ ശബ്ദങ്ങളെ ഒന്നിച്ചുചേർത്താൽ അത് ഭാഷയാവില്ല. വാക്കുകൾക്കുതന്നെ ശബ്ദങ്ങളുടെ സവിശേഷമായ ഒരു ക്രമീകരണമാവശ്യമാണ്. സ്വരവ്യഞ്ജനങ്ങളെ ഒരു പ്രത്യേകരീതിയിൽ ഉപയോഗിക്കുന്നതിന് പദരചന എന്നുപറയുന്നു. എന്നാൽ ഭാഷയിൽ പദങ്ങൾ മാത്രമല്ല ഉള്ളത്. വാക്കുകളുടെ അവ്യവസ്ഥിതമായ ഒരു സമൂഹത്തിന് ഭാഷയെന്നു പറയില്ല. പദരചന എന്നു പറയുന്നു. കർത്താവ്, കർമ്മം, ക്രിയ,

വിശേഷണം, സർവനാമം, ലിംഗഭേദം, വചനഭേദം മുതലായവയെ സംബന്ധിക്കുന്ന പ്രത്യേക നിയമങ്ങളുടെ, അതായത് വ്യാകരണനിയമങ്ങളുടെ അടിസ്ഥാനത്തിലാണ് വാക്യങ്ങൾ രചിക്കപ്പെടുന്നത്.

അപ്പോൾ, ഭാഷയ്ക്ക് പദസമൂഹം, വ്യാകരണം എന്നിങ്ങനെ രണ്ടു പ്രധാന ഘടകങ്ങളുണ്ടായിരിക്കണം. ഭാഷ വികസിക്കുന്തോറും പദസമൂഹം കൂടുതൽ വിശാലമായിത്തീരുകയും വ്യാകരണനിയമങ്ങൾ കൂടുതൽ സമ്പുഷ്ടമായിത്തീരുകയും ചെയ്യും. എങ്കിലും, ഏതു ഭാഷയ്ക്കും അടിസ്ഥാനപരമായ ഒരു പദസമൂഹവും അടിസ്ഥാനപരമായ ചില വ്യാകരണവിധികളുമുണ്ടായിരിക്കും. ഈ രണ്ടു ഘടകങ്ങളിലെ സവിശേഷതകളാണ് ഒരു ഭാഷയെ മറ്റൊരു ഭാഷയിൽ നിന്ന് വേർതിരിക്കുന്നത്.

ഭാഷാശാസ്ത്രജ്ഞൻമാർ ലോകത്തിലെ വിവിധ ഭാഷകളെ, അവയുടെ സവിശേഷതകളുടേയും സാധർമ്മ്യവൈധർമ്മ്യങ്ങളുടെയും അടിസ്ഥാനത്തിൽ വ്യത്യസ്ത ഗോത്രങ്ങളായി വിഭജിച്ചിരിക്കുന്നു. ഇന്ത്യയിൽ മാത്രം ഇൻഡോയൂറോപ്യൻ, ദ്രാവിഡം, ടിബറ്റോചൈനീസ്, മുണ്ഡ എന്നിങ്ങനെ മുഖ്യമായി നാലുഗോത്രഭാഷകളിലുൾപ്പെട്ട ഇരുന്നൂറിലധികം വ്യത്യസ്ത ഭാഷകളുണ്ട്. വ്യത്യസ്തങ്ങളായ വ്യാകരണക്രമങ്ങളും പദസമൂഹങ്ങളുമുള്ള ഈ വിഭിന്നഭാഷകളിൽ ഭൂരിഭാഗവും സാമൂഹ്യവും ചരിത്രപരവുമായ കാരണങ്ങളാൽ ഇന്നും അപരിഷ്കൃതാവസ്ഥയിലാണ് സ്ഥിതിചെയ്യുന്നത്. ജനാധിപത്യ പ്രസ്ഥാനത്തിന്റെ വളർച്ചയോടൊപ്പം അവയിൽ ചിലതെങ്കിലും ദേശീയഭാഷകളായി വളർച്ച പ്രാപിച്ചേക്കുമെന്ന് വിശ്വസിക്കാവുന്നതാണ്. എന്നാൽ, ഇന്ന് പതിമൂന്നോ പതിനാലോ ഭാഷകൾ മാത്രമേ ദേശീയഭാഷകളെന്ന നിലയ്ക്ക് അഭിവൃദ്ധിപ്പെട്ടുകഴിഞ്ഞിട്ടുള്ളു. ഹിന്ദി, ബംഗാളി, ഗുജറാത്തി, മറാത്തി, ഒറിയ, ആസാമിസ്, പഞ്ചാബി മുതലായ ഇൻഡോ യൂറോപ്യൻ ഗോത്രത്തിൽപ്പെട്ട ഭാഷകളാണ്. ദ്രാവിഡ ഗോത്രത്തിൽ ഒട്ടാകെ പതിനൊന്നു കോടിയിലധികം ജനങ്ങൾ സംസാരിക്കുന്ന 16 ഭാഷകളുണ്ട്. എന്നാൽ, ജനസംഖ്യയുടെ 95 ശതമാനവും അതായത് പത്തുകോടിയോളം ജനങ്ങൾ മലയാളം, തമിഴ്, കർണ്ണാടകം, തെലുങ്ക് എന്നീ നാലു പ്രധാനഭാഷകളാണ് ഉപയോഗിക്കുന്നത്.

മലയാളികൾ ഉപയോഗിക്കുന്ന ഭാഷയ്ക്കാണ് മലയാളം എന്നു പറയുന്നത്. അതുപോലെ കന്നഡ കർണ്ണാടകക്കാരുടെയും തമിഴ് തമിഴരുടെയും തെലുങ്ക് ആന്ധ്രാക്കാരുടെയും ഭാഷയാണ്. ഈ വ്യത്യസ്ത ഭാഷകൾ ഉത്ഭവിച്ചതെങ്ങനെയെന്ന് മനസിലാവണമെങ്കിൽ മലയാളികൾ, തമിഴർ തുടങ്ങിയ വ്യത്യസ്ത ജനവിഭാഗങ്ങളാവിർഭവിച്ചതെങ്ങനെയെന്ന് മനസ്സിലാക്കണം. മലയാളഭാഷയുടെ ഉൽപ്പത്തിയെപ്പറ്റി പഠിക്കണമെങ്കിൽ

കേരളീയർ ഒരു ജനവിഭാഗമായിത്തീർന്നതെങ്ങനെയെന്ന് പരിശോധിക്കണം. എന്തെന്നാൽ, ഭാഷയുടെ വളർച്ച ജനങ്ങളുടെ വളർച്ചയുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട്, ഏതെങ്കിലുമൊരു ഭാഷയുടെ ഉൽഭവത്തെപ്പറ്റിയോ വികാസത്തെപ്പറ്റിയോ പഠിക്കണമെങ്കിൽ ആ ഭാഷയുപയോഗിക്കുന്ന ജനവിഭാഗത്തിന്റെ ചരിത്രം പരിശോധിക്കണം. സാമൂഹ്യജീവിതത്തിൽ നിന്ന് വേറിട്ടുനിർത്തിക്കൊണ്ട് ഭാഷയുടെ ഉത്ഭവത്തെപ്പറ്റിയാകട്ടെ, വളർച്ചയെപ്പറ്റിയാകട്ടെ പഠിക്കാൻ കഴിയില്ല.

ഈ തത്വത്തെ അവഗണിച്ചുകൊണ്ടാണ് കേരളത്തിലെ പല പണ്ഡിതൻമാരും മലയാളഭാഷയുടെ ഉത്ഭവത്തെപ്പറ്റിയും വികാസപരിണാമങ്ങളെപ്പറ്റിയുമുള്ള പ്രബന്ധങ്ങളും ഗ്രന്ഥങ്ങളും രചിച്ചിട്ടുള്ളത്. അതുകൊണ്ട്തന്നെയാണ് മലയാളം സംസ്കൃതത്തിന്റെ പുത്രിയാണെന്നും കൊടുന്തമിഴിന്റെ പുത്രിയാണെന്നും, ചെന്തമിഴിന്റെ പുത്രിയാണെന്നും മറ്റും മറ്റുമുള്ള നിരർത്ഥകങ്ങളായ വാദപ്രതിവാദങ്ങൾ ഇന്നും നടത്തപ്പെട്ടുകൊണ്ടിരിക്കുന്നത്.

മലയാളഭാഷയുടെ ഉൽപ്പത്തിയെ സംബന്ധിച്ച് മുഖ്യമായി നാലു സിദ്ധാന്തങ്ങളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത്.

1. മലയാളം സംസ്കൃതത്തിൽ നിന്നുണ്ടായതാണ്.

2. തമിഴും സംസ്കൃതവും കൂടിച്ചേർന്നുണ്ടായ ഭാഷയാണ് മലയാളം.

3. മലയാളം തമിഴിൽ നിന്നുണ്ടായതാണ്.

4. തമിഴെന്നപോലത്തന്നെ മലയാളവും ഒരു ദ്രാവിഡമൂലഭാഷയിൽ നിന്ന് പൊട്ടിത്തിരിഞ്ഞുണ്ടായതാണ്.

ഈ നാലു സിദ്ധാന്തങ്ങളെയും നമുക്കൊന്നു പരിശോധിച്ചു നോക്കാം.

## സംസ്കൃതഹിമഗിരിഗളിതാ?

ഇന്ത്യയിൽ ആദ്യത്തെ ഭാഷ സംസ്കൃതമായിരുന്നുവെന്നും ഇന്നത്തെ എല്ലാ ഭാരതീയ ഭാഷകളും, അല്ലെങ്കിൽ അവയിൽ മിക്കവയുമെങ്കിലും, സംസ്കൃതത്തിൽ നിന്നാണുത്ഭവിച്ചത് എന്നും, സംസ്കൃതത്തിന്റെ തണലിലാണ് അവയെല്ലാം തന്നെ വളരുകയും വികസിക്കുകയും ചെയ്തതെന്നും മറ്റുമുള്ള വാദങ്ങൾക്ക് പണ്ഡിതൻമാർക്കിടയിൽ ഒരുകാലത്ത് വലിയ പ്രചാരമുണ്ടായിരുന്നു. കേരളീയ പണ്ഡിതൻമാരിൽ ചിലരും ഇത്തരം അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, 'പണ്ട് സംസ്കൃതം ഭാരതത്തിലെ ഒരു പൊതുഭാഷയായിരുന്നു; എല്ലാ

ദേശക്കാരും അതിനെയാശ്രയിച്ച് വ്യവഹാരം നിർവ്വഹിച്ചുപോന്നു' എന്നും 'എല്ലാ ദേശങ്ങളിലും ആബാലവൃദ്ധം ജനങ്ങൾ പഠിച്ച് അതിൽ വൈദഗ്ധ്യം നേടിയിരുന്നു' എന്നും ഏതാനും വർഷങ്ങൾക്ക് മുമ്പ് വടക്കുംകൂർ രാജരാജവർമ്മ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ, ആര്യൻമാരുടെ ആഗമനത്തിനും സംസ്കൃതത്തിന്റെ ആവിർഭാവത്തിനും എത്രയോ മുമ്പുതന്നെ ഇന്ത്യയിൽ ഭാഷകളുണ്ടായിരുന്നു എന്നാണ് ചരിത്രം പറയുന്നത്. പുരാതന വാസ്തുഗവേഷകൻമാർ സിന്ധുനദീതീര പ്രദേശങ്ങളിൽ നടത്തിയ ഖനനവേലകളുടെ ഫലമായി ക്രിസ്തുവിന് മുമ്പ് മൂന്നാംനൂറ്റാണ്ടിലുപയോഗിക്കപ്പെട്ടിരുന്ന ഭാഷകളുടെ തെളിവുകൾ ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. ആ പ്രാചീനഭാഷകളുടെ അർത്ഥവും വ്യാപ്തിയും ഇപ്പോഴും നമ്മുടെ ഗവേഷകൻമാരെ അമ്പരപ്പിച്ചുകൊണ്ട് പിടികൊടുക്കാതെ നിൽക്കുകയാണ്. എങ്കിലും ഒരു കാര്യം തീർച്ച. ഇന്ത്യയിൽ ആര്യൻമാർക്കുമുമ്പുണ്ടായിരുന്ന ആദിമനിവാസികൾ സംസാരിക്കാൻ മാത്രമല്ല, എഴുതാനും പഠിച്ചുകഴിഞ്ഞിരുന്നു. ഹാരപ്പയുടെ ലിപിയിൽ നാനൂറോളം അക്ഷരങ്ങളുണ്ടായിരുന്നുവെന്നും ഒരു തരം ചിത്രലിപിയായിരുന്നു അതെന്നും സ്റ്റൂവർട്ട് പിഗോട്ട് അഭിപ്രായപ്പെടുന്നു.[3] ആ പ്രാചീനഭാഷ പഠിക്കാൻ വേണ്ടി ഡോക്ടർ ബെഡറിച്ച് ഹ്രോസ്നി തുടങ്ങിയ ഗവേഷകൻമാർ നടത്തിയ പരിശ്രമങ്ങൾ വിജയിച്ചുകഴിഞ്ഞിട്ടുണ്ടെന്നു പറയാൻ വയ്യ. എങ്കിലും, അയ്യായിരം വർഷങ്ങൾക്കു മുമ്പുതന്നെ ഇന്ത്യയിലെ പ്രാചീന ഭാഷകൾ ലിപികളുപയോഗിച്ച് ആശയവിനിമയം നടത്താൻ സാധിക്കത്തക്കവണ്ണം വികസിച്ചുകഴിഞ്ഞിരുന്നു എന്ന കാര്യം അവിതർക്കിതമാണ്.

എന്നിട്ടും, ഈ കണ്ടുപിടുത്തങ്ങൾക്കുശേഷവും, സംസ്കൃതഭാഷയുടെ മുത്തശ്ശിസ്ഥാനത്തെക്കുറിച്ചുള്ള വാദകോലാഹലങ്ങൾ ഉത്തരേന്ത്യയിലെ പണ്ഡിതൻമാർക്കിടയിൽ നിലനിന്നുപോന്നിട്ടുണ്ട്. 'പ്രകൃതി സംസ്കൃതം; തത്രഭാവം തത് ആഗതം വാപ്രകൃതം' എന്ന മുദ്രാവാക്യമുയർത്തിപ്പിടിച്ചുകൊണ്ട് സംസ്കൃതത്തിൽ നിന്ന് മാഗധി, ശൗരസേനി, മഹാരാഷ്ട്രി തുടങ്ങിയ പ്രാകൃതഭാഷകളും ആ ഭാഷകളിൽ നിന്ന് അപഭ്രംശഭാഷകളും അപഭ്രംശഭാഷകളിൽ നിന്ന് ഹിന്ദി, ബംഗാളി തുടങ്ങിയ ആധുനിക ഭാഷകളും ജന്മമെടുത്തു എന്ന് ചില പണ്ഡിതൻമാർ വാദിച്ചു. ആര്യൻമാരുടെ സംസ്കൃതവും ആര്യൻമാർക്ക് മുമ്പുണ്ടായിരുന്ന ദ്രാവിഡർ, നിഷാദർ മുതലായവരുടെ ഭാഷകളും കൂടിച്ചേർന്നിട്ടാണ് ആധുനിക ഭാഷകളുണ്ടായത് എന്നാണ് മറ്റൊരു വാദം. ഇത്തരം വാദങ്ങൾക്കൊന്നും ഇപ്പോൾ വലിയ സ്ഥാനമില്ലാതായിട്ടുണ്ട്. ഹിന്ദി, ബംഗാളി

3. Stuart Piggot: Pre-historic India.

മുതലായ ഉത്തരേന്ത്യൻ ഭാഷകളുടെ ഉൽപ്പത്തിയെപ്പറ്റി ശാസ്ത്രീയമായി പഠിക്കാൻ സഹായിക്കുന്ന ഒട്ടനവധി മികച്ച ഗ്രന്ഥങ്ങൾ അടുത്തകാലത്ത് പുറത്തുവന്നിട്ടുണ്ട്.[4]

മലയാളം സംസ്കൃതത്തിൽ നിന്നാണുൽഭവിച്ചത് എന്ന അഭിപ്രായം ആദ്യമായി ഉന്നയിച്ചത് കോവുണ്ണി നെടുങ്ങാടിയാണെന്നു തോന്നുന്നു. 1875 ൽ പ്രസിദ്ധം ചെയ്ത 'കേരള കൗമുദി' എന്ന തന്റെ വ്യാകരണത്തിന്റെ പ്രാരംഭത്തിൽ അദ്ദേഹം ഇങ്ങനെയൊരു ശ്ലോകം ചേർത്തിട്ടുണ്ട്.

'സംസ്കൃത ഹിമഗിരികളിതാ
ദ്രാവിഡ വാണി കളിന്ദജാമിളിതാ
കേരള ഭാഷാ ഗംഗാ
വിഹരതു മെ ഹൃൽസരസ്വദാസംഗാ'

അതിനു മുമ്പുതന്നെ ദ്രാവിഡഭാഷകളെ വിശകലനം ചെയ്തുകൊണ്ടും മലയാളത്തിന് തമിഴുമായുള്ള ബന്ധത്തെ ഊന്നിക്കൊണ്ടും റോബർട്ട് കാർഡ്വെൽ തന്റെ സുപ്രസിദ്ധമായ വ്യാകരണ ഗ്രന്ഥം (A Comparative Grammer of Dravidian Languages) പ്രസിദ്ധം ചെയ്തു കഴിഞ്ഞിരുന്നു. അതോടുകൂടിയാണ് നമ്മുടെ പണ്ഡിതൻമാർക്കിടയിൽ ശാസ്ത്രീയമായ ഭാഷാഗവേഷണത്തിനുള്ള ഉത്സാഹവും അഭിരുചിയും വർദ്ധിച്ചത്. അതിന്റെ ഫലമായി കേരള ഭാഷാഗംഗ സംസ്കൃതഹിമഗിരിഗളിതയാണെന്ന വാദം മിക്കവാറും ഉപേക്ഷിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

## മിശ്രഭാഷ

എന്നാൽ സംസ്കൃതത്തിന്റെയും തമിഴിന്റെയും സമ്മിശ്രണത്തിന്റെ ഫലമായിട്ടാണ് മലയാളഭാഷയാവിർഭവിച്ചത് എന്ന തെറ്റായ സിദ്ധാന്തത്തിന് ഇന്നും പ്രചാരമുണ്ട്. കോവുണ്ണി നെടുങ്ങാടി തന്നെ ഇത്തരമൊരഭിപ്രായം ഉന്നയിക്കുകയുണ്ടായി: 'ആദിദ്രാവിഡ വാഗ്ജാതാ കേരളീയോക്തികന്യക' തന്റെ അഭിപ്രായത്തെ അദ്ദേഹം ഇങ്ങനെ വിശദീകരിക്കുന്നു. 'നമ്പൂതിരിമാർ ആര്യവർത്തത്തിലെ ആര്യബ്രാഹ്മണരും ശൂദ്രാദികൾ അയൽപ്രദേശങ്ങളിലെ തമിഴരുമാകുന്നു. ആര്യൻമാരുടെ പൂർവ്വഭാഷ സംസ്കൃതവും മറ്റവരുടേത് തമിഴും ആയിരുന്നു. മേൽപ്പറഞ്ഞ ഇരുകൂട്ടക്കാരുടെയും ഭാഷകൾ തമ്മിൽ കലർന്ന് നമ്മുടെ മണിപ്രവാളം ഉണ്ടായി.'

ഏതാണ്ടിതേ വീക്ഷണഗതിയാണ് ഇളംകുളം കുഞ്ഞൻപിള്ളയ്ക്കുമുള്ളത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ 'എ.ഡി. 800 അടുത്തുവരെ

4. ഉദാഹരണത്തിന് ഡോ. രാംവിലാസ് ശർമ്മയുടെ 'ഭാഷാ ഓർ സമാജ്' പ്രത്യേകിച്ചും 7, 8, 9 എന്നീ അധ്യായങ്ങൾ. പേജ്. 141-231.

നാം തനിത്തമിഴായിരുന്നു. കേരളത്തിലും പാണ്ടിയിലും സംസാരിക്കുന്ന തമിഴ് ഭാഷയ്ക്ക് പറയത്തക്ക വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ല.'[5] ആര്യൻമാരുടെ വരവോടെയാണ് ഈ സ്ഥിതിക്കൊരു മാറ്റമുണ്ടായത്: 'ഇങ്ങനെ 800മാണ്ടടുത്താകുമ്പോൾ കേരളത്തിൽ ആര്യൻമാരുടെ സംഖ്യ വർദ്ധിക്കും. ഒരു പക്ഷേ സ്വദേശികളായിരുന്ന തമിഴരുടെ പകുതിയോളം ഉണ്ടായിരുന്നു ആര്യൻമാരെന്നു വരാം... ആര്യൻമാരുടെ സംഭാഷണഭാഷ അക്കാലത്ത് പ്രാകൃതമായിരുന്നു... അവർ ആര്യഭാഷയോട് തമിഴ് കലർത്തി സംസാരിക്കാൻ നിർബന്ധിതരായിത്തീർന്നു. തെലുങ്ക് കന്നഡ പ്രദേശങ്ങളിൽ നിന്നു വന്നവരായതുകൊണ്ട് പഴയ കന്നഡപദങ്ങളും അവരുടെ സംസാരത്തിൽ കലർന്നിരുന്നു.... ബ്രാഹ്മണരുടെ ഈ മിശ്ര ഭാഷയുടെ പ്രേരണകൊണ്ട് കേരളത്തിലെ തമിഴ് ഒമ്പതാംശതകം മുതൽ ക്രമേണ പാണ്ടി തമിഴിൽ നിന്ന് അകലാൻ തുടങ്ങി. പ്രാകൃതത്തിന്റെയും കന്നഡത്തിന്റേയും പ്രേരണ ആ ശതകത്തിലെ മലനാട്ടു തമിഴിൽ അൽപമായി കാണാൻ കഴിയും.'[6] മറ്റൊരിടത്ത് അദ്ദേഹം എഴുതുന്നു:

'8–ാം ശതകം മുതൽ തുളു കേരള പ്രദേശങ്ങളിൽ ആര്യൻമാരും ദ്രാവിഡരുമായി രണ്ടു ഭിന്നവർഗക്കാർ ഇടകലർന്നു കഴിഞ്ഞുകൂടുവാൻ ഇടയായത് തുളുനാട്ടിലെ കന്നഡം തുളുവായും കേരളത്തിലെ തമിഴ് മലയാല്മയായും കാലാന്തരത്തിൽ രൂപപ്പെടുന്നതിന് കാരണം. അതായത് 8–ാം ശതകം മുതൽ തുളുനാട്ടിലും കേരളത്തിലും രണ്ടു ഭാഷാഭേദങ്ങൾ നിലവിലിരുന്നു. ബ്രാഹ്മണരുടെ കന്നഡവും തുളുനാട്ടിലും കേരളത്തിലും ബ്രാഹ്മണരുടെ മിശ്രഭാഷയും മറ്റുള്ളവർ സംസാരിച്ചിരുന്ന തമിഴും.'[7]

ഒടുവിൽ അദ്ദേഹമെത്തിച്ചേരുന്ന നിഗമനമിതാണ്.

'ബ്രാഹ്മണരുടെ മിശ്രഭാഷയും സാമാന്യജനങ്ങൾ സംസാരിച്ചിരുന്ന മലനാട്ടുതമിഴും അനേകം ശതവർഷത്തേക്കു ഭിന്നമായിരുന്നു. എന്നാൽ, നമ്പൂതിരിമാർക്ക് രാഷ്ട്രീയമായും സാമ്പത്തികമായും സിദ്ധിച്ച പ്രാബല്യം കൊണ്ട് അതിവേഗം മിശ്രഭാഷയ്ക്ക് സാമാന്യ വ്യവഹാര ഭാഷയിൽ പ്രേരണ ചെലുത്തുവാൻ കഴിഞ്ഞു. സാമാന്യ ജനങ്ങളുടെ ഭാഷയുടെ പ്രേരണയാൽ നമ്പൂതിരിമാരുടെ മിശ്രഭാഷയും നാൾതോറും മാറിക്കൊണ്ടിരുന്നു. അതായത് ഇരുഭാഷകളും പരസ്പരം പ്രേരണ

5. ഇളംകുളം കുഞ്ഞൻപിള്ള: സാഹിത്യചരിത്ര സംഗ്രഹം. പേജ്. 9.
6. ടി.പേ. 11–13.
7. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള: ഭാഷയും സാഹിത്യവും നൂറ്റാണ്ടുകളിൽ. പേ. 21.

ചെലുത്തിക്കൊണ്ടിരുന്നു... എഴുത്തച്ഛന്റെ കാലഘട്ടത്തോടുകൂടി മിക്ക വാറും ഈ രണ്ടു ഭാഷകളും ഒന്നായിത്തീർന്നു.'[8]

എട്ടാം നൂറ്റാണ്ടു വരെ നമ്പൂതിരിമാരുടെ ഭാഷ പ്രാകൃതമായിരുന്നു വെന്നും എട്ടാം നൂറ്റാണ്ട് മുതൽക്ക് അവർ രണ്ടു വ്യത്യസ്തഭാഷകളും കൂടിച്ചേർന്നുണ്ടായ ഒരു മിശ്രഭാഷ സംസാരിക്കാൻ തുടങ്ങിയെന്നും കാല ക്രമത്തിൽ ആ മിശ്രഭാഷയും തമിഴും കൂടിച്ചേർന്നാണ് മലയാളം എന്ന മറ്റൊരു മിശ്രഭാഷയുണ്ടായി എന്നുമാണല്ലോ ഇതിന്റെ ചുരുക്കം. പക്ഷേ, പ്രൊഫസർ ശങ്കരൻനമ്പ്യാർ നാലു ദശാബ്ദങ്ങൾക്കു മുമ്പുതന്നെ ചൂണ്ടിക്കാണിച്ചതുപോലെ, സ്ഥായിയായ ഒരു ഭാഷയെ മറ്റു പല ഭാഷ കളും പോഷിപ്പിക്കുക എന്നുള്ളത് സംഭവ്യമാണെങ്കിലും, രണ്ടു ഭാഷ കളുടെ സമ്മേളനം കൊണ്ടുമാത്രം ഒരു പുതിയ ഭാഷ സൃഷ്ടിക്കപ്പെ ടുക എന്നത് ചരിത്രദൃഷ്ട്യാ യുക്തിയുക്തമായി തോന്നുന്നില്ല.'[9] ചരി ത്രദൃഷ്ട്യാ മാത്രമല്ല, ആധുനികഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാന ത്തിൽ പരിശോധിച്ചാലും ഇത്തരം മിശ്രഭാഷകളുണ്ടായിത്തീരുക സ്വാഭാ വികമല്ല. രണ്ടു ഭാഷകൾ തമ്മിൽ സമ്പർക്കമുണ്ടായാൽ വാക്കുകൾ പര സ്പരം കൈമാറിയെന്നു വരും. എന്നാൽ ഒരു ഭാഷ അന്യഭാഷകളിൽ നിന്ന് എത്രതന്നെ പദങ്ങൾ കടംവാങ്ങിയാലും അത് മറ്റൊരു ഭാഷയായി രൂപാന്തരപ്പെടുകയില്ല. മലയാളം മാത്രമല്ല, മറ്റെല്ലാ ഭാഷകളും ഇങ്ങനെ അന്യഭാഷകളിൽ നിന്ന് വാക്കുകൾ കടംവാങ്ങി സ്വന്തമാക്കിയിട്ടുണ്ടെന്നു കാണാം. ഉദാഹരണത്തിന് ഇംഗ്ലീഷ് ഭാഷയിലെ ഭൂരിഭാഗം പദങ്ങളും മറ്റു ഭാഷകളിൽ നിന്ന് സ്വീകരിച്ചവയാണ്. പക്ഷേ, അതുകൊണ്ട് ഇംഗ്ലീഷ് ഇംഗ്ലീഷല്ലാതായിട്ടുണ്ടോ? മലയാളത്തിലെന്നപോലെതന്നെ ഹിന്ദി, ബംഗാളി മുതലായ ഉത്തരേന്ത്യൻ ഭാഷകളിലും ധാരാളം സംസ്കൃത വാക്കുകളുണ്ട്. അതുകൊണ്ട് അവ സംസ്കൃതവും മറ്റേതോ ഭാഷകളും കൂടിച്ചേർന്നുണ്ടായ മിശ്രഭാഷകളാണെന്നു പറയാൻ കഴിയുമോ? തീർച്ച യായുമില്ല. എന്തെന്നാൽ, പദങ്ങൾ കടംവാങ്ങിയുപയോഗിക്കാനുള്ള കഴിവ് ഭാഷയെ പുഷ്ടിപ്പെടുത്തകയല്ലാതെ അതിന്റെ വ്യക്തിത്വത്തെ നശിപ്പിക്കുകയോ സ്വതന്ത്രമായ വ്യാകരണനിയമങ്ങളെയും ഭാഷാഘട നയേയും മാറ്റിമറിക്കുകയോ ചെയ്യുന്നില്ല.

നമ്പൂതിരിമാർക്ക് ഒരു പ്രത്യേക ഭാഷയുണ്ടായിരുന്നുവെന്നും 800-മാണ്ടോടടുത്ത് കേരളത്തിൽ വന്ന ഉടനെ അവർ തങ്ങളുടെ സ്വന്തം ഭാഷയുപേക്ഷിച്ച് ഒരു മിശ്രഭാഷ സ്വീകരിച്ചുവെന്നും മറ്റുമുള്ള വാദ ങ്ങൾക്ക് ചരിത്രപരമായ ന്യായീകരണമൊന്നുമില്ല. നമ്പൂതിരിമാർ അന്യ

8. ടി. പേജ്. 23-24.

9. പി. ശങ്കരൻനമ്പ്യാർ മലയാള സാഹിത്യ ചരിത്രസംഗ്രഹം. പേ. 18.

ദേശങ്ങളിൽനിന്നു കുടിയേറിപ്പാർത്ത ആര്യൻമാരായിരുന്നു എന്ന സങ്കൽപ്പമാണ് അവർക്കു പ്രത്യേകമായ ഒരു ഭാഷയുണ്ടായിരുന്നു എന്ന തെറ്റായ വിശ്വാസത്തിന് വഴിതെളിച്ചത് എന്നു തോന്നുന്നു.

8-ാം ശതകത്തിൽ കൊൽഹാപൂർ, വനവാസം മുതലായ സ്ഥലങ്ങളിൽനിന്ന് വലിയ ആര്യബ്രാഹ്മണസംഘങ്ങൾ കേരളത്തിലേക്കു പ്രവഹിക്കുകയുണ്ടായി എന്നാണ് ഇളംകുളം പറയുന്നത്.[10] പക്ഷേ, കൊൽഹാപൂരിലേയും വനവാസത്തിലേയും വ്യവഹാരഭാഷ പ്രാകൃതമായിരുന്നുവോ? ശൗരസേനി, മാഗന്ധി, മഹാരാഷ്ട്ര, പൈശാചി മുതലായവായണല്ലോ പ്രാകൃതഭാഷകളെന്നു പറയുന്നത്. ഈ ഭാഷകളൊന്നുംതന്നെ മലയാളത്തിൽ എടുത്തുപറയത്തക്ക സ്വാധീനമൊന്നും ചെലുത്തിയിട്ടില്ല. പ്രാകൃതം, പാലി എന്നീ ഭാഷകളിൽ നിന്ന് മലയാളത്തിൽ കടന്നുകൂടിയ അത്താണി, അരക്കൻ, കത്തിരി, കുപ്പായം, ഞായം, തവി, പക്കം, പന്തയം എന്നിങ്ങനെ 25 വാക്കുകളുടെ ഒരു പട്ടിക ഗോദവർമ്മ 'കേരള ഭാഷാവിജ്ഞാനീയ'ത്തിൽ ഉദ്ധരിച്ചുചേർത്തിട്ടുണ്ട്.[11] പക്ഷേ, അവ ക്രി.പി. 8-ാം നൂറ്റാണ്ടിനു ശേഷം വന്നുചേർന്നവയാണെന്നതിന് എന്തു തെളിവാണുള്ളത്? ബുദ്ധജൈനമതങ്ങൾക്കു പ്രാബല്യമുണ്ടായിരുന്ന കാലത്ത് വന്നുചേർന്നവയാണ് അവ എന്നു കരുതുകയല്ലേ കൂടുതൽ യുക്തിസഹം? പ്രാകൃതം, പാലി എന്നിവ 'മധ്യമേൻഡോ ആര്യൻ' ഭാഷകളിൽ നിന്നു വന്ന വാക്കുകൾ മാത്രമല്ല, ഹിന്ദി, മറാത്തി തുടങ്ങിയ 'നവീനേൻഡോ ആര്യൻ' ഭാഷകളിൽ നിന്നും അറബിക്, പേർഷ്യൻ, പോർട്ടുഗീസ്, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ നിന്നും വന്നുകൂടിയ വാക്കുകളുടെ പട്ടികകളും ഗോദവർമ്മ ഉദ്ധരിച്ചിട്ടുണ്ട്. പാലി-പ്രാകൃത ഭാഷകളിൽ നിന്നുവന്നത്രതന്നെ വാക്കുകൾ അറബിഭാഷയിൽ നിന്നും നമുക്ക് ലഭിച്ചിട്ടുണ്ടെന്നു കാണാം. പക്ഷേ, അതുകൊണ്ടുമാത്രം അറബിഭാഷയും തമിഴും കൂടിച്ചേർന്നുണ്ടായ ഒരു മിശ്രഭാഷയാണ് മലയാളം എന്ന് സങ്കൽപ്പിക്കാൻ കഴിയുമോ?

അതിരിക്കട്ടെ; സംസ്കൃതപദങ്ങളുടെ സ്ഥിതിയെന്താണ്? ആര്യൻമാരും ദ്രാവിഡരും തമ്മിലുള്ള സമ്പർക്കങ്ങളുടെ ഫലമായി ക്രിസ്ത്വാബ്ദത്തിന് ഏതാനും നൂറ്റാണ്ടുകൾ മുമ്പുമുതൽക്കുതന്നെ ആര്യൻമാരുടെ ഭാഷയും ദ്രാവിഡരുടെ ഭാഷയും പരസ്പരം സ്വാധീനം ചെലുത്താൻ തുടങ്ങിയിരുന്നു. ദ്രാവിഡഭാഷകളിൽ സംസ്കൃതപദങ്ങൾ കടന്നുകൂടിയതുപോലെതന്നെ സംസ്കൃതഭാഷയിൽ ദ്രാവിഡഭാഷകളും കടന്നുകൂടി. പക്ഷേ, ഇത് രണ്ടു ഭാഷകളുടെ സമ്പർക്കത്തെ മാത്രമാണ്

10. ഇളംകുളം കുഞ്ഞൻപിള്ള: ഭാഷയും സാഹിത്യവും നൂറ്റാണ്ടുകളിൽ, പേജ്. 15
11. കെ.ഗോദവർമ്മ: കേരള ഭാഷാ വിജ്ഞാനീയം, പേജ്. 206.

കുറിക്കുന്നത്. സമ്മിശ്രണത്തെയല്ല. അടവി, ആണി, ആളി, കടുക (കടു), കുടി, കൂനി, കൂലം, നാനാ, കോട്ട, നീരം, പട്ടണം, പള്ളി, മീനം, ശവം എന്നിങ്ങനെ ദ്രാവിഡത്തിൽ നിന്നു സംസ്കൃതത്തിലേക്കു സംക്രമിച്ച 30 ഓളം പദങ്ങളുടെ ഒരു പട്ടിക ഡോക്ടർ കാൾഡ്വെൽ തന്റെ സുപ്രസിദ്ധമായ വ്യാകരണഗ്രന്ഥത്തിൽ ഉദ്ധരിച്ചുചേർത്തിട്ടുണ്ട്.[12] ഇംഗ്ലീഷ് ഭാഷയിൽ എത്ര ആംഗ്ലോ-സാക്സൺ പദങ്ങളാണോ ഉള്ളത് അത്ര തന്നെ ദ്രാവിഡപദങ്ങൾ സംസ്കൃതഭാഷയിലുമുണ്ട്.' എന്നദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ദ്രാവിഡത്തിൽ നിന്നും കടംവാങ്ങപ്പെട്ട ഒട്ടനവധി സംസ്കൃതപദങ്ങളെപ്പറ്റി ഗുണ്ടർട്ടും തന്റെ മലയാള നിഘണ്ടുവിൽ പ്രതിപാദിച്ചിട്ടുണ്ട്. ബറോവ് എന്ന മറ്റൊരു പണ്ഡിതന്റെ അഭിപ്രായമനുസരിച്ച് ഋഗ്വേദത്തിൽത്തന്നെ ഇരുപതോളം ദ്രാവിഡപദങ്ങൾ കലർന്നിട്ടുണ്ട്. അവയിൽ കേതക-കേതകി, എല, പല്ലി, പുത്തിക, നളൻ എന്നീ അഞ്ചുപദങ്ങളുടെ ഒരു താരതമ്യപഠനം പ്രൊഫ. വി.ഐ.സുബ്രഹ്മണ്യന്റെ ഒരു ലേഖനത്തിൽ കാണാം.[13]

ഇതുപോലെ, മലയാളം, തമിഴ് തുടങ്ങിയ ദ്രാവിഡഭാഷകളിൽ ധാരാളം സംസ്കൃതപദങ്ങളും കൂടിച്ചേർന്നിട്ടുണ്ട്. എട്ടാം നൂറ്റാണ്ടിനു ശേഷമുള്ള കൃതികളിൽ മാത്രമല്ല, ക്രിസ്ത്വാബ്ദം ആദ്യശതകത്തിലെ സംഘംകൃതികളിൽ പോലും സംസ്കൃതഭാഷയുടെ സ്വാധീനശക്തി കാണാം. ചില പണ്ഡിതൻമാരുടെ അഭിപ്രായത്തിൽ സംഘംകൃതികളിലെ പത്തുശതമാനത്തോളം പദങ്ങൾ സംസ്കൃതജന്യങ്ങളാണ്. ആര്യദ്രാവിഡസമ്പർക്കത്തിന്റെ ഫലമാണിത്. പക്ഷേ, ഇതിന്റെ അർത്ഥം സംസ്കൃതവും ദ്രാവിഡഭാഷയും കൂടിച്ചേർന്ന് ഒരു മിശ്രഭാഷയുണ്ടായിത്തീർന്നു എന്നു മാത്രമല്ല, ഫിനീഷ്യക്കാർ, അറബികൾ, റോമാക്കാർ, തുടങ്ങിയവരുമായുള്ള വാണിജ്യബന്ധങ്ങൾ വളർന്നപ്പോൾ ചില വിദേശീയപദങ്ങളും വന്നുചേർന്നു. ബുദ്ധജൈനമതങ്ങളുടെ പ്രചാരം കൂടുതൽ സംസ്കൃതപദങ്ങളെ ക്ഷണിച്ചുവരുത്തി. പിന്നീട് ഫ്യൂഡലിസത്തിൽ ബ്രാഹ്മണമേധാവിത്വത്തിന്റെ അടിസ്ഥാനത്തിലുള്ള ഹിന്ദുമതം ശക്തിപ്പെട്ടപ്പോൾ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത അത്രയധികം സംസ്കൃതപദങ്ങൾ സ്വീകരിക്കപ്പെട്ടു. 8-ാം നൂറ്റാണ്ടിനുശേഷം സംസ്കൃതഭാഷയുടെ സ്വാധീനം വർദ്ധിക്കാനുള്ള കാരണമതാണ്. അക്കാലത്ത് സംസ്കൃതമായിരുന്നു പണ്ഡിതൻമാരുടെ ഭാഷ. സംസ്കൃതജ്ഞാനമായിരുന്നു അറിവിന്റെയും വ്യുൽപ്പത്തിയുടെയും മാനദണ്ഡം. അദ്ധ്വാനിക്കുന്നവ

12. Robert Caldwell: A Comparative Grammer of the Dravidian Languages, p. 567-75
13. V.I. Subramonium: Dravidian Words in Sanskrit, Tamil Culture Vol IX. No. 3

രോടു മാത്രമല്ല, അദ്ധ്വാനിക്കുന്നവരുടെ ഭാഷകളോടും ഫ്യൂഡൽ പ്രമാണികൾക്ക് പുച്ഛമായിരുന്നു. പക്ഷേ, സാധാരണക്കാരായ ജനങ്ങൾ അപ്പോഴും തങ്ങളുടെ സ്വന്തം ഭാഷകളിൽത്തന്നെ സംസാരിച്ചു. തങ്ങളുടെ സ്വന്തം ഭാഷകളിൽത്തന്നെ പാട്ടുകൾ രചിച്ചു. സംസ്കൃതമേധാവിത്വത്തിന് മലയാളത്തെയോ തമിഴിനെയോ നശിപ്പിക്കാൻ കഴിഞ്ഞില്ല. എന്നല്ല, മുതലാളിത്തഘടകങ്ങൾ ആവിർഭവിക്കുകയും ഫ്യൂഡലിസത്തിനെതിരായ സമരങ്ങൾ ശക്തിപ്പെടുകയും ചെയ്തപ്പോൾ ഈ പ്രാദേശിക ഭാഷകൾ സംസ്കൃതഭാഷാ സമ്പർക്കത്തിൽ നിന്ന് ലഭിച്ച പുതിയൊരോജസോടുകൂടി വീണ്ടും തലപൊക്കുകയും ചെയ്തു. ഇതാണ് ചുരുക്കത്തിൽ സംസ്കൃതവും മലയാളവും തമ്മിലുള്ള ബന്ധം.

## മലയാളം തമിഴിൽനിന്നുണ്ടായതാണോ?

മലയാളഭാഷ തമിഴിൽനിന്നുണ്ടായതാണ് എന്ന വാദം ആദ്യമായി ഉന്നയിച്ചത് ഡോക്ടർ കാൾഡ് വെൽ ആണെന്നു തോന്നുന്നു. അദ്ദേഹം എഴുതുന്നു: ‘മലയാളവും തമിഴും തമ്മിൽ ആദ്യമുണ്ടായിരുന്ന വ്യത്യാസം അൽപ്പം മാത്രമായിരുന്നുവെങ്കിലും, അതു ക്രമേണ വർദ്ധിച്ചുവന്നതിനാൽ, ഇന്ന് അതിനെ വെറും ഒരു ഭാഷാഭേദമായിട്ടല്ല, ഒരു സഹോദരീഭാഷയായിത്തന്നെ ഗണിക്കേണ്ടതാണ് എന്ന അഭിപ്രായത്തെ ചോദ്യംചെയ്യാൻ നിവൃത്തിയില്ല. എന്നാൽ, ആരംഭത്തിൽ ഒരു സഹോദരിയായിട്ടല്ല, പുത്രിയായിത്തന്നെ ഗണിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം’[14] ഈ അഭിപ്രായത്തെ ആവർത്തിക്കുക മാത്രമാണ് ഗോവിന്ദപ്പിള്ള ചെയ്തത്: ‘മലയാളഭാഷയുടെ മാതൃസ്ഥാനം വഹിച്ചിരുന്നത് തമിഴുതന്നെ. അതു നിസംശയമാകുന്നു. എന്നാൽ മലയാളം അന്യസംസർഗം കൊണ്ടും മറ്റും പ്രാപ്തിയായി യൗവ്വനം വന്ന സമയം അതിനും തമിഴിനും തമ്മിലുള്ള ബന്ധം സഹോദരിത്വമായിത്തീർന്നിരിക്കുന്നു.’[15]

മലയാളത്തിന്റെ ആദിരൂപം തമിഴാണ് എന്ന അഭിപ്രായത്തോട് രാജരാജവർമ്മയും യോജിക്കുന്നു: ‘മലൈനാടായ മലയാളത്തിലെ ആദിമ നിവാസികൾ തമിഴരും അവരുടെ ഭാഷ തമിഴും ആയിരുന്നു. എന്നാൽ എല്ലാ കാലത്തും ഗ്രന്ഥഭാഷ അല്ലെങ്കിൽ വരമൊഴി, നാടോടിഭാഷ അല്ലെങ്കിൽ വായ്മൊഴി എന്ന് ഒരു വ്യത്യാസം എല്ലാ ജീവൽ ഭാഷകളിലും ഉള്ളതുപോലെ ഈ തമിഴിലും ഉണ്ടായിരുന്നു. ഗ്രന്ഥഭാഷയ്ക്ക് ‘ചെന്തമിഴ്’ എന്നും നാടോടിക്ക് ‘കൊടുന്തമിഴ്’ എന്നുമാണ് തമിഴ്ഗ്രന്ഥകാ

14. Robert Caldwell: A Comparative Grammer of the Dravidian Languages, p. 24

15. പി.ഗോവിന്ദപ്പിള്ള, മലയാളഭാഷാ ചരിത്രം, പേജ്. 9

രൻമാർ പേരിട്ടിരിക്കുന്നത്. പലവക കൊടുന്തമിഴുകൾ ഉണ്ടായിരുന്നതിൽ ഒന്നാണ് നമ്മുടെ മലയാളമായിത്തീർന്നത്'[16] എന്നും 'അനുനാസികാതിപ്രസരം, തവർഗോപമർദ്ദം, അല്ലെങ്കിൽ താലവ്യാദേശം, സ്വസംവരണം, പുരുഷഭേദനിരാസം ഖിലോപസംഗ്രഹം, അംഗഭംഗം എന്നീ ആറ് നയങ്ങളനുസരിച്ചു കാലക്രമത്തിൽ മലയാളം തമിഴിൽ നിന്ന് വേർതിരിഞ്ഞു'[17] എന്നും, 'കൊല്ലവർഷാരംഭമായ ക്രിസ്ത്വബ്ദം 885 ഓടുകൂടിയാണ് ഈ വേർതിരിയലുണ്ടായത്' എന്നും അതിനുമുമ്പുള്ള കാലത്തെ 'മാതാവായ തമിഴിന്റെ' (അല്ലെങ്കിൽ മൂലദ്രാവിഡഭാഷയുടെ) ഗർഭത്തിൽ വസിച്ചിരുന്ന കാലമായി ഗണിച്ചാൽ മതിയാകും'[18] എന്നും ഇപ്പോഴത്തെ നിലയിൽ സംസ്കൃതത്തിന്റെ മണിയം പലതും മലയാളഭാഷയിൽ കേറി ഫലിച്ചിട്ടുണ്ടെങ്കിലും അസ്ഥിവാരവും മേൽപ്പുരയും ഇന്നും തമിഴു പ്രതിഷ്ഠിച്ചിട്ടുള്ളതു തന്നെയാണ്'[19] എന്നുമാണദ്ദേഹം എഴുതുന്നത്.

എട്ടാം നൂറ്റാണ്ടുവരെ കേരളക്കരയിൽ മലയാളികളല്ല തമിഴർ മാത്രമാണുണ്ടായിരുന്നത് എന്ന തെറ്റായ സങ്കൽപ്പത്തിൽ നിന്നാണ് കേരളത്തിലെ ഭാഷ തമിഴായിരുന്നു എന്ന തെറ്റായ സിദ്ധാന്തം പൊന്തി വന്നിട്ടുള്ളത്. പക്ഷേ, ഇത് ചരിത്രത്തിനു നിരക്കാത്ത വാദമാണ്. എന്തെന്നാൽ, ക്രിസ്ത്വബ്ദത്തിന് ഏതാനും നൂറ്റാണ്ടുകൾക്കുമുമ്പുതന്നെ കേരളീയർ ഒരു പ്രത്യേക ജനവിഭാഗമായിക്കഴിഞ്ഞിരുന്നുവെന്ന് പ്രാചീന സംസ്കൃതകൃതികളിൽനിന്നും അശോകന്റെ ശിലാശാസനങ്ങളിൽനിന്നും മറ്റും മനസ്സിലാക്കാം. ക്രിസ്ത്വബ്ദം ആദ്യശതകങ്ങളിൽ തെക്കെ ഇന്ത്യയിൽ ചേരൻമാർ, പാണ്ഡിതയൻമാർ, ചോഴൻമാർ തുടങ്ങിയ വ്യത്യസ്ത ജനസമുദായങ്ങളുണ്ടായിരുന്നുവെന്ന് സംഘംകൃതികളും പാശ്ചാത്യ ഗ്രന്ഥകാരൻമാരുടെ പുസ്തകങ്ങളും വ്യക്തമാക്കുന്നു. യഥാർഥത്തിൽ, ഈ മൂന്നു വിഭാഗക്കാർക്കു പുറമെ ഗോത്രസമുദായ വ്യവസ്ഥയുടെ അതിർത്തികൾക്കുപുറത്തു കടക്കാത്ത ഒട്ടനവധി ജനവിഭാഗങ്ങൾ വേറെയുമുണ്ടായിരുന്നു. ഏതായാലും, ഈ അതിപ്രാചീനകാലം മുതൽക്കുതന്നെ മലയാളികൾ ആ വാക്കു പിന്നീടുണ്ടായതാണെങ്കിൽകൂടി ഒരു പ്രത്യേക ജനസമുദായമായി ഉരുത്തിരിയാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. അവർക്ക് പ്രത്യേകമായ ഒരു ഭാഷയുണ്ടായിരുന്നില്ല എന്നു കരുതാൻ വിഷമമുണ്ട്.

16. എ.ആർ. രാജരാജവർമ്മ: കേരളപാണിനീയം പേ. 5

17. ടി. പേജ് 23

18. ടി. പേജ് 54

19. എ.ആർ. രാജാരാജവർമ്മ: കേരള പാണിനീയം, പേ. 5

മലയാളം തമിഴിൽനിന്നുണ്ടായതാണ് എന്ന അഭിപ്രായത്തോട് മഹാകവി ഉള്ളൂരും പ്രായേണ യോജിക്കുന്നുണ്ട്. പക്ഷേ, ചെന്തമിഴ് എന്ന സാഹിത്യഭാഷ വ്യവസ്ഥാനം ചെയ്യപ്പെടുന്നതിനുമുമ്പുതന്നെ അതു രണ്ടായി പിരിഞ്ഞുകഴിഞ്ഞിരുന്നു എന്നാണദ്ദേഹം കരുതുന്നത്. 'പശ്ചിമപർവത പങ്ക്തിക്കു കിഴക്കും പടിഞ്ഞാറുമുള്ള പ്രദേശങ്ങളിൽ ഒരേ ഭാഷ ദക്ഷിണദ്രാവിഡം തന്നെയായിരുന്നു സംഭാഷണത്തിന് ഉപയോഗിച്ചുവന്നതെങ്കിലും അതിന് രണ്ടുസ്ഥലങ്ങളിലും സ്വൽപ്പ വ്യത്യാസങ്ങളുണ്ടായിരുന്നു' എന്നും കേരളത്തിലെ കൊടുന്തമിഴുഭാഷ 'അനന്തരകാലങ്ങളിൽ ചെന്തമിഴ് നാട്ടിലെ വ്യവഹാര ഭാഷയിൽനിന്ന് അധികമധികം അകന്ന് ഒരു സ്വതന്ത്രഭാഷയായി പരിണമിച്ചു' എന്നും അദ്ദേഹം അഭ്യൂഹിക്കുന്നു.[20] അദ്ദേഹം തന്റെ വാദങ്ങളെ ഇങ്ങനെയാണു പ്രസംഹരിക്കുന്നത്.

'ചെന്തമിഴിന്റെ ആവിർഭാവകാലത്തിനുമുമ്പു തന്നെ ഭൂസ്ഥിതിയും കാലാവസ്ഥയും നിമിത്തം ചില വ്യത്യാസങ്ങളെല്ലാം സ്വാഭാവികമായുണ്ടായിരുന്നു. എങ്കിലും പശ്ചിമപർവതങ്ങൾക്കു കിഴക്കും പടിഞ്ഞാറുമുള്ള തമിഴകത്തിൽ സംസാരിച്ചുവന്ന ഭാഷ പ്രായേണ ഒന്നുതന്നെയായിരുന്നു എന്ന് ഞാൻ മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. ചെന്തമിഴിന്റെ അതിപ്രസരം നിമിത്തം കാലാന്തരത്തിൽ മലമണ്ഡലമൊഴിച്ചുള്ള കൊടുന്തമിഴുനാടുകളിലെ നാടോടിഭാഷ അതുമായി അധികമധികം അടുത്തു. എന്നാൽ, മലമണ്ഡലത്തിലാകട്ടെ മുമ്പുതന്നെയുണ്ടായിരുന്ന വ്യത്യാസങ്ങൾ ക്രമേണ വർധിച്ച് വ്യവഹാരഭാഷ സംസ്കൃതത്തിന്റെ ആധിപത്യത്തിന് വഴങ്ങി പാണ്ഡ്യ ചോളദേശങ്ങളിലെ വ്യവഹാരഭാഷയിൽ നിന്നകന്നകന്ന് ഒരു വ്യക്തിത്വവിശിഷ്ടമായ സ്വതന്ത്രഭാഷയായി പരിണമിച്ചു. മലയാളത്തിനും തമിഴിനും തമ്മിലുള്ള ചേർച്ച സൂക്ഷ്മമായി പരിശോധിച്ചാൽ മലയാളത്തെ ഇന്നത്തെ തമിഴിന്റെ പുത്രിയെന്നോ കനിഷ്ഠസഹോദരിയെന്നോ അല്ല പറയേണ്ടതെന്നും, അങ്ങനെ ഒരു സംബന്ധം കൽപ്പിക്കുകയാണെങ്കിൽ മാതാവെന്നോ ജ്യേഷ്ഠത്തിയെന്നോ ആണ് വേണ്ടതെന്നാണ് ഈ ചർച്ചയിൽനിന്ന് വിശദമാകുന്നത്.'[21]

## മൂലദ്രാവിഡഭാഷ

കഴിഞ്ഞ നൂറ്റാണ്ടിൽത്തന്നെ കാൾഡ്വെല്ലിന്റെ അഭിപ്രായത്തെ ഖണ്ഡിച്ചുകൊണ്ട്, 'ദ്രാവിഡഗോത്രത്തിൽപ്പെട്ട ഒരേ അംഗത്തിന്റെ രണ്ടു പശാഖകളാണ് തമിഴും മലയാളവും' എന്ന് മലയാള നിഘണ്ടുവിന്റെ

20. ഉള്ളൂർ: കേരളസാഹിത്യചരിത്രം, വാല്യം 1. പേ. 27

21. ഉള്ളൂർ: കേരള സാഹിത്യചരിത്രം, വാല്യം 1. പേജ് 32, 33

കർത്താവായ ഡോക്ടർ ഗുണ്ടർട്ട് വാദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മലയാളം തമിഴിൽനിന്നല്ല, ഒരു മൂലദ്രാവിഡഭാഷ യിൽനിന്നാണ് ജനിച്ചത്. ആറ്റൂർ കൃഷ്ണപിഷാരടി, ഡോക്ടർ ഗോദ വർമ്മ, കെ.എം. ജോർജ്ജ് മുതലായ പണ്ഡിതൻമാരും ഏറെക്കുറെ ഈ അഭിപ്രായക്കാരാണ്. 'മൂലദ്രാവിഡഭാഷയുടെ ഒരു സ്വതന്ത്രശാഖയാണ് മലയാളമെന്നും അതിനാൽ അതിന്റെ ആദിരൂപം മൂലദ്രാവിഡഭാഷത ന്നെയാണെന്നും' ആറ്റൂർ ഉറപ്പിച്ചു പറയുന്നു.[22] കേരളത്തിലെ വ്യവഹാ രഭാഷയായിരുന്ന കൊടുന്തമിഴാണ് പിന്നീട് മലയാളമായിത്തീർന്നത് എന്ന കേരളപാണിനീയ കർത്താവിന്റെ അഭിപ്രായത്തെ വിമർശിച്ചു കൊണ്ടും മലയാളം ദ്രാവിഡഗോത്രത്തിൽനിന്നും പിരിഞ്ഞ് മലനാട്ടിൽ പ്രത്യേകങ്ങളായ പരിതസ്ഥിതികളിൽ വളർന്നിട്ടുള്ളതാണ് എന്ന ആറ്റൂ രിന്റെ സിദ്ധാന്തത്തെ അനുകൂലിച്ചുകൊണ്ടും ഡോക്ടർ ഗോദവർമ്മ ഇങ്ങനെ എഴുതുന്നു:

'അതിപ്രാചീനമായ കാലത്തിൽപോലും കേരളത്തിലെ ഭാഷ മല യാളമായിരുന്നു എന്നല്ലാതെ തമിഴോ തമിഴിന്റെ ഒരുപശാഖയോ ആയി രുന്നുവെന്നു വിചാരിക്കുന്നത് അസംഗതമാണ്. എത്രതന്നെ പ്രാചീന മായ മലയാളശാഖയിലും മലയാളത്തിന് തമിഴ് മുതലായ മറ്റു ദ്രാവിഡ ഭാഷകളിൽ നിന്നും പ്രത്യേകമായ ഒരു വ്യക്തിത്വം തെളിഞ്ഞുകാണുക തന്നെ ചെയ്യുന്നു.'[23]

മലയാളവും തമിഴും തമ്മിലുള്ള വർണ്ണവിഷയകവും പദസംബ ന്ധിയും മറ്റുമായ പല വ്യത്യാസങ്ങളെപ്പറ്റിയും വിസ്തരിച്ചു ചർച്ചചെ യ്തുകൊണ്ട് മലയാളത്തിന്റെ പ്രത്യേകമായ വ്യക്തിത്വത്തെ തെളിയിച്ചു കാണിക്കാൻ അദ്ദേഹം നന്നേ പരിശ്രമിച്ചിട്ടുണ്ട്. പക്ഷേ, 'തമിഴും മല യാളവും ദ്രാവിഡഭാഷയുടെ ഒരു പൂർവദശയിൽ നിന്ന് രണ്ടായിപിരിഞ്ഞ് ഭിന്നങ്ങളായ സ്ഥലങ്ങളിൽ സ്വതന്ത്രമായി വളർന്നു'വന്നവയാണ് എന്നും[24] 'മലയാളം മറ്റു ദ്രാവിഡഭാഷകളേക്കാൾ തമിഴിനോട് കൂടു തൽ ചേർച്ച പ്രദർശിപ്പിക്കുന്നതിനുള്ള കാരണം മലയാളത്തിലും തമി ഴിനും സമാനമായ ഒരു പൂർവദശ ഉണ്ടായിരുന്നതിന്റെ ഫലമത്രെ'[25] എന്നും 'പിൽക്കാലത്ത് രണ്ടുഭാഷകളായി പിരിഞ്ഞതിനുശേഷമാണ് വർണ്ണവികാര വിഷയകമായി തമിഴിലും മലയാളത്തിലും ചില വിഭിന്ന സ്വഭാവങ്ങൾ പ്രതിഷ്ഠനേടി'[26]യത് എന്നും മറ്റുമുള്ള സിദ്ധാന്തങ്ങ ളിൽനിന്നു പുറത്തുകടക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടില്ല.

22. ആറ്റൂർ കൃഷ്ണപിഷാരടി: മലയാളഭാഷയും സാഹിത്യവും. പേ. 53

23. കെ. ഗോദവർമ്മ: കേരളഭാഷാ വിജ്ഞാനീയം, പേ. 136

24. കെ. ഗോദവർമ്മ: കേരള ഭാഷാവിജ്ഞാനീയം, പേ. 198

25. ടി. പേ. 196 26. ടി.ടി.

ഡോക്ടർ കെ.എം. ജോർജും ഏറെക്കുറെ ഈ അഭിപ്രായത്തോ ടാണ് യോജിക്കുന്നത്. 'ദ്രാവിഡഗോത്രത്തിൽ നിന്നും പിരിഞ്ഞ് കേരള ത്തിലെ പ്രത്യേക പരിതഃസ്ഥിതികളിൽ രൂപംകൊണ്ടു വളർന്നതും തമിഴ്, തെലുങ്ക്, കന്നടം എന്നീ ഭാഷകളെപ്പോലെ വ്യക്തിത്വവും അതിൽക്കുറ യാത്ത പ്രാചീനതയും അവകാശപ്പെടാവുന്നതുമായ ഒരു ഭാഷയാണ് മലയാളം'[27] എന്നദ്ദേഹം എഴുതുന്നു. മലയാളഭാഷയുടെ ഈ വ്യക്തി ത്വത്തിന്റെയും പ്രാചീനതയുടെയും അടിസ്ഥാനകാരണമെന്താണെന്നും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്: 'അനേകം നൂറ്റാണ്ടുകൾ സ്വതന്ത്രമായി കഴിഞ്ഞുകൂടിയ ഒരു സമുദായമാണ് കേരളീയർ എന്നതിന് ധാരാളം തെളിവുകൾ ഉണ്ട്. മലയാളിയുടെ വസ്ത്രധാരണവും, ദായക്രമവും, ആചാരങ്ങളും കലാപ്രകടനങ്ങളും, പയറ്റുമുറകളും, ചികിൽസാരീതി കളും മറ്റു പല കാര്യങ്ങളും, വ്യക്തിത്വമുള്ള ഒരു സംസ്കാരത്തിന്റെ ചില പ്രതിഫലനങ്ങൾ മാത്രമാണ്. അങ്ങനെ സ്വതന്ത്രമായി വളർന്നു വന്ന ഒരു ജനതയ്ക്ക് സ്വന്തമായി ഒരു ഭാഷയില്ലാതിരിക്കുന്നതെങ്ങനെ? ഈ ജനത മുപ്പതോ അതിലധികമോ ശതവർഷങ്ങളിലായി ക്രമേണ വളർത്തിക്കൊണ്ടുവന്ന ഒരു വ്യവഹാരഭാഷയാണ് മലയാളം.'[28]

ഡോക്ടർ ജോർജിന്റെ ഈ അഭിപ്രായം തികച്ചും ശരിയാണ്. പക്ഷേ, സ്വന്തമായ ഒരു വ്യക്തിത്വത്തോടുകൂടി സ്വതന്ത്രമായി വളർന്നു വന്ന കേരളീയ ജനത ഏതുവിധത്തിലാണ് ഉൽഭവിക്കുകയും രൂപം കൊള്ളുകയും ചെയ്തത് എന്നു പരിശോധിക്കുവാൻ അദ്ദേഹം മുതിരു ന്നില്ല. അതുകൊണ്ടാണ് ആദ്യം ഒരു മൂലദ്രാവിഡഭാഷയുണ്ടായിരുന്നു എന്നും ആ മൂലഭാഷയിൽനിന്നാണ് തമിഴെന്നപോലെത്തന്നെ മലയാ ളവും ഉൽഭവിച്ചത് എന്നുമുള്ള നിഗമനത്തിൽ അദ്ദേഹം എത്തിച്ചേരു ന്നത്. അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ: തമിഴ്, തെലുങ്ക്, കർണ്ണാട കം, മലയാളം എന്നീ ഭാഷകളെല്ലാം ഒരേ മൂലഭാഷയിൽനിന്നും ഉൽഭ വിച്ചിട്ടുള്ളതാണ്. അതിന് മൂലദ്രാവിഡഭാഷ എന്നു പേർ പറയാം. ആ മൂലഭാഷയേയാണ് 'ദ്രമിളം' എന്ന തമിഴ് എന്ന പ്രയോഗം കൊണ്ട് ഗുണ്ടർട്ട് സൂചിപ്പിക്കുന്നത്.[29]

പക്ഷേ, ആദ്യം ഒരു മൂലഭാഷയുണ്ടായിരുന്നുവെങ്കിൽ ആ മൂലഭാഷ സംസാരിച്ചിരുന്ന ഒരു മൂലജനസമുദായവും ഉണ്ടായിരുന്നു എന്നു സ മ്മതിക്കേണ്ടിവരില്ലേ? അങ്ങനെയൊരു മൂലസമുദായമുണ്ടായിരുന്നു എന്നാണ് ജോർജിന്റെ വിശ്വാസം. ആദ്യം മൂലദ്രാവിഡഭാഷ എന്ന ഒരു

27. കെ.എം. ജോർജ്: സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ പേ. 58

28. ടി. പേ. 57–58

29. കെ.എം. ജോർജ്: വളരുന്ന കൈരളി, പേ. 33

പ്രത്യേക ഭാഷ സംസാരിച്ചിരുന്ന ദ്രാവിഡർ എന്ന ഒരു മൂലസമുദായമുണ്ടായിരുന്നു എന്നു ആ മൂല സമുദായം വ്യത്യസ്ത പ്രദേശങ്ങളിൽ പാർക്കാൻ തുടങ്ങിയപ്പോൾ ആ മൂലഭാഷയും മലയാളം, തമിഴ് എന്നിങ്ങനെയുള്ള വ്യത്യസ്ത ഭാഷകളായി പിരിഞ്ഞു പോയി എന്നുമാണ് അദ്ദേഹം വാദിക്കുന്നത്. നോക്കുക: 'കൊല്ലവർഷാരംഭത്തിനു വളരെ മുമ്പുതന്നെ ബ്രാഹ്മണർ കേരളത്തിൽ കുടിയേറിപ്പാർത്തിരുന്നു എന്നതു ശരിതന്നെ. പക്ഷേ, ക്രിസ്തുവർഷാരംഭത്തിനു വളരെ ശതകങ്ങൾ മുമ്പു തന്നെ ദ്രാവിഡർ കേരളത്തിൽ കുടിയേറിപ്പാർത്തുവെന്നുള്ളതും ഓർക്കേണ്ടതാണ്. ഭൂമിശാസ്ത്രപരമായ പരിതഃസ്ഥിതികൾകൊണ്ട് ഒരു ജനത വേറിട്ടു വസിക്കേണ്ടിവരുമ്പോഴാണ് ഭാഷാഭേദങ്ങൾ വർദ്ധിച്ചുവരുന്നത്. അങ്ങനെ പൂർവദ്രാവിഡ കുടുംബത്തിൽനിന്നും അനേകം വർഷങ്ങൾ മാറിത്താമസിച്ചതിന്റെ ഫലമായി പുതിയരൂപം പൂണ്ട ഭാഷയാണ് മലയാളം'[29] 'ഭൂമിശാസ്ത്രപരമായ പരിതഃസ്ഥിതികളാണ് ഒരു പുതിയ ഭാഷയുടെ ജൻമത്തിനു വാസ്തവത്തിലുള്ള ഹേതുക്കൾ' എന്നാണദ്ദേഹം ഉറപ്പിച്ചുപറയുന്നത്.[30]

ഭൂമിശാസ്ത്രപരമായ പരിതഃസ്ഥിതികൾ കൊണ്ടുമാത്രം ഒരു ജനത തങ്ങളുടെ സ്വന്തം ഭാഷയുപേക്ഷിച്ച് പുതിയൊരു ഭാഷ സ്വീകരിക്കാൻ തുടങ്ങുമെന്ന ഈ വാദം ജോർജുതന്നെ മറ്റൊരിടത്തംഗീകരിച്ചുകഴിഞ്ഞിട്ടുള്ള സിദ്ധാന്തത്തിനെതിരാണ്. 'സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇങ്ങനെ എഴുതുന്നു.

'വീട്ടിൽ തമിഴും വെളിയിൽ മലയാളവും സംസാരിക്കുന്ന അനേകം തമിഴ് കുടുംബങ്ങൾ കേരളത്തിന്റെ നാനാഭാഗങ്ങളിലും ഉണ്ട്.' ഇവരിൽ ചിലരുടെ പൂർവൻമാർ പത്തു ശതകങ്ങൾക്കു മുമ്പാണ് കേരളത്തിൽ വന്നു കുടിയേറിപ്പാർത്തത് എന്നതിനു ലക്ഷ്യങ്ങളുണ്ട്... മേൽപ്പറഞ്ഞ കൂട്ടരെല്ലാം മലയാളം അറിയുന്നവരാണെങ്കിലും അവരുടെ ഗൃഹഭാഷ തമിഴുതന്നെ. അവരുടെ പൂർവൻമാർ കുടിയേറിപ്പാർത്തകാലത്ത് കേരളത്തിലെ ഭാഷയും അവരുടെ ഭാഷയും ഒന്നുതന്നെ (തമിഴ്) ആയിരുന്നെങ്കിൽ, രണ്ടുതരത്തിലുള്ള പരിണാമങ്ങൾ ഉണ്ടാകുവാൻ നിവൃത്തിയില്ല. വാസ്തവത്തിൽ രണ്ടുതരത്തിലുള്ള ആരംഭവും പരിണാമവും ഉണ്ടായതിന്റെ ഫലമായിട്ടാണ് ഇന്നും അവ രണ്ടുഭാഷകളായി നിലകൊള്ളുന്നത്.'[31]

29. കെ.എം. ജോർജ്: വളരുന്ന കൈരളി, പേ. 168

30. ടി. പേ. 71

31. ഡോ. കെ.എം. ജോർജ്: സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ പേ. 51-52

പശ്ചിമഘട്ടനിരകൾക്കിപ്പുറത്തുള്ള കേരളക്കരയിൽ തമിഴർവന്നു കുടിയേറിപ്പാർത്താൽ അവരുടെ ഭാഷ എത്ര നൂറ്റാണ്ടു കഴിഞ്ഞാലും മാറുകയില്ല എന്നും അതേ സ്ഥലത്ത്, ദ്രാവിഡർ വന്നു കുടിയേറി പ്പാർത്താൽ അവരുടെ ഭാഷ ഉടൻതന്നെ മാറാൻ തുടങ്ങുകയും കാല ക്രമത്തിൽ അതൊരു പുതിയ ഭാഷയായി രൂപാന്തരപ്പെടുകയും ചെയ്യു മെന്നും ഒരേസമയത്തു വാദിക്കുന്നതിലുള്ള ഔചിത്യക്കുറവ് സ്വയം വ്യക്തമല്ലേ? അതുകൊണ്ട്, മലയാളഭാഷയുടെ ഉൽഭവത്തിന്റെയും വികാ സപരിണാമങ്ങളുടേയും കാരണങ്ങൾ ഭൂമിശാസ്ത്രപരങ്ങളാണ് എന്ന വാദം ശരിയാണെന്നു തോന്നുന്നില്ല. ഒരേ ഭൂമിശാസ്ത്ര പരിതഃസ്ഥിതി കളിൽ ജീവിക്കുന്ന ജനസമുദായങ്ങൾ തന്നെ പലേടത്തും വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നതു കാണാം. ഉദാഹരണത്തിന്, ബീഹാരിക ളേയും ബെങ്കാളികളേയും പരസ്പരം വേർതിരിച്ചുനിർത്തുന്ന പർവത നിരകളോ സമുദ്രങ്ങളോ ഇല്ല. എന്നിട്ടും, അവർ വ്യത്യസ്തഭാഷകളാണ് സംസാരിക്കുന്നത്. കേരളത്തിനും തമിഴ്നാട്ടിനുമിടയിൽ പശ്ചിമപർവ തനിരകൾ തലയുയർത്തി നിൽക്കുന്നുണ്ടെന്നതുള്ളതു ശരിയാണ്. പക്ഷേ, രണ്ടു പ്രദേശങ്ങളിലേയും ജനങ്ങൾ തമ്മിലുള്ള സമ്പർക്ക ങ്ങൾക്ക് അതിപ്രാചീനകാലത്തുപോലും അതൊരു തടസ്സമായിരുന്നില്ല. വാദത്തിന് തടസമായിരുന്നു എന്നു തന്നെ വിചാരിക്കുക. എന്നാൽ മല യാളികൾക്കും കർണ്ണാടകക്കാർക്കുമിടയിൽ അത്തരം പർവതങ്ങളൊന്നു മില്ലല്ലോ. എന്നിട്ടും അവരുടെ ഭാഷകൾ വ്യത്യസ്തങ്ങളായതെന്തുകൊ ണ്ടാണ്?

വാസ്തവത്തിൽ ദ്രാവിഡ ഗോത്രത്തിൽനിന്നു പിരിഞ്ഞുണ്ടായ ഒരു പുതിയ ഭാഷയാണ് മലയാളം എന്ന ധാരണതന്നെ ശരിയല്ല. എന്തെ ന്നാൽ, തമിഴ്, കന്നഡ എന്നീ ഭാഷകളെപ്പോലെതന്നെ മലയാളവും ദ്രാവി ഡഗോത്രത്തിൽപ്പെട്ട ഒരു ഭാഷയായിട്ടാണ് ഇന്നും പരിഗണിക്കപ്പെടു ന്നത്. ഒരേഗോത്രത്തിൽപ്പെട്ടവയാണ് എന്നതുകൊണ്ടുമാത്രം ഈ ഭാഷ കളെല്ലാം ഒന്നായിക്കൊള്ളണമെന്നില്ലല്ലോ. ഒരേ ഭാഷാഗോത്രത്തി ലുൾപ്പെട്ട വ്യത്യസ്ത ഭാഷകളാണവ. മറ്റൊരു ഭാഷയുടേതുമല്ലാത്ത ഒരു മൂലപദഭണ്ഡാരവും പ്രാചീന വ്യാകരണരൂപവും മലയാളത്തിന് ആരം ഭകാലം മുതൽക്കേ ഉണ്ടായിരുന്നു. അതുകൊണ്ടാണ് അതൊരു പ്രത്യേക ഭാഷയായി രൂപംകൊണ്ടത്. എന്നാൽ, മലയാളം, തമിഴ് എന്നീ രണ്ടു ഭാഷകളുടെ മൂലപദങ്ങളിലും വ്യാകരണരൂപങ്ങളിലും വ്യത്യാ സങ്ങൾ മാത്രമല്ല, ധാരാളം സാദൃശ്യങ്ങളുമുണ്ട്. ഈ സാദൃശ്യങ്ങൾ അവ രണ്ടും ഒരേ മൂലഭാഷയിൽനിന്നു പൊട്ടിപ്പിരിഞ്ഞുണ്ടായവയാ ണെന്നു കാണിക്കുന്നില്ല; രണ്ടും ഒരേ ഭാഷാഗോത്രത്തിൽ പെട്ടവയാ ണെന്നു മാത്രമേ കാണിക്കുന്നുള്ളു. അവ തമ്മിലുള്ള വ്യത്യാസങ്ങളും

വൈധർമ്മ്യങ്ങളുമാകട്ടെ അവയുടെ സ്വതന്ത്രമായ നിലനിൽപ്പിനെയാണ് കുറിക്കുന്നത്.

രണ്ടു ഭാഷകൾ തമ്മിലുള്ള സാദൃശ്യങ്ങൾക്കും സാധർമ്മ്യങ്ങൾക്കും പല കാരണങ്ങളുമുണ്ടാവാം. വ്യത്യസ്തങ്ങളായ പ്രാകൃതഗോത്രസമുദായങ്ങൾ പരസ്പരം ബന്ധപ്പെടുകയും സമ്പർക്കങ്ങൾ പുലർത്തുകയും ചിലപ്പോൾ ഒന്നിച്ചു സംഘടിപ്പിക്കുകയും ചെയ്തിരുന്നുവെന്നതാണ് ഏറ്റവും മുഖ്യമായ കാരണം.

## മൊഴികളിൽ നിന്ന് ഭാഷയിലേയ്ക്ക്

പ്രാചീന ദക്ഷിണപഥത്തിലെ എല്ലാ ജനതകളും ഒരു കാലത്ത് ഒരേ ഭാഷ സംസാരിക്കുന്ന ഒരൊറ്റ ഗോത്രസമുദായമായിട്ടാണ് ജീവിച്ചിരുന്നത് എന്നു കരുതാൻ യാതൊരു ന്യായവുമില്ല. ആരംഭത്തിൽ വ്യത്യസ്തങ്ങളായ കുലങ്ങളും ഗോത്രങ്ങളുമായിട്ടാണ് അവർ ജീവിച്ചിരുന്നത് എന്നതിനു പ്രാചീന സംഘം കൃതികൾപോലും സാക്ഷ്യം വഹിക്കുന്നുണ്ട്.

അനേകം സഹസ്രാബ്ദങ്ങൾക്കുമുമ്പ് കല്ലിൻകഷണങ്ങൾകൊണ്ടുള്ള പ്രാകൃതോപകരണങ്ങളുമായി തെക്കെ ഇന്ത്യയിലെ മലയോരങ്ങളിലും കാട്ടുപ്രദേശങ്ങളിലും വേട്ടയാടി ജീവിച്ചിരുന്ന പ്രാകൃതമനുഷ്യരിൽനിന്നാണ് നൂറ്റാണ്ടുകളുടെ വികാസക്രമത്തിലൂടെ മലയാളികളും തമിഴരും കർണ്ണാടകക്കാരും തെലുങ്കരും വേർതിരിഞ്ഞ് പ്രത്യേക ജനവിഭാഗങ്ങളായിത്തീർന്നത് എന്നു പറയുന്നത് ശരിയാണ്. പ്രാകൃതരായ ആദിമദ്രാവിഡർ പ്രത്യേക ജനവിഭാഗങ്ങളായി വേർതിരിഞ്ഞു വികസിക്കാൻ തുടങ്ങിയതിനു ശേഷമാണ് അവരുടെ പ്രാകൃതമൊഴികളിൽനിന്ന് മലയാളം, തമിഴ് തുടങ്ങിയ ഭാഷകൾ ആവിർഭവിച്ചത് എന്ന കാര്യത്തിലും സംശയമില്ല. എന്നാൽ ഇങ്ങനെ പ്രത്യേക ജനവിഭാഗങ്ങളായി ഉരുത്തിരിയുന്നതിനുമുമ്പുതന്നെ മലംപ്രദേശങ്ങളിലെ കാടൻമാരായ പ്രാകൃതനിവാസികൾ ഒരുതരം സാമൂഹ്യജീവിതം നയിച്ചിരുന്നു. ആദ്യംമുതൽക്കേ അവർ കൂട്ടം കൂട്ടമായിട്ടാണ്, അതായത് കുലങ്ങളും ഗോത്രസമുദായങ്ങളുമായിട്ടാണ് ജീവിച്ചു പോന്നത്. ഓരോ കുലത്തിനും പ്രത്യേകം പ്രത്യേകം മൊഴി അല്ലെങ്കിൽ ഭാഷാഭേദം ഉണ്ടായിരുന്നു. ഇംഗ്ലീഷിൽ 'ഡയലക്ട്' എന്ന് പറയുന്നതിനാണ് ഇവിടെ മൊഴി അല്ലെങ്കിൽ ഭാഷാഭേദം എന്നു പറയുന്നത്. ആശയവിനിമയത്തിനുള്ള ഒരു മൊഴിയുടെ സഹായം കൂടാതെ കൂട്ടായി ജീവിക്കുവാനോ ഉൽപ്പാദനപ്രവർത്തനങ്ങൾ നടത്തുവാനോ സാധ്യമായിരുന്നില്ല. ഭാഷയുടെ പൂർവദശയായ മൊഴികളുടെ സഹായത്തോടുകൂടിയാണ് പ്രാകൃതമനുഷ്യർ കൂട്ടായി ജീവിക്കുകയും ഭക്ഷണം തുടങ്ങിയ ജീവിതോപാധികളെ ഉൽപ്പാ

ദിപ്പിക്കുകയും ചെയ്തുപോന്നത്. ഓരോ കുലത്തിലേയും ജനങ്ങൾ തങ്ങളുടെ സ്വന്തം മൊഴിയിൽ ആശയവിനിമയം നടത്തുകയും പാട്ടുകൾ പാടി ആഹ്ലാദിക്കുകയും ചെയ്തുപോന്നു.

കുലങ്ങൾ, ഗോത്രസമുദായങ്ങൾ എന്നിങ്ങനെ കൂട്ടം കൂട്ടമായി ജീവിച്ചിരുന്ന പ്രാകൃതജനങ്ങൾ ആദ്യകാലത്ത് ഒരിടത്തും സ്ഥിരവാസമുറപ്പിച്ചിരുന്നില്ല. ജീവിതാവശ്യങ്ങൾ നേടാൻവേണ്ടി അവർ ചുറ്റിസഞ്ചരിച്ചുകൊണ്ടിരുന്നു. ചില ഗോത്രസമുദായങ്ങൾ നിശ്ചിതസ്ഥലങ്ങളിൽ സ്ഥിരവാസമുറപ്പിച്ചതിനുശേഷവും മറ്റു ചില ഗോത്രസമുദായങ്ങൾ ചുറ്റിസഞ്ചരിച്ചുകൊണ്ടിരുന്നു. ഇതിൻഫലമായി വ്യത്യസ്ത ഗോത്രസമുദായങ്ങളിലെ ജനങ്ങൾക്ക് പരസ്പര സമ്പർക്കങ്ങളുണ്ടാവുകയും അവരുടെ വ്യത്യസ്ത മൊഴികൾ പരസ്പരം സ്വാധീനം ചെലുത്തുകയും ചെയ്തു.

ഏതെങ്കിലുമൊരു ഗോത്രസമുദായത്തിലെ ജനസംഖ്യ ക്രമാതീതമായി വർദ്ധിച്ചാൽ അത് നാലോ അഞ്ചോ ഗോത്രസമുദായങ്ങളായി വിഭജിക്കപ്പെട്ടുവെന്നുവരും. ഇങ്ങനെ വിഭജിക്കപ്പെട്ട് വ്യത്യസ്ത പ്രദേശങ്ങളിൽ സ്ഥിരവാസമുറപ്പിക്കുന്നതോടുകൂടി അവരുടെ മൊഴി നാലോ അഞ്ചോ വ്യത്യസ്തമൊഴികളായി പൊട്ടിത്തിരയുകയില്ല. ആദ്യം ഉപയോഗിച്ചിരുന്ന മൊഴി തന്നെ ദേശ്യഭേദങ്ങളോടുകൂടി നിലനിൽക്കുകയാണ് ചെയ്യുക. ഒരു മൂലഭാഷ ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ നാലോ അഞ്ചോ വ്യത്യസ്തഭാഷകളായി തരം തിരിയുമെന്നും അതോടെ ആ മൂലഭാഷ അന്തർദ്ധാനം ചെയ്യുമെന്നുമുള്ള അഭ്യൂഹം ചരിത്രദൃഷ്ട്യാ സാധൂകരിക്കത്തക്കതല്ല.

യുദ്ധം, ആത്മരക്ഷ മുതലായവയ്ക്കുവേണ്ടി ചിലപ്പോൾ ഏതാനും വ്യത്യസ്തഗോത്രസമുദായങ്ങൾ ഒന്നിച്ചു സംഘടിച്ചുവെന്നുവരും. ഇപ്രകാരം വ്യത്യസ്തമൊഴികൾ സംസാരിക്കുന്ന രണ്ടു വിഭിന്നഗോത്രസമുദായങ്ങൾ കൂടിചേർന്നുണ്ടാകുന്ന പുതിയ ഗോത്രസമുദായത്തിൽ ഒരേ സമയത്തു തന്നെ രണ്ടു മൊഴികൾ പരസ്പരം സ്വാധീനം ചെലുത്തിക്കൊണ്ട് നിലനിന്നുവെന്നുവരും. കാലക്രമത്തിൽ അവയിലേതെങ്കിലും ഒരു മൊഴി പുതിയ ഗോത്രസമുദായത്തിന്റെ പൊതുമൊഴിയായി അംഗീകരിക്കപ്പെട്ടേക്കാം. എങ്കിലും അത്തരം സന്ദർഭങ്ങളിൽപ്പോലും രണ്ടു വ്യത്യസ്തമൊഴികൾ കൂടിച്ചേർന്ന ഒരു പുതിയ 'മിശ്രമൊഴി' ഉൽഭവിക്കുന്നതല്ല.

അമേരിക്കയിൽ വ്യത്യസ്ത മൊഴികൾ സംസാരിച്ചിരുന്ന അഞ്ചു പ്രാകൃത ഗോത്രസമുദായങ്ങൾ തുല്യാധികാരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പുതിയ ഗോത്രസമുദായഘടന കെട്ടിപ്പടുത്തതെങ്ങനെയെന്ന്

ഏംഗൽസ് വിവരിക്കുന്നുണ്ട്. ഭാഷയുടെ സഹായത്തോടുകൂടിയാണ് ഈ പുതിയ സംഘടനയിലെ ജനങ്ങൾ ആശയവിനിമയം നടത്തിയിരുന്നത് എന്നു പറയേണ്ടതില്ലല്ലൊ. ഒരു 'മൂലമൊഴി' ഉണ്ടായിരുന്നുവെങ്കിൽപ്പോലും അതിനു നിലവിലുള്ള അഞ്ചുമൊഴികളിലേതെങ്കിലും ഒന്നിന്റെ രൂപത്തിലല്ലാതെ നിലനിൽക്കുക സാധ്യമായിരുന്നില്ല. ഈ സാഹചര്യത്തിൽ ആ അഞ്ചുമൊഴികളിൽ ഒന്ന് പൊതുമൊഴിയായി വളരുകയാണുണ്ടായത്.

നമ്മുടെ നാട്ടിലും ഇത്തരം പല ഗോത്രസംഘടനകളും രൂപമെടുക്കുകയുണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് മഹാഭാരതകാലത്ത് കുരുകുലവും, പാഞ്ചാലൻമാരുടെ കുലവും ഒന്നിച്ചുചേർന്ന് ഒരു സംയുക്തകുലമായിത്തീരുകയുണ്ടായി. ബൌദ്ധകാലത്ത് വിദേഹികളും ലിഛാവികളും ഒന്നിച്ചു ചേർന്ന് ഒരു വജ്ജിസംഘം ഉണ്ടാക്കി. ഇങ്ങനെ പല ഉദാഹരണങ്ങളും കാണാം. ചേരൻമാർ, പാണ്ടിയന്മാർ മുതലായ ജനവിഭാഗങ്ങൾതന്നെ വ്യത്യസ്ത ഗോത്രസമുദായങ്ങൾ ഒന്നിച്ചുചേർന്നുണ്ടായവയാണ്.

ഇങ്ങനെ സംഘടിക്കുമ്പോൾ നിലവിലുള്ള വ്യത്യസ്തങ്ങളായ മൊഴികളിലേതെങ്കിലും ഒന്ന് സാമാന്യമൊഴിയായിത്തീരുക സ്വാഭാവികമാണ്. സംഘടനയിലെ താരതമ്യേന കൂടുതൽ പ്രബലമായ ഗോത്രസമുദായത്തിന്റെ മൊഴിക്കാണ് സാമാന്യമൊഴിയായി അംഗീകാരം സിദ്ധിക്കാനെളുപ്പം. എന്നാൽ, ഇപ്രകാരം ഒരു സാമാന്യഭാഷ രൂപമെടുക്കുമ്പോൾ അതിൽ മറ്റു മൊഴികളെല്ലാം സ്വാധീനം ചെലുത്തുകയും അവിടെ ചില ഘടങ്ങൾ അതിൽ കൂടിച്ചേരുകയും ചെയ്യും. എങ്കിലും അതൊരിക്കലും ഒരു മിശ്രഭാഷയാവുകയില്ല.

ഇന്നത്തെ രാജസ്ഥാനിൽ മാർവാടി, മേവാഡി, മാളവി, ബാഗഡി, ഢുംഢാഡീ, ഹഡൌതി എന്നിങ്ങനെ പല മൊഴികളുമുണ്ടെന്നും വളരെയധികം വ്യത്യസ്തങ്ങളല്ലാത്തതുകൊണ്ട് രാജസ്ഥാനിലെ വിവിധ ജനവിഭാഗങ്ങൾക്ക് അവയെയെല്ലാം ഏറെക്കുറെ മനസ്സിലാക്കാൻ കഴിയുന്നുണ്ടെന്നും അവയിലേതെങ്കിലുമൊരുമൊഴി ക്രമത്തിൽ ഒരു സാമാന്യഭാഷയായി വളർന്നേയ്ക്കാനിടയുണ്ടെന്നും രാംബിലാസ്ശർമ്മ ചൂണ്ടിക്കാണിക്കുന്നു.[32] എന്നാൽ, ഇങ്ങനെ സാമാന്യഭാഷയായിത്തീരുന്ന മൊഴി ആദ്യം തന്നെ ഒരു മൂലഭാഷയായിത്തീരുന്നുവെന്നും മറ്റു മൊഴികളെല്ലാം അതിൽനിന്ന് പൊട്ടിത്തിരിഞ്ഞുണ്ടായവയാണെന്നും ആരെങ്കിലും പറഞ്ഞാൽ അത് ശരിയാവുമോ? തീർച്ചയായുമില്ല. നേരെമറിച്ച്

32. രാംബിലാസ് ശർമ്മ: ഭാഷാ ഔർ സമാജ്, പേ. 362.

നിലവിലുള്ള അനേകം മൊഴികളിലൊന്ന് ക്രമത്തിൽ സാമാന്യ ഭാഷയായി വളരുന്നുവെന്നു പറയുന്നതാണ് ശരി.

മലയാളം, തമിഴ് തുടങ്ങിയ ഭാഷകളുടേയും ഉൽപ്പത്തി ഏതാണ്ടിതുപോലെത്തന്നെയായിരിക്കാനെ വഴിയുള്ളു. മുകളിൽ പ്രസ്താവിച്ചു കഴിഞ്ഞതുപോലെ ദാക്ഷിണേന്ത്യയിൽ വിഭിന്നമൊഴികൾ സംസാരിക്കുന്ന നിരവധി ഗോത്രസമുദായങ്ങളുണ്ടായിരുന്നു. യഥാർഥത്തിൽ, വ്യത്യസ്തങ്ങളായ നിരവധി മൊഴികളുടെ ഒരു വലിയ സമൂഹത്തിനാണ് ദ്രാവിഡഭാഷാ ഗോത്രമെന്നു പറയുന്നത്. വ്യത്യസ്തമൊഴികൾ സംസാരിക്കുന്നവയും വളർച്ചയുടെ വിവിധനിലവാരങ്ങളിലെത്തിയവയുമായ നിരവധി ഗോത്രസമുദായങ്ങൾ താരതമ്യേന കൂടുതൽ പ്രബലൻമാരായ തലവൻമാരുടെ നേതൃത്വത്തിൽ ഒന്നിച്ചുചേർന്നു സംഘടിച്ചതിന്റെ ഫലമായിട്ടാണ് ചേരം, ചോഴം, പാണ്ടി എന്നീ പ്രാചീനസാമ്രാജ്യങ്ങളിലോരൊന്നും രൂപംകൊണ്ടത്. ചില മൊഴികൾ കാലക്രമത്തിൽ നാമാവശേഷമായി. മറ്റു ചില മൊഴികൾ മെല്ലെ മെല്ലെ സാമാന്യമൊഴികളായും പിന്നീട് സാമാന്യഭാഷകളായും വളർന്നുവന്നു. ഇങ്ങനെയാണ് മലയാളം, തമിഴ്, കന്നഡ തുടങ്ങിയ ആധുനികഭാഷകളുടെ പ്രാഥമിക രൂപങ്ങൾ ആവിർഭവിച്ചത്. ചുരുക്കിപ്പറഞ്ഞാൽ, ഈ ഭാഷകളെല്ലാം ഉൽഭവിച്ചത് ഒരു മൂലഗോത്രസമുദായം ഭിന്നിച്ചു വേർതിരിഞ്ഞുപോയതിന്റെ ഫലമായിട്ടല്ല, നേരെമറിച്ച് വ്യത്യസ്ത ഗോത്രസമുദായങ്ങൾ ഒന്നിച്ചുചേർന്നതിന്റെ ഫലമായിട്ടാണ്.

ഭാഷ ഒരിക്കലും മാറാതെ ഒരേരൂപത്തിൽ സ്ഥിരമായി നിൽക്കുന്നില്ല. അത് വളരുകയും വികസിക്കുകയും ചെയ്യുന്നു. ഉൽപ്പാദനശക്തികളുടെ വളർച്ചയോടൊപ്പം പുതിയ പുതിയ വാക്കുകൾ കണ്ടുപിടിച്ചു പ്രയോഗിച്ചും അന്യഭാഷകളിൽനിന്നു ആവശ്യമായ പദങ്ങൾ കടംവാങ്ങിയും വ്യാകരണ രൂപങ്ങളെ ക്രമീകരിച്ചും അതു കൂടുതൽ കൂടുതൽ പുഷ്ടിപ്പെടുന്നു. ചെറിയ ഗോത്രസമുദായത്തിന്റെ ഭാഷ വലിയ കുലത്തിന്റെ ഭാഷയായും ദേശീയ ജനവിഭാഗത്തിന്റെ ഭാഷ ആധുനിക ദേശീയഭാഷയായും വളർന്നുവരുന്നു. ഈ വളർച്ചയിൽ സ്ഥലകാല വ്യത്യാസങ്ങളും ഭൂമിശാസ്ത്രപരമായ ഘടകങ്ങളും യാതൊരു സ്വാധീനവും ചെലുത്തുന്നില്ലെന്നു പറഞ്ഞുകൂടാ. എന്നാൽ, ഭൂമിശാസ്ത്രപരമായ ഘടകങ്ങളേക്കാളധികം സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ചരിത്രപരവുമായ ഘടകങ്ങൾക്കാണ് പ്രാധാന്യം.

## വ്യവഹാരഭാഷയും സാഹിത്യഭാഷയും

ആദ്യകാലത്ത് ജനങ്ങൾ സംസാരിക്കാനും തങ്ങളുടെ ആശയങ്ങൾ പരസ്പരം പറഞ്ഞു മനസ്സിലാക്കാനും വേണ്ടി മാത്രമാണ് ഭാഷയെ

കൈകാര്യം ചെയ്തിരുന്നത്. എന്നുവെച്ചാൽ, വ്യവഹാര ഭാഷ മാത്രമേ ഉണ്ടായിരുന്നുള്ളു, സാഹിത്യഭാഷയുണ്ടായിരുന്നില്ല. സാമൂഹ്യവളർച്ച യുടെ ഒരു സവിശേഷ ഘട്ടത്തിൽ മാത്രമാണ് വ്യവഹാരഭാഷയിൽ നിന്ന് സാഹിത്യഭാഷ ഉയർന്നുവന്നത്. എല്ലാ വ്യവഹാരഭാഷകളിൽനിന്നും ഒരേ സമയത്തുതന്നെ സാഹിത്യഭാഷകൾ വളർന്നു വരികയുണ്ടായില്ല. ദ്രാവി ഡഗോത്രത്തെ സംബന്ധിച്ചിടത്തോളം, ആദ്യം ആവിർഭവിച്ചത് സംഘം കൃതികളാണ്. ആധുനിക തമിഴുമായുള്ള വ്യത്യാസം കാണി ക്കാൻവേണ്ടി അവയെ പൊതുവിൽ ചെന്തമിൾസാഹിത്യം എന്നാണ് പറ ഞ്ഞുവരുന്നത്: 'സംഘം സ്ഥാപിച്ചത് പാണ്ഡ്യദേശത്തിന്റെ തലസ്ഥാന മായ മധുരയിലാകയാൽ പാണ്ഡ്യദേശത്തിലെ തമിഴിന് ചെന്തമിഴെന്നും തമിഴകത്തിന്റെ ഇതരഭാഗങ്ങളിലെ തമിഴിന് കൊടുന്തമിഴെന്നും പേർ വന്നു'[33] എന്ന് മഹാകവി ഉള്ളൂർ പ്രസ്താവിക്കുന്നു. ക്രി. പി. 12-ാം നൂറ്റാണ്ടുവരെ ചേരനാട്ടിലും പാണ്ടിനാട്ടിലും ഒരേവ്യവഹാര ഭാഷയാണ് പ്രചരിച്ചിരുന്നത് എന്നും അതു കൊടുന്തമിഴായിരുന്നില്ല, ചെന്തമിൾ തന്നെയായിരുന്നു എന്നും വിശ്വസിക്കുന്ന ഇളംകുളമാകട്ടെ ഇങ്ങനെ യാണ് പറയുന്നത്: 'ചെന്തമിഴ് എന്ന പദം സംഘകാലാരംഭം മുതൽ സാധാരണയായി കാണാം. എന്നാൽ കൊടുന്തമിഴ് എന്നൊരു പദം 11 -ാം ശതകം വരെ ഉണ്ടായിരുന്നതായി തെളിവില്ല.'[34] നേരെമറിച്ച്, തമി ഴുഭാഷയുടെ ചരിത്രത്തിലാദ്യമായി ഈ പദം (ചെന്തമിൾ) തൊൽകാ പ്പിയരാണുപയോഗിച്ചത് എന്നും സംഘം കൃതികളുടെ സമാഹാരത്തി ലെവിടേയും അതു കാണുന്നില്ല[35] എന്നും വൈയ്യാപുരിപിള്ള ഉറപ്പിച്ചു പറയുന്നു. ഇതിലേതാണ് ശരി എന്നു തീർപ്പുകൽപ്പിക്കാനാവശ്യമായ തമിൾഭാഷാജ്ഞാനം എനിക്കില്ല. എന്നാൽ യഥാർത്ഥമായ പ്രശ്നം ചരി ത്രത്തിലേതു കാലം മുതൽ ചെന്തമിൾ, കൊടുന്തമിൾ എന്നീ രണ്ടു വാക്കുകൾ പ്രചരിക്കാൻ തുടങ്ങി എന്നതല്ല; വ്യവഹാരഭാഷയിൽ നിന്ന് വ്യത്യസ്തമായ ഒരു സാഹിത്യഭാഷ ഏതു കാലംമുതൽ വളർന്നു വന്നു എന്നതാണ്. വർഷാരംഭത്തിനു തൊട്ടുമുമ്പും പിമ്പും രചിക്കപ്പെട്ട സംഘ സാഹിത്യകൃതികൾ അത്തരമൊരു സാഹിത്യഭാഷയുടെ ഉദയത്തെ യാണ് ഉൽഘോഷിക്കുന്നത്. ഇതു ശരിയാണെങ്കിൽ മധുരയെ കേന്ദ്ര മാക്കിക്കൊണ്ട് വികസിക്കാൻ തുടങ്ങിയ ആ സാഹിത്യഭാഷ ചെന്ത മിൾഭാഷ എന്നു വിളിക്കപ്പെട്ടുപോന്നു എന്നും വ്യവഹാരഭാഷയെ സാഹി ത്യഭാഷയിൽ നിന്ന് വേർതിരിച്ചു കാണിക്കാൻ വേണ്ടി കൊടുന്തമിൾ

33. ഉള്ളൂർ: കേരള സാഹിത്യചരിത്രം, വാല്യം 1, പേ. 2012

34. ഇളംകുളം പി.എൻ. കുഞ്ഞൻപിള്ള: ഭാഷയും സാഹിത്യവും നൂറ്റാണ്ടുകളിൽ, പേ. 39

35. S. Vaiyapuri Pillai: History of Tamils Language and Culture. p. 73

എന്ന പദം ഉപയോഗിക്കപ്പെടാൻ തുടങ്ങി എന്നും അനുമാനിക്കുന്നതിൽ വലിയ തെറ്റുണ്ടെന്നു തോന്നുന്നില്ല.

സംഘസാഹിത്യകൃതികൾ മുഴുവനും മധുരയിലേയോ പാണ്ടിനാടിലെ മറ്റു പ്രദേശങ്ങളിലേയോ പണ്ഡിതൻമാരാൽ രചിക്കപ്പെട്ടവയല്ല ചേരനാട്ടിലെ പണ്ഡിതൻമാരുടെ കൃതികളും അവയിലുൾപ്പെടുന്നു. പതിറ്റുപത്ത്, ചിലപ്പതികാരം മുതലായ ചില കൃതികൾ കേരളീയ കവികളാൽ രചിക്കപ്പെട്ടവയാണെന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമില്ല. വ്യത്യസ്ത പ്രദേശങ്ങളിൽ വെച്ചെഴുതപ്പെട്ട ഈ സാഹിത്യകൃതികളിൽ ദേശഭേദങ്ങളുണ്ടാവുക സ്വാഭാവികമായിരുന്നു. ചില ദേശഭേദങ്ങളെപ്പറ്റി തൊൽകാപ്പിയർതന്നെ പ്രതിപാദിക്കുകയുണ്ടായി. ചൊല്ലതികാരത്തിലെ 'ഇയർചൊൽ, തിരിചൊൽ, തിചൈച്ചൊൽ, വടചൊൽ എന്റു അനൈത്തേചെയ്യുൾ ഈടച്ചൊല്ലേ' എന്ന സൂത്രത്തിൽ ഇയർചൊൽ, തിരിചൊൽ, തിചൈച്ചൊൽ, വടചൊൽ എന്നിങ്ങനെ നാലുതരം ചൊല്ലുകൾ (പദങ്ങൾ) പദ്യത്തിൽ പ്രയോഗിക്കാൻ പറ്റിയവയാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.[36] ഇവയിൽ ഇയർചൊൽ എന്നു പറയപ്പെടുന്നവ അർത്ഥവ്യത്യാസം കൂടാതെ എല്ലാ പ്രദേശങ്ങളിലും ഉപയോഗിക്കപ്പെടുന്ന പൊതുപദങ്ങളാണ്. പല പദങ്ങൾ ഒരേ അർത്ഥത്തിൽവരുന്നവ, ഒരു പദം പല അർത്ഥങ്ങളിൽ വരുന്നവ എന്നിങ്ങനെ തിരിചൊൽ രണ്ടു വിധത്തിലാണ്. സംസ്കൃതാക്ഷരങ്ങളില്ലാതെ തമിഴിലുള്ള അക്ഷരങ്ങൾമാത്രം ചേർന്നുണ്ടാകുന്ന ആര്യഭാഷാപദങ്ങൾക്കാണ് വടചൊൽ എന്നു പറയുന്നത്. തിചൈചൊല്ലാകട്ടെ, സ്ഥല വ്യത്യാസമനുസരിച്ച് ഓരോ ദേശത്തിലും പ്രത്യേകമായി പ്രചരിക്കുന്ന പദങ്ങളാണ്. ചേരനാട്ടിൽ പ്രചരിപ്പിച്ചിരുന്ന ദേശ്യപദങ്ങളുടെ ചില ഉദാഹരണങ്ങൾ തൊൽകാപ്പിയത്തിന്റെ വ്യാഖ്യാതാക്കൾ എടുത്തുകാണിക്കുന്നുണ്ട്.

എന്നാൽ, വ്യവഹാരഭാഷയിലെ ദേശ്യഭേദങ്ങളെപ്പറ്റിയല്ല, സാഹിത്യഭാഷയിലെ ദേശ്യഭേദങ്ങളെപ്പറ്റിയാണ് തൊൽകാപ്പിയർ പ്രതിപാദിക്കുന്നത്. വ്യവഹാരഭാഷയേയും സാഹിത്യഭാഷയേയും തമ്മിൽ കൂട്ടിക്കുഴയ്ക്കാൻ പാടില്ല. സാഹിത്യകൃതികളുണ്ടാവുന്നതിനുമുമ്പു തന്നെ ജനങ്ങൾ തങ്ങളുടെ വ്യവഹാരഭാഷയുപയോഗിച്ചുകൊണ്ട് ആശയവിനിമയം നടത്തിയിരുന്നു. സാഹിത്യഭാഷകളായി ഇനിയും വളർന്നുകഴിഞ്ഞിട്ടില്ലാത്ത ചില ഭാഷകൾ ദ്രാവിഡഗോത്രത്തിൽത്തന്നെയുണ്ട്. തുളുഭാഷ, കൂർഗിലെ കൂർഗ്ഭാഷ, നീലഗിരി പ്രദേശങ്ങളിലെ തോഡരുടെ തോഡഭാഷ മുതലായവയെല്ലാം അത്തരത്തിലുള്ള വ്യവഹാരഭാഷകളാണ്. സാഹിത്യഭാഷകളായി വളർന്നുകഴിഞ്ഞിട്ടില്ല എന്നതുകൊണ്ടു

36. തൊൽകാപ്പിയം പേ. 192

മാത്രം ഈ ഭാഷകളൊന്നും നിലനിൽക്കുന്നില്ല എന്നുവാദിക്കുന്നതു ശരിയാവുമോ? തീർച്ചയായുമില്ല. മലയാളത്തിന് സ്വതന്ത്രമായ ഒരു സാഹിത്യഭാഷയുണ്ടായത് ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടാണ്. എന്നാൽ, സംഘസാഹിത്യം പുഷ്ടിപ്പെടുകയും കേരളീയരായ പണ്ഡിതൻമാർ ചെന്തമിഴിൽ സാഹിത്യകൃതികൾ രചിക്കുകയും ചെയ്ത കാലത്തുതന്നെ കേരളത്തിലെ ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങൾ ആശയവിനിമയത്തിനും പരസ്പരബന്ധങ്ങൾക്കും പ്രത്യേകമായ ഒരു വ്യവഹാരഭാഷ ഉപയോഗിച്ചു വന്നിരുന്നു. തമിഴിന്റേയും സംസ്കൃതത്തിന്റേയും സ്വാധീനത്തിലുള്ള സാഹിത്യകൃതികൾ നിർമ്മിക്കപ്പെട്ട കാലത്തുതന്നെ നാട്ടുകാർക്കിടയിൽ അവരുടെ സ്വന്തം വ്യവഹാരഭാഷയിലുള്ള പാട്ടുകളും പഴഞ്ചൊല്ലുകളും സംഭാഷണശൈലികളും മറ്റും ധാരാളമായി പ്രചരിച്ചിരുന്നു. ഈ വ്യവഹാരഭാഷയാണ് വാസ്തവത്തിൽ മലയാളസാഹിത്യഭാഷയുടെ അടിത്തറ. ഡോക്ടർ ഗോദവർമ്മ തന്റെ 'ഭാഷാവിജ്ഞാ'നീയത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

'ഒരു ജീവദ്ഭാഷയുടെ പൂർവരൂപം നിർണയിക്കുന്നതിന് ഗ്രന്ഥഭാഷയേക്കാൾ വ്യവഹാരഭാഷയേയാണ് നാം ആധാരമാക്കേണ്ടത്. ഇന്നത്തെ വ്യവഹാരഭാഷ പൂർവദശകങ്ങളിലെ വ്യവഹാരഭാഷയുടെ പരിണതരൂപമായിത്തീരുവാൻ സാംഗത്യം ഉള്ളിടത്തോളം മാത്രമേ നാം പ്രാചീന രൂപങ്ങളെ സങ്കൽപനം ചെയ്യുവാൻ പാടുള്ളു. വിദ്യാഭ്യാസഭാഷയുടെ ഭേദംകൊണ്ട് സാഹിത്യഗ്രന്ഥങ്ങളിലും രാജ്യഭരണസംബന്ധമായ സ്ഥിതി വിശേഷങ്ങൾക്ക് വിധേയമായി പ്രചാരാധിക്യമുള്ള ഭാഷയിൽ വിന്യസ്തങ്ങളായിട്ടുള്ള ശിലാശാസനങ്ങളിലും ഗ്രന്ഥവരികളിലും മറ്റും യഥാർഥമായ ദേശഭാഷയിൽ കാണാത്ത പല വ്യതിയാനങ്ങളും സംഭവ്യങ്ങളാകയാൽ അവയെ ആസ്പദമാക്കി ഭാഷയുടെ പൂർവരൂപം വിധിനിർണ്ണയം ചെയ്യുന്നത് മിക്കവാറും അസാധ്യമാണ്. അതിപ്രാചീനമായ കാലത്തിൽപോലും കേരളത്തിലെ ഭാഷ മലയാളമായിരുന്നു എന്നല്ലാതെ തമിഴോ തമിഴിന്റെ ഉപശാഖയോ ആയിരുന്നുവെന്ന് വിചാരിക്കുന്നത് അസംഗതമാണ്. എത്ര തന്നെ പ്രാചീനമായ മലയാളരേഖയിലും മലയാളത്തിന് തമിഴ് മുതലായ മറ്റു ദ്രാവിഡഭാഷകളിൽ നിന്നും പ്രത്യേകമായ ഒരു വ്യക്തിത്വം തെളിഞ്ഞുകാണുകതന്നെ ചെയ്യുന്നു. വ്യവഹാരഭാഷയുടെ പ്രാചീനദശകളെ മിക്കവാറും പരിരക്ഷിച്ചുപോരുന്ന ശൈലികൾ, പഴഞ്ചൊല്ലുകൾ, കടംകഥകൾ മുതലായവ മലനാട്ടുഭാഷയുടെ പ്രത്യേകതകളെ ഉദാഹരിക്കുവാൻ മറ്റേതിനേക്കാളും കൂടുതൽ പ്രഗൽഭങ്ങളാണ്. തമിഴ്നാട്ടിനോടടുത്ത് കിടക്കുന്ന ദേശങ്ങളിൽ ഉണ്ടായിട്ടുള്ള കൃതികൾ മലയാളത്തിലായാൽത്തന്നെയും ദേശ്യപ്രയോഗങ്ങളെ

ബാഹുല്യേന ഉൾക്കൊള്ളുവാൻ ഇടയുള്ളതുകൊണ്ട് അത്തരം കൃതികളുടെ പ്രാചീനതയോ അവയിലെ ഭാഷാരീതിയോ സാമാന്യഭാഷയുടെ സ്വരൂപം നിർണ്ണയിക്കുന്നതിന് അവലംബമാക്കാവുന്നതല്ല.[37]

മലയാളികളുടെ സാഹിത്യപരിശ്രമങ്ങൾ ക്രി.പി. 7–ാം നൂറ്റാണ്ടുമുതൽക്കുതന്നെ തുടങ്ങിയിട്ടുണ്ടെന്നു കാണാം. 7–ാം നൂറ്റാണ്ടിനും 13–ാം നൂറ്റാണ്ടിനുമിടയിൽ സംസ്കൃതത്തിലോ തമിഴിലോ രചിക്കപ്പെട്ട ചില കേരളീയ സാഹിത്യകൃതികൾ കണ്ടുകിട്ടിയിട്ടുണ്ട്. അവയിലെ സാഹിത്യഭാഷകൾ അക്കാലത്തെ ജനങ്ങളുടെ വ്യവഹാരഭാഷയായിരുന്നുവെന്ന് തെറ്റിദ്ധരിക്കരുത്. വാസ്തവത്തിൽ പ്രസ്തുത സാഹിത്യകൃതികളെല്ലാം മുകൾത്തട്ടിലുള്ള ഒരു ചെറിയ വിഭാഗത്തെ മാത്രമേ ആകർഷിച്ചിരുന്നുള്ളു. ഭൂരിപക്ഷക്കാരായ സാധാരണ ജനങ്ങൾക്കിടയിൽ അവ പറയത്തക്ക യാതൊരു സ്വാധീനശക്തിയും ചെലുത്തിയിരുന്നില്ല. ജനങ്ങൾക്ക് അവരുടെ സ്വന്തമായ മലയാളഭാഷയിൽ അവരുടെ സ്വന്തമായ പാട്ടുകളും പഴഞ്ചൊല്ലുകളും ശൈലികളും നാടോടിക്കഥകളും മറ്റുമുണ്ടായിരുന്നു. ഉപരിതലത്തിലുണ്ടായ മാറ്റങ്ങളെയൊന്നും വകവെക്കാതെ അവർ തങ്ങളുടെ ഭദ്രകാളിപ്പാട്ടും, തീയാട്ടുപാട്ടും, പുള്ളുവൻപാട്ടും, മാർഗംകളിപ്പാട്ടും, പൂരക്കളിപ്പാട്ടും, വടക്കൻപാട്ടും, തെക്കൻപാട്ടും, മാപ്പിളപ്പാട്ടും മറ്റും മറ്റും പാടിയാഹ്ലാദിക്കുക പതിവായിരുന്നു. മേലാളരുടെ ദൃഷ്ടിയിൽ ഇവയൊന്നും സാഹിത്യമായിരുന്നില്ല. പക്ഷേ, യഥാർത്ഥത്തിൽ ഇവയാണ് മലയാളസാഹിത്യത്തിന്റെ വളർച്ചക്ക് അടിത്തറയിട്ടത്.

ആദ്യകാലത്ത് ഭാഷക്ക് ലിപികളുണ്ടായിരുന്നില്ല; എന്നുവെച്ചാൽ, എഴുത്തും വായനയുമുണ്ടായിരുന്നില്ലെന്നർത്ഥം. ആശയവിനിമയം വരമൊഴികൾ വഴിക്കായിരുന്നില്ല. വാമൊഴിവഴിക്കു മാത്രമായിരുന്നു. നാടൻകഥകളും നാടോടിപ്പാട്ടുകളും പഴഞ്ചൊല്ലുകളും മറ്റും തലമുറയിൽനിന്ന് തലമുറയിലേക്ക് വാമൊഴിയായി സംക്രമിക്കുകയായിരുന്നു പതിവ്. എന്നാൽ ഉൽപ്പാദന വ്യവസ്ഥ വളരുകയും വ്യാപാരം അഭിവൃദ്ധിപ്പെടുകയും സമുദായം പരിഷ്കരിക്കുകയും ചെയ്തപ്പോൾ ഈ സമ്പ്രദായം അപര്യാപ്തമായിത്തീർന്നു. എല്ലാ കാര്യങ്ങളും ഓർമ്മയിൽ സൂക്ഷിച്ചുകൊണ്ടു നടക്കുക എളുപ്പമല്ലാതായി. ഓർമ്മിക്കണമെങ്കിൽ വരമൊഴിയെ ആശ്രയിക്കണമെന്നായി. ഭരണകാര്യങ്ങൾക്കും കൊള്ളക്കൊടുക്കകൾക്കും സംഘടിതമായ എഴുത്തുകുത്തുകൾ വേണമെന്നായി.

വട്ടെഴുത്തായിരുന്നു കേരളത്തിലെ ആദ്യകാലത്തെ ലിപി. വട്ടെഴുത്ത്, കോലെഴുത്ത്, തുളുമലയാളം അല്ലെങ്കിൽ ആര്യഎഴുത്ത് എന്നീ

37. ഡോ. കെ. ഗോദവർമ്മ: കേരള ഭാഷാവിജ്ഞാനീയം, പേ. 137

വ്യത്യസ്തഘട്ടങ്ങളിലൂടെയാണ് ആധുനിക മലയാള ലിപികൾ രൂപം കൊണ്ടത്.

ക്രി.പി. പതിമൂന്നാം നൂറ്റാണ്ടിനും പതിനാറാം നൂറ്റാണ്ടിനും ഇടയിലുള്ള കാലഘട്ടം മലയാളഭാഷയിലും മലയാളസാഹിത്യത്തിലും വമ്പിച്ച പരിവർത്തനങ്ങൾ വരുത്തിയ ഒരു കാലഘട്ടമാണ്. നാടുവാഴി വ്യവസ്ഥയുടെ അനൈക്യത്തിന്റേയും സങ്കുചിതത്വത്തിന്റേയും സ്ഥാനത്ത് മുതലാളിത്തോൽപ്പാദന രീതിയുടെ പ്രാരംഭഘടകങ്ങളും അവയുടെ അടിസ്ഥാനത്തിലുള്ള ദേശീയൈക്യബോധവും വളരാൻ തുടങ്ങിയ ഒരു കാലഘട്ടമായിരുന്നു അത്. ഈ കാലഘട്ടത്തിലാണ് കേരളത്തിലെ വ്യത്യസ്ത ജനവിഭാഗങ്ങൾ ഒരു ദേശമെന്ന നിലവാരത്തിലേക്ക് ഉയരാൻ തുടങ്ങിയത്. ഈ കാലഘട്ടത്തിൽ തന്നെയാണ് മലയാളഭാഷ തികച്ചും ഒരു സാഹിത്യഭാഷയായി വളർന്നത്. അടുത്ത വാള്യത്തിൽ ഇതിനെപ്പറ്റി കൂടുതൽ സവിസ്തരമായി ചർച്ചചെയ്യപ്പെടുന്നതായിരിക്കും.

# അധ്യായം പതിനഞ്ച്

# ഫ്യൂഡലിസത്തിലേക്ക്

പരശുരാമന്റെ നേതൃത്വത്തിൽ നമ്പൂതിരിമാർ എന്ന പേരിലറിയപ്പെടുന്ന ഒരു സംഘം ആര്യബ്രാഹ്മണർ വന്നു കുടിയേറിപ്പാർത്തതോടുകൂടിയാണ് കേരളത്തിന്റെ ചരിത്രം ആരംഭിച്ചത് എന്ന പഴങ്കഥ നമ്മുടെ ചരിത്രപണ്ഡിതൻമാരിൽ പലരിലും വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. കേരളമാഹാത്മ്യം, കേരളോൽപ്പത്തി, കേരളചരിതം തുടങ്ങിയ പുസ്തകങ്ങളെ പ്രാമാണികങ്ങളായ ചരിത്രഗ്രന്ഥങ്ങളായിട്ടാണ് അവരിൽ ചിലർ കണക്കാക്കുന്നത്. കേരളോൽപ്പത്തിയിലെ കെട്ടുകഥയ്ക്ക് 'പ്രാമാണികമായ ചരിത്രത്തിന്റെ സ്ഥാനം നൽകണ'മെന്നു വാദിക്കുന്ന മാഗമയ്യ തന്റെ 'തിരുവിതാംകൂർ മാനുവ'ലിൽ കേരളത്തിന്റെ പുരാതനചരിത്രം വിവരിക്കാനുപയോഗിച്ച 26 പേജുകളിൽ 20 പേജുകളും പരശുരാമകഥ വിശദീകരിക്കുന്നതിനുവേണ്ടിയാണ് നീക്കിവെച്ചിട്ടുള്ളത്[1] പത്മനാഭമേനോൻ 'കേരളോൽപ്പത്തി'യുടെ പ്രാമാണികതയെ അംഗീകരിക്കുന്നില്ല. 'ഈ പുസ്തകത്തിന്, അതു നിലനിൽക്കുന്ന രൂപത്തിൽ, ചരിത്രപരമായി കണിശമാണെന്ന് അവകാശപ്പെടാൻ കഴിയില്ല. ഇന്നത്തെ രൂപത്തിൽ കാലഗണനാപ്രമാദങ്ങളും അസംബന്ധങ്ങളും, വൈരുദ്ധ്യങ്ങളും അതിൽ നിറഞ്ഞുകിടക്കുന്നു. അല്ലെങ്കിൽ യാഥാർത്ഥ്യമെന്തെന്ന് വേർതിരിച്ചെടുക്കാൻ കഴിയാത്ത ആശയകുഴപ്പത്തിലേക്ക് വാരിവലിച്ചുകൂട്ടപ്പെട്ട വ്യത്യസ്ത പാഠഭേദങ്ങളുടെ ദഹിക്കാത്തതും ക്രമമില്ലാത്തതുമായ ഒരു ശേഖരമാണത്.'[2] എന്നദ്ദേഹം പറയുന്നു. എന്നാൽ മേനോൻതന്നെ കേര

1. V. Nagam Aiya: Travancore State Manual, p. 210-220
2. K.P. Padmanabha Menon: History of Kerala Vo. 1, p. 37

ളോൽപ്പത്തിയിലെ രാജവംശപ്പട്ടികയെ പറയത്തക്ക വിമർശനമൊന്നും കൂടാതെ ഏറെക്കുറെ ചരിത്രവസ്തുതകളായിത്തന്നെ അംഗീകരിക്കുന്നുണ്ടെന്നാണ് അദ്ദേഹത്തിന്റെ വിവരണങ്ങൾ വായിച്ചാൽ തോന്നുക.[3] 'ഈ കാലഘട്ടത്തിലെ യഥാർത്ഥ ചരിത്രത്തിനുപകരം ഈ ഐതിഹ്യങ്ങളിൽ സാങ്കൽപ്പികമായ അസംബന്ധങ്ങളുടെ ഒരു സമ്മിശ്രണമാണുള്ളത്. ബ്രാഹ്മണജാതിക്കു രാജ്യത്തിൽ അപരിമിതമായ ശക്തിയും സ്വാധീനവുമുണ്ടാക്കിക്കൊടുക്കുക എന്നതാണതിന്റെ വ്യക്തമായ ഉദ്ദേശ്യം'[4] എന്നു ചൂണ്ടിക്കാണിക്കുന്ന ലോഗൻപോലും ഈ കെട്ടുകഥക്ക് അമിതമായ പ്രാധാന്യം നൽകുകയും അതിൽനിന്ന് ചരിത്രാംശങ്ങളെ ചികഞ്ഞെടുക്കാൻ വെമ്പൽകൊള്ളുകയുമാണ് ചെയ്യുന്നത്. പരശുരാമന്റെ വംശത്തിലോ നേതൃത്വത്തിലോ പെട്ടവരാണ് കേരളത്തിൽ പിന്നീട് കുടിയേറിപ്പാർത്തത് എന്നും മറ്റുമുള്ള അഭ്യൂഹങ്ങളേയും കേരളോൽപ്പത്തികളിൽ പരശുരാമനെപ്പറ്റിക്കാണുന്ന പരാമർശങ്ങളേയും കൂടി ബന്ധിപ്പിച്ചു കൊണ്ടുവേണം കേരളചരിത്രത്തിന്റെ ആദിമഘട്ടത്തെപ്പറ്റി ഗവേഷണം ചെയ്യുക എന്ന പ്രസ്താവനയോടുകൂടി ഡോക്ടർ എസ്. കെ. നായർ അവതരിപ്പിച്ചതും മദിരാശി സർവകലാശാലയുടെ ആഭിമുഖ്യത്തിൽ ഡോക്ടർ സി. അച്ചുതമേനോൻ പ്രസാധനം ചെയ്തതുമായ 'കേരളോൽപ്പത്തി', 'കൈലാസത്തിലെത്തി ശിവന്റെ ആജ്ഞ അനുസരിച്ച് സുബ്രഹ്മണ്യനൊരുമിച്ച് കന്യാകുമാരിയിൽവന്ന് പരശുരാമൻ വരുണനോട് ഭൂദാനം ആവശ്യപ്പെടുകയും മഴുവെറിഞ്ഞ് നൂറുയോജന നീളം പത്തുയോജന വീതിയിൽ ഭൂമി ഉണ്ടാക്കിക്കൊള്ളാൻ വരുണാനുമതി നേടുകയും ചെയ്യുന്ന കഥ'യോടുകൂടിയാണ് ആരംഭിക്കുന്നത്.[5]

ഈ കഥയനുസരിച്ച് കേരളം പരശുരാമസൃഷ്ടിയാണ്. ബ്രാഹ്മണർക്ക് പാർക്കാൻവേണ്ടി പരശുരാമൻ 64 ഗ്രാമങ്ങൾ സൃഷ്ടിച്ചു 32 ഗ്രാമങ്ങൾ തുളുനാട്ടിലും 32 ഗ്രാമങ്ങൾ കേരളത്തിലും. കേരളത്തിലെ 32 ഗ്രാമങ്ങളെ പയ്യന്നൂർ, പറപ്പൂർ, പെരുഞ്ചെല്ലൂർ എന്നിങ്ങനെ നാലു ഗ്രാമങ്ങളുടെ കീഴിലാക്കി. ബ്രാഹ്മണരുടെ ഈ സമുദായഭരണത്തിൽ തർക്കങ്ങളുൽഭവിച്ചപ്പോൾ രക്ഷാപുരുഷൻമാരെ നിയമിച്ചു. ഓരോ രക്ഷാപുരുഷനും മൂന്നുകൊല്ലത്തേക്കു ഭരണം നടത്തണമെന്നു തീരുമാനിച്ചു. ഭരണകാര്യങ്ങളിൽ രക്ഷാപുരുഷൻമാരെ സഹായിക്കാനായി തളിയാതിരി എന്ന ഉദ്യോഗസ്ഥന്റെ കീഴിൽ നാലു കഴകങ്ങൾ അല്ലെങ്കിൽ ഉപദേശസമിതികൾ സ്ഥാപിച്ചു. ഈ ഭരണം അപര്യാപ്തമായിത്തീർന്ന

3. Ibid, p. 39-42

4. Logan, Malabar P. 244

5. സി.ഏ. മേനോൻ; കേരളോൽപ്പത്തി, പേ, X, XVIII

പ്പോൾ അന്യനാടുകളിൽനിന്ന് രാജാക്കൻമാരെ കൊണ്ടുവന്നു വാഴിച്ചു. കഥപോകുന്ന പോക്കുനോക്കുക:

'പിന്നെ പരശുരാമൻ ഇതിൻമണ്ണം 64 ഗ്രാമക്കാരോടു 5300 സംവൽസരം കന്യാകുമാരി മുതൽ ഗോകർണംവരേയും ധർമ്മത്തെ രക്ഷിച്ചു കള്ളൻമാരുടെ ഭയവും ദുർഭിക്ഷവും അസത്യവും വ്യാധിയും കൂടാതെ രാജ്യം പരിപാലനം ചെയ്തതിന്റെ ശേഷം പരശുരാമൻ തിരുന്നവായ് വന്നു ഗ്രാമക്കാരെ ഒക്കെയും വരുത്തി കൽപ്പിച്ചു. നിങ്ങൾ പരദേശത്തുനിന്നും ആയുധാഭ്യാസം ഉള്ളതിൽ ഒരു രാജാവിനെ അവരോധിച്ചുവരുത്തി മാതകത്തിനായിക്കൊണ്ടുവന്നാൽ അതുപോലെതന്നെ നടന്നുകൊള്ളണമെന്നും കൽപ്പിച്ചു പരശുരാമൻ തപസിനു പോകയും ചെയ്തു. അപ്രകാരം തന്നെ നടന്നു പന്ത്രണ്ടുവർഷം വീതം ഇരുപത്തൊന്നു രാജാക്കൻമാരും രാജ്യം രക്ഷിച്ചാറെ പിന്നെ ഒരു രാജാവു വന്നു രാജ്യം രക്ഷിച്ചു പരദേശത്തു പോകുമ്പോൾ ഏറിയൊരു ദ്രവ്യം ഇരുപ്പുവകയിൽനിന്നും കൊണ്ടുപോയതു ബ്രാഹ്മണരു അറിഞ്ഞു ഇതിൻമണ്ണം ആയാൽ ഇവിടെ നശിക്കുമെന്നും നിശ്ചയിച്ചു എല്ലാപേരും കൂടി ശ്രീമൂലസ്ഥാനത്തുവന്നു പരശുരാമനെ ധ്യാനിച്ചു മൂന്നുദിവസം പാർക്കുമ്പോൾ പരശുരാമൻ ഇനി പരദേശത്തു നിന്നും രാജാക്കൻമാരെ കൊണ്ടുവരേണ്ടാ എന്നും കൽപ്പിച്ചു.'[6]

പശ്ചിമഘട്ടത്തിനു കിഴക്കുള്ള കേയപുരം എന്ന രാജ്യത്തിൽനിന്നു വരുത്തപ്പെട്ട കേയപ്പെരുമാൾ എന്ന രാജാവായിരുന്നുവത്രെ ഒന്നാമത്തെ പെരുമാൾ. 'ദുദുർദ്ധരാം' എന്ന കലിവർഷത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ക്രി.പി. 216ലാണ് തന്റെ ഭരണമാരംഭിച്ചത് എന്നു കൃത്യമായി കണക്കാക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതുവരെ നമ്പൂതിരിമാരുടെ നേരിട്ടുള്ള സമുദായഭരണമോ തിരഞ്ഞെടുക്കപ്പെട്ട രക്ഷാപുരുഷൻമാരുടെ ഭരണമോ ആണ് നിലനിന്നിരുന്നത്. 1875-76 ലെ കൊച്ചി രാജ്യഭരണറിപ്പോർട്ടിലെയും, 1939 ൽ തിരുവിതാംകൂർ മഹാരാജാവിന്റെ കൽപ്പനപ്രകാരം മഹാദേവശാസ്ത്രി പ്രസാധനം ചെയ്ത 'കേരളചരിത്രം' എന്ന പ്രാചീന ഗ്രന്ഥത്തിലേയും, വിവരങ്ങളനുസരിച്ച് ആകെ 18 പെരുമാക്കൻമാരാണ് ഭരണം നടത്തിയത്. അവരുടെ പേരും വാഴ്ചക്കാലവും താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. കേയപ്പെരുമാൾ | 8 വർഷം |
| 2. ചോഴപ്പെരുമാൾ | 10 വർഷം 2 മാസം |
| 3. പാണ്ടിപ്പെരുമാൾ | 9 വർഷം |

6. സി.ഏ. മേനോൻ: കേരളോൽപ്പത്തി പേ 50.

| | |
|---|---|
| 4. ബാണപ്പെരുമാൾ | 4 വർഷം |
| 5. തുളുഭൻപെരുമാൾ | 6 വർഷം |
| 6. ഇന്ദ്രപ്പെരുമാൾ | 12 വർഷം |
| 7. ആര്യപ്പെരുമാൾ | 12 വർഷം |
| 8. കുന്ദൻപെരുമാൾ | 12 വർഷം |
| 9. കോട്ടിപ്പെരുമാൾ | 1 വർഷം |
| 10. മാടപ്പെരുമാൾ | 12 വർഷം |
| 11. ഏഴിപ്പെരുമാൾ | 12 വർഷം |
| 12. കൊമ്പൻപെരുമാൾ | 3 വർഷം 6 മാസം |
| 13. വിജയൻപെരുമാൾ | 12 വർഷം |
| 14. വളഭൻപെരുമാൾ | 11 വർഷം |
| 15. ഹരിശ്ചന്ദ്രപ്പെരുമാൾ | (കാലം പറഞ്ഞിട്ടില്ല) |
| 16. മുല്ലപ്പെരുമാൾ | 12 വർഷം |
| 17. കുലശേഖരപ്പെരുമാൾ | 18 വർഷം |
| 18. ചേരമാൻപെരുമാൾ | 36 വർഷം |

ഈ കണക്കനുസരിച്ച് പെരുമാക്കൻമാരുടെ ഭരണം ആകെ ഇരുനൂറുവർഷത്തോളം മാത്രമാണ് നിലനിന്നത്.[1] എന്നാൽ, കേരളോൽപ്പത്തിയിലെ വിവരണമനുസരിച്ച് 25 പെരുമാക്കൻമാർ നാടുവാഴുകയുണ്ടായി. കേരളവിശേഷമഹാത്മത്തിലെ വിവരണത്തിൽ 19 പെരുമാക്കൻമാരേയുള്ളൂ. ഇങ്ങനെ നാലോ അഞ്ചോ പാഠഭേദങ്ങൾ കാണാം. എങ്കിലും കേരളത്തിലെ ആദ്യത്തെ രാജാവ് കേയപ്പെരുമാൾ ആയിരുന്നുവെന്നും അവസാനത്തെ പെരുമാളായ ചേരമാൻ പെരുമാൾ തന്റെ പിന്തുടർച്ചാവകാശികളായ കോലത്തിരി രാജാവ്, സാമൂതിരി രാജാവ്, കൊച്ചി രാജാവ്, തിരുവിതാംകൂർ രാജാവ് മുതലായവർക്ക് രാജ്യം പങ്കിട്ടുകൊടുത്ത് പെരുമാൾ ഭരണമവസാനിപ്പിച്ചു എന്നുമുള്ള കാര്യത്തിൽ എല്ലാ പാഠഭേദങ്ങൾക്കും പൊതുവിൽ യോജിപ്പാണുള്ളത്.

പരദേശങ്ങളിൽനിന്നു വരുത്തപ്പെട്ട പെരുമാക്കൻമാരാണ് തുടർച്ചയായി രണ്ടോ മൂന്നോ നൂറ്റാണ്ടുകാലം കേരളത്തെ ഭരിച്ചിരുന്നത് എന്ന ഈ പഴങ്കഥ പ്രത്യക്ഷത്തിൽത്തന്നെ അവിശ്വസനീയമാണ്. അവരുടെ വാഴ്ചക്രമത്തിലെ കാലഗണനാപ്രമാദങ്ങളെപ്പറ്റി പറയാൻ തുടങ്ങിയാൽ ചിരിവന്നുപോകും. ഉദാഹരണത്തിന് 16-ാം നൂറ്റാണ്ടിൽ ജീവിച്ചവിജയനഗരത്തിലെ രാജാവ് കൃഷ്ണദേവരായർ 5-ാം നൂറ്റാണ്ടിൽ കേരളം വാണ ഒരു പെരുമാളിനെ ആക്രമിക്കുന്നു! (ക്രി. പി. 428ൽ

7. കെ. മഹാദേവശാസ്ത്രി: കേരളചരിതം, പേജ് 5

സിംഹാസനാരൂഢനായ ചേരമാൻ പെരുമാൾ ഇസ്ലാംമതം സ്വീകരിച്ചു മക്കത്തേക്കുപോകുന്നത് ക്രി.പി. 345 ൽ ആണ്.

ചേരമാൻ പെരുമാളിനെ 9–ാം നൂറ്റാണ്ടിലേയ്ക്കോ 8–ാം നൂറ്റാണ്ടിലേയ്ക്കെങ്കിലുമോ കൊണ്ടുവരാൻ ആധുനികചരിത്രകാരൻമാരിൽ പലരും കിണഞ്ഞു പരിശ്രമിച്ചിട്ടുണ്ട്. ഉദാഹരണത്തിന് പത്മനാഭമേനോന്റെ കേരളചരിത്രം തന്നെ നോക്കുക. കേയപ്പെരുമാൾ ക്രി.പി. 216 മുതൽ 225 വരെ വാഴുന്നു. അതിനുശേഷം ചോഴപ്പെരുമാൾ, പാണ്ടിപ്പെരുമാൾ, ഭൂതരായപ്പെരുമാൾ മുതലായ പലർക്കും ശേഷം ഇരുപത്തിരണ്ടാമത്തെ പെരുമാളായ കുലശേഖരപ്പെരുമാൾ ക്രി.പി. 450 മുതൽ 462 വരെ ഭരണം നടത്തുന്നു. പക്ഷേ, അടുത്ത പെരുമാളായ ആദിരാജപ്പെരുമാൾ വാഴ്ചയാരംഭിക്കുന്നത് 462 ൽ അല്ല, 765 ൽ ആണ് 777 മുതൽ 789 വരെവാണ 24–ാമത്തെ പെരുമാൾക്കുശേഷം ക്രി.പി. 789 ൽ അവസാനത്തെ പെരുമാളായ ചേരമാൻപെരുമാൾ ഭരണമേറ്റെടുക്കുന്നു.[8] ഇതാണ് കാലഗണനാപ്രമാദം പരിഹരിച്ചുകൊണ്ട് 5–ാം നൂറ്റാണ്ടിൽനിന്ന് 8–ാം നൂറ്റാണ്ടിലേയ്ക്കു ചാടിക്കടക്കാനുള്ള വഴി!

'ആര്യബ്രാഹ്മണ'രായ നമ്പൂതിരിമാർ പരദേശങ്ങളിൽനിന്നു പെരുമാക്കൻമാരെ തിരഞ്ഞു പിടിച്ചുകൊണ്ടുവന്നു കേരളത്തിലെ രാജാക്കൻമാരായി അവരോധിച്ചു എന്ന കെട്ടുകഥയ്ക്ക് ചരിത്രത്തിന്റെ യാതൊരു പിൻബലവുമില്ല. പഴയ തമിഴ് സാഹിത്യകൃതികളാകട്ടെ തമിൾനാട്, കർണ്ണാടകം, ആന്ധ്ര തുടങ്ങിയ അയൽ ദേശങ്ങളുടെ പ്രാചീന ചരിത്രങ്ങളാകട്ടെ, ഇതിനെപ്പറ്റിയുള്ള ഒരു സൂചനപോലും നൽകുന്നില്ല. കേരളത്തിലെ പ്രാചീന നാണ്യങ്ങൾ, ശിലാശാസനങ്ങൾ, ചെപ്പേടുകൾ മുതലായവയിൽനിന്നും യാതൊരു തെളിവും ലഭിക്കുന്നില്ല. എന്നിട്ടും, ഇടയ്ക്കിടയ്ക്ക് കൈലാസത്തിലും സ്വർഗത്തിലും പോയി തിരിച്ചുവരുന്ന പരശുരാമമഹർഷിയുടെ വിക്രിയകളെ കേരളത്തിന്റെ ചരിത്രമാക്കി മാറ്റാനുള്ള പരിശ്രമങ്ങൾ ഇന്നും തുടർന്നുവരുന്നുവെന്നത് അൽഭുതകരമായി തോന്നുന്നില്ലേ? മറുനാടുകളിൽനിന്ന് കേരളത്തിലേക്ക് രാജാക്കൻമാർ ഇറക്കുമതി ചെയ്യപ്പെട്ടിരുന്നു എന്ന കെട്ടുകഥയിൽ നീലകണ്ഠശാസ്ത്രിയെപ്പോലുള്ള ആധുനിക ചരിത്രപണ്ഡിതൻമാർപോലും വിശ്വസിക്കുന്നതായി കാണുന്നു. വൈഷ്ണവ കവി കുലശേഖര ആൾവാൾ ഇങ്ങനെ ഇറക്കുമതി ചെയ്യപ്പെട്ട പെരുമാക്കന്മാരിലൊരാളായിരിക്കാനിടയുണ്ടെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്.[9] 'ചില പെരുമാക്കൻമാർ പണ്ടു ഭരണം നടത്തിയ ചേരകുലത്തിൽപ്പെട്ടവരായിരിക്കാം.

8. K.P. Padmanabha Menon. History of Kerala, vol. I, P. 40
9. K.A. Nilakanta Sastry. A History of South India, P. 139

പറ്റിയ രാജാക്കൻമാരില്ലാത്ത സന്ദർഭങ്ങളിൽ പാണ്ടിചോഴ നാടുകളിൽ നിന്ന് രാജാക്കൻമാരെ ക്ഷണിച്ചുകൊണ്ടുവന്നതായി പിൽക്കാല കൃതികൾ (?) പറയുന്നു. ഒമ്പതാം നൂറ്റാണ്ടിൽ കേരളം വാണ ചേരമാൻ പെരുമാൾ നായനാരായിരുന്നു അവസാനത്തെ പെരുമാൾ' എന്നാണ് തമിൾ എൻസൈക്ലോപീഡിയയ്ക്കുവേണ്ടി ചേരൻമാരെപ്പറ്റിയുള്ള പ്രബന്ധം തയ്യാറാക്കിയ ഡോക്ടർ കനകസഭാപതിപിള്ളയുടെ അഭിപ്രായം.[10] മറ്റു ചില ചരിത്രകാരൻമാർ ഇറക്കുമതിക്കഥയെ അതേപടി വിശ്വസിക്കാനിഷ്ടപ്പെടുന്നില്ല. എങ്കിലും, 'കേരളോൽപ്പത്തി'യിലെ ഐതിഹ്യങ്ങൾക്ക് ചരിത്രപരമായ ഒരടിസ്ഥാനമുണ്ടായിരിക്കണമെന്ന് അവർ വാദിക്കുന്നു. ലോഗൻ പറയുന്നതിതാണ്: 'കേരളോൽപ്പത്തിയിൽ പലദിക്കിലും ചോളപ്പെരുമാക്കൻമാരെപ്പറ്റിയും പറഞ്ഞിരിക്കുന്ന സംഗതി പ്രത്യേകം ശ്രദ്ധിക്കേണ്ടതായിരിക്കുന്നു. കേരളോൽപ്പത്തിയിലെ കൊല്ലങ്ങളെല്ലാം വിശ്വാസയോഗ്യമല്ലാത്തതുകൊണ്ട് ഈ സംഗതി കേരളത്തെ ക്രിസ്ത്വബ്ദം 10ഉം 11ഉം 12ഉം നൂറ്റാണ്ടുകളിൽ ചോളരാജാക്കൻമാരും പാണ്ടിരാജാക്കൻമാരും കീഴടക്കിവെച്ചതിന്റെ ഓർമ്മയെ നിലനിർത്തിപ്പോന്നതായിരിക്കണം.'[11] കൊച്ചിൻസ്റ്റേറ്റ് മാനുവലിന്റെ കർത്താവ് ലോഗന്റെ അഭിപ്രായത്തോടു യോജിക്കുന്നു. പത്താംനൂറ്റാണ്ടിലും അതിനുശേഷമുണ്ടായ നൂറ്റാണ്ടുകളിലും ചോഴൻമാർ, പാണ്ടിയൻമാർ മുതലായവർ കേരളത്തെ ആക്രമിക്കുകയുണ്ടായി എന്ന വസ്തുത ശിലാശാസനങ്ങളെ സംബന്ധിച്ച ഗവേഷണങ്ങൾ തെളിയിച്ചു കഴിഞ്ഞിട്ടുണ്ടെന്നും, കേരളോൽപ്പത്തിയിലെ പെരുമാൾക്കഥകൾ ഈ ആക്രമണങ്ങളെയാണ് സൂചിപ്പിക്കുന്നത് എന്നും അദ്ദേഹം പ്രസതാവിക്കുന്നു.[12] 'ഒരു പക്ഷേ, അയൽരാജ്യങ്ങളിൽ നിന്നുള്ള ആക്രമികൾക്ക് വഴങ്ങിക്കൊടുത്തു എന്നതിന്റെ അവ്യക്തമായ പ്രസ്താവ്യമായിരിക്കാം പുറത്തുനിന്ന് രാജാക്കൻമാരെ തിരഞ്ഞെടുത്തു എന്ന് ഐതിഹ്യം' എന്ന് കെ.കെ. പിള്ളയും അഭിപ്രായപ്പെടുന്നു.[13] പരദേശങ്ങളിൽനിന്ന് പെരുമാക്കൻമാരെ കൊണ്ടുവന്നു എന്നതിന് ചരിത്രപരമായ തെളിവുകളില്ലെന്ന് ഉറപ്പിച്ചു പറയുന്ന ഉള്ളൂർ തളിയാതിരിമാരെപ്പറ്റിയുള്ള പ്രസ്താവനകൾക്കാണ് പ്രാധാന്യം നൽകുന്നത്.

'എന്നാൽ, അതേസമയത്തു തന്നെ ഓരോ കാലത്ത് രക്ഷാപുരുഷൻമാരുണ്ടായിരുന്നുവെന്നും അവർ രാജാക്കൻമാരെ കിരീടധാരണം

10. കെ. കനകസഭാപതിപിള്ള: കലൈക്കളഞ്ചിയം വാല്യം 5, പേജ് 213.

11. ലോഗൻ: മലബാർ ഗസറ്റിയർ, പേ. 80

12. C. Achutha Menon: Cochin State Manual P. 36-37

13. കെ.കെ. പിള്ള, ദക്ഷിണ ഇന്ത്യാചരിത്രം, പേ. 103

ചെയ്യിക്കുക മുതലായ പല അധികാരങ്ങളും നടത്തിയിരുന്നതിനുപുറമെ ദേവസ്വങ്ങളുടെയും ഗ്രാമസങ്കേതങ്ങളുടെയും മറ്റും ഭരണം നായൻമാരോടും മറ്റും യോജിച്ചു നിർവഹിച്ചുവന്നിരുന്നുവെന്നും ഊഹിക്കുവാൻ ന്യായങ്ങളുണ്ട്. 'തളിയും തളിയാധികാരിമാരും' എന്ന് തിരുവഞ്ചിക്കുളത്തുള്ള ക്രി.പി. പതിനൊന്നാം ശതകത്തിലെ ഒരു ശിലാരേഖയിലും, 'നാലു തളിയും' എന്ന് മറ്റൊരു ശിലാരേഖയിലും, കാണുന്നു. ഇന്ന ഗ്രാമങ്ങളിൽനിന്നുവേണം തളിയാതിരിമാരെ തിരഞ്ഞെടുത്ത് അവരോധിക്കാൻ എന്ന് നിയമമുണ്ടായിരുന്നു. തളിയാതിരിമാരുടെയും മറ്റും അധികാരം വർദ്ധിച്ചത് ക്രിസ്തുവർഷാരംഭത്തോടുകൂടിയല്ല, കൊല്ലവർഷാരംഭത്തോടുകൂടിയാണെന്നത്രേ എനിക്കു തോന്നുന്നത്.'[14]

ഇങ്ങനെ, കേരളോൽപ്പത്തിയുടെ സഹായത്തോടുകൂടി ക്രിസ്തുവർഷം ആദിശതകങ്ങളിലെ കേരളചരിത്രം പരിശോധിക്കാൻ പുറപ്പെട്ട പണ്ഡിതൻമാർ പറഞ്ഞുപറഞ്ഞ് ഒടുവിൽ 9-ാം നൂറ്റാണ്ടിനുശേഷമുള്ള ശിലാശാസനങ്ങളുടെയും മറ്റു ചരിത്രരേഖയുടേയും വെളിച്ചത്തിൽ 'കേരളോൽപ്പത്തി'യ്ക്ക് ഒരു ചരിത്രാടിസ്ഥാനമുണ്ടെന്ന് തെളിയിക്കാനുള്ള പരിശ്രമത്തിലാണ് ചെന്നെത്തുന്നത്. ഒമ്പതാംനൂറ്റാണ്ടിനുശേഷമുള്ള ചരിത്രത്തെപ്പറ്റി പഠിക്കാനാണെങ്കിൽ ശിലാശാസനങ്ങളും ചെപ്പേടുകളും സഞ്ചാരികളുടെ വിവരണങ്ങളും മറ്റു ചിത്രരേഖകളുമുണ്ട്. അതിന് 'കേരളോൽപ്പത്തി'യെപ്പോലെ അസംബന്ധങ്ങളും അന്ധവിശ്വാസങ്ങളും നിറഞ്ഞ ഒരു കെട്ടുകഥയുടെ യാതൊരാവശ്യവുമില്ല. ഈ പഴങ്കഥയിലെ ചോഴപ്പെരുമാളെപ്പറ്റിയും പാണ്ടിപ്പെരുമാളെപ്പറ്റിയുമുള്ള പരാമർശങ്ങൾ ചോഴനാട്ടിൽനിന്നും പാണ്ടിനാട്ടിൽ നിന്നുമുണ്ടായ ആക്രമണങ്ങളെയാണ് സൂചിപ്പിക്കുന്നത് എന്നു പറയപ്പെടുന്നു. അങ്ങനെയാണെങ്കിൽ കേയപ്പെരുമാൾ കോട്ടിപ്പെരുമാൾ, മാടപ്പെരുമാൾ മുതലായവരെപ്പറ്റിയുള്ള പരാമർശങ്ങൾ കേയനാട്ടിൽനിന്നും കോട്ടിനാട്ടിൽ നിന്നും മാടനാട്ടിൽ നിന്നും മറ്റുമുണ്ടായ ആക്രമണങ്ങളെ സൂചിപ്പിക്കുന്നു എന്ന് പറയേണ്ടിവരില്ലേ? ഉള്ളൂരിന്റെ ന്യായീകരണം ആശയക്കുഴപ്പങ്ങളെ കുറയ്ക്കുകയല്ല, വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. കൊല്ലവർഷാരംഭത്തിനു ശേഷം, രാജവാഴ്ച നിലവിലിരുന്ന ഒരു കാലഘട്ടത്തിൽ, രക്ഷാപുരുഷൻമാരും തളിയാതിരിമാരുമുണ്ടായിരുന്നുവെന്ന് തെളിയിക്കാൻ ശിലാരേഖകളുണ്ടെന്ന് അദ്ദേഹം പറയുന്നു. പക്ഷേ, കേരളോൽപ്പത്തി പരാമർശിക്കുന്നത് പെരുമാക്കൻമാരുടെ ഭരണം ആരംഭിക്കുന്നതിനുമുമ്പുണ്ടായിരുന്നു എന്നു കരുതപ്പെടുന്ന രക്ഷാപുരുഷൻമാരെപ്പറ്റിയും തളിയാതിരിമാരെപ്പറ്റിയുമാണ്. രണ്ടും തമ്മിൽ എന്തുബന്ധമാണുള്ളത്? കേരളോൽപ്പത്തി,

14. ഉള്ളൂർ: കേരളസാഹിത്യചരിത്രം, വാല്യം1 പേ. 39.

കേരള മാഹാത്മ്യം തുടങ്ങിയ കൃതികളെ ചരിത്രനിർമ്മിതിക്കുവേണ്ടി ഉപയോഗിക്കുന്നതുകൊണ്ട് ഗുണത്തേക്കാളധികം ദോഷമാണുണ്ടാവുക എന്നാണിതെല്ലാം കാണിക്കുന്നത്.

സംഘം കൃതികളിലെ ചരിത്രാംശങ്ങളേയും കേരളോൽപ്പത്തിയിലെ കെട്ടുകഥയും കൂട്ടിക്കുഴച്ചുകൊണ്ട് വിചിത്രമായ മറ്റൊരു നിഗമനത്തിലെത്തിച്ചേരാനാണ് തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിന്റെ കർത്താവ് പരിശ്രമിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

തിരുവഞ്ചിക്കുളം തലസ്ഥാനമാക്കിക്കൊണ്ട് കേരളത്തിലൊട്ടുക്കും ഭരണം നടത്തിയിരുന്ന പ്രാചീന ചേരസാമ്രാജ്യം ക്ഷയിക്കാൻ തുടങ്ങിയപ്പോൾ ആ രാജവംശത്തിലെ ഒരു ശാഖ വടക്കോട്ടും മറ്റൊരു ശാഖ തെക്കോട്ടും പോയി. വടക്ക് തൊണ്ടിതലസ്ഥാനമാക്കി വാണശാഖയുടെ പിന്തുടർച്ചാവകാശികളാണ് ഉത്തരകേരളത്തിലെ കോലത്തിരി രാജാക്കൻമാർ, തെക്കൻ തിരുവിതാംകൂറിൽ കൽക്കുളം തലസ്ഥാനമാക്കിക്കൊണ്ടു ഭരണം നടത്തിയ ശാഖയിലെ രാജാക്കൻമാരാണ് തിരുവിതാംകൂർ മഹാരാജാക്കൻമാരുടെ പൂർവികൻമാർ. തിരുവിതാംകൂറൊഴിച്ചുള്ള മറ്റു ഭാഗങ്ങളെല്ലാം വിദേശീയാക്രമണങ്ങൾക്കിരയായി തകർന്നുപോയി. ആ പ്രദേശങ്ങളെല്ലാം അനേകം ചെറുകിട രാജാക്കൻമാരുടെ കീഴിലായിത്തീർന്നു. ഈ ഘട്ടത്തിലാണ് നമ്പൂതിരിമാർ തങ്ങളുടെ സാമൂഹ്യവും രാഷ്ട്രീയവുമായ ശക്തി വർദ്ധിപ്പിക്കാനൊരുങ്ങി പുറപ്പെട്ടത്. ചിന്നിച്ചിതറിക്കിടന്ന രാജ്യങ്ങളെയെല്ലാം ഒരൊറ്റ ചക്രവർത്തിയുടെ കീഴിൽ യോജിപ്പിക്കാൻ അവർ തീരുമാനിച്ചു. ഈ ഉദ്ദേശ്യത്തോടുകൂടി അവർ പരദേശങ്ങളിൽ നിന്ന് രാജാക്കൻമാരെ ക്ഷണിച്ചുവുത്തി. ഇങ്ങനെ ക്ഷണിച്ചുവരുത്തപ്പെട്ട രാജാക്കൻമാരാണ് പെരുമാക്കൻമാർ എന്ന പേരിലറിയപ്പെടുന്നത്. തെക്കൻ തിരുവിതാംകൂറിനു വടക്കുള്ള പ്രദേശങ്ങൾ മുഴുവനും പെരുമാൾ ഭരണത്തിനു വിധേയമായി. തിരുവിതാംകൂറിലെ ചേരരാജക്കൻമാർമാത്രം പെരുമാക്കൻമാരിൽനിന്നു സ്വതന്ത്രമായി തങ്ങളുടെ ഭരണം തുടർന്നുപോന്നു. അതുകൊണ്ട് ചേരമാൻപെരുമാൾ തന്റെ പിന്തുടർച്ചാവകാശികൾക്ക് രാജ്യം പങ്കിട്ടുകൊടുത്തതിനു ശേഷമാണ് തിരുവിതാംകൂർ ഉണ്ടായത് എന്ന വാദം തെറ്റാണ്. പെരുമാൾ ഭരണം വടക്കു പുതുപട്ടണം മുതൽ തെക്കു കന്നെറ്റിവരെ മാത്രമേ വ്യാപിച്ചിരുന്നുള്ളു. അക്കാലത്തു തന്നെ പെരുമാക്കൻമാരേക്കാൾ ഉയർന്ന നിലയിലുള്ള രാജാക്കൻമാരായിട്ടാണ് തിരുവിതാംകൂർ രാജാക്കൻമാർ പരിഗണിക്കപ്പെട്ടിരുന്നത്. എന്നല്ല പെരുമാക്കൻമാരുടെ ഭരണത്തിന് തിരുവിതാംകൂറിലെ ചേരരാജ കുടുംബത്തിന്റെ അംഗീകാരവും ആവശ്യമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, ക്രിസ്ത്വബ്ദം ആദിശതകങ്ങളിലെ മഹാൻമാരായ

ചേരരാജാക്കൻമാരുടെ യഥാർത്ഥ പിന്തുടർച്ചാവകാശികളാണ് ഇരുപ താംനൂറ്റാണ്ടിലെ തിരുവിതാംകൂർ മഹാരാജക്കൻമാർ. അത്രയും പ്രാചീ നമായ കാലം മുതൽക്കുതന്നെ അനുസ്യൂതമായും ഇടമുറിയാതെയും ഭരണം നടത്തിപ്പോന്ന ഒരു രാജകുടുംബമാണ് ശ്രീ. ചിത്തിരതിരുനാൾ മഹാരാജാവിന്റെ കുടുംബം.[15]

തിരുവിതാംകൂർ മഹാരാജാക്കൻമാരുടെ അന്തസിനേയും പ്രതാപ ത്തേയും മഹത്തായ പാരമ്പര്യത്തേയും മറ്റും ഉയർത്തിക്കാണിക്കാൻ ഇതുകൊള്ളാം. പക്ഷേ, ഇതു ചരിത്രമാവുകയില്ല. ചരിത്രമാവണമെങ്കിൽ തിരുവിതാംകൂർ രാജാക്കൻമാർ പ്രാചീന ചേരരാജാക്കൻമാരുടെ പിൻഗാ മികളാണെന്നതിന് വിശ്വസനീയമായ എന്തെങ്കിലും തെളിവുകൾ കൊണ്ടുവരിക കൂടിവേണം. അതിലാണ് സ്റ്റേറ്റ് മാനുവലിന്റെ കർത്താവ് പൂർണ്ണമായും പരാജയപ്പെട്ടിട്ടുള്ളത്. പോരെങ്കിൽ, ക്രി.പി. 4-ാം നൂറ്റാ ണ്ടിന്റെ ആരംഭം മുതൽ എട്ടാംനൂറ്റാണ്ടുവരെയുള്ള തിരുവിതാംകൂറിന്റെ ചരിത്രം അജ്ഞാതമാണെന്നും നാലു നൂറ്റാണ്ടിലധികം കാലം നീണ്ടു നിൽക്കുന്ന ഈ വിടവിനുശേഷമാണ് എട്ടാംനൂറ്റാണ്ടിൽ വീരമാർത്താ ണ്ഡവർമ്മ വേണാട്ടിലെ രാജാവായിത്തീർന്നത് എന്നും അദ്ദേഹം തന്നെ തുറന്നുസമ്മതിക്കുകയും ചെയ്തിരിക്കുന്നു.![16]

വിശ്വസനീയങ്ങളായ തെളിവുകളുടേയും വസ്തുസ്ഥിതി വിവരങ്ങ ളുടെയും അപര്യാപ്തതകാരണം കേരളത്തിന്റെ യഥാർത്ഥവും വസ്തു നിഷ്ഠവുമായ ചരിത്രം നിർമ്മിക്കുക എന്നത് ഏറ്റവും വിഷമം പിടിച്ച ഒരു പ്രവൃത്തിയാണെന്ന കാര്യത്തിൽ സംശയമില്ല. സാമൂഹ്യവളർച്ച യുടെ നിയമങ്ങളുടെ സഹായത്തോടുകൂടി മാത്രമേ ഈ വിഷമം കുറെ യെങ്കിലും പരിഹരിക്കാൻ കഴിയൂ.

ചരിത്രത്തിനു പിടികിട്ടാവുന്നേടത്തോളം പിന്നോട്ടു നോക്കിയാൽ ഇന്നു കേരളം, തമിഴ്നാട്, കർണ്ണാടകം മുതലായ പേരുകളിലറിയപ്പെ ടുന്ന തെന്നിന്ത്യൻ പ്രദേശങ്ങളിൽ വളർച്ചയുടെ വിവിധ നിലവാരങ്ങളി ലെത്തിയവയും പരസ്പരം പടവെട്ടിക്കൊണ്ടിരുന്നവയുമായ ഒട്ടനവധി ഗോത്രസമുദായങ്ങളുടേയും അവയ്ക്കു നേതൃത്വം നൽകിയിരുന്ന കുല ത്തലവൻമാരുടെയും ഒരു ചിത്രമാണ് നമുക്കു കാണാൻ കഴിയുക. നീണ്ടുനിന്ന സംഘട്ടനങ്ങൾക്കിടയിൽ പ്രമാണികളായിത്തീർന്ന ചില കുലത്തലവൻമാർ ചുറ്റുപാടുമുള്ള ഗോത്രസമുദായങ്ങളെ സംഘടിപ്പി ക്കുകയും ഏകീകരിക്കുകയും ചെയ്തുകൊണ്ട് വലിയ രാജാക്കൻമാരാ യിത്തീർന്നു. ഇങ്ങനെ പ്രാകൃതകമ്മ്യൂണിസത്തിന്റെ അടിസ്ഥാനത്തി

15. T.K. Velu Pillai: The Travancore State Manual, Vol. II. P. 25-49
16. Ibid, P. 49

ലുള്ള ഗോത്രസമുദായങ്ങളുടെ സംയോജനത്തിലൂടെയാണ് പ്രാചീന ചേര–ചോഴ പാണ്ടിരാജ്യങ്ങൾ ഉയർന്നുവന്നത്. എന്നാൽ, യഥാർത്ഥത്തിൽ അത് വെറുമൊരു സംയോജനം മാത്രമായിരുന്നില്ല. ഉൽപ്പാദനാഭിവൃദ്ധി യുടെയും വർഗ്ഗവ്യത്യാസങ്ങളുടെ ആവിർഭവത്തിന്റെയും ഫലമായി പ്രാകൃതഗോത്ര വ്യവസ്ഥയുടെ അടിത്തറ തകരാൻ തുടങ്ങിയിരുന്നു. സംഘട്ടനങ്ങളും സമരങ്ങളുമെല്ലാം ആ തകർച്ചയെ ത്വരിതപ്പെടുത്തുക യാണ് ചെയ്തത്. ശരിക്കു പറഞ്ഞാൽ, സമത്വത്തിന്റെ അടിസ്ഥാനത്തി ലുള്ള പ്രാകൃതഗോത്രവ്യവസ്ഥയുടെ തകർച്ചയിൽനിന്നാണ് പ്രാചീന രാഷ്ട്രങ്ങൾ ഉയർന്നുവന്നത്. പരസ്പരം യുദ്ധംചെയ്തുകൊണ്ടും താര തമ്യേന ദുർബലങ്ങളായ ഗോത്രസമുദായങ്ങളേയും അവയുടെ തല വൻമാരായ കുറുനിലമന്നൻമാരേയും കീഴടക്കിക്കൊണ്ടും ഉൽപ്പാദനം, ആഭ്യന്തരവ്യാപാരം, വിദേശവാണിജ്യം, സാഹിത്യ സംഗീതാദികലകൾ മതുലായവയ്ക്കു പ്രോൽസാഹനം നൽകിക്കൊണ്ടും വിപുലമായ സാമ്രാ ജ്യങ്ങൾ കെട്ടിപ്പടുത്ത ചേര–ചോഴ–പാണ്ടി രാജാക്കൻമാരുടെ നേട്ടങ്ങ ളെപ്പറ്റി ക്രിസ്ത്വബ്ദം ആദിശതകങ്ങളിലെ സംഘംകൃതികളിൽനിന്നും ടോളമി, പ്ളീനി തുടങ്ങിയ വിദേശീയ ഗ്രന്ഥകാരൻമാരുടെ വിവരണങ്ങ ളിൽനിന്നും മനസിലാക്കാം.

സംഘകാലത്തിനുശേഷം ചേര–ചോഴ–പാണ്ടി രാജ്യങ്ങൾ ക്ഷയോൻമുഖമായിത്തീർന്നു. ക്രി.പി. 3–ാം നൂറ്റാണ്ടിനും 6–ാം നൂറ്റാ ണ്ടിനും ഇടയിലുള്ള കാലഘട്ടം ഈ പ്രാചീനരാഷ്ട്രങ്ങളുടെ അധഃപ തനത്തിന്റേയും തകർച്ചയുടേയും കാലഘട്ടമാണ്. നാലു നൂറ്റാണ്ടുകാലം ഡെക്കാനിൽ ആധിപത്യം നടത്തിയ ശാതവാഹനൻമാരുടെ സാമ്രാ ജ്യവും ഏതാണ്ടിതേകാലത്താണ് ഛിന്നഭിന്നമായത്. തെക്കെ ഇന്ത്യയി ലൊട്ടുക്കും വമ്പിച്ച പരിവർത്തനങ്ങളുണ്ടായ ഒരു കാലമായിരുന്നു അത്. അതേവരെ വളർച്ചമുട്ടിക്കിടന്നിരുന്ന പല ഗോത്രത്തലവൻമാർക്കും ചരി ത്രത്തിന്റെ മുൻപന്തിയിലേക്കു കുതിച്ചുകയറാൻ ഒരവസരം കിട്ടി. ഇന്നു മഹാരാഷ്ട്രമെന്ന പേരിലറിയപ്പെടുന്ന പ്രദേശങ്ങളിൽ ആഭീരൻമാർ, ബീഹാറിലും മധ്യപ്രദേശങ്ങളിലും വാകാടകൻമാർ, പടിഞ്ഞാറൻ കർണ്ണാടക ജില്ലകളിൽ കദംബൻമാർ, മൈസൂർ പ്രദേശങ്ങളിൽ ഗംഗൻമാർ, കാഞ്ചിക്കു ചുറ്റുമായി പല്ലവൻമാർ ഇവരെല്ലാം ശതവാഹന സാമ്രാജ്യത്തിന്റെ തകർച്ചയിൽനിന്നുയർന്നു വന്ന പുതിയ ഗോത്ര സമു ദായങ്ങളത്രേ. താന്താങ്ങളുടെ സ്വന്തം ആധിപത്യമുറപ്പിക്കുന്നതിനു വേണ്ടി അവർ പരസ്പരം യുദ്ധങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഈ യുദ്ധ ങ്ങളിൽ ചിലർ വിജയിക്കുകയും മറ്റു ചിലർ നാമാവിശേഷമാവുകയും ചെയ്തു. ജയിച്ചവർതന്നെ പിന്നീട് മറ്റു ചിലരാൽ തോൽപ്പിക്കപ്പെട്ടു. ഉദാഹരണത്തിന്, പുലികേശി ഒന്നാമൻ എന്ന ചാലൂക്യഗോത്രത്തലവൻ

കദംബരെ തോൽപ്പിച്ച് ചാലൂക്യരുടെ ഭരണം സ്ഥാപിക്കുകയുണ്ടായി. പക്ഷേ, ഏറെക്കഴിയുന്നതിനുമുമ്പായി പല്ലവരുടെ തലവനായ നരസിംഹവർമ്മൻ ഒന്നാമൻ ചാലൂക്യരെ പരാജയപ്പെടുത്തി. ചാലൂക്യരും പല്ലവരും തമ്മിൽ നീണ്ടുനിന്ന പല യുദ്ധങ്ങളുമുണ്ടായി. പല്ലവരും പാണ്ടിയരും തമ്മിലും യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടു. പാണ്ടിയൻമാർ ചാലൂക്യരുമായി കൂട്ടുകൂടി പല്ലവരെ എതിർത്തു. ചോഴൻമാർ മുന്നോട്ടു വന്നപ്പോൾ പാണ്ടിയരും പല്ലവരും പിന്നിലായി. ആഭീരൻമാരെ തോൽപ്പിച്ച് ഡെക്കാനിൽ സ്വന്തം ഭരണം സ്ഥാപിച്ച് രാഷ്ട്രകൂടൻമാർ ആദ്യം ചാലൂക്യരുടെ സേവയ്ക്കുനിന്നു. പിന്നീട് ചാലൂക്യരും രാഷ്ട്രകൂടൻമാരും തമ്മിലായി യുദ്ധം. ഇങ്ങനെ യുദ്ധങ്ങൾകൊണ്ടു കലങ്ങിമറിഞ്ഞ ഒരന്തരീക്ഷമാണ് നിലനിന്നിരുന്നത്.

സംഘകാലത്തിനുശേഷം കുറച്ചുകാലത്തേയ്ക്ക് കേരളത്തിന്റെ ചരിത്രം വളരെ അവ്യക്തമാണ്. നാലാംനൂറ്റാണ്ടിനും ആറാം നൂറ്റാണ്ടിനുമിടയിൽ തെക്കെ ഇന്ത്യയിലെ മിക്ക പ്രദേശങ്ങളും കളഭ്രൻമാരുടെ ആധിപത്യത്തിലായിരുന്നു എന്ന് പിൽക്കാലസാഹിത്യ കൃതികൾ ചൂണ്ടിക്കാണിക്കുന്നു. അച്ചുതകളഭ്രൻ എന്ന രാജാവ് ചോഴൻമാരെയും പാണ്ടിയൻമാരെയും ആക്രമിച്ചു കീഴടക്കിയതായി കാണുന്നു. ഈ ആക്രമണങ്ങൾ ചേരനാട്ടിനേയും കുറയൊക്കെ ബാധിച്ചിട്ടുണ്ടാവണം. 6–ാം നൂറ്റാണ്ടിന്റെ അവസാനത്തിലോ 7–ാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ ആണ് പാണ്ടിയൻമാർ കളഭ്രൻമാരെ പരാജയപ്പെടുത്തുകയും സ്വന്തം ആധിപത്യം പുനഃസ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്തത്.

കലി അരശർ അല്ലെങ്കിൽ ദുഷ്ടരാജാക്കൻമാർ എന്ന പേരിലാണ് കളഭ്രരാജാക്കൻമാർ പിന്നീട് വിളിക്കപ്പെട്ടുപോന്നത്. കളഭ്രൻമാരുടെ ഭരണം അന്ധകാരാഗമവും ദുസഹവും വെറുക്കപ്പെട്ടതുമായ ഒരു ഭരണമായിട്ടാണ് ചിത്രീകരിക്കപ്പെട്ടുപോന്നത്. പക്ഷേ, യഥാർത്ഥത്തിൽ ബുദ്ധജൈനമതങ്ങളുടെ സ്വാധീനത്തിൽ സാംസ്കാരികമായ ഒരു വലിയമുന്നേറ്റം അക്കാലത്തുണ്ടായതായി സമ്മതിക്കപ്പെടുന്നുണ്ട്. മണിമേഖല, ചിലപ്പതികാരം തുടങ്ങിയ കാവ്യങ്ങൾ അക്കാലത്താണ് രചിക്കപ്പെട്ടത്. ക്രി.പി. 470ൽ ജൈനധർമ്മങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി മധുരയിൽ ഒരു ജൈനസംഘം സ്ഥാപിക്കപ്പെടുകയുണ്ടായെന്നതിന് ചരിത്രപരമായ തെളിവുകളുണ്ട്. ഏതാണ്ടതേകാലത്തു തന്നെ കാവേരിപ്പൂംപട്ടണത്തിൽ ബൗദ്ധൻമാരുടെ ഒരു സംഘമുണ്ടായിരുന്നു. കാഞ്ചിയായിരുന്നു മറ്റൊരു പ്രധാന ബൗദ്ധകേന്ദ്രം. കേരളത്തിലും അക്കാലത്ത് ബുദ്ധമതത്തിനായിരുന്നു പ്രാധാന്യം. ബുദ്ധജൈനമതാനുയായികളായ രാജാക്കൻമാരാണ് അക്കാലത്ത് രാജ്യഭാരം ചെയ്തിരുന്നത് എന്നുകരു

താൻ ന്യായമുണ്ട്. കളഭ്രൻമാർക്കെതിരായ കലാപങ്ങൾക്കിടയിലാണ് ബുദ്ധജൈനമതങ്ങൾ ക്ഷയിക്കുകയും ഹിന്ദുമതം ആവിർഭവിക്കുകയും ചെയ്തത്. കളഭ്രൻമാരെ എതിർത്തു തോൽപ്പിച്ച രാജാക്കൻമാരാകട്ടെ ബുദ്ധജൈനമതങ്ങളുടെ ആരാധകൻമാരായിരുന്നില്ല. പിന്നീട് ഹിന്ദുമതത്തിന്റെ അവാന്തരവിഭാഗങ്ങളായി അംഗീകരിക്കപ്പെട്ട ശൈവ-വൈഷ്ണവമതങ്ങളെയാണ് അവർ പിന്താങ്ങിയത്. ഹിന്ദുമതാനുയായികളായ രാജാക്കൻമാരും അവർക്ക് പിന്തുണ നൽകിയ ബ്രാഹ്മണപുരോഹിതൻമാരും കളഭ്രൻമാരുടെ കാലത്തെ ഇരുട്ടുനിറഞ്ഞ ഒരു കാലമായി ചിത്രീകരിച്ചുവെങ്കിൽ അതിൽ അൽഭുതപ്പെടാനില്ലല്ലോ.

6-ാം നൂറ്റാണ്ടിനും 9-ാം നൂറ്റാണ്ടിനുമിടയിൽ പാണ്ടിയൻമാരും പല്ലവൻമാരും ചാലൂക്യൻമാരും രാഷ്ട്രകൂടൻമാരുമെല്ലാം കേരളത്തെ ആക്രമിച്ചതായി പറയപ്പെടുന്നു. കേരളം ചോഴൻമാർക്കു കീഴിലായിരുന്നു എന്നു കാണിക്കുന്ന ചില ചോഴ ശിലാശാസനങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. കുലശേഖര ആൾവർ എന്ന കേരളരാജാവ് ചോഴ പാണ്ടി കൊങ്ങുനാടുകളെ ആക്രമിച്ചു കീഴടക്കി എന്ന് അദ്ദേഹം തന്നെ എഴുതിയ ചില കവിതകളും ചൂണ്ടിക്കാണിക്കുന്നുണ്ട്. ഇതിലെല്ലാം സത്യത്തിന്റെ അംശങ്ങളോടൊപ്പം സ്വാഭാവികമായിത്തന്നെ അതിശയോക്തിയുടേയും ആത്മപ്രശംസയുടേയും അംശങ്ങളും കലർന്നിട്ടുണ്ടാവാം.

എന്നാൽ, ഈ കാലഘട്ടത്തിനുമുമ്പുതന്നെ പ്രാചീന ചേരസാമ്രാജ്യം ഛിന്നഭിന്നമായിക്കഴിഞ്ഞു എന്ന കാര്യത്തിൽ സംശയമില്ല. ചേരൻമാരുടെ കാലത്ത് പ്രശസ്തിയും പ്രാമാണിത്തവും നേടാൻ കഴിയാതെ പിന്നണിയിൽ കിടന്നിരുന്ന ചില ഗോത്രത്തലവൻമാർ ഈ കാലഘട്ടത്തിലാണ് തങ്ങളുടെ ആധിപത്യം സ്ഥാപിക്കാൻവേണ്ടി മുന്നോട്ടു വന്നത്. എട്ടാം നൂറ്റാണ്ടോടുകൂടി ഒട്ടനവധി പുതിയ രാജാക്കന്മാർ പൊന്തിവന്നതായും അവരിൽ ചിലർ മഹോദയാപുരം തലസ്ഥാനമാക്കിക്കൊണ്ട് പുതിയൊരു ചേരസാമ്രാജ്യം സ്ഥാപിച്ചതായും കാണുന്നു. പക്ഷേ, അവരാരുംതന്നെ പഴയ സംഘകാലരാജാക്കൻമാരുടെ പിൻഗാമികളോ പിൻതുടർച്ചാവകാശികളോ ആയിരുന്നില്ല. അതേവരെ പിന്നണിയിൽ കിടന്നിരുന്ന ഗോത്രത്തലവൻമാർക്കിടയിൽനിന്നാണ് പുതിയ രാജാക്കൻമാർ ഉയർന്നുവന്നത്.

സാമൂഹ്യപുരോഗതിയുടെ ഈ പ്രത്യേകത സവിശേഷമായ പരിഗണനയർഹിക്കുന്ന പ്രാചീനകേരളത്തിലെ മുഴുവൻ ജനങ്ങളും ഒരേ തോതിലല്ല പുരോഗമിച്ചത്. ആദ്യം മുതൽക്കേ സമുദായം അസമമായിട്ടാണ് വളർന്നുവന്നത്. ചേരന്മാരുടെ കാലത്തുതന്നെ വളർച്ചയെത്താതെ പിൻപന്തിയിൽ കഴിഞ്ഞിരുന്ന നിരവധി ഗോത്രസമുദായങ്ങളുണ്ടായി

രുന്നു. ചേരസാമ്രാജ്യത്തിന്റെ തകർച്ചയുടെ കാലത്ത് അവരിൽ ചിലർ മുൻപന്തിയിലേക്കു കടന്നുവന്നു. അസമമായ സാമൂഹ്യവളർച്ചയുടെ ഒരു നിയമം മാത്രമാണിത്. മുമ്പൊരധ്യായത്തിൽ വ്യക്തമാക്കിയതുപോലെ, സാമൂഹ്യവളർച്ചക്കിടയിൽ പിൻപന്തിയിൽ നിന്നു മുൻപന്തിയിലേക്ക് എടുത്തു ചാട്ടങ്ങളുണ്ടാവുക എന്നത് അസാധാരണമോ അസ്വഭാവികമോ അല്ല. കേരളത്തിന്റെ ചരിത്രത്തിൽ പ്രാചീനകാലത്തിന്റെയും മധ്യകാലത്തിന്റെയും ഇടക്കുള്ള ഇരുളടഞ്ഞ ഘട്ടത്തിലേക്ക് കുറെയൊക്കെ വെളിച്ചം വീശാൻ സഹായിക്കുന്ന ഒരു നിയമമാണിത്. ഈ നിയമത്തെ അവഗണിക്കുക എന്നത് കേരളചരിത്ര നിർമ്മാണത്തെ സംബന്ധിച്ചിടത്തോളം വിഷമങ്ങൾ കുറക്കാനല്ല വർദ്ധിപ്പിക്കാൻ മാത്രമാണുപകരിക്കുക.

ചരിത്രത്തിന്റെ പിൻപന്തിയിൽനിന്ന് മുൻപന്തിയിലേക്കു തള്ളിക്കയറിവന്ന ഗോത്രത്തലവൻമാർക്കിടയിൽ കൂടെക്കൂടെ യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുകയും ഒടുവിൽ കൈയൂക്കുള്ള ചില തലവൻമാർ രാജാക്കൻമാരായിത്തീരുകയാണുണ്ടായത്. അടിമത്തവ്യവസ്ഥയുടെ തകർച്ചയുടെയും പുതിയ ഫ്യൂഡൽ ഉൽപ്പാദനരീതിയുടെ വളർച്ചയുടെയും കാലഘട്ടമായിരുന്നു അത്. അതുകൊണ്ട് തളർന്നുകഴിഞ്ഞ പഴയ സാമ്പത്തിക വ്യവസ്ഥയുടെ സംരക്ഷകരായിട്ടല്ല വളർന്നു കൊണ്ടിരിക്കുന്ന ഫ്യൂഡൽവ്യവസ്ഥയുടെ നേതാക്കൻമാരായിട്ടാണ് ഈ പുതിയ രാജാക്കൻമാർ പ്രത്യക്ഷപ്പെട്ടത്. എന്നുവച്ചാൽ, മുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ, പ്രാകൃത കമ്മ്യൂണിസത്തിൽനിന്ന് അടിമത്തത്തിലല്ല, നേരിട്ടു ഫ്യൂഡലിസത്തിലേക്കാണ് അവർ കാലെടുത്തുവച്ചത്. ഈ പരിവർത്തനം കേരളത്തിന്റെ ചരിത്രത്തിൽ എന്തെല്ലാം പ്രത്യാഘാതങ്ങളാണുണ്ടാക്കിയതെന്ന് അടുത്ത വാല്യത്തിൽ നമുക്കു പരിശോധിക്കാം.

## ഭാഗം രണ്ട്

# കേരളത്തിലെ ഭരണയന്ത്രങ്ങൾ

## ചരിത്രപരമായ ഒരവലോകനം

ഭൂഗർഭശാസ്ത്രജ്ഞന്മാർ നടത്തിയ ഗവേഷണങ്ങളുടെ ഫലമായി കേരളക്കരയിലെ മലയോരങ്ങളിലും കാട്ടുപ്രദേശങ്ങളിലും ജീവിച്ചിരുന്ന ശിലായുഗമനുഷ്യരുടെ പ്രാകൃതോപകരണങ്ങൾ പലതും കണ്ടുകിട്ടിയിട്ടുണ്ട്. കല്ലുകൊണ്ടുള്ള പലതരം ആയുധങ്ങളും മറ്റുപകരണങ്ങളും പല വലുപ്പങ്ങളിലുമുള്ള ഒട്ടനവധി മൺപാത്രങ്ങളും അവയിലുൾപ്പെടുന്നു. ജിജ്ഞാസുക്കളുടെ പരിശോധനയ്ക്കായി തിരുവനന്തപുരത്തിലെയും മദ്രാസിലെയും മ്യൂസിയങ്ങളിൽ സൂക്ഷിച്ചു വെയ്ക്കപ്പെട്ടിട്ടുള്ള ആ പ്രാകൃതോപകരണങ്ങൾ കേരളത്തിന്റെ ഇരുളടഞ്ഞുകിടക്കുന്ന ചരിത്രാതീതകാലങ്ങളിലേയ്ക്കു വെളിച്ചം വീശുന്നവയാണ്. ആയിരമായിരം കൊല്ലങ്ങൾക്കുമുമ്പ് പ്രകൃതിശക്തികളോട് മല്ലിട്ടുകൊണ്ട് വില്ലും അമ്പുമായി കാട്ടുമൃഗങ്ങളെ വേട്ടയാടിയും പ്രാകൃതരീതിയിൽ ഫലമൂലങ്ങളും ധാന്യങ്ങളും മറ്റും കൃഷി ചെയ്തും ജീവിച്ചു പോന്ന പൂർവ്വനിവാസികളുടെ ആയുധങ്ങളും ഉപകരണങ്ങളുമാണ്.

അതിപ്രാചീനരായ ആ പൂർവ്വനിവാസികളുടെ കാലത്ത് കേരളക്കരയിൽ പ്രാകൃത കമ്യൂണിസമെന്ന പേരിലറിയപ്പെടുന്ന സാമൂഹ്യവ്യവസ്ഥയാണു നിലനിന്നിരുന്നത്. ഉള്ളവനെന്നും ഇല്ലാത്തവനെന്നുമുള്ള വ്യത്യാസമുണ്ടായിരുന്നില്ല. എല്ലാ മനുഷ്യരും സമന്മാരായിരുന്നു. മർദ്ദകനും മർദ്ദിതനുമില്ല; രാജാവും പ്രജയുമില്ല. എല്ലാ സ്വത്തുക്കളും എല്ലാവരുടേയും കൂടിയായിരുന്നു. കൂട്ടായി അദ്ധ്വാനിയ്ക്കുക, കൂട്ടായി അനുഭവിയ്ക്കുക – ഇതായിരുന്നു സമ്പ്രദായം. രക്തബന്ധത്തിന്റെ അടിസ്ഥാ

നത്തിലുള്ള ഗോത്രങ്ങളും കുലങ്ങളുമായിട്ടാണ് ജനങ്ങൾ സംഘടിച്ചിരുന്നത്. മാതൃമേധാവിത്വപരമായ കൂട്ടുകുടുംബമായിരുന്നു അടിസ്ഥാനപരമായ സാമൂഹ്യഘടകം. രക്തബന്ധമുള്ളവരെല്ലാം ഒരു തറവാട്ടിലെ അംഗങ്ങളായിരുന്നു. ഏറ്റവും പ്രായം കൂടിയ ആൾ തറവാട്ടിലെ കാരണവരാണ്. പ്രായം കൂടിയ ആളെന്ന നിലയ്ക്ക് അദ്ദേഹം ബഹുമാനിയ്ക്കപ്പെടുകയും ആദരിയ്ക്കപ്പെടുകയും ചെയ്തുപോന്നു. തറവാട്ടുകാരണവന്മാരുടെ കൂട്ടമാണ് (സഭ) ഗോത്രത്തിന്റെ ഭരണകാര്യങ്ങളെല്ലാം നിർവ്വഹിച്ചിരുന്നത്. ജനങ്ങളെ ഭരിയ്ക്കാൻ പ്രത്യേകമായ സംഘടനകളോ പട്ടാളം, ജയിൽ തുടങ്ങിയ മർദ്ദനോപകരണങ്ങളോ ആവശ്യമുണ്ടായിരുന്നില്ല. പരമ്പരാഗതങ്ങളായ ആചാരങ്ങൾ, കാരണവന്മാരോടുള്ള ആദരവും ബഹുമാനവും, കാരണവന്മാരുടെ സ്വാധീനശക്തിയും പ്രാമാണികത്വവും, കൂട്ടായ തീരുമാനങ്ങളിലുള്ള വിശ്വാസം – ഇവയാണ് സാമൂഹ്യജീവിതത്തെ നിയന്ത്രിച്ചിരുന്നത്.

കേരളത്തിലിന്നും നാമാവശേഷമായിട്ടില്ലാത്ത ഗിരിവർഗ്ഗക്കാരുടേയും ഗോത്രജാതിക്കാരുടേയുമിടയിൽ ഈ പ്രാകൃതമായ സാമൂഹ്യഘടനയുടെ ചില അവശിഷ്ടങ്ങൾ മാഞ്ഞുപോകാതെ നിലനില്ക്കുന്നുണ്ട്. കേരളത്തിലെ പ്രാകൃത നിവാസികളുടെ ജീവിതസമ്പ്രദായങ്ങളെപ്പറ്റി വസ്തുനിഷ്ഠമായും കൂലങ്കഷമായും പഠിച്ച് ഒട്ടനവധി ലേഖനങ്ങളും ഏതാനും ഗ്രന്ഥങ്ങളുമെഴുതിയിട്ടുള്ള ശ്രീ. എൻ. ഏ. കൃഷ്ണയ്യർ നമ്മുടെ മലയോരങ്ങളിൽ പ്രാചീനഗോത്രസംഘടനയുടെ അത്ഭുതാവഹമായ ചില അവശിഷ്ടങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ടെന്നു ഉദാഹരണസഹിതം ചൂണ്ടിക്കാണിയ്ക്കുന്നു. കാണിക്കാർ, മലങ്കുറവന്മാർ, മലപണ്ടാരങ്ങൾ, ഉള്ളാടന്മാർ, മലയരയന്മാർ, മന്നന്മാർ തുടങ്ങിയ കാട്ടുജാതിക്കാർ ഇപ്പോഴും രക്തബന്ധത്തിന്റെ അടിസ്ഥാനത്തിൽ കൂട്ടം കൂട്ടമായിട്ടാണ് ജീവിക്കുന്നത്. അവരുടെ സാമൂഹ്യജീവിതത്തെ നിയന്ത്രിക്കുന്നത് ഗോത്രങ്ങളുടെ തലവന്മാരും കാരണവന്മാരുടെ കമ്മിറ്റികളുമാണ്. ഉദാഹരണത്തിന് മലയന്മാരെപ്പറ്റി ശ്രീ. കൃഷ്ണയ്യർ എഴുതുന്നതു നോക്കുക.

'മലയന്മാർക്ക് ഇരുപതോ മുപ്പതോ വീടുകളടങ്ങിയ ഓരോ ഗ്രാമത്തിലും ഓരോ മൂപ്പനുമുണ്ട്. അദ്ദേഹമാണ് എല്ലാ ആഘോഷങ്ങളുടേയും അദ്ധ്യക്ഷത വഹിയ്ക്കുന്നത്. വയസ്സന്മാരുടെ ഒരു കൌൺസിലിന്റെ സഹായത്തോടുകൂടി അദ്ദേഹം സമുദായത്തിലുണ്ടാകുന്ന കശപിശകൾ പരിഹരിയ്ക്കുകയും കുറ്റക്കാരെ പിഴ ചുമത്തിയോ ഭ്രഷ്ട് കല്പിച്ചോ ശിക്ഷിയ്ക്കുകയും ചെയ്യുന്നു' കുലത്തിന്റെയാകെ തലവന്ന് പണിക്കൻ എന്ന സ്ഥാനമാണുള്ളത്... അവർ യാതൊരു നിയമത്തേയും

അംഗീകരിയ്ക്കുന്നില്ല, നിയമങ്ങളെ അവലംബിയ്ക്കേണ്ട ആവശ്യവും അവർക്കു നേരിടാറില്ല.

ഉള്ളാടന്മാരെപ്പറ്റി ശ്രീ. കൃഷ്ണയ്യർ ഇങ്ങനെ എഴുതുന്നു:

'കുലത്തിന്റെ (ട്രൈബിന്റെ) സമിതിയിൽ കുലത്തിലെ പ്രായമുള്ള എല്ലാ അംഗങ്ങളുമടങ്ങുന്നു. ഒരു തലവനുണ്ട്. മൂപ്പൻ എന്നാണദ്ദേഹം വിളിയ്ക്കപ്പെടുന്നത്. അദ്ദേഹത്തിന് പൊനമ്പൻ എന്ന പേരിലറിയപ്പെടുന്ന ഒരു സഹായിയുണ്ട്. വിവാഹാഘോഷങ്ങളിലും ശവസംസ്ക്കാരച്ചടങ്ങുകളിലും മറ്റും അദ്ധ്യക്ഷത വഹിയ്ക്കുകയും കുലവുമായി ബന്ധപ്പെട്ട എല്ലാ തകർക്കങ്ങളും പരിഹരിക്കുകയും ചെയ്യുന്നത് അദ്ദേഹമാണ്.'

കാടരുടെ ഇരുപതോ മുപ്പതോ കുടികൾ ചേർന്നതിന് ഒരു പതിയെന്നു പറയുന്നു. പതിയിലെ എല്ലാ അംഗങ്ങളും ഒരു മൂപ്പന്റെ കീഴിലാണ്. ഇതുപോലെ പ്രാകൃതനിവാസികളുടെ ഓരോ കുലത്തിനും ഓരോ തലവനുണ്ട്. കാണിക്കാരുടെ തലവന്റെ പേർ മുതുക്കാണി എന്നാണ്. മലങ്കുറവന്മാരുടെ നേതാവ് ഉരളിയാണ്. മലപണ്ടാരങ്ങളുടെ തലവൻ മൂപ്പനാണ്. മലപ്പുലയരുടേത് അരശനും വേടന്മാരുടേതു സ്ഥാനിയുമാണ്. ഇതുപോലെ മറ്റെല്ലാ ഗോത്രവർഗ്ഗക്കാർക്കും സ്വന്തം സ്വന്തം മൂപ്പന്മാരുണ്ട്.

ജനങ്ങളുടെ സാമൂഹ്യവും മതപരവും ഭരണപരവുമായ എല്ലാ കാര്യങ്ങളുടേയും മേൽനോട്ടം നടത്തുന്നത് വയസ്സായ കാരണവന്മാരുടെ തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളും കൗൺസിലുകളുമാണ്.

സ്വകാര്യസ്വത്തിന്റെയും കച്ചവട ബന്ധങ്ങളുടേയും ഗതാഗതസൗകര്യങ്ങളുടെയും ആധുനിക വിദ്യാഭ്യാസത്തിന്റെയും മറ്റും ആക്രമണങ്ങൾ പ്രാകൃതനിവാസികളുടെ ഈ പ്രാചീന സാമൂഹ്യഘടനകൾക്ക് ഒട്ടൊക്കെ കോട്ടം ഉണ്ടാക്കിയിട്ടുണ്ടെന്നുള്ളതു ശരിയാണ്. എങ്കിലും അവയെ സൂക്ഷ്മമായി പരിശോധിച്ചാൽ മറ്റെല്ലാ രാജ്യങ്ങളിലേയുമെന്നപോലെ കേരളക്കരയിലേയും പ്രാചീനനിവാസികൾ വർഗ്ഗസമരങ്ങളും ഭരണകൂടങ്ങളുമില്ലാത്ത പ്രാകൃതകമ്യൂണിസ്റ്റ് വ്യവസ്ഥയിൽ ജീവിച്ചുപോന്നതെങ്ങിനെ എന്നു ഏറെക്കുറെ മനസ്സിലാക്കാൻ കഴിയും.

അതിപ്രാചീനകാലത്ത് നിലനിന്നിരുന്ന പ്രാകൃതമായ ഈ ഗോത്രഭരണ വ്യവസ്ഥയെപ്പറ്റിയാണ് 'കുടുംബത്തിന്റെയും സ്വകാര്യസ്വത്തിന്റെയും ഭരണകൂടത്തിന്റെയും ഉത്ഭവം' എന്ന ഗ്രന്ഥത്തിൽ ഏംഗെൽസ് ഇങ്ങിനെ എഴുതിയത്.

'ഈ ഗോത്രഭരണഘടന അതിന്റെ ശിശുസദൃശമായ ലാളിത്യം കൊണ്ട് ആശ്ചര്യമായ ഒരു ഭരണവ്യവസ്ഥയാണ്. പട്ടാളമില്ല, പോലീ

സില്ല, പ്രഭുക്കളില്ല, രാജാക്കന്മാരില്ല, റീജന്റുമാരില്ല, ജയിലുകളില്ല, കേസ്സുകളില്ല - എന്നിട്ടും, എല്ലാ കാര്യങ്ങളും ക്രമത്തിലങ്ങിനെ നടന്നുപോകുന്നു. കശപിശകളും തർക്കങ്ങളും തീർക്കുന്നത് ഗണങ്ങളോ കുലങ്ങളോ അല്ലെങ്കിൽ ഗണങ്ങൾ തമ്മിൽത്തമ്മില്ലോ ആണ്. എന്നുവെച്ചാൽ കശപിശയുമായി ബന്ധപ്പെട്ട ജനസമുദായം മുഴുവനും കൂടിയാണ്. അവസാനത്തേതും അപൂർവ്വവുമായ നടപടിയെന്ന നിലയ്ക്ക് രക്തപ്രതീകാരഭീഷണികൂടിയുണ്ട്. ഇന്നത്തെ മരണശിക്ഷ, സംസ്ക്കാരയുഗത്തിന്റെ എല്ലാ മെച്ചങ്ങളും പോരായ്മകളുമടങ്ങിയ പരിഷ്കൃതമായ പ്രതികാരമല്ലാതെ മറ്റൊന്നുമല്ല. ഇന്നത്തെ കാലത്തെ അപേക്ഷിച്ച് അന്ന് എത്രയോ കാര്യങ്ങൾ കൂട്ടായി തീരുമാനിയ്ക്കേണ്ടതുണ്ടായിരുന്നു. ഒട്ടധികം കുടുംബങ്ങൾ ഒന്നിച്ചുചേർന്ന് പൊതുവെയാണ് തറവാടു പുലർത്തുന്നത്. അതുതന്നെ കമ്യൂണിസ്റ്റ് രീതിയിലും, ട്രൈബുകൾ മുഴുവനും കൂടിയാണ് നിലത്തിന്റെ ഉടമസ്ഥാവകാശം വഹിയ്ക്കുന്നത്. ചെറിയ കുടിയിരുപ്പുകൾമാത്രം തറവാടുകൾക്ക് താൽക്കാലികമായി തിരിച്ചുവെയ്ക്കും. ഇങ്ങിനെയൊക്കെയായാലും, ശാഖോപശാഖകളോടുകൂടിയതും നൂലാമാല പിടിച്ചതുമായ നമ്മുടെ ഭരണഘടനാസാമഗ്രികളുടെ കണികപോലും ആവശ്യമില്ല. പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുന്നത് അവയിൽ ബന്ധപ്പെട്ടവർ തന്നെയാണ്. മിക്ക സന്ദർഭങ്ങളിലും നൂറ്റാണ്ടുകളുടെ ആചാരമര്യാദകളനുസരിച്ച് പരിഹാരമുണ്ടാവുക പതിവാണ്. ദരിദ്രന്മാരും ആവശ്യക്കാരും ഉണ്ടാവാനിടമേയില്ല - കൂട്ടുടമയിലുള്ള തറവാടുകൾക്കും ഗോത്രങ്ങൾക്കും പ്രായം ചെന്ന വർഗരോഗികൾ, പടയിൽ അംഗഭംഗം വന്നവർ മുതലായവരോടുള്ള കടപ്പാടുകളെന്തെന്നറിയാം. സ്ത്രീകളടക്കം എല്ലാവരും സമന്മാരാണ്; സ്വതന്ത്രന്മാരാണ്'.

ഈ പൊതുനിഗമനം കേരളത്തിനും ബാധകമായിരുന്നു. കേരളത്തിലെ പ്രാകൃതകമ്യൂണിസ്റ്റ് സാമൂഹ്യവ്യവസ്ഥയുടെ സവിശേഷതകളെപ്പറ്റി ശ്രീ. കെ. മമ്മൻ തന്റെ 'കേരള കൾച്ചർ' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു.

"ഗ്രാമസാമൂഹ്യഭരണത്തിന്റെ നാലുസവിശേഷതകൾ എടുത്തു പറയത്തക്കവയാണ്. ഒന്നാമത്, രക്തബന്ധമായിരുന്നു സമുദായത്തിന്റെ അടിക്കല്ല്. രണ്ടാമത്, കൂട്ടത്തിലെ കാരണവന്മാരുടെ ഒരു സമിതിയാണ് ഭരണകാര്യങ്ങൾ നടത്തിയിരുന്നത്. മൂന്നാമത്, നിലം സമുദായത്തിലെ എല്ലാ അംഗങ്ങളുടേയും, പൊതുസ്വത്തായിരുന്നു. അവസാനമായി, പ്രാചീന ഗ്രാമസാമൂഹ്യവ്യവസ്ഥയ്ക്കു പൊതുവായ ആരാധനാസമ്പ്രദായങ്ങളുണ്ടായിരുന്നു."

എന്നാൽ, കാലക്രമത്തിൽ പ്രാകൃതമായ ഈ റിപ്പബ്ലിക്കൻ വ്യവസ്ഥയ്ക്കുള്ളിൽ പല മാറ്റങ്ങളുമുണ്ടായി. ഉല്പാദനശക്തികൾ വളരുകയും സ്വത്തുക്കൾ വർദ്ധിയ്ക്കുകയും ചെയ്തു. കൃഷിയും കൈത്തൊഴിലുകളും കൈമാറ്റങ്ങളും അഭിവൃദ്ധിപ്പെട്ടു.

അദ്ധ്വാനവിഭജനത്തിന്റേയും കൊള്ളക്കൊടുക്കകളുടെയും അഭിവൃദ്ധിയുടേയും ഫലമായി ഗോത്രവ്യവസ്ഥയ്ക്കുള്ളിലെ ഐക്യവും സമത്വവും ഛിന്നഭിന്നമാവാൻ തുടങ്ങി. വ്യത്യസ്ത ഗോത്രങ്ങളിലെയും വ്യത്യസ്ത കൂട്ടുകുടുംബങ്ങളിലെയും അംഗങ്ങൾ രക്തബന്ധത്തെ വകവെയ്ക്കാതെ തൊഴിലിന്റെ അടിസ്ഥാനത്തിൽ ഒന്നിച്ചുകൂടാൻ തുടങ്ങി.

കച്ചവടം അഭിവൃദ്ധിപ്പെട്ടപ്പോൾ പട്ടണങ്ങളാവിർഭവിച്ചു. കേരളക്കരയിലും മറ്റു തെന്നിന്ത്യൻ ഭൂപ്രദേശങ്ങളിലും ആദ്യമായി പട്ടണങ്ങൾ ഉയർന്നുവന്നതേതുവിധമാണെന്ന് സംഘം കൃതികളെ ഉദ്ധരിച്ചുകൊണ്ട് ശ്രീ. പി.ടി. ശ്രീനിവാസയ്യങ്കാർ തന്റെ 'ഹിസ്റ്ററി ഓഫ് ദി ടമിൾസ്' എന്ന ഗ്രന്ഥത്തിൽ വിവരിയ്ക്കുന്നുണ്ട്. ഒരു ഭൂവിഭാഗത്തിലെ ഉൽപ്പന്നങ്ങളും മറ്റൊരു ഭൂവിഭാഗത്തിലെ ഉല്പന്നങ്ങളും തമ്മിലുള്ള ഒത്തുമാറ്റത്തിന്റെ കാലമായിട്ടാണ് പട്ടണങ്ങൾ ആദ്യമായാവിർഭവിച്ചതെന്ന് അദ്ദേഹം പറയുന്നു. ഉദാഹരണത്തിന് എല്ലാവർക്കും ആവശ്യമായ ഉപ്പ്, നെയ്തൽ എന്നു വിളിയ്ക്കപ്പെടുന്ന കടലോരപ്രദേശങ്ങളിലാണ് ഉൽപ്പാദിപ്പിയ്ക്കപ്പെടുന്നത്. അവ വണ്ടിവഴിയായി മറ്റു പ്രദേശങ്ങളിലേക്ക് കൊണ്ടു പോകപ്പെടുന്നു. അരി, തുണി മുതലായവ നദീ തീരപ്രദേശങ്ങളിലാണുൽപ്പാദിപ്പിയ്ക്കപ്പെടുന്നത്. മുല്ലപ്രദേശങ്ങളിൽ പലതരം ധാന്യങ്ങളും പാൽ, നെയ്യ് മുതലായവയും ധാരാളമുണ്ടാകുന്നു. കുന്നുപ്രദേശങ്ങളിൽ തിന, ചാമ, തേൻ മുതലായവ സുലഭമാണ്. വ്യത്യസ്തങ്ങളായ ഈ ഉല്പന്നങ്ങൾ ചരിത്രാതീതകാലം മുതൽക്കേ പരസ്പരം കൈമാറ്റം ചെയ്യപ്പെട്ടു പോന്നു. മുല്ലൈ, കുറിഞ്ചി തുടങ്ങിയ ഉയർന്ന പ്രദേശങ്ങളുടേയും മരുതം, പാലൈ, നെയ്തൽ തുടങ്ങിയ താണപ്രദേശങ്ങളുടേയും അതിർത്തികളിൽവെച്ചാണ് കൈമാറ്റങ്ങൾ കൂടുതലായി നടന്നത്. അതുകൊണ്ട് സ്വാഭാവികമായും അത്തരം അതിർത്തി പ്രദേശങ്ങളാണ് ക്രമത്തിൽ വ്യാപാരകേന്ദ്രങ്ങളായി മാറിയത്. നഞ്ചപ്രദേശങ്ങളും പുഞ്ചപ്രദേശങ്ങളും ഒത്തുചേരുന്ന സമതലങ്ങളിലെ നദീതീരങ്ങളിൽ ഉയർന്നുവന്ന അത്തരം വ്യാപാരകേന്ദ്രങ്ങളാണ് പട്ടണങ്ങളായിത്തീർന്നത് എന്ന് ശ്രീനിവാസയ്യങ്കാർ അഭിപ്രായപ്പെടുന്നു. ഇപ്രകാരമാണത്രേ ചേരന്മാരുടെ ഉറൈയൂർ, ചേരന്മാരുടെ കരൂർ, പാണ്ഡ്യന്മാരുടെ മധുര തുടങ്ങിയ പ്രാചീനപട്ടണങ്ങൾ ഉയർന്നുവന്നത്.

ഇങ്ങിനെ ഉയർന്നുവന്ന പട്ടണങ്ങളിൽ വിഭിന്ന തൊഴിലുകളിലേർപ്പെട്ട വ്യത്യസ്തജനവിഭാഗങ്ങൾ ഒത്തുചേരുകയും സ്ഥിരവാസമാ

രംഭിയ്ക്കുകയും ചെയ്തു. അതിൻഫലമായി രക്തബന്ധാടിസ്ഥാനത്തിലുള്ള കൂട്ടുടമസമ്പ്രദായത്തിനു ഉടവു തട്ടി. ഗോത്രവ്യവസ്ഥയുടെ കൂട്ടുടമപാരമ്പര്യങ്ങളെ വെല്ലുവിളിച്ചുകൊണ്ട് വ്യക്തികൾ സ്വത്തുടമസ്ഥന്മാരാവാൻ തുടങ്ങി. ഗോത്രത്തിലെ അംഗങ്ങളിലൊരു വിഭാഗം ധനികന്മാരും മറ്റുള്ളവർ ദരിദ്രന്മാരുമായി. വർഗ്ഗവ്യത്യാസങ്ങളാവിർഭവിച്ചു. ധനികവർഗ്ഗക്കാർ ദരിദ്രവിഭാഗത്തെ ചൂഷണം ചെയ്തും അടിമകളെക്കൊണ്ടു പണിയെടുപ്പിച്ചും കൂടുതൽ കൂടുതൽ സ്വത്തു സമ്പാദിക്കാൻ തുടങ്ങി. ഏംഗെൽസ് എഴുതുന്നു:

" ഒരു കാര്യം മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളു. ഗോത്രവ്യവസ്ഥയുടെ കൂട്ടുടമപാരമ്പര്യങ്ങൾക്കെതിരായി വ്യക്തികൾക്കു പുതുതായി ലഭിച്ച സ്വത്തുക്കളെ സംരക്ഷിക്കുകയും മുമ്പൊക്കെ തീരെ ഗണിയ്ക്കാതിരുന്ന സ്വകാര്യസ്വത്തിനെ പവിത്രതരമാക്കുകയും, ഈ പവിത്രതയാണ് സകല സമുദായത്തിന്റേയും സർവ്വോൽകൃഷ്ടമായ ഉദ്ദേശ്യമെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്ന ഒരു സ്ഥാപനം; സ്വത്തുസമ്പാദിക്കാനുള്ള ഓരോ പുതിയ മാർഗ്ഗത്തിന്മേലും സാമൂഹ്യാംഗീകരണത്തിന്റെ മുദ്രകുത്തുകയും അങ്ങിനെ ഇടവിടാതെ ഏറിക്കൊണ്ടുവരുന്ന വേഗതയിൽ സ്വത്തുക്കൾ ഒരുക്കൂട്ടുകയും ചെയ്യുന്ന ഒരു സ്ഥാപനം; വർഗ്ഗങ്ങളായി പിരിഞ്ഞ ഈ സമുദായത്തിലെ വളർന്നുവരുന്ന പിളർപ്പിനെ മാത്രമല്ല, സ്വത്തില്ലാത്ത വർഗ്ഗത്തെ ചൂഷണം ചെയ്യാൻ സ്വത്തുള്ള വർഗ്ഗത്തിനു കൈവന്ന അവകാശത്തേയും ഇല്ലാത്തവരുടെ മേൽ ഉള്ളവർ നടത്തുന്ന ഭരണത്തേയും നിലനിറുത്തുന്ന ഒരു സ്ഥാപനം. ഈ സ്ഥാപനം ആവിർഭവിക്കുകയും ചെയ്തു. ഭരണകൂടം കണ്ടുപിടിയ്ക്കപ്പെട്ടു."

ഇതിന്റെ അർത്ഥം ഗോത്രങ്ങളും കുലങ്ങളും തറവാട്ടുകാരണവന്മാരുടേയും ഗോത്രത്തലവന്മാരുടേയും മറ്റും കൂട്ടങ്ങളും അന്തർദ്ധാനം ചെയ്തുവെന്നല്ല, അവയെല്ലാം പിന്നേയും നിലനിന്നുപോന്നു. പക്ഷേ, അവയുടെ ഉള്ളടക്കത്തിലും പ്രവർത്തനസമ്പ്രദായങ്ങളിലും വമ്പിച്ച മാറ്റങ്ങളുണ്ടായി. ആദ്യകാലത്തു തറവാട്ടുകാരണവന്മാരും ഗോത്രത്തലവന്മാരും രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള സമത്വപൂർണ്ണമായ ഒരു സാമൂഹ്യവ്യവസ്ഥയിലെ പൊതുഭരണകാര്യങ്ങളെ മേൽനോട്ടം ചെയ്യുന്ന തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളായിരുന്നു. ഇപ്പോളാകട്ടെ, അവർ ഒരു ജനവിഭാഗത്തിന്റെ താൽപര്യങ്ങൾക്കെതിരായി മറ്റൊരു ജനവിഭാഗത്തിന്റെ താൽപര്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന നേതാക്കന്മാരായിത്തീർന്നു. രക്തബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള സാമൂഹ്യവിഭജനങ്ങളുടെ സ്ഥാനത്തു നിശ്ചിതാതിർത്തികളോടുകൂടിയ ഭൂപ്രദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള പുതിയ വിഭജനങ്ങളാവിർഭവിച്ചു. തലവന്മാരുടെ യോഗങ്ങളും സമിതികളും കൂടിയാലോചനകളും മറ്റും പിന്നേയും

തുടർന്നു പോന്നു. പക്ഷേ, അവർ ഗോത്രങ്ങളിലേയും തറവാടുകളിലേയും മുഴുവൻ മെമ്പർമാരുടേയും പ്രതിനിധികളെന്ന നിലയ്ക്കല്ല, പ്രത്യേകഭൂവിഭാഗങ്ങളുടെ പ്രതിനിധികളെന്ന നിലയ്ക്കാണ് കൂടിയാലോചനകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തത്.

ആദ്യകാലത്ത് സമുദായത്തിന്റെ ഭരണകാര്യങ്ങളിൽ പ്രായപൂർത്തിയെത്തിയ മുഴുവൻ ജനങ്ങൾക്കും പങ്കുണ്ടായിരുന്നു. പക്ഷേ, വർഗ്ഗവ്യത്യാസങ്ങളാവിർഭവിച്ചപ്പോൾ സ്ഥിതി മാറി. സാമൂഹ്യകാര്യങ്ങളുടെ ചർച്ചകളിലും തീരുമാനങ്ങളിലും ഭൂരിപക്ഷക്കാരായ ജനങ്ങൾക്ക് യാതൊരു പങ്കുമില്ലാതായി. എല്ലാഭരണകാര്യങ്ങളും സ്വത്തുടമസ്ഥന്മാരും സ്ഥാപിതതാല്പര്യക്കാരുമായ ന്യൂനപക്ഷക്കാരുടെ കൈയിൽ കേന്ദ്രീകരിച്ചു.

എന്തെങ്കിലും കാരണത്തിന് കുലങ്ങൾ തമ്മിൽ വക്കാണങ്ങളോ യുദ്ധങ്ങളോ ഉണ്ടായാൽ അവയിൽ പ്രായപൂർത്തിയെത്തിയ മുഴുവൻ ജനങ്ങളും പങ്കെടുക്കുക പതിവായിരുന്നു. ജനങ്ങളാകെ ആയുധം ധരിച്ചവരായിരുന്നു. ജനങ്ങളിൽ നിന്ന് വേറിട്ട് പ്രത്യേകമായ യാതൊരു സൈനികശക്തിയുമുണ്ടായിരുന്നില്ല. എന്നാൽ, വർഗ്ഗസമരങ്ങളും ധനികദരിദ്രവ്യത്യാസങ്ങളും മൂർച്ഛിച്ചപ്പോൾ ഉടമവർഗ്ഗങ്ങൾക്ക് സാമാന്യജനങ്ങളിൽ നിന്നു വേറിട്ടു നിൽക്കുന്ന ഒരു സ്വതന്ത്രമായ പട്ടാളശക്തി ആവശ്യമായിത്തീർന്നു. ഭൂരിപക്ഷക്കാരായ ജനങ്ങളെ അടക്കി ഭരിയ്ക്കാനും അങ്ങിനെ തങ്ങളുടെ വർഗ്ഗമേധാവിത്വം നിലനിറുത്താനും പറ്റിയ രാഷ്ട്രീയാധികാരം അവർ സംഘടിപ്പിച്ചു. സൈന്യങ്ങളേയും മറ്റു ഭരണാധികാരസ്ഥാപനങ്ങളെയും കാത്തുരക്ഷിയ്ക്കാൻ മുഴുവൻ ജനങ്ങളിൽനിന്നും കപ്പങ്ങളും നികുതികളും മറ്റും വസൂലാക്കപ്പെടാൻ തുടങ്ങി. ഇങ്ങിനെയാണ് ഭരണകൂടമാവിർഭവിച്ചത്.

അപ്പോൾ, വർഗ്ഗസമുദായത്തിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ താഴെ പറയുന്നവയാണ്.

1. ന്യൂനപക്ഷക്കാരുടെ കൈയിൽ സ്വത്തുക്കളുടെ കേന്ദ്രീകരണം.

2. രക്തബന്ധത്തിന്റെ സ്ഥാനത്തു പ്രത്യേകാതിർത്തികളോടുകൂടിയ ഭൂവിഭാഗങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ വിഭജനം.

3. ജനങ്ങളിൽ നിന്നു വേറിട്ടു നില്ക്കുന്ന ഒരു പട്ടാളശക്തിയുടെ രൂപവൽക്കരണം.

കേരളക്കരയിലേയും മറ്റു തെന്നിന്ത്യൻ ഭൂവിഭാഗങ്ങളിലേയും പ്രാകൃതരായ കുലത്തലവന്മാർ പരിഷ്കൃതരായ രാജാക്കന്മാരായി മാറിയതെങ്ങിനെയെന്നതിനെപ്പറ്റിയും സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കുന്ന ഭരണകൂടം ആവിർഭവിയ്ക്കുകയും ശക്തിപ്പെടുകയും ചെയ്തതെങ്ങിനെയെന്നതിനെപ്പറ്റിയുമുള്ള ധാരാളം വിവരങ്ങൾ പ്രാചീന

സംഘം കൃതികളിൽ അടങ്ങിയിട്ടുണ്ട്. കുലത്തലവന്മാരാണ് ക്രമത്തിൽ രാജാക്കന്മാരായി മാറിയത് എന്ന് അവയിൽനിന്നു മനസ്സിലാക്കാം. ചോഴ -ചേര-പാണ്ഡ്യ രാജാക്കന്മാരെപ്പറ്റി തൊൽക്കാപ്പിയം വ്യക്തമായി പ്രതിപാദിയ്ക്കുന്നുണ്ട്. പക്ഷേ, തൊൽകാപ്പിയത്തിന്റെ കാലത്ത് രാജകീയ ഭരണവ്യവസ്ഥ വളർച്ചയെത്താത്ത ഒരു ഘട്ടത്തിലായിരുന്നു എന്നു കാണാം. യഥാർത്ഥത്തിൽ ആദ്യകാലത്തെ രാജാക്കന്മാർ കുലത്തലവന്മാരുടെ പങ്കു മാത്രമാണു വഹിച്ചിരുന്നത്.

ചേരചോള പാണ്ഡ്യരാജ്യങ്ങളിൽ രാജാക്കന്മാർ ആവിർഭവിയ്ക്കുന്നതിനുമുമ്പ് ഒരു തരം ഗ്രാമസമുദായഭരണമാണ് നിലനിന്നിരുന്നത് എന്നും പൊതുകാര്യങ്ങളുടെ നടത്തിപ്പിൽ പ്രായപൂർത്തിയെത്തിയ എല്ലാ ജനങ്ങൾക്കും പങ്കുണ്ടായിരുന്നുവെന്നും എൻ. ശിവരാജപിള്ള തന്റെ 'മോണോളജി ഓഫ് ദി എർലി ടമിൾസ്' എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിയ്ക്കുന്നു. സംഘംകൃതികളെ സൂക്ഷ്മമായി പരിശോധിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നതു നോക്കുക:

"ചോളരാജാക്കന്മാരുടെ ഉത്ഭവം പ്രാചീനസമുദായ റിപ്പബ്ലിക്കുകളുടെ മേൽധാരാളം വെളിച്ചം വീശുന്നുണ്ട്. കീളാർ എന്ന പേരിലറിയപ്പെടുന്ന ഗ്രാമക്കാരണവന്മാരുടെ നേതൃത്വത്തിൽ ഗ്രാമസമുദായങ്ങളായിട്ടാണ് ജനങ്ങൾ ജീവിച്ചുപോന്നത് എന്നു തോന്നുന്നു. ഇടയ്ക്കിടെ വിളിച്ചുകൂട്ടപ്പെട്ടിരുന്ന ഗ്രാമസഭകളുടെ സഹായത്തോടുകൂടി കാര്യങ്ങൾ നടത്തിയിരുന്നത് ഏറ്റവും പ്രായം ചെന്ന അംഗമാണ്... കാലക്രമത്തിൽ ഗ്രാമസമുദായങ്ങളുടെ എണ്ണവും വലുപ്പവും വർദ്ധിച്ചു. അപ്പോൾ അവർ ഏതാനും ഗ്രാമസമുദായങ്ങളെ സംയോജിപ്പിച്ച് ഒരൊറ്റ ഘടകമാക്കി പുനസ്സംഘടിപ്പിച്ചു. അതിന്റെ നേതാവ് വേൽ അല്ലെങ്കിൽ കോ (രാജാവ്) ആയിരുന്നു. രാജാവിന്റെ കീഴിൽ വിവിധ ഗ്രാമങ്ങളെ പ്രതിനിധീകരിയ്ക്കുന്ന അനേകം കിളാർമാരുണ്ടായിരുന്നു. കിളാർമാരും രാജാക്കന്മാരുമായിരുന്നു. ഗ്രാമസമുദായങ്ങളുടെ അല്ലെങ്കിൽ ഏതാനും ഗ്രാമസമുദായങ്ങളുടെ സംയുക്തഘടകത്തിന്റെ തലവന്മാർ. എങ്കിലും സമാധാന കാലങ്ങളിൽ അവരുടെ അധികാരം ഗ്രാമങ്ങളിലെ പൊതുയോഗങ്ങളാൽ നിയന്ത്രിയ്ക്കപ്പെട്ടിരുന്നു.

പഴയ മട്ടിലുള്ള ഇത്തരം സമുദായറിപ്പബ്ലിക്കുകളാണ് അശോകചക്രവർത്തിയുടെ ശിലാശാസനങ്ങളിൽ പരാമർശിയ്ക്കപ്പെട്ടിട്ടുള്ളത് എന്നാണ് ശിവരാജപിള്ളയുടെ അഭിപ്രായം.

രാജാവിന് കോൻ എന്നും പറയും. കോൻ എന്ന വാക്കിന്ന് ആട്ടിടയൻ എന്നാണർത്ഥം. കോൽ (അല്ലെങ്കിൽ വടി) എന്ന വാക്കിൽനിന്നാണത്രേ കോൻ എന്ന വാക്കുണ്ടായത്. രാജാവിന്റെ ചെങ്കോൽ ഇടയകുലങ്ങൾ ആടുമാടുകളെ മേയ്ക്കാനുപയോഗിയ്ക്കുന്ന കോലിന്റെ പ്രതീ

കമാണത്രേ. മുല്ലപ്രദേശങ്ങളിലെ കുലത്തലവന്മാരാണ് ക്രമത്തിൽ രാജാക്കന്മാരായി മാറിയത് എന്നാണിതു സൂചിപ്പിയ്ക്കുന്നത്.

ചേര-ചോഴ- പാണ്ഡ്യന്മാരുടെ ഭരണകാലമായപ്പോഴേയ്ക്കും സമുദായം വർഗ്ഗങ്ങളായി വിഭജിയ്ക്കപ്പെട്ടുകഴിഞ്ഞിരുന്നു. സംഘംകൃതികളിലും പ്ലിനി, ടോളെമി തുടങ്ങിയ പാശ്ചാത്യഗ്രന്ഥകാരന്മാരുടെ പുസ്തകങ്ങളിലും അക്കാലത്തെ സാമൂഹ്യജീവിതത്തിന്റെ പല പ്രതിഫലനങ്ങളും കാണാം. ക്രിസ്ത്വാബ്ദം രണ്ടാം നൂറ്റാണ്ടിന്റെ മധ്യകാലത്തു രചിയ്ക്കപ്പെട്ട ടോളെമിയുടെ ഭൂമിശാസ്ത്രഗ്രന്ഥത്തിൽ തെക്കെ ഇന്ത്യയിലെ വിവിധരാജ്യങ്ങളെപ്പറ്റിയുള്ള സവിസ്തരമായ വർണ്ണനകളുണ്ട്. ശ്രീനിവാസയ്യങ്കാർ എഴുതുന്നു:

'അദ്ദേഹത്തിന്റെ (ടോളെമിയുടെ) വിവരണങ്ങളിൽ നിന്ന് നമുക്കു മനസ്സിലാക്കാൻ കഴിയുന്നത് അക്കാലത്തെ തെന്നിന്ത്യ പരമ്പരാവകാശികളായ മൂന്നു രാജാക്കന്മാരുടേയും ഒട്ടനവധി കുലത്തലവന്മാരുടേയും കീഴിൽ വിഭജിയ്ക്കപ്പെട്ടു കിടന്നിരുന്നു എന്നാണ്. മൂന്നു രാജാക്കന്മാരും ഏതാണ്ടൊരേ നിലയ്ക്കുള്ളവരായിരുന്നു. കരികാലനെപ്പോലുള്ള ഒരു ചോളരാജാവ് തെന്നിന്ത്യയുടെ മുഴുവൻ ആധിപത്യം അവകാശപ്പെടാൻ തുടങ്ങിയ കാലഘട്ടം ആരംഭിച്ചുകഴിഞ്ഞിരുന്നില്ല. നേരെമറിച്ച്, ടോളെമിയുടെ വിവരണങ്ങളനുസരിച്ച് ചോളന്മാർ ഭാഗികമായി അലഞ്ഞുതിരിയുന്ന ട്രൈബുകൾ മാത്രമായിരുന്നു.'

ക്രിസ്താബ്ദം രണ്ടാം നൂറ്റാണ്ടിന്റെ മധ്യകാലത്തിനുശേഷമാണ് ചേരചോള പാണ്ഡ്യന്മാരുടെ അധികാരശക്തി സുസ്താപിതമായിത്തീർന്നത് എന്ന് ഇതിൽനിന്നു മനസ്സിലാക്കാം. സംഘംകൃതികളിലെ വിവരണങ്ങളും ഈ അഭിപ്രായം ശരിയാണെന്നു തെളിയിക്കുന്നു. പതിറ്റുപ്പത്ത്, പുറനാനൂറ് തുടങ്ങിയ സംഘം കൃതികളിൽ ക്രിസ്താബ്ദം ഒന്നാം നൂറ്റാണ്ടിനും മൂന്നാം നൂറ്റാണ്ടിന്നുമിടയിൽ നാടുവാണിരുന്ന മൂവരശരെപ്പറ്റിയുള്ള വിവരണങ്ങളടങ്ങിയിട്ടുണ്ട്. വർഗ്ഗ വിഭജനങ്ങളും രാജാക്കന്മാരും മറ്റും ആവിർഭവിച്ചതിനുശേഷവും തെക്കേ ഇന്ത്യയിലെ പല ഭാഗങ്ങളിലും പ്രാകൃത കമ്യൂണിസത്തിന്റെ ഐക്യത്തേയും സമത്വത്തെയും നിലനിർത്തിപ്പോന്ന ഒട്ടനവധി കുലങ്ങളുണ്ടായിരുന്നു. ആയ്, ആണ്ടിരൻ, പാരി മുതലായ അപരിഷ്കൃതകുലങ്ങളിൽ വർഗ്ഗവ്യത്യാസങ്ങൾ തലപൊക്കാൻ തുടങ്ങിക്കഴിഞ്ഞിരുന്നു. എങ്കിലും കരുനിലമന്നന്മാർ എന്ന പേരിലറിയപ്പെടുന്ന അവയുടെ തലവന്മാർ രാജാക്കന്മാരായി വളർന്നു കഴിഞ്ഞിരുന്നില്ല. ചിലപ്പോളവർ സ്വതന്ത്രരായി ഞങ്ങളുടെ കുലങ്ങളുടെ ആഭ്യന്തരഭരണകാലങ്ങളിൽ മാത്രം ശ്രദ്ധിക്കും. മറ്റു ചിലപ്പോൾ അവർ മൂവരശരിലാരുടെയെങ്കിലും നേതൃത്വമംഗീകരിക്കും.

അവരെ പാട്ടിലാക്കാനും സ്വന്തം സ്വാധീനശക്തിയിൽ നിലനിർത്താനും യുദ്ധങ്ങളിൽ അവരുടെ സഹായം തേടാനും മൂവരശരിലോരോരുത്തനും ശ്രമിച്ചിരുന്നു. ചിലപ്പോൾ അപരിഷ്കൃത കുലങ്ങൾ തങ്ങളുടെ തലവന്മാരുടെ നേതൃത്വത്തിൽ മൂവരശരുടെ രാജ്യാതിർത്തികൾക്കുള്ളിൽ കടന്നു ചെന്ന് കന്നുകാലികളെയും മറ്റും തട്ടിക്കൊണ്ടുപോവും. ഇത്തരം ആക്രമണങ്ങളിൽ നിന്ന് തങ്ങളുടെ രാജ്യാതിർത്തികളേയും സ്വത്തുക്കളേയും കാത്തുരക്ഷിക്കുക എന്നതായിരുന്നു രാജാക്കാന്മാരുടെ മുഖ്യമായ കടമ. ചിലപ്പോൾ ചേരചോളപാണ്ഡ്യ രാജാക്കന്മാർക്കിടയിൽത്തന്നെ യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടും. ആദ്യകാലത്ത് അന്യനാടുകൾ വെട്ടിപ്പിടിക്കുക എന്നതിനേക്കാളധികം കന്നുകാലികളേയും മറ്റു സ്വത്തുക്കളേയും കൊള്ളയടിക്കുകയും അതോടൊപ്പം സ്വന്തം പദവിയും അന്തസ്സും വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു യുദ്ധങ്ങളുടെ ഉദ്ദേശ്യം. പക്ഷേ, റോമക്കാരുമായുള്ള വാണിജ്യബന്ധങ്ങൾ കൂടുതൽ കൂടുതൽ വികസിക്കുകയും പട്ടണങ്ങൾ കൂടുതൽ അഭിവൃദ്ധിപ്പെടുകയും ചെയ്തപ്പോൾ യുദ്ധങ്ങൾ കൂടുതൽ ലാഭകരമായിത്തീർന്നു. അന്യനാടുകളെ വെട്ടിപ്പിടിച്ച് സ്വന്തം രാജ്യത്തോടു കൂട്ടിച്ചേർക്കാനുള്ള പരിശ്രമങ്ങൾ ഈ ഘട്ടത്തിലാണാരംഭിച്ചത്.

പക്ഷേ, അപ്പോഴും ആഭ്യന്തരഭരണകാര്യങ്ങളിൽ രാജ്യക്കാന്മാർക്ക് വലിയ പങ്കൊന്നുമുണ്ടായിരുന്നില്ല. യുദ്ധങ്ങൾ നടത്തുക, പ്രേമബന്ധങ്ങളിലേർപ്പെടുകയും സുഖഭോഗങ്ങളിലകപ്പെടുകയും ചെയ്യുക, മൃഗങ്ങളെ വേട്ടയാടുക, സ്വന്തം വീരാപരാക്രമങ്ങളെ പാടിപ്പുകഴ്ത്താൻ വേണ്ടി കവികളേയും പാട്ടുകാരേയും തീറ്റിപ്പോറ്റുക മുതലായവയായിരുന്നു രാജാക്കന്മാരുടെ പ്രധാനമായ പ്രവർത്തനങ്ങൾ, ആഭ്യന്തരഭരണകാര്യങ്ങൾ അപ്പോഴും ഗ്രാമസഭകളുടേയും നാട്ടുകൂട്ടങ്ങളുടേയും നിയന്ത്രണത്തിലായിരുന്നു.

ഗ്രാമം, അല്ലെങ്കിൽ ഊര്, അല്ലെങ്കിൽ തറ ആയിരുന്നു ഭരണത്തിന്റെ അടിസ്ഥാനഘടകം. തറക്കുതന്നെ കേരളത്തിന്റെ വ്യത്യസ്തഭാഗങ്ങളിൽ ചേരി, മുറി, കര എന്നും മറ്റുമുള്ള പേരുകളുമുണ്ടായിരുന്നു.

അനേകം തറകൾ ചേർന്നതാണ് ഒരു നാട്. പ്രാചീന തമിഴകത്തിൽ പന്ത്രണ്ടു നാടുകളുണ്ടായിരുന്നു എന്ന് സംഘം കൃതികൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. "ചെന്തമിഴ് ചേർന്ത പന്നിരു നില്ങ്ങളെപ്പറ്റി തൊൽകാപ്പിയം പ്രതിപാദിക്കുന്നു.

"തെൻപാണ്ടി, കുട്ടം, കടം, കാർകാ, - വേൺ, പൂഴി

പാന്റി, അരവാ, അതൻവടക്കനന്റായ

ചീത, മലാലു, പന്നാടു, ചെന്തമിഴ്-പേർ

എതമിൽ പന്നിരുനാട്ടെൺ”

എന്നു നാണൂൽ വിവരിക്കുന്നു. ഇവയിൽ കുട്ടനാട്, വേണാട്, പൂഴി നാട് മുതലായവ ചേരമണ്ഡലത്തിലായിരുന്നു എന്നു വ്യക്തമാണ്. കേന്ദ്ര ഭരണം മണ്ഡലത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ചേരമണ്ഡലം, ചോഴ മണ്ഡലം, പാണ്ഡ്യമണ്ഡലം എന്നിങ്ങിനെ മൂന്നു മണ്ഡലങ്ങളാണുണ്ടാ യിരുന്നത്. മണ്ഡലങ്ങളുടെ അതിർത്തികൾക്കു പുറത്തായിരുന്നു വേളിർ എന്നും കറുനിലമന്നന്മാർ എന്നും മറ്റുമുള്ള പേരുകളിലറിയപ്പെടുന്ന ചെറു കിടക്കാരായ കുലത്തലവന്മാർ വാണിരുന്നത്.

ഓരോ ഗ്രാമവും അല്ലെങ്കിൽ ഓരോ തറയും സ്വയംഭരണമാണ് നടത്തിയിരുന്നത്. മേൽക്കോയ്മയെ അംഗീകരിച്ചുകൊണ്ട് കൊല്ലം തോറും തങ്ങളുൽപ്പാദിപ്പിക്കുന്ന സ്വത്തുക്കളുടെ ചെറിയൊരു ഭാഗം കൊടുക്കുക എന്നതിൽക്കവിഞ്ഞ് അവർക്കൊരു ബാധ്യതയുമുണ്ടായി രുന്നില്ല. മൂവരശർ ഗ്രാമങ്ങളുടെ ആഭ്യന്തര കാര്യങ്ങളിൽ ഒരു വിധ ത്തിലും ഇടപെട്ടിരുന്നില്ല. തറയുടെ അതിർത്തിയിൽപെട്ട കുടുംബങ്ങ ളുടെ തലവന്മാർ കൂടെക്കൂടെ ഒത്തുചേർന്ന് പൊതുകാര്യങ്ങളെ പ്പറ്റിയാലോചിച്ചു തീരുമാനങ്ങളെടുക്കും. ഇതിന് തറക്കൂട്ടം എന്നു പറ യുന്നു. തമിൾ പ്രദേശങ്ങളിൽ തറക്കൂട്ടത്തിന് മൺറം, പൊതിയിൽ, പൊതുവിൽ എന്നും മറ്റുമുള്ള പേരുകളാണുള്ളത്. ജനങ്ങളുടെ നീതി ന്യായസഭകളായിരുന്നു തറക്കൂട്ടങ്ങളും മൺറങ്ങളും. പക്ഷേ, കൂലിക്കാർ, അടിമകൾ മുതലായ മർദ്ദിതജനവിഭാഗങ്ങൾക്കു അവയിൽ യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല. ‘ജനാധിപത്യപരമായ’ ഈ ഭരണക്രമം യഥാർത്ഥത്തിൽ സ്വത്തുടമസ്ഥന്മാരായ പ്രമാണികളുടെ നിയന്ത്രണത്തി ലായിരുന്നു.

രാജാവ് സ്വന്തം ഇഷ്ടമനുസരിച്ചല്ല പ്രവർത്തിച്ചിരുന്നത്. അദ്ദേ ഹത്തെ സഹായിയ്ക്കാനും നിയന്ത്രിയ്ക്കാനും ചില ഉപദേശകസമിതി കളുണ്ടായിരുന്നു. ‘ഐംപെരുങ്കഴു’, ‘എൺപേരായം’ മുതലായ ഉപദേ ശമിതികളെപ്പറ്റി സംഘം കൃതികൾ പ്രസ്താവിയ്ക്കുന്നുണ്ട്.

ഈ ഭരണവ്യവസ്ഥയുടെ കീഴിലാണ് പ്രാചീന കേരളത്തിലെ കൃഷിയും കച്ചവടവും കൈത്തൊഴിലുകളും വിദേശവ്യാപാരവും സാഹി ത്യാദികളും അഭിവൃദ്ധിപ്പെട്ടത്.

കളഭന്മാരുടെ ആക്രമണത്തെത്തുടർന്നുള്ള കേരളചരിത്രത്തിലെ ഒന്നു രണ്ടു നൂറ്റാണ്ടുകൾ ഇപ്പോഴും ഇരുളടഞ്ഞു കിടക്കുകയാണ്. യുദ്ധ ങ്ങളും അരാജകത്വവും നടമാടിയിരുന്ന ഒരു കാലഘട്ടമായിരുന്നു അതു എന്നു ചരിത്രകാരന്മാർ ചൂണ്ടിക്കാണിയ്ക്കുന്നു. എന്നാൽ, ഈ കാല

ഘട്ടത്തിൽത്തന്നെയാണ്. സാമ്പത്തികവും സാമൂഹ്യവും മതപരവുമായ ചില പ്രധാനപ്പെട്ട പരിവർത്തനങ്ങളുണ്ടായത്. അതിന്നുശേഷമുള്ള ഒന്നു രണ്ടു നൂറ്റാണ്ടുകളുടെ ചരിത്രത്തിൽ ഫ്യൂഡലിസത്തിന്റെ പ്രാരംഭഘട്ടങ്ങൾ വ്യക്തമായി രൂപം പ്രാപിച്ചതായി നമുക്കു കാണാൻ കഴിയും. ധനികന്മാരും കയ്യൂക്കുള്ളവരുമായ പ്രമാണികൾ ഭൂസ്വത്തുക്കളുടെ ഉടമസ്ഥന്മാരായ നാടുവാഴികളായി മാറിക്കഴിഞ്ഞിരുന്നു.

ഭൂസ്വത്തുക്കളുടെ ഉടമകളായ നാടുവാഴികളും അവർക്കുവേണ്ടി അവരുടെ നിലങ്ങളിലും പറമ്പുകളിലും കഠിനാദ്ധ്വാനം ചെയ്യുന്ന അടിയാളരും തമ്മിലുള്ള വൈരുദ്ധ്യമാണ് ഫ്യൂഡലിസത്തിന്റെ മുഖ്യമായ സവിശേഷത. ഭൂപ്രഭുക്കന്മാരുടെ താല്പര്യങ്ങളെ കാത്തുരക്ഷിയ്ക്കുക എന്നതായിത്തീർന്നു ഭരണകൂടത്തിന്റെ പ്രധാനമായ കർത്തവ്യം.

ക്രിസ്ത്വബ്ദം ഒമ്പതാം നൂറ്റാണ്ടു മുതൽ പതിനാറാം നൂറ്റാണ്ടുവരെയുള്ള കേരളത്തിന്റെ ചരിത്രം സ്ഥാപിതതാല്പര്യക്കാരായ ഭൂപ്രഭുക്കന്മാർ താന്താങ്ങളുടെ ശക്തിയും സ്വത്തുക്കളും വർദ്ധിപ്പിയ്ക്കാൻ വേണ്ടി പരസ്പരം വഴക്കടിയ്ക്കുകയും യുദ്ധം വെട്ടുകയും ചെയ്യുന്നതിന്റെ ചരിത്രമാണ്. കേരളക്കര ചെറുതും വലുതുമായ ഒട്ടനവധി രാജ്യങ്ങളായി വിഭജിയ്ക്കപ്പെട്ടിരുന്നു. ഓരോ രാജ്യത്തിലെയും ഭരണവ്യവസ്ഥ സ്വതന്ത്രമായിരുന്നു. ഏറ്റവും മുകളിൽ രാജാവ്, രാജാവിന്റെ കീഴിൽ നാടുവാഴികൾ, നാടുവാഴികളുടെ കീഴിൽ ദേശവാഴികൾ, ദേശവാഴികളുടെ കീഴിൽ ഗ്രാമങ്ങളിലെ, അല്ലെങ്കിൽ തറകളിലെ, പ്രമാണികൾ - ഇതായിരുന്നു ഭരണകൂടത്തിന്റെ രൂപം, ചിലപ്പോൾ പ്രതാപികളായ ചില രാജാക്കന്മാർ അന്യനാടുകളെ വെട്ടിപ്പിടിച്ച് സ്വന്തം രാജ്യത്തോടു കൂട്ടിച്ചേർക്കും. മറ്റു ചിലപ്പോൾ അന്യരാജ്യങ്ങളുടെ ആക്രമണത്തിന് സ്വയം ഇരയായിത്തീരും. വേറെ ചിലപ്പോൾ നാടുവാഴികൾ തങ്ങളുടെ മേൽക്കോയ്മകൾക്കെതിരായി ലഹളയ്ക്കൊരുങ്ങും.

എന്നാൽ മുകൾപ്പരപ്പിലുണ്ടായ ഈ ആക്രമണങ്ങളും ലഹളകളും യുദ്ധങ്ങളുമൊന്നും അടിത്തട്ടിലുള്ള സാമൂഹ്യജീവിതത്തിൽ സാരമായ യാതൊരു മറ്റങ്ങളും വരുത്തിയിരുന്നില്ല. പ്രാകൃതകമ്യൂണിസത്തിന്റെ കാലം മുതൽക്കു നിലനിന്നുപോന്ന ജനാധിപത്യപരമായ സാമൂഹ്യഭരണവ്യവസ്ഥയുടെ അവശിഷ്ടങ്ങൾ ഫ്യൂഡൽ വ്യവസ്ഥയിലും നിലനിന്നുപോന്നു. തറയായിരുന്നു ഫ്യൂഡൽ വ്യവസ്ഥയിലേയും അടിസ്ഥാനഘടകം. ഉത്സവങ്ങളുടേയും ആഘോഷങ്ങളുടേയും അടിയന്തരങ്ങളുടേയും മറ്റും മേൽനോട്ടം വഹിയ്ക്കുക, കൃഷിയ്ക്കാവശ്യമായ അണകൾ കെട്ടിയ്ക്കുകയും ചിറകളും കുളങ്ങളും കുഴിപ്പിയ്ക്കുകയും ചെയ്യുക, പൊതുവഴികളും വഴിയമ്പലങ്ങളും വഴിക്കിണറുകളും അത്താ

ണികളും മറ്റും നിർമ്മിയ്ക്കാനേർപ്പാടു ചെയ്യുക, അമ്പലങ്ങളുടേയും മറ്റു പൊതുസ്ഥാപനങ്ങളുടേയും ഭരണം നടത്തുക, കളരികളും പള്ളിക്കൂടങ്ങളും സ്ഥാപിച്ച് അക്ഷരാഭ്യാസവും ആയുധാഭ്യാസവും നൽകുക, വഴക്കുകൾ പറഞ്ഞു തീർക്കുകയും കുറ്റക്കാരെ ശിക്ഷിക്കുകയും ചെയ്യുക – ഇതൊക്കെയായിരുന്നു തറക്കൂട്ടങ്ങളുടെ പ്രധാന ചുമതലകൾ.

വിവിധ തറകളുടെ പ്രതിനിധികളടങ്ങിയ നാട്ടുക്കൂട്ടങ്ങളാണ് നാടിന്റെ പൊതുകാര്യങ്ങൾ നടത്തിയിരുന്നത്. എന്നുവെച്ചാൽ, നാടുവാഴികൾ ഭരണം നടത്തിയിരുന്നതു നാട്ടുകൂട്ടങ്ങളുടെ സഹായത്തോടുകൂടിയാണ്. നൂറോ അഞ്ഞൂറോ ചിലപ്പോൾ അതിലധികമോ അംഗങ്ങൾ നാട്ടുകൂട്ടങ്ങളിൽ പങ്കെടുത്തിരുന്നു. അഞ്ഞൂറ്റുവർ, അറുനൂറ്റുവർ, മൂന്നൂറ്റുവർ മുതലായ പേരുകളിലാണ് നാട്ടുകൂട്ടങ്ങൾ അറിയപ്പെട്ടിരുന്നത്. നാടുവാഴികളുടെ ഒരു നേതാവുമാത്രമായിരുന്നു രാജാവ്. അദ്ദേഹത്തിന് തന്റെ നിലനില്പിനും തന്റെ സംരക്ഷണത്തിനുംവേണ്ടി നാടുവാഴികളേയും അവരുടെ നേതൃത്വത്തിലുള്ള നാട്ടുകൂട്ടങ്ങളേയും ആശ്രയിയ്ക്കേണ്ടിവന്നിരുന്നു. നാട്ടുകൂട്ടങ്ങളുടെ അഭീഷ്ടങ്ങൾക്കും താല്പര്യങ്ങൾക്കെതിരായ പ്രവർത്തനങ്ങളിലിടപെടാൻ രാജാവിന്നു പ്രാപ്തിയോ അധികാരമോ ഉണ്ടായിരുന്നില്ല.

പക്ഷേ, ഈ കൂട്ടങ്ങളിലൊന്നും തന്നെ അടിയാളർക്കോ അടിമകൾക്കോ മറ്റു ദരിദ്രജനവിഭാഗങ്ങൾക്കോ യാതൊരു പങ്കമുണ്ടായിരുന്നില്ല. യഥാർത്ഥമായ ഭരണം മുഴുവനും നാടുവാഴികളുടേയും ഭൂസ്വത്തുടമസ്ഥന്മാരുടെയും കൈയിലായിരുന്നു. അവർക്കു ജനങ്ങളെ തല്ലാൻ മാത്രമല്ല കൊല്ലാനും അധികാരമുണ്ടായിരുന്നു. ന്യായാധിപനും സൈന്യാധിപനും ശിക്ഷാകർത്താവും എല്ലാം നാടുവഴിതന്നെ.

സംഘം കൃതികളിലെ ചേരരാജാക്കന്മാർക്ക് സ്വന്തമായ പട്ടാളങ്ങളുണ്ടായിരുന്നു എന്നു കാണാം. പക്ഷേ, ഫ്യൂഡലിസത്തിലെ രാജാവിന് സ്വന്തമായ ഒരുസ്ഥിരം സൈന്യമുണ്ടായിരുന്നില്ല. യുദ്ധകാലങ്ങളിൽ നാടുവാഴികളുടെ സഹായത്തോടുകൂടി സൈന്യങ്ങളെ ശേഖരിക്കുകയായിരുന്നു പതിവ്. നാടുവാഴികളുടെ നേതൃത്വത്തിൽ ആയുധപരിശീലനത്തിനുള്ള കളരികൾ പലേടത്തും സ്ഥാപിക്കപ്പെട്ടിരുന്നു.

കേരളത്തിലെ ഫ്യൂഡൽ വ്യവസ്ഥയിലെ സ്വത്തുടമവർഗ്ഗക്കാരുടെ അവകാശാധികാരങ്ങളെപ്പറ്റി കൊച്ചിൻ സ്റ്റേറ്റ് മാനുവൽ വിവരിക്കുന്നു:

'ഫ്യൂഡൽ പ്രമാണികൾ രാജാവെന്നോ അച്ചനെന്നോ കയ്മളെന്നോ വെറും നായരെന്നോ എന്തു പേരു പറഞ്ഞിരുന്നാലും മൂന്നു വർഗ്ഗങ്ങളിലൊന്നിൽപ്പെടും: അതായത്, സ്വരൂപിയും പ്രഭുവും മാടമ്പിയും. കൊല്ലും

കൊലയുമുണ്ടായിരുന്നവരെല്ലാം സ്വരൂപികളായിരുന്നു. ഒരു സ്വരൂപി അതുകൊണ്ട് ഒന്നുകിൽ കൊച്ചിയിലേയോ കോഴിക്കോട്ടേയോ രാജാവിനെപ്പോലെ ഒരു സ്വതന്ത്രരാജാവായിരിയ്ക്കാം. അല്ലെങ്കിൽ പൊറക്കാട്ടേയോ ആലങ്ങാട്ടേയോ രാജാവിനെപ്പോലെ ഒരു സാമന്തരാജാവായിരിക്കാം. അയാളുടെ അധികാരത്തിനുള്ള ഒരേയൊരു പരിമിതി മേൽക്കോയ്മയുടെ അനുവാദം കൂടാതെ യുദ്ധം നടത്താനോ നാണയമടിയ്ക്കാനോ പാടില്ലെന്നതായിരുന്നു. അതുമല്ലെങ്കിൽ അയാൾ കൊരട്ടിക്കൈമളേയോ മൂരിയനാട് നമ്പ്യാരേയോ പോലെ രാജാവിന്റെ കല്പനപ്രകാരം ഒരു ജില്ല ഭരിയ്ക്കുന്ന കീഴ്പ്രമാണിയായിരിയ്ക്കാം. പ്രഭു മൂന്നാം തരത്തിൽ പെട്ട സ്വരൂപികളിൽ നിന്ന് കൊല്ലും കൊലയുമില്ലെന്ന കാര്യത്തിൽ മാത്രമേ വ്യത്യസ്തനായിരുന്നുള്ളു. അയാൾ ഒരു സ്വരൂപിയേക്കാൾ കൂടുതൽ ധനികനും ശക്തനുമായിരിയ്ക്കാം. പക്ഷേ, സ്വരൂപിയുടെ പദവിയിലേയ്ക്കുയർത്തപ്പെട്ടില്ലെങ്കിൽ അയാൾക്ക് കൊല്ലും കൊലയും നടത്താനുള്ള അധികാരമില്ലായിരുന്നു. മാടമ്പികൾ വളരെ പരിമിതമായ അധികാരങ്ങളോടു കൂടിയ ചെറുകിട പ്രമാണിമാരായിരുന്നു. അവരുടെ അധീനത്തിൽ അപൂർവമായി മാത്രം നൂറിൽ കവിയുന്ന ആയുധധാരികളേ ഉണ്ടായിരുന്നുള്ളു. എല്ലാവരും രാജാവിന്നു 2000 മുതൽ 1200 പണം വരെയുള്ള ഒരു സ്ഥാനാരോഹണഫീസ്സ് അല്ലെങ്കിൽ പുരുഷാന്തരവും ആണ്ടുകാഴ്ചയെന്നു പറയുന്ന ഒരു ചെറിയ വാർഷികക്കപ്പവും പ്രത്യേകസംരക്ഷണത്തിന്നുവേണ്ടി രക്ഷാഭോഗം, ചങ്ങടം, പലം എന്നും മറ്റും പറയുന്ന ഒരു വാർഷികസംഭാവനയും കൊടുക്കേണ്ടിയിരുന്നു. മാടമ്പികൾ ഇവയ്ക്കു പുറമെ കെട്ടുതെങ്ങ് എന്നു പറയുന്ന ഒരു നികുതിയും കൊടുക്കേണ്ടിയിരുന്നു. ഇതു ഒരു തോട്ടത്തിലെ തെങ്ങുകളിൽനിന്നുള്ള വരവിന്റെ മൂന്നര ശതമാനം മാത്രമായിരുന്നു. സ്വരൂപികളിൽനിന്നും പ്രഭുക്കളിൽ നിന്നും സ്ഥിരമായ ഭൂനികുതി പിരിച്ചിരുന്നില്ല. എന്നാൽ അസാധാരണഘട്ടങ്ങളിൽ അവരോട് പ്രത്യേകസംഭാവനകൾ ആവശ്യപ്പെടും. സൈന്യാധിപന്മാർ കൂടിയായിരുന്ന പാരമ്പര്യപ്രമാണികൾ വഴിയ്ക്കുള്ള ഭരണത്തിന്റെ ഗുണങ്ങളും ദോഷങ്ങളും സ്വയം വ്യക്തമാണ്. പ്രമാണികളുടെ താല്പര്യവൈരുദ്ധ്യങ്ങളും അവർ തമ്മിൽത്തമ്മിലുള്ള അസൂയയും തെറ്റിദ്ധാരണകളും അവസാനമില്ലാത്ത കലഹങ്ങൾക്കും ചേരിപ്പോരുകൾക്കും കാരണമായി...”

ക്രിസ്ത്വബ്ദം 1673 മുതൽ 1677 വരെ കൊച്ചിയിലെ ഡച്ചുഗവർണ്ണരായിരുന്ന ഹെൻഡ്രിക്ക് ആഡ്രിയൻ വാന്റീസ് എഴുതുന്നു:

‘തങ്ങൾ സ്വന്തം പ്രദേശങ്ങളിൽ അനുവദിക്കുകയും തങ്ങളുടെ രാഷ്ട്രീയ യോഗങ്ങളിൽ അംഗീകരിക്കുകയും ചെയ്തിട്ടുള്ള തങ്ങളുടെ നിയമങ്ങൾക്കും അഭിവൃദ്ധിക്കും അവകാശങ്ങൾക്കുമെതിരായ രാജാ

വിന്റെ കല്പനകളെയോ മോഹങ്ങളെയോ തീരുമാനങ്ങളേയോ അനുസരിയ്ക്കാൻ പ്രജകൾക്കു ബാദ്ധ്യതയുണ്ടായിരുന്നില്ല. ജന്മികളുടേയോ പ്രഭുക്കന്മാരുടേയോ നായന്മാരുടേയോ താല്പര്യങ്ങൾക്കു ഹാനികരമായ കരാറുകളുണ്ടാക്കാൻ മലബാറിലെ യാതൊരു രാജാവിന്നും അധികാരമുണ്ടായിരുന്നില്ല. അങ്ങിനെ ചെയ്യുന്ന രാജാവ് പ്രജകളാൽ ബഹിഷ്ക്കരിയ്ക്കപ്പെടുകയോ തിരസ്ക്കരിയ്ക്കപ്പെടുകയോ ചെയ്യുമായിരുന്നു."

മലബാർ മാനുവലിന്റെ കർത്താവായ ലോഗൻ എഴുതുന്നു:

തറകളുടെ, അല്ലെങ്കിൽ ഗ്രാമറിപ്പബ്ലിക്കുകളുടെ ഒരു സമൂഹത്തിനാണ് 'നാട്' എന്നു പറയുന്നത്. അതിവിപുലമായ അധികാരശക്തിയോടുകൂടിയ പ്രതിനിധിസഭകളായിരുന്നു നാട്ടുകൂട്ടങ്ങൾ. ആവശ്യമായി വരുമ്പോൾ രാജാവിന്റെ അധികാരശക്തിയെപ്പോലും തള്ളിക്കളയാനും അനധികൃതങ്ങളായ പ്രവൃത്തികൾ ചെയ്യുന്ന മന്ത്രിമാരെ ശിക്ഷിയ്ക്കാനും നാട്ടുകൂട്ടങ്ങൾക്കു സാധിച്ചിരുന്നു."

രാജ്യത്തിന്റെ ഭരണകാര്യങ്ങളിൽ രാജാവിന്നുണ്ടായിരുന്ന സ്വാധീനശക്തിയും അധികാരവും വളരെ തുച്ഛമായിരുന്നു. ആ തുച്ഛമായ അധികാരശക്തിയെപ്പോലും നാട്ടുകൂട്ടങ്ങൾ ചിലപ്പോൾ ചോദ്യം ചെയ്യുക പതിവായിരുന്നു. 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിരുവിതാംകൂർ രാജാവ് ചുമത്തിയ 'നിയമവിരുദ്ധമായ' നികുതികളെ പ്രതിഷേധിച്ചുകൊണ്ട് നാഞ്ചിനാട്ടിലെ നാട്ടാർ എടുത്ത തീരുമാനങ്ങൾ ഇതിന്നുദാഹരണമാണ്. "കോട്ടപ്പണവും മറ്റു അസാധാരണങ്ങളായ നികുതികളും" ചുമത്തിയതിനെ ജനങ്ങളാകെ യോജിച്ച് ധീരമായി എതിർക്കണമെന്നാഹ്വാനം ചെയ്തുകൊണ്ട് 1723 ഡിസംബറിൽ നാട്ടാർ പാസ്സാക്കിയ ഒരു പ്രമേയം തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ ഉദ്ധരിച്ചു ചേർക്കപ്പെട്ടിട്ടുണ്ട്. അതിലിങ്ങിനെ പറയുന്നു:

"പ്രാചീനകാലം മുതൽ നമ്മുടെ പൂർവ്വികന്മാർ അനുഭവിച്ചുപോന്ന എല്ലാ അവകാശാധികാരങ്ങളേയും നമ്മൾ അഭിമാനത്തോടെ നിലനിറുത്തണം. ഇങ്ങിനെ നമ്മുടെ അവകാശങ്ങളുറപ്പിക്കുന്നതിനിടയിൽ ഗവൺമെന്റിന്റെ നടപടികൾ കാരണം ഏതെങ്കിലും ഗ്രാമത്തിന്നോ ഏതെങ്കിലും വ്യക്തിക്കോ വല്ല നഷ്ടങ്ങൾ നമ്മുടെ പൊതുഫണ്ടിൽനിന്നെടുത്തു നികത്തിക്കൊണ്ട് അവരെ നമ്മൾ സഹായിക്കേണ്ടതാണ്. ആരെങ്കിലും എപ്പോഴെങ്കിലും ഗവൺമെന്റുമായി രഹസ്യബന്ധങ്ങളിലേർപ്പെടുകയും രാജ്യത്തിന്റെ അവകാശാധികാരങ്ങൾക്കു ഹാനിതട്ടിക്കുകയും ചെയ്താൽ അയാളെ നാട്ടാരുടെ പരസ്യവിചാരണക്കു വിധേയനാക്കണം."

നാടുവാഴികളും നാട്ടുക്കൂട്ടങ്ങളും രാജാവിന്റെ അധികാരത്തെ കൂടുതൽ കൂടുതൽ പരിമിതിപ്പെടുത്താനാണ് ശ്രമിച്ചത്. രാജാവാകട്ടെ, തന്റെ സ്വന്തം അധികാരങ്ങളെ വിപുലീകരിക്കാനും നാട്ടുകൂട്ടങ്ങളുടെ അധികാരശക്തിയെ തുരങ്കം വെക്കാനും ആഗ്രഹിച്ചു. ഈ മത്സരങ്ങളിൽ പോർത്തുഗീസ്സുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ തുടങ്ങിയ വിദേശവ്യാപാരികൾ വഹിച്ച പങ്ക് ചെറുതൊന്നുമായിരുന്നില്ല.

പതിനെട്ടാം നൂറ്റാണ്ടായപ്പോഴേക്കും കേരളക്കരയിൽ പോർത്തുഗീസുകാരുടെയും ഡച്ചുകാരുടേയും ശക്തി ക്ഷയിക്കുകയും ബ്രിട്ടീഷുകച്ചവടക്കാരുടെ ശക്തി വർദ്ധിക്കുകയും ചെയ്തു. കോഴിക്കോട്ടെ മാനവിക്രമൻ രാജാവും കൊച്ചിയിലെ ശക്തൻതമ്പുരാനും തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മ മഹാരാജാവും ചെറുകിട രാജാക്കന്മാർക്കും നാട്ടുകൂട്ടങ്ങൾക്കുമെതിരായി സ്വന്തം സ്വാധീനശക്തി വർദ്ധിപ്പിയ്ക്കാൻ പാടുപെട്ടുകൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ഓരോ രാജാവും മറ്റുള്ളവരെ തോല്പിച്ച് കേരളത്തിലാകെ ആധിപത്യം സ്ഥാപിയ്ക്കാനും വിദേശവ്യാപാരികളുമായുള്ള കച്ചവടത്തിന്റെ നേട്ടങ്ങളെല്ലാം സ്വന്തമാക്കാനുമാണാഗ്രഹിച്ചത്. ഈ മത്സരങ്ങളിൽ ബ്രിട്ടീഷുകാർ സമർത്ഥമായി ഇടപെട്ടു. വിദേശവ്യാപാരത്തിൽ സ്വന്തം കുത്തക സ്ഥാപിയ്ക്കുക എന്നതായിരുന്നു അവരുടെ പ്രധാനമായ ഉദ്ദേശ്യം. നാടുവാഴികളും നാട്ടുകൂട്ടങ്ങളും അതിന്നെതിരായിരുന്നു. അതുകൊണ്ടു നാടുവാഴികളുടേയും നാട്ടുകൂട്ടങ്ങളുടേയും ശക്തിയെ തകർക്കാൻ അവർ എല്ലാത്തരം സഹായസഹകരണങ്ങളും നൽകി.

മാർത്താണ്ഡവർമ്മ മഹാരാജാവ് ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകനായിട്ടാണറിയപ്പെടുന്നത്. 17-ാം നൂറ്റാണ്ടിൽ തിരുവിതാംകൂർ പ്രദേശത്ത് പറവൂർ, ആലങ്ങാട്, ഇടപ്പള്ളി, കരപ്പുറം, പൂഞ്ഞാർ, ചെമ്പകശ്ശേരി, വടക്കുംകൂർ, തെക്കുംകൂർ, ഓടനാട്, പന്തളം, ഇളയിടത്തുനാട്, ദേശിങ്ങനാട്, തൃപ്പാവൂർ, നാഞ്ചിനാട്, വേണാട്, എന്നിങ്ങനെ ഒട്ടനവധി സ്വതന്ത്രരാജ്യങ്ങളുണ്ടായിരുന്നു. 18-ാം നൂറ്റാണ്ടിന്റെ ആരംഭം വരെ വേണാട്, കൊച്ചിയ്ക്കുതെക്കുണ്ടായിരുന്ന പതിന്നാലു സ്വരൂപങ്ങളിലൊന്നു മാത്രമായിരുന്നു. എന്നാൽ 1729-ൽ മാർത്താണ്ഡവർമ്മ വേണാടിന്റെ അധിപതിയായതോടുകൂടി സ്ഥിതി മാറി.

വിദേശികളുടെ സഹായത്തോടുകൂടി മറ്റു സ്വരൂപങ്ങളെയെല്ലാം വെട്ടിപ്പിടിച്ച് ഏകീകരിയ്ക്കാനും എല്ലായിടത്തും തന്റെ സ്വന്തം ഭരണം സ്ഥാപിയ്ക്കാനുമാണ് മാർത്താണ്ഡവർമ്മ ആഗ്രഹിച്ചത്. പക്ഷേ, ബ്രിട്ടീഷുകാർ അദ്ദേഹത്തെ സഹായിച്ചത് വെറും സാമ്പത്തികകാരണങ്ങൾകൊണ്ടു മാത്രമായിരുന്നില്ല. ഇന്ത്യയിലാകെ തങ്ങളുടെ സ്വന്തം രാഷ്ട്രീയാധി

പത്യം സ്ഥാപിയ്ക്കുകയെന്നതായിരുന്നു അവരുടെ ലക്ഷ്യം. ഈ ലക്ഷ്യം നേടാനുള്ള ഒന്നാന്തരമൊരവസരമായിരുന്നു ടിപ്പുവുമായുണ്ടായ യുദ്ധം. ടിപ്പുവിനെ നേരിടുന്നതിനുവേണ്ടി കേരളത്തിലെ വിവിധ രാജാക്കന്മാരുടെ സഹായമഭ്യർത്ഥിച്ചുകൊണ്ട് ഇംഗ്ലീഷുകാർ ഒരു വിളംബരം പ്രസിദ്ധം ചെയ്യുകയുണ്ടായി. അതിലിങ്ങിനെ പറയുന്നു.

'നിങ്ങളെയെല്ലാം ടിപ്പുവിന്റെ ആധിപത്യത്തിൽ നിന്ന് സ്വതന്ത്രരാക്കി യഥാപൂർവ്വം അവരവരുടെ സ്ഥാനങ്ങളിൽ ആരോഹണം ചെയ്യിക്കുന്നതാണ്. കമ്പനിക്കാർ നിങ്ങളെ രക്ഷിയ്ക്കുന്ന കാര്യത്തിൽ ജാഗരൂകരായിരിക്കും. പേരിന്നു എന്തെങ്കിലും കപ്പവും മുളകുകച്ചവടത്തിന്റെ പൂർണ്ണാവകാശവും മാത്രമേ കമ്പനി ഇച്ഛിക്കുന്നുള്ളു.'

പക്ഷേ, ഇതു തനിവഞ്ചനയായിരുന്നു. ടിപ്പുവെ തോൽപ്പിച്ചതിനു ശേഷം മാർത്താണ്ഡവർമ്മ മഹാരാജാവും ബ്രിട്ടീഷുകാരും തമ്മിലുണ്ടായ ഉടമ്പടി വായിച്ചുനോക്കിയാൽ ഇതു വ്യക്തമാവും.

ഈ ഉടമ്പടിയുടെ അർത്ഥം തിരുവിതാംകൂർ മഹാരാജാവ് ബ്രിട്ടീഷ് ഭരണാധികാരികളുടെ മേൽക്കോയ്മയെ തികച്ചും അംഗീകരിച്ചുവെന്നാണു; തിരുവിതാംകൂർ സ്വേച്ഛാധിപതി ബ്രിട്ടീഷ് ഭരണാധികാരികളുടെ കല്പനകളനുസരിക്കുന്ന ഒരു കീഴുദ്യോഗസ്ഥൻ മാത്രമായിതീർന്നു എന്നാണു!

മലബാറിനെ കീഴടക്കുക താരതമ്യേന എളുപ്പമായിരുന്നു. എന്തെന്നാൽ മലബാർ ടിപ്പുവിന്റെ കീഴിലായിക്കഴിഞ്ഞിരുന്നു. ചെറുകിട രാജാക്കന്മാരുടെ കാര്യം പിന്നെ പറയേണ്ടതില്ലല്ലോ. അവരിൽ പലരും തിരുവിതാംകൂറിലേയ്ക്കോടിപ്പോയി രക്ഷപ്പെട്ടു. മലബാറിന്റെ ഭരണവ്യവസ്ഥയിൽ ടിപ്പു പല പരിഷ്ക്കാരങ്ങളും വരുത്തി. മലബാറിനെ അഞ്ചു തുക്രികളാക്കി വിഭജിയ്ക്കുകയും ഓരോ തുക്രിയുടേയും മേൽനോട്ടത്തിനു ഓരോ തുക്രിദാരെ നിയമിയ്ക്കുകയും ചെയ്തു. ഫറോക്കാബാദ് അല്ലെങ്കിൽ ഫറോക്ക് ആയിരുന്നു തലസ്ഥാനം. ആ ഷേഡ് ബെഗ്ഗ്ഖാൻ മലബാറിലെ പ്രധാന സേനാപതിയും വൈസറോയിയുമായി.

ടിപ്പുവിന്നു കപ്പം കൊടുത്തു കീഴടക്കാൻ സമ്മതിച്ച സാമൂതിരി രാജാവു തിരുവിതാംകൂറിനെ എതിർക്കാൻ ടിപ്പുവിനെ സഹായിയ്ക്കാമെന്നും ഏറ്റിരുന്നു. പക്ഷേ, ഒട്ടനവധി രാജാക്കന്മാരുടെ പിൻബലത്തോടുകൂടി മുന്നേറാൻ തുടങ്ങിയ ഇംഗ്ലീഷ്കാരുടെ ആക്രമണത്തിനുമുമ്പിൽ ടിപ്പു പരാജയപ്പെട്ടു. 1792 മാർച്ചിലെ ശ്രീരംഗം സന്ധിയോടുകൂടി മലബാറിലെ മിക്ക ഭാഗങ്ങളും ബ്രിട്ടീഷ് ഭരണത്തിലായി. പഴശ്ശിരാജാവ് മാത്രമാണു ചെറുത്തുനിന്നതു. 1805 ഓടു കൂടി എല്ലാ എതിർപ്പുകളും തകർക്കപ്പെട്ടു.

1792 ആഗസ്റ്റിൽ കോഴിക്കോട്ടുവെച്ചു ഇംഗ്ലീഷുകാരും സാമൂതിരിയും തമ്മിൽ ഒരു കരാറുണ്ടായി. അതനുസരിച്ച് മങ്കര മുതൽ കുറുമ്പ്രനാടിനു തൊട്ടുള്ള വടക്കുംപുറം വരെയുള്ള പ്രദേശങ്ങളെല്ലാം കൊല്ലവർഷം 968-ാമാണ്ട് ഒരു കൊല്ലത്തേക്ക് 4,16,366 ക. 1ണ പ്രതിഫലത്തിനു കമ്പനിക്കാർ സാമൂതിരിയെ ഏല്പിച്ചു. പക്ഷേ, ഏറെക്കഴിയുന്നതിനു മുമ്പ് ഈ സ്ഥിതിയും മാറി. സാമൂതിരി രാജാവ് രാഷ്ട്രീയാധികാരമൊന്നുമില്ലാത്ത വെറുമൊരു ജന്മിയായിത്തീർന്നു.

കൊച്ചി രാജാവ് തിരുവിതാംകൂർ രാജാവിനെപ്പോലെത്തന്നെ ഒരു സ്വതന്ത്രരാജ്യത്തിന്റെ മഹാരാജാവായി തുടരാൻ അനുവദിയ്ക്കപ്പെട്ടു. അതായതു തിരുവിതാംകൂർ രാജാവിനെപ്പോലെതന്നെ കൊച്ചിരാജാവും ബ്രിട്ടീഷ് ഭരണാധികാരികളുടെ കല്പനകളനുസരിയ്ക്കുന്ന ഒരു സ്വച്ഛാധിപതിയായി മാറി.

പട്ടാളങ്ങളും നീതിന്യായങ്ങളും ഭരണകൂടത്തിന്റെ മറ്റു ഘടകങ്ങളും ബ്രിട്ടീഷുകാരുടെ കൈയിലായി.

ചെറുകിട രാജാക്കന്മാരും നാടുവാഴികളും ബ്രിട്ടീഷുകാരുടെ നികുതിപിരിവുദ്യോഗസ്ഥന്മാരായിത്തീർന്നു. അവരുടെ രാഷ്ട്രീയാധികാരമെല്ലാം പോയി. പക്ഷേ, കൃഷിക്കാരെ ചൂഷണം ചെയ്തു സ്വത്തുക്കൾ സമ്പാദിയ്ക്കാനുള്ള സാമ്പത്തികാധികാരങ്ങൾ നിലനിർത്തപ്പെട്ടു. അവരുടെ സഹായത്തോടുകൂടിയാണ് ബ്രിട്ടീഷുകാർ ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെന്നപോലെ കേരളത്തിലും തങ്ങളുടെ ഭരണാധികാരമുറപ്പിച്ചു.

ഇങ്ങിനെ 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തോടുകൂടി കേരളമാകെ ബ്രിട്ടീഷുകാരുടെ ഭരണാധികാരത്തിൻ കീഴിലായി. പക്ഷേ, കേരളം ഒരൊറ്റ ദേശമെന്ന നിലയ്ക്കല്ല ഭരിയ്ക്കപ്പെട്ടത്. മലബാർ ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായി. കൊച്ചിയും തിരുവിതാംകൂറുമാകട്ടെ, നാട്ടുരാജ്യങ്ങളെന്നനിലയ്ക്കാണ് ഭരിയ്ക്കപ്പെട്ടതു. എന്നാൽ മൂന്നുപ്രദേശങ്ങളും, അവസാന വിശകലനത്തിൽ ബ്രിട്ടീഷുകാരുടെ നിയന്ത്രണത്തിൽ തന്നെയായിരുന്നു.

ക്രമേണ ഇന്ത്യാഭൂഖണ്ഡം മുഴുവനും ബ്രിട്ടീഷുകാരുടെ അധീനത്തിലായി. പഴയ ഗ്രാമഭരണവ്യവസ്ഥയും ഫ്യൂഡൽ ഭരണകൂടങ്ങളും നാമാവശേഷമായി.

18-ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിലാണ് ഇന്ത്യയിലെ ബ്രിട്ടീഷധീനപ്രദേശങ്ങൾ ബങ്കാൾ, ബോംബേ, മദ്രാസ് എന്നിങ്ങനെ മൂന്നു പ്രസിഡൻസികളായി വിഭജിയ്ക്കപ്പെട്ടത്. 1833-ൽ ബ്രിട്ടീഷ് പാർലിമെന്റ് പാസ്സാക്കിയ 'ചാർട്ടർ ആക്ട്' അനുസരിച്ച് ഈസ്റ്റിന്ത്യാ കമ്പനിക്കാരുടെ വാണിജ്യപരമായ പ്രവർത്തനങ്ങൾ നിർത്തലാക്കുകയും രാഷ്ട്രീയകാര്യങ്ങ

ളിൽ ശ്രദ്ധയൂന്നുകയും ചെയ്തു. കമ്പനിയുടെ ഭരണത്തെ ഏകീകരിക്കാനും കേന്ദ്രീകരിക്കാനും വേണ്ടി സിവിലും സൈനികവുമായ എല്ലാ ഭരണകാര്യങ്ങളും ഗവർണ്ണർ ജനറലിന്റെ നിയന്ത്രണത്തിലാക്കപ്പെട്ടു. 1857 ലെ സിപ്പായി ലഹളക്കുശേഷം 1858 ൽ പാസാക്കപ്പെട്ട നിയമമനുസരിച്ച് കമ്പനിയുടെ നിയന്ത്രണങ്ങൾ അവസാനിക്കുകയും ഇന്ത്യയുടെ ഭരണകാര്യങ്ങളെല്ലാം ബ്രിട്ടീഷു ഗവർമ്മേണ്ടിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാവുകയും ചെയ്തു. 'കോർട്ട് ഓഫ് ഡിറെക്ടർസ്', 'കൺട്രോൾ ബോർഡ്' മുതലായവയുടെ സ്ഥാനത്തു 'സിക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ' എന്ന പുതിയൊരു സ്ഥാനം സൃഷ്ടിക്കപ്പെട്ടു. ഇന്ത്യയിലെ ഗവർണ്ണർ ജനറൽ വൈസറോയി കൂടിയായി.

അതിനുശേഷം പലപ്പോഴുമായി പല ഭരണപരിഷ്ക്കാരങ്ങളുമുണ്ടായിട്ടുണ്ട്. 1909 ലെ മിന്റോമോർലി പരിഷ്കാരങ്ങൾ നടപ്പിൽ വരുത്താനുള്ള നിയമവും 1919 ലെ നിയമവും 1935 ലെ ഇന്ത്യാ ആക്ടും എടുത്തു പറയത്തക്കവയാണ്. ഓരോ ഭരണപരിഷ്കാരവും ബ്രിട്ടീഷുഭരണത്തെ കൂടുതൽ ഉറപ്പിയ്ക്കാൻ വേണ്ടിയുള്ളതായിരുന്നു.

ബ്രിട്ടനിലെ പ്രധാനമന്ത്രിയായിരുന്ന മിസ്റ്റർ ലോയിഡ് ജോർജ്ജ് 1922 ആഗസ്റ്റ് 2-ാംനു കോമൺസ് സഭയിൽ ചെയ്ത ഒരു പ്രസംഗത്തിൽ ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി:

"ഇന്ത്യയ്ക്ക് ബ്രിട്ടീഷ് സിവിൽസർവ്വീസിന്റെ സഹായവും നേതൃത്വവും കൂടാതെ നിലനില്ക്കാൻ കഴിയുന്ന യാതൊരു കാലഘട്ടത്തേയും എനിക്കു കാണാൻ കഴിയുന്നില്ല. മുഴുവൻ ഭരണവ്യവസ്ഥയുടേയും ഇരുമ്പുചട്ടക്കൂടാണത്."

ഇന്ത്യയിൽ കേന്ദ്രീകൃതമായ ഒരു ഫെഡറേഷൻ സ്ഥാപിക്കുകയും സംസ്ഥാനങ്ങൾക്കു സ്വയംഭരണാവകാശം നൽകുകയും ചെയ്യുക എന്ന പ്രഖ്യാപിതോദ്ദേശ്യത്തോടുകൂടിയാണ് 1935-ലെ പുതിയ ഇന്ത്യാ ആക്ട് പാസ്സാക്കപ്പെട്ടത്. ബ്രിട്ടീഷ് ഗവർമ്മേണ്ടിന്റെ നേരിട്ടു കീഴിലുള്ള സംസ്ഥാനങ്ങൾ ഫെഡറേഷനിൽ നിർബന്ധമായി ചേരണം; പക്ഷേ, കൊച്ചിയും തിരുവിതാംകൂറുമടക്കമുള്ള അറുനൂറോളം നാട്ടുരാജ്യങ്ങൾ ഇഷ്ടമുണ്ടെങ്കിൽ ചേർന്നാൽ മതി. നാട്ടുരാജ്യങ്ങൾ ചേരാൻ ഇഷ്ടപ്പെട്ടില്ല. സംസ്ഥാനങ്ങളിലാകട്ടെ ഫെഡറേഷന്നെതിരായി വമ്പിച്ച പ്രക്ഷോഭങ്ങൾ പൊട്ടിപ്പുറപ്പെട്ടു. അങ്ങിനെ ഫെഡറേഷൻ നടപ്പിൽ വന്നില്ല. കൊച്ചിയും തിരുവിതാംകൂറും മറ്റു നാട്ടുരാജ്യങ്ങളും പഴയപടിതന്നെ നിലനിന്നു. മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായ മലബാർ സംസ്ഥാനസ്വയംഭരണത്തിനു വിധേയമായി.

പക്ഷേ, യഥാർത്ഥത്തിൽ സ്വയംഭരണത്തിന്റെ കണികപോലും അതിലുണ്ടായിരുന്നില്ല. ബോംബേയിലെ മുൻ ചീഫ്ജസ്റ്റീസും ഇപ്പോൾ അമേരിക്കയിലെ ഇന്ത്യൻ അംബാസിഡറുമായ എം. സി. ചഗ്ള തന്റെ 'ഇൻഡിവിജ്വൽ ആൻഡ് ദി സ്റ്റേറ്റ്' എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിയ്ക്കുന്നതുപോലെ, "ജനങ്ങളിലും ജനാധിപത്യ സ്ഥാപനങ്ങളിലുമുള്ള അവിശ്വാസം, ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെപ്പറ്റിയുള്ള അതിരുകവിഞ്ഞ ഊന്നൽ, ഇന്ത്യയിൽ ബ്രിട്ടീഷുഭരണം തുടരുമെന്നുറപ്പുണ്ടാകത്തക്കവിധത്തിൽ ആവശ്യമായ എല്ലാ കാര്യങ്ങളും ബ്രിട്ടീഷുകാരുടെ കൈയിൽത്തന്നെ വെച്ചുകൊണ്ടിരിയ്ക്കൽ- ഇതിന്റെയെല്ലാം വ്യക്തമായ ഉദാഹരണങ്ങളാണ് ആക്ടിൽ നിറഞ്ഞു കിടക്കുന്നത്."

ആക്ടിന്റെ പിതാവെന്നറിയപ്പെടുന്ന സ്റ്റാൻലി ബാൾഡ്വിൻ തന്നെ ഇക്കാര്യം തുറന്ന് സമ്മതിയ്ക്കുകയുണ്ടായി. 1935 ഫെബ്രുവരി 5-ാംനു ചെയ്ത ഒരു റേഡിയോ പ്രസംഗത്തിൽ അദ്ദേഹം പ്രഖ്യാപിച്ചതിങ്ങിനെയാണ്:

"ഇന്ത്യക്കാരായ മന്ത്രിമാർ നമ്മളുദ്ദേശിയ്ക്കുന്ന കാര്യങ്ങൾ നിറവേറ്റാൻ വേണ്ടിയാണ് രാഷ്ട്രീയാധികാരം പ്രയോഗിക്കേണ്ടത്. അവരെക്കൊണ്ട് അങ്ങിനെ ചെയ്യിക്കുക എന്നതാണ് നമ്മുടെ വൈസ്റോയിയുടേയും ഗവർണ്ണർമാരുടേയും അവരുടെ കീഴിൽ സ്റ്റേറ്റ് സിക്രട്ടറിയാൽ റിക്രൂട്ട് ചെയ്യപ്പെട്ട് പാർലിമെണ്ടിനാൽ സംരക്ഷിയ്ക്കപ്പെടുന്ന സർവ്വീസുകളുടേയും കടമ. ഈ കടമ നിറവേറ്റുവാനാവശ്യമായ ഉപാധികളും സുരക്ഷിതമാണ്. "

പക്ഷേ, ബ്രിട്ടീഷുഭരണാധികാരികൾ ഉദ്ദേശിച്ച വഴിയ്ക്കല്ല സംഭവങ്ങൾ നീങ്ങിയത്. ഇന്ത്യയുടെ ദേശീയവിമോചന പ്രസ്ഥാനം കൂടുതൽ ശക്തിപ്പെട്ടുകൊണ്ടുവന്നു. ഒടുവിൽ 1947 ആഗസ്റ്റ് 15-ാം നു ഇന്ത്യ സ്വതന്ത്രയായി. 1950 ജനുവരി 26-ാം നു സ്വതന്ത്ര്യന്ത്യയുടെ റിപ്പബ്ലിക്കൻ ഭരണഘടന നടപ്പിൽവന്നു. 1956 നവംബർ 1-ാം നു ഇന്ത്യയുടെ സംസ്ഥാനങ്ങൾ ഏറെക്കുറെ ഭാഷാടിസ്ഥാനത്തിന് പുനസ്സംഘടിപ്പിയ്ക്കപ്പെട്ടു.

വമ്പിച്ച മാറ്റങ്ങളാണുണ്ടായത്. ബ്രിട്ടീഷ് വൈസ്റോയിയും ബ്രിട്ടീഷ് ഗവർണ്ണർമാരും ബ്രിട്ടീഷ് സേനാനായകന്മാരും പോയി. അവരുടെ സ്ഥാനത്തു ഇന്ത്യൻ റിപ്പബ്ലിക്കിന്റെ പ്രസിഡണ്ടും ഇന്ത്യക്കാരായ ഗവർണ്ണർമാരും ഇന്ത്യൻ സേനാധിപതിയും നിലവിൽവന്നു. ബ്രിട്ടീഷ് പാർലിമെന്റിന്റെ പിടുത്തമവസാനിച്ചു. അതിന്റെ സ്ഥാനത്തു കേന്ദ്രത്തിലും സ്റ്റേറ്റുകളിലും പ്രായപൂർത്തി വോട്ടവകാശത്തിന്മേൽ തിരഞ്ഞെടുക്കപ്പെടുന്ന നിയമസഭകൾ വന്നു. ബ്രിട്ടീഷ് സിവിൽ സർവ്വീസ് പോയി, അതിന്റെ സ്ഥാനത്ത് ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സ്ഥാപിയ്ക്കപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ ബ്രിട്ടീഷുസ്ഥാപിത താല്പര്യക്കാരുടെ

ഭരണകൂടത്തിന്റെ സ്ഥാനത്ത് ഇന്ത്യൻ സ്ഥാപിതതാല്പര്യക്കാരുടെ ഭരണകൂടം ആവിർഭവിച്ചു.

അധികാരക്കൈമാറ്റമുണ്ടായത് വിപ്ലവപരമായിട്ടല്ല, സന്ധിസംഭാഷണങ്ങളിലൂടെയാണ്. അതുകൊണ്ടു ഭരണകൂടത്തിൽ സമൂലമായ പരിവർത്തനങ്ങളൊന്നുമുണ്ടായില്ല; ഭരണകൂടത്തിന്റെ ചട്ടക്കൂട് പഴയപടിതന്നെ നിലനിന്നു. പഴയ ഉദ്യോഗസ്ഥമേധാവിത്വം, പഴയ ഡിപ്പാർട്ടുമെന്റുസമ്പ്രദായം, പഴയ വഴക്കങ്ങളും പഴയ റൂളുകളും എല്ലാം പഴയതുതന്നെ എം.സി. ചഗ്ളാ എഴുതുന്നു:

'പഴയതിൽ നിന്നുള്ള വ്യക്തവും പൂർണ്ണവുമായ ഒരു വേർപിരിയലിനെയല്ല ഇന്ത്യയുടെ ഭരണവ്യവസ്ഥ പ്രതിനിധീകരിയ്ക്കുന്നത്. അതുകൊണ്ടു ബ്രിട്ടീഷുകാരിൽനിന്നു പാരമ്പര്യമായി കിട്ടിയ ഭരണത്തിന്റെ പഴയ ചട്ടക്കൂടു തുടരേണ്ടിവന്നു (1935ലെ) ഇന്ത്യാആക്ടിലേതുപോലുള്ള വ്യവസ്ഥകൾ പുതിയ ഭരണഘടനയിലും ആവർത്തിയ്ക്കേണ്ടിവന്നു.'

പക്ഷേ, അടിസ്ഥാനപരമായ ഒരു മാറ്റമുണ്ടായി. ഭരണകൂടത്തിന്റെ തലപ്പത്തുനിന്ന് ബ്രിട്ടീഷുബൂർഷ്വാവർഗ്ഗം പിന്മാറുകയും അതിന്റെ സ്ഥാനത്ത് ഇന്ത്യൻ ബൂർഷ്വാവർഗ്ഗം കയറിയിരിയ്ക്കുകയും ചെയ്തു.

തൊഴിലാളികൾക്കും ഭൂരിപക്ഷക്കാരായ സാധാരണജനങ്ങൾക്കും അയ്യഞ്ചുകൊല്ലം കൂടുമ്പോളൊരിക്കൽ വോട്ടുചെയ്യുകയെന്നതിൽക്കവിഞ്ഞ് യാതൊരധികാരവുമുണ്ടായിരുന്നില്ല. പട്ടാളം, കോടതി, സിവിൽ സർവ്വീസ് തുടങ്ങിയ ഭരണകൂടത്തിന്റെ എല്ലാ ഘടകങ്ങളും ബൂർഷ്വാസിയുടെ നിയന്ത്രണത്തിലാണ്. ഭരണവ്യവസ്ഥയുടെ മർമ്മപ്രധാനമായ എല്ലാ സ്ഥാനങ്ങളും ഉയർന്ന വർഗ്ഗക്കാരുടെ പിടിയിലാണ്.

കേരളത്തിന്റെ സ്ഥിതിയെന്താണ്? കേരളത്തിനു പ്രത്യേകമായ ഒരു ഭരണകൂടമില്ല. ഇന്ത്യയിലെ എല്ലാ സ്റ്റേറ്റുകളും കേന്ദ്രീകൃതമായ ഒരൊറ്റ ഭരണാധികാരശക്തിയുടെ നിയന്ത്രണത്തിലാണ്.

1957 മുതൽക്ക് കേരളത്തിൽ ഒരു കമ്യൂണിസ്റ്റ് മന്ത്രിസഭയാണ് ഭരണം നടത്തിക്കൊണ്ടിരിക്കുന്നത് എന്നതു ശരിതന്നെ. പക്ഷേ, മന്ത്രിസഭയുടെ ഗവൺമെന്റും ഭരണകൂടവും ഒന്നല്ല. ഇന്ത്യയുടെ കേന്ദ്രീകൃതമായ ഭരണകൂടത്തിന്റെ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ടാണ് മറ്റു സ്റ്റേറ്റ് മന്ത്രിസഭകളെന്നപോലെത്തന്നെ കേരളത്തിലെ കമ്യൂണിസ്റ്റ് മന്ത്രിസഭയും ഭരണം നടത്തുന്നത്. കേന്ദ്രീകൃതമായ പട്ടാളശക്തി, കേന്ദ്രീകൃതമായ ഐ.എ.എസ്സും, ഐ.പി.എസ്സും, കേന്ദ്രീകൃതമായ നീതിന്യായവ്യവസ്ഥ, കേന്ദ്രീകൃതമായ സാമ്പത്തിക പ്രവർത്തനങ്ങൾ - എല്ലാം ബൂർഷ്വാസിയുടെ നിയന്ത്രണത്തിലാണ്. പ്രധാനപ്പെട്ട എല്ലാ ഉദ്യോഗങ്ങളും ഉയർന്ന വർഗ്ഗക്കാരുടെ പ്രതിനിധികളാണ് കൈയടക്കി വെച്ചിട്ടു

ള്ളത്.

1935-ലെ ഭരണഘടന ഏറ്റവും തുച്ഛമായ ചില അധികാരങ്ങൾ മാത്രമേ സംസ്ഥാനങ്ങൾക്കനുവദിച്ചിരുന്നുള്ളു. ഇക്കാര്യത്തിലും പുതിയ ഭരണഘടന പഴയതിനെ ആവർത്തിയ്ക്കുക മാത്രമാണ് ചെയ്യുന്നത്. എം.സി. ചഗ്ളതന്നെ തുറുന്നു പറയുന്നു.

'ബ്രിട്ടീഷു ഭരണകാലത്ത് സംസ്ഥാനങ്ങൾക്കു സ്വതന്ത്രമായ യാതൊരധികാരശക്തിയുമുണ്ടായിരുന്നില്ല. വികേന്ദ്രീകരണനയത്തിന്റെ ഫലമായി അവയ്ക്ക് പല പ്രവർത്തനങ്ങളും നടത്താനുള്ള ബാധ്യത യുണ്ടായിരുന്നു. എന്നാൽ, അധികാരങ്ങളുപയോഗിക്കുന്ന കാര്യത്തിൽ അവ കേന്ദ്രഗവൺമെന്റിന്റെ പ്രതിനിധികൾ മാത്രമായിരുന്നു. അതിനാൽ പുതിയ ഭരണഘടനയനുസരിച്ചുള്ള സ്റ്റേറ്റുകൾ രൂപവൽക്കരിയ്ക്കപ്പെ ടുമ്പോൾ അതാവശ്യമാണെന്നു കരുതപ്പെട്ടവയും ദേശീയതാല്പര്യ ങ്ങൾക്കു വിഘാതം വരുത്താനിടയില്ലാത്തവയുമായ ചില അധികാരങ്ങൾ മാത്രമേ അവയ്ക്കു നൽകപ്പെട്ടുള്ളു.'

പ്രധാനപ്പെട്ട കാര്യങ്ങളിൽ നിയമനിർമ്മാണം നടത്താനുള്ള അധി കാരമെല്ലാം കേന്ദ്രപാർലമെന്റിനാണ് അത്ര തന്നെ. പ്രധാനമല്ലാത്ത ചില നിയമ നിർമ്മാണങ്ങളിലേർപ്പെടാൻ സ്റ്റേറ്റുകൾക്ക് അവകാശമുണ്ട് എന്നതു ശരി തന്നെ. പക്ഷേ, അവ തന്നേയും കേന്ദ്രത്തിന്റെ ഇഷ്ടത്തി ന്നെതിരായി നടത്താനാവില്ല. നിയമനിർമ്മാണത്തിനു കടിഞ്ഞാണിടാൻ ഗവർണ്ണരും പ്രസിഡന്റും മാത്രമല്ല, സുപ്രീം കോടതിയുമുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ, സ്റ്റേറ്റു മന്ത്രിസഭകളുടെ അവകാശാധികാര ങ്ങൾ വളരെ വളരെ പരിമിതമാണ്.

ഇന്ത്യയിലിന്നു നിലനിൽക്കുന്ന ജനാധിപത്യത്തിന്റെ ദുർബ്ബലമായ വശങ്ങളിലൊന്നാണിത്.

നവയുഗം വാർഷികപ്പതിപ്പ് 1959.

# ഭാഗം മൂന്ന്

# കേരളത്തിലെ സ്വാതന്ത്ര്യസമരം

## അദ്ധ്യായം 1

## സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം

കേരളത്തിലെ ജനങ്ങൾ അടിമത്തത്തെ ഒരിക്കലും സ്വാഗതം ചെയ്തിട്ടില്ല. വിദേശികളുടെ ആക്രമണങ്ങൾക്കും കയ്യേറ്റങ്ങൾക്കും എതിരായി ആദ്യം മുതൽക്കുതന്നെ അവർ തങ്ങളുടെ ത്യാഗധീരതയേയും ആത്മവീര്യത്തേയും ഉയർത്തിപ്പിടിച്ചിട്ടുണ്ട്.

യൂറോപ്യൻ കച്ചവടക്കാർ ഇൻഡ്യയിലാദ്യമായി കേരളക്കരയിലാണ് കാലെടുത്തു കുത്തിയത് എന്നത് ശരിയാണ്. നാടുവാഴി രാജാക്കന്മാർക്കിടയിലുണ്ടായിരുന്ന മത്സരങ്ങളെയും ദൗർബ്ബല്യങ്ങളെയും സമർത്ഥമായി ഉപയോഗപ്പെടുത്തിക്കൊണ്ടും നെറികെട്ടതും വഞ്ചനകൾ നിറഞ്ഞതുമായ മർദ്ദനങ്ങളും യുദ്ധങ്ങളും നടത്തിക്കൊണ്ടും അവർ കേരളത്തെ കീഴടക്കിയെന്നതും ശരിയാണ്. പക്ഷേ, ഇൻഡ്യയിൽ നിന്നു ബ്രിട്ടീഷ് ഭരണത്തെ ആട്ടിപ്പായിക്കാൻ വേണ്ടിയുള്ള ആദ്യത്തെ സ്വാതന്ത്ര്യസമരങ്ങളിൽ ചിലത് പൊട്ടിപ്പുറപ്പെട്ടതും കേരളക്കരയിൽത്തന്നെയാണ്.

ക്രിസ്താബ്ദം 1792–ലാണ് മലബാർ ബ്രിട്ടീഷുകാരുടെ അധീനത്തിലായത്. അപ്പോഴേയ്ക്കും മിക്ക രാജാക്കന്മാരും ബ്രിട്ടീഷ് ആധിപത്യം അംഗീകരിച്ചു കഴിഞ്ഞിരുന്നു. പക്ഷേ, പഴശ്ശിരാജാവ് എന്ന പേരിലറിയപ്പെടുന്ന കോട്ടയത്തെ കേരളവർമ്മ രാജാവുമാത്രം കീഴടങ്ങാൻ കൂട്ടാക്കിയില്ല. കോട്ടയത്തുനിന്നു നികുതികൾ പിരിച്ചുകൊണ്ടുപോകുന്നതിനെ അദ്ദേഹം എതിർത്തു. തന്റെ രാജ്യത്തിൽ ഭരണം നടത്താൻ തനിക്കു

മാത്രമാണ് അധികാരം എന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. ഒടുവിൽ ബ്രിട്ടീഷുകാർ പഴശ്ശിരാജാവിനെതിരായി യുദ്ധം പ്രഖ്യാപിക്കുകയും അദ്ദേഹത്തിന്റെ കൊട്ടാരം വളഞ്ഞ് വിലപിടിച്ച സ്വത്തുക്കൾ കൊള്ളയടിച്ചു കൊണ്ടുപോകുകയും ചെയ്തു. രാജാവ് പിടികൊടുക്കാതെ വയനാട്ടിൽ പോയി രക്ഷപ്പെട്ടു. വയനാട് തന്റെ കീഴിലാണ് എന്ന് ടിപ്പു സുൽത്താനും. അതല്ലാ, തങ്ങളുടെ കീഴിലാണ് എന്ന് ബ്രിട്ടീഷ്കാരും അവകാശവാദം പുറപ്പെടുവിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. 1799-ൽ ടിപ്പുസുൽത്താന്റെ പതനത്തിനുശേഷം വയനാട് ഔപചാരികമായി ബ്രിട്ടീഷ് മലബാറിനോടു കൂട്ടിചേർക്കപ്പെട്ടു. പക്ഷേ, പഴശ്ശിരാജാവ് വിട്ടുകൊടുത്തില്ല. എല്ലാ ശക്തിയുമുപയോഗിച്ച് അദ്ദേഹം ബ്രിട്ടീഷുകാരെ നേരിട്ടു. ബ്രിട്ടീഷ് ഗവൺമെന്റ് കേണൽ വെല്ലസ്ലി (ഡ്യൂക്ക് ഓഫ് വെല്ലിംഗ്ടൺ) എന്ന വിദഗ്ദ്ധനായ 'സേനാനായകന്റെ നേതൃത്വത്തിൽ അനേകം "കമ്പനികൾ" അടങ്ങിയ വലിയൊരു സൈന്യത്തെ വിനിയോഗിച്ചു. നായന്മാരും മാപ്പിളമാരും ടിപ്പു സുൽത്താന്റെ പട്ടാളത്തിലുണ്ടായിരുന്ന മുസൽമാന്മാരും അടങ്ങിയ വലിയൊരു ശക്തി പഴശ്ശിരാജാവിന്റെ കീഴിലുമുണ്ടായിരുന്നു എന്ന് പിന്നീട് മലബാർ കളക്ടറായ വില്യം ലോഗൻ രേഖപ്പെടുത്തുന്നു. തെക്കുകിഴക്കൻ വയനാട്ടിലെ പണക്കാരായ ചെട്ടികളും ഗൌണ്ടന്മാരും പഴശ്ശിയെ സജീവമായി സഹായിച്ചുവെന്ന് യുദ്ധത്തിനു പ്രധാനമായ ഒരു പങ്കു വഹിച്ച ടി.എച്ച്. ബേബർ എന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ, ഏറ്റവും പ്രധാനമായ ശക്തി ഭൂരിപക്ഷക്കാരായ നാട്ടുകാരുടെ പിൻതുണയായിരുന്നു. ഹിന്ദുക്കളെന്നോ, മുസ്ലീമിങ്ങളെന്നോ, കുറിച്ചിയരെന്നോ വ്യത്യാസമില്ലാതെ ആയിരക്കണക്കിലുള്ള ജനങ്ങൾ എത്ര വലിയ ത്യാഗത്തിനും തയ്യാറായിക്കൊണ്ട് രാജാവിന്റെ പിന്നിൽ അണിനിരന്നു. ഒരു ഭാഗത്ത് ജനങ്ങളുടെ അടങ്ങാത്ത സ്വാതന്ത്ര്യബോധം, മറുഭാഗത്ത് വിദേശീയരുടെ മൃഗീയമായ പട്ടാളശക്തിയും അവർക്കൊത്തു നിന്ന ഒരുപിടി രാജ്യദ്രോഹികളും. 1799-ൽ ആരംഭിച്ച യുദ്ധം 1805 വരെ തുടർച്ചയായി ആറു കൊല്ലത്തോളം കാലം നീണ്ടുനിന്നു. ബ്രിട്ടീഷുകാരുടെ ആയുധബലവും സൈന്യശക്തിയും, എത്രയോ അധികം പരിഷ്കൃതമായിരുന്നു. ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട പഴശ്ശിരാജാവിനും അനുയായികൾക്കും ഒടുവിലായപ്പോൾ ഭക്ഷണത്തിനുപോലും ബുദ്ധിമുട്ടുകൾ നേരിട്ടു. എന്നിട്ടും ആ വീരദേശാഭിമാനികൾ മരണത്തെ കൂട്ടാക്കാതെ പോരാടി. ഒടുവിൽ 1805 നവംബർ 30-ാം തീയതി നേരിട്ടുള്ള ഒരേറ്റു മുട്ടലിൽ പഴശ്ശിരാജാവ് മൃതിയടഞ്ഞു. ഏറെക്കഴിയുന്നതിനുമുമ്പ് യുദ്ധമവസാനിക്കുകയും ചെയ്തു.

പഴശ്ശിരാജാവും അദ്ദേഹത്തിന്റെ ധീരന്മാരായ കൂട്ടുകാരും യുദ്ധത്തിൽ പരാജയപ്പെട്ടുവെന്നത് ശരിതന്നെ. പക്ഷേ, മറ്റു മിക്ക രാജാക്ക

ന്മാരും കീഴടങ്ങിയതിനുശേഷവും, ശത്രുവിന്റെ മുമ്പിൽ തല കുനിക്കുവാൻ കൂട്ടാക്കാതെ, പലപ്പോഴും അത്യാവശ്യമായ ഭക്ഷണം പോലുമില്ലാതെ വനാന്തരങ്ങളിൽ കഴിച്ചുകൂട്ടിക്കൊണ്ട്, ബ്രിട്ടീഷ് ഭരണത്തിനെതിരായി അദ്ദേഹം സംഘടിപ്പിച്ച ചെറുത്തുനിൽപ്പുസമരങ്ങളും ഗൊറില്ലായുദ്ധങ്ങളും കേരളത്തിന്റെ ചരിത്രത്തിൽ എന്നെന്നും മായാതെ കിടക്കുന്നതായിരിക്കും.

പഴശ്ശിയുടെ പതനത്തിനുശേഷവും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ബ്രിട്ടീഷുകാർക്കെതിരായ സമരങ്ങൾ തുടരുകയുണ്ടായി. 1805 മുതൽ 1809 വരെ, തുടർച്ചയായി നാലുകൊല്ലം, തിരുവിതാംകൂറിലെ വേലുത്തമ്പി ദളവാ നടത്തിയ ധീരോദാത്തസമരത്തെപ്പറ്റി മറ്റൊരു അദ്ധ്യായത്തിൽ വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. ഒരു മാസത്തോളം നീണ്ടുനിന്നതും "നായന്മാരുടെ ലഹള" എന്ന പേരിലറിയപ്പെടുന്നതുമായ ഒരു സംഘട്ടനം കൊച്ചിയിലുമുണ്ടായി. 1808 ഡിസംബർ 28-ാം തീയതി കൊച്ചിയിലെ ബ്രിട്ടീഷ് റസിഡന്റ് കേണൽ മെക്കാളേയ്ക്കെതിരായ ഒരാക്രമണത്തോടുകൂടിയാണ് അതാരംഭിച്ചത്. 1809 ജനുവരി 19-ാം നു മൂവായിരത്തോളം വരുന്ന ജനങ്ങൾ മൂന്ന് ഡിവിഷനുകളായി പിരിഞ്ഞ് കൊച്ചിപ്പട്ടണത്തെ വീണ്ടും ആക്രമിക്കുകയും മേജർ ഹെവിറ്റിന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് പട്ടാളത്തോട് ഏറ്റുമുട്ടുകയും ചെയ്തു. "ലഹളക്കാർ ദൃഢതയോടുകൂടി പല പ്രാവശ്യവും ആക്രമണം നടത്തി. പക്ഷേ, ആ ആക്രമണങ്ങളെല്ലാം വലിയ ധീരതയോടെ, ചെറുക്കപ്പെട്ടു. മുന്നൂറ് ലഹളക്കാർ യുദ്ധത്തിൽ മരിച്ചു. ധീരന്മാരായ നമ്മുടെ യോദ്ധാക്കൾക്കും വമ്പിച്ച നഷ്ടങ്ങൾ ഉണ്ടായി" എന്നാണ് ഈ ഏറ്റുമുട്ടലിനെപ്പറ്റി ലോഗൻ സായ്പു രേഖപ്പെടുത്തിവച്ചിട്ടുള്ളത്.

പക്ഷേ, അതോടെ യുദ്ധമവസാനിച്ചില്ല. ജനുവരി 25-ാം തീയതി വീണ്ടും ഒരാക്രമണമുണ്ടായി. അതോടെ കലാപം പൂർണ്ണമായും അടിച്ചമർത്തപ്പെട്ടു.

ഇങ്ങനെ, ഇൻഡ്യയുടെ ഒന്നാമത്തെ സ്വാതന്ത്ര്യസമരമെന്ന് ചരിത്രകാരന്മാർ വിളിക്കുന്ന 1857-ലെ ആ മഹത്തായ ദേശീയകലാപം പൊട്ടിപ്പുറപ്പെടുന്നതിന് അര നൂറ്റാണ്ടു മുമ്പുതന്നെ കേരളക്കരയിൽ - മലബാറിലും, കൊച്ചിയിലും തിരുവിതാംകൂറിലും - സ്വാതന്ത്ര്യസമരങ്ങൾ ആരംഭിച്ചു കഴിഞ്ഞിരുന്നു.

എന്നാൽ, നാടുവാഴികളുടെ നേതൃത്വത്തിൽ നടന്ന ഈ സമരങ്ങളൊന്നും തന്നെ വിജയിക്കുകയുണ്ടായില്ല. കൂടുതൽ പരിഷ്ക്കരിച്ച ആയുധോപകരണങ്ങളുടേയും സൈന്യശക്തിയുടേയും സഹായത്തോടുകൂടി ബ്രിട്ടീഷുകാർക്ക് അവയെ നിർദ്ദയം അടിച്ചമർത്താനും അങ്ങിനെ ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിലെന്നപോലെ കേരളത്തിലും തങ്ങളുടെ മേധാവിത്വമുറപ്പിക്കാനും സാധിച്ചു.

## അദ്ധ്യായം 2

# ബ്രിട്ടീഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ

ബ്രിട്ടീഷ്ഭരണം കേരളത്തിന്റെ സാമ്പത്തിക വ്യവസ്ഥയെ ആകെ മാറ്റി മറിക്കുകയും താറുമാറാക്കുകയും ചെയ്തു. ബ്രിട്ടീഷ് വ്യവസായങ്ങളുടെ തുണിത്തരങ്ങളും മറ്റു ചരക്കുകളും കേരളത്തിലെ ഉൾനാടുകളിലേയ്ക്കുപോലും നുഴഞ്ഞുകയറുകയും കൈവേലയുടെ അടിസ്ഥാനത്തിലുള്ള നമ്മുടെ ഗ്രാമീണത്തൊഴിലുകളെ തകർക്കുകയും ചെയ്തു. ആധുനിക വ്യവസായങ്ങളുടെ വളർച്ചയെ ഒട്ടു പ്രോത്സാഹിപ്പിച്ചതുമില്ല. ഇതിൻഫലമായി ആയിരക്കണക്കിലുള്ള കൈവേലക്കാർ ജോലിയില്ലാതെ തെണ്ടിത്തിരിയാൻ തുടങ്ങി.

ബ്രിട്ടീഷുകാർ വരുന്നതിനുമുൻപ് കേരളത്തിൽ പറയത്തക്ക ഭൂനികുതിയൊന്നുമുണ്ടായിരുന്നില്ല. കച്ചവടച്ചരക്കുകളുടെ ചുങ്കങ്ങളിൽനിന്നു ലഭച്ചിരുന്ന ആദായമായിരുന്നു പ്രധാന രാജഭോഗം. കുറ്റക്കാരുടെ പിഴയിൽനിന്നും മറ്റുമായി വേറെയും ചില വരവിനങ്ങൾ ഉണ്ടായിരുന്നു. ഹൈദരാലിയുടെ ആക്രമണത്തിനുശേഷമാണ് സ്ഥിരമായ ഒരു ഭൂനികുതി ഏർപ്പെടുത്തപ്പെട്ടത്. എന്നാൽ, അക്കാലത്ത് അത് തുലോം തുച്ഛമായിരുന്നു. ബ്രിട്ടീഷുകാർ ഭൂനികുതി ദുസ്സഹമാംവിധം വർദ്ധിപ്പിച്ചു. 19-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും മലബാറിലെ ഭൂനികുതി 19 ലക്ഷം ക. ആയി വർദ്ധിച്ചുകഴിഞ്ഞിരുന്നു. 1901-ലെ സെറ്റിൽമെന്റ് പ്രകാരം പെട്ടെന്ന് അത് 35 ലക്ഷം ക. ആയി വർദ്ധിപ്പിക്കപ്പെട്ടു. ഈ നികുതിവർദ്ധനവ് അനേകം കുടുംബങ്ങളെ വഴിയാധാരമാക്കി.

ഭൂവുടമബന്ധങ്ങളിൽ വരുത്തപ്പെട്ട മാറ്റങ്ങളാണ് കൂടുതൽ ദൂരവ്യാപകങ്ങളായ ഫലങ്ങൾ ഉളവാക്കിയത്. യഥാർത്ഥ കൃഷിക്കാർക്ക് ഭൂമിയിൽ അവകാശമില്ലാതായി. ഭൂമിയെല്ലാം ജന്മികളുടെ സ്വകാര്യസ്വത്തായി

മാറി. 1793-ൽ ബ്രിട്ടീഷുകാർ വരുത്തിയ മാറ്റങ്ങളെപ്പറ്റി വില്യം ലോഗൻ ഇങ്ങനെ എഴുതുന്നു.

“ജന്മി ഒരു നിശ്ചിതാതിർത്തിക്കുള്ളിൽ അധികാരം പ്രായോഗിക്കുന്ന ഒരാൾ മാത്രമായിരുന്നു. ആ അധികാരത്തിന്റെ പേരിൽ ആ അതിർത്തിക്കുള്ളിലെ ഭൂമിയിലുണ്ടാകുന്ന വിളവിന്റെ ഒരു നിശ്ചിതമായ ഭാഗത്തിന് - പാട്ടം അല്ലെങ്കിൽ പ്രാചീന നിലനികുതി - അയാൾക്ക് അവകാശമുണ്ടായിരുന്നു. എന്നാൽ, കമ്മിഷണർമാർ ജന്മിയെ ഭൂമിയുടെ പ്രഭുവാക്കി മാറ്റി. ക്രമത്തിൽ ജന്മികൾ നീതിന്യായകോടതികളുടെ സഹായത്തോടെ യഥാർത്ഥകൃഷിക്കാരായ കുടിയാന്മാരുടെ അവകാശങ്ങളെ അവഗണിക്കാൻ തുടങ്ങി. ഇതിൽ അത്ഭുതപ്പെടാനൊന്നുമില്ലല്ലൊ.”

ചൂഷിതരായ കുടിയാന്മാരുടെ അസംതൃപ്തി ക്രമത്തിൽ ലഹളകളുടെ രൂപം കൈയ്ക്കൊണ്ടു. താൻ തയ്യാറാക്കിയ മലബാർ കുടിയായ്മബിൽ അവതരിപ്പിക്കാൻ അനുവാദം ചോദിച്ചുകൊണ്ട് ദിവാൻബഹദൂർ എം. കൃഷ്ണൻനായർ 1924 ഏപ്രിൽ മാസത്തിൽ മദിരാശി നിയമനിർമ്മാണ സഭയിൽ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി.

“പുരാതനകാലത്ത് ജന്മികൾക്ക് വസ്തുവിന്മേൽ ഇന്നത്തേപ്പോലെ ഉടമസ്ഥത ഉണ്ടായിരുന്നില്ല. 1792-ൽ ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാർ ജന്മികൾക്ക് വസ്തുവിന്മേൽ പൂർണ്ണമായ ഉടമസ്ഥാവകാശം കൊടുത്തു. കുടിയാന്മാരെ ഒഴിപ്പിക്കാനുള്ള പൂർണ്ണാധികാരവും ജന്മികൾക്കു നൽകി. ബ്രിട്ടീഷ് കോടതികളും അതേ അബദ്ധം പ്രവർത്തിച്ചു. ജന്മികളെ വസ്തുവിന്റെ പൂർണ്ണാധികാരികളാക്കിത്തീർത്തു. അതിന്റെ ശേഷം വസ്തുസംബന്ധമായി അനവധിപ്രാവശ്യം മാപ്പിളലഹളകൾ നടന്നിട്ടുണ്ട്. ജന്മികൾ അനവധി കുടിയാന്മാരെ ജാതിഭ്രഷ്ടരും സമുദായഭ്രഷ്ടരും ആക്കിത്തീർത്തിട്ടുണ്ട്. ജന്മികൾ പലപ്രകാരത്തിലും കുടിയാന്മാരെ അവമാനിക്കുകയും ഉപദ്രവിക്കുകയും ചെയ്തിട്ടുണ്ട്. കുടിയാന്മാർക്ക് ജന്മികളോടുള്ള കടമകൾ ക്രമേണ വർദ്ധിച്ചുവന്നു.”

ബ്രിട്ടീഷ് ഗവൺമെന്റ് നടപ്പിൽ വരുത്തിയ ഈ പുതിയ ഭൂവ്യവസ്ഥയുടെ ഫലമായി സ്വന്തം ഭൂമിയുള്ള കൃഷിക്കാരുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വന്നു. കുടിയാന്മാരുടേയും കർഷകത്തൊഴിലാളികളുടേയും എണ്ണം വർദ്ധിച്ചുകൊണ്ടുവന്നു. 1921-ലെ കനേഷുമാരി കണക്കനുസരിച്ച് വസ്തു കൃഷിചെയ്യുന്ന ജന്മിമാരും അവരെ ആശ്രയിക്കുന്നവരും കൂടി ആകെ ഒരു ലക്ഷത്തിൽപ്പരമായിരുന്നു. കുടിയാന്മാരും കർഷകത്തൊഴിലാളികളും അവരെ ആശ്രയിക്കുന്നവരും കൂടി പതിനാറരല

ക്ഷവും (കുടിയാന്മാരും ആശ്രിതരുംകൂടി ഒൻപത് ലക്ഷവും കർഷക ത്തൊഴിലാളികളും ആശ്രിതരും കൂടി ഏഴരലക്ഷവും).

എന്നാൽ, ബ്രിട്ടീഷ് ഭരണത്തിന്റെയും ജന്മി മേധാവിത്വത്തിന്റെയും അക്രമങ്ങളെ സ്വാഗതം ചെയ്യുകയല്ല നാട്ടുകാർ ചെയ്തത്. എത്രതന്നെ അസംഘടിതരായിരുന്നുവെങ്കിലും അവർ ഒട്ടനവധി സമരങ്ങളും ലഹ ളകളും നടത്തി. ചിലപ്പോൾ കൂട്ടായ്മക്കവർച്ചകളുടെ രൂപത്തിൽ, മറ്റു ചിലപ്പോൾ ജന്മികൾക്കോ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർക്കോ എതിരായ കലാപങ്ങളുടെ രൂപത്തിൽ, അവർ തങ്ങളുടെ അസംതൃപ്തിയും വിദ്വേ ഷവും പ്രകടിപ്പിച്ചു.

1792 മുതൽ 1799 വരെ മലബാർ ബോംബെ സംസ്ഥാനത്തിന്റെ ഭാഗ മായിരുന്നു. വർദ്ധിച്ച ലഹളകൾക്ക് ശ്രുതിപ്പെട്ട ഒരു കാലമാണ് ഇത്. 1800-നും 1805നും ഇടയിൽ വീണ്ടും വലിയ ലഹളകൾ നടന്നു. 1809 മുതൽ 1836 വരെ താരതമ്യേന സമാധാനപരമായ ഒരു കാലമായിരു ന്നു. 1832-നു ശേഷം കാർഷിക വളവുകളുടെ വില കയറാൻ തുട ങ്ങിയപ്പോൾ കൃഷിക്കാരിൽനിന്ന് ഭൂമിയൊഴിപ്പിച്ചെടുക്കാനുള്ള ജന്മിക ളുടെ പരിശ്രമം പതിന്മടങ്ങു വർദ്ധിച്ചു. അതിൻഫലമായി വീണ്ടും ലഹ ളകളും കലാപങ്ങളും പൊട്ടിപ്പുറപ്പെട്ടു.

ലഹളകളോ കലാപങ്ങളോ ഉണ്ടാകുമ്പോഴെല്ലാം ജന്മികളുടെ സംര ക്ഷണത്തിനായി ബ്രിട്ടീഷ് പട്ടാളങ്ങൾ ഉപയോഗിക്കപ്പെടുന്നത് കൃഷി ക്കാർ കണ്ടു. അതുകാരണം ജന്മികളെ മാത്രമല്ല, ബ്രിട്ടീഷ് ഉദ്യോഗ സ്ഥന്മാരെയും അവർ ആക്രമിച്ചു. ഇങ്ങിനെ 1836-നും 1900-നും ഇടയിൽ എൺപതോളം ലഹളകൾ ഉണ്ടായി. മിക്ക ലഹളകളിലും ജന്മിമേധാവി ത്വത്തിനും ബ്രിട്ടീഷ് ഭരണത്തിനും എതിരായ ആക്രമണങ്ങൾ കൂട്ടിയി ണക്കപ്പെട്ടിരുന്നു എന്നു കാണാം. ചിലപ്പോൾ ജന്മികളാണ് കൊല്ലപ്പെ ട്ടത്. മറ്റു ചിലപ്പോൾ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരും. ഉദാഹരണത്തിന് 1855 സെപ്റ്റംബറിൽ നടന്ന ലഹളയിൽ മി. കൊണോളി എന്ന ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ട് കൊല്ലപ്പെടുകയുണ്ടായി. അതിനു ശിക്ഷയായി കുറ്റക്കാർ താമസിച്ചു വന്ന ഒൻപത് അംശങ്ങളിൽ നിന്ന് 31,000 ക. പിഴയായി വസൂ ലാക്കുകയും ജനങ്ങളെ കഠിനമായ മർദ്ദനങ്ങൾക്ക് ഇരയാക്കുകയും ചെയ്തു.

മലബാറിലെ കുടിയാന്മാരിൽ വലിയൊരു ഭാഗം മാപ്പിളമാരായിരുന്നു. ജന്മികളും കാണക്കുടിയാന്മാരുമാകട്ടെ നമ്പൂതിരി, നായർ തുടങ്ങിയ ജാതിക്കാരായിരുന്നു. ഇതുകാരണം കുടിയാന്മാരുടെ ലഹളകളെ മാപ്പി ളലഹളകളാക്കി ചിത്രീകരിക്കാൻ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർക്ക് സാധിച്ചു. ഉദാഹരണത്തിന്, 1921-22-ലെ മലബാർ ലഹളയെപ്പറ്റി ഇൻഡ്യ

യുടെ സർവ്വ സൈന്യാധിപൻ തയ്യാറാക്കിയ റിപ്പോർട്ടിൽ ഇങ്ങനെ പ്രസ്താവിക്കുന്നു.

"മലബാറിലുള്ള മാപ്പിളമാർ ആദ്യം മുതൽക്കേ കലഹപ്രിയന്മാരും മതഭ്രാന്തന്മാരും താന്തോന്നിത്തത്തിന് പേരുകേട്ടവരുമാണ്. കഴിഞ്ഞ എൺപത് കൊല്ലത്തിനുള്ളിൽ ഭരണാധികാരികളുടെ എൺപത്തിയാറിൽ കുറയാതെ ലഹളകൾ അവർ നടത്തുകയുണ്ടായിട്ടുണ്ട്. ഇതിൽ മുക്കാലും അവസരങ്ങളിൽ പട്ടാളത്തെ സമാധാനരക്ഷയ്ക്കായി നിയമിക്കേണ്ടതായും വന്നിട്ടുണ്ട്."

എന്നാൽ, 1880–ൽ മലബാറിൽ ഡിസ്ട്രിക്ട് കളക്റ്ററായി പ്രവൃത്തി നടത്തിയിരുന്ന തിരുവിതാംകൂർ റസിഡന്റ് മി. മക്ക്ഗ്രിഗർ സായ്പ് "വസ്തുത സംബന്ധമായ വൈരത്തിൽ നിന്നാണ് ലഹളകൾ ഉത്ഭവിക്കുന്നത്" എന്നും "ജന്മിമാരുടെ ദ്രോഹാചാരത്തെ നശിപ്പിക്കുവാനായി ഉപയോഗപ്പെടുത്തിയിരുന്ന ഒരായുധം മാത്രമാണ് മതഭ്രാന്ത്", എന്നും അഭിപ്രായപ്പെടുകയുണ്ടായി.

"മലബാറിൽ വർഷംപ്രതി ക്ഷാമം ഉണ്ടാകാറുണ്ട്. മാപ്പിള ലഹളകൾ സാധാരണയായി ഈ കാലങ്ങളിലാണ് ഉണ്ടാവാറുപതിവ്. അതിനാൽ ക്ഷാമവും ഈ ലഹളകളുടെ ഒട്ടും അപ്രധാനമല്ലാത്ത ഒരു കാരണമായി കൂട്ടാം" എന്ന് 1923 മേയ് മാസത്തിൽ പാലക്കാട്ടുവച്ചു കൂടിയ രണ്ടാം കേരളസംസ്ഥാന രാഷ്ട്രീയ സമ്മേളനത്തിന്റെ സ്വാഗതസംഘാദ്ധ്യക്ഷൻ ശ്രീ. ഗായത്രീവല്ലഭയ്യർ ചൂണ്ടിക്കാണിക്കുന്നു.

1924 മാർച്ച് 14–ാം നു മദിരാശി നിയമനിർമ്മാണസഭയിൽ വച്ച് ശ്രീ. കെ. ഉപ്പിസാഹേബ് ചെയ്ത പ്രസംഗം ലഹളകളുടെ സ്വഭാവത്തിലേയ്ക്ക് കൂടുതൽ വെളിച്ചം വീശുന്നുണ്ട്.

"മലബാറിലുള്ള മിക്കവാറും മാപ്പിളമാർ വിദ്യാഭ്യാസമില്ലാത്തവരും കൃഷി പ്രവൃത്തി ചെയ്ത് ഉപജീവനം കഴിക്കുന്നവരുമാണ്. ബ്രിട്ടീഷുകാർ മലബാറിൽ വന്നയുടനെ അവിടെ മാപ്പിളലഹളയും അധികം അടുത്തടുത്തുണ്ടാകാൻ തുടങ്ങി. മലബാറിലെ ജന്മികൂടിയായ്മയെപ്പറ്റി ബ്രിട്ടീഷ് ഭരണാധികാരികൾക്ക് ശരിയായി യാതൊരു വിവരവും ഉണ്ടായിരുന്നില്ല. ഇംഗ്ലീഷുകാരുടെ ജന്മികുടിയായ്മ സമ്പ്രദായമാണ് അവർ മലബാറിൽ നടപ്പാക്കിയത്. അതിന്റെ ഫലമായി ജന്മികളും കുടിയാന്മാരും തമ്മിലുള്ള ബന്ധം അകന്നകന്ന് വലിയ ലഹളകളായി കലാശിച്ചു. എന്നാൽ, ഈ ലഹളകളുടെ യഥാർത്ഥ കാരണങ്ങൾ അന്വേഷിച്ചറിഞ്ഞ് അവയെ പരിഹരിക്കുവാൻ ശ്രമിക്കേണ്ടതിനു പകരം ഗവൺമെന്റ് മാപ്പിളലഹള ആക്ട് എന്ന ഒരു ദാരുണമായ നിയമം പാസ്സാക്കുകയാണ് ചെയ്തത്. ഈ ആക്ടിലെ വകുപ്പുകളിൽ ഒന്ന് ലഹളയിൽപെട്ടിട്ടുള്ള

മാപ്പിളയുടെ ശവം മുസൽമാൻമാരുടെ മതാചാരത്തിന് തീരെ വിപരീത മായ വിധത്തിൽ തീവച്ചു നശിപ്പിക്കണമെന്നുള്ളതാണ്. ലഹളക്കാരനായ ഏതെങ്കിലും ഒരു മാപ്പിള ഒരു അംശത്തിൽക്കൂടി കടന്നുപോകുന്നപക്ഷം ആ അംശത്തിൽ താമസിക്കുന്ന എല്ലാ മാപ്പിളമാരും അവരുടെ സ്വത്തിൽ ഒരു ഭാഗം ഗവൺമെന്റിലേയ്ക്ക് കൊടുക്കണമെന്നാണ് ഈ ആക്ടിലെ മറ്റൊരു വകുപ്പ്. മാപ്പിളമാരുടെ മതസിദ്ധാന്തങ്ങളെ അടിച്ചുടച്ച് മാപ്പിള ലഹളകളെ അമർത്തുവാൻ നിർമ്മിച്ചതായ ഈ നിയമം അതിന്റെ ഉദ്ദി ഷ്ടകാര്യം നിറവേറ്റിയില്ലെന്നു മാത്രമല്ല, 1853-ൽ ആ നിയമം പാസ്സാ ക്കിയതിന്റെ ശേഷം മാപ്പിള ലഹളകൾ അധികം അടുത്തടുത്തും അധികം ഭയങ്കരമായ വിധത്തിലും ഉണ്ടാകുകകൂടി ചെയ്തു."

1923 മേയ് മാസത്തിൽ തലശ്ശേരിയിൽവച്ചു കൂടിയ ഖിലാഫത്ത് കാൺഫറൻസിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ട് ഡാക്ടർ സെയ്തുമാമൂദ് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി.

"ബ്രിട്ടീഷുകാർ വരുന്നതിനു മുൻപായി മലബാറിൽ നിവസിച്ചിരുന്ന ഹിന്ദുക്കളും, മുഹമ്മദീയരും തമ്മിലുള്ളതായ ചേർച്ച എത്രയോ പ്രശം സനീയമായ നിലയിലായിരുന്നു. സാമൂതിരിപ്പാടും കോലനാട് രാജാക്ക ന്മാരും ഈ രാജ്യം ഭരിച്ചിരുന്ന കാലത്ത് മാപ്പിള ലഹള ഇവിടെ ഉണ്ടാ യിരുന്നതായി കാണുന്നില്ല. വാസ്തവം പറയുന്നതായാൽ, സാമൂതിരി പ്പാടിന്റെ ഭരണകാലത്ത് ചില വലിയ ഉദ്യോഗങ്ങൾ മാപ്പിളമാർ സ്വീകരി ച്ചുവന്നതായും അറിയുന്നു. ഈ തരത്തിലുള്ള സൗഹാർദ്ദത്തോടുകൂടി യായിരുന്നു ഈ രണ്ടു സമുദായങ്ങളും കേരളത്തിൽ വർത്തിച്ചിരുന്ന ത്. ഇങ്ങനെയിരിക്കെ ബ്രിട്ടീഷുകാർ ഈ രാജ്യത്ത് എത്തിച്ചേർന്നശേഷം കഴിഞ്ഞ എഴുപത് കൊല്ലത്തിനുള്ളിൽ 90 ലഹളകൾ ഉണ്ടായത് ഈ ഭരണത്തിന്റെ യോഗ്യത വെളിപ്പെടുത്തുന്നുണ്ട്."

ഇതിൽനിന്നെല്ലാം വ്യക്തമാകുന്നതെന്താണ്?

1. ബ്രിട്ടീഷ് ഭരണാധികാരികൾ കേരളത്തിലെ സാമ്പത്തിക വ്യവ സ്ഥയെ താറുമാറാക്കിയതിന്റെ ഫലമായി ജനങ്ങളുടെ ജീവിതം അധഃ പതിച്ചു. പട്ടിണിയും ക്ഷാമവും നടമാടാൻ തുടങ്ങി.

2. ബ്രിട്ടീഷ് ഭരണത്തിനും ജന്മികളുടെ അക്രമങ്ങൾക്കും എതി രായി കൃഷിക്കാർ അനേകം ലഹളകൾ നടത്തി.

3. തങ്ങളുടെ മേധാവിത്വമുറപ്പിക്കുവാൻ വേണ്ടി ബ്രിട്ടീഷ് ഭരണാ ധികാരികൾ ഹിന്ദുക്കളും, മുസ്ലീങ്ങളും തമ്മിൽ മത്സരങ്ങൾ ഉണ്ടാക്കാൻ പാടുപെടുകയും മാപ്പിള കൃഷിക്കാരെ ഒറ്റതിരിച്ചു മർദ്ദിക്കുകയും ചെയ്തു.

4. എന്നിട്ടും, മർദ്ദനങ്ങളെ വകവയ്ക്കാതെ ബ്രിട്ടീഷ് ഭരണാധികാ രികൾക്ക് എതിരായ ജനങ്ങളുടെ സമരങ്ങൾ ശക്തിപ്പെടുകയാണ് ചെയ്തത്.

## അദ്ധ്യായം 3

# കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും

1885-ലാണ് ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് ജനിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽത്തന്നെ കേരളത്തിൽനിന്നുള്ള ചില പ്രതിനിധികൾ കാൺഗ്രസ്സിന്റെ വാർഷികസമ്മേളനങ്ങളിൽ പങ്കെടുക്കുക പതിവായിരുന്നു. അമരാവതിയിൽവച്ചു കൂടിയ കാൺഗ്രസ്സിന്റെ പതിമൂന്നാമത്തെ വാർഷികസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത് ഒരു കേരളീയനായ ചേറ്റൂർ ശങ്കരൻ നായരായിരുന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭംവരെയും കേരളത്തിൽ പറയത്തക്ക കാൺഗ്രസ്സ് പ്രവർത്തനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. 1903ലാണ് കേരളത്തിൽ ആദ്യമായി സേലം വിജയരാഘവാചാരിയുടെ അദ്ധ്യക്ഷതയിൽ കോഴിക്കോട്ടുവച്ച് ഒരു സമ്മേളനം കൂടിയത്. പക്ഷേ, അപ്പോഴും സംഘടിതമായ രാഷ്ട്രീയ പ്രവർത്തനങ്ങളൊന്നും ആരംഭിച്ചുകഴിഞ്ഞിരുന്നില്ല.

1905-ൽ ബങ്കാൾ വിഭജനത്തെ തുടർന്ന് ഇൻഡ്യയിൽ ഒട്ടുക്കും ഉണ്ടായ പ്രക്ഷോഭണങ്ങളുടെ അലകൾ കേരളീയരുടെ ഹൃദയങ്ങളിലും ചലനങ്ങൾ ഉണ്ടാക്കി. അതിനുശേഷമാണ് ഇവിടെ കോൺഗ്രസ്സ് പ്രസ്ഥാനമാരംഭിച്ചത്. 1910 ആരംഭത്തോടുകൂടി മലബാറിൽ ഒരു ഡിസ്ട്രിക്റ്റ് കോൺഗ്രസ്സ് കമ്മിറ്റി രൂപവൽക്കരിക്കപ്പെട്ടതായി കാണുന്നുണ്ട്. പക്ഷേ, നാട്ടുകാർക്കിടയിൽ സജീവമായ പ്രവർത്തനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല.

1914-ലാണ് ഈ സ്ഥിതിക്ക് ഒരു മാറ്റം വന്നത്. യുദ്ധം ബ്രിട്ടീഷ് സാമ്രാജ്യാധിപത്യത്തിന്റെ പാപ്പരത്തത്തെ തുറന്നു കാണിച്ചു. ഇൻഡ്യയുടെ സാമ്പത്തികവും, സാമൂഹ്യവും രാഷ്ട്രീയവുമായ എല്ലാ മണ്ഡലങ്ങളിലും വമ്പിച്ച മാറ്റങ്ങൾ ഉണ്ടായി. യുദ്ധത്തിന്റെ ആവശ്യങ്ങൾ

ഇൻഡ്യൻ വ്യവസായങ്ങളുടെ വളർച്ചയ്ക്ക് തെല്ലൊരു പ്രചോദനം നൽകി. അപ്പോഴും ബ്രിട്ടീഷ് മേധാവികൾ അവയെ ഞെക്കിക്കൊല്ലാനാണ് ശ്രമിച്ചത്. താങ്ങാനാവാത്ത നികുതികളും നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവും ജനങ്ങളുടെ ജീവിതത്തെ താറുമാറാക്കുവാൻ തുടങ്ങി. ജനങ്ങളുടെ അസംതൃപ്തിയും രാഷ്ട്രീയ ബോധവും പതിന്മടങ്ങ് വർദ്ധിച്ചു. രാജ്യരക്ഷാനിയമത്തിന്റെ മർദ്ദനസംവിധാനങ്ങൾ ജനങ്ങളുടെ ബ്രിട്ടീഷ് വിരോധത്തെ മൂർച്ഛിപ്പിക്കുവാനേ ഉപകരിച്ചുള്ളു. 1916-ൽ ലോകമാന്യതിലകന്റേയും ആനിബസന്റിന്റേയും നേതൃത്വത്തിൽ "ഹോംറൂൾ" പ്രസ്ഥാനം ആരംഭിച്ചു. 1916-ൽ ലക്നോ കോൺഗ്രസ്സ് സമ്മേളനത്തിൽവച്ച് കോൺഗ്രസ്സിനുള്ളിലെ മിതവാദികളും തീവ്രവാദികളും വീണ്ടും യോജിപ്പിലെത്തി. അതേകൊല്ലത്തിൽത്തന്നെ "സാമ്രാജ്യത്തിനുള്ളിൽ സ്വയംഭരണം നേടുക" എന്ന പൊതുലക്ഷ്യത്തിനു വേണ്ടി കോൺഗ്രസ്സും മുസ്ലീംലീഗും തമ്മിൽ ഒരു ഒത്തുതീർപ്പുണ്ടായി.

ഈ സംഭവവികാസങ്ങളെല്ലാം ഇൻഡ്യൻ ജനതയുടെ രാഷ്ട്രീയ ബോധത്തെ തട്ടിയുണർത്തി.

1916-ൽത്തന്നെ കേരളത്തിലെ കോഴിക്കോട് പട്ടണത്തിൽ ഒരു സംഭവമുണ്ടായി: ടൗൺഹാളിൽ കളക്ടർ ഇന്നിസ്സിന്റെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം നടന്നു കൊണ്ടിരിക്കുകയാണ്. ഡിസ്ട്രിക്റ്റു ജഡ്ജി, പോലീസ് സൂപ്രണ്ട് തുടങ്ങിയ ഉദ്യോഗസ്ഥന്മാരും ചില നാട്ടുപ്രമാണികളും പ്ലാറ്റ് ഫാറത്തിൽ ഇരിക്കുന്നുണ്ട്. യുദ്ധഫണ്ടിലേയ്ക്ക് പൊതുജനങ്ങളുടെ വകയായി ഒരു പണക്കിഴി സമ്മാനിക്കാൻ തീരുമാനിച്ചുകൊണ്ടുള്ള ഒരു പ്രമേയം അവതരിപ്പിക്കപ്പെട്ടു. പ്രമേയത്തെ എതിർത്തുകൊണ്ട് സംസാരിക്കാൻ ശ്രീ. കെ. പി. കേശവമേനോൻ എഴുന്നേറ്റുനിന്നു. മലയാളത്തിലാണ് പ്രസംഗം തുടങ്ങിയത്. കളക്ടർ ഉടനെ അത് വിലക്കി. ഒരു മലയാളി മലയാളത്തിൽ പ്രസംഗിക്കുകയോ? മലയാളത്തിൽ പ്രസംഗിക്കാൻ തനിക്ക് അവകാശമുണ്ടെന്ന് കേശവമേനോൻ; പാടില്ലെന്ന് കളക്ടർ. കളക്ടറുടെ തീരുമാനത്തിൽ പ്രതിഷേധിച്ച് കേശവമേനോൻ ഒരു ഇറങ്ങിപ്പോക്ക് നടത്തി. അതോടെ മറ്റു വളരെപ്പേരും യോഗസ്ഥലംവിട്ട് ഇറങ്ങിപ്പോയി. അതൊരു പ്രക്ഷോഭജനകമായ സംഭവമായിത്തീർന്നു. നാട്ടിലെങ്ങും ദേശാഭിമാനം അലയടിക്കാൻ തുടങ്ങിയതിന്റെ ഒരു അടയാളമായിരുന്നു അത്.

യുദ്ധത്തിന്റെ പ്രത്യാഘാതങ്ങൾ കാരണം മലബാറിലെ രാഷ്ട്രീയ പ്രസ്ഥാനത്തിന് ഒരു പുതിയ ജീവൻ വച്ചു. ടൗൺ ഹാൾ സംഭവത്തിന് മുമ്പുതന്നെ ഹോം റൂൾ ലീഗിന്റെ ഒരു ശാഖ മലബാറിലും സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ഡിസ്ട്രിക്റ്റ് കോൺഗ്രസ്സ് കമ്മിറ്റി കൂടുതൽ സജീ

വമായിത്തീർന്നു. കേശവമേനോനായിരുന്നു രണ്ട് സംഘടനകളുടേയും സെക്രട്ടറി. കോൺഗ്രസ്സിന്റേയും, ഹോം റൂൾ ലീഗിന്റെയും ആഭിമുഖ്യത്തിൽ ഉൾനാടുകളിൽ അനേകം പൊതുയോഗങ്ങൾ കൂടി. രണ്ട് സംഘടനകളുടേയും ശാഖകൾ പലയിടത്തും സ്ഥാപിക്കപ്പെട്ടു. അങ്ങിനെ മലബാറിലെ രാഷ്ട്രീയ പ്രവർത്തനങ്ങൾ ഒരു പുതിയ ഘട്ടത്തിലേയ്ക്ക് ഉയർന്നു.

1916 മേയ് മാസത്തിൽ പാലക്കാട്ടുവച്ച് ആനിബസന്റിന്റെ അദ്ധ്യക്ഷതയിൽ ഒരു രാഷ്ട്രീയ സമ്മേളനം നടന്നു. ജില്ലാ അടിസ്ഥാനത്തിൽ കേരളത്തിൽ നടന്ന ഒന്നാമത്തെ രാഷ്ട്രീയ സമ്മേളനമായിരുന്നു അത്. അതിനുശേഷം കൊല്ലംതോറും വിഭിന്ന സ്ഥലങ്ങളിൽവച്ച് കോൺഫറൻസുകൾ കൂടുക പതിവായിത്തീർന്നു.

ആദ്യകാലത്തെ കോൺഗ്രസ്സ് സമ്മേളനങ്ങളിൽ ജന്മികളും മറ്റു ധനാഢ്യന്മാരും സജീവമായി പങ്കെടുക്കുകയുണ്ടായി. കൊല്ലംകോട് വാസുദേവരാജാവായിരുന്നു ഒന്നാം സമ്മേളനത്തിന്റെ സ്വാഗതസംഘാദ്ധ്യക്ഷൻ. കോഴക്കോടുവച്ച് കൂടിയ രണ്ടാം സമ്മേളനത്തിൽ സി.പി. രാമസ്വാമിഅയ്യരെ അദ്ധ്യക്ഷസ്ഥാനത്തേയ്ക്ക് ക്ഷണിച്ചത് സാമൂതിരി രാജാവാണ്. കുതിരവട്ടത്ത് കുഞ്ഞുക്കുട്ടൻ തമ്പാനാണ് അതിനെ പിൻതാങ്ങിയത്. 1918-ൽ തലശ്ശേരിയിൽവച്ചു കൂടിയ മൂന്നാം സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ ബങ്കനപ്പള്ളിയിലെ ജമീൻദാരായമിർ ആസാദ് ആലിഖാൻ ബഹദൂർ ആണ്. ചിറയ്ക്കൽ രാമവർമ്മ വലിയ രാജാവായിരുന്നു. സ്വാഗതസംഘാദ്ധ്യക്ഷൻ. അദ്ധ്യക്ഷൻ മാത്രമല്ല, സ്വാഗതസംഘാദ്ധ്യക്ഷനും ഇംഗ്ലീഷിലാണ് പ്രസംഗിച്ചത്. വടകരവച്ച് ശ്രീ. കെ. പി. രാമൻമേനോന്റെ അദ്ധ്യക്ഷതയിൽക്കൂടിയ നാലാം സമ്മേളനത്തിന്റെ പ്രധാന ഭാരവാഹികൾ ശ്രീ. ഈ. കെ. ശങ്കരവർമ്മരാജാ, ശ്രീ. രാമവർമ്മരാജാ മുതലായവരായിരുന്നു.

പ്രമേയങ്ങൾ പരിശോധിച്ചാലും ഈ ദൗർബല്യങ്ങൾ കാണാം. ജനങ്ങളുടെ ദേശാഭിമാനത്തെ പ്രതിഫലിപ്പിക്കുന്ന പല പ്രമേയങ്ങളും പാസ്സാക്കപ്പെട്ടിരുന്നുവെന്നത് ശരിയാണ്. നിയമസഭയിൽ കൂടുതൽ പ്രാതിനിധ്യം അനുവദിക്കാനും, തദ്ദേശഭരണസഭകളെ വിപുലീകരിക്കുവാനുമുള്ള അഭ്യർത്ഥനകൾ, കാളേജുകൾ തുറക്കാനും ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിക്കുവാനുമുള്ള അപേക്ഷകൾ, ജനങ്ങളോട് കൂടുതൽ ഉത്തരവാദിത്വമുള്ള ഭരണകൂടം സ്ഥാപിക്കുവാനും പുതുതായി ഒരു ഭരണപരിഷ്ക്കാരനിയമം ആവിഷ്ക്കരിക്കുവാനുള്ള അഭ്യർത്ഥന, വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകാനുള്ള അപേക്ഷ, മർദ്ദന നിയമങ്ങൾ

പ്രത്യേകിച്ചും മലബാറിലെ മാപ്പിളനിയമം റദ്ദാക്കാനുള്ള അഭ്യർത്ഥന - ഇങ്ങിനെ പലതും പ്രമേയങ്ങളിൽ ഉൾപ്പെട്ടിരുന്നു.

എന്നാൽ, അതോടൊപ്പം തന്നെ, അടിമത്തബോധത്തിന്റെ പ്രകടനങ്ങളുമുണ്ടായിരുന്നു. ഒന്നാം സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങളിൽ ഒന്ന് നായന്മാരെ ചേർത്ത് ഒരു പ്രത്യേക പട്ടാളം ഏർപ്പെടുത്തിയതിന് ഗവൺമെന്റിനോട് നന്ദി പറഞ്ഞുകൊണ്ടുള്ളതായിരുന്നു. രണ്ടാം സമ്മേളനം പാസ്സാക്കിയ പ്രധാന പ്രമേയങ്ങളിൽ ഒന്നിൽ "ഈ ജില്ലയിലെ രാജഭക്തരായ ജനങ്ങൾ യുദ്ധക്കളത്തിലേയ്ക്ക് അവരുടെ കഴിവിനനുസരിച്ച് ധാരാളം പണം കൊടുക്കേണ്ടതാണ്" എന്നാവശ്യപ്പെട്ടു. മറ്റൊരു പ്രമേയത്തിൽ "ഇൻഡ്യൻ ഡിഫൻസ് ഫോഴ്സിൽ ഇൻഡ്യാക്കാരായ യുവാക്കന്മാരെ വാളൻഡിയറന്മാരായി ചേരുവാൻ അനുവദിച്ചതിന് നന്ദി രേഖപ്പെടുത്തി. നാലാം സമ്മേളനത്തിലെ ഒന്നാമത്തെ പ്രമേയം രാജഭക്തി പ്രഖ്യാപിക്കുന്നതായിരുന്നു. ലോകമഹായുദ്ധത്തിൽ ബ്രിട്ടീഷു സാമ്രാജ്യത്തിന് സിദ്ധിച്ച വിജയത്തിൽ സമ്മേളനം സന്തോഷം പ്രകടിപ്പിച്ചു.

ഇൻഡ്യയുടെ ഒട്ടാകെയുള്ള ചിത്രം പരിശോധിച്ചാലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. വിലവർദ്ധനവും പട്ടിണിയും കഷ്ടപ്പാടും ഒരു കോടിയിലധികം ആളുകളുടെ മരണത്തിന് ഇടയാക്കിയ ഇൻഫ്ളുവൻസാ തുടങ്ങിയ പകർച്ച വ്യാധികളും ജനങ്ങളുടെ അസംതൃപ്തിയെ വർദ്ധിപ്പിച്ചുവെന്നത് ശരിയാണ്. പഞ്ചാബിലും മറ്റു ചില സ്ഥലങ്ങളിലും ഖദർപ്രസ്ഥാനംപോലുള്ള വിപ്ലവപ്രസ്ഥാനങ്ങൾ പൊന്തിവന്നുവെന്നതും ശരിയാണ്. പക്ഷേ, അതെല്ലാം നിർദ്ദയം അടിച്ചമർത്തപ്പെടുകയാണ് ചെയ്തത്. കോൺഗ്രസ്സ് നേതാക്കന്മാരിൽ ഒരു വലിയ വിഭാഗത്തിന് അപ്പോഴും ബ്രിട്ടീഷു ഗവൺമെന്റിന്റെ നീതിബോധത്തിൽ വലിയ വിശ്വാസമാണ് ഉണ്ടായിരുന്നത്. വാർഷിക സമ്മേളനങ്ങളിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങളിൽ രാജഭക്തിയും യുദ്ധത്തിൽ ബ്രിട്ടന് പിന്തുണയും പ്രഖ്യാപിക്കുക പതിവായിരുന്നു. 1918-ൽ യുദ്ധം അവസാനിച്ചയുടനെ ഡെൽഹിയിൽവച്ചുകൂടിയ സമ്മേളനത്തിൽപ്പോലും രാജാവിനോടുള്ള ഭക്തിയും 'യുദ്ധത്തിന്റെ വിജയകരമായ പര്യവസാന"ത്തിൽ അഭിനന്ദനവും രേഖപ്പെടുത്തിയിരുന്നു. ബ്രിട്ടൻ ചെറുകിടരാജ്യങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് യുദ്ധത്തിൽ ഇടപെട്ടതെന്നും അതുകൊണ്ട് യുദ്ധാവസാനത്തിൽ ഇൻഡ്യയ്ക്ക് സാമ്രാജ്യത്തിനുള്ളിൽ സ്വതന്ത്രമായ ഒരു പദവി ലഭിക്കുമെന്നുമുള്ള വിശ്വാസമായിരുന്നു ഇതിനു കാരണം. എന്നാൽ ബ്രിട്ടീഷു സാമ്രാജ്യവാദികൾ കോൺഗ്രസ്സിനെ വഞ്ചിക്കുകയാണ് ചെയ്തത്. യുദ്ധം അവസാനിച്ചപ്പോൾ സ്വാതന്ത്ര്യമല്ല, റൗലറ്റ് ആക്ടുപോലുള്ള

മർദ്ദന നിയമങ്ങളും ജാലിയൻവാല ബാഗിലെ ബീഭത്സമായ കൂട്ടക്കൊലയുമാണ് ഇൻഡ്യയ്ക്ക് അവർ നൽകിയത്. ഇൻഡ്യയുടെ പുരോഗതിക്കുവേണ്ടിയുള്ള ഏത് പരിശ്രമത്തേയും നിർദ്ദയം അടിച്ചമർത്താനുള്ള ഒരുക്കങ്ങളാണ് അവർ നടത്തിയത്. ഈ വിശ്വാസ വഞ്ചന മിക്ക കോൺഗ്രസ്സ് നേതാക്കന്മാരുടേയും സ്വാതന്ത്ര്യബോധത്തെ ശുണ്ഠിപിടിപ്പിച്ചു. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും അസംതൃപ്തി പരന്നുപിടിച്ചു. ഈ പരിതഃസ്ഥിതിയിലാണ് മഹാത്മാഗാന്ധി കോൺഗ്രസ്സിന്റെ നേതൃത്വം ഏറ്റെടുത്തത്.

1918–ന്റെ അവസാനത്തിൽത്തന്നെ ഇൻഡ്യാസെക്രട്ടറി മൊണ്ടേഗു പ്രഭുവും ഇൻഡ്യാ വൈസ്രായി ചെംസ്ഫോർഡ് പ്രഭുവും കൂടി തയ്യാറാക്കിയ ഒരു ഭരണപരിഷ്ക്കാര റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. പ്രധാനപ്പെട്ട ഭരണഡിപ്പാർട്ടുമെന്റുകളൊക്കെ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാരുടെ കൈയിൽത്തന്നെ നിലനിറുത്തുകയും അപ്രധാനങ്ങളായ ചില ഡിപ്പാർട്ടുമെന്റുകൾ മാത്രം ഇൻഡ്യക്കാരായ മന്ത്രിമാർക്ക് ഏൽപ്പിച്ചുകൊടുക്കുകയും ചെയ്യുന്ന ഒരുതരം ദ്വിഭരണവ്യവസ്ഥയായിരുന്നു റിപ്പോർട്ടിലെ ഉള്ളടക്കം. 1919–ൽ അതു നിയമമായിത്തീർന്നു.

ഈ പുതിയ നിയമത്തിൽ പുരോഗമനപരമായ പലതും അടങ്ങീട്ടുണ്ടെന്നും അതുകൊണ്ട് അത് സ്വീകാര്യമാണെന്നും ചില കോൺഗ്രസ്സ് നേതാക്കന്മാർ വാദിച്ചു. അതൊട്ടും തന്നെ തൃപ്തികരമല്ലെന്നും അതുകൊണ്ട് ഒരിക്കലും അത് സ്വീകരിച്ചു കൂടാ എന്നും മറ്റുള്ളവരും വാദിച്ചു. രണ്ടാമത് പറഞ്ഞവരുടെ അഭിപ്രായത്തിനാണ് ജനങ്ങൾക്കിടയിൽ കൂടുതൽ പിൻതുണ ലഭിച്ചത്. രണ്ട് വിഭാഗക്കാരും തമ്മിൽ തീവ്രമായ വാദപ്രതിവാദങ്ങൾ ആരംഭിച്ചു. രാഷ്ട്രീയമായ ഒരു കോളിളക്കത്തിന്റെ മുന്നോടിയായിരുന്നു അവ.

ഇങ്ങനെ, ഇൻഡ്യയിലൊട്ടുക്കും പ്രക്ഷുബ്ധമായ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞ ഒരു സന്ദർഭത്തിലാണ്, 1920 ഏപ്രിൽ മാസത്തിൽ മഞ്ചേരിയിൽവച്ച് അഞ്ചാമത്തെ അഖില മലബാർ സമ്മേളനം കൂടിയത്. മലബാറിന്റെ നാനാഭാഗത്തുനിന്നും പ്രതിനിധികളായിട്ടുതന്നെ 1,300–ഓളം പേർ അതിൽ സന്നിഹിതരായിരുന്നു.

സ്വാഭാവികമായി, പുതിയ ഭരണപരിഷ്ക്കാരങ്ങൾ സജീവമായ ചർച്ചകൾക്കും തീവ്രമായ വാദപ്രതിവാദങ്ങൾക്കും വിധേയമായി. ഇവിടെയും രണ്ട് വിഭാഗക്കാരുണ്ടായിരുന്നു. ഭരണപരിഷ്ക്കാരങ്ങളുമായി സഹകരിക്കണമെന്ന് വാദിച്ചവരും അവയെ തള്ളിക്കളയണമെന്ന് വാദിച്ചവരും. ചൂടുപിടിച്ച വാദപ്രതിവാദമാണ് നടന്നത്. “പൂർണ്ണമായ ഉത്തരവാദിത്വഭരണത്തിന് ഇൻഡ്യ തികച്ചും പ്രാപ്തയാണെന്നും മൊണ്ടേഗുവിന്റെ

ഭരണപരിഷ്ക്കാരത്തിൽ ഇൻഡ്യയുടെ മേൽപ്പറഞ്ഞ ന്യായമായ അവകാശത്തെ അവഗണിച്ചിരിക്കുന്നുവെന്നും അതിനാൽ ഈ പുതിയ പരിഷ്ക്കാരം അതൃപ്തികരവും ഇച്ഛാഭംഗ ജനകവുമാണെ"ന്നുമുള്ള ഒരു പ്രമേയം ശ്രീ കെ.പി. രാമൻമേനോൻ അവതരിപ്പിച്ചു. ആനിബസന്റിന്റെ നേതൃത്വത്തിൽ ചിലർ അതിനെ ശക്തിയായി എതിർത്തു. അതൃപ്തികരവും ഇച്ഛാഭൃഗജനകവുമാണെന്നുള്ള ഭാഗം എടുത്തുകളയണമെന്ന് അവർ ആവശ്യപ്പെട്ടു. വോട്ടിനിട്ടപ്പോൾ പ്രമേയം വമ്പിച്ച ഭൂരിപക്ഷത്തോടെ പാസ്സായി. ഭരണപരിഷ്ക്കാരങ്ങൾ ഏർപ്പെടുത്താൻ സഹായിച്ച മൊണ്ടേഗുപ്രഭുവിനോടും സിന്ഹാപ്രഭുവിനോടും കൃതജ്ഞത പറയുന്ന മറ്റൊരു പ്രമേയം തള്ളപ്പെട്ടു.

കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ ഒരു വഴിത്തിരിവിനെക്കുറിക്കുന്ന മഞ്ചേരി സമ്മേളനത്തിൽ വച്ചുതന്നെയാണ് ജന്മികളുടേയും, കൃഷിക്കാരുടേയും പ്രതിനിധികൾ തമ്മിൽ ആദ്യമായി ഒരു സംഘട്ടനം ഉണ്ടായത്. കുടിയാന്മാരുടെ താൽപ്പര്യങ്ങളേയും ന്യായമായ അവകാശങ്ങളേയും സംരക്ഷിക്കാൻ ഉതകുന്ന ഒരു നിയമനിർമ്മാണം ആവശ്യമാണെന്നുള്ള ഒരു പ്രമേയം ശ്രീ കെ. പി. രാമൻമേനോൻ അവതരിപ്പിച്ചു. ശ്രീ. കെ.സി. വീരരായൻ രാജാ, ശ്രീ മണ്ണാർക്കാട് മൂപ്പിൽനായർ, ശ്രീ ഉദയവർമ്മ രാജാ, മുതലായവർ അതിനെ കഠിനമായി എതിർത്തു. ഭൂമി ജന്മികളുടെ സ്വകാര്യ സ്വത്താണെന്നും ജന്മികളുടെ അവകാശാധികാരങ്ങളെ നിയന്ത്രിക്കുന്ന യാതൊരു നടപടിയും ന്യായമല്ലെന്നും അവർ വീറോടെ വാദിച്ചു. പക്ഷേ, വോട്ടിനിട്ടപ്പോൾ ഈ പ്രമേയവും വമ്പിച്ച ഭൂരിപക്ഷത്തോടെ പാസ്സായി.

മഞ്ചേരി സമ്മേളനത്തോടുകൂടി മലബാറിലെ രാഷ്ട്രീയാന്തരീക്ഷമാകെ ഇളകിമറിയാൻ തുടങ്ങി.

## അദ്ധ്യായം 4

# മലബാർ ലഹള

1920-ൽ മഹാത്മാഗാന്ധി കാൺഗ്രസിന്റെ നേതൃത്വമേറ്റെടുത്തതോടുകൂടി രാജ്യത്തിലെങ്ങും വലിയൊരുണർവുണ്ടായി. 1920 ഡിസംബർ മാസത്തിൽ നാഗപ്പൂരിൽവച്ചുകൂടിയ കാൺഗ്രസ്സ് സമ്മേളനത്തിൽവച്ച് സ്വരാജ്യം നേടുകയാണ് കാൺഗ്രസ്സിന്റെ ലക്ഷ്യമെന്നും അക്രമരഹിതമായ നിസ്സഹകരണമാണ് അത് നേടാനുള്ള മാർഗ്ഗമെന്നും പ്രഖ്യാപിക്കപ്പെട്ടു. അതിനെതുടർന്ന് അനേകം വക്കീൽമാർ പ്രാക്റ്റീസ് നിറുത്തി. വിദ്യാർത്ഥികൾ വിദ്യാലയങ്ങൾ ഉപേക്ഷിച്ചു പുറത്തുവന്നു. സ്വരാജ്യം നേടിയേ അടങ്ങൂ എന്ന ദൃഢനിശ്ചയത്തോടെ യുവാക്കന്മാർ സമരാങ്കണത്തിലിറങ്ങി. കാൺഗ്രസ്സും ഖിലാഫത്ത് പ്രസ്ഥാനവും യോജിച്ചു. ഹിന്ദുക്കളും മുസ്ലീങ്ങളും കൈകോർത്തുപിടിച്ചുകൊണ്ട് സമരത്തിനിറങ്ങി. ആവേശകരമായ ത്യാഗസന്നദ്ധത എല്ലായിടത്തും പ്രത്യക്ഷപ്പെട്ടു.

നാഗപ്പൂർസമ്മേളനത്തിൽ വച്ചുതന്നെയാണ് കാൺഗ്രസ്സ് സംസ്ഥാനങ്ങളെ ഭാഷാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുവാനും നാട്ടുരാജ്യങ്ങളെക്കൂടി സംസ്ഥാനങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തുവാനും തീരുമാനിക്കപ്പെട്ടത്. അതേവരെ കേരളത്തിൽ മലബാർപ്രദേശത്തുമാത്രമേ കാര്യമായ കാൺഗ്രസ്സു പ്രവർത്തനങ്ങൾ നടന്നിരുന്നുള്ളു. നാഗപ്പൂർ തീരുമാനമനുസരിച്ച് കേരളം ഒരു സംസ്ഥാനമായി അംഗീകരിക്കപ്പെട്ടു. കാൺഗ്രസ്സിന്റെ പ്രവർത്തനങ്ങൾ കൊച്ചിയിലേക്കും തിരുവിതാംകൂറിലേക്കും വ്യാപിക്കാൻ തുടങ്ങി. രണ്ടു സ്ഥലത്തും ഓരോ ഡിസ്ട്രിക്റ്റ് കാൺഗ്രസ്സ് കമ്മിറ്റി സ്ഥാപിക്കപ്പെട്ടു. മലബാറിലെ മിക്ക താലൂക്കുകളിലും താലൂക്ക് കമ്മിറ്റികളും ഖിലാഫത്ത് കമ്മിറ്റികളും രൂപീകരിക്കപ്പെട്ടു. പ്രാക്ടീസ് നിറുത്തിയ ചില വക്കീൽമാരും വിദ്യാലയം വിട്ടു

പുറത്തു വന്ന ചില വിദ്യാർത്ഥികളും മറ്റു പ്രവർത്തകന്മാരും കോൺഗ്രസ്സ് ഖിലാഫത്ത് പ്രസ്ഥാനങ്ങളുടെ സന്ദേശത്തെ ഉൾനാടുകളിൽപ്പോലും എത്തിക്കാൻ തുടങ്ങി.

ഈ സന്ദർഭത്തിലാണ് ഫെബ്രുവരി 15-ാം നു മദിരാശിയിൽ നിന്ന് യാക്കൂബ് ഹസ്സൻ കോഴിക്കോട് സന്ദർശിച്ചത്. ഒരു പൊതുയോഗത്തിൽ പ്രസംഗിക്കാമെന്ന് അദ്ദേഹം ഏറ്റിരുന്നു. പക്ഷേ, കോഴിക്കോട്ട് എത്തിയ ഉടനേ അദ്ദേഹത്തിന് ക്രിമിനൽ നടപടിനിയമം 144-ാം വകുപ്പ് അനുസരിച്ചുള്ള ഒരു നിരോധനാജ്ഞ കിട്ടി. ശ്രീ. കെ. മാധവൻനായർ, ശ്രീ. യൂ. ഗോപാലമേനോൻ, ശ്രീ. പി. മൊയ്തീൻകോയ എന്നീ നേതാക്കന്മാർക്കും നിരോധനാജ്ഞകൾ ലഭിച്ചു. എന്നാൽ, നാലുപേരും നിരോധനാജ്ഞ ലംഘിച്ച് പൊതുയോഗത്തിൽ പ്രസംഗിക്കാൻ തന്നെ തീരുമാനിച്ചു. അതു കാരണം അവർ അറസ്റ്റു ചെയ്യപ്പെടുകയും ആറുമാസത്തെ വെറുംതടവിന് ശിക്ഷിക്കപ്പെടുകയും ചെയ്തു. ഈ സംഭവം ജനങ്ങളെ അരിശംകൊള്ളിച്ചു. നാട്ടിലെങ്ങും പ്രതിഷേധയോഗങ്ങൾ ഇരമ്പിക്കയറി.

ഇങ്ങിനെ കലങ്ങിമറിഞ്ഞ ഒരന്തരീക്ഷത്തിലാണ് 1921 ഏപ്രിൽ മാസത്തിൽ ഒറ്റപ്പാലത്തുവച്ച് ശ്രീ. ടി. പ്രകാശത്തിന്റെ അദ്ധ്യക്ഷതയിൽ ഒന്നാമത്തെ അഖിലകേരള കോൺഗ്രസ്സ് സമ്മേളനം കൂടിയത്. മലബാറിലേയും കൊച്ചിയിലേയും തിരുവിതാംകൂറിലേയും പ്രതിനിധികൾ കേരളീയരെന്ന നിലയ്ക്കു ഒന്നിച്ചുകൂടുകയും കേരളത്തിന്റെ പൊതുപ്രശ്നങ്ങളെപ്പറ്റി ചർച്ച നടത്തുകയും ചെയ്ത ഒന്നാമത്തെ രാഷ്ട്രീയസമ്മേളനമായിരുന്നു അത്. നിസ്സഹകരണ പ്രസ്ഥാനമാരംഭിക്കുവാനുള്ള നാഗപ്പൂർ കോൺഗ്രസ്സിന്റെ തീരുമാനത്തെ സ്വാഗതം ചെയ്തുകൊണ്ടും ഗവൺമെന്റ് വിദ്യാലയങ്ങളിലോ ഗവൺമെന്റിൽനിന്ന് ഗ്രാന്റ് വാങ്ങുന്ന വിദ്യാലയങ്ങളിലോ കുട്ടികളെ ചേർക്കരുതെന്ന് രക്ഷിതാക്കന്മാരോടും പ്രാക്ടീസ് നിറുത്തി ദേശീയസമരത്തിൽ പങ്കുകൊള്ളണമെന്ന് വക്കീൽമാരോടും അപേക്ഷിച്ചുകൊണ്ടും വിദേശവസ്തുങ്ങളുപേക്ഷിച്ച് സ്വദേശിമാത്രം ധരിക്കണമെന്ന് എല്ലാ നാട്ടുകാരോടും അഭ്യർത്ഥിച്ചുകൊണ്ടുമുള്ള പ്രമേയങ്ങൾ സമ്മേളനത്തിൽ പാസ്സാക്കപ്പെട്ടു.

പോലീസുകാർ പ്രകോപനപരമായ പല നടപടികളും കൈയ്ക്കൊണ്ടു. വഴിയിൽക്കാണുന്ന കോൺഗ്രസ്സുകാരെ അടിക്കുക, കോൺഗ്രസ്സു കമ്മിറ്റി ആഫീസുകളിൽ കയറി കൊടി വലിച്ചു താഴ്ത്തിടുക തുടങ്ങിയവയായിരുന്നു അവരുടെ പരിപാടികൾ.

1921 ആഗസ്റ്റ് 17-ാം നു ആറുമാസത്തെ ശിക്ഷയനുഭവിച്ചതിനുശേഷം യാക്കൂബ് ഹസ്സനും മറ്റു മൂന്നു നേതാക്കന്മാരും ജയിലിൽനിന്ന് വിട്ടയ

ക്കപ്പെട്ടു. അവരെ സ്വാഗതം ചെയ്യാൻ പലേടത്തും ഒരുക്കങ്ങൾ നടന്നു. അധികൃതന്മാർ ബേജാറായി.

ഈ ഘട്ടത്തിലാണ്, ഒരു സംഘം പോലീസുകാർ പൂക്കോട്ടൂർ ഖിലാഫത്ത് കമ്മിറ്റിയുടെ സെക്രട്ടറി വടക്കേവീട്ടിൽ മഹുമ്മദിനെ അറസ്റ്റു ചെയ്യാനും അദ്ദേഹത്തിന്റെ വീട്ടിൽ കയറി പരിശോധന നടത്താനും ഒരുമ്പെട്ടത്. നിലമ്പൂർ രാജാവിന്റെ ഒരു തോക്ക് കളവുപോയതിനെ സംബന്ധിച്ചുള്ള നടപടിയാണിതെന്ന് അവർ പറഞ്ഞു നോക്കി. പക്ഷേ, നാട്ടുകാരത് വിശ്വസിച്ചില്ല. തോക്ക് കളവുപോയി എന്നുപറയുന്നത് നുണയാണെന്നും പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി മർദ്ദിക്കാൻ വേണ്ടിയാണ് മുഹമ്മദിനെ തിരയുന്നതെന്നും അവർ ഊഹിച്ചു. പെട്ടെന്ന് വലിയൊരു ജനക്കൂട്ടം പ്രത്യക്ഷപ്പെട്ടു. എന്തുതന്നെയായാലും മുഹമ്മദിനെ വിട്ടുകൊടുക്കുകയില്ല എന്ന് അവർ പ്രഖ്യാപിച്ചു. പോലീസുകാർ നിരാശരായി മടങ്ങിപോയി.

പക്ഷേ, അതുകൊണ്ടവസാനിച്ചില്ല. ആഗസ്റ്റ് 20-ാം നു വീണ്ടും ഹിച്കോക്ക് സായ്പിന്റേയും പോലീസ് സൂപ്രണ്ട് ആമുസാഹബിന്റേയും നേതൃത്വത്തിൽ വലിയൊരു പോലീസ് സൈന്യം മുഹമ്മദിനെ തിരയാൻ എന്നും പറഞ്ഞ് തിരൂരങ്ങാടിയിലെ മുസ്ലീം പള്ളി വളയുകയും പള്ളിയിൽ കയറി പരിശോധന നടത്തുകയും ചെയ്തു. പോലീസിന്റെ പലതരം അക്രമങ്ങൾകൊണ്ടും ജന്മികളുടെ മർദ്ദനങ്ങൾകൊണ്ടും മുമ്പുതന്നെ അസംതൃപ്തരായി കഴിഞ്ഞിരുന്ന മുസ്ലീമിങ്ങളുടെ മതവികാരത്തോടുള്ള ഒരു വെല്ലുവിളിയായിത്തീർന്നു ഈ സംഭവം. മുസ്ലീമിങ്ങൾ വെല്ലുവിളി സ്വീകരിച്ചു.

## ചരിത്രപ്രസിദ്ധമായ മലബാർ ലഹള ആരംഭിച്ചു കഴിഞ്ഞു!

കലാപകാരികൾ പോലീസ് സ്റ്റേഷനുകൾ കയ്യേറി ആയുധങ്ങൾ എടുത്തു. ഖജനാകൾ കൊള്ളയടിച്ചു. കോടതികളെ ആക്രമിച്ചു. ചില മാപ്പിളയുവാക്കന്മാർ ന്യായാസനത്തിന്മേൽ കയറിയിരുന്ന് ബ്രിട്ടീഷുഭരണം അവസാനിച്ചു കഴിഞ്ഞുവെന്നും ഖിലാഫത്ത് ഭരണം അവസാനിച്ചു കഴിഞ്ഞുവെന്നും പ്രഖ്യാപിച്ചു. രജിസ്ട്രാരാഫീസുകൾ കയ്യേറി ആധാരങ്ങൾ എടുത്ത് ചുട്ടുകരിച്ചു.

ലഹള പരന്നുപിടിക്കുവാൻ തുടങ്ങി. ഏറനാട്, വള്ളുവനാട്, പൊന്നാനി എന്നീ താലൂക്കുകളിലായി ഇരുന്നൂറ്റി ഇരുപതിൽപ്പരം അംശങ്ങൾ കലാപകാരികളുടെ നിയന്ത്രണത്തിലായി. തിരൂരങ്ങാടി, പൂക്കോട്ടൂർ, മലപ്പുറം, മഞ്ചേരി, പെരിന്തൽമണ്ണ, പാണ്ടിക്കാട്, കരുവാർകുണ്ട്, തിരൂർ മുതലായ സ്ഥലങ്ങളായിരുന്നു കലാപത്തിന്റെ മുഖ്യ കേന്ദ്രങ്ങൾ.

പ്രധാന നേതാവ് ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചു വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ആയിരുന്നു. ഹിന്ദുക്കളെ ഉപദ്രവിക്കരുതെന്നും തന്റെ പ്രത്യേക അനുമതി കൂടാതെ യാതൊരാളെയും വധിക്കരുതെന്നും അദ്ദേഹം തന്റെ അനുയായികളോട് കൽപ്പിച്ചു. ബ്രിട്ടീഷ് ഗവൺമെന്റിനും ക്രൂരന്മാരായ ജന്മികൾക്കും അവരുടെ സിൽബന്ധികൾക്കും എതിരായ കലാപത്തിൽ സജീവമായി പങ്കെടുക്കാൻ എല്ലാ നാട്ടുകാരോടും അദ്ദേഹം അഭ്യർത്ഥിച്ചു. ഒരാഴ്ചക്കാലം കലാപകാരികൾ നിർബാധം ഭരണം നടത്തി. പതിനായിരക്കണക്കിനുള്ള ജനങ്ങൾ അവരുടെ പിന്നിൽ അണിനിരന്നു. ചില ജന്മികളും പോലീസ് ഉദ്യോഗസ്ഥന്മാരും കൊല്ലപ്പെട്ടു. മരിച്ചവരിൽ ഒരാൾ ചേക്കുട്ടി സാഹേബ് എന്ന കുപ്രസിദ്ധനായ ഒരു മുസ്ലീം പോലീസ് ഇൻസ്പെക്ടറായിരുന്നു.

ഹിച്ച്കോക്ക് സായ്പും ആമൂസാഹേബും കോഴിക്കോട്ടേയ്ക്ക് ഓടി രക്ഷപ്പെട്ടു. അവരുടെ നേതൃത്വത്തിലുള്ള പോലീസ് സൈന്യം മരവിച്ച് നിശ്ചലമായി അന്തംവിട്ടു നിന്നു.

ആഗസ്റ്റു മാസത്തിന്റെ അവസാനത്തിൽ ബ്രിട്ടീഷ് പട്ടാളങ്ങളും ഗൂർഖാ പട്ടാളങ്ങളും എത്തിച്ചേർന്നശേഷം സ്ഥിതി മാറാൻ തുടങ്ങി. എന്നിട്ടും കലാപത്തെ അടിച്ചമർത്തുക അത്രയെളുപ്പമൊന്നുമായിരുന്നില്ല. ബ്രിട്ടീഷ് പട്ടാളവും കലാപകാരികളും തമ്മിൽ പലേടത്തും ഏറ്റുമുട്ടലുകൾ ഉണ്ടായി. ആഗസ്റ്റ് അവസാനത്തിൽ പൂക്കോട്ടൂരിൽവച്ച് പരിഷ്ക്കരിച്ച ആയുധങ്ങളോടുകൂടിയ ബ്രിട്ടീഷ് പട്ടാളം ഒരുവശത്തും എന്തു ത്യാഗത്തിനും തയ്യാറായ കലാപകാരികൾ മറുവശത്തും നിന്നുകൊണ്ടു നടത്തിയ യുദ്ധം എടുത്തു പറയത്തക്കതാണ്. "പൂക്കോട്ടൂർ യുദ്ധം" എന്ന പേരിലറിയപ്പെടുന്ന ഈ സംഘട്ടനത്തിൽ ബ്രിട്ടീഷുകാർ തോറ്റ് പിന്മാറുകയാണുണ്ടായത്. മറ്റൊരു സംഘട്ടനത്തെപ്പറ്റി ശ്രീ. കെ.പി. കേശവമേനോൻ തന്റെ "കഴിഞ്ഞകാലം" എന്ന പുസ്തകത്തിൽ ഇങ്ങനെ വിവരിക്കുന്നു.

"ചെമ്പ്രശ്ശേരി തങ്ങളും അദ്ദേഹത്തിന്റെ കൂട്ടുകാരും പാണ്ടിക്കാട് സന്നാഹങ്ങൾ ചെയ്തുവരുന്നുണ്ടായിരുന്നു. 1921 നവംബർ മാസത്തിൽ ഗൂർഖാ പട്ടാളം പാണ്ടിക്കാട്ടുചന്തയിൽ താവളമുറപ്പിച്ചു. ചെമ്പ്രശ്ശേരി തങ്ങളുടെ ആൾക്കാർ ചന്തസ്ഥലത്ത് എത്തി പട്ടാളത്തെ വളഞ്ഞു. 1000-ത്തോളം ആളുകൾ അക്കൂട്ടത്തിലുണ്ടായിരുന്നു. പുലർച്ച നാലുമണിക്കാണ് പെട്ടെന്ന് അവർ ഗൂർഖാപട്ടാളത്തെ വളഞ്ഞത്: ചന്തയ്ക്കു പുറത്തും കാവൽ നിന്നിരുന്ന പട്ടാളക്കാരെ അവർ വെടിവച്ചു കൊന്നു. ചന്തയുടെ മതിലുകൾ വെട്ടിപ്പൊളിച്ച് അതിനുള്ളിൽ പ്രവേശിച്ചു. പേരുകേട്ട രണശൂരന്മാരാണ് ഗൂർഖാ പട്ടാളക്കാർ. വെട്ടാനും കുത്താനും

പ്രസിദ്ധി സമ്പാദിച്ചവരാണ്. കാട്ടിൽ യുദ്ധം ചെയ്യുന്നതിനുള്ള പ്രത്യേക വൈദഗ്ദ്ധ്യം അവർക്കുണ്ട്. വലിയ പരിശീലനമൊന്നുമില്ലെങ്കിലും ഗൂർഖാ പട്ടാളക്കാരിൽ ഒട്ടും കുറയാത്ത പരാക്രമം ലഹളക്കാരും കാണിച്ചിരുന്നു. വെട്ടും കുത്തും, തട്ടും തടവുമായി രണ്ട് മണിക്കൂറിലധികം ഭയങ്കരയുദ്ധം അവർ തമ്മിൽ നടന്നു. ഇരുന്നൂറിലധികം ലഹളക്കാർ ഈ സംഘട്ടനത്തിൽ മരിച്ചു. മൃതിയടഞ്ഞ പട്ടാളക്കാർ എത്രയാണെന്ന് നിശ്ചയമില്ല."

മറ്റു ചില സ്ഥലങ്ങളിലും ഇതുപോലുള്ള പല സംഘട്ടനങ്ങളും നടന്നു.

ചരിത്രപ്രധാനമായ ഈ മലബാർ ലഹളയെ ഇൻഡ്യയുടെ സർവ്വ സൈന്യാധിപൻ തയ്യാറാക്കിയ ഒരു റിപ്പോർട്ടിൽ ഇങ്ങിനെ വിവരിയ്ക്കുകയുണ്ടായി.

"1921-ൽ ഉണ്ടായ ലഹളയ്ക്കു ഖിലാഫത്ത് പ്രവൃത്തിയാണ് പ്രധാന കാരണം. രാജ്യകാര്യങ്ങളെ സംബന്ധിച്ച് ക്ഷോഭമുണ്ടാക്കിത്തീർക്കുവാൻ പതിവായി യത്നിക്കുന്ന ചിലർ മാപ്പിളമാരുടെ മതഭ്രാന്ത് കുറച്ചുകാലമായി തങ്ങളുടെ ഉദ്ദേശസാദ്ധ്യത്തിന് ഉപയോഗപ്പെടുത്തിക്കൊണ്ടുവന്നിരുന്നു. ഇപ്രകാരം പ്രവർത്തിച്ചുവന്നവരിൽ പലരും കോൺഗ്രസ്സ് കമ്മിറ്റിയുമായിട്ട് നേരിട്ട് ബന്ധമുള്ളവരായിരുന്നു. അമിതവാദികളുടെ സംഘത്തിൽപ്പെട്ട ചില കൂട്ടർ ഖിലാഫത്തിനെ സംബന്ധിച്ചുള്ള ന്യായങ്ങളും വാദങ്ങളും യുക്തിക്കനുസരിച്ച് പ്രയോഗിച്ചു ഉൾനാടുകളിലുള്ള മാപ്പിള സമുദായത്തെ ഒട്ടാകെ ലഹളയ്ക്ക് ഉത്സാഹിപ്പിച്ചു. അവരുടെ ശ്രമം സഫലമാകയും ചെയ്തു.

"ലഹള ആരംഭിച്ചതുതന്നെ വളരെ ശക്തിയോടുകൂടിയായിരുന്നു. നിയമപ്രകാരമുള്ള ഭരണത്തേയും സമാധാനത്തേയും തീരെ കീഴ്മറിക്കുവാനും മലബാറിൽ സ്വതന്ത്രമായ ഒരു ഖിലാഫത്ത് രാജ്യത്തെ സ്ഥാപിക്കുവാനുമായിരുന്നു ലഹളക്കാരുടെ ഉദ്ദേശം. ആ പ്രദേശങ്ങളിലുള്ള ജനങ്ങളെ ഭയപ്പെടുത്തി സ്വാധീനമാക്കാൻ അവർക്ക് നിഷ്പ്രയാസം സാധിച്ചു. അതിനുശേഷം ജനങ്ങളെ കൂട്ടംകൂട്ടമായി കൊല്ലുവാനും ഹിന്ദുക്കളെ ഇസ്ലാമിലേയ്ക്ക് മതംമാറ്റം ചെയ്യുവാനും അവർ ആരംഭിച്ചു. ലഹളയുടെ ആരംഭകാലത്ത് ഒറ്റപ്പെട്ട ചില പോലീസുകാരുടേയും യൂറോപ്യൻമാരുടേയും കൈയിൽനിന്നു തട്ടിപ്പറിച്ച ഏതാനും ചില തോക്കുകളൊഴികെ അവർക്ക് കാര്യമായുണ്ടായിരുന്ന ആയുധം വാൾ മാത്രമായിരുന്നു. ശത്രുക്കളുമായിട്ട് നേരിട്ടു യുദ്ധം ചെയ്യുന്നതിനുപകരം ഒളിവിലിരുന്നു അവരെ ഉപദ്രവിക്കുന്ന സമ്പ്രദായമാണ് അവർ സൗകര്യമായി കണ്ടത്. അവരുടെ രാജ്യത്തിന്റെ പ്രത്യേക സ്വഭാവത്തിന് ഇത് പറ്റിയതായിരുന്നു. കാടും, വയലുകളും തോട്ടങ്ങളും ഇടകലർന്ന് തിങ്ങി

നിൽക്കുന്ന ആ രാജ്യത്ത് ഒളിവിലിരുന്ന് ശത്രുക്കളുടെമേൽ പെട്ടെന്ന് ചാടിവീഴാനും കൊലയും കവർച്ചയും നടത്തിയതിനുശേഷം ഓടിഒളിക്കാനും ധാരാളം സൗകര്യമുണ്ട്. ലഹള തുടങ്ങിയത് വർഷകാലത്തായിരുന്നു. പാലങ്ങളെല്ലാം ലഹളക്കാർ ആദ്യം തന്നെ പൊളിച്ചിട്ടും ഉണ്ടായിരുന്നു. അതുകൊണ്ട് പട്ടാളക്കാർക്ക് ലഹള സ്ഥലത്തേയ്ക്ക് വന്നെത്തുന്നതിന് വളരെ പ്രയാസമുണ്ടായി. റോഡുകൾ ധാരാളമുണ്ടെങ്കിലും മരങ്ങളെ മുറിച്ചുവീഴ്ത്തിയും ഓവുപാലങ്ങൾ പൊളിച്ചും അവയെ ലഹളക്കാർക്ക് എളുപ്പത്തിൽ മുടക്കുവാൻ സാധിച്ചിരുന്നതുകൊണ്ട് അവയെ ആവശ്യത്തിനനുസരിച്ച് ഉപയോഗിക്കുവാൻ സാധിച്ചിരുന്നില്ല.

"റോഡുകളെ ഉപയോഗിക്കുവാൻ സൗകര്യമില്ലാതെ വന്നതുകൊണ്ട് പട്ടാളക്കാരുടെമേൽ ഓർക്കാതിരിക്കുമ്പോൾ ചാടിവീഴാൻ ലഹളക്കാർക്ക് സൗകര്യം പ്രത്യേകിച്ചുമുണ്ടായി. അവിടവിടെയുള്ള കുന്നുകളിന്മേലെല്ലാം ലഹളക്കാർ പാറാവുകളും നിറുത്തിയിരുന്നതുകൊണ്ട് അവരെ കണ്ടെത്തി പെട്ടെന്ന് എതിർക്കുക എന്നത് അസാദ്ധ്യമായിരുന്നു. മഴയുടെ ശക്തികൊണ്ട് യുദ്ധത്തിനുള്ള ഏർപ്പാടു ചെയ്യുവാനും വളരെ വിഷമമുണ്ടായിരുന്നു."

ബ്രിട്ടീഷ് പട്ടാളങ്ങളും ഗൂർഖാപട്ടാളങ്ങളും തങ്ങളുടെ ആവനാഴിയിലുള്ള എല്ലാത്തരം ഭീകരതകളേയും എടുത്തുപയോഗിച്ചു. ഹിന്ദുജന്മികളേയും ചില മുസ്ലീം പ്രമാണിമാരേയും പാട്ടിൽ പിടിച്ചുകൊണ്ട് അധികൃതന്മാർ തങ്ങൾക്ക് എതിരായ കലാപത്തെ ഒരു ഹിന്ദു മുസ്ലീം ലഹളയാക്കി മാറ്റാൻ പാടുപെട്ടു. അവസാനമവസാനമായപ്പോഴേയ്ക്കും അതിൽ അവർ ഏറെക്കുറെ വിജയിക്കുകയും ചെയ്തു.

കേരളക്കരയിൽ ബ്രിട്ടീഷ് ഭരണത്തെ പിടിച്ചുകുലുക്കിയ ഈ കലാപം ആറുമാസക്കാലം നീണ്ടുനിന്നു. ഒടുവിൽ 1922 ഫെബ്രുവരി ആയപ്പോഴേയ്ക്കും അത് പരിപൂർണ്ണമായി അടിച്ചമർത്തപ്പെട്ടു.

ലഹളക്കാരെ വിചാരണചെയ്യാൻ ഒരു പ്രത്യേക കോടതി സ്ഥാപിക്കപ്പെട്ടു. അനേകം പേരെ തൂക്കിക്കൊന്നു. എത്രയോ പേരെ ആൻഡമാൻ ദ്വീപിലേയ്ക്ക് നാടുകടത്തി. വളരെയധികം പേരെ നീണ്ടകാലത്തേയ്ക്ക് ശിക്ഷിച്ചു.

ലഹളയിൽ നേരിട്ട് പങ്കെടുത്തവർ മാത്രമല്ലാ അക്രമരാഹിത്യത്തിൽ, വിശ്വസിച്ചുകൊണ്ട് ലഹളയെ കഴിയുന്നതും ശാന്തമാക്കാൻ ശ്രമിച്ച ചില കോൺഗ്രസ്സ് നേതാക്കന്മാരും അറസ്റ്റു ചെയ്യപ്പെടുകയുണ്ടായി. സർവ്വശ്രീ. എം.പി. നാരായണമേനോൻ, കെ. കേളപ്പൻ, മൊയ്തു മൗലവി, മുഹമ്മദ് അബ്ദൽ റഹിമാൻ സാഹിബ്, ഹസ്സൻകോയ, മൊല്ല മുതലായവർ ശിക്ഷിക്കപ്പെട്ടവരിൽ ഉൾപ്പെടുന്നു.

ലഹള ഒതുക്കിയതിനുശേഷം ബ്രിട്ടീഷ് ഭരണാധികാരികൾ കാണിച്ച മൃഗീയതകളെപ്പറ്റി അക്കാലത്തെ കേരള കോൺഗ്രസ്സ് കമ്മിറ്റിയുടെ സെക്രട്ടറിയായിരുന്ന ശ്രീ. കേശവമേനോൻ വിവരിക്കുന്നുണ്ട്:

"സ്ത്രീകളേയും കുട്ടികളേയും വെട്ടിക്കൊന്നു; പുരകൾ ചുട്ടുകരിച്ചു; നാടെല്ലാം കൊള്ളയിട്ടു. പട്ടാളക്കാർ വരുന്നുണ്ടെന്നു കേട്ട് പരക്കംപാഞ്ഞിരുന്ന ആളുകളെ കാട്ടുമൃഗങ്ങളെയെന്നപോലെ വെടിവച്ചുവീഴ്ത്തി. അപരാധിയും നിരപരാധനും ചെറുപ്പക്കാരും വൃദ്ധന്മാരും ഒന്നുപോലെ പ്രാണരക്ഷയ്ക്കുവേണ്ടി വീടും കുടിയുംവിട്ട് കാട്ടിലും മലയിലും കയറി എത്രയോ ദിവസങ്ങൾ കഴിച്ചുകൂട്ടി.

"അക്കാലത്ത് ലോകരെ സ്തബ്ധരാക്കിയ മറ്റൊരു സംഭവത്തെക്കൂടി ഇവിടെ പറയാം. 1921 നവംബർ മാസം 10-ാം തീയതി ലഹളക്കാരായ 90 തടവുകാരെ തിരൂരിൽനിന്നും ഒരു വാഗണിൽ കയറ്റി കോയമ്പത്തൂർക്ക് കൊണ്ടുപോയിരുന്നു. വായുവിനും വെളിച്ചത്തിനും പ്രവേശനമില്ലാത്തവിധം ഭദ്രമായി അടച്ചുപൂട്ടിയ ഒരു ഇരുമ്പുപെട്ടി ആയിരുന്നു അത്. പട്ടാളക്കാർ തോക്കിന്മേൽ കുന്തവുമായി തടവുകാരെ അതിനുള്ളിൽ തള്ളിക്കയറ്റി. വണ്ടി തിരൂർ നിന്നും വിട്ടു. ഉഷ്ണവും ദാഹവും സഹിക്കവയ്യാതെ അതിനുള്ളിൽ കിടന്നെരിപൊരിസഞ്ചാരം കൊണ്ട് ആ നിർഭാഗ്യവാന്മാരുടെ നിലവിളി വഴിനീളെ കേട്ടിരുന്നു. അത് ക്രമേണ ശമിച്ച് എല്ലാം ശാന്തമായി. അർദ്ധരാത്രിയിൽ വണ്ടി പോത്തന്നൂരിൽ എത്തി. വാഗൺ തുറന്നു നോക്കിയപ്പോൾ അതിനുള്ളിൽ കണ്ട കാഴ്ച ഭയാനകമായിരുന്നു. തിക്കിത്തിരക്കി, കെട്ടിപ്പിണഞ്ഞ് അന്യോന്യം കടിച്ചും മാന്തിയും, കണ്ണുതുറിച്ച്, നാക്ക് പുറത്തേയ്ക്ക് തള്ളി ചത്തവരും ചാകാത്തവരും ഇടകലർന്ന് വിയർപ്പിലും മൂത്രത്തിലും മലത്തിലും കിടന്നു പിടയ്ക്കുന്ന 90 മനുഷ്യകോലങ്ങളുടെ ദാരുണമായ കാഴ്ചയാണ് അതിനുള്ളിൽ കണ്ടത്. ആ വാഗണിലെ 64 പേർ മരിച്ചിരുന്നു. ബാക്കിയുള്ളവരും ചത്തതിനൊക്കുമായിരുന്നു."

ഇങ്ങിനെയാണ് ബ്രിട്ടീഷ് ഭരണം വീണ്ടും വിജയക്കൊടി നാട്ടിയത്.

ബ്രിട്ടീഷ് വിരോധം മാത്രമല്ല, നീറിപ്പിടിച്ച ജന്മിവിരോധവും മലബാർലഹളയുടെ മൗലികകാരണങ്ങളിൽ ഒന്നായിരുന്നുവെന്ന് ചില കോൺഗ്രസ്സ് നേതാക്കന്മാർ വ്യക്തമാക്കിയിട്ടുണ്ട്. ഉദാഹരണത്തിന്, "മലബാറിൽ ഉണ്ടായിട്ടുള്ള മിക്ക മാപ്പിള ലഹളകൾക്കും മേച്ചാർത്ത് മുതലായി ജന്മികളിൽനിന്നു കുടിയാന്മാർക്ക് നേരിടുന്ന ഉപദ്രവങ്ങൾ കാരണമായിട്ടുണ്ട്, എന്നത് കുപ്രസിദ്ധമാണ്" എന്നും, "പൂക്കോട്ടൂർകാരായ മാപ്പിളകുടിയാന്മാർക്ക് അവിടത്തെ ഒരു പ്രധാന ജന്മിയുടെ ഉപദ്രവം ഉണ്ടായിരുന്നുവെന്ന് ഇപ്പോഴത്തെ നിലമ്പൂർ വലിയ രാജാ അവർകൾ

തന്നെ മദ്രാസ് മെയിൽപത്രത്തിന്റെ ഒരു പ്രതിനിധിയോട് ലഹളയുടെ ആരംഭകാലത്ത് സമ്മതിച്ചിട്ടുണ്ട്." എന്നും ശ്രീ. കെ. മാധവൻനായർ 1923 ഏപ്രിൽ 3-ാം തീയതിയിലെ മാതൃഭൂമിയിലെഴുതിയ ഒരു ലേഖനത്തിൽ പ്രസ്താവിക്കുകയുണ്ടായി.

പാലക്കാട്ടുവച്ച് 1923 മേയ്മാസത്തിൽ ശ്രീമതി സരോജിനി നായിഡുവിന്റെ അദ്ധ്യക്ഷതയിൽക്കൂടിയ മൂന്നാം സമ്മേളനത്തിന്റെ സ്വാഗതസംഘാദ്ധ്യക്ഷൻ ശ്രീ. കെ. പി. ഗായത്രി വല്ലഭയ്യരും ജന്മികുടിയാൻ വഴക്കാണ് മലബാർ ലഹളയുടെ അടിസ്ഥാനകാരണമെന്ന് വ്യക്തമാക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ.

"ലഹളയുടെ വാസ്തവമായ കാരണം അതിൽ പങ്കെടുത്തവരുടെ ദാരിദ്ര്യവും ജന്മികളുടെ ഉപദ്രവവുമാണ്. അല്ലാതെ, ചിലർ പറയും പോലെ ഖിലാഫത്തോ സഹകരണത്യാഗമോ അല്ല. ഖിലാഫത്ത് പ്രക്ഷോഭം ആരംഭിക്കുന്നതിനു മുൻപും എത്രയോ പ്രാവശ്യം ഈ ജില്ലയിൽ ലഹളകൾ ഉണ്ടായിട്ടുണ്ട്. എൺപത്തിഅഞ്ചു സംവത്സരത്തോളമായി മലബാറിൽ ഇടയ്ക്കിടെ നടന്നുവരുന്ന ലഹളകളെപ്പറ്റി അന്വേഷണം നടത്തിയിട്ടുള്ള എല്ലാ ഗവൺമെന്റുദ്യോഗസ്ഥന്മാരും ലഹളയും കുടിയായ്മയുമായുള്ള ബന്ധത്തെപ്പറ്റി പറയാതിരുന്നിട്ടില്ല. മർദ്ദനം കൊണ്ട് ഒരിക്കലും ലഹളയെ അമർത്തുവാൻ കഴിയുന്നതല്ലെന്നും ദരിദ്രനായ മാപ്പിളയ്ക്ക് സമാധാനത്തോടുകൂടി കുടിയിൽ ഇരിക്കുവാൻ സാധിക്കുന്നതുവരെ അവന്റെ "മതഭ്രാന്ത്" ഇളകിക്കൊണ്ടിരിക്കുമെന്നും മലബാർ കളക്ടരായിരുന്ന മി. ലോഗൻ എത്രയോ മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. ജന്മികൾ തങ്ങളുടെ വസ്തുക്കൾ കുടിയാന്മാർക്ക് പണയം വച്ചതാണെന്ന് തെറ്റിദ്ധരിച്ച് ഇംഗ്ലീഷ് ജഡ്ജിമാർ ജന്മികൾക്ക് അനർഹങ്ങളായ അവകാശങ്ങൾ നൽകിയിരിക്കുന്നുവെന്നും മി. ലോഗൻ പറഞ്ഞിരിക്കുന്നു."

"കുറച്ചുകാലമായി ജന്മികൾ അവരുടെ അവകാശങ്ങളെ നിലനിറുത്തിപ്പോരുവാൻ ഒരു ജന്മിസഭയും, കുടിയാന്മാർ അവരുടെ സങ്കടനിവാരണത്തിനായി ഒരു കുടിയായ്മയോഗവും തുടങ്ങിയിട്ടുണ്ട്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഇവർ തമ്മിലായിരുന്നു പോർ. പോരിനിടയിൽ ജന്മികൾ തങ്ങളുടെ ശക്തിയുപയോഗിച്ച് കുടിയാന്മാർക്ക് അവരുടെ ജീവിതം മുമ്പുള്ളതിലും ദുസ്സഹമാക്കിത്തീർത്തിട്ടുണ്ട്. 1919-ൽ മാപ്പിളമാരുടെ "ഹിദായത്തിൽ മുസ്ലിമിൻ" സഭ മഞ്ചേരിയിൽ വച്ച് വില്ലിംഗ് ടൺ പ്രഭുവിനോട് അവരുടെ സങ്കടങ്ങൾ പറയുകയുണ്ടായി. പക്ഷേ, അതിനു യാതൊരു ഫലവും ഉണ്ടായില്ല. ജന്മികളുടെ അവകാശങ്ങൾക്ക് ഒരു

വ്യവസ്ഥ വരുത്തേണ്ടതാണെന്നും അതിന് ജന്മിപ്രതിനിധികളും കുടിയാൻ പ്രതിനിധികളുംകൂടി ആലോചിച്ച് ഒത്തുതീരുമാനം ചെയ്യാൻ ശ്രമിക്കേണ്ടതാണെന്നും കാണിച്ച് ശ്രീ. കെ. പി. രാമൻ മേനോൻ ജന്മിസഭാ കാര്യദർശിക്കയച്ച കത്തിന് തങ്ങൾ അതിന് അനുകൂലിക്കുവാൻ ഭാവമില്ലെന്ന നിലയിലാണ് ജന്മികൾ അദ്ദേഹത്തിന് മറുപടി അയച്ചത്."

മലബാർ ലഹള നിർദ്ദയം അടിച്ചമർത്തപ്പെട്ടുവെങ്കിലും അത് ജനങ്ങളുടെ ഹൃദയങ്ങളിൽ നീണ്ടുനിൽക്കുന്ന പ്രത്യാഘാതങ്ങൾ ഉളവാക്കി. അതിനുശേഷമാണ് മലബാറിൽ കുടിയാൻ പ്രശ്നം ഒരു സജീവ പ്രശ്നമായിത്തീർന്നത്.

## അദ്ധ്യായം 5

# നിസ്സഹകരണത്തിൽനിന്ന് നിയമലംഘനത്തിലേയ്ക്ക്

1922-ൽ ചൌരിചൌരയിലെ നാട്ടുകാർ ഒരു പോലീസ് സ്റ്റേഷൻ ആക്രമിച്ചു. ഇത് അക്രമരാഹിത്യസിദ്ധാന്തത്തിൽ നിന്നുള്ള വ്യതിയാനമായതുകൊണ്ട് മഹാത്മാഗാന്ധി തന്റെ നേതൃത്വത്തിലുള്ള നിസ്സഹകരണപ്രസ്ഥാനമാകെ നിറുത്തിവച്ചു, ബർദോളിയിൽവച്ച് കൂടിയ കോൺഗ്രസ്സ് പ്രവർത്തകമ്മിറ്റി, ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ച്, ഖാദി, അയിത്തോച്ചാടനം, ഹിന്ദുമുസ്ലീം മൈത്രി തുടങ്ങിയ നിർമ്മാണപരമായ കാര്യപരിപാടികളിലാണ് ജനങ്ങളെ വ്യാപൃതരാക്കേണ്ടത് എന്നു തീരുമാനിച്ചു. എങ്കിലും അധികൃതന്മാർ തങ്ങളുടെ പക പോക്കൽ അവസാനിപ്പിച്ചില്ല. കോൺഗ്രസ്സ് പ്രസ്ഥാനത്തെ അടിച്ചമർത്താൻതന്നെ അവർ തീരുമാനിച്ചു. ഈ ഉദ്ദേശത്തോടുകൂടി ഗാന്ധിജിയെ പെട്ടെന്ന് അറസ്റ്റു ചെയ്യുകയും രാജ്യദ്രോഹകുറ്റത്തിന് ആറ് വർഷത്തേയ്ക്ക് ശിക്ഷിക്കുകയും ചെയ്തു. കോൺഗ്രസ്സ് പ്രവർത്തനങ്ങൾ തെല്ലൊന്ന് മന്ദീഭവിച്ചു.

1922 ഡിസംബറിൽ ഗയയിൽവച്ച് കോൺഗ്രസ്സിന്റെ 37-ാം വാർഷികസമ്മേളനം കൂടി നിലവിലുള്ള ഭരണഘടനയനുസരിച്ചുതന്നേ നിയമസഭകളിൽ പ്രവേശിച്ച് പുതിയരീതിയിൽ സ്വാതന്ത്ര്യസമരം തുടരണമെന്ന അഭിപ്രായഗതി പ്രാബല്യത്തിൽ വരാൻ തുടങ്ങിയ കാലമായിരുന്നു അത്. അദ്ധ്യക്ഷൻ ശ്രീ. സി.ആർ. ദാസ് പറഞ്ഞു:-

“ബഹിഷ്ക്കരണം പലവിധത്തിലും വളരെ ഫലപ്രദമായി എന്നുള്ളതിൽ സന്ദേഹമില്ല. എന്നാൽ, നാമമാത്രരായ ജനപ്രതിനിധികളുടെ സഹായത്തോടുകൂടി ഗവൺമെന്റ് ഇപ്പോഴും തന്നിഷ്ടംപോലെ ഭരണം നടത്തിവരുന്നു. അതിനാൽ പുറമേ നിന്നുകൊണ്ട് കൗൺസിൽ പ്രവേശനത്തെ ബായിക്കാട്ടു ചെയ്യുന്നതിനുപകരം, അതിനകത്തു കടന്ന്

കൗൺസിൽ ഭരണത്തെ മുടക്കുകയാണു വേണ്ടത്. ഇതിൽ നമ്മുടെ അഹിംസാ സിദ്ധാന്തത്തിനോ സത്യബോധത്തിനോ വിരുദ്ധമായി ഞാൻ യാതൊന്നും കാണുന്നില്ല. നാം സമരത്തിന് പുറപ്പെട്ടു കഴിഞ്ഞാൽപ്പിന്നെ, ആവശ്യം വരുമ്പോൾ ശത്രുവിന്റെ കോട്ടയ്ക്കുള്ളിൽ കടന്ന് നമ്മെ നശിപ്പിക്കാൻ വേണ്ടി അവിടെ കരുതി വച്ചിരിക്കുന്ന വിഷദ്രവ്യങ്ങളെ നശിപ്പിക്കുന്നതിൽ എന്താണ് തെറ്റ്?"

എന്നാൽ, 1923 സെപ്റ്റംബറിൽ ഡെൽഹിയിൽവച്ച് അബുൾകലാം ആസാദിന്റെ അദ്ധ്യക്ഷതയിൽക്കൂടിയ വിശേഷാൽ സമ്മേളനത്തിലാണ് കൗൺസിൽ പ്രവേശന പരിപാടി അംഗീകരിക്കപ്പെട്ടത്.

കേരളത്തിലും ഖദർവില്പന, അയിത്തോച്ചാടനം, ഹിന്ദീ പ്രചാരം മുതലായ നിർമ്മാണപരിപാടികൾ നടപ്പിൽ വരുത്താൻ കോൺഗ്രസ്സ് പ്രവർത്തകന്മാർ തീരുമാനിച്ചു. തദ്ദേശഭരണ സഭകളിലും മറ്റും കോൺഗ്രസ്സിന്റെ ഔദ്യോഗിക സ്ഥാനാർത്ഥികൾ മൽസരിക്കേണ്ടതാണെന്നും നിശ്ചയിച്ചു.

1923 മാർച്ചുമാസത്തിൽ ശ്രീ. കേശവമേനോന്റെയും മറ്റു ചില കോൺഗ്രസ്സ് നേതാക്കന്മാരുടേയും പരിശ്രമഫലമായി നാട്ടുകാരിൽനിന്ന് ഷെയറുകൾ പിരിച്ചെടുത്ത് കോഴിക്കോട്ടു 'മാതൃഭൂമി' എന്ന പേരിൽ ഒര പത്രം തുടങ്ങി. ആദ്യം ആഴ്ചയിൽ മൂന്നു ദിവസം മാത്രമാണ് അത് പ്രസിദ്ധം ചെയ്യപ്പെട്ടത്. പിന്നീട് ദിനപ്പത്രമായിത്തീർന്നു. കോൺഗ്രസ്സിന്റെ സന്ദേശം നാട്ടുകാരുടെയിടയിൽ എത്തിക്കുന്ന കാര്യത്തിൽ 'മാതൃഭൂമി' അതിപ്രധാനമായ ഒരു പങ്കു വഹിച്ചു. "സാധാരണ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ മനുഷ്യരും സമന്മാരാണെന്ന വിശ്വാസത്തോടെ സ്വാതന്ത്ര്യവർദ്ധനയ്ക്കായി നിർഭയം പൊരുതാൻ" അത് ജനങ്ങളോട് ആഹ്വാനം ചെയ്തു.

1924 ഏപ്രിൽ മാസത്തിൽ ചരിത്രപ്രസിദ്ധമായ വൈക്കം സത്യാഗ്രഹം ആരംഭിച്ചു. ഈ സമരത്തെപ്പറ്റി മറ്റൊരദ്ധ്യായത്തിൽ വിസ്തരിച്ച് പ്രതിപാദിക്കുന്നുണ്ട്.

ഈ ഘട്ടത്തിൽത്തന്നെയാണ് വസ്തു കൈവശമുള്ളകുടിയാന്മാർക്ക് സ്ഥിരാവകാശം വേണം, മേച്ചാർത്തും പൊളിച്ചെഴുത്തും അവസാനിപ്പിക്കണം, ഒഴിപ്പിക്കൽ തടയണം, വസ്തുവിൽ തനിക്കുള്ള അവകാശങ്ങൾ വില്ക്കാൻ കുടിയാന് സ്വാതന്ത്ര്യമുണ്ടാകണം എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങളോടുകൂടി ഒരു കുടിയാൻ പ്രക്ഷോഭം മലബാറിൽ ഉയർന്നുവന്നത്. ശ്രീ. മന്ദത്ത് കൃഷ്ണൻ നായർ, ശ്രീ. കെ.പി. രാമൻമേനോൻ, ശ്രീ.ജി. ശങ്കരൻനായർ ശ്രീ. എം. എം. കുഞ്ഞുരാമമേനോൻ മുതലായവരാണ് അതിന്റെ നേതൃത്വം വഹിച്ചത്. നിയമനിർമ്മാണ സഭയിലേ

യ്ക്കുള്ള തിരഞ്ഞെടുപ്പിൽ കൃഷ്ണൻനായർ വിജയിയായി. കുടിയാന്മാരുടെ പ്രത്യേകിച്ച് കാണക്കുടിയാന്മാരുടെ, അവകാശങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി അദ്ദേഹം ഒരു ബിൽ തയ്യാറാക്കുകയുണ്ടായി. പക്ഷേ, ജന്മികളുടെ ഗൂഢാലോചനകൾ കാരണം അതു നിയമമാക്കപ്പെട്ടില്ല. കുടിയാൻ നിയമപരിഷ്ക്കാരത്തിനുവേണ്ടി ഒരു അന്വേഷണക്കമ്മിറ്റി നിയമിക്കപ്പെടുകയാണുണ്ടായത്.

കോൺഗ്രസ്സ് പ്രസ്ഥാനവും കുടിയാൻ പ്രക്ഷോഭവും ഒരുമിച്ചാണ് മുന്നേറിയത്. രണ്ടു പ്രസ്ഥാനങ്ങളുടേയും നേതാക്കന്മാർ പരസ്പരം സഹകരിച്ചുകൊണ്ടാണ് പ്രവർത്തിച്ചത്. അതിൻഫലമായി ഒരു കാലത്ത് കോൺഗ്രസ്സിനെ അനുകൂലിച്ച പല ജന്മികളും ഇപ്പോൾ കോൺഗ്രസ്സിന്റെ ശത്രുക്കളായി മാറി. അവർ ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാരുണ്യത്തെ അധികമധികം ആശ്രയിക്കാൻ തുടങ്ങി. പക്ഷേ, കോൺഗ്രസ്സിന്റെ ജനസ്വാധീനം വർദ്ധിക്കുകയാണ് ചെയ്തത്.

ശ്രീ. മന്ദത്ത് കൃഷ്ണൻനായർ അവതരിപ്പിച്ച കുടിയാൻ ബിൽ ജന്മികളുടെ അനിയന്ത്രിതമായ അവകാശങ്ങളെ അല്പമൊന്നു നിയന്ത്രിക്കാൻ മാത്രമേ ഉദ്ദേശിച്ചിരുന്നുള്ളു. എന്നിട്ടും അത് കേരളത്തിൽ ''ബോൾഷേവിക്ക്" തത്വങ്ങൾ സ്ഥാപിക്കാനുള്ള ഒരു പരിശ്രമമാണെന്ന് വലിയൊരു ജന്മിയായ ശ്രീ. പ്രഭാകരൻ തമ്പാൻ അഭിപ്രായപ്പെടുകയുണ്ടായി. 1917-ലെ റഷ്യൻ വിപ്ലവം കേരളത്തിലും സ്വാധീനശക്തി ചെലുത്താൻ തുടങ്ങിക്കഴിഞ്ഞിരുന്നു എന്നാണ് ഇതു കാണിക്കുന്നത്. കുടിയാൻ പ്രക്ഷോഭം സംബന്ധിച്ച് നടന്ന ചില പൊതുയോഗങ്ങളിൽ റഷ്യൻ വിപ്ലവത്തെ ചൂണ്ടിക്കാണിച്ചു കൊണ്ടാണ് ജന്മികളുടെ മർദ്ദനങ്ങളെ എതിർക്കാൻ ആഹ്വാനം ചെയ്യപ്പെട്ടിരുന്നത്. റഷ്യൻ വിപ്ലവത്തിന്റെയും സോവിയറ്റു ഗവൺമെന്റിന്റെയും നേട്ടങ്ങളെ സ്തുതിച്ചുകൊണ്ട് 'മാതൃഭൂമി' ഒട്ടനവധി ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

1924 ഏപ്രിൽ മാസത്തിൽ "ബോൾഷേവിക്കുകാരുമായി സഖ്യം ചെയ്ത് ബ്രിട്ടീഷ് ഭരണം ഇൻഡ്യയിൽ ഇല്ലാതാക്കുവാൻ ശ്രമിച്ചു", എന്ന കുറ്റത്തിന് ഡാങ്കേ, ഷൗക്കത്ത് ഉസ്മാനി, നളിനീഭൂഷൻദാസ്, മുസാഫർ അഹമ്മദ് എന്നിവരുടെ പേരിൽ ഗവൺമെന്റ് ചാർജ്ജുചെയ്ത കാൺപൂർ ഗൂഢാലോചനക്കേസിനെ സംബന്ധിച്ചും പിന്നീട് ലാഹൂർ ഗാഡ്ഢൂലോചനക്കേസ്സ്, മീററ്റ് ഗൂഢാലോചനക്കേസ്സ് മുതലായവ സംബന്ധിച്ചുമുള്ള വർത്തമാനങ്ങൾ വലിയ പ്രാധാന്യം നൽകിക്കൊണ്ടാണ് 'മാതൃഭൂമി' പ്രസിദ്ധം ചെയ്തിരുന്നത്. ഇതെല്ലാം കേരളത്തിലെ യുവാക്കന്മാരുടെ വീക്ഷണഗതിയെ കൂടുതൽ വിശാലമാക്കാൻ സഹായിച്ചു എന്നു പറയേണ്ടതില്ലല്ലോ.

1924 ഒക്ടോബറിൽ അബ്ദുൽറഹിമാൻ സാഹിബിന്റെ പത്രാധിപത്യത്തിൽ 'അൽഅമീൻ' എന്ന മറ്റൊരു പത്രവും ആരംഭിച്ചു. അതും പിന്നീട് ദിനപ്പത്രമാക്കപ്പെട്ടു. നാട്ടുകാരുടെയിടയിൽ, വിശേഷിച്ചും മുസ്ലീം ജനവിഭാഗങ്ങൾക്കിടയിൽ, സ്വാതന്ത്ര്യബോധം വളർത്താൻ 'അൽഅമീൻ' വളരെയധികം സഹായിക്കുകയുണ്ടായി.

1928 ഏപ്രിൽ മാസത്തിൽ എറണാകുളത്തുവച്ച് ഒരു അഖിലകേരള കുടിയാൻ കാൺഫറൻസും ഒരു നാട്ടുരാജ്യ പ്രജാസമ്മേളനവും കൂടി. രണ്ടു സമ്മേളനങ്ങളും ഒരേ പന്തലിൽവച്ചാണ് നടത്തപ്പെട്ടത്. സുപ്രസിദ്ധ കോൺഗ്രസ്സു നേതാവായ ലാലാലജപത്റായിയാണ് കുടിയാൻ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത്. 'ജന്മിത്വവും അതുകാരണമായി ജനങ്ങൾ അനുഭവിക്കുന്ന ക്ലേശങ്ങളും ബ്രിട്ടീഷു ഗവൺമെന്റിന്റെ സൃഷ്ടികളാണ്" എന്നും "സാധുക്കളെ തവിടുപൊടിയാക്കുന്ന ശക്തികളോട് അനുകൂലിച്ചു പ്രവർത്തിക്കുന്ന ആ ഗവൺമെന്റ് കുടിയാന്മാർക്ക് അനുകൂലമായി യാതൊന്നും ചെയ്യുന്നതല്ല" എന്നും അദ്ദേഹം തന്റെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചു.

"കേരളത്തിലെ കുടിയാന്മാരുടെ അധികാരാവകാശങ്ങളെ സംരക്ഷിക്കുവാനും അവരുടെ പൊതുവേയുള്ള അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുവാനും വേണ്ടി" ഒരു സമസ്തകേരള കുടിയാൻ സംഘം സ്ഥാപിക്കാൻ സമ്മേളനം തീരുമാനിച്ചു.

കുടിയാന്മാർക്ക് ഭൂമിയിൽ സ്ഥിരാവകാശം വേണമെന്ന പ്രമേയം അവതരിപ്പിച്ച ശ്രീ. കെ. ടി. മാത്യു ആയിരുന്നു നാട്ടുരാജ്യസമ്മേളനത്തിന്റെ സ്വാഗതസംഘാദ്ധ്യക്ഷൻ. നാട്ടുരാജ്യ സമ്മേളനത്തിന്റെ ഒരു പ്രധാന ഭാരവാഹിയായ ശ്രീ. ഏ.ബി. സേലമാണ് മാത്യുവിന്റെ പ്രമേയത്തെ പിൻതാങ്ങിയത്.

മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ മൂന്നു പ്രദേശങ്ങളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്ത സമ്മേളനങ്ങളായിരുന്നു അവ. പ്രസംഗങ്ങളിലും പ്രമേയങ്ങളിലും ഐക്യകേരളത്തിനുവേണ്ടിയുള്ള അഭിനിവേശമാണ് പ്രതിഫലിച്ചിരുന്നത്. "കേരളം മൂന്നായി ഭാഗിക്കപ്പെട്ടതോടുകൂടി നമ്മുടെ സ്വാതന്ത്ര്യം ഭാഗിച്ചുപോയിരിക്കുന്നു" എന്ന് ശ്രീ മന്ദത്തു പത്മനാഭപിള്ളയും "കൊച്ചിക്കാരും തിരുവിതാംകൂറുകാരും മലബാറുകാരും ഇപ്പോൾ പല കാരണങ്ങളാലും അന്യോന്യം ബന്ധമില്ലാതെ ഭിന്നിച്ചിരിക്കുകയാകുന്നു; അവരെല്ലാം ഒന്നുപോലെ വർത്തിക്കേണ്ട കാലം വൈകിയിരിക്കുന്നു" എന്ന് ശ്രീ. കെ. മാധവൻ നായരും പ്രസ്താവിച്ചു.

നാട്ടുരാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ പങ്കെടുക്കാതിരിക്കുക എന്നതായിരുന്നു കോൺഗ്രസ്സ് ഇൻഡ്യയിലൊട്ടുക്കും അക്കാലത്ത് അനുവർത്തിച്ചിരുന്ന നയം. കോൺഗ്രസ്സ് നേതൃത്വത്തിന്റെ ഈ നയത്തെ പല പ്രതിനിധികളും ആക്ഷേപിച്ചു. "നാട്ടുരാജ്യങ്ങളിലെ ആഭ്യന്തരകാര്യങ്ങളിൽ കോൺഗ്രസ്സ് പ്രവേശിക്കരുതെന്നുള്ള ഇപ്പോഴത്തെ നിശ്ചയത്തെ റദ്ദാക്കാൻ ആവശ്യപ്പെടുന്നു" എന്ന പ്രമേയം വമ്പിച്ച ഭൂരിപക്ഷത്തോടെ പാസ്സായി. "തിരുവിതാംകൂറിലും കൊച്ചിയിലും പൊതുജനങ്ങൾക്ക് ഉത്തരവാദപ്പെട്ട നിലയിലുള്ള ഭരണപരിഷ്ക്കാരം ഏർപ്പെടുത്തി അവയെ മാതൃകാരാജ്യങ്ങളാക്കിത്തീർക്കേണ്ടതാണ്" എന്ന മറ്റൊരു പ്രമേയവും അംഗീകരിക്കപ്പെട്ടു.

1928 ഫെബ്രുവരി 3-ാം നു സൈമൺകമ്മീഷനിലെ അംഗങ്ങൾ ബോംബെയിൽ കപ്പലിറങ്ങി. ഇൻഡ്യയ്ക്ക് പറ്റിയ ഭരണ പരിഷ്ക്കാരങ്ങളെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ബ്രിട്ടീഷ് പാർലമെന്റ് നിയമിച്ചതും വെള്ളക്കാർ മാത്രമടങ്ങിയതുമായ ഒരു കമ്മിഷനായിരുന്നു അത്. കമ്മിഷനെ ബഹിഷ്ക്കരിക്കാൻ കോൺഗ്രസ്സ് തീരുമാനിച്ചു. ആ തീരുമാനത്തിന് ഇൻഡ്യയിലൊട്ടുക്കും വമ്പിച്ച പിൻതുണ ലഭിച്ചു. ഫെബ്രുവരി 3-ാം നു മുതൽക്കു തന്നെ എല്ലായിടത്തും പ്രതിഷേധ പ്രകടനങ്ങൾ ആരംഭിച്ചു.

ഈ പ്രതിഷേധ പ്രകടനങ്ങളിൽ കേരളവും ഹാർദ്ദവമായി പങ്കുകൊണ്ടു. കോഴിക്കോടുപോലെയുള്ള പട്ടണങ്ങളിൽ മാത്രമല്ല, ഉൾനാടുകളിൽപ്പോലും പ്രതിഷേധയോഗങ്ങളും പ്രകടനങ്ങളും ഹർത്താലുകളും നടത്തപ്പെട്ടു. ആയിരക്കണക്കിനുള്ള വിദ്യാർത്ഥികൾ പ്രകടനങ്ങളിൽ പങ്കുകൊണ്ടു. "സൈമൺ കമ്മിഷൻകാരെ, പോ, പോ, പോ!" "ഗോബ്യാക്ക്, സൈമൺ കമ്മിഷൻ!" എന്നീ മുദ്രാവാക്യങ്ങൾ എല്ലായിടത്തും മുഴങ്ങാൻ തുടങ്ങി.

ഈ ഘട്ടത്തിലാണ് 1928 മേയ്മാസത്തിൽ പയ്യന്നൂരിൽ വച്ച് നാലാം കേരളസംസ്ഥാന കാൺഫറൻസ് കൂട്ടിയത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവായിരുന്നു അദ്ധ്യക്ഷൻ. തന്റെ ഉജ്ജ്വലവും ആവേശകരവുമായ അദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു:

"നമ്മെ മുറുകെപ്പിടിച്ചിരിക്കുന്ന ദോഷകരങ്ങളായ സമ്പ്രദായങ്ങളെ നാം ത്യജിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും ഈ രാജ്യവാസികളായ സകല സ്ത്രീ പുരുഷന്മാർക്കും ഉൽക്കർഷത്തിനുള്ള സൗകര്യം ഒരുപോലെ ഉണ്ടാക്കിത്തീർക്കേണ്ടതുണ്ട്. ഒരു പ്രജായത്തഭരണത്തിന്റെ സ്ഥാപനത്തിന് പ്രതിബന്ധമായി നിൽക്കുന്ന എല്ലാ സാമൂഹ്യദോഷങ്ങളേയും അയിത്തം മുതലായ അനാചാരങ്ങളേയും തൊഴിലാളികളോട് മുതലാ

ളിമാരും കൃഷിക്കാരോട് ജന്മിമാരും അനുഷ്ഠിച്ചുവരുന്ന ചൂഷണ നയത്തേയും നമുക്ക് ശക്തിയായി എതിർത്ത് ജയിക്കേണ്ടതുണ്ട്. പാശ്ചാത്യ രാജ്യക്കാരിൽ നിന്ന് പ്രകൃതിശാസ്ത്രം, സാമൂഹ്യശാസ്ത്രം, വിശേഷിച്ചും ശാസ്ത്രീയമായി കാര്യങ്ങൾ വീക്ഷിക്കാനുള്ള മനോഭാവം, ചർച്ച ചെയ്ത് വാസ്തവസ്ഥിതികൾ അറിയുവാനുള്ള സന്നദ്ധത ഇവയെല്ലാം നമുക്ക് പഠിക്കുവാനുണ്ട്. എന്നാൽ, നാം കേവലം വർജ്ജിക്കേണ്ടതായ അനേകം സംഗതികൾ ഇന്നു പാശ്ചാത്യരുടെ ഇടയിലുണ്ട്. നിങ്ങൾ വിചാരത്തിൽ വിപ്ലവകാരികളായിരിക്കുവിൻ; ഏതൊരു കാര്യത്തേയും നിങ്ങൾ വിമർശ്ശനബുദ്ധ്യാ വീക്ഷിക്കുവിൻ; നിങ്ങളുടെ യുക്തിക്കും ബുദ്ധിക്കും സമ്മതമല്ലാത്ത യാതൊരു സംഗതിയേയും സ്വീകരിക്കാതിരിക്കുവിൻ..... സ്വാതന്ത്ര്യം നേടുക എന്നു പറയുന്നത് ചിലർക്കുവേണ്ടിയോ ചില വിഭാഗങ്ങളിൽപ്പെട്ടവർക്കു വേണ്ടിയോ ഏതാനും ആനുകൂല്യങ്ങൾ നേടാനുള്ള ഒരു പരിശ്രമമല്ല. എല്ലാവർക്കും സ്വാതന്ത്ര്യവും തുല്യമായ സൗകര്യങ്ങളും പ്രദാനം ചെയ്യുന്ന ഒരു സാമൂഹ്യവ്യവസ്ഥ രൂപവൽക്കരിക്കുക എന്നതായിരിക്കണം നമ്മുടെ ഉദ്ദേശം. പൂർവ്വികമാഹാത്മ്യങ്ങളെക്കുറിച്ചുള്ള ചിന്തകളിൽ നിന്നുണർന്ന് ജീവിതത്തിൽ നമ്മുടെ ഗുണത്തിനും യുക്തിക്കും എതിരായി കാണുന്നവയെ എല്ലാം നിർഭയം വർജ്ജിച്ച് നമ്മുടെ വളർച്ചയ്ക്ക് അനുകൂലവും നമുക്ക് ഗുണകരവും ആയതിനെയെല്ലാം സധൈര്യം സ്വീകരിച്ച് ഉത്സാഹപൂർവ്വം മുന്നോട്ടു പോകുവിൻ! വിപ്ലവം വിജയിക്കട്ടെ!"

സമ്മേളനത്തിന്റെ ആലോചനയ്ക്ക് വന്ന ഏറ്റവും മുഖ്യമായ പ്രമേയം ചൂടുപിടിച്ച വാദപ്രതിവാദങ്ങൾക്കിടയായി. "കോൺഗ്രസ്സിന്റെ ഉദ്ദേശ്യം ഇൻഡ്യയുടെ സ്വരാജ്യപ്രാപ്തിയാണെന്ന് വിവരിച്ചിട്ടുള്ളത് ഇൻഡ്യയുടെ പരിപൂർണ്ണ സ്വാതന്ത്ര്യമാണെന്ന നിലയിൽ ഭേദപ്പെടുത്താൻ ഈ കാൺഫറൻസ് കൽക്കത്തയിൽ കൂടുന്ന ഇനിയത്തെ കോൺഗ്രസ്സു യോഗത്തോട് ശുപാർശ ചെയ്യുന്നു." ഇതായിരുന്നു പ്രമേയം. ശ്രീ. കെ. മാധവനാരാണ് പ്രമേയം അവതരിപ്പിച്ചത്. ശ്രീമാന്മാർ കെ. കേളപ്പൻ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, വി.ആർ. നായനാർ, സി. കുട്ടൻ നായർ മുതലായവർ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടും, മഞ്ചേരി രാമയ്യർ, ഉപ്പിസാഹേബ്, യു. ഗോപാലമേനോൻ, പി. അച്ചുതൻ മുതലായവർ എതിർത്തു കൊണ്ടും പ്രസംഗങ്ങൾ നടത്തി. ഒടുവിൽ വോട്ടിനിട്ടപ്പോൾ വൻപിച്ച ഭൂരിപക്ഷത്തോടെ പ്രമേയം പാസ്സായി. ഇൻഡ്യയുടെ ഭാവിഭരണഘടനയിൽ കേരളത്തെ ഒരു പ്രത്യേക സംസ്ഥാനമായി അംഗീകരിക്കുക, നാട്ടുരാജ്യങ്ങൾക്ക് ഉത്തരവാദഭരണം അനുവദിക്കുക, സൈമൻ കമ്മിഷൻ ബഹിഷ്ക്കരണം തുടരുക മുതലായവയായിരുന്നു പാസ്സാക്കപ്പെട്ട മറ്റു മുഖ്യപ്രമേയങ്ങൾ.

പയ്യന്നൂർ കാൺഫറൻസിലെ അദ്ധ്യക്ഷപ്രസംഗവും പാസ്സാക്കപ്പെട്ട പ്രമേയങ്ങളും ജനങ്ങളെ വളരെയധികം ആവേശം കൊള്ളിച്ചു. കോൺഗ്രസ്സ് പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായിത്തീർന്നു.

ഈ പരിതഃസ്ഥിതിയിലാണ് 1928 ജൂലൈ ആരംഭത്തിൽ തെക്കേ ഇൻഡ്യയെ മുഴുവൻ ഇളക്കി മറിച്ച റെയിൽവേത്തൊഴിലാളികളുടെ പണിമുടക്കം പൊട്ടിപ്പുറപ്പെട്ടത്. നാഗപട്ടണം, തൃശ്ശിനാപ്പള്ളി, പോത്തന്നൂർ മുതലായ സ്ഥലങ്ങളിലെ വർക്കുഷാപ്പുകളിൽ നിന്നു പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുക്കുക, താണതരം പ്രവൃത്തിക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുക, റണ്ണിംഗ് സ്റ്റാഫ്കാരുടെ സങ്കടങ്ങൾ പരിഹരിക്കുക മുതലായവയായിരുന്നു പണിമുടക്കിയവരുടെ ആവശ്യങ്ങൾ. രണ്ടു മൂന്നു ദിവസങ്ങൾക്കുള്ളിൽ കേരളത്തിലേയ്ക്കും പണിമുടക്കം വ്യാപിച്ചു. ശ്രീ. യു. ഗോപാലമേനോൻ തുടങ്ങിയ കോൺഗ്രസ്സ് നേതാക്കന്മാർ പണിമുടക്കിയ തൊഴിലാളികളെ സജീവമായി സഹായിച്ചു. കോഴിക്കോട്, വടകര, കണ്ണൂർ, തലശ്ശേരി, പാലക്കാട്, ഷോറണ്ണൂർ, തിരുവനന്തപുരം – എല്ലായിടത്തും പണിമുടക്കം പരിപൂർണ്ണവിജയമായിരുന്നു. ജൂലൈ 31 ലെ മുഖപ്രസംഗത്തിൽ 'മാതൃഭൂമി' എഴുതി:

"ഈ പ്രവൃത്തിമുടക്കങ്ങൾ തൊഴിലാളികളുടെ ഇടയിൽ അടുത്ത കാലത്തുണ്ടായിട്ടുള്ള ഉണർച്ചയുടേയും ആത്മബോധത്തിന്റേയും ഒഴിച്ചുകൂടാത്ത ഫലങ്ങളാണ്."

'മാതൃഭൂമി' പറഞ്ഞത് ശരിയാണ്. 1920-ൽത്തന്നെ ഇൻഡ്യയിൽ ഒരു അഖിലേൻഡ്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്സ് ആവിർഭവിച്ചു കഴിഞ്ഞിരുന്നു. പ്രധാനപ്പെട്ട നഗരങ്ങളിലെ തൊഴിലാളികൾ തങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി സംഘടിക്കാനും പ്രക്ഷോഭങ്ങൾ നടത്താനും തുടങ്ങിക്കഴിഞ്ഞിരുന്നു. 1921-22-ലെ നിസ്സഹകരണപ്രസ്ഥാനം അവസാനിച്ചതിനുശേഷം ചില കമ്മ്യൂണിസ്റ്റു ഗ്രൂപ്പുകളും പ്രത്യക്ഷപ്പെട്ടു. ഒരു ഭാഗത്ത് തൊഴിലാളികൾ, കൃഷിക്കാർ തുടങ്ങിയ ജനവിഭാഗങ്ങളെ സംഘടിപ്പിക്കുവാനും മറുഭാഗത്ത് കോൺഗ്രസ്സിനകത്ത് ബ്രിട്ടീഷ് സാമ്രാജ്യത്വമായുള്ള എല്ലാ ബന്ധങ്ങളും വിടർത്തിക്കൊണ്ടുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം എന്ന ലക്ഷ്യം അംഗീകരിപ്പിക്കാനും അവർ ശ്രമിച്ചുകൊണ്ടിരുന്നു. ബ്രിട്ടീഷ് ഭരണാധികാരികൾ പല ഗൂഢാലോചനക്കേസുകളും നടത്തി അവരെ മർദ്ദിച്ചമർത്താൻ നോക്കി. എങ്കിലും തൊഴിലാളിപ്രസ്ഥാനം ശക്തിപ്പെട്ടുകൊണ്ടുതന്നെ വന്നു.

എന്നാൽ, കേരളം വ്യാവസായികമായി വളരെ പിന്നിലായിരുന്നു. വിദേശമുതലാളികളുടെ നേതൃത്വത്തിലുള്ള ചില വ്യവസായങ്ങളേ ഉണ്ടായിരുന്നുള്ളൂ. ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാംശതകത്തിൽ നെയ്ത്തുക

മ്പനി തുടങ്ങിയ ചില ചെറുകിട വ്യവസായങ്ങൾ ആവിർഭവിച്ചു. പക്ഷേ, അപ്പോഴും തൊഴിലാളികളുടെയിടയിൽ പറയത്തക്ക പ്രക്ഷോഭങ്ങളൊന്നുമുണ്ടായിരുന്നില്ല. 1928-ലെ റെയിൽവേ തൊഴിലാളികളുടെ പണിമുടക്കും ചെറുകിട വ്യവസായങ്ങളിലെ തൊഴിലാളികളേയും തട്ടിയുണർത്തി. അവരുടെ "ഉണർച്ചയും ആത്മബോധവും" പ്രകടമാകാൻ തുടങ്ങി. അതുമുതൽക്കാണ് കേരളത്തിൽ ഒരു തൊഴലാളിപ്രസ്ഥാനം ആരംഭിച്ചത് എന്നു പറയാം.

1928 സെപ്റ്റംബർ 20-ാംനു ശ്രീ. നാരായണഗുരു തന്റെ എഴുപത്തിനാലാമത്തെ വയസ്സിൽ ചരമം പ്രാപിച്ചു. "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ടും ജാതിവ്യവസ്ഥയേയും അന്ധവിശ്വാസങ്ങളേയും വെല്ലുവിളിച്ചുകൊണ്ടും കേരളത്തിലെ അധഃകൃതരും അവശരുമായ പിന്നണിസമുദായങ്ങളെ തട്ടിയുണർത്തുകയും അവർക്ക് ആത്മവീര്യം നൽകുകയും ചെയ്ത ആ സന്യാസിവര്യന്റെ മരണത്തിൽ ജാതിമതഭേദമെന്യേ എല്ലാവരും ദുഃഖിച്ചു. തിരുവിതാംകൂറിലേയും കൊച്ചിയിലേയും മലബാറിലേയും മിക്ക പ്രദേശങ്ങളിലും അനുശോചനയോഗങ്ങൾ നടത്തപ്പെട്ടു. ഈ അനുശോചനയോഗങ്ങൾതന്നെയും അയിത്തം തുടങ്ങിയ അനാചാരങ്ങൾ അസാനിപ്പിക്കുവാനും ദേശീയബോധത്തെ ഉയർത്തുവാനുമുള്ള ആഹ്വാനങ്ങളായിത്തീർന്നു.

1929 സെപ്റ്റംബറിൽ മറ്റൊരു അത്യാഹിതം ഉണ്ടായി. ലാഹൂർ ഗൂഢാലോചനക്കേസ്സിൽ കുടുങ്ങിയ ഭഗത്സിംഗ്, രാജഗുരു, സുഖദേവ്, യതീന്ദ്രനാഥദാസ് തുടങ്ങിയ ഇരുപത്തിനാല് യുവാക്കന്മാർ ജെയിലിൽ കിടന്ന് നരകിക്കുകയായിരുന്നു. വിചാരണയ്ക്കിടയിൽ അവർ ജയിലിൽ വച്ച് ഒരു നിരാഹാരസമരം ആരംഭിച്ചു. രണ്ടുമാസത്തോളം നീണ്ടുനിന്ന സമരത്തിനുശേഷം യതീന്ദ്രനാഥദാസ് മൃതിയടഞ്ഞു. ഈ സംഭവം ഇൻഡ്യയുടെ ഹൃദയത്തിൽ വലിയൊരു വ്രണമുണ്ടാക്കി. ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിലെന്നപോലെ കേരളത്തിന്റെ നാനാഭാഗങ്ങളിലും അനുശോചനയോഗങ്ങൾകൂടി. ദേശാഭിമാനികളായ ജനങ്ങൾക്കിടയിൽ പ്രത്യേകിച്ചും വിദ്യാർത്ഥികൾക്കും മറ്റു യുവാക്കന്മാർക്കും ഇടയിൽ ബ്രിട്ടീഷ് സാമ്രാജ്യാധിപത്യത്തോടുള്ള വിരോധം പൂർവ്വാധികം വർദ്ധിച്ചു.

1929-ൽത്തന്നെയാണ് ലോകവ്യാപകമായ ഒരു സാമ്പത്തികക്കുഴപ്പം ആരംഭിച്ചത്. ഇൻഡ്യയേയും അതു വല്ലാതെ ബാധിച്ചു. കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിഞ്ഞു. പക്ഷേ, പാട്ടവും നികുതിയും കുറഞ്ഞില്ല. അനേകം കൃഷിക്കാരും നികുതിയടയ്ക്കാൻ കഴിയാത്ത ചെറുകിടക്കാരായ ജന്മികളും പാപ്പരായി. പട്ടിണിയും തൊഴിലില്ലായ്മയും വർദ്ധിച്ചു. നാട്ടിലെങ്ങും അസംതൃപ്തി പരന്നുപിടിക്കാൻ തുടങ്ങി.

ഈ സംഭവവികാസങ്ങളുടെയെല്ലാം ഫലമായി ഇൻഡ്യയുടെ രാഷ്ട്രീയ പ്രസ്ഥാനത്തിൽ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത ചില മാറ്റങ്ങൾ പ്രത്യക്ഷപ്പെട്ടു.

1929 ഡിസംബർ അവസാനത്തിൽ ലാഹൂറിൽവച്ച് പണ്ഡിറ്റ് ജവഹരിലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ കോൺഗ്രസ്സിന്റെ നാൽപ്പത്തിനാലാം സമ്മേളനം കൂടി. ഈ സമ്മേളനത്തിൽവച്ചാണ് സുപ്രസിദ്ധമായ പൂർണ്ണസ്വാതന്ത്ര്യ പ്രമേയം അംഗീകരിക്കപ്പെട്ടത്. ഡൊമിനിയൻ പദവിയാണ് ലക്ഷ്യമെന്ന മുൻതീരുമാനം റദ്ദാക്കപ്പെടുകയും കോൺഗ്രസ്സ് നിബന്ധനയിലെ ഒന്നാം വകുപ്പിൽ "സ്വരാജ്യലബ്ധി"യാണ് കോൺഗ്രസ്സിന്റെ ലക്ഷ്യമെന്നു പറഞ്ഞിട്ടുള്ളത് "പൂർണ്ണസ്വാതന്ത്ര്യ"ത്തെക്കുറിക്കുവാനാണെന്ന് പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. ഇൻഡ്യയുടെ ഭരണപരിഷ്ക്കാരങ്ങളെപ്പറ്റി ആലോചിക്കാൻവേണ്ടി ലണ്ടനിൽവച്ച് ബ്രിട്ടീഷ് ഗവൺമെന്റു വിളിച്ചു കൂട്ടുന്ന വട്ടമേശസമ്മേളനത്തിൽ പങ്കുകൊള്ളാൻ പാടില്ലെന്നും അസംബ്ലിയിലും മറ്റു നിയമസഭകളിലുമുള്ള കോൺഗ്രസ്സ് മെംബർമാർ തങ്ങളുടെ സ്ഥാനങ്ങളുപേക്ഷിച്ച് പുറത്തുവരണമെന്നും യുക്തമായ സ്ഥലങ്ങളിൽ സിവിൽനിയമലംഘനം ആരംഭിക്കാൻ കോൺഗ്രസ്സ് കമ്മിറ്റികൾക്ക് അനുവാദമുണ്ടായിരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള അതിപ്രധാനമായ മറ്റു ചില പ്രമേയങ്ങളും അംഗീകരിക്കപ്പെട്ടു.

അതിനുശേഷം ദ്രുതഗതിയിലാണ് സംഭവങ്ങൾ മുന്നോട്ടു നീങ്ങിയത്.

## അദ്ധ്യായം 6

# നിയമലംഘനപ്രസ്ഥാനം

ലാഹോർ കോൺഗ്രസ്സ് അവസാനിച്ചയുടനെ തന്നെ കോൺഗ്രസ്സ് പ്രവർത്തകകമ്മിറ്റി യോഗം ചേരുകയും 1930 ജനുവരി 26നു ഇൻഡ്യയിൽ എല്ലായിടത്തും പൂർണ്ണ സ്വാതന്ത്ര്യദിനം ആചരിക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. അന്നേദിവസം കൂടുന്ന പൊതുയോഗങ്ങളിൽ പാസ്സാക്കാൻവേണ്ടി പ്രവർത്തക കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് പ്രസിഡന്റ് ജവഹരിലാൽ താഴെ കാണുന്ന പ്രതിജ്ഞ പ്രസിദ്ധം ചെയ്തു:

“സ്വാതന്ത്ര്യം അനുഭവിക്കുവാനും സ്വന്തം പ്രയത്നഫലം അനുഭവിക്കുവാനും ജീവിതത്തിലെ അത്യാവശ്യങ്ങൾ നിവർത്തിക്കുവാനും ഇൻഡ്യാക്കാർക്കും മറ്റേതൊരു രാജ്യക്കാർക്കുമെന്ന പോലെ അനിഷേദ്ധ്യമായ അവകാശമുണ്ടെന്നും ഈ അവകാശങ്ങളുടെ സംരക്ഷണത്തിൽമാത്രമേ പൂർണ്ണവും സ്വച്ഛന്ദവുമായ വളർച്ച സാധ്യമായിരിക്കൂ എന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഏതെങ്കിലും ഭരണത്തിൻകീഴിൽ, ഈ അവകാശങ്ങൾ നിഷേധിക്കപ്പെടുകയോ ജനങ്ങൾ മർദ്ദിതരാകുകയോ ചെയ്യുന്നതായാൽ ആ ഭരണത്തെ ഭേദപ്പെടുത്തുവാനോ വേണ്ടിവന്നാൽ അവസാനിപ്പിക്കുവാനോ ഉള്ള അവകാശവും ജനങ്ങൾക്ക് ഉണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇൻഡ്യയിലെ ബ്രിട്ടീഷ് ഭരണം ഇൻഡ്യാക്കാരുടെ സ്വാതന്ത്ര്യം ക്ഷയിപ്പിച്ചിട്ടുണ്ടെന്നു മാത്രമല്ല, ബ്രിട്ടന്റെ സ്വാർത്ഥസിദ്ധിക്ക് ഇന്ത്യയിലെ ജനങ്ങളെ ചൂഷണം ചെയ്യുകയും ചെയ്യുന്നു. സാമ്പത്തികമായും, രാഷ്ട്രീയമായും, സാംസ്കാരികമായും ഈ ഭരണം ജനങ്ങൾക്ക് നാശഹേതുകമായിത്തീർന്നിട്ടുണ്ട്. ഈ ബ്രിട്ടീഷ് ബന്ധം പരിച്ഛേദം വിടർത്തുകയും പൂർണ്ണസ്വാതന്ത്ര്യം നേടുകയും വേണ്ടതാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

“സാമ്പത്തികമായി ഇൻഡ്യയ്ക്ക് വലിയ നാശങ്ങൾ സംഭവിച്ചിട്ടുണ്ട്. ജനങ്ങളിൽനിന്നും വസൂലാക്കുന്ന നികുതി അവരുടെ അവസ്ഥയിലും കഴിവിലും എത്രയോ കവിഞ്ഞ തോതിലാണ്. കലാമേനിക്കു ഏഴു പൈ മാത്രമാണ് നമ്മുടെ ഒരു ദിവസത്തെ വരവ്. നാം കൊടുക്കുന്ന ഭാരിച്ച നികുതികളിൽ ഇരുപത് ശതമാനം കൃഷിക്കാരിൽനിന്നും വസൂലാക്കുന്ന ഭൂനികുതിയും മൂന്നുശതമാനം ഉപ്പുനികുതിയുമാകുന്നു. ഇത് സാധുക്കൾക്ക് ഏറ്റവും സങ്കടകരമായ ഒരിനമാണ്. ഗ്രാമവ്യവസായങ്ങൾ നശിപ്പിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് കൊല്ലത്തിൽ നാലു മാസമെങ്കിലും കർഷകവർഗ്ഗം പ്രവൃത്തിയില്ലാതെയും ബുദ്ധിമന്ദിച്ചും കഴിയേണ്ടിവരുന്നു. ഇങ്ങനെ നശിച്ചുപോയ തൊഴിലുകളുടെ സ്ഥാനത്ത്, ഇതരരാജ്യങ്ങളിലുള്ളതുപോലെ ഇവിടെ യാതൊന്നും ഏർപ്പെടുത്തിയിട്ടുമില്ല. നികുതി ഭാരങ്ങളും ചുങ്കങ്ങളും, കർഷക വർഗ്ഗത്തിന് ദുർവഹമായിരിക്കുന്ന നാണയനിയന്ത്രണവും ചുങ്കം ഏർപ്പാടും അവർക്ക് ഭാരം വരുത്തിക്കൂട്ടുന്ന വിധത്തിലുള്ളവയാണ്. നമ്മുടെ ഇറക്കുമതി സാധനങ്ങളിൽ ഭൂരിഭാഗവും ബ്രിട്ടീഷ് യന്ത്രശാലകളിൽ ഉണ്ടാക്കുന്നവയാണ്. ബ്രിട്ടീഷ് യന്ത്രശാലാവ്യവസായങ്ങളോട് പ്രത്യക്ഷത്തിൽത്തന്നെ പക്ഷപാതം പ്രദർശിപ്പിക്കുന്ന നിലയിലാണ് ചുങ്കങ്ങൾ ചുമത്തിയിട്ടുള്ളത്. അവയിൽ നിന്നുള്ള വരവാകട്ടെ, സാമാന്യജനത സഹിച്ചുപോകുന്ന നികുതിഭാരത്തെ കുറയ്ക്കാനായിട്ടല്ല വിനിയോഗിക്കുന്നത്; ഭരണകൂടത്തിന്റെ ഭാരിച്ച ചെലവുകൾക്കാണ്. പവനും ഉറുപ്പികയും തമ്മിലുള്ള കൈയ്മാറ്റ നിരക്ക് ക്ലിപ്തപ്പെടുത്തിയിരിക്കുന്നത് മേൽപ്പറഞ്ഞതിലും അക്രമമായ വിധത്തിലാണ്. ഇതിന്റെ ഫലമായി കോടിക്കണക്കിൽ ധനം ഈ രാജ്യത്തു നിന്ന് പുറത്തുപോയിരിക്കുന്നു.

“രാഷ്ട്രീയമായി നോക്കുമ്പോൾ ഇൻഡ്യയുടെ നില ബ്രിട്ടീഷ് വാഴ്ചയിൻകീഴിലെന്നപോലെ ഒരിക്കലും ഇതിനു മുൻപ് താണിട്ടില്ല. ഭരണപരിഷ്ക്കാരങ്ങളൊന്നും ജനങ്ങൾക്ക് വാസ്തവത്തിൽ രാഷ്ട്രീയാധികാരം നൽകിയിട്ടില്ല. നമ്മുടെയിടയിൽ ഏറ്റവും ഉന്നതസ്ഥിതിയിലിരിക്കുന്നവനും വിദേശീയാധികാരത്തിന്റെ മുമ്പിൽ തലകുനിക്കേണ്ടതായിട്ടാണിരിക്കുന്നത്. യഥേഷ്ടം അഭിപ്രായം പ്രകാശിപ്പിക്കുവാനോ സമ്മേളിക്കുവാനോ ഉള്ള അവകാശം നമുക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ രാജ്യക്കാരിൽ വളരെപ്പേർ നാട്ടിലേയ്ക്ക് മടങ്ങുവാൻ നിവൃത്തിയില്ലാതെ വിദേശങ്ങളിൽ താമസിക്കുവാൻ നിർബന്ധിതരായിരിക്കുന്നു. ഭരണസാമർത്ഥ്യവും പ്രാപ്തിയും നാട്ടുകാരിൽ വളരുവാൻ അനുവദിക്കുന്നില്ല.

“സംസ്ക്കാര വിഷയത്തിൽ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം നമ്മെ നമ്മുടെ സാത്മികമായ നിലയിൽ നിന്നും വഴിതെറ്റിച്ചിരിക്കുന്നു. നമ്മെ ബന്ധിച്ചിരിക്കുന്ന ചങ്ങലയെത്തന്നെ നമ്മെക്കൊണ്ട് ലാളിപ്പിച്ച് ആലിംഗനം ചെയ്യിക്കുന്ന പരിശീലനമാണ് നമുക്ക് ലഭിക്കുന്നത്. നിർബ ന്ധപൂർവ്വം നമ്മെ നിരായുധരാക്കിത്തീർത്തതുകൊണ്ട് നമ്മുടെ പൗരുഷം നശിച്ചുപോയിരിക്കുന്നു. ഒരു വിദേശീയ സൈന്യം നമ്മുടെ രാജ്യത്തിൽ ബലമായി പാളയമടച്ചിരിക്കുന്നു. നമ്മിൽ അങ്കുരിക്കുന്ന നിരോധബു ദ്ധിയെ നിർദ്ദയം അമർത്തുവാൻ ഈ സൈന്യത്തെ ഉപയോഗപ്പെടുത്തു ന്നു. നാം നമ്മുടെ കാര്യം നോക്കുവാനോ വിദേശീയാക്രമണം തടുക്കു വാനോ പ്രാപ്തരല്ലെന്നും കള്ളന്മാരിൽനിന്നും കവർച്ചക്കാരിൽനിന്നും നമ്മുടെ ഭവനങ്ങളേയും കുടുംബങ്ങളേയും രക്ഷിക്കുവാൻപോലും നാം ശക്തരല്ലെന്നും തൻമൂലം നാം വിചാരിച്ചുപോകുവാൻ ഇടയാകുന്നു.

“ഇങ്ങനെ നമുക്കും നമ്മുടെ രാജ്യത്തിനും ആപത്തുണ്ടാക്കി ത്തീർത്ത ഒരു ഭരണക്രമത്തിന് ഇനിമേൽ ഒരു നിമിഷമെങ്കിലും സ്വമേ ധയാ വഴിപ്പെടുന്നത് മനുഷ്യനോടും ദൈവത്തോടും ചെയ്യുന്ന ഒരു അപ രാധമായിരിക്കുമെന്ന് നാം വിശ്വസിക്കുന്നു. എന്നാൽ അക്രമമല്ല നമുക്ക് സ്വാതന്ത്ര്യം നേടുവാൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗമെന്ന് ബോദ്ധ്യമാ യിട്ടുണ്ട്. അതുകൊണ്ട് വിദേശ ഗവൺമെന്റുമായുള്ള എല്ലാ സഹകര ണവും സ്വമനസ്സാലെ കഴിയുന്നത്ര പിൻവലിച്ച് സമാധാനപരമായ സമ രത്തിന് നാം തയ്യാറാകണം. പൂർണ്ണ സ്വരാജ്യസ്ഥാപനാർത്ഥം കോൺഗ്ര സ്സിന്റെ ആജ്ഞകൾ നിർവ്വഹിക്കുന്നതാണെന്ന് നാം ഇതിനാൽ സഗൗ രവം തീരുമാനിക്കുന്നു.”

ജനുവരി 26-ാം തീയതിയിലെ പൂർണ്ണസ്വാതന്ത്ര്യദിനാഘോഷം ഒരു പരിപൂർണ്ണ വിജയമായിരുന്നു. പട്ടണങ്ങളിലെന്നപോലെ ഉൾനാടുകളിലും ആയിരക്കണക്കിലും പതിനായിരക്കണക്കിലുമുള്ള ജനങ്ങൾ സ്വാതന്ത്ര്യ പ്രതിജ്ഞയെടുത്തു. കേരളത്തിലും അത് വിജയകരമായിരുന്നു. എല്ലാ യിടത്തും ഒരു പുതിയ ഉത്സാഹം, ഒരു പുതിയ ചൈതന്യം ദൃശ്യമായി.

ഫെബ്രുവരി 14-ാം തീയതി സബർമതിയിൽവച്ചു കൂടിയ സർവ്വേ ൻഡ്യാ കോൺഗ്രസ്സ് കമ്മിറ്റിയോഗം സമരം നടത്താനുള്ള ചുമതല മഹാ ത്മാഗാന്ധിയെ ഏൽപ്പിച്ചു. മാർച്ച് 2-ാം തീയതി ഗാന്ധിജി വൈസ്രോയിക്ക് അവസാനമായി ഒരു കത്തെഴുതി. മാർച്ച് 11-ാം തീയതിക്കു മുൻപ് തൃപ്തി കരമായ മറുപടി കിട്ടിയില്ലെങ്കിൽ 12-ാം തീയതി മുതൽക്ക് സത്യാഗ്രഹ സമരം ആരംഭിക്കുന്നതാണെന്ന് അതിൽ പ്രസ്താവിച്ചിരുന്നു. കത്തിലെ ചില പ്രധാന ഭാഗങ്ങളാണ് ചുവടെ കൊടുക്കുന്നത്:-

“താങ്കളുടെ ശമ്പളത്തെത്തന്നെ എടുക്കുക. മററനേകം വിധത്തിലുള്ള ചെലവുകൾക്കു പുറമേ, അത് മാസത്തിൽ 21,000 ക. യാണ്. ബ്രിട്ടനിലെ പ്രധാനമന്ത്രിക്ക് കൊല്ലത്തിൽ 5000 പവൻ, അതായത് ഇപ്പോഴത്തെ നിരക്കുപ്രകാരം മാസത്തിൽ 5400 ക. മാത്രമാണ് കിട്ടുന്നത്. ഇൻഡ്യാക്കാരിൽ ഒരുവന് ഒരു ദിവസത്തേയ്ക്കുള്ള കലമേനിവരവ് രണ്ട് അണയാണ്. താങ്കൾക്ക് ഇൻഡ്യാക്കാരുടെ വകയായുള്ള ശമ്പളം - താങ്കളുടെ ഒരു ദിവസത്തെ വരവ് - എഴുനൂറ് ക. യിൽ അധികവുമാണ്. ബ്രിട്ടനിലെ ജനങ്ങളുടെ ഒരു ദിവസത്തെ കലമേനിവരവ് രണ്ടു ഉറുപ്പികയാണെങ്കിലും, ബ്രിട്ടീഷ് പ്രധാനമന്ത്രി ദിവസത്തിൽ നൂററി എൺപത് ക. വീതമേ എടുക്കുന്നുള്ളൂ. അങ്ങനെ ഇൻഡ്യാക്കാരുടെ കലമേനിവരവിനേക്കാൾ അയ്യായിരം ഇരട്ടിയാണ് താങ്കൾ ദിവസേന ഇൻഡ്യക്കാരിൽനിന്ന് പററിക്കൊണ്ടിരിക്കുന്നത്. ബ്രിട്ടന്റെ കലമേനി വരവിനേക്കാൾ 90 ഇരട്ടി മാത്രമേ ബ്രിട്ടീഷ് പ്രധാനമന്ത്രിക്ക് ലഭിക്കുന്നുള്ളൂ. പ്രത്യക്ഷമായ ഈ അനീതിയെക്കുറിച്ച് ഒന്നാലോചിച്ചു നോക്കുവാൻ ഞാൻ താങ്കളോട് സവിനയം അഭ്യർത്ഥിക്കുന്നു. ഒരു വ്യക്തിപരമായ ഉദാഹരണമെടുത്തിട്ടുള്ളത് ഈ പരിതാപകരമായ പരമാർത്ഥത്തെ നല്ലവണ്ണം മനസ്സിലാക്കിത്തരുവാൻ വേണ്ടിയാകുന്നു.... വൈസ്രോയിയുടെ ശമ്പളത്തിന്റെ ഈ സ്ഥിതിതന്നെയാണ് ഭരണസമ്പ്രദായത്തിന്റെ മുഴുവൻ സ്ഥിതിയും. ആകയാൽ നികുതി ഗണ്യമായവിധം ചുരുക്കുന്നത് ഭരണച്ചെലവുകൾ അത്രതന്നെ ഗണ്യമായ വിധം ചുരുക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. അതിനു ഗവൺമെന്റിന്റെ ഘടനയെത്തന്നെ മാറേറണ്ടതുണ്ട്. ഈ മാററം പൂർണ്ണസ്വാതന്ത്ര്യം കൂടാതെ അസാദ്ധ്യമാണ്. ഉൾനാടുകളിലെ ജനങ്ങൾ ആയിരക്കണക്കായി ജനുവരി 26-ാം തീയതിയിലെ പൂർണ്ണസ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ പങ്കെടുക്കുവാൻ പ്രേരിതരായത് ഇതുനിമിത്തമാണെന്നാണ് എന്റെ അഭിപ്രായം. പൂർണ്ണസ്വാതന്ത്ര്യമെന്നതിന് അവർ കൽപ്പിക്കുന്ന അർത്ഥം ഇന്നത്തെ ഈ നാശകരമായ ഭരണത്തിൽനിന്നുള്ള മോചനം എന്നാണ്. ഇൻഡ്യയെ കൊള്ളയിടുന്നതിനെ ഇല്ലായ്മ ചെയ്യുവാൻ ബ്രിട്ടനിലെ വലിയ കക്ഷികളിൽ ഒന്നുപോലും തയ്യാറില്ലെന്നാണ് എനിക്കു തോന്നുന്നത്. ആ കൊള്ളയെ ഇൻഡ്യയുടെ ഏകകണ്ഠമായ പ്രതിഷേധത്തെ വകവയ്ക്കാതെ സഹായിക്കുകയാണ് ബ്രിട്ടൺ ചെയ്തു വരുന്നത്. ഇൻഡ്യയ്ക്ക് ഒരു രാഷ്ട്രമായി ജീവിക്കണമെങ്കിൽ, ഇൻഡ്യയിലെ ജനങ്ങൾ പട്ടിണികിടന്ന് മരണത്തിലേയ്ക്ക് ദ്രുതഗമനം ചെയ്തുകൊണ്ടിരിക്കുന്നതിനെ നിറുത്തൽ ചെയ്യണമെങ്കിൽ, ഉടൻതന്നെ ഇതിന് പരിഹാരം വരുന്ന വല്ല മാർഗ്ഗവും കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

“വൈസ്രോയിയുടെ വിജ്ഞാപനത്തിൽ പ്രസ്താവിച്ചിട്ടുള്ള റൗണ്ട് ടേബിൾ കോൺഫറൻസ് തീർച്ചയായും ഇതിന് ഒരു പരിഹാരമാർഗ്ഗമല്ല. യുക്തിവാദങ്ങൾ കൊണ്ട് എതിർകക്ഷിയെ ബോദ്ധ്യപ്പെടുത്തേണ്ട ഒരു സംഗതിയല്ലിത്. തന്റെ അധീനത്തിലുള്ള സർവ്വ ശക്തികളും പ്രയോഗിച്ച് ഇൻഡ്യയിൽ തനിക്കുള്ള കച്ചവടത്തേയും പ്രത്യേകാവകാശങ്ങളേയും നിലനിറുത്തുവാൻ ബ്രിട്ടൻ ശ്രമിക്കാതിരിക്കുകയില്ല. അതിനാൽ മരണത്തിന്റെ ആലിംഗനത്തിൽനിന്നും മോചനം നേടുവാൻ പര്യാപ്തമായ ഒരു ശക്തി ഇൻഡ്യയും രൂപവൽക്കരിക്കേണ്ടിയിരിക്കുന്നു.”

ഉപ്പുനികുതി എടുത്തുകളയുക തുടങ്ങിയ പതിനൊന്നു കാര്യങ്ങൾ ഉടൻ ചെയ്യണമെന്ന് ഈ കത്തിൽ അദ്ദേഹം വൈസ്രോയിയോട് ആവശ്യപ്പെട്ടിരുന്നു. മാർച്ച് 12-ാം തീയതിയായി. വൈസ്രോയിയിൽനിന്ന് തൃപ്തികരമായ യാതൊരു മറുപടിയും ലഭിച്ചില്ല. സമരം ആരംഭിച്ചു. ഉപ്പുനിയമം ലംഘിക്കുവാൻ വേണ്ടി നാലു മലയാളികൾ ഉൾപ്പെടെ എഴുപത് സത്യാഗ്രഹഭടന്മാരോടുകൂടി മഹാത്മാഗാന്ധി കാൽനടയായി ദണ്ഡി എന്ന ഗ്രാമത്തിലേയ്ക്കു പുറപ്പെട്ടു. യാത്രയ്ക്കു മുൻപ് അദ്ദേഹം പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പറഞ്ഞു:

“ഒന്നുകിൽ ഞാൻ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ സാധിച്ചു മടങ്ങി ആശ്രമത്തിലെത്തും; അല്ലെങ്കിൽ എന്റെ മൃതശരീരം അറബിക്കടലിൽ ഒഴുകുന്നതു കാണാം.”

ഏപ്രിൽ 6-ാം തീയതി കടപ്പുറത്തെത്തി കടലിൽ നിന്ന് വെള്ളം എടുത്തു കുറുക്കി ഉപ്പുണ്ടാക്കി നിയമം ലംഘിച്ചു. പക്ഷേ, അറസ്റ്റ് ഉണ്ടായില്ല. ഇൻഡ്യയിൽ എല്ലായിടത്തും സമരമാരംഭിക്കാൻ ഗാന്ധിജി ആഹ്വാനം ചെയ്തു. എല്ലാ സംസ്ഥാനങ്ങളിലും സമരം ആരംഭിച്ചു. മേയ് 5-ാം തീയതി മഹാത്മാഗാന്ധി അറസ്റ്റു ചെയ്യപ്പെട്ടു.

കേരളത്തിലും സമരമാരംഭിച്ചു. 1930 ഏപ്രിൽ 13-ാം തീയതി ശ്രീ. കെ. കേളപ്പന്റെ നേതൃത്വത്തിലുള്ള ഒരു വാളണ്ടിയർ സംഘം ഉപ്പുനിയമം ലംഘിക്കാൻ വേണ്ടി കോഴിക്കോട്ടു നിന്നും പയ്യന്നൂരിലേയ്ക്ക് കാൽനടയായി പുറപ്പെട്ടു. പാലക്കാട്ടു നിന്ന് ശ്രീ. ടി.ആർ. കൃഷ്ണസ്വാമി അയ്യരുടെ നേതൃത്വത്തിൽ മറ്റൊരു സംഘവും പുറപ്പെട്ടു. വാളണ്ടിയർ സംഘങ്ങൾക്ക് വഴിനീളെ ഗംഭീരമായ സ്വീകരണങ്ങളും പല തരത്തിലുള്ള സംഭാവനകളും ലഭിച്ചു. ഏപ്രിൽ 13-ാം തീയതി മുതൽ മുറയ്ക്ക് നിയമലംഘനമാരംഭിച്ചു. ക്രമത്തിൽ മറ്റു സ്ഥലങ്ങളിലേയ്ക്കും അതു വ്യാപിച്ചു.

പക്ഷേ, ഈ സത്യാഗ്രഹസമരത്തെ ആദ്യം നിസ്സാരമാക്കി തള്ളുകയാണ് അധികൃതന്മാർ ചെയ്തത്. ആരെയും അറസ്റ്റു ചെയ്തില്ല.

യാതൊരു നിയമലംഘനവും ഉണ്ടായിട്ടില്ലെന്നായിരുന്നു അവരുടെ ഭാവം. “സത്യാഗ്രഹികൾ ഉണ്ടാക്കി എന്നു പറയുന്ന ഉപ്പ് ഉപയോഗിക്കാൻ കൊള്ളാവുന്നതല്ലെന്നും ചില സ്ഥലങ്ങളിൽ കമ്പോളങ്ങളിൽനിന്ന് വിലയ്ക്കു വാങ്ങിയ ഉപ്പ് വെള്ളത്തിൽ കലക്കി വറ്റിക്കുകയാണ് ചെയ്യുന്നതെന്നും അതുകൊണ്ടാണ് ആരേയും അറസ്റ്റു ചെയ്യാത്തതെന്നും” മലബാർ കളക്ടർ പ്രസിദ്ധം ചെയ്ത ഒരു വിജ്ഞാപനത്തിൽ പ്രസ്താവിക്കുകയുണ്ടായി. കമ്പോള ഉപ്പാണ് തങ്ങൾ വിറ്റുവരുന്നത് എന്നും നിയമം ലംഘിക്കുന്നില്ലെന്ന് പറയുന്നത് വെറും പൊളിയാണ് എന്നും തങ്ങൾ ഉപ്പുണ്ടാക്കുന്നതെങ്ങിനെയാണെന്ന് അധികൃതന്മാർക്ക് വന്നു പരിശോധിക്കാമെന്നും കാൺഗ്രസ്സ് നേതാക്കന്മാർ മറുപടി പറഞ്ഞു.

മേയ് 5-ാം തീയതി മഹാത്മാഗാന്ധി അറസ്റ്റിൽപ്പെട്ടതിനുശേഷം കേരളത്തിലെ സ്ഥിതിയും മാറി. അറസ്റ്റുകളും മർദ്ദനങ്ങളും ആരംഭിച്ചു.

മേയ് 12-ാം തീയതി കോഴിക്കോട് കടൽപ്പുറത്ത് ഉപ്പുനിയമം ലംഘിക്കാൻ കൂടിയ സത്യാഗ്രഹികളെ വലിയൊരു പോലീസുസംഘം പെട്ടെന്ന് വന്നാക്രമിച്ചു. പോലീസ് സൂപ്രണ്ടിന്റെ ആജ്ഞയനുസരിച്ച് ലാത്തിപ്രഹരം, ബ്രൂട്ട്സിട്ടു ചവിട്ടൽ തുടങ്ങിയ മർദ്ദനങ്ങൾ നടത്തി. കുത്തും ചവിട്ടും അടിയുംകൊണ്ട് മുപ്പതിലധികം പേർക്ക് പരുക്കുപറ്റി. എന്നിട്ടും സത്യാഗ്രഹികൾ പിന്മാറിയില്ല. അവർ ഉപ്പ് ഉണ്ടാക്കാനുപയോഗിച്ച തീപ്പെട്ടിയും ചിരട്ടയും ചട്ടിയും ബലാൽക്കാരമായി പിടിച്ചെടുക്കാൻ പോലീസുകാർ ശ്രമിച്ചു. പക്ഷേ, സത്യാഗ്രഹികൾ വിട്ടുകൊടുത്തില്ല. അടികൊണ്ട് ചട്ടികൾ പൊട്ടി. പൊട്ടിയ കഷണങ്ങൾ വിടാതെ മുറുക്കിപ്പിടിച്ചുകൊണ്ട് സത്യാഗ്രഹികൾ പോലീസിന്റെ മുമ്പിൽ തല ഉയർത്തി നിന്നു. വീണ്ടും പ്രഹരങ്ങൾ. അബ്ദുൽ റഹിമാൻ സാഹേബിന്റെ കൈയിലുണ്ടായിരുന്ന ചട്ടിക്കഷണങ്ങൾ പിടിച്ചെടുക്കാൻ വേണ്ടി പോലീസുകാർ അദ്ദേഹത്തിന്റെ കഴുത്ത് രണ്ടു ലാത്തികൾക്കിടയിലിട്ട് ഞെരിച്ചു. സത്യാഗ്രഹികളുടെ കൈയിൽ ദേശീയപതാകയുണ്ടായിരുന്നു. പോലീസ് അതും പിടിച്ചെടുക്കാൻ ശ്രമിച്ചു. പക്ഷേ, അതത്ര എളുപ്പമായിരുന്നില്ല. ശ്രീ. പി. കൃഷ്ണപിള്ള, ശ്രീ. ആർ. വി. ശർമ്മ എന്നിവർ പോലീസിന്റെ ആക്രമണത്തിൽനിന്ന് ദേശീയപതാകയുടെ മാനം കാക്കാൻ ദൃഢനിശ്ചയം ചെയ്തു. പിടിയും ലഹളയുമായി. എന്നിട്ടും കൊടി വിട്ടുകൊടുത്തില്ല. ഇതിനെപ്പറ്റി മേയ് 13-ാം തീയതിയിലെ മാതൃഭൂമി ഇങ്ങനെ റിപ്പോർട്ടു ചെയ്തു.

“ശ്രീമാന്മാർ കൃഷ്ണപിള്ളയേയും ശർമ്മയേയും അറസ്റ്റു ചെയ്തത് ദേശീയപതാകയെ രക്ഷിക്കുന്നതിനുള്ള ശ്രമത്തിലായിരുന്നു. പോലീ

സുകാർ കൈവശപ്പെടുത്തിയ പതാകയുടെ വടി ശ്രീ. ശർമ്മയും, പതാക ശ്രീ. കൃഷ്ണപിള്ളയും, കൈവശപ്പെടുത്തി. പോലീസ് ആകുന്നതും പണിപ്പെട്ടിട്ടും അവർ പതാക വിട്ടുകൊടുത്തില്ല. അവസാനം അവരേയും അറസ്റ്റു ചെയ്യുകയാണ് ചെയ്തത്."

ശ്രീമാന്മാർ കെ. കേളപ്പൻ, മുഹമ്മദ് അബ്ദുൽ റഹിമാൻ, ടി. ആർ. കൃഷ്ണസ്വാമി അയ്യർ, കെ. മാധവനാർ, ആർ.വി. ശർമ്മ, പി. കൃഷ്ണ പിള്ള എന്നിവർ അറസ്റ്റു ചെയ്യപ്പെടുകയും ഒൻപതുമാസത്തെ കഠിനത ടവിന് ശിക്ഷിക്കപ്പെടുകയും ചെയ്തു.

ഈ സംഭവം രാജ്യത്തിലെങ്ങും പുതിയ ഒരുണർവുണ്ടാക്കി. സമരം പൂർവ്വാധികം ശക്തിപ്പെട്ടു. ആവേശഭരിതരായിത്തീർന്ന ജനക്കൂട്ടങ്ങളുടെ കണ്ഠങ്ങളിൽനിന്ന് "മഹാത്മാഗാന്ധി കീജയ്, ഭാരതമാതാ കീജയ് വന്ദേ മാതരം" എന്നീ ജയാരവങ്ങൾ അന്തരീക്ഷത്തിലുയർന്നു. മഹാകവി വള്ള ത്തോൾ ദേശാഭിമാനപരമായ കവിതകളിലൂടെ ഈ ജനകീയാവേശ ത്തിന് പ്രചോദനം നൽകി.

നിയമലംഘനം ഒരു നിത്യസംഭവമായിത്തീർന്നു. ഉപ്പു നിയമലം ഘനം, വിദേശവസ്ത്രഷാപ്പുകളും കള്ളുഷാപ്പുകളും പിക്കറ്റ് ചെയ്യൽ തുടങ്ങിയ പരിപാടികൾ പലേടത്തുമാരംഭിച്ചു. അറസ്റ്റുകൾ, ലാത്തിപ്ര ഹരങ്ങൾ, ചൂരൽപ്രയോഗങ്ങൾ തുടങ്ങിയ മർദ്ദനങ്ങളെ വകവയ്ക്കാതെ സ്ത്രീകളും പുരുഷന്മാരും, തൊഴിലാളികളും കൃഷിക്കാരും, യുവാക്ക ന്മാരും വിദ്യാർത്ഥികളും വക്കീൽമാരും ഡാക്ടർമാരും സമരാങ്കണത്തി ലിറങ്ങി. ചെറിയകുട്ടികൾപോലും ബ്രിട്ടീഷ് ഭരണത്തിനെതിരായ "ബാല ഭാരതസംഘങ്ങൾ" സ്ഥാപിച്ചു. യുവാക്കന്മാർ "യുവക്സംഘങ്ങൾ" ഉണ്ടാക്കി. വിദ്യാർത്ഥികൾ "കേരളവിദ്യാർത്ഥിസംഘം" സ്ഥാപിച്ചു. സമ രത്തെ സജീവമായി സഹായിക്കാൻ വേണ്ടി വിദ്യാർത്ഥികൾ വഹിച്ച പങ്ക് സ്തുത്യർഹമായിരുന്നു. ഘോഷയാത്രകളിലും പ്രകടനങ്ങളിലും പങ്കെടുക്കുന്ന കാര്യത്തിൽ മാത്രമല്ല, ഗവണ്മെന്റിനെതിരായി രഹസ്യ മായ നോട്ടീസുകളും ലഘുലേഖകളും അച്ചടിപ്പിച്ച് വിതരണം ചെയ്യുന്ന കാര്യത്തിലും അവർ മുന്നിട്ടുനിന്നു പ്രവർത്തിച്ചു. കോഴിക്കോട്ടു പട്ടണ ത്തിൽ മിക്കദിവസങ്ങളിലും കല്ലച്ചിൽ അടിച്ച "കാൺഗ്രസ്സുബുള്ളറ്റിൻ" എന്ന രഹസ്യപത്രം പ്രത്യക്ഷപ്പെട്ടിരുന്നു. എത്ര ശ്രമിച്ചിട്ടും അതിന്റെ ഉത്ഭവസ്ഥാനം കണ്ടുപിടിക്കുവാൻ പോലീസിന് സാധിച്ചില്ല. നെറികെട്ട മർദ്ദനങ്ങൾ നടത്താൻ മാത്രമേ അവർക്കു സാധിച്ചുള്ളു. അത്തരത്തി ലുള്ള മർദ്ദനങ്ങളിൽ ഒന്നിനെപ്പറ്റി കാൺഗ്രസ്സു കമ്മിറ്റി പ്രസിഡന്റായി രുന്ന ശ്രീ. മാധവൻനായർ ജൂലായ് 9-ാംനു പുറപ്പെടുവിച്ച ഒരു പ്രസ്താ വനയിൽ ഇങ്ങിനെ പറഞ്ഞിരുന്നു:

“മാതൃഭൂമിയോടുള്ള തങ്ങളുടെ കടമയെ നിർവ്വഹിക്കുവാൻ കോഴിക്കോട്ടെ കടൽപ്പുറത്തുവച്ചുകൂടിയ സാധുവിദ്യാർത്ഥികളെ നിരായുധരും നിരപരാധികളുമായ ചെറുബാലന്മാരെ-നിർദ്ദയമായും ക്രൂരമായും ലാത്തി കുറുവടികൾ കൊണ്ട് അടിച്ച് തല പൊട്ടിക്കുവാനും കൈയ്കാലുകൾ അടിച്ചു ഒടിക്കുവാനും മലയാളത്തിലെ സ്ത്രീകൾ പെറ്റവരാണെന്നു പറയുന്ന ചിലർക്ക് കൈയ്പൊന്തിയല്ലോ എന്നാലോചിക്കുന്നതുതന്നെ ദുസ്സഹമായിരിക്കുന്നു. ഇവർ വല്ല കുറ്റവും ചെയ്തിരുന്നെങ്കിൽത്തന്നെ പോലീസ് ചടങ്ങുകളെപ്പോലും അവഗണിച്ച് കുറുവടികളിൽ ഊക്കുമുഴുവൻ പ്രയോഗിച്ച് വല്ല ദുഷ്ടസംഘങ്ങളേയും തല്ലിക്കൊല്ലുന്ന രീതിയിൽ ദണ്ഡപ്രഹരണം ചെയ്തുവേണമോ ഈ ചെറുബാലന്മാരെ പിരിച്ചുവിടാൻ? ഹാ കഷ്ടം! ഈ നഗരത്തിൽ യോഗ്യന്മാരെന്നും ധനികന്മാരെന്നും പൗരപ്രമാണികളെന്നും പറയുന്നവർ ഇതെല്ലാം കണ്ടും കേട്ടും അടങ്ങിയിരിക്കുന്നത് കാണുമ്പോൾ, മൈലധികാരികളുടെ കല്പനയെ കണ്ണുംചിമ്മി അനുസരിക്കുന്ന വിവരമില്ലാത്ത പോലീസുകാരെ ഞാൻ എന്തിന് പഴിക്കുന്നു......”

144-ാം വകുപ്പിനെ ലംഘിച്ച് ധീരനായ ശ്രീ. കുട്ടികൃഷ്ണപ്പണിക്കർ പൊതുയോഗം വിളിച്ചുകൂട്ടിയതും അതിൽ പ്രസംഗിച്ചതും പോലീസുകാർ വന്ന് അടിച്ചുവീഴ്ത്തിയതും പിന്നെയും എഴുന്നേറ്റുനിന്ന് പ്രസംഗിച്ചതും പിന്നേയും പിന്നേയും അടികൊണ്ടിട്ടും തന്റെ പ്രവൃത്തിയിൽനിന്ന് വിരമിക്കാതിരുന്നതും അത്യന്തം അഭിനന്ദനീയമാണെന്നും ശ്രീ. മാധവൻ നായർ തന്റെ അതേ പ്രസ്താവനയിൽ ചൂണ്ടക്കാണിക്കുകയുണ്ടായി.

കോഴിക്കോട് രഹസ്യമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു “യുദ്ധകൗൺസി”ലാണ് സമരത്തിന് നേതൃത്വം നൽകിയത്. കണ്ണൂരിൽ ഒരു “സമരസമിതി” ഉണ്ടായിരുന്നു. അതുപോലെ മറ്റു സ്ഥലങ്ങളിലും സമരത്തിന് നേതൃത്വം നൽകാനുള്ള സംഘടനകൾ ഉയർന്നുവന്നു. നിയമം ലംഘിച്ചു കൊണ്ട് മലബാറിലെ മിക്ക പട്ടണങ്ങളിലും ഉപ്പുകുറുക്കൽ, ഘോഷയാത്രകൾ, കാൺഫറൻസുകൾ, പിക്കറ്റിംഗ് മുതലായവ നടന്നുകൊണ്ടിരുന്നു.

1930-31-ലെ സ്ഥിതിഗതികളെക്കുറിച്ചുള്ള ഇൻഡ്യാഗവൺമെന്റിന്റെ റിപ്പോർട്ടിൽ നിയമലംഘനപ്രസ്ഥാനത്തിന്റെ വ്യാപ്തിയെപ്പറ്റി ഇങ്ങിനെ പ്രസ്താവിക്കുകയുണ്ടായി:

“കോൺഗ്രസ്സിന്റെ ഭാഗത്തുള്ളവരും ഗവൺമെന്റു കക്ഷികളും ആദ്യം പ്രതീക്ഷിച്ചതിലും വലിയ സഹായം പ്രസ്ഥാനത്തിന് പൊതുജനങ്ങളിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ജൂലായ് ആദ്യമാകുമ്പോഴേയ്ക്കും ഈ പ്രസ്ഥാനം വ്യാപിക്കാത്ത സംസ്ഥാനങ്ങൾ ഇൻഡ്യയിൽ ഉണ്ടായിരുന്നി

ല്ലെന്നുതന്നെ പറയാം. ആസ്സാം, മദ്ധ്യസംസ്ഥാനം എന്നീ രണ്ട് സംസ്ഥാനഗവൺമെന്റുകൾ ഒഴികെ മറ്റെല്ലാ ഗവൺമെന്റുകൾക്കും ഇതു കാരണമായി വലിയ വൈഷമ്യങ്ങൾ നേരിട്ടിരുന്നു. രാജ്യമൊട്ടാകെയും പ്രത്യേകിച്ച് ബോംബെയിലുമുള്ള കച്ചവടക്കാരും വ്യവസായികളും കോൺഗ്രസ്സിന്റെ നേരെ വലിയ അനുഭാവം കാണിച്ചിരുന്നു. നിയമലംഘനപ്രസ്ഥാനം നടത്തിക്കൊണ്ടുപോകുവാൻ ഇവരിൽനിന്ന് ഗണ്യമായ ധനസഹായവും ലഭിച്ചിട്ടുണ്ടായിരുന്നു. ഘോഷയാത്രകൾക്ക് വലിപ്പം കൂട്ടുവാനും ജനങ്ങളുടെയിടയിൽ ക്ഷോഭമുണ്ടാക്കുവാനും പോലീസിനെ ആക്ഷേപിക്കുവാനുമായി രൂപീകരിച്ച അനേകായിരം വാളണ്ടിയർമാരെ നിലനിറുത്തിപ്പോന്നത് മേൽ പ്രസ്താവിച്ചവരിൽനിന്നു ലഭിച്ച ധനം കൊണ്ടായിരുന്നു. കോൺഗ്രസ്സിന് സ്ത്രീകളിൽനിന്നും അപ്രതീക്ഷിതമായ സഹായം ലഭിച്ചിരുന്നു. അവരിൽ അനേകായിരം പേർ - അതേവരെ പുറത്തിറങ്ങാതെ വീട്ടിലിരുന്ന വിദ്യാസമ്പന്നകളും കുലീനകളുമായ അസംഖ്യം പേർ പെട്ടെന്നിറങ്ങി വന്ന് കോൺഗ്രസ്സ് ആഘോഷങ്ങളിൽ പങ്കുകൊള്ളുകയും വിദേശ വസ്ത്രഷാപ്പുകളും മദ്യഷാപ്പുകളും പിക്കറ്റു ചെയ്യുകയും ചെയ്തു. ഇവർ ഇങ്ങനെ പുറപ്പെട്ടതുകൊണ്ട് പോലീസിന് തങ്ങളുടെ കൃത്യങ്ങൾ നിർവഹിക്കുന്നതിൽ പല വൈഷമ്യങ്ങളും നേരിട്ടിരുന്നു. ഇങ്ങനെ ആദ്യത്തെ മൂന്നു മാസങ്ങൾക്കുള്ളിൽ പ്രസ്ഥാനത്തിന് സിദ്ധിച്ച ശക്തിയും പ്രാപ്തിയും ആശ്ചര്യകരമായിരുന്നു. ഗവൺമെന്റിന് ഇതിനോട് നേരിടുവാൻ തങ്ങളുടെ മുഴുവൻ ശക്തികളും ഉപയോഗിക്കേണ്ടിവന്നു...."

"ഏപ്രിൽ 19-ാം തീയതിക്കും ജൂലായ് 7-ാം തീയതിക്കും ഇടയിൽ ഏഴ് ആർഡിനൻസുകൾ പാസ്സാക്കുകയുണ്ടായി. ചിറ്റഗോങ് അക്രമം സംബന്ധിച്ച് പാസ്സാക്കപ്പെട്ട ബംഗാൾ ആർഡിനൻസും ഇതിലുൾപ്പെടും. ഇവയിൽ പ്രധാനമായവ പത്രങ്ങളുടെ നേരെയും നിയമവിരുദ്ധസംഘങ്ങളുടെ നേരെയും ഉള്ളവയായിരുന്നു..."

ഇപ്രകാരമാണ് എല്ലാത്തരം പ്രതിബന്ധങ്ങളേയും നേരിട്ടുകൊണ്ട് ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിലെന്നപോലെ കേരളത്തിലും സത്യാഗ്രഹ സമരങ്ങൾ മുന്നേറിയത്.

നാട്ടുരാജ്യങ്ങളിൽ നിയമലംഘനം ആവശ്യമില്ലെന്നായിരുന്നു കോൺഗ്രസ്സ് നേതൃത്വത്തിന്റെ തീരുമാനം. അതുകൊണ്ട് കൊച്ചിയിലും തിരുവിതാംകൂറിലും നിയമലംഘനപ്രസ്ഥാനമുണ്ടായില്ല. എങ്കിലും, ഈ രണ്ടു നാട്ടുരാജ്യങ്ങളിൽനിന്നും അനേകം ചെറുപ്പക്കാർ മലബാറിൽ നടന്ന സമരത്തിൽ പങ്കെടുക്കുകയും ത്യാഗങ്ങൾ അനുഭവിക്കുകയും ചെയ്തു.

സമരത്തെ പരിമിതവും നിയന്ത്രണാധീനവുമാക്കാനാണ് കോൺഗ്രസ്സ് നേതാക്കന്മാർ പരിശ്രമിച്ചത്. ജൂലായ് ആരംഭത്തിൽ ശ്രീ. കെ. മാധവൻ നായർ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ ഇങ്ങിനെ പറഞ്ഞിരുന്നു:

"സത്യാഗ്രഹ പ്രസ്ഥാനത്തിന്റെ ഫലമായി ജനങ്ങളുടെയിടയിൽ ഉളവായ ഉത്സാഹത്തെ സ്വദേശിപ്രചരണം, മദ്യവർജ്ജനം എന്നീ കാര്യങ്ങൾ തിരിച്ചുവിടുവാൻ ചിലസംരംഭങ്ങൾ മാത്രമാണ് കോഴിക്കോട്ടു നഗരത്തിൽ ഞങ്ങൾ ചെയ്തുവന്നത്. വിദേശവസ്ത്ര വ്യാപാരികൾക്കും മദ്യഷാപ്പുകൾ ലേലത്തിൽ വിളിച്ചവർക്കും കഴിയുന്നതും നഷ്ടം വരുത്താതിരിക്കാവുന്നവിധം ചില നിബന്ധനകളും ഞങ്ങൾ ചെയ്തിരുന്നു. ഈ നിബന്ധനകളോട് ഈ വർഗ്ഗത്തിൽപ്പെട്ടവർ അനുഭാവം പ്രദർശിപ്പിക്കുകയും ചെയ്തു. മൂന്നു വാളണ്ടിയർമാർ പിക്കറ്റു ചെയ്യുകയും വേറെ മൂന്നു വാളണ്ടിയർമാർ ആൾക്കൂട്ടത്തെ ഒതുക്കി നിറുത്തുകയുമായിരുന്നു പതിവ്. എന്നാൽ, അഞ്ച് പേരിലധികം ഒരു ഷാപ്പിന്റെ മുമ്പിൽ നിന്നു പോകരുതെന്ന് ഇപ്പോൾ 144-ാം വകുപ്പുപ്രകാരം നിരോധിച്ചിരിക്കുന്നു. അതിനാൽ ഞങ്ങൾ വാളണ്ടിയർമാരുടെ സംഖ്യ നാലായി ചുരുക്കി. എന്നാൽ, വലിയ സന്നാഹത്തോടുകൂടി കളക്ടരും, ഡിസ്ട്രിക്ട് സൂപ്രണ്ടും സ്ഥലത്തെത്തി, ജനങ്ങളെ ഭയപ്പെടുത്തിയോടിച്ചു. പൊതുയോഗങ്ങളെ നിരോധിച്ചുകൊണ്ടുള്ള കല്പനയും ഞങ്ങളിൽ ചിലർക്ക് നൽകിയിരിക്കുന്നു. പരിഭ്രമം കൊണ്ട് മതിമറന്ന് അധികൃതന്മാർ ചാപല്യം കാട്ടുന്നു. അതനുസരിച്ച് കോൺഗ്രസ്സ് ഭാരവാഹികളും ചാപല്യം പ്രവർത്തിക്കുവാൻ ഒരുങ്ങുന്നതല്ല. കോഴിക്കോട്ട് ആരംഭിച്ചിട്ടുള്ള (മദ്യഷാപ്പ്) പിക്കറ്റിംഗ് സമാധാനപരമായി നടത്തിക്കൊണ്ടുപോകുവാൻ തന്നെയാണ് സത്യാഗ്രഹികൾ തീർച്ചപ്പെടുത്തിയിരിക്കുന്നത്."

സമരത്തെ ഇങ്ങനെ പരിമിതപ്പെടുത്തിയതിൽ യുവാക്കന്മാരായ വാളണ്ടിയർമാർക്ക് അസംതൃപ്തിയുണ്ടായിരുന്നു. ഏതായാലും അനുദിനം വളർന്നുകൊണ്ടിരുന്ന ബഹുജനാവേശത്തെ ഇത്തരം പരിമിതികളിൽ ഒതുക്കി നിറുത്തുക എളുപ്പമായിരുന്നില്ല. പലപ്പോഴും ജനക്കൂട്ടത്തെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്ത് പിരിച്ചുവിടുകയുണ്ടായി.

ബംഗാളിലെ വിപ്ലവകാരികൾ ചിറ്റഗോങിലെ ആയുധശാല ആക്രമിച്ച് കൊള്ളനടത്തിയതും പെഷവാറിലെ ഗാർവാലി പട്ടാളക്കാർ ജനങ്ങളുടെ നേർക്ക് വെടിവെയ്ക്കുവാൻ കൂട്ടാക്കാതിരുന്നതും കേരളത്തിലെ യുവാക്കന്മാരേയും ആവേശം കൊള്ളിക്കുകയുണ്ടായി. 1930 ഒക്ടോബർ മാസത്തിൽ ലാഹൂർ ഗൂഢാലോചനക്കേസ്സിൽപ്പെട്ട ഭഗത്സിംഗ്, രാജഗുരു, സുഖദേവ് എന്നിവർ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടപ്പോൾ പല സ്ഥല

ങ്ങളിലും പ്രതിഷേധപ്രകടനങ്ങളുണ്ടായി. മലബാറിലെ സത്യാഗ്രഹസമരം കൂടുതൽ ഊർജ്ജിതമാകാൻ തുടങ്ങി. ജയിലിനകത്തുപോലും അതിന്റെ പ്രത്യാഘാതങ്ങളുണ്ടായി.

ജയിൽജീവിതം എത്ര ദുസ്സഹമായിരുന്നുവെന്ന് ശ്രീ. പി. കൃഷ്ണപിള്ള പിന്നീട് എഴുതിയ ഒരു സ്മരണയിൽ എടുത്തു കാണിക്കുകയുണ്ടായി. അതിലെ ഒരു ഭാഗമാണ് താഴെ ചേർക്കുന്നത്;

"..... അന്നത്തെ അറസ്റ്റിൽ ഞാനും പെട്ടു. ഞങ്ങളെ ഒൻപതുമാസം ശിക്ഷിച്ചു. അവിടെ ക്വാറൻടൈനിൽ കോണകവും തൊപ്പിയുമായി ഞങ്ങളും കാലുറയുടുപ്പും തൊപ്പിയുമായി അബ്ദുൽറഹിമാനും ഒന്നിച്ചിരുന്നു ചകരിതല്ലിയിരുന്ന ചിത്രം ഇപ്പോഴും എന്റെ കൺമുന്നിൽ, ഇന്നലെ നടന്ന സംഭവംപോലെ, പ്രത്യക്ഷപ്പെടുന്നുണ്ട്. ജയിലിൽ ഞങ്ങളെ ഒറ്റമുറിയിലാണ് അടച്ചിരുന്നത്. എങ്കിലും ജോലിസമയത്ത് കമ്പിളിനൂൽ നൂൽക്കുമ്പോൾ ഞങ്ങൾ ഒന്നിച്ചുകൂടും; ഞങ്ങൾക്ക് അടുത്തിരുന്ന് സംസാരിക്കുവാൻ അവസരം കിട്ടും. ഒരു ദിവസം സംസാരിക്കുന്നതിനിടയ്ക്ക് ഞാൻ നൂൽ നൂൽക്കുവാൻ മറന്നു. ആ സമയത്ത് പെട്ടെന്നുവന്ന ജെയിൽസൂപ്രണ്ട് നൂൽ നൂൽക്കാത്തതിന് എന്നെ ശകാരിച്ചു; ഞാൻ അങ്ങോട്ടു മറുപടിയും പറഞ്ഞു. അതിന് എനിക്ക് കിട്ടിയ ശിക്ഷ തൂക്കാൻ വിധിച്ചവരെ ഇടുന്ന മുറിയിലേയ്ക്ക് മാറ്റമായിരുന്നു; കാലിന്മേൽ ചങ്ങലയും...."

ഇത്തരം മർദ്ദനങ്ങൾക്ക് എതിരായി ജയിലുകളിൽ ചിലപ്പോഴെല്ലാം നിരാഹാരസമരങ്ങൾ നടക്കുക പതിവായിരുന്നു.

1931 മാർച്ചുമാസമായപ്പോഴേയ്ക്കും അഞ്ഞൂറിലധികം പേർ അറസ്റ്റ് ചെയ്യപ്പെട്ടുകഴിഞ്ഞിരുന്നു. എന്നാൽ, മർദ്ദനങ്ങളും പരുക്കുകളുമേറ്റവരുടെ എണ്ണം അതിലുമെത്രയോ കൂടുതലാണ്.

1931 ജൂലായ് 20-ാം തീയതി ഇംഗ്ലണ്ടിലെ പ്രധാനമന്ത്രി റാംസേ മേക്ഡോണാൾഡ് റൗണ്ട് ടേബിൾ കോൺഫറൻസിൽവച്ച് ഒരു പ്രസംഗം ചെയ്തു. ഇൻഡ്യയെ ബ്രിട്ടീഷ് കോമൺവെൽത്തിലെ തുല്യ പങ്കാളിയായ ഒരു ഡൊമിനിയനാക്കി ഉയർത്തുകയാണ് തങ്ങളുടെ ഉദ്ദേശമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. കോൺഗ്രസ്സ് നേതാക്കന്മാരുമായി ഒരു സന്ധിയിൽ എത്താനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും കോൺഗ്രസ്സിനുകൂടി പങ്കെടുക്കാൻ സൗകര്യം ലഭിക്കുന്നതിനുവേണ്ടി റൗണ്ട് ടേബിൾ സമ്മേളനം നീട്ടിവയ്ക്കുകയും ചെയ്തു.

ജനുവരി 26-ാം തീയതി മഹാത്മാഗാന്ധിയും കോൺഗ്രസ്സ് പ്രവർത്തകകമ്മിറ്റി മെംബർമാരും നിരുപാധികമായി വിട്ടയയ്ക്കപ്പെട്ടു. നീണ്ടുനിന്ന

കൂടിയാലോചനകൾക്കുശേഷം മാർച്ച് 4-ാം തീയതി ഗാന്ധി - ഇർവിൻ സന്ധി ഒപ്പുവയ്ക്കപ്പെട്ടു. അതനുസരിച്ച് നിയമലംഘനപ്രസ്ഥാനം പിൻവലിക്കപ്പെടുകയും ചെയ്തു.

സന്ധിയിലെ വ്യവസ്ഥകളനുസരിച്ച് സമാധാനലംഘനത്തിന് ഹേതുവാകാതെ പിക്കറ്റു ചെയ്യാനുള്ള അവകാശം ഗവൺമെന്റ് അംഗീകരിക്കുകയും ആർഡിനൻസ് നിയമങ്ങൾ പിൻവലിക്കുകയും ഉപ്പുണ്ടാക്കാവുന്ന സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് സ്വന്തം ഉപയോഗത്തിനോ അതാതു ഗ്രാമങ്ങളുടെ അതിർത്തിക്കുള്ളിൽ മാത്രം വില്ക്കുന്നതിനോ വേണ്ടി ഉപ്പുണ്ടാക്കാൻ അനുവദിക്കുകയും എല്ലാ സത്യാഗ്രഹ തടവുകാരേയും വിമുക്തരാക്കുകയും ചെയ്തു.

കേരളത്തിലെ സത്യാഗ്രഹികളും ജയിൽവിമുക്തരായി പുറത്തുവന്നു.

## അദ്ധ്യായം 7

# ഗുരുവായൂർ സത്യാഗ്രഹം

സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടുകൊണ്ടിരുന്ന ഒരു ഘട്ടത്തിൽ അതിനെ പെട്ടെന്ന് പൻവലിക്കുകയും ശത്രുക്കളുമായി സന്ധിക്ക് ഒരുങ്ങുകയും ചെയ്ത മഹാത്മാഗാന്ധിയുടെ നയത്തിൽ അനേകം കോൺഗ്രസ്സുകാർ, പ്രത്യേകിച്ചും യുവാക്കന്മാരും തീവ്രവാദ ചിന്താഗതികളുള്ളവരുമായ കോൺഗ്രസ്സുകാർ, അസംതൃപ്തി പ്രകടിപ്പിച്ചു. സന്ധിക്കു ശേഷമാണ്, മാർച്ച് 23-ാം ന് ഭഗത്സിംഗ്, രാജഗുരു, സുഖദേവ് എന്നീ വിപ്ലവകാരികൾ തൂക്കിക്കൊല്ലപ്പെട്ടത്. അവരുടെ മൃതശരീരങ്ങൾ ബന്ധുക്കൾക്ക് വിട്ടുകൊടുക്കാൻപോലും അധികാരികൾ കൂട്ടാക്കിയില്ല. ഇത് യുവാക്കന്മാരുടെ അസംതൃപ്തിയെ കൂടുതൽ വർദ്ധിപ്പിച്ചു. കേരളത്തിൽ കോഴിക്കോട്, തലശ്ശേരി, കണ്ണൂർ, ഹോസ്ദുർഗ്, തളിപ്പറമ്പ്, വടകര, കൊയിലാണ്ടി, പാലക്കാട്, എറണാകുളം എന്നിങ്ങനെ ഒട്ടുവളരെ സ്ഥലങ്ങളിൽ പ്രതിഷേധയോഗങ്ങളും പ്രകടനങ്ങളും ഹർത്താലുകളും ഉണ്ടായി.

1931 മാർച്ച് അവസാനത്തിൽ കറാച്ചിയിൽവച്ച് വല്ലഭായി പട്ടേലിന്റെ അദ്ധ്യക്ഷതയിൽ കോൺഗ്രസ്സിന്റെ നാൽപത്തിഅഞ്ചാം സമ്മേളനം കൂടി. ഗാന്ധി ഇർവിൻ സന്ധിയിലെ വ്യവസ്ഥകളെ സമ്മേളനം അംഗീകരിക്കുകയും രണ്ടാം വട്ടമേശ സമ്മേളനത്തിൽ കോൺഗ്രസ്സിന്റെ പ്രതിനിധിയായി പങ്കുകൊള്ളാൻ ഗാന്ധിജിയെ അധികാരപ്പെടുത്തുകയും ചെയ്തു. എന്നാൽ, വട്ടമേശസമ്മേളനത്തിന്റെ തീരുമാനങ്ങൾ ഇൻഡ്യയുടെ പരിപൂർണ്ണ സ്വാതന്ത്ര്യലബ്ധിക്ക് വിഘാതമാകരുതെന്നും ബ്രിട്ടീഷ് സാമ്രാജ്യവുമായുള്ള ബന്ധം എപ്പോൾ വേണമെങ്കിലും വേർപെടുത്താൻ ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നും

സൈനികവും സാമ്പത്തികവും വിദേശകാര്യപരവുമായ നിയന്ത്രണാധികാരം ഉൾപ്പെടാത്ത യാതൊരു വ്യവസ്ഥയേയും അനുകൂലിക്കാൻ പാടില്ലെന്നും പ്രമേയത്തിൽ നിർദ്ദേശിച്ചിരുന്നു.

കറാച്ചി സമ്മേളനത്തിൽവച്ചാണ് കോൺഗ്രസ്സിന്റെ സുപ്രസിദ്ധമായ മൗലികാവകാശപ്രമേയം പാസ്സാക്കപ്പെട്ടത്. സമ്മേളനസ്വാതന്ത്ര്യം, പ്രസംഗസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം, സ്ത്രീപുരുഷസമത്വം മുതലായവയ്ക്കു പുറമേ തൊഴിലാളികളുടേയും കൃഷിക്കാരുടേയും പല ആവശ്യങ്ങളേയും പ്രമേയത്തിൽ അംഗീകരിക്കുകയുണ്ടായി. ഉപജീവനത്തിന് പര്യാപ്തമായ കൂലിനിരക്ക് അനുവദിക്കുക, വാർദ്ധക്യകാലത്തും രോഗം, തൊഴിലില്ലായ്മ മുതലായവ പിടിപെടുമ്പോഴും അവർക്ക് സംരക്ഷണം നൽകുക, തൊഴിലാളികൾ തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി പണി മുടക്കുമ്പോൾ ഗവൺമെന്റ് മുതലാളികളെ സഹായിക്കുകയോ പോലീസിനെയോ പട്ടാളത്തെയോ അയച്ച് തൊഴിലാളികളെ ദ്രോഹിക്കുകയോ ചെയ്യാതെ നിഷ്പക്ഷത പാലിക്കുക, കൃഷിക്കാരുടെ പാട്ടവും നികുതിയും കുറയ്ക്കുക, സ്വന്തമായി കൃഷിചെയ്യാൻ സാധിക്കുന്നതിലുമധികം ഭൂമി കൈവശംവയ്ക്കാൻ ആരെയും അനുവദിക്കാതിരിക്കുക, അടിസ്ഥാന വ്യവസായങ്ങൾ ദേശസാൽക്കരിക്കുക എന്നിങ്ങനെയുള്ള അതിപ്രധാനങ്ങളായ പല മൗലികാവശ്യങ്ങളും പ്രമേയത്തിൽ അടങ്ങിയിരുന്നു. ഈ പ്രമേയത്തെപ്പറ്റി പണ്ഡിറ്റ് ജവഹരിലാൽ നെഹ്റു ഇങ്ങിനെ എഴുതുകയുണ്ടായി:

"ഇതേവരെ കേവലം രാഷ്ട്രീയമാർഗ്ഗങ്ങളിലൂടെയേ കോൺഗ്രസ്സ് ചിന്തിച്ചിട്ടുള്ളൂ. കുടിൽ വ്യവസായങ്ങളേയും പൊതുവിൽ സ്വദേശിയേയും പ്രോത്സാഹിപ്പിക്കുക എന്നതിൽ കവിഞ്ഞ സാമ്പത്തിക പ്രശ്നങ്ങളെ നേരിടാതെ ഒഴിഞ്ഞു കളയുകയാണ് ഉണ്ടായിട്ടുള്ളത്. മൗലിക വ്യവസായങ്ങളും സർവ്വീസുകളും ദേശീയമാക്കിത്തീർക്കണമെന്നും ദരിദ്രരുടെമേൽ ഭാരം കുറയ്ക്കുകയും ധനികരുടെമേൽ വർദ്ധിപ്പിക്കുകയും ചെയ്യുവാനുള്ള മറ്റുപല നടപടികളും എടുക്കണമെന്നും വാദിക്കുകയാൽ കറാച്ചിപ്രമേയത്തിൽ അത് സോഷ്യലിസ്റ്റ് മാർഗ്ഗത്തിലൂടെ ഒരടി, ഒരു ചെറിയ അടി, മുമ്പോട്ടുവച്ചു. ഇത് സോഷ്യലിസമല്ല. ആ പ്രമേയത്തിലടങ്ങിയ ഏതാണ്ട് എല്ലാം തന്നെ ഒരു മുതലാളിരാഷ്ട്രത്തിന് എളുപ്പത്തിൽ അംഗീകരിക്കാവുന്നതേയുള്ളു."

ഗാന്ധി-ഇർവിൻ സന്ധിയനുസരിച്ച് സമാധാനപരമായി കള്ളുഷാപ്പുകൾ പിക്കറ്റു ചെയ്യാൻ കോൺഗ്രസ്സിന് അനുവാദം കിട്ടിയിരുന്നു. കേരളത്തിലും പിക്കറ്റിംഗ് നടന്നു.

1931 മേയ് ആരംഭത്തിൽ വടകരയിൽ വച്ച് ശ്രീ. സെൻഗുപ്തയുടെ അദ്ധ്യക്ഷതയിൽ അഞ്ചാം കേരളസംസ്ഥാന സമ്മേളനം നടന്നു. കറാച്ചി

സമ്മേളനത്തിൽ പാസ്സായ പ്രാഥമിക പൗരാവകാശപ്രമേയം നാട്ടുരാജ്യപ്രജകൾക്കും ബാധകമായിരിക്കണമെന്നും, നാട്ടുരാജ്യങ്ങളിൽ ഉടൻ തന്നെ സമ്പൂർണ്ണമായ ഉത്തരവാദിത്വഭരണം സ്ഥാപിക്കുന്നതിനുള്ള സ്പഷ്ടമായ വ്യവസ്ഥകൾ പുതിയ ഫെഡറൽ ഭരണഘടനയിൽ ഉണ്ടായിരിക്കണമെന്നും, ഏതൊരു ഗവൺമെന്റു ജീവനക്കാരനും ചുരുങ്ങിയത് 30 ഉറുപ്പികയെങ്കിലും പ്രതിമാസം ലഭിക്കുവാൻ വ്യവസ്ഥയുണ്ടായിരിക്കണമെന്നും, ഹൈന്ദവക്ഷേത്രങ്ങളിൽ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പല പ്രധാന പ്രമേയങ്ങളും പാസ്സാക്കപ്പെട്ടു. രാഷ്ട്രീയ സമ്മേളനത്തോട് അനുബന്ധിച്ചു തന്നെ ശ്രീ. കെ. എഫ്. നരിമാന്റെ അദ്ധ്യക്ഷതയിൽ ഒരു അഖിലകേരള വിദ്യാർത്ഥി സമ്മേളനവും ശ്രീ. ടി. പ്രകാശത്തിന്റെ അദ്ധ്യക്ഷതയിൽ രാഷ്ട്രീയ തടവുകാരുടെ ഒരു സമ്മേളനവും കൂടുകയുണ്ടായി. രാഷ്ട്രീയ തടവുകാരുടെ സമ്മേളനത്തിൽവച്ച് 1921-ലെ മരണവണ്ടിയുടെ ഒരു സ്മാരകം സ്ഥാപിക്കാൻ വേണ്ട ഏർപ്പാടു ചെയ്യുന്നതിന് ഒരു കമ്മിറ്റിയെ രൂപീകരിക്കുകയുണ്ടായി. പക്ഷേ, പിന്നീടത് പ്രവൃത്തിയിൽ വന്നില്ല. എന്നാൽ, രാഷ്ട്രീയ സമ്മേളനം പാസ്സാക്കിയ ക്ഷേത്രപ്രവേശനപ്രമേയം ഏറെക്കഴിയുന്നതിനുമുൻപുതന്നെ ഒരു വലിയ സമരമായി രൂപാന്തരപ്പെട്ടു.

അധഃകൃതർ ഉൾപ്പെടെ എല്ലാ ഹിന്ദുക്കളുടേയും ക്ഷേത്ര പ്രവേശനാവകാശത്തെ സ്ഥാപിക്കാൻവേണ്ടി നവംബർ 1-ാം തീയതി മുതൽ ഗുരുവായൂർ ക്ഷേത്രനടയിൽ സത്യാഗ്രഹമാരംഭിക്കേണ്ടതാണെന്ന് ആഗസ്റ്റു 3-ാം തീയതി കൂടിയ കേരള സംസ്ഥാന കോൺഗ്രസ്സ് കമ്മിറ്റിയുടെ യോഗം തീരുമാനിച്ചു.

കേരളത്തിലെ പല ഭാഗങ്ങളിലും ക്ഷേത്രപ്രവേശനസത്യാഗ്രഹത്തിന് പിൻതുണ വാഗ്ദാനം ചെയ്തുകൊണ്ടും അധഃകൃതർക്ക് ക്ഷേത്രം തുറന്നുകൊടുക്കാൻ സാമൂതിരിപ്പാടിനോട് അഭ്യർത്ഥിച്ചുകൊണ്ടുമുള്ള പ്രമേയങ്ങൾ പാസ്സാക്കപ്പെട്ടു. സെപ്റ്റംബർ 25-ാം തീയതി ക്ഷേത്രസത്യാഗ്രഹദിനമായി കൊണ്ടാടപ്പെട്ടു. ക്ഷേത്രം തുറന്നു കൊടുക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഇൻഡ്യയുടെ പല ഭാഗങ്ങളിൽ നിന്നും സാമൂതിരിപ്പാടിന് അനേകം കമ്പികൾ കിട്ടി. നാട്ടുകാരുടെ ഉത്സാഹം വർദ്ധിച്ചു.

സത്യാഗ്രഹം നടത്താൻ വേണ്ടി ഒരു ജാഥ കണ്ണൂരിൽ നിന്നും കാൽനടയായി പുറപ്പെട്ടു. വഴിനീളെ അവർക്ക് ഗംഭീരമായ സ്വീകരണങ്ങളും വിജയാശംസകളും ലഭിച്ചു. ഒക്ടോബർ 31-ാം തീയതി ജാഥ ഗുരുവായൂരിലെത്തി. നവംബർ 1-ാം തീയതി തന്നെ ശ്രീ. കെ. കേളപ്പന്റെ നേതൃതത്തിൽ സത്യാഗ്രഹസമരം ആരംഭിച്ചു. ദിവസേന രാവിലെ

അയിത്ത ജാതിക്കാരെന്ന് കരുതപ്പെടുന്നവരുൾപ്പെടെയുള്ള വാളണ്ടിയർമാർ കുളിച്ച് ശുഭവസ്ത്രം ധരിച്ച് "ഹരേകൃഷ്ണാ ഹരേകൃഷ്ണാ" എന്നു ജപിച്ചുകൊണ്ട് ക്ഷേത്രനടയിലേയ്ക്ക് പോകും. അയിത്താതിർത്തിയിൽവച്ച് ക്ഷേത്രഭരണാധികാരികൾ തടയും. അവിടെ ഇടയ്ക്കിടെ ഊഴം മാറ്റിക്കൊണ്ട് വാളണ്ടിയർമാർ സത്യാഗ്രഹം അനുഷ്ഠിക്കും. മിക്ക ദിവസങ്ങളിലും വൈകുന്നേരമായാൽ പൊതുയോഗങ്ങൾ കൂടും. ഇങ്ങനെ സത്യാഗ്രഹം തുടർന്നു.

കുറച്ചു ദിവസത്തേയ്ക്ക് കുഴപ്പമൊന്നുമുണ്ടായില്ല. എന്നാൽ ഡിസംബർ 26-ാം തീയതി സത്യാഗ്രഹവാളണ്ടിയർമാരുടെ ക്യാപ്റ്റനായ ശ്രീ. ഏ.കെ. ഗോപാലനെ പത്തിരുപത് യാഥാസ്ഥിതികന്മാർ ചേർന്ന് അടിക്കുകയും ചവിട്ടുകയും കഴുത്തുപിടിച്ച് ഞെരിക്കുകയും ചെയ്തു. ഇത് അന്തരീക്ഷത്തെ ചൂടുപിടിപ്പിച്ചു. ജനങ്ങൾ ക്ഷോഭിച്ച് സത്യാഗ്രഹികളെ തടഞ്ഞു നിറുത്തിയ മുള്ളുവേലി പൊളിച്ചുനീക്കി. ക്ഷേത്രാധികാരികൾ അമ്പലം പൂട്ടിയിട്ടു. ഒരു മാസത്തോളം പൂട്ടിക്കിടന്ന ക്ഷേത്രം ജനുവരി 28-ാം തീയതി മാത്രമാണ് വീണ്ടും തുറന്നത്. സത്യാഗ്രഹം തുടർന്നുകൊണ്ടുതന്നെയിരുന്നു.

ഇങ്ങനെ സുമാർ പത്തുമാസക്കാലത്തെ സത്യാഗ്രഹത്തിനുശേഷം 1932 സെപ്റ്റംബർ 21-ാം തീയതി ശ്രീ. കേളപ്പൻ ക്ഷേത്രനടയ്ക്കൽ നിരാഹാരസത്യാഗ്രഹം ആരംഭിച്ചു. നാടെങ്ങും പൊതുയോഗങ്ങൾ കൂടി സാമൂതിരിപ്പാടിനോട് ക്ഷേത്രം തുറന്നുകൊടുക്കാൻ ആവശ്യപ്പെട്ടു. എന്നാൽ "അധഃകൃതവർഗ്ഗക്കാരെ ഇപ്പോൾ ക്ഷേത്രത്തിൽ പ്രവേശിപ്പിക്കുന്നത് യാഥാസ്ഥിതിക ഹിന്ദുക്കളുടെ മനസ്സാക്ഷിയെ വേദനിപ്പിക്കുമെന്നും അങ്ങനെ വേദനിപ്പിക്കുന്നത് ബലപ്രയോഗമായിരിക്കുമെന്നും അതുകൊണ്ട് നിരാഹാരമവസാനിപ്പിക്കാൻ കേളപ്പന് നിർദ്ദേശം കൊടുക്കണമെന്നും" ഗാന്ധിജിക്ക് കമ്പിയടിക്കുകയാണ് സാമൂതിരിപ്പാടു ചെയ്തത്.

നിരാഹാരം നിറുത്താൻ ആവശ്യപ്പെട്ടുകൊണ്ട് കേളപ്പന് ഗാന്ധിജി കമ്പിയടിച്ചു. "വ്രതം നിറുത്തിവയ്ക്കുമ്പോൾ, മൂന്നു മാസത്തിനുള്ളിൽ അധഃകൃതർക്ക് ക്ഷേത്രം തുറന്നുകൊടുക്കേണ്ടതാണെന്നും അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ എന്റെ അനുവാദത്തോടുകൂടി വീണ്ടും വ്രതം തുടങ്ങുമെന്നും നിങ്ങൾ ക്ഷേത്രഭാരവാഹികളെ അറിയിക്കണം. ഈ കാലത്തിനുള്ളിൽ ക്ഷേത്രം തുറന്നു കിട്ടുവാൻ സർവ്വശക്തികളും ഉപയോഗിച്ച് നാം പ്രവർത്തിക്കേണ്ടതുമാണ്" എന്നും ആ കമ്പി സന്ദേശത്തിൽ പറഞ്ഞിരുന്നു.

അങ്ങനെ ഒക്റ്റോബർ 2-ാം തീയതി കേളപ്പന്റെ നിരാഹാര വ്രതമവസാനിച്ചു.

അതിനുശേഷം ക്ഷേത്രപ്രവേശനത്തെ സംബന്ധിച്ച് പൊന്നാനി താലൂക്കിലുള്ള ഹിന്ദുക്കളുടെ അഭിപ്രായമറിയുന്നതിനുവേണ്ടി ഒരു ഹിത പരിശോധന നടത്തപ്പെടുകയുണ്ടായി. എഴുപത്തി ഏഴ് ശതമാനം ഹിന്ദുക്കളും ക്ഷേത്രപ്രവേശനത്തിന് അനുകൂലമാണെന്ന് റഫറണ്ടം തെളിയിച്ചു.

ഗുരുവായൂർ ക്ഷേത്രം തുറപ്പിക്കാൻ സത്യാഗ്രഹത്തിന് കഴിഞ്ഞില്ല എന്നത് ശരിയാണ്. എങ്കിലും അയിത്തത്തിനെതിരായി ജനങ്ങളുടെ മനോഭാവത്തെ തട്ടിയുണർത്താനും അയിത്തത്തിന്റെ അനുകൂലികളായ നാടുവാഴി ജന്മികളുടെ സ്വാധീനശക്തി കുറയ്ക്കാനും അതിനു സാധിച്ചിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

## അദ്ധ്യായം 8

# വീണ്ടും നിയമലംഘനം

ലണ്ടനിലെ റൗണ്ട് ടേബിൾ സമ്മേളനം ഒരു പ്രഹസനം മാത്രമായിരുന്നു. മഹാത്മാഗാന്ധി അതിൽ പങ്കെടുത്തു; ഇൻഡ്യയ്ക്ക് ആവശ്യമായ ഭരണപരിഷ്ക്കാരങ്ങളെപ്പറ്റി പ്രസംഗിച്ചു. പക്ഷേ, യാതൊരു ഫലവും ഉണ്ടായില്ല. സമ്മേളനവും കൂടിയാലോചനകളും നടന്നുകൊണ്ടിരിക്കുമ്പോൾ ഇൻഡ്യയിലെ ബ്രിട്ടീഷ് ഭരണാധികാരികൾ തങ്ങളുടെ മർദ്ദനായുധങ്ങൾക്ക് മൂർച്ച കൂട്ടുകയും സ്വാതന്ത്ര്യപ്രസ്ഥാനത്തെ അടിച്ചുടയ്ക്കാനുള്ള ഗൂഢാലോചനകൾ നടത്തുകയുമാണ് ചെയ്തത്. 1931 ഡിസംബർ അവസാനത്തിൽ മഹാത്മാഗാന്ധി ലണ്ടനിൽ നിന്നു മടങ്ങുന്നതിനുമുൻപു തന്നെ പണ്ഡിറ്റ് ജവഹരിലാൽ നെഹ്റു ഉൾപ്പെടെ പലരും ഇരുമ്പഴിക്കുള്ളിലായിക്കഴിഞ്ഞിരുന്നു.

മഹാത്മാഗാന്ധി ഇൻഡ്യയിൽ മടങ്ങിയെത്തിയയുടനെ വൈസ്രോയിയോട് ഒരു കൂടിക്കാഴ്ച അനുവദിക്കാൻ അഭ്യർത്ഥിച്ചു. അത് നിരസിക്കുക മാത്രമല്ല വൈസ്രോയി ചെയ്തത്; 1932 ജനുവരി 4–ാം തീയതി മഹാത്മാഗാന്ധിയേയും മറ്റു കോൺഗ്രസ്സ് നേതാക്കന്മാരേയും പെട്ടെന്ന് അറസ്റ്റു ചെയ്യുകയും ചെയ്തു. അതോടൊപ്പം തന്നെ ഭീകരമായ മർദ്ദനങ്ങളും ആരംഭിച്ചു. ജനുവരി 4–ാം തീയതി തന്നെ ഒട്ടനവധി ആർഡിനൻസുകൾ ഒന്നിച്ച് പാസ്സാക്കി. കോൺഗ്രസ്സും അതിനോടു ബന്ധപ്പെട്ട മറ്റനേകം സംഘടനകളും നിയമവിരുദ്ധമാക്കപ്പെട്ടു. കോൺഗ്രസ്സു ആഫീസുകളും മറ്റു സ്വത്തുക്കളും കണ്ടുകെട്ടി. മേയ് 2–ാം തീയതി പണ്ഡിറ്റ് മാളവ്യ പ്രസിദ്ധം ചെയ്ത റിപ്പോർട്ടനുസരിച്ച് ആദ്യത്തെ നാലു മാസങ്ങൾക്കിടയിൽ, ഇൻഡ്യയിലാകെ 80,000 പേർ അറസ്റ്റ് ചെയ്യപ്പെട്ടു. പതിനഞ്ചു മാസങ്ങൾക്കു ശേഷം, 1933 മാർച്ച് അവസാനമായപ്പോഴേയ്ക്കും

അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം ഒരു ലക്ഷത്തി ഇരുപതിനായിരം ആയി. ലാത്തിച്ചാർജ്ജുകളും വെടിവയ്പ്പുകളും മറ്റു പലതരം മർദ്ദനങ്ങളും നിർല്ലോഭം നടത്തപ്പെട്ടു.

പുതിയ ഒരു സമരത്തിന് കോൺഗ്രസ്സ് പറയത്തക്ക യാതൊരു ഒരുക്കങ്ങളും ചെയ്തിരുന്നില്ല. ഓർക്കാപ്പുറത്താണ് അടികിട്ടിയത്. കോൺഗ്രസ്സ് അല്ല, ബ്രിട്ടീഷ് ഗവൺമെന്റാണ്, ഇക്കുറി സമരമാരംഭിച്ചത് എന്നു പറയുന്നതായിരിക്കും കൂടുതൽ ശരി.

കേരളത്തെ സംബന്ധിച്ചിടത്തോളം മറ്റൊരു വിഷമം കൂടി ഉണ്ടായിരുന്നു. 1931 നവംബറിൽ ആരംഭിച്ച ഗുരുവായൂർ സത്യാഗ്രഹം തുടർന്നുകൊണ്ടിരിക്കുകയായിരുന്നു. ക്ഷേത്രപ്രവേശനസത്യാഗ്രഹവും നിയമലംഘനപ്രസ്ഥാനവും ഒരേസമയത്ത് നടത്തുക എളുപ്പമായിരുന്നില്ല.

എന്നിട്ടും, കേരളത്തിന്റെ യുവത്വം മർദ്ദനങ്ങളെ കൂട്ടാക്കാതെ, ആർഡിനൻസുകളെ പുല്ലാക്കിക്കൊണ്ട്, സമരാങ്കണത്തിലേയ്ക്ക് കുതിച്ചു. അവർ പരസ്യമായി നിരോധനാജ്ഞകൾ ലംഘിച്ചു. ഉപ്പുനിയമം പിച്ചിച്ചീന്തി വിദേശഷാപ്പുകളും മദ്യഷാപ്പുകളും പിക്കറ്റുചെയ്തു. നിയമവിരുദ്ധമായ കോൺഫറൻസുകളും പ്രകടനങ്ങളും നടത്തി. രണ്ടാഴ്ചയ്ക്കുള്ളിൽ 306 പേർ അറസ്റ്റു ചെയ്യപ്പെട്ടു. പക്ഷേ, എഴുപത്തിഅഞ്ചു പേർ മാത്രമേ ശിക്ഷിക്കപ്പെട്ടുള്ളൂ; ബാക്കിയുള്ളവർ വിട്ടയയ്ക്കപ്പെട്ടു.

നിരോധനാജ്ഞകളുടേയും മർദ്ദനങ്ങളുടേയും ഒത്ത നടുവിൽ കോഴിക്കോട്ടുവച്ച് 1932 മേയ് 15-ാം നു സാമുവെൽ ആറോന്റെ അദ്ധ്യക്ഷതയിൽ ആറാം കേരളസംസ്ഥാന കോൺഫറൻസ് കൂടി. മലബാറിന്റെ മിക്ക താലൂക്കുകളിൽ നിന്നും കാസർകോട്, കൊച്ചി, തിരുവിതാംകൂർ എന്നീ പ്രദേശങ്ങളിൽനിന്നുമായി നാനൂറോളം പ്രതിനിധികൾ അതിൽ പങ്കെടുത്തു. നൂറിൽപ്പരം പ്രതിനിധികൾ അറസ്റ്റ് ചെയ്യപ്പെട്ടു. എന്നാൽ വെറും പന്ത്രണ്ട് പേരെ മാത്രമേ ശിക്ഷിച്ചുള്ളു. ബാക്കിയുള്ളവരെ അർദ്ധരാത്രി തീവണ്ടിയിൽ കയറ്റി വിദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി വിട്ടു.

ജൂൺ 15-ാം നു കണ്ണൂരിൽവച്ച് വടക്കേമലബാർ ജില്ലാ കോൺഫറൻസുകൂടി. 102 ആളുകൾ അറസ്റ്റിൽപ്പെട്ടു. പക്ഷേ, രണ്ടുപേരെ മാത്രമേ റിമാൻഡു ചെയ്തുള്ളു.

അതിനെത്തുടർന്നുകൊണ്ട് മിക്ക താലൂക്കുകളിലും താലൂക്കു സമ്മേളനങ്ങളും പല വില്ലേജുകളിലും വില്ലേജ് സമ്മേളനങ്ങളും നടന്നു. എല്ലാ മാസങ്ങളിലും നാലാം തീയതി ഗാന്ധിദിനമായും, 26-ാം തീയതി പൂർണ്ണസ്വാതന്ത്ര്യദിനമായും, എല്ലാ ഞായറാഴ്ചയും പതാകദിനമായും ആഘോഷിക്കപ്പെട്ടു. തുടരെത്തുടരെ ഘോഷയാത്രകളും പൊതുയോഗങ്ങളും നടത്തപ്പെട്ടു.

എന്നാൽ നിയമം ലംഘിച്ചവരെയെല്ലാം അറസ്റ്റു ചെയ്യുക എന്നതായിരുന്നില്ല ഗവൺമെന്റിന്റെ നയം. വാളണ്ടിയർമാരെ പിടിച്ചുകൊണ്ടുപോയി പോലീസ് സ്റ്റേഷനിൽ വച്ചു മർദ്ദിക്കുക, അതിനുശേഷം ഭക്ഷണമൊന്നും കൊടുക്കാതെ പട്ടിണികിടത്തി രാത്രിസമയത്ത് വണ്ടിയിൽ കയറ്റി ദൂരത്ത് എവിടെയെങ്കിലും കൊണ്ടുപോയി വിടുക, ബോധംകെട്ടു വീഴുന്നതുവരെ അടിക്കുക ഇത്തരം ഭീകരതകളാണ് നടമാടിയത്.

ഇതിനുപുറമേ സത്യാഗ്രഹികളുടെ ആത്മാഭിമാനത്തെ വ്രണപ്പെടുത്താൻ പറ്റിയ പല മൃഗീയനടപടികളും കൈയ്ക്കൊള്ളപ്പെട്ടു. ഉദാഹരണത്തിന് ശ്രീ. എൽ. എസ്സ്. പ്രഭുവിന്റെ പത്നിയെ അറസ്റ്റു ചെയ്ത് ശിക്ഷിച്ചപ്പോൾ ചുമത്തിയ പിഴ വസൂലാക്കാൻ വേണ്ടി അവരുടെ കഴുത്തിലെ "മംഗല്യ"ത്തെ നിർബന്ധപൂർവ്വം അഴിച്ചു വാങ്ങുകയുണ്ടായി. നാട്ടുകാരുടേയും "ഹിന്ദു" മുതലായ പത്രങ്ങളുടേയും നീണ്ടുനിന്ന പ്രക്ഷോഭങ്ങൾക്കുശേഷമാണ് ഒടുവിൽ താലി മടക്കിക്കൊടുക്കാൻ കല്പനയായത്.

എന്നാൽ, എന്തൊക്കെത്തന്നെയായിട്ടും, എല്ലാത്തരം മർദ്ദനങ്ങളേയും നേരിട്ടുകൊണ്ട് കേരളത്തിലെ ദേശാഭിമാനികൾ അസാധാരണമായ ത്യാഗധീരതയോടെ തങ്ങളുടെ പാവനമായ സ്വാതന്ത്ര്യസമരം തുടരുകതന്നെ ചെയ്തു.

1932 സെപ്റ്റംബർ മാസത്തിൽ രാജ്യമൊട്ടുക്കും സ്വാതന്ത്ര്യസമരത്തിൽ മുഴുകിക്കൊണ്ടിരുന്ന സന്ദർഭത്തിൽ മഹാത്മാഗാന്ധി ജയിലിൽവച്ച് ഒരു ഉപവാസമാരംഭിച്ചു. അധഃകൃതർക്ക് പ്രത്യേക നിയോജകമണ്ഡലം നീക്കിവയ്ക്കുന്നതിനെ എതിർക്കുകയായിരുന്നു ഉദ്ദേശം. പ്രത്യേക നിയോജക മണ്ഡലം ഹിന്ദുസമുദായത്തെ വെട്ടിമുറിക്കുന്നതിനു തുല്യമാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ഈ ഉപവാസവാർത്ത രാജ്യത്തിൽ വലിയൊരു ഇളക്കമുണ്ടാക്കി. ഗാന്ധിജിയുടെ ജീവൻ, രക്ഷിക്കാൻവേണ്ടി അവർണ്ണനേതാക്കന്മാരും സവർണ്ണനേതാക്കന്മാരും കൂടിയാലോചനകൾ നടത്തുകയും ഒടുവിൽ സെപ്റ്റംബർ 24-ാം നു അധഃകൃതവർഗ്ഗക്കാർക്ക് പ്രത്യേക നിയോജകമണ്ഡലം ആവശ്യമില്ലെന്ന തീരുമാനത്തിൽ രണ്ടുകൂട്ടരും എത്തിച്ചേരുകയും പൂനാകരാർ എന്ന പേരിലറിയപ്പെടുന്ന സന്ധിയിൽ ഒപ്പുവയ്ക്കുകയും ചെയ്തു. അങ്ങനെ ഉപവാസം അവസാനിച്ചു.

1933 മേയ്മാസത്തിൽ ഗാന്ധിജി വീണ്ടും നിരാഹാരം തുടങ്ങി. ഇക്കുറി ഹരിജനങ്ങളോടുള്ള പെരുമാറ്റത്തെ സംബന്ധിച്ച് തന്നേയും തന്റെ സഹപ്രവർത്തകന്മാരേയും ശുദ്ധീകരിക്കുക എന്നതായിരുന്നു ഉദ്ദേശ്യം. ഈ ഘട്ടത്തിൽ ഗവൺമെന്റ് ഗാന്ധിജിയെ നിരുപാധികമായി ജയി

ലിൽനിന്നു വിട്ടയച്ചു. ഏറെക്കഴിയുന്നതിനുമുൻപ് ഗാന്ധിജിയുടെ നിർദ്ദേശമനുസരിച്ച് കോൺഗ്രസ്സിന്റെ ആക്ടിംഗ് പ്രസിഡന്റ് നിയമലംഘന പ്രസ്ഥാനത്തെ തൽക്കാലത്തേയ്ക്ക് നിറുത്തിവച്ചു.

1933 ജൂലായ്മാസത്തിൽ ഗാന്ധിജി വൈസ്രോയിയോട് ഒരു കൂടിക്കാഴ്ചയ്ക്ക് അനുവാദം ചോദിച്ചു. നിയമലംഘന പ്രസ്ഥാനം ഉപേക്ഷിച്ചല്ലാതെ കൂടിക്കാഴ്ച അനുവദിക്കുകയില്ല എന്ന് വൈസ്രോയി ശഠിച്ചു. ഗാന്ധിജി ബഹുജനസമരം നിറുത്തിവയ്ക്കുകയും വ്യക്തിസത്യാഗ്രഹം ആരംഭിക്കുകയും ചെയ്തു. ഗവൺമെന്റ് വീണ്ടും മർദ്ദനങ്ങൾ അഴിച്ചുവിട്ടു. ജൂലായ്മാസത്തിൽ ഗാന്ധിജി വീണ്ടും അറസ്റ്റു ചെയ്യപ്പെട്ടുവെങ്കിലും പുതിയ ഒരു ഉപവാസത്തെത്തുടർന്ന് വിട്ടയയ്ക്കപ്പെട്ടു. അതിനുശേഷം അദ്ദേഹം ഹരിജനപ്രസ്ഥാനം ശക്തിപ്പെടുത്താൻ വേണ്ടി ഒരു അഖിലേന്ത്യാ സഞ്ചാരപരിപാടി ആരംഭിച്ചു.

1933-ന്റെ അവസാനമായപ്പോഴേയ്ക്കും നിയമലംഘന പ്രസ്ഥാനം മിക്കസ്ഥലങ്ങളിലും അവസാനിച്ചുകഴിഞ്ഞിരുന്നു. എങ്കിലും 1934 മേയ് മാസത്തിലാണ് അത് ഔപചാരികമായി പിൻവലിക്കപ്പെട്ടത്.

## അദ്ധ്യായം 9

# സ്വാതന്ത്ര്യസമരം പുതിയ ഘട്ടത്തിൽ

നിയമലംഘനപ്രസ്ഥാനത്തിന്റെ പരാജയം കോൺഗ്രസ്സുകാരിൽ ചിലരെ നിരാശരാക്കി. മാന്ദ്യവും മ്ലാനതയും നടമാടാൻ തുടങ്ങി. പക്ഷേ, വലിയൊരു വിഭാഗം കോൺഗ്രസ്സുകാർ നിരാശരാകാതെ പുതിയ മാർഗ്ഗങ്ങൾ അന്വേഷിച്ചുതുടങ്ങി. യുവാക്കന്മാരായ കോൺഗ്രസ്സുകാർ കോൺഗ്രസ്സിന്റെ നയത്തിലും ഗാന്ധിജിയുടെ നേതൃത്വത്തിലും പരസ്യമായി അസംതൃപ്തി പ്രകടിപ്പിച്ചു.

ലോകത്തിലെ എല്ലാ മുതലാളിത്ത രാജ്യങ്ങളേയും ഭയങ്കരമായ ഒരു സാമ്പത്തികക്കുഴപ്പം പിടികൂടിയ ഘട്ടമായിരുന്നു അത്. സോവിയറ്റു യൂണിയനിൽ മാത്രം സാമ്പത്തികക്കുഴപ്പം ഉണ്ടായില്ല. എന്നല്ല, വിജയകരമായ ഒരു പഞ്ചവത്സരപദ്ധതിയുടെ സഹായത്തോടുകൂടി ആ സോഷ്യലിസ്റ്റുരാജ്യം തൊഴിലില്ലായ്മയെ എന്നന്നേയ്ക്കുമായി അവസാനിപ്പിക്കുകയും ചെയ്തു. ഈ സംഭവവികാസങ്ങൾ ഇൻഡ്യയിലും പ്രത്യാഘാതങ്ങളുളവാക്കി. കോൺഗ്രസ്സുകാരിൽ ഗണ്യമായ ഒരു വിഭാഗം മാർക്സിസത്തിലും സോഷ്യലിസത്തിലും ആകർഷിക്കപ്പെടാൻ തുടങ്ങി. പണ്ഡിറ്റ് നെഹ്റു 'ഇൻഡ്യ എവിടേയ്ക്ക്' എന്ന തന്റെ സുപ്രസിദ്ധമായ ലേഖനപരമ്പര പ്രസിദ്ധം ചെയ്തു. സോഷ്യലിസത്തിന്റെ നേർക്ക് നോക്കാൻ അതിലദ്ദേഹം കോൺഗ്രസ്സുകാരോട് ആഹ്വാനം ചെയ്തു.

ഈ ഘട്ടത്തിലാണ് ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി തങ്ങളുടെ ഒന്നാമത്തെ അഖിലേൻന്ത്യാ സമ്മേളനം കൂടാൻ തീരുമാനിച്ചത്. പക്ഷേ, സമ്മേളനം നടക്കുകയുണ്ടായില്ല. 1934 ഏപ്രിൽമാസത്തിൽ കമ്മ്യൂണിസ്റ്റു പാർട്ടി നിയമവിരുദ്ധമാക്കപ്പെട്ടു.

1934 മേയ് മാസത്തിൽ അഖിലേൻഡ്യാ കോൺഗ്രസ്സ് സോഷ്യലിസ്റ്റു പാർട്ടി സ്ഥാപിതമായി. കമ്മ്യൂണിസ്റ്റഭിപ്രായമുള്ള പലരും അതിൽച്ചേർന്നു പ്രവർത്തിക്കാൻ തുടങ്ങി.

1934-ൽ ത്തന്നെ ശ്രീ. പി. കൃഷ്ണപിള്ള, ശ്രീ. ഈ.എം. ശങ്കരൻ നമ്പൂതിരിപ്പാട് തുടങ്ങിയ ചില ചെറുപ്പക്കാരായ കോൺഗ്രസ്സുകാരുടെ നേതൃത്വത്തിൽ കേരള കോൺഗ്രസ്സ് സോഷ്യലിസ്റ്റു പാർട്ടി രൂപവൽക്കരിക്കപ്പെട്ടു. അവർ കോൺഗ്രസ്സിനകത്ത് ഒരു പ്രത്യേക ഗ്രൂപ്പായി പ്രവർത്തിക്കാൻ തുടങ്ങി. നിയമലംഘന പ്രസ്ഥാനത്തിൽ സജീവമായ പങ്കുവഹിച്ച പല കോൺഗ്രസ്സുകാരും ഈ പുതിയ പാർട്ടിയിൽ അംഗങ്ങളായിച്ചേർന്നു. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആദർശങ്ങളോട് ഞാൻ പരിപൂർണ്ണമായി യോജിക്കുകയും സ്വതന്ത്രമായ ഒരു സോഷ്യലിസ്റ്റുഭരണം ഇൻഡ്യയിൽ സ്ഥാപിക്കണമെന്ന് ആശിക്കുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ ഉദ്ദേശനിർവ്വഹണത്തിനായി എന്നാൽ കഴിയുന്ന എല്ലാ പരിശ്രമങ്ങളും ചെയ്യുന്നതാകുന്നു എന്നു ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു' ഇതായിരുന്നു അംഗങ്ങളുടെ പ്രതിജ്ഞ.

തൊഴിലാളികളുടേയും കൃഷിക്കാരുടേയും ഇടയിലേയ്ക്കിറങ്ങിച്ചെന്ന് അവരുടെ സംഘടനകളും പ്രക്ഷോഭങ്ങളും ശക്തിപ്പെടുത്തുകയും അങ്ങനെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തെ കൂടുതൽ സജീവമാക്കുകയും ചെയ്യാനുള്ള ഒരു പുതിയ പരിപാടിയും അവർ സ്വീകരിച്ചു.

1928-ലെ റെയിൽവേ പണിമുടക്കത്തോടുകൂടിയാണ് കേരളത്തിൽ ആദ്യമായി ഒരു തൊഴിലാളി പ്രസ്ഥാനം ആവിർഭവിച്ചതെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. 1930-32-ലെ നിയമലംഘനപ്രസ്ഥാന കാലത്ത് തൊഴിലാളികൾക്കിടയിൽ പുതിയ ഒരുണർവ് ഉണ്ടായി. നിയമലംഘന പ്രസ്ഥാനത്തെ സജീവമായി സഹായിക്കുക മാത്രമല്ല അവർ ചെയ്തത്; സ്വന്തം നേതൃത്വത്തിൽ സംഘടിതമായ പല സമരങ്ങളും അവർ നടത്തി. പത്തു ശതമാനം കൂലി വെട്ടിക്കുറയ്ക്കപ്പെട്ടതിനെത്തുടർന്ന് 1931 മാർച്ച് 5-ാം തീയതി മുതൽ കോഴിക്കോട് കോമൺവെൽത്ത് നെയ്ത്തു തൊഴിലാളികൾ നടത്തിയ പണിമുടക്കം ഇവിടെ എടുത്തുപറയത്തക്കതാണ്. ഏറെക്കഴിയുന്നതിനുമുമ്പായി അവിടെയും ഇവിടെയുമായി പല തൊഴിലാളി സംഘടനകളും പ്രത്യക്ഷപ്പെട്ടു. 1931 സെപ്റ്റംബർ ആയപ്പോഴേയ്ക്കും വടക്കേ മലബാർ തൊഴിലാളി സംഘടന എന്ന പേരിൽ ഒരു സംഘടന രൂപമെടുത്തു. 1932 സെപ്റ്റംബറിൽ അഴീക്കോട്ടുവച്ച് ശ്രീ. യു. ഗോപാലമേനോന്റെ അദ്ധ്യക്ഷതയിൽ വടക്കേമലബാർ തൊഴിലാളി സംഘത്തിന്റെ പ്രഥമ വാർഷികസമ്മേളനം കൂടി. പ്രധാനമായും കൈത്തറി തൊഴിലാളികളാണ് അതിൽ പങ്കെടുത്തത്. അടിയന്തിരാവ

ശ്യങ്ങൾ ഉൾക്കൊള്ളുന്ന പ്രമേയങ്ങൾക്കു പുറമേ രാഷ്ട്രീയപ്രാധാന്യ മുള്ള പ്രമേയങ്ങളും സമ്മേളനത്തിൽ പാസ്സാക്കപ്പെടുകയുണ്ടായി. ആയി ടയ്ക്കാണ് സി ക്ലാസ്സ് തടവുകാർ മോര് കിട്ടണമെന്ന് ആവശ്യപ്പെട്ടതും മോര് മലയാളികൾ പതിവായി ഉപയോഗിക്കുന്ന പദാർത്ഥമല്ലെന്നു പ റഞ്ഞ് നിയമമെംബർ മന്ദത്തു കൃഷ്ണൻ നായർ ആ അപേക്ഷയെ തള്ളിക്കളഞ്ഞതും. നിയമമെംബറുടെ ലജ്ജാവഹമായ പ്രസ്താവനയിൽ പ്രതിഷേധിച്ചുകൊണ്ട് തൊഴിലാളികൾ ഒരു പ്രമേയം അംഗീകരിച്ചു. തൊഴിലാളികളെല്ലാം പതിവായി ഖദർ ധരിക്കണമെന്നും മറ്റുമാവശ്യ പ്പെടുന്ന വേറെ ചില പ്രമേയങ്ങളും പാസ്സാക്കപ്പെടുകയുണ്ടായി. 1933 ഒക്ടോബറിൽ തൃശ്ശൂരിലെ 1500-ൽ അധികം വരുന്ന തൊഴിലാളികൾ ഒരു പണിമുടക്കം നടത്തി.

നിയമലംഘനപ്രസ്ഥാനം പിൻവലിക്കപ്പെട്ടതിനുശേഷം തൊഴിലാളി പ്രസ്ഥാനം കൂടുതൽ ശക്തിപ്പെടുകയാണ് ചെയ്തത്. 1935 ജനുവരിയിൽ പ്രവൃത്തിസമയം ആഴ്ചയിൽ അൻപത്തിനാലു മണിക്കൂറാക്കണമെന്ന നിയമത്തെ തോല്പിക്കാൻവേണ്ടി മുതലാളികൾ അര ദിവസത്തെ കൂലി വെട്ടിക്കുറച്ചതിനെ തുടർന്ന് ഫറോക്കിൽ ഒരുപണിമുടക്കം പൊട്ടിപ്പുറ പ്പെട്ടു. ഫെബ്രുവരിയിൽ കോൺട്രാക്റ്റ് പ്രവൃത്തിക്കാർക്ക് 10 ശതമാനം കൂലി വർദ്ധിപ്പിക്കുക, പിരിച്ചുവിട്ട മനാരി അപ്പു എന്ന തൊഴിലാളിയെ തിരിച്ചെടുക്കുക മുതലായ ആവശ്യങ്ങൾക്കുവേണ്ടി തിരുവണ്ണൂരിലെ തൊഴിലാളികൾ പണിമുടക്കി. ശ്രീ. കേളപ്പന്റെ പരിശ്രമഫലമായിട്ടാണ് ഒരു അണ കൂലി കൂടുതൽ അനുവദിച്ചുകൊണ്ടും പിരിച്ചുവിട്ട തൊഴി ലാളിയെ തിരിച്ചെടുത്തുകൊണ്ടുമുള്ള ഒരു ഒത്തുതീർപ്പിലെത്തിയത്. 1935 മാർച്ചുമാസത്തിൽ ഫറോക്ക് ടയിൽവർക്ക്സിലെ 850 ഓളം തൊഴിലാ ളികളും പാപ്പിനശ്ശേരി ആറോൻ കമ്പനിയിലെ 150 ഓളം തൊഴിലാളി കളും പണിമുടക്കി. മലബാറിലെ പട്ടണങ്ങളിൽ മാത്രമല്ല, തൃശ്ശൂർ, ആമ്പ ല്ലൂർ, പള്ളുരുത്തി, ആലപ്പുഴ മുതലായ സ്ഥലങ്ങളിലും തൊഴിലാളിക ളുടെ പ്രക്ഷോഭങ്ങളും സംഘടനകളും ഉയർന്നുവന്നു. സോഷ്യലിസ്റ്റു കാരും ഇടതുപക്ഷക്കാരുമായ കോൺഗ്രസ്സുകാരാണ് പ്രധാനമായും ഈ പ്രക്ഷോഭങ്ങൾക്കെല്ലാം നേതൃത്വം നൽകിയത്.

1935 മേയ് 26-ാം തീയതി കോഴിക്കോട്ടുവച്ച് മണിബെൻകാറയുടെ അദ്ധ്യക്ഷതയിൽ സമസ്ത കേരള തൊഴിലാളിസമ്മേളനം നടന്നു. അതോടുകൂടി കേരളത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ തൊഴിലാളികൾ കൂടുതൽ സജീവമായ ഒരു പങ്കുവഹിക്കാൻ തുടങ്ങി.

ജന്മികളുടെ അക്രമങ്ങൾക്കെതിരായും പാട്ടം കുറയ്ക്കുക തുടങ്ങിയ മറ്റ് അടിയന്തിരാവശ്യങ്ങൾക്കുവേണ്ടിയും മലബാറിലെ കൃഷിക്കാരും പ്രക്ഷോഭങ്ങൾ നടത്താൻ തുടങ്ങി. രണ്ടാം ദശകത്തിൽ നടന്ന കുടി

യാൻ പ്രസ്ഥാനം കൃഷിക്കാരിൽ ന്യൂനപക്ഷം മാത്രമായ കാണക്കുടിയാന്മാരുടെ അവകാശങ്ങളിലാണ് മുഖ്യമായും ശ്രദ്ധിച്ചിരുന്നത്. അതുകൊണ്ട് 1930-ൽ പാസ്സായ കുടിയാൻ നിയമം ഭൂരിപക്ഷക്കാരായ കൃഷിക്കാർക്ക് യഥാർത്ഥമായ രക്ഷ നൽകുകയുണ്ടായില്ല. സ്ഥിരാവകാശവ്യവസ്ഥകളും ഉയർന്ന പാട്ടത്തോതും അവരുടെ താൽപ്പര്യങ്ങൾക്ക് എതിരായിരുന്നു. അതിനാൽ, 1934 മുതൽക്ക് ആരംഭിച്ച കർഷക പ്രക്ഷോഭത്തിൽ കുടിയാൻ നിയമം ഭൂരിപക്ഷം കൃഷിക്കാർക്ക് അനുകൂലമായി ഭേദപ്പെടുത്തണമെന്ന ആവശ്യം മുന്നോട്ടുവന്നു. മിക്ക താലൂക്കുകളിലും കർഷകസമ്മേളനങ്ങൾ കൂടുകയും കൃഷിക്കാരുടെ സംഘടനകൾ രൂപീകരിക്കുകയും ചെയ്തു ഈ പ്രസ്ഥാനത്തിലും കോൺഗ്രസ്സിലെ സോഷ്യലിസ്റ്റ് ഗ്രൂപ്പിൽപ്പെട്ട പ്രവർത്തകന്മാരാണ് നേതൃത്വം വഹിച്ചത്.

മാനേജർമാരുടെ അടിമകളായി കഴിഞ്ഞുകൂടിയിരുന്ന അദ്ധ്യാപകന്മാരും ഉണർന്നു. എയിഡഡ് എലിമെന്ററിസ്ക്കൂൾ ടീച്ചേഴ്സ് യൂണിയൻ എന്ന ഒരു സംഘടനയും അതിന്റെ നേതൃത്വത്തിൽ സുശക്തമായ ഒരു അദ്ധ്യാപകപ്രസ്ഥാനവും ഉയർന്നുവന്നു. വിദ്യാർത്ഥികളുടെ ഇടയിലും സംഘടനകൾ ഉണ്ടാകാൻ തുടങ്ങി.

ഈ പുതിയ മുന്നേറ്റങ്ങളെ പ്രതിഫലിപ്പിക്കുന്ന പാട്ടുകൾ, കവിതകൾ, നാടകങ്ങൾ മുതലായവയും പുതിയ തരത്തിലുള്ള കലാപരിപാടികളും ആവിർഭവിച്ചു.

വിവിധ ജനവിഭാഗങ്ങളുടെയിടയിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി കോൺഗ്രസ്സിനുള്ളിലും സോഷ്യലിസ്റ്റുകാർക്ക് കൂടുതൽ പ്രാബല്യം ലഭിച്ചു. കേരളത്തിലെ കോൺഗ്രസ്സ് സംഘടന സോഷ്യലിസ്റ്റ് ഗ്രൂപ്പുകാരും അബ്ദുൽറഹിമാൻ സാഹേബിന്റെ നേതൃത്വത്തിലുള്ള ദേശീയ മുസ്ലീമങ്ങളും അടങ്ങിയ ഇടതുപക്ഷത്തിന്റെ നേതൃത്വത്തിലായി.

വലതുപക്ഷക്കാരും, ഇടതുപക്ഷക്കാരും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളും മത്സരങ്ങളും ക്രമേണ വർദ്ധിക്കാൻ തുടങ്ങി. 1934 ഒക്ടോബറിൽ ഷൊറണ്ണൂരിൽവച്ചുകൂടിയ സംസ്ഥാന കോൺഗ്രസ്സ് കമ്മിറ്റി യോഗത്തിൽത്തന്നെ ഇത് തെളിഞ്ഞു കാണാമായിരുന്നു. കോൺഗ്രസ്സിന്റെ "ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗം 'ന്യായവും സമാധാനപരവും' എന്നതിനുപകരം 'സത്യനിഷ്ഠവും, അഹിംസാപരവും' എന്നാക്കണമെന്നുള്ള ഗാന്ധിജിയുടെ നിർദ്ദേശം അസ്വീകാര്യമാണെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു" എന്നിങ്ങനെ ഒരു പ്രമേയം അവതരിപ്പിക്കപ്പെട്ടു. ചൂടുപിടിച്ച വാദപ്രതിവാദങ്ങൾ നടന്നു. ഒടുവിൽ പതിനാറു പേർ അനുകൂലമായും പത്തുപേർ പ്രതികൂലമായും വോട്ടു ചെയ്തത് അനുസരിച്ച് പ്രമേയം പാസ്സായി.

ഈ യോഗത്തിനുശേഷം വലതുപക്ഷക്കാരും ഇടതുപക്ഷക്കാരും തമ്മിലുള്ള ഭിന്നിപ്പുകൾ മൂർച്ഛിക്കുവാൻ തുടങ്ങി.

1935 മേയ് മാസത്തിൽ കോഴിക്കോട്ടുവച്ച് "ബോംബെ ക്രോണിക്കിൾ" പത്രാധിപർ ആയിരുന്ന എസ്. ഏ. ബ്രെൽവിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഏഴാമത്തെ കേരള സംസ്ഥാന കോൺഗ്രസ്സ് സമ്മേളനത്തിൽ ഇടതുപക്ഷക്കാരുടെ ആശയങ്ങൾക്ക് വലിയ പ്രാബല്യമുണ്ടായിരുന്നുവെന്നു കാണാം. കാൺഫറൻസ് പാസ്സാക്കിയ പ്രാധാനമായ പ്രമേയം താഴെ ചേർക്കുന്നു.

"ഇൻഡ്യൻ ഭരണഘടന തയ്യാറാക്കുവാനുള്ള അവകാശം ഇൻഡ്യൻ ജനതയ്ക്ക് മാത്രമാകയാലും ആ അവകാശത്തെ പ്രായോഗികമാക്കാൻ അധികാരസമ്പാദന സമയത്ത് വിളിച്ചു കൂട്ടുന്ന കോൺസ്റ്റിറ്റുവെന്റ് അസംബ്ലിക്കുമാത്രമേ സാധിക്കു എന്നുള്ളതിനാലും ഇപ്പോൾ ബ്രിട്ടീഷ് പാർലമെന്റിന്റെ ആലോചനയിലിരിക്കുന്ന ഭരണപരിഷ്ക്കാരം തകർക്കേണ്ടതാണെന്ന് ഈ യോഗം അഭിപ്രായപ്പെടുന്നു. ഈ ഉദ്ദേശത്തോടെ നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പിൽ നിന്ന് മന്ത്രിസ്ഥാനം സ്വീകരിക്കാതെ നിയമസഭകളിൽ ഗവൺമെന്റിന്റെ പ്രവൃത്തികൾ എതിർത്തും തടസ്സപ്പെടുത്തിയും ഭരണഘടനയുടെ പ്രവൃത്തി നിറുത്തിവയ്ക്കണമെന്നും അതോടൊന്നിച്ച് ഇൻഡ്യൻ ജനതയുടെ ആവശ്യങ്ങൾ പ്രബലപ്പെടുത്തുവാനാവശ്യമുള്ള ശക്തി ഡയറക്റ്റ് ആക്ഷൻ മുഖേന ഉണ്ടാക്കണമെന്നും ഈ യോഗം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനോട് ശുപാർശ ചെയ്യുന്നു."

നാട്ടുരാജ്യങ്ങളെ ഇല്ലായ്മ ചെയ്ത് കേരളത്തെ ഒരു പ്രത്യേക സംസ്ഥാനമാക്കണമെന്നാവശ്യപ്പെടുന്നതും തൊഴിലാളികളുടേയും കൃഷിക്കാരുടേയും അടിയന്തിരാവശ്യങ്ങൾക്ക് പിൻതുണ നൽകുന്നതും യുദ്ധവിപത്ത് ചൂണ്ടിക്കാണിക്കുന്നതുമായ മറ്റു ചില പ്രമേയങ്ങളും പാസ്സാക്കപ്പെട്ടു.

പ്രമേയങ്ങളെക്കുറിച്ച് നടന്ന വാദപ്രതിവാദങ്ങളിൽ കോൺഗ്രസ്സിലെ വലതുപക്ഷക്കാരും ഇടതുപക്ഷക്കാരും തമ്മിലുള്ള അഭിപ്രായവൈരുദ്ധ്യങ്ങൾ തികച്ചും നിഴലിച്ചിരുന്നു. വലതുപക്ഷ കോൺഗ്രസ്സുകാർ മിക്ക പ്രമേയങ്ങളേയും എതിർത്തു. അതുകൊണ്ട് ഏകകണ്ഠമായിട്ടല്ല, ഭൂരിപക്ഷപ്രകാരമാണ് അവ പാസ്സാക്കപ്പെട്ടത്.

സമ്മേളനത്തിനുശേഷം വലതുപക്ഷക്കാരും ഇടതുപക്ഷക്കാരും തമ്മിലുള്ള ഭിന്നിപ്പുകൾ അവസാനിപ്പിക്കുവാൻവേണ്ടി ബ്രൽവി, പ്രകാശം, സാംബമൂർത്തി എന്നീ കോൺഗ്രസ്സ് നേതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ ഒരു കൂടിയാലോചനായോഗം ചേരുകയുണ്ടായി. കേരളാ

കോൺഗ്രസ്സിന്റെ പ്രവർത്തകകമ്മിറ്റിയിൽ സോഷ്യലിസ്റ്റുകാർക്കും മറ്റുള്ളവർക്കും തുല്യമായ പ്രാതിനിദ്ധ്യം അനുവദിക്കുക, അതിനുപുറമെ ജനറൽ സെക്രട്ടറി സ്ഥാനം സോഷ്യലിസ്റ്റല്ലാത്ത ഒരാൾക്ക് നൽകുക, കോൺഗ്രസ്സിന്റെ കീഴിലുള്ള എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും മേലന്വേഷണം നടത്താൻ ആ സെക്രട്ടറിക്ക് പൂർണ്ണമായ അധികാരം നൽകുക, തൊഴിലാളിപ്രവർത്തകരായ സോഷ്യലിസ്റ്റുകാർ സെക്രട്ടറിയോട് ആലോചിച്ചുകൊണ്ടുമാത്രം പ്രവർത്തിക്കുക എന്നീ വ്യവസ്ഥകളിൽ ഒരു ഒത്തുതീർപ്പുണ്ടായി. വലതുപക്ഷക്കാർക്കുവേണ്ടി സർവ്വശ്രീ കെ. കേളപ്പൻ, യു. ഗോപാലമേനോൻ, കോങ്ങാട്ടിൽ രാമൻമേനോൻ, കെ. മാധവൻനായർ, പി.കെ. കുഞ്ഞിശ്ശങ്കരമേനോൻ എന്നിവരും, ഇടതുപക്ഷക്കാർക്കുവേണ്ടി സർവ്വശ്രീ ഇ.എം. ശങ്കരൻനമ്പൂതിരിപ്പാട്, കെ.പി. ഗോപാലൻ, മഞ്ചുനാഥറാവു എന്നിവരും ഒപ്പുവച്ചു.

ഈ സന്ധിയുടെ ഫലമായി കേരളാ കോൺഗ്രസ്സ് കമ്മിറ്റിയിൽ വലതുപക്ഷക്കാർക്ക് നിർണ്ണായകമായ സ്ഥാനങ്ങൾ ലഭിച്ചു. പക്ഷേ, യോജിപ്പ് നീണ്ടുനിന്നില്ല. വൈരുദ്ധ്യങ്ങൾ പിന്നെയും വർദ്ധിച്ചുകൊണ്ടുവന്നു.

ഈ അവസരത്തിലാണ് 1934 നവംബറിൽ കേന്ദ്രനിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടന്നത്. നിയമലംഘന പ്രസ്ഥാനം പരാജയപ്പെട്ടതിന്റെയും കോൺഗ്രസ്സിനുള്ളിൽ കക്ഷിവഴക്കുകൾ വളർന്നു വന്നതിന്റേയും ഫലമായി തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് തീർച്ചയായും തോൽക്കുമെന്നാണ് ബ്രിട്ടീഷ് ഭരണാധികാരികളും മറ്റു പിൻതിരിപ്പൻമാരും കരുതിയത്. പക്ഷേ, നേരെമറിച്ചാണ് സംഭവിച്ചത്. ഇടതുപക്ഷക്കാരെന്നോ വലതുപക്ഷക്കാരെന്നോ വ്യത്യാസമില്ലാതെ മുഴുവൻ കോൺഗ്രസ്സുകാരും തങ്ങളുടെ സ്ഥാനാർത്ഥിയെ വിജയിപ്പിക്കുവാൻ വേണ്ടി ഏറ്റവും സജീവമായി പ്രവർത്തിച്ചു. അങ്ങനെ കോൺഗ്രസ്സ് സ്ഥാനാർത്ഥി ശ്രീ. സാമുവൽആറോൻ വൻപിച്ച ഭൂരിപക്ഷത്തോടെ വിജയിച്ചു. ആറോന് 10,801 വോട്ടുകൾ കിട്ടിയപ്പോൾ അദ്ദേഹത്തിന്റെ എതിരാളിയായ പ്രഭാകരൻതമ്പാന് 1790 വോട്ടുകൾ മാത്രമാണ് കിട്ടിയത്. മുസ്ലീം നിയോജകമണ്ഡലത്തിൽനിന്ന് അബ്ദുൽറഹിമാൻ സാഹേബും മത്സരിച്ചിരുന്നു. പക്ഷേ, അദ്ദേഹം ഏതാനും വോട്ടുകൾക്ക് തോറ്റുപോകുകയാണ് ഉണ്ടായത്. എങ്കിലും മുസ്ലീം ലീഗ് സ്ഥാനാർത്ഥിയായ അബ്ദുൽസത്താർസേട്ടുവിന് 1960 വോട്ടുകൾ കിട്ടിയപ്പോൾ അബ്ദുൽറഹിമാൻ സാഹേബിന് 1638 വോട്ടുകൾ കിട്ടി. അങ്ങനെ ഈ രണ്ടു തിരഞ്ഞെടുപ്പുകളും കോൺഗ്രസ്സിന്റെ ശക്തി കുറയുകയല്ല, വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കി.

1935-ൽ ഇൻഡ്യയിൽ പുതിയ ഭരണഘടന നടപ്പിൽ വന്നു. ഇൻഡ്യയ്ക്ക് ജനാധിപത്യം അനുവദിക്കുന്നുണ്ടെന്നു തോന്നിച്ചുകൊണ്ട്

തങ്ങളുടെ പഴയ സ്വേച്ഛാധിപത്യം നലിനിറുത്താനുതകുന്ന ഒരു ഫെഡ റേഷൻ ഇൻഡ്യയുടെ മേൽ വെച്ചു കെട്ടുകയായിരുന്നു സാമ്രാജ്യമേ ധാവികളുടെ ഉദ്ദേശം. ആ ഉദ്ദേശത്തെ പരാജയപ്പെടുത്താൻ കോൺഗ്രസ്സും നാട്ടുകാരും തീരുമാനിച്ചു. ഫെഡറേഷന് എതിരായ പ്രതി ഷേധപ്രകടനങ്ങളും പൊതുയോഗങ്ങളും രാജ്യത്തിന്റെ നാനാഭാഗത്തും പൊന്തിവന്നു. ഇക്കാര്യത്തിലും കേരളം സ്തുത്യർഹമായ പങ്കു വഹിച്ചു.

1936 ജൂലായ് മാസത്തിൽ ഏ.കെ. ഗോപാലന്റെ നേതൃത്വത്തിൽ 28 അംഗങ്ങൾ അടങ്ങിയ ഒരു പട്ടിണിജാഥ കണ്ണൂരിൽനിന്ന് പുറപ്പെട്ടു മദി രാശിവരെ കാൽനടയായിപ്പോകുകയുണ്ടായി. വഴിനീളെ ആവേശകര മായ സ്വീകരണങ്ങളാണ് ലഭിച്ചത്. തൊഴിലില്ലായ്മയ്ക്കും പട്ടിണിക്കും എതിരായി ജനങ്ങളുടെ ബോധത്തെ ഉയർത്താൻ ജാഥ സഹായിച്ചു.

1936-ന്റെ അവസാനത്തിൽ പുതിയ ഭരണഘടനയിലെ "സംസ്ഥാ നസ്വയംഭരണം" എന്ന ഭാഗം നടപ്പിൽ വരുത്താൻ വേണ്ടി നിയമസഭക ളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകൾ നടന്നു. മലബാറിൽനിന്ന് മദിരാശി നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ ജസ്റ്റിസ് പാർട്ടി, പീപ്പിൾസ് പാർട്ടി, ഡെമോക്രറ്റിക്ക് പാർട്ടി മുതലായ പാർട്ടികളും ചില സ്വതന്ത്ര ന്മാരും കോൺഗ്രസ്സിനെതിരായി മത്സരിച്ചു. എങ്കിലും മലബാറിലെ മിക്ക കോൺഗ്രസ്സ് സ്ഥാനാർത്ഥികളും വമ്പിച്ച ഭൂരിപക്ഷത്തോടെ തിരഞ്ഞെ ടുക്കപ്പെട്ടു. കക്ഷിവഴക്കുകളെയെല്ലാം പിന്നോട്ടുതള്ളി നീക്കിക്കൊണ്ട് ഇടതുപക്ഷക്കാരും വലതുപക്ഷക്കാരും പൊതുശത്രുവിന് എതിരായി യോജിച്ച് പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ഇത്ര പ്രശസ്തമായ വിജയം കൈവന്നത് എന്ന കാര്യത്തിൽ സംശയമില്ല.

1937 ജൂലായ് 15-ാം തീയതി ശ്രീ. രാജഗോപാലാചാരിയുടെ നേതൃ ത്വത്തിൽ മദിരാശിയിലെ ആദ്യത്തെ കോൺഗ്രസ്സ് മന്ത്രിസഭ രൂപവൽക്ക രിക്കപ്പെട്ടു. മന്ത്രിമാരിൽ ഒരാൾ മലബാറിലെ കോൺഗ്രസ്സ് നേതാവായ കൊങ്ങാട്ടിൽ രാമൻ മേനോനായിരുന്നു.

മലബാറിലെ ഡിസ്ട്രിക്റ്റ് ബോർഡിലേയ്ക്കുള്ള തിരഞ്ഞെടുപ്പിലും കോൺഗ്രസ്സിന് വമ്പിച്ച ഭൂരിപക്ഷം ലഭിച്ചു. പ്രസിഡന്റ് ആരായിരിക്ക ണമെന്നതിനെ സംബന്ധിച്ച് കോൺഗ്രസ്സുകാർക്കിടയിൽ ചില അഭിപ്രായ വ്യത്യാസങ്ങളുണ്ടായി. ഇടതുപക്ഷക്കാർ ശ്രീ. കേളപ്പനെയാണ് അനു കൂലിച്ചത്. അങ്ങനെ ശ്രീ. കേളപ്പൻ ഡിസ്ട്രിക്റ്റ് ബോർഡ് പ്രസിഡന്റാ യിത്തീർന്നു.

ഈ തിരഞ്ഞെടുപ്പ് വിജയങ്ങളും കോൺഗ്രസ്സ് മന്ത്രിസഭാ രൂപീക രണവും ജനങ്ങളുടെ ഉത്സാഹത്തെ പതിന്മടങ്ങ് വർദ്ധിപ്പിച്ചു. തൊഴിലാ ളിപ്രസ്ഥാനം, കർഷകപ്രസ്ഥാനം, വിദ്യാർത്ഥി പ്രസ്ഥാനം, അദ്ധ്യാപക

പ്രസ്ഥാനം തുടങ്ങിയ ബഹുജന പ്രസ്ഥാനങ്ങൾ പൂർവ്വാധികം ശക്തിപ്പെട്ടു.

ഈ പരിതഃസ്ഥിതിയിലാണ് കേരളത്തിൽ രഹസ്യമായ ഒരു കമ്മ്യൂണിസ്റ്റ് ഗ്രൂപ്പ് രൂപമെടുത്തത്. അവർ കാൺഗ്രസ്സുകാർക്കിടയിലും സോഷ്യലിസ്റ്റുകാർക്കിടയിലും മറ്റു ബഹുജനങ്ങൾക്കിടയിലും കമ്മ്യൂണിസ്റ്റ് ആശയങ്ങൾ പ്രചരിപ്പിക്കാൻ തുടങ്ങി.

1938 ഏപ്രിൽ മാസത്തിൽ കോഴിക്കോട്ടുവച്ച് ജയപ്രകാശ് നാരായണന്റെ അദ്ധ്യക്ഷതയിൽക്കൂടിയ ഒൻപതാമത്തെ കേരള രാഷ്ട്രീയസമ്മേളനം കമ്മ്യൂണിസ്റ്റു പാർട്ടിയുടെ മേലുള്ള നിരോധനം എടുത്തുകളയണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. അത് അവതരിപ്പിച്ചുകൊണ്ട് ശ്രീ. കോഴിപ്പുറത്ത് മാധവമേനോൻ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു:-

"അഭിപ്രായ സ്വാതന്ത്ര്യം എല്ലാവർക്കും കൊടുക്കേണ്ടതാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയോട് അഭിപ്രായ വൈരുദ്ധ്യമുണ്ടെങ്കിൽ അതിനെ നിരോധിക്കുകയല്ല അതിനുള്ള പ്രതിവിധി. ഏതു കക്ഷിയുടേയും അഭിപ്രായങ്ങളോട് സഹിഷ്ണുത പ്രദർശിപ്പിക്കേണ്ടതാണ്. ആശയം പ്രചരിപ്പിക്കാൻ അനുവദിക്കാതിരിക്കുന്നത് ന്യായമല്ല."

1939-ന്റെ അവസാനമായപ്പോഴേക്കും ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കേരളാടിസ്ഥാനത്തിലുള്ള ഒരു ശാഖ സ്ഥാപിക്കപ്പെട്ടു. അതേവരെ സോഷ്യലിസ്റ്റു പാർട്ടി മെമ്പർമാരെന്ന നിലയ്ക്കു പ്രവർത്തിച്ചിരുന്ന മിക്ക പ്രവർത്തകന്മാരും കമ്മ്യൂണിസ്റ്റുപാർട്ടിയിൽ അംഗങ്ങളായി ചേർന്നു. കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിലാണ്. കേരളാ കോൺഗ്രസ്സ് കമ്മിറ്റി യുദ്ധത്തിനെതിരായും ഫെഡറേഷന് എതിരായും പ്രക്ഷോഭണങ്ങൾ സംഘടിപ്പിക്കുകയും തൊഴിലാളി - കർഷക ബഹുജനങ്ങളുടെ സമരങ്ങൾ നയിക്കുകയും 1938-ൽ തിരുവിതാംകൂറിൽ നടന്ന ഉത്തരവാദപ്രക്ഷോഭണത്തെ സഹായിക്കുകയും ചെയ്തത്.

ഇങ്ങനെ, സ്വാതന്ത്ര്യസമരം പുതിയ ഒരു ഘട്ടത്തിലേയ്ക്ക് നീങ്ങിയ സന്ദർഭത്തിൽ 1939 സെപ്റ്റംബറിൽ, രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു.

## അദ്ധ്യായം 10

# രണ്ടാം ലോകമഹായുദ്ധം

യുദ്ധമാരംഭിച്ച് ഏതാണ്ട് മണിക്കൂറുകൾക്കുള്ളിൽ വൈസ്രോയി ഇൻഡ്യയുടെ സമ്മതം നോക്കാതെ തന്നെ ഇൻഡ്യ ബ്രിട്ടീഷ് ഗവ ണ്മെന്റിന്റെ ഭാഗത്ത് യുദ്ധം ചെയ്യുന്ന രാജ്യമാണെന്ന് പ്രഖ്യാപിച്ചു. അതി നെത്തുടർന്നുകൊണ്ട് രാജ്യരക്ഷാനിയമവും മറ്റു മർദ്ദനനിയമങ്ങളും പാസ്സാക്കി ബ്രിട്ടീഷ് സാമ്രാജ്യത്തിന് എതിരായ ഏതൊരു ചെറിയ നട പടിയേയും നിഷ്ഠൂരമായി അടിച്ചമർത്താനുള്ള ആയുധങ്ങൾക്ക് മൂർച്ച കൂട്ടി.

യുദ്ധത്തിനും സാമ്രാജ്യാധിപത്യത്തിനുമെതിരായി ഒരു ബഹുജന സമരം നയിക്കാൻ കമ്മ്യൂണിസ്റ്റുകാരും ചെറുപ്പക്കാരായ മറ്റനവധി കാൺഗ്രസ്സുകാരും കാൺഗ്രസ്സ് നേതൃത്വത്തോട് അഭ്യർത്ഥിച്ചു.

സെപ്റ്റംബർ 14-ാം തീയതി കാൺഗ്രസ്സ് പ്രവർത്തക കമ്മിറ്റി യോഗം കൂടുകയും "സാമ്രാജ്യ മാർഗ്ഗങ്ങളിലൂടെ നടത്തുന്നതും ഇൻഡ്യ യിലും മറ്റു പലേടത്തും സാമ്രാജ്യത്തെ കൂടുതൽ ഉറപ്പിക്കാൻ ഉദ്ദേശി ച്ചിട്ടുള്ളതുമായ ഒരു യുദ്ധവുമായി ഈ കമ്മിറ്റിക്ക് ബന്ധപ്പെടുകയോ സഹകരിക്കുകയോ സാദ്ധ്യമല്ലെന്ന്" പ്രഖ്യാപിക്കുകയും ചെയ്തു. "ജനാധിപത്യം, സാമ്രാജ്യാധിപത്യം എന്നിവയെ സംബന്ധിച്ചിടത്തോളം തങ്ങളുടെ യുദ്ധലക്ഷ്യങ്ങൾ എന്താണെന്ന് ബ്രിട്ടീഷ് ഗവണ്മെന്റ് അസ ന്നിഗ്ദ്ധമായ ഭാഷയിൽ പ്രഖ്യാപിക്കണ" മെന്ന് കാൺഗ്രസ്സ് ആവശ്യ പ്പെട്ടു. "സാമ്രാജ്യത്വത്തെ അവസാനിപ്പിക്കുകയും ജനങ്ങളുടെ സ്വന്തം ഇഷ്ടമനുസരിച്ച് നയം രൂപവൽക്കരിക്കാനവകാശമുള്ള ഒരു സ്വതന്ത്ര രാജ്യമായി ഇൻഡ്യയെ കണക്കാക്കുകയും ആ ലക്ഷ്യങ്ങളിൽ ഉൾപ്പെ ടുമോ?" എന്ന് കോൺഗ്രസ്സ് ചോദിച്ചു. ഈ ചോദ്യത്തിന് അനുകൂല

മായ മറുപടി കിട്ടിയാൽ യുദ്ധത്തിൽ ബ്രിട്ടനെ സഹായിക്കാമെന്നും അവർ വ്യക്തമാക്കി.

ബ്രിട്ടീഷ് ഗവണ്മെന്റ് നിഷേധരൂപത്തിലാണ് മറുപടി പറഞ്ഞത്. ഈ മറുപടിയിൽ പ്രതിഷേധിച്ച് 1939 ഒക്റ്റോബറിൽ എല്ലാ കാൺഗ്രസ്സ് മന്ത്രിമാരും രാജിവച്ചു.

1940-ന്റെ ആരംഭത്തിൽ ഇൻഡ്യക്ക് സ്വാതന്ത്ര്യം നൽകുമെന്ന് സമ്മതിക്കുകയും കേന്ദ്രത്തിൽ ഒരു താൽക്കാലിക ദേശീയ ഗവണ്മെന്റ് രൂപീകരിക്കുകയും ചെയ്താൽ യുദ്ധത്തിൽ സഹകരിക്കാൻ തയ്യാറാണെന്ന് കാൺഗ്രസ്സ് പ്രസ്താവിച്ചു. ഈ ആവശ്യത്തെയും ബ്രിട്ടീഷ് ഭരണാധികാരികൾ തള്ളിക്കളഞ്ഞു.ഫെബ്രുവരിയിൽ വൈസ്രോയിയെക്കണ്ടുമടങ്ങിവന്നതിനുശേഷം ഗാന്ധിജി പറഞ്ഞു: "മാനവും സമാധാനപരവുമായ ഒരു ഒത്തുതീർപ്പിന് യാതൊരു മാർഗ്ഗവുമില്ല."

1940-ൽ ആദ്യം പൂനയിൽവച്ചും പിന്നീട് സെപ്റ്റംബർ മാസത്തിൽ ബോംബെയിൽവച്ചും കൂടിയ അഖിലേൻന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയുടെ യോഗങ്ങളിൽവച്ച് ഉടൻതന്നെ സാമ്രാജ്യാധിപത്യത്തിനും യുദ്ധത്തിനും എതിരായ ഒരു ബഹുജനസമരം ആരംഭിക്കണമെന്ന് കമ്മ്യൂണിസ്റ്റ് അംഗങ്ങൾ ആവശ്യപ്പെട്ടു. പക്ഷേ, അവരുടെ പ്രമേയങ്ങൾ തള്ളിപ്പോകുകയാണ് ഉണ്ടായത്. സെപ്റ്റംബർ യോഗത്തിൽവച്ച് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഒരു വ്യക്തിസത്യാഗ്രഹം ആരംഭിക്കാൻ തീരുമാനിച്ചു. മഹാത്മാഗാന്ധിയിൽനിന്ന് സമ്മതം ലഭിക്കുന്നവർ മാത്രമേ സത്യാഗ്രഹം നടത്താൻ പാടുള്ളുവെന്നും തങ്ങൾ യുദ്ധത്തിന് എതിരാണ് എന്ന് പ്രഖ്യാപിക്കുക മാത്രമേ അവർ ചെയ്യാൻ പാടുള്ളുവെന്നും തീരുമാനിക്കപ്പെട്ടു.

പക്ഷേ, അപ്പോഴേയ്ക്കും നാട്ടിലെങ്ങും സാമ്രാജ്യവിരോധവും യുദ്ധവിരോധവും മൂർച്ചയിലെത്താൻ തുടങ്ങിയിരുന്നു. 1939 ഒക്ടോബർ 2-ാം തീയതി തന്നെ ബോംബെയിൽ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ നേതൃത്വത്തിൽ 90,000 തൊഴിലാളികൾ യുദ്ധത്തിനെതിരായി ഒരുദിവസത്തെ പണിമുടക്കം നടത്തി. 1940-ലെ 40 ദിവസം നീണ്ടുനിന്ന പണിമുടക്കത്തിൽ 1,50,000 തൊഴിലാളികൾ പങ്കെടുത്തു. കൃഷിക്കാരുടെയിടയിലും പ്രക്ഷോഭങ്ങൾ ആരംഭിച്ചു.

ഗവൺമെന്റ് മർദ്ദനങ്ങൾക്ക് മൂർച്ചകൂട്ടി. ആയിരക്കണക്കിനുള്ള കമ്മ്യൂണിസ്റ്റുകാരെയും ഇടതുപക്ഷക്കാരായ കോൺഗ്രസ്സുകാരെയും അറസ്റ്റു ചെയ്യുകയും വിചാരണ കൂടാതെ തടങ്കലിൽ വയ്ക്കുകയും ചെയ്തു.

ഇൻഡ്യാസെക്രട്ടറി ആമറിപ്രഭുവിന്റെ നയത്തിൽ പ്രതിഷേധിക്കാൻവേണ്ടി 1940 സെപ്റ്റംബർ 15-ാം നു ഒരു മർദ്ദനപ്രതിഷേധദിന

മായി കൊണ്ടാടണമെന്ന് ഇടതുപക്ഷ നേതൃത്വത്തിലുള്ള കേരള കോൺഗ്രസ്സ് കമ്മിറ്റി ആഹ്വാനം ചെയ്തു. അതനുസരിച്ച് മലബാറിലെ പല പ്രദേശങ്ങളിലും പ്രതിഷേധയോഗങ്ങൾ നടന്നു. പക്ഷേ, സമാധാനപരമായി നടന്ന ഈ പൊതുയോഗങ്ങളുടെ നേർക്ക് മൃഗീയമായ ആക്രമണങ്ങൾ അഴിച്ചുവിടപ്പെട്ടു. പലേടത്തും ലാത്തിച്ചാർജ്ജും വെടിവയ്പുമുണ്ടായി. തലശ്ശേരിയിൽ അബു, ചാത്തുക്കുട്ടി എന്നീ രണ്ടു യുവാക്കന്മാർ വെടികൊണ്ട് മരിച്ചു. മൊറാഴയിൽ ക്ഷുഭിതരായ ജനക്കൂട്ടവും പൊലീസും തമ്മിൽ ഏറ്റുമുട്ടുകയും ഒരു സബ്ഇൻസ്പെക്ടർ മരണമടയുകയും ചെയ്തു. അതുസംബന്ധിച്ചാണ് ശ്രീ. കെ.പി. ആർ. ഗോപാലൻ വധശിക്ഷ്യ്ക്ക് വിധിക്കപ്പെട്ടത്. ബഹുജനപ്രക്ഷോഭണങ്ങളുടേയും മഹാത്മാഗാന്ധിയുൾപ്പെടെയുള്ള പല നേതാക്കന്മാരുടേയും പരിശ്രമത്തിന്റെയും ഫലമായിട്ടാണ് അദ്ദേഹം തൂക്കുമരത്തിൽ നിന്നും രക്ഷപ്പെട്ടത്. എന്നാൽ പിന്നീട് കയ്യൂരിലുണ്ടായ ഏറ്റുമുട്ടൽ സംബന്ധിച്ച കേസ്സിൽ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട നാലു ചെറുപ്പക്കാരനായ കൃഷിക്കാർ തൂക്കിക്കൊല്ലപ്പെടുകയാണ് ഉണ്ടായത്.

വലതുപക്ഷക്കാർ പ്രവർത്തക കമ്മിറ്റി മുമ്പാകെ ബോധിപ്പിച്ച ആക്ഷേപങ്ങളെത്തുടർന്ന് 1940 ഒക്ടോബറിൽ ഇടതുപക്ഷക്കാരുടെ നേതൃത്വത്തിലായിരുന്ന കേരളസംസ്ഥാന കോൺഗ്രസ്സ് കമ്മിറ്റി പിരിച്ചുവിടപ്പെടുകയും നന്ദകോളിയരുടെ നേതൃത്വത്തിലുള്ള ഒരു അഡ്ഹോക് കമ്മിറ്റി നിയമിക്കപ്പെടുകയും ചെയ്തു.

1940 ഒക്ടോബറിൽത്തന്നെയാണ് ഗാന്ധിജിയുടെ നേതൃതത്തിൽ വ്യക്തിസത്യാഗ്രഹം ആരംഭിച്ചത്. യുദ്ധവിരോധ മുദ്രാവാക്യങ്ങൾ വിളിച്ചുപറയുക എന്നതായിരുന്നു പരിപാടി. ഈ സത്യാഗ്രഹത്തിൽ പങ്കെടുത്ത പലരും അറസ്റ്റു ചെയ്യപ്പെട്ടു.

1941 ജൂൺമാസത്തിൽ ഹിറ്റ്ലർ സോവിയറ്റ് യൂണിയനെ ആക്രമിച്ചു. അതിന്റെ ഫലമായി യുദ്ധത്തിന്റെ സ്വഭാവത്തിൽ ഒരു മാറ്റം വന്നിരിക്കുന്നുവെന്നും അതേവരെ നടന്നുവന്ന സാമ്രാജ്യയുദ്ധം പുതിയ സംഭവവികാസങ്ങളുടെ ഫലമായി ഒരു ജനകീയയുദ്ധമായി മാറിയിരിക്കുന്നുവെന്നും ഇൻഡ്യൻ കമ്യൂണിസ്റ്റുപാർട്ടി ചൂണ്ടിക്കാണിച്ചു. കമ്യൂണിസ്റ്റുകാർ മാത്രമല്ല, ദീർഘദൃഷ്ടിയുള്ള ചില കോൺഗ്രസ്സ് നേതാക്കന്മാരും യുദ്ധത്തിന്റെ സ്വഭാവത്തിൽ വന്ന ഈ മാറ്റം മനസ്സിലാക്കുകയുണ്ടായി. ഉദാഹരണത്തിന്, 1941 ഡിസംബർ 8-ാം തീയതി പണ്ഡിറ്റ് ജവഹരിലാൽ നെഹ്റു പറഞ്ഞു:-

"ഏതായാലും ഒരു കാര്യത്തിൽ സംശയമില്ല: ഇന്നുള്ള ചേരിതിരിച്ചിലിൽ ലോകത്തിലെ പുരോഗമനശക്തികളെല്ലാം റഷ്യയും, ചൈനയും,

അമേരിക്കയും പ്രതിനിധീകരിക്കുന്ന വിഭാഗത്തിലാണ് അടുയുറപ്പിച്ചിട്ടുള്ളത്."

1942 ഏപ്രിൽമാസത്തിൽ അദ്ദേഹം വീണ്ടും പറഞ്ഞു: - "എന്നാൽ നമ്മുടെ നിലയെ പരമമായി നിയന്ത്രിക്കുന്നത് ചില ചില കാര്യങ്ങളോട് നമുക്കുള്ള ആദർശപരമായ മമതയാണ്. അഞ്ചുകൊല്ലത്തെ യുദ്ധത്തിനുശേഷം ചൈനയ്ക്ക് തോൽവി പിണയുകയെന്ന കാര്യം ചിന്തിക്കാൻ സുഖമുള്ളതല്ല. മനുഷ്യത്വപരമായ ചില ചില മൂല്യങ്ങളെ പ്രതിനിധീകരിക്കുന്ന റഷ്യയ്ക്ക്, തോൽവി പിണയുകയെന്നകാര്യം ചിന്തിക്കാൻ സുഖമുള്ളതല്ല."

ബർദോളിയിൽവച്ച് 1941 ഡിസംബർ 30-ാം നു ചേർന്ന കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി ഇങ്ങനെ പ്രസ്താവിച്ചു:-

"ബ്രിട്ടന്റെ ഇൻഡ്യാനയത്തിൽ മാറ്റമൊന്നും വന്നിട്ടില്ലെങ്കിലും ഇന്നത്തെ പുതിയ ലോകനിലയെ - യുദ്ധം ഒരു ലോകവ്യാപിയായ പോരാട്ടമായിത്തീരുകയും അത് ഇൻഡ്യയെ സമീപിക്കുകയും ചെയ്തിട്ടുള്ളതിന്റെ ഫലമായി ഉളവായിട്ടുള്ള ഈ പരിതഃസ്ഥിതിയെ - വർക്കിംഗ് കമ്മിറ്റിക്ക് കാണാതിരിക്കാൻ നിവൃത്തിയില്ല."

1941 ഡിസംബർ 15-ാം നു കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പൊളിറ്റ് ബ്യൂറോ ആംഗീകരിച്ച പ്രമേയത്തിൽ സാമ്രാജ്യയുദ്ധം ജനകീയയുദ്ധമായി മാറ്റിയിരിക്കുന്നു എന്ന് പ്രഖ്യാപിച്ചു. ഈ മാറ്റത്തിന്റെ അർത്ഥം വ്യക്തമാക്കിക്കൊണ്ട് കമ്മ്യൂണിസ്റ്റ്പാർട്ടി പ്രസിദ്ധം ചെയ്ത 'സ്വാതന്ത്ര്യത്തിലേയ്ക്ക് മുന്നോട്ട്' എന്ന ലഘുലേഖയിൽ ഇങ്ങനെ പറയുന്നു:-

"നമ്മുടെ ദേശീയപ്രസ്ഥാനത്തിന് ലഭിച്ചിട്ടുള്ള ഏറ്റവും ശോഭനമായ ഒരു അവസരമാണിത് - ലോകസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ഒരു പോരാട്ടത്തിൽ നമ്മുടെ ദേശീയ സ്വാതന്ത്ര്യത്തിന് വേണ്ടി നമുക്ക് പോരാടാം... നമ്മുടെ രാഷ്ട്രത്തിന്റെ ഭാവിഭാഗധേയങ്ങളെ സാമ്രാജ്യഹസ്തങ്ങളിൽ നിന്ന് തട്ടിയെടുക്കേണ്ടത് എങ്ങനെയാണ്? ഇന്നത്തെ ഗൗരവമേറിയ ആപൽഘട്ടത്തെ നേരിടേണ്ടത് എങ്ങിനെയാണ്? നമ്മുടെ നാടിന്റെ അഭിമാനാർഹമായ ലക്ഷ്യം സാധിക്കേണ്ടത് എങ്ങിനെയാണ്? - ഇതാണ് നമ്മുടെ എല്ലാ രാഷ്ട്രീയ കക്ഷികളേയും എല്ലാരാജ്യസ്നേഹികളേയും അഭിമുഖീകരിക്കുന്ന പാവനമായ പൊതുകർത്തവ്യം. സാമ്രാജ്യസ്വേച്ഛാപ്രഭുത്വത്തിന്റെ നേർക്ക് ഇൻഡ്യയുടെ ഐക്യത്തെയെടുത്ത് ആഞ്ഞെറിയുക മാത്രമാണ് ഇൻഡ്യാക്കാർക്കുള്ള ഏക പോംവഴിയെന്ന് കമ്മ്യൂണിസ്റ്റുപാർട്ടി പ്രഖ്യാപിക്കുമ്പോൾ അതിന്റെ അർത്ഥം പൊതുഉൽക്കണ്ഠയിൽ പാർട്ടിയും പങ്കാളിയാണെന്നാണ്: പൊതുദേശീയസംരംഭത്തെ താങ്ങാൻ പാർട്ടിയും അതിന്റെ തോൾകാണിക്കുന്നുവെന്നാണ്."...........

1941 ഡിസംബർ മാസത്തിൽ പ്രധാനപ്പെട്ട കോൺഗ്രസ്സ് നേതാക്കന്മാരെല്ലാം ജയിലിൽനിന്നു വിട്ടയയ്ക്കപ്പെട്ടു. വീണ്ടും ഒരൊത്തുതീർപ്പിന് വേണ്ടിയുള്ള പരിശ്രമങ്ങൾ തുടർന്നു.

ബ്രിട്ടീഷുകാർക്ക് യുദ്ധത്തിൽ അടിക്കടി പരാജയം നേരിട്ടുകൊണ്ടിരുന്ന ഒരു സന്ദർഭമായിരുന്നു അത്. 1941 മാർച്ച് 8–ാം തീയതി റംഗൂൺ ജപ്പാന്റെ കൈയിലായി. മൂന്നു ദിവസങ്ങൾക്കുശേഷം മാർച്ച് 11–ാം തീയതി കോൺഗ്രസ്സുമായി കൂടിയാലോചനകൾ നടത്താൻ വേണ്ടി സ്റ്റാഫോർഡ് ക്രിപ്സ് നിയമിക്കപ്പെട്ടു.

കൂടിയാലോചനകൾ നടന്നു. എന്നാൽ, യുദ്ധകാലത്ത് ഇൻഡ്യയിൽ ഒരു താൽക്കാലിക ദേശീയഗവൺമെന്റ് രൂപവൽക്കരിക്കണമെന്ന ആവശ്യമംഗീകരിക്കാൻ ക്രിപ്സ് തയ്യാറായില്ല. അതിന്റെ ഫലമായി കൂടിയാലോചനകൾ പൊളിഞ്ഞു.

സംഭവഗതികൾ വീണ്ടും അനിശ്ചിതത്വത്തിലേയ്ക്ക് നീങ്ങി: ആഗസ്റ്റുമാസം പുലർന്നു.

# അദ്ധ്യായം 11

# ആഗസ്റ്റ് സമരം

1942 ആഗസ്റ്റ് ആരംഭത്തിൽ ബോംബെയിൽ വച്ച് അഖിലേൻന്ത്യാ കോൺഗ്രസ്സ് കമ്മിറ്റിയുടെ ഒരു യോഗം കൂടി. ഈ യോഗത്തിൽവച്ചാണ് സുപ്രസിദ്ധമായ "ക്വിറ്റ് ഇൻഡ്യാ" (ഇൻഡ്യ വിട്ടുപോവുക) പ്രമേയം പാസ്സാക്കപ്പെട്ടത്.

"റഷ്യൻ മുന്നണിയിലേയും ചൈനീസ് മുന്നണിയിലേയും മോശ പ്പെട്ടു വരുന്ന സ്ഥിതിയെ ഈ കമ്മിറ്റി മനോവേദനയോടുകൂടി വീക്ഷി ക്കുന്നു; സ്വന്തം സ്വാതന്ത്ര്യസംരക്ഷണാർത്ഥം റഷ്യാക്കാരും ചീനക്കാരും പ്രദർശിപ്പിക്കുന്ന ധീരോദാത്തതയെക്കുറിച്ച് കമ്മിറ്റിക്കുള്ള അഗാധമായ ബഹുമാനം രേഖപ്പെടുത്തിക്കൊള്ളുന്നു," എന്നും "ഇന്നാട്ടിൽ ബ്രിട്ടീഷ് ഭരണം അവസാനിപ്പിക്കുകയെന്നത് അതിപ്രധാനവും അടിയന്തിരവുമായ ഒരു പ്രശ്നമാണ്; അതിന്മേലാണ് യുദ്ധത്തിന്റെ ഭാവിയും സ്വാതന്ത്ര്യ ത്തിന്റേയും ജനാധിപത്യത്തിന്റേയും വിജയവും സ്ഥിതി ചെയ്യുന്നത്" എന്നും പ്രമേയത്തിൽ പ്രസ്താവിച്ചിരുന്നു. പ്രമേയത്തിന്റെ ക്രിയാത്മ കമായ ഭാഗം താഴെകൊടുത്തിരിക്കുന്ന പ്രകാരമായിരുന്നു: –

"ലോകസ്വാതന്ത്ര്യതാൽപ്പര്യത്തെ മുൻനിറുത്തിക്കൊണ്ട് ബ്രിട്ട നോടും സഖ്യരാഷ്ട്രങ്ങളോടുമുള്ള ഈ അഭ്യർത്ഥന എ.ഐ.സി.സി. ഒരിക്കൽക്കൂടി, ഈ അവസാന നിമിഷത്തിൽ ആവർത്തിക്കാനുദ്ദേശി ക്കുന്നു. പക്ഷേ, ഈ രാഷ്ട്രത്തിന്റെ മേൽ മേൽക്കോയ്മ നടത്തി ക്കൊണ്ടും അതിനെ സ്വന്തം താൽപ്പര്യത്തിലും മനുഷ്യസമുദായത്തിന്റെ താൽപ്പര്യത്തിലും പ്രവർത്തിക്കാൻ അനുവദിക്കാതെയും ഇരിക്കുന്ന സ്വേച്ഛാധിപത്യപരവും സാമ്രാജ്യത്വപരവുമായ ഒരു ഗവൺമെന്റിനെതി രായി സ്വന്തം അഭിലാഷങ്ങളെ പ്രകടിപ്പിക്കാനുള്ള ഈ രാഷ്ട്രത്തിന്റെ

യത്നങ്ങളെ ഇനിമേൽ അടക്കി നിറുത്തുന്നത് ന്യായമല്ലെന്ന് കമ്മിറ്റിക്ക് തോന്നുന്നു.

അതുകൊണ്ട്, ഇൻഡ്യയുടെ അനിഷേദ്ധ്യമായ സ്വാതന്ത്ര്യാവകാശത്തെ പുലർത്താൻവേണ്ടി, ഏറ്റവും വിപുലമായ തോതിലും അക്രമരാഹിത്യത്തിന്റെ അടിസ്ഥാനത്തിലും ഒരു ബഹുജനസമരം തുടങ്ങാൻ കമ്മിറ്റി അനുവാദം നൽകുന്നു. കഴിഞ്ഞ 22 കൊല്ലക്കാലത്തെ സമാധാനപരമായ സമരത്തിന്റെ അഹിംസാത്മകമായ സർവ്വശക്തിയും ഈ നാട്ടിന് ഇതിൽ പ്രയോജനപെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള ഒരു സമരം തീർച്ചയായും ഗാന്ധിജിയുടെ നേതൃത്വത്തിലായിരിക്കണം. ഇതിനെ നിയന്ത്രിച്ച് മുന്നോട്ടു നയിക്കാൻ കമ്മിറ്റി ഗാന്ധിജിയോട് അപേക്ഷിച്ചുകൊള്ളുന്നു."

"തങ്ങൾക്ക് അനുഭവിക്കേണ്ടിവരുന്ന ആപത്തുകളേയും കഷ്ടപ്പാടുകളേയും ധൈര്യത്തോടും വാശിയോടുംകൂടി നേരിടണമെന്നും ഗാന്ധിജിയുടെ നേതൃത്വത്തിൽ ഉറച്ചുനിന്ന് ഇൻഡ്യൻ സ്വാതന്ത്ര്യഭടന്മാർക്ക് ചേർന്ന അച്ചടക്കത്തോടുകൂടി അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളെ അനുസരിക്കണമെന്നും കമ്മിറ്റി ഇൻഡ്യയിലെ ജനങ്ങളോട് അഭ്യർത്ഥിക്കുന്നു. അക്രമരാഹിത്യത്തിൽ അടിയുറപ്പിച്ചിട്ടുള്ള ഒരു സംരംഭമാണിതെന്ന് അവർ ഓർക്കണം. നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനോ അവയെ നാട്ടുകാർക്ക് എത്തിച്ചുകൊടുക്കാനോ സാദ്ധ്യമല്ലാതായിത്തീരുന്ന, ഒരു ഘട്ടം വന്നേയ്ക്കും. ഇത്തരമൊരു സന്ദർഭം വരുമ്പോൾ ഈ പ്രസ്ഥാനത്തിൽ പങ്കെടുക്കുന്ന ഓരോ പുരുഷനും സ്ത്രീയും പൊതുനിർദ്ദേശങ്ങളുടെ അതിരുകൾ ലംഘിക്കാതെ സ്വന്തമായി പ്രവർത്തിക്കേണ്ടിവരും. സ്വാതന്ത്ര്യത്തിനാഗ്രഹിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്ന ഓരോ ഇൻഡ്യാക്കാരനുമായ മാർഗ്ഗദർശി അയാൾ തന്നെയായിരിക്കണം. അങ്ങനെ അവസാനം ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിലേയ്ക്കും മോചനത്തിലേയ്ക്കുമെത്തിക്കുന്ന ആ മാർഗത്തിലൂടെ ദുർഘടം നിറഞ്ഞതും വിശ്രമത്തിനിടമില്ലാത്തതുമായ ആ വഴിയിലൂടെ, ഓരോരുത്തരും സ്വയം മുന്നോട്ടു കുതിക്കണം."

"സ്വതന്ത്ര ഇൻഡ്യയുടെ ഭാവിഭരണ രീതിയെക്കുറിച്ച് എ. ഐ. സി. സി. അതിന്റെ സ്വന്തം അഭിപ്രായം പറഞ്ഞുവെങ്കിലും ഒരു കാര്യം എ. ഐ. സി. സി. എല്ലാവരോടും വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഇങ്ങനെ ഒരു ബഹുജനസമരത്തിലേയ്ക്ക് ഇറങ്ങുന്നതുകൊണ്ട് സ്വയം അധികാരം സമ്പാദിക്കുകയെന്ന യാതൊരു ഉദ്ദേശവും കാൺഗ്രസ്സിനില്ല. ഭരണാധികാരം കിട്ടുമ്പോൾ, അത് ഇൻഡ്യയിലെ ജനങ്ങൾക്കാകെയുള്ളതായിരിക്കും."

പ്രമേയത്തിലെ ക്രിയാത്മകമായ ഭാഗത്തിന് കമ്മ്യൂണിസ്റ്റു മെംബർമാർ താഴെ കൊടുക്കുന്ന ഭേദഗതിയവതരിപ്പിച്ചു.

"ലോകസ്വാതന്ത്ര്യതാൽപ്പര്യത്തെ മുൻനിറുത്തിക്കൊണ്ട് ബ്രിട്ടനോടും സഖ്യരാഷ്ട്രങ്ങളോടും ഈ അഭ്യർത്ഥന ഒരിക്കൽക്കൂടി ആവർത്തിക്കാൻ ഈ അവസാനനിമിഷത്തിൽ എ. ഐ. സി. സി. ഉദ്ദേശിക്കുന്നു. പക്ഷേ, ഒന്നും ചെയ്യാതെ കൈയും കെട്ടിയിരിക്കുകയെന്ന നയം ഇനിയും തുടരുന്നത് ശരിയല്ലെന്നും, ഇന്നത്തെ ആപത്തിനെ നേരിടാനായി ഇൻഡ്യക്ക് ഉടൻ സ്വാതന്ത്ര്യം കിട്ടണമെന്നാഗ്രഹിക്കുന്നവരും, സഖ്യരാഷ്ട്രങ്ങളും അവയുടെ പട്ടാളങ്ങളുമായി ഏറ്റവും അടുത്തു സഹകരിച്ച് ഫാസിസ്റ്റക്രമികൾക്കെതിരായി അക്രമരഹിതവും ആയുധമേന്തിയതുമായ ജനങ്ങളുടെ ചെറുത്തുനിൽപ്പിനെ സംഘടിപ്പിക്കുകയെന്ന ചുമതല ഏറ്റെടുക്കുന്ന ഒരു താൽക്കാലികദേശീയ ഗവണ്മെന്റിൽ ചേരാനോ അതിനെ സഹായിക്കാനൊ തയ്യാറുള്ളവരുമായ എല്ലാ ജനവിഭാഗങ്ങളുടേയും പാർട്ടികളുടേയും ഒരു ദേശീയ ഐക്യമുന്നണിയുണ്ടാക്കുന്നതിൽ സ്വയം മുൻകൈയെടുക്കണമെന്നും, കമ്മിറ്റിക്ക് തോന്നുന്നു."

അതുകൊണ്ടു് കമ്മിറ്റി തീരുമാനിക്കുന്നു:

"(1) ഈ ഗൗരവവാഹകമായ അടിയന്തരാവസ്ഥയിൽ ബ്രിട്ടീഷ് മേൽക്കോയ്മ അവസാനിപ്പിക്കാനും ദേശീയഗവണ്മെന്റ് സ്ഥാപിക്കാനും ആവശ്യമായ ബഹുജനപിൻബലം ഉണ്ടാക്കാനായി എല്ലാവരും ചേർന്നു ദേശീയൈക്യം നേടേണ്ടത് അത്യാവശ്യമാണ്. അതിനായി മുസ്ലീംലീഗുമായി ഒരു ഒത്തുതീർപ്പും ഐക്യമുന്നണിയും ഉണ്ടാക്കാൻ ആത്മാർത്ഥമായ ശ്രമം നടത്തേണ്ടതാണ്. ഏറെക്കുറെ ഭാരതത്തിലുള്ള ജനങ്ങധിവസിക്കുന്നതും പൊതുവായ ചരിത്രപാരമ്പര്യവും ഭാഷയും സംസ്കാരവും മാനസികഘടനയും സാമ്പത്തിക ജീവിതവുമുള്ളതായ ഭൂവിഭാഗങ്ങളെ അടിസ്ഥാനപ്പെടുത്തിയ വ്യത്യസ്തഘടകങ്ങൾക്ക് വിട്ടുപോകാനുള്ള അവകാശമുൾപ്പെടുന്ന സ്വയംഭരണാധികാരത്തിന്നുറപ്പു നൽകുന്ന തരത്തിലുള്ളതായിരിക്കും സ്വതന്ത്രവും ഏകീകൃതവുമായ ഇൻഡ്യയുടെ ഫെഡറൽ ഭരണഘടനയെന്ന് കാൺഗ്രസ്സ് വാഗ്ദത്തം ചെയ്യുന്നതായാൽ ഐക്യമുന്നണിക്ക് വേണ്ട ഒത്തുതീർപ്പിനും ഒരു താൽക്കാലിക കൂട്ടുദേശീയഗവണ്മെന്റ് ഉണ്ടാക്കുന്നതിനുമുള്ള അടിസ്ഥാനമാവും.

(2) അങ്ങിനെ കാൺഗ്രസ്സും മുസ്ലീം ലീഗും യോജിച്ചാൽ, അവ മറ്റെല്ലാ പാർട്ടികളേയും കൂട്ടിയോജിപ്പിക്കണം; അങ്ങനെ നമ്മുടെ ദേശീയാവശ്യത്തിന് ഏറ്റവും വിപുലമായ ജനകീയ പിൻബലം നേടണം; സഖ്യരാഷ്ട്രങ്ങളിലെ പട്ടാളങ്ങളുമായി യോജിച്ച് അക്രമങ്ങൾക്കെതിരായി ആയുധമെടുത്ത എതിർപ്പ് സംഘടിപ്പാനുറച്ച- ഒരു താൽക്കാലി

കദേശീയ ഗവണ്മെന്റ് സ്ഥാപിക്കാനുള്ള പ്രായോഗിക പദ്ധതിയെ സംബന്ധിച്ചിടത്തോളം ഇൻഡ്യയാകെ ഏകോപിച്ചുനില്ക്കുന്നുവെന്ന് ഐക്യരാഷ്ട്രജനതകൾക്ക് കാണിച്ചുകൊടുക്കണം;

(3) അതോടുകൂടിത്തന്നെ കാൺഗ്രസ്സും ലീഗും യോജിച്ച് ദേശവ്യാപിയായി ബഹുജനങ്ങളെ അണിനിരത്താനുള്ള ഒരു പ്രക്ഷോഭം ആരംഭിക്കണം- ഉടൻ അധികാരം കൈയ്മാറണമെന്നും താൽക്കാലിക ദേശീയഗവണ്മെന്റ് സ്ഥാപിക്കണമെന്നും ആവശ്യപ്പെടാനും, അക്രമിയെ ചെറുക്കാനുള്ള ആവേശവും സന്നദ്ധതയും ജനങ്ങൾക്കുണ്ടാക്കാനും, ജാപ്പനുകൂലമനോഭാവത്തെ എതിർക്കാനും, ജനങ്ങളുടെ താൽപ്പര്യങ്ങളെ സഹായിക്കുന്ന കാര്യങ്ങളിൽ അധികൃതന്മാരുടെ രാജ്യരക്ഷാപരിശ്രമങ്ങളുമായി സഹകരിച്ചുകൊണ്ടും അവ നിർബന്ധപൂർവ്വമാകുന്നേടത്ത് അവയെ എതിർത്തുകൊണ്ടും ജനങ്ങളെ രക്ഷിക്കാനുള്ള ജനകീയശ്രമങ്ങളെ സംഘടിപ്പിക്കാനുമായിരിക്കണം ഈ പ്രക്ഷോഭം.”

ഭേദഗതിക്ക് 13 വോട്ടുകൾ മാത്രമേ കിട്ടിയുള്ളൂ. വമ്പിച്ച ഭൂരിപക്ഷത്തോടെ പ്രമേയം പാസ്സായി.

“ആഗസ്റ്റു പ്രമേയം എന്ന പേരിൽ ചരിത്രപ്രസിദ്ധമായ ഈ പ്രമേയം പാസ്സാക്കപ്പെട്ടത് 1942 ആഗസ്റ്റ് 8-ാം നുയാണ്. ആഗസ്റ്റ് 9-ാം പുലർച്ചയ്ക്ക് പ്രധാനപ്പെട്ട എല്ലാ കോൺഗ്രസ്സ് നേതാക്കന്മാരും പെട്ടെന്ന് അറസ്റ്റു ചെയ്യപ്പെട്ടു. ബോംബെയിൽ മാത്രമല്ല, ദേശവ്യാപകമായ തോതിൽ, രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ഒരേ സമയത്ത് അനേകം നേതാക്കന്മാർ അറസ്റ്റു ചെയ്യപ്പെട്ടു.

ഇതു ജനങ്ങളെ ക്ഷുഭിതരാക്കി. രാജ്യത്തിലെങ്ങും ഹർത്താലുകളും പ്രകടനങ്ങളും കമ്പിമുറിക്കൽ തുടങ്ങിയ പരിപാടികളും നടന്നു. മറുഭാഗത്തു നിന്ന് അറസ്റ്റുകളും വെടിവയ്പ്പുകളും മറ്റു മൃഗീയമർദ്ദനങ്ങളും തുടങ്ങി.

ആഗസ്റ്റു സമരം ആരംഭിച്ചു കഴിഞ്ഞു.”

1942 ആഗസ്റ്റ് 14-ാം തീയതി, അറസ്റ്റു കഴിഞ്ഞു കുറച്ചു ദിവസം മാത്രം ചെന്നപ്പോൾ, മഹാത്മാഗാന്ധി വൈസ്രോയിക്കയച്ച ഒരു കത്തിൽ ഇങ്ങനെ എഴുതുകയുണ്ടായി:

“ഞാൻ ബഹുജനസമരം തുടങ്ങുന്നതുവരെയെങ്കിലും ഇൻഡ്യാഗവൺമെന്റ് കാത്തുനിൽക്കേണ്ടതായിരുന്നു. എന്തെങ്കിലും സുനിശ്ചിതമായ ചില നടപടികൾ എടുക്കുന്നതിനു മുൻപ് നിങ്ങൾക്കൊരു കത്തയയ്ക്കാൻ വിചാരിക്കുന്നുണ്ടെന്ന് പരസ്യമായി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. കോൺഗ്രസ്സിന്റെ വാദങ്ങളെ നിഷ്പക്ഷമായി പരിശോധിക്കണമെന്ന് ഒരു അഭ്യർത്ഥനയായിട്ടാണ് അത് ഉദ്ദേശിക്കപ്പെട്ടിരുന്നത്. നിങ്ങൾക്ക

റിയാം, കോൺഗ്രസ്സ് മുമ്പോട്ടുകൊണ്ടുവന്ന ആവശ്യപ്രഖ്യാപനത്തിൽ ഉണ്ടെന്നു തെളിഞ്ഞിട്ടുള്ള എല്ലാ കുറവുകളേയും കോൺഗ്രസ്സ് യാതൊരു മടിയും കൂടാതെ നികത്തിയിട്ടുണ്ടെന്ന്. അതുപോലെതന്നെ നിങ്ങൾ എനിക്കൊരവസരം തന്നിരുന്നെങ്കിൽ ഞാൻ അതിലുള്ള പോരായ്മയേയും പരിഹരിക്കുമായിരുന്നു."

പക്ഷേ, ഇതുകൊണ്ടൊന്നും ഫലമുണ്ടായില്ല. മർദ്ദനങ്ങൾ തുടർന്നു. 1942 ആഗസ്റ്റ് 9-ാം തീയതിക്കും ഡിസംബർ 31-ാം തീയതിക്കും ഇടയിൽ ഔദ്യോഗികകണക്കുകൾ പ്രകാരം തന്നെ ഇൻഡ്യയിലാകെ 62,229 പേർ അറസ്റ്റുചെയ്യപ്പെട്ടു. 18,000 പേർ വിചാരണകൂടാതെ തടങ്കലിൽ വയ്ക്കപ്പെട്ടു. 940 പേർ പോലീസിന്റെയോ പട്ടാളത്തിന്റെയോ വെടികൊണ്ടു മരിച്ചു.

ഈ സമരത്തിലും കേരളം അഭിമാനാർഹമായ പങ്കാണ് വഹിച്ചത്. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും സമരങ്ങൾ നടന്നു. ഘോഷയാത്രകൾ, വിദ്യാലയങ്ങളും കോടതികളും പിക്കറ്റുചെയ്യൽ, പൊതുയോഗങ്ങൾ കൂടൽ, നിരോധിക്കപ്പെട്ട ലഘുലേഖകൾ വിതരണം ചെയ്യൽ മുതലായവയായിരുന്നു ആദ്യകാലത്തെ പരിപാടികൾ. പക്ഷേ, അക്രമരഹിതമായ ഈ പ്രവർത്തനങ്ങളെപ്പോലും മൃഗീയമായവിധത്തിൽ അടിച്ചമർത്താനാണ് ഭരണാധികാരികൾ ശ്രമിച്ചത്. ക്രമേണ ഗതാഗതമാർഗ്ഗങ്ങൾക്ക് തടസ്സമുണ്ടാക്കുക, ടെലിഗ്രാഫ് കമ്പികൾ മുറിക്കുക, ഗവൺമെന്റ് റിക്കാർഡുകൾ നശിപ്പിക്കുക മുതലായ അട്ടിമറിപ്രവർത്തനങ്ങൾ വഴിയായി ഭരണയന്ത്രത്തെ സ്തംഭിപ്പിക്കാനുള്ള സംരംഭങ്ങളിലേയ്ക്ക് സമരം നീങ്ങാം.

1942 ആഗസ്റ്റ് മാസത്തിൽത്തന്നെ ചേമഞ്ചേരി രജിസ്ട്രാരാഫീസും റെയിൽവെസ്റ്റേഷനും തീവച്ചു. അനവധിദൂരം ടെലിഗ്രാഫ് കമ്പികൾ മുറിച്ച് നീക്കംചെയ്യപ്പെട്ടു. ചില അംശക്കച്ചേരികൾ തീവച്ചു നശിപ്പിച്ചു. കൊയിലാണ്ടി - ബാലുശ്ശേരി റോഡിലെ ഉള്ളിയേരിപ്പാലം പൊളിച്ചുനീക്കി. 1943 ജനുവരിയിൽ നടുവണ്ണൂർ സബ്രജിസ്ട്രാരാഫീസ് കത്തിച്ചു. ചോമ്പാൽ എന്ന സ്ഥലത്ത് ഗവൺമെന്റ് വക ഉപ്പുഡിപ്പോ അഗ്നിക്കിരയായി. കോട്ടയം താലൂക്കിലെ ചില പാലങ്ങൾക്ക് ഡൈനാമിറ്റ് വയ്ക്കുകയുണ്ടായി. പോലീസ് അനേകം പേരെ അറസ്റ്റുചെയ്യുകയും പല കേസകളിലുംപെടുത്തി നീണ്ട കാലത്തേയ്ക്ക് ശിക്ഷിക്കുകയും ചെയ്തു. ഏറ്റവും പ്രമാദമായ കേസ്സ് കീഴരിയൂർ ബോംബ് കേസ്സായിരുന്നു. "ഗവൺമെന്റ് കെട്ടിടങ്ങൾ തകർക്കുവാനും റെയിൽവെ പാലങ്ങൾക്കും ഓവുപാലങ്ങൾക്കും നാശമേല്പിക്കുവാനുമുള്ള ഉദ്ദേശത്തോടെ ബോംബുകൾ ഉണ്ടാക്കി, എന്നായിരുന്നു കേസ്സ്. ഈ കേസ്സിൽ 27 പേർ

ചാർജ്ജ് ചെയ്യപ്പെട്ടു. 12 പേർക്ക് ഏഴ് കൊല്ലം വീതവും ഒരാൾക്ക് 10 കൊല്ലവും ശിക്ഷ ലഭിച്ചു. ബാക്കിയുള്ളവർ വിട്ടയക്കപ്പെട്ടു.

സമരകാലത്ത് "സ്വതന്ത്രഭാരതം" എന്ന ഒരു രഹസ്യപത്രം പതിവായി പുറത്തുവന്നുകൊണ്ടിരുന്നു. ആകെ 17 ലക്കങ്ങൾ പ്രസിദ്ധം ചെയ്യപ്പെടുകയുണ്ടായി.

1945 സെപ്റ്റംബറിൽ കേരള കോൺഗ്രസ്സ് കമ്മിറ്റിയുടെ സെക്രട്ടറി പ്രസിദ്ധം ചെയ്ത റിപ്പോർട്ടനുസരിച്ച് ആഗസ്റ്റ് സമരം സംബന്ധിച്ച് മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും കൂടി ആകെ ആയിരം പേർ അറസ്ററു ചെയ്യപ്പെടുകയുണ്ടായി. അതിൽ അറുനൂറ്റിഅൻപതുപേർ മലബാറിൽ നിന്നായിരുന്നു.

ആഗസ്റ്റ് സമരം നടന്നകാലത്ത് കേരളത്തിലെ മുന്നൂറോളം കമ്മ്യൂണിസ്റ്റുകാർ ഇരുമ്പഴികൾക്കുള്ളിലായിരുന്നു. പുറത്തുള്ളവർ ഗവൺമെന്റിന്റെ മർദ്ദനനയങ്ങളെ പ്രതിഷേധിച്ചു. പക്ഷേ, സമരത്തിൽ പങ്കുകൊള്ളുകയുണ്ടായില്ല. നേരെമറിച്ച് അട്ടിമറിപ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുകയും ചെയ്തു. ഇതുകാരണം പിന്നീട് കമ്മ്യൂണിസ്റ്റുകാരും മറ്റു ദേശാഭിമാനികളും തമ്മിലുള്ള അകൽച്ച കൂടുതൽ വർദ്ധിക്കുകയുണ്ടായി.

## അദ്ധ്യായം 12

# സ്വാതന്ത്ര്യത്തിലേയ്ക്ക്

1944 മേയ് 6-ാം നു, ആരോഗ്യപരമായ കാരണങ്ങളാൽ മഹാത്മാ ഗാന്ധി ജയിലിൽനിന്ന് വിട്ടയയ്ക്കപ്പെട്ടു. ഏറെക്കഴിയുന്നതിനു മുൻപായിട്ടുതന്നെ "1944-ൽ നിന്ന് 1942-ലേയ്ക്കു മടങ്ങിപ്പോകുക സാദ്ധ്യമല്ലാത്തതിനാൽ ആഗസ്റ്റു പ്രമേയത്തിലെ ക്രിയാത്മകഭാഗം സ്വയം റദ്ദാക്കിക്കഴിഞ്ഞിരിക്കുന്നു" എന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

ആഗസ്റ്റു സമരം അവസാനിച്ചു. എങ്കിലും രാഷ്ട്രീയമായ സ്തംഭനം തുടർന്നു. 1945-ൽ വൈസ്രായി വേവൽപ്രഭുവും കോൺഗ്രസ്സിന്റെയും മുസ്ലീംലീഗിന്റെയും നേതാക്കളും തമ്മിൽ ഒരു ഒത്തുതീർപ്പിനുള്ള പരിശ്രമം നടന്നു. പക്ഷേ, അത് ഫലിച്ചില്ല. സ്തംഭനം പിന്നെയും തുടർന്നു.

യുദ്ധമവസാനിച്ചപ്പോഴേയ്ക്കും ഇൻഡ്യയുടെ സാമ്പത്തിക വ്യവസ്ഥ വളരെയധികം തകർന്നുകഴിഞ്ഞിരുന്നു. അതോടൊപ്പം തന്നെ ജനങ്ങളുടെ അസംതൃപ്തിയും വളരെയധികം മൂർച്ചിച്ചു കഴിഞ്ഞിരുന്നു.

യുദ്ധകാലത്ത് സുബാഷ്ബോസിന്റെ നേതൃത്വത്തിൽ ജാപ്പധീനപ്രദേശങ്ങളിൽനിന്ന് ഡെൽഹിയിലേയ്ക്ക് മാർച്ചുചെയ്യുകയെന്ന ഉദ്ദേശത്തോടുകൂടി ഒരു ഇൻഡ്യൻ ദേശീയസേന സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്നു. 1945-ൽ യുദ്ധമവസാനിച്ച ഉടനെ വിജയോന്മത്തരായ ബ്രിട്ടീഷ് സാമ്രാജ്യവാദികൾ ദേശീയസേനയിലെ പട്ടാളക്കാരെ കോൺസെൻട്രേഷൻ ക്യാമ്പുകളിലിട്ട് മർദ്ദിക്കാനും അവരുടെ നേതാക്കന്മാരെ രാജദ്രോഹകുറ്റത്തിന് വിചാരണചെയ്യാനും തുടങ്ങി. നാട്ടുകാർ പ്രതിഷേധ പ്രകടനങ്ങൾ നടത്തുകയും ദേശീയസേനക്കാരായ മുഴുവൻ തടവുകാരെയും നിരുപാധികമായി വിട്ടയക്കാനാവശ്യപ്പെടുകയും ചെയ്തു.

ദേശീയസേനക്കാരെ മോചിപ്പിക്കാനുള്ള പ്രക്ഷോഭണത്തിന്റെ പിന്നാലെ നാവികരുടേയും വൈമാനികരുടേയും ഇടയിലുള്ള അസ്വാസ്ഥ്യങ്ങൾ പൊന്തിവന്നു. ബ്രിട്ടീഷ് പട്ടാളക്കാർക്ക് നൽകുന്ന ഭക്ഷണവും മറ്റു സൗകര്യങ്ങളും തങ്ങൾക്കും അനുവദിച്ചുകിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് നാവികർ പല കേന്ദ്രങ്ങളിലും പണിമുടക്കി നിരാഹാരം തുടങ്ങി. ആഫീസർമാർ ശുണ്ഠിയെടുത്ത് അവരുടെ പ്രക്ഷോഭത്തെ വെടിയുണ്ടകൊണ്ട് അമർത്താൻ നോക്കി. നാവികർ കപ്പലുകൾ കൈവശപ്പെടുത്തി, തോക്കുകൾ തിരിച്ചുവച്ചു.

നാവികരോട് അനുഭാവം കാണിക്കാൻ പലേടത്തും വൈമാനികർ പണിമുടക്കി. നാവികകലാപത്തെ തുടർന്നു കൊണ്ട് നാട്ടിലെങ്ങും പുതിയൊരു പ്രക്ഷോഭമുയർന്നു വന്നു.

1946 മാർച്ച് 4-ാം തീയതി ജബൽപൂരിലെ 300 മിലിട്ടറി ശിപായിമാർ പണിമുടക്കി. ശമ്പളക്കൂടുതലിനുവേണ്ടി ഡെൽഹിയിലെ പോലീസുകാർ നിരാഹാരവ്രതം തുടങ്ങി.

മാർച്ച് 19-ാം നു റേഷൻ കുറച്ചതിനെ പ്രതിഷേധിക്കാൻ അലഹബാദിലെ പോലീസുകാർ നിരാഹാരവ്രതം നടത്തി. ഏപ്രിൽ 3-ാം തീയതി ബീഹാറിലെ 10,000 പോലീസുകാർ പണിമുടക്കി.

നാടൊട്ടുക്കും നടന്ന സമരങ്ങളിൽ കേരളവും പങ്കുകൊണ്ടു. പുന്നപ്ര-വയലാർ സമരങ്ങളെപ്പറ്റി മറ്റൊരദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. മലബാറിൽ എൻ.ജി.ഒ. മാരും പോസ്റ്റൽ പ്രവൃത്തിക്കാരും റെയിൽവെ തൊഴിലാളികളും പണിമുടക്കി. പലേടത്തും മറ്റു തൊഴിലാളികളും സമരങ്ങൾ ആരംഭിച്ചു. വടക്കേമലബാറിലെ കൃഷിക്കാർ സമരത്തിലിറങ്ങി. തരിശുഭൂമികൾ കൃഷിചെയ്യാനും നെല്ലെടുപ്പുദ്യോഗസ്ഥന്മാരുടെ അക്രമങ്ങൾ അവസാനിപ്പിച്ച് സ്വന്തം ഭക്ഷണത്തിന് ആവശ്യമായ ധാന്യങ്ങൾ കൈവശം വയ്ക്കാനുമുള്ള അവകാശങ്ങൾക്കുവേണ്ടി അവർ ഒരു പ്രക്ഷോഭണം തുടങ്ങി.

ഒത്തുതീർപ്പ് അനിവാര്യമായിത്തീർന്നു.

1946 ഫെബ്രുവരി 18-ാം തീയതിയാണ് ബോംബെയിൽ നാവികരുടെ ലഹളയാരംഭിച്ചത്. ഫെബ്രുവരി 19-ാം നു കൂടിയാലോചനകൾക്കുവേണ്ടി ഇൻഡ്യയിലേയ്ക്ക് ഒരു "ക്യാബിനറ്റു"മിഷനെ അയയ്ക്കാനുള്ള ബ്രിട്ടീഷ് ഗവൺമെന്റിന്റെ തീരുമാനം പ്രധാനമന്ത്രി ആറ്റ്ലി കാമൺസ് സഭയെ അറിയിച്ചു.

മാർച്ചുമാസത്തിൽ സർ സ്റ്റാഫോർഡ് ക്രിപ്സും ഏ.വി. അലക്സാണ്ടരും ഇൻഡ്യാസെക്രട്ടറി പെത്തിക്ക്ലാറൻസുപ്രഭുവും അടങ്ങിയ ക്യാബിനറ്റ്മിഷൻ ഇൻഡ്യയിലെത്തി. കോൺഗ്രസ്സിന്റെയും മുസ്ലീം

ലീഗിന്റേയും അധഃകൃതഫെഡറേഷന്റേയും പ്രതിനിധികളുമായും നാട്ടു രാജാക്കന്മാരുമായും കൂടിയാലോചനകൾ നടത്തി. മേയ് 16-ാം നു അവർ തങ്ങളുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചു.

ഇൻഡ്യയുടെ ഭാവി ഭരണഘടന തയ്യാറാക്കാൻ ഒരു ജനപ്രതിനിധിസഭ വിളിച്ചുകൂട്ടുക, ഉടൻതന്നെ വിവിധഭാഗക്കാരുടെ പ്രതിനിധികളടങ്ങിയ ഒരു താൽക്കാലിക ഗവൺമെന്റ് കേന്ദ്രത്തിലേർപ്പെടുത്തുക, ഇവയായിരുന്നു മിഷന്റെ പ്രധാന നിർദ്ദേശങ്ങൾ.

ഈ നിർദ്ദേശങ്ങൾ സ്വീകരിക്കപ്പെട്ടു. അങ്ങനെ 1946 സെപ്റ്റംബർ 2-ാം നു കോൺഗ്രസ്സിന്റെ ആറു പ്രതനിധികളും മുസ്ലീം ലീഗിന്റെ അഞ്ചു പ്രതിനിധികളും അധഃകൃത വർഗ്ഗക്കാർ, ഇൻഡ്യൻ ക്രിസ്ത്യാനികൾ, സിക്കുകാർ എന്നിവരുടെ ഓരോ പ്രതിനിധിയുമടങ്ങിയ ഒരു താൽക്കാലിക ഗവൺമെന്റ് നിലവിൽ വന്നു. വൈസ്രോയി അതിന്റെ പ്രസിഡന്റും പണ്ഡിറ്റ് നെഹ്റു വൈസ് പ്രസിഡന്റുമായി. അതിനെ തുടർന്ന് പുതിയ തിരഞ്ഞെടുപ്പുകൾ നടന്നു. മിക്ക സംസ്ഥാനങ്ങളിലും കോൺഗ്രസ്സ് മന്ത്രിസഭകൾ വീണ്ടും അധികാരത്തിൽ വന്നു.

ഡിസംബർ 9-ാം നു ഡെൽഹിയിൽ ജനപ്രതിനിധിസഭ വിളിച്ചുകൂട്ടപ്പെട്ടു. 11-ാം നു ഡോക്ടർ രാജേന്ദ്രപ്രസാദ് അതിന്റെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടു.

എന്നാൽ അതിനിടയിൽ കോൺഗ്രസ്സും മുസ്ലീം ലീഗും തമ്മിൽ വീണ്ടും അഭിപ്രായവ്യത്യാസങ്ങൾ പൊന്തിവന്നു. മുസ്ലീംലീഗ് താൽക്കാലിക ഗവൺമെന്റിൽനിന്ന് പിന്മാറി. ജനപ്രതിനിധിസഭയെ ബഹിഷ്ക്കരിച്ചു. പാക്കിസ്ഥാൻ സ്ഥാപിക്കുകയാണ് തങ്ങളുടെ അടിയന്തിരലക്ഷ്യമെന്ന് അവർ പ്രഖ്യാപിച്ചു.

കൂടിയാലോചനകൾ തുടർന്നു.

1947 ഫെബ്രുവരിയിൽ ഇൻഡ്യാക്കാരുടെ കൈയ്കളിലേയ്ക്ക് അധികാരം കൈയ്മാറുകയാണ് തങ്ങളുടെ ഉദ്ദേശമെന്ന് ആറ്റ്ലി പ്രഖ്യാപിച്ചു. വേവൽപ്രഭു മടക്കി വിളിക്കപ്പെടുകയും അദ്ദേഹത്തിന്റെ സ്ഥാനത്ത് മൗണ്ട് ബാറ്റൻ പ്രഭു വൈസ്രോയിയായി നിയമിക്കപ്പെടുകയും ചെയ്തു.

വീണ്ടും കൂടിയാലോചനകൾ നടന്നു. 1947 ജൂൺ 3-ാം നു മൗണ്ട് ബാറ്റൻ തന്റെ നിർദ്ദേശങ്ങൾ സമർപ്പിച്ചു.

ഇൻഡ്യയെ പാക്കിസ്ഥാൻ, ഇൻഡ്യ എന്നിങ്ങനെ രണ്ട് രാജ്യങ്ങളാക്കി ഭാഗിക്കണമെന്നുള്ളതായിരുന്നു പ്രധാനമായ നിർദ്ദേശം. ബംഗാൾ, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളേയും ഭാഗിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഹിന്ദുക്കളും മുസ്ലീമിങ്ങളും തമ്മിലുള്ള മത്സരങ്ങൾക്ക് മൂർച്ചകൂട്ടാൻ സഹായിച്ച നിർദ്ദേശങ്ങളായിരുന്നു ഇവ. ഈ നിർദ്ദേശങ്ങളെ ഒരിക്കലും സ്വീകരിക്കാൻ പാടില്ല എന്ന ഒരു പ്രക്ഷോഭം പൊന്തിവന്നു. ഒടുവിൽ അവ സ്വീകരിക്കപ്പെടുക തന്നെ ചെയ്തു.

1947 ജൂലായ് 4-ാം തീയതി ബ്രിട്ടീഷ് പാർലമെന്റ് ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ നിയമം പാസ്സാക്കി.

1947 ആഗസ്റ്റ് 15-ാം നു പുലർച്ചയ്ക്ക് അധികാര കൈയ്മാറ്റം നടന്നു. ഇൻഡ്യയും പാക്കിസ്ഥാനും ബ്രിട്ടീഷ് കോമൺവെൽത്തിനകത്തുള്ള സ്വതന്ത്ര ഡൊമിനിയനുകളായിത്തീർന്നു.

രണ്ടു നൂറ്റാണ്ടുകാലത്തെ അടിമത്തം അവസാനിച്ചു.

സ്വതന്ത്ര ഇൻഡ്യയുടെ പ്രധാനമന്ത്രി പണ്ഡിറ്റു ജവഹർലാൽ നെഹ്റു പ്രഖ്യാപിച്ചു:-

“നാം ഇന്നൊരു സ്വതന്ത്രജനതയാണ്; സ്വതന്ത്രരായ പുരുഷന്മാരായി, സ്വതന്ത്രരായ സ്ത്രീകളായി, നമുക്ക് പ്രവർത്തിക്കാം.”

1946 ഡിസംബർ മുതൽക്ക് തുടർന്നുവന്ന ജനപ്രതിനിധി സഭയുടെ പ്രവൃത്തി 1949 നവംബറിൽ പൂർത്തിയായി. സ്വതന്ത്ര ഇൻഡ്യയുടെ ഭരണഘടന തയ്യാറായി. 1950 ജനുവരി 26-ാം തീയതി ഇൻഡ്യ ഒരു സ്വതന്ത്ര റിപ്പബ്ലിക്കായി പ്രഖ്യാപിക്കപ്പെട്ടു.

ഇൻഡ്യയുടെ ചരിത്രത്തിൽ പുതിയൊരു അദ്ധ്യായം ആരംഭിക്കുകയായി.

## അദ്ധ്യായം 13

# ഐക്യകേരളം

രണ്ടാം ലോകമഹായുദ്ധം അവസാനിച്ചതിനുശേഷം കേരളത്തിലെ പാർട്ടികൾ തമ്മിലുള്ള ബന്ധങ്ങളിൽ പല മാറ്റങ്ങളുമുണ്ടായി. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ട്രേഡ് യൂണിയൻ സംഘടനകൾക്കെതിരായി കോൺഗ്രസ്സുകാരുടെ നേതൃത്വത്തിൽ ചില ദേശീയ ട്രേഡ് യൂണിയനുകൾ സ്ഥാപിക്കപ്പെട്ടു. എന്നാൽ കോൺഗ്രസ്സിന്റെ നയത്തിലും പരിപാടിയിലും അസംതൃപ്തരായ പല ഇടതുപക്ഷഗ്രൂപ്പുകളും കോൺഗ്രസ്സിൽനിന്നു വിട്ടുപോയി. യുവാക്കന്മാരായ കോൺഗ്രസ്സുകാർ സോഷ്യലിസ്റ്റുപാർട്ടി രൂപീകരിച്ചു. പിന്നീടത് കോൺഗ്രസ്സിൽ നിന്നു വിട്ട മറ്റൊരു ഗ്രൂപ്പായ പ്രജാപാർട്ടിയുമായി ലയിച്ചു പ്രജാസോഷ്യലിസ്റ്റു പാർട്ടിയായി. അവരും തൊഴിലാളികളുടേയും കൃഷിക്കാരുടേയും ആവശ്യങ്ങൾക്കുവേണ്ടി പൊരുതാനും തങ്ങളുടെ നേതൃത്വത്തിൽ ബഹുജന സംഘടനകൾ ഉണ്ടാക്കാനും തുടങ്ങി. കെ.എസ്സ്.പി., ആർ.എസ്സ്. പി. എന്നിങ്ങനെ മറ്റു ചില പാർട്ടികളും ഉയർന്നുവന്നു. 1938-ൽ തിരുവിതാംകൂറിൽ നടന്ന ഉത്തരവാദഭരണ പ്രക്ഷോഭണത്തിൽ സജീവമായ പങ്കുവഹിച്ച ശ്രീ. ശ്രീകണ്ഠൻനായരുടെ നേതൃത്വത്തിലുള്ള റെവല്യൂഷണറി സോഷ്യലിസ്റ്റു പാർട്ടി മാർക്സിസം – ലെനിനിസമാണ് തങ്ങളുടെ അടിസ്ഥാനപ്രമാണമെന്ന് പ്രഖ്യാപിച്ചു. അവരും തൊഴിലാളികളെ സംഘടിപ്പിക്കാനും അവരുടെ രാഷ്ട്രീയബോധം ഉയർത്താനുംവേണ്ടി പ്രവർത്തിക്കാൻ തുടങ്ങി. അതേസമയത്തുതന്നെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നേതൃത്വത്തിലുള്ള ബഹുജന സംഘടനകളും ശക്തിപ്പെട്ടു.

ഈ വിഭിന്ന സംഘടനകൾ ചിലപ്പോൾ ആദർശങ്ങളുടേയും പരിപാടികളുടേയും പേരിൽ മത്സരിക്കുകയും മറ്റു ചിലപ്പോൾ പൊതുപരി

പാടികളുടെ അടിസ്ഥാനത്തിൽ യോജിക്കുകയും ചെയ്തു. എന്നാൽ, ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനും കേരളത്തിന്റെ അഭിവൃദ്ധിക്കും വേണ്ടിയാണ് എല്ലാവരും പ്രവർത്തിച്ചത്.

മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിങ്ങനെ മൂന്നായി വെട്ടിമുറിക്കപ്പെട്ട കേരളത്തെ വീണ്ടും ഒരു ഐക്യകേരളമാക്കി മാറ്റാനുള്ള അഭിലാഷം സ്വാതന്ത്ര്യത്തിന്റെ ആരംഭം മുതൽക്കുതന്നെ പ്രകടിപ്പിക്കപ്പെട്ടിരുന്നു. യുദ്ധത്തിനുശേഷം ഈ അഭിലാഷം കൂടുതൽ തീവ്രമായിത്തീർന്നു. 1948-ൽ തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിക്കപ്പെടുകയും, തിരുവിതാംകൂർ - കൊച്ചി സ്റ്റേറ്റ് നിലവിൽ വരുകയും ചെയ്തു. പക്ഷേ, ജനങ്ങൾക്ക് അതുകൊണ്ട് തൃപ്തി ആയില്ല. ഐക്യകേരള പ്രക്ഷോഭം വീണ്ടും ശക്തിപ്പെട്ടു. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനർവിഭജിക്കണമെന്ന പ്രക്ഷോഭം മറ്റു സ്റ്റേറ്റുകളിലും പൊന്തിവന്നു. ഒടുവിൽ ഇൻഡ്യാ ഗവൺമെന്റ് ഒരു സ്ഥാന പുനഃസംഘടനാക്കമ്മിഷനെ നിയമിച്ചു. കമ്മിഷന്റെ റിപ്പോർട്ടനുസരിച്ച് 1956 നവംബർ 1-ാം തീയതി തിരുവനന്തപുരം ഡിസ്ട്രിക്റ്റിലെ നാലു താലൂക്കുകളും, കൊല്ലം ഡിസ്ട്രിക്റ്റിലെ ചെങ്കോട്ടത്താലൂക്കിന്റെ ഒരു ഭാഗവും ഒഴിച്ചുള്ള പഴയ തിരുവിതാംകൂർ കൊച്ചി സംസ്ഥാനവും, മദ്രാസ് സംസ്ഥാനത്തിലെ മലബാർ ഡിസ്ട്രിക്റ്റും, തെക്കൻ കർണ്ണാടക ഡിസ്ട്രിക്റ്റിലെ കാസർകോടു താലൂക്കും ചേർത്തുകൊണ്ടുള്ള കേരള സ്റ്റേറ്റ് നിലവിൽ വന്നു. അങ്ങനെ കേരളീയരുടെ ചിരാഭിലാഷം പൂർത്തിയായി. ഒന്നര നൂറ്റാണ്ടിനു മുൻപ് പഴശ്ശിരാജാവും വേലുത്തമ്പി ദളവായും തുടങ്ങിവച്ച സ്വാതന്ത്ര്യസമരം വിജയകരമായി പര്യവസാനിച്ചു.

●●